032:7I40:1
F6·2

032:7140:1 F6.2
...AM NAMBUDRI.
... Ramayana
... V.2.
... Aran-
...in-

MUL
047964

**Madras University Library.**

**Date Label.**

DOCTRINA·VIM·PROMOVET INSITAM

Ac. No. 47964 Cl. No. 032:1I40:1 F6·2

This book should be returned on or before the date last marked below.

11 FEB. 1939
6 APR. 1939
8 DEC 1940
30 APR.
23 DEC.
30 APR.
23 DEC.
30 APR.
23 DEC.
30 APR.
23 DEC
23 DEC
23 DEC.

SRÎ MÛLAM MALAYÂLAM SERIES
No. XIX.

UNIVERSITY LIBRARY
27 AUG 1928
MADRAS

# BHÂSHÂ RÂMÂYANA CHAMPU

(Ayodhyakanda, Aranyakanda and Kishkindhakanda)

EDITED
WITH INTRODUCTION, EXPLANATIONS AND NOTES.

BY

KOLATTERI SANKARA MENON, M. A., L. T.,
*Director of Ayurveda, Travancore*
*and*
*Curator for the Publication of Malayalam Manuscripts.*

PRINTED UNDER THE AUTHORITY OF THE GOVERNMENT
OF TRAVANCORE.

TRIVANDRUM:
PRINTED BY THE SUPERINTENDENT, GOVERNMENT PRESS.
1928.

*All Rights Reserved.]*

[Price: 1-7-10

47964
3477
083 :7I 40:1
F6.2

## അവതാരിക.

ഭാഷാരാമായണചമ്പു രണ്ടാംഭാഗത്തിൽ നാലുകഥാംശങ്ങൾ അടങ്ങിയിരിക്കുന്നു. അവയിൽ വിച്ഛിന്നാഭിഷേകം അയോദ്ധ്യാകാണ്ഡത്തിലും, ഖരവധം ആരണ്യകാണ്ഡത്തിലും, സുഗ്രീവസഖ്യവും ബാലിവധവും കിഷ്കിന്ധാകാണ്ഡത്തിലും ഉൾപ്പെട്ടിരിക്കുന്ന കഥകളാകുന്നു. ഈ കാണ്ഡത്രയത്തിലെ കഥകളെല്ലാംതന്നെ സുപ്രസിദ്ധങ്ങളാകയാൽ അവയെ ഇവിടെ സംക്ഷേപിച്ചെഴുതിച്ചേർക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ അവ പുനംനമ്പൂരിയുടെ നാരായത്തുമ്പുകളിൽക്കൂടി പ്രവഹിക്കുമ്പോൾ ഉണ്ടാകുന്ന ചമത്കാരവിശേഷാദികളെ കുറഞ്ഞൊന്നു വിവേചിച്ചാസ്വദിക്കുന്നതിന്നുതകുന്ന ഒരു സംക്ഷിപ്ത നിരൂപണത്തിന്നു മാത്രമെ ഇപ്പോൾ ഇവിടെ ആരംഭിക്കുന്നുള്ളു.

### അയോദ്ധ്യാകാണ്ഡം.

ശ്രീരാമചന്ദ്രൻ സീതാവിവാഹം കഴിഞ്ഞു് ദ്വിതീയാശ്രമത്തിൽ പ്രവേശിച്ചു തൃതീയപുരുഷാൎത്ഥത്തെ സാധിക്കുവാനുത്സാഹിക്കുന്നു

„താവും മന്ദാക്ഷരാഗോദയസുമധുരയാ
രാജപുത്ര്യാ തയാ ചേ-
ന്നാവിർല്ലീലം പ്രമോദാമൃതജലധിതര-
ങ്ഗേഷു സംക്രീഡമാനം
ലാവണ്യോദ്രേകഘൂൎണ്ണത്തരുണിമരമണീ-
യാകൃതിം മെല്ലമെല്ലേ
സേവിച്ചൂ രാമചന്ദ്രം തെളിവിലവസരം
പാൎത്തു രാജാ രസാനാം.”

ഇവിടെ ശൃംഗാരരസം രാമചന്ദ്രനെ അവസരംപാൎത്തു മെല്ലെമെല്ലെ സേവിക്കുവാനുണ്ടായ കാരണം പലപ്രകാരം നിരൂപിക്കേണ്ടതുണ്ടു്. ദശരഥമഹാരാജാവിൻെറ സീമന്തപുത്രനായ രാമചന്ദ്രനെ സാമന്തരാജാക്കന്മാർ അവസരംപാൎത്തു സേവിക്കേണ്ടതു യുക്തംതന്നെ. രസരാജാവായ ശൃംഗാരത്തിനു മണ്ഡലാധിപത്യം മാത്രമേ കവി കല്പിച്ചിട്ടുള്ളു. ഇപ്രകാരം കല്പനാശക്തി

യുടെ പ്രാബല്യംനിമിത്തം സമാധാനം ഉണ്ടാക്കാത്തതന്നിട്ടുള്ള കവി യഥാൎത്ഥകാരണത്തെ കൂടി വിസ്മരിച്ചിട്ടില്ലെന്നുള്ളതു സന്തോഷാവഹം തന്നെ. ബാലനായ രാമനിൽ ശൃംഗാരരസത്തിന്റെ ആവിൎഭാവം അനുചിതമായതുകൊണ്ട് അവസരംപാൎത്തുനിന്ന ശൃംഗാരം യൌവനാരംഭത്തിൽ രാമചന്ദ്രനെ മെല്ലെമെല്ലെ സേവിക്കുന്നതു രസത്തിന്റെ പൌഷ്കല്യത്തെ വൎദ്ധിപ്പിക്കുന്നതു നിമിത്തം ആസ്വാദ്യതരമായിത്തീൎന്നിരിക്കുന്നു. കവി അകാലത്തിലുണ്ടാവുന്ന സാഹസങ്ങളിൽ നിന്നു ക്ഷമാപൂൎവ്വം മനസ്സിനെ നിവൎത്തിപ്പിച്ച

„പൂൎണ്ണഷോഡശവൎഷാ സ്ത്രീ
പൂൎണ്ണവിംശേന സംഗതാ.”

എന്നാദിയായ ശാസ്ത്രതത്വരഹസ്യങ്ങളെക്കൂടി ശ്രദ്ധമായി ഉപദേശിക്കുന്നു.

സ്വയംവരസമയത്തു സീത ബാല്യദശയെ അതിക്രമിച്ചിട്ടില്ലായിരുന്നല്ലൊ.

„അധരഃ കിസലയരാഗഃ
കോമളവിടപാനുകാരിണൌ ബാഹൂ
കുസുമമിവ ലോഭനീയം
യൌവനമംഗേഷു സന്നദ്ധം.”

എന്നു പറഞ്ഞിട്ടുള്ള അവസ്ഥയെ പ്രാപിക്കുന്നതിന്നുമുൻപു മദനമഹാരാജാവിന്റെ നീട്ടു രാജപുത്രിയായ സീതയ്ക്കും ആദരണീയമായിട്ടുള്ളതാകുന്നു.

„ദത്തം മയാ പദമിദം നവയൌവനായ
ത്വം സത്വരം കച ചന ശൈശവ! സാധയേതി
കാമസ്യ ഹസ്തലിഖിതാക്ഷരമാലികേവ
രോമാവലീ വിജയതേ ജലജേക്ഷണായാഃ.”

എന്ന കവിവാക്യത്തിലന്തൎഭവിച്ചിരിക്കുന്ന ചമത്കൃതിയുക്തമായ ആശയവിശേഷത്തെ ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കേണ്ടതാകുന്നു.

തദനന്തരം ശ്രീരാമചന്ദ്രൻ ‚മനുകുലമണിമാലാമാലിക’യായ സീതാദേവിയെ മന്ദമന്ദം അനുനയിച്ച പ്രകാരത്തെ വൎണ്ണിക്കുന്നു.

„ഉത്സംഗേ ചേർത്തു ബാലാം കഥമപി സവിധം
പ്രാപിതാമാളിവൎഗ്ഗൈ-
രുദ്ഭ്രാന്താമാക്ഷരം കോമളകരതലസം-
വീതബിംബാധരോഷ്ഠം
വക്ത്രം മന്ദാക്ഷനമ്രം പലമുറി വലമാ-
നം തുലോമംസഭാഗേ
ഹസ്തേനോന്നമ്യ ചുംബൻ നവമദനരസാ-
നന്ദഭ്രാന്തമന്ദം."

എന്നു നമ്മുടെ കവിയുടെ മനോധൎമ്മസുന്ദരമായ മനോഹര പദ്യത്തെ

„പ്രാങ് മാമേതി തതോ നവോദയഗുണം
മാന്നാഭിലാഷം തതഃ
സവ്രീഡം തദനു ശ്ലഥോദ്യമമഥ
പ്രഭ്രഷ്ടധൈൎയ്യം പുനഃ
പ്രേമാൎദ്രസ്പൃഹണീയനിൎഭരതരം
ക്രീഡാപ്രഗല്ഭം തതോ
നിസ്സംഗാംഗവിമൎദ്ദനാധികസുഖം
രമ്യം കുലസ്ത്രീരതം."

എന്ന പ്രസിദ്ധപദ്യമായിത്താരതമ്യപ്പെടുത്തി നോക്കേണ്ടതാണ്. ഈ സംസ്കൃതപദ്യം നമ്മുടെ കവിയുടെ മനസ്സിൽ മേൽപറഞ്ഞ ഭാഷാപദ്യം എഴുതുന്ന സമയം ഉണ്ടായിരുന്നു എന്നതിന്നു സന്ദേഹമില്ല. എന്നാൽ രസികനായ നമ്പൂരി അതിനെ സന്ദൎഭോചിതമായവിധത്തിൽ പരിഷ്കരിച്ച് ആസ്വാദ്യതരമാക്കിത്തീൎത്തിരിക്കുന്നു.

പിന്നീടുള്ള എട്ടുപത്തു പദ്യങ്ങളെക്കൊണ്ടു സീതാന്വേഷണക്രമത്തെ കവി സരസസരസമായി വൎണ്ണിക്കുന്നു.

„പാരിലെങ്ങുമിടതിങ്ങുമാറു മുകിൽമാല-
കൊണ്ടലമിരുണ്ടു വൻ-
മാരിപെയ്യൊരു മണം കലൎന്നിയലു-
മാടിമാസദിവസാഗമേ."

എന്നു പറഞ്ഞിട്ടുള്ളതു കാളിദാസൻ മേഘസന്ദേശത്തിൽ

„ആഷാഢസ്യ പ്രഥമദിവസേ മേഘമാശ്ലിഷ്ടസാനം."

എന്ന എഴുതീട്ടുള്ളതിനെ മനസ്സിൽ വച്ചുകൊണ്ടല്ലയൊ എന്ന് ശങ്കിക്കുന്നു. എന്നാൽ കേരളത്തിലെ കാലാവസ്ഥ കവിയെ ഈ പദ്യമെഴുതുന്ന സമയത്തു് അനുകൂലഭാവത്തെ അവലംബിച്ചു സഹായിക്കാതിരുന്നിട്ടില്ലെന്നുള്ളതു നിർവ്വിവാദം തന്നെ.

„സ്വർണ്ണാംഭോജന്മമാദ്ധ്വീപരിമളമിടചേ-
ർന്നോളമേന്തും നദീനാം
പുണ്യാനാം വാരിപൂരങ്ങളിലുമനുദിനം
പേശലാംഗ്യാ സ രേമേ."

എന്നാദിയായി പറഞ്ഞിട്ടുള്ളതു ഒരു ക്രമത്തെ മനസ്സിൽ വച്ചു കൊണ്ടാകുന്നു. ഇതു ഗ്രീഷ്മത്തുലീലാവർണ്ണനമാകുന്നു. അതിന്റെ ശേഷം,

„സ്വൈരമാനു ചിലമച്ചകങ്ങളിലടച്ചു-
പുക്കു ജനകാത്മജാ-
വാരിളംകുചഭരം പുണർന്നു ദൃഢമന്വ-
ഭൂന്മനസിജോത്സവാൻ."

എന്നതു വർഷത്തുലീലയെക്കുറിച്ചാകുന്നു. പിന്നീടു,

„പഞ്ചസായകപരാക്രമം ജഗതി കൈവ-
ളർത്തു കുളുർവെണ്ണിലാ-
വും ചൊരിഞ്ഞുദിതചന്ദ്രബിംബകമനീയ-
ശാരദനിശാന്തരേ."

എന്നു വർണ്ണിക്കുന്നതു ശരത്തുലീലയെയാകുന്നു. തദനന്തരം,

„ശീതളീകൃതദിഗന്തരാളമിടചേരു-
മാറൊരു ഹിമം ചൊരി-
ഞ്ഞേതുമൊന്നു തിരിയാതവാറുലകിടം നി-
റഞ്ഞ തുഹിനാഗമേ."

എന്നുപ്രകാരം ഹേമന്തശിശിരത്തുക്കളിലെ ലീലയെ വർണ്ണിക്കുന്നു. അതിന്റെ ശേഷം,

„കേളീപൂങ്കാവിലയ്യാ ചിലകുറി മടിയിൽ-
ച്ചേർത്തു മോദേന സീതാം
ബാലാമാളീകരാന്ദോളിതഫലകമഴി-
ഞ്ഞൂയലാട്ടും ദശായാം."

എന്ന പദ്യത്തിൽ വസന്തൎത്തുലീലയേയും വൎണ്ണിച്ചിരിക്കുന്നു.

ഈ പദ്യങ്ങളുടെ ഇടയ്ക്കു കാണുന്നു:—

„വിഗ്രഹാച്ച ശയനേ പരാങ്മുഖീം
നാനുനേതുമബലാം സ തത്വരേ
ആചകാംക്ഷ ഘനശബ്ദവിക്ലവാം
താം വിവൃത്യ വിശതീം ഭുജാന്തരം."

എന്ന ശ്ലോകം വൎഷൎത്തുലീലാവൎണ്ണനാനന്തരം കാണുന്നതുകൊണ്ടു അതു ഋതുവിലെ ലീലകളെത്തന്നെ വൎണ്ണിക്കുന്നതായി വിചാരിക്കുന്നതായാൽ അബദ്ധമൊന്നും വരുവാനില്ലെന്നു തോന്നുന്നു. എന്നാൽ കവി ഓരോ ഋതുവിന്നും ഓരോ പദ്യം വീതം സങ്കല്പിച്ചിട്ടുള്ള സ്ഥിതിക്കു വൎഷൎത്തുവിനു മാത്രം രണ്ടെണ്ണം എഴുതി എന്നു വിചാരിക്കുന്നതിൽ അല്പം യുക്തിഭംഗമുണ്ടാവുന്നില്ലയോ എന്നു ശങ്കിക്കുന്നു. അതുകൊണ്ടു കേരളത്തിൽ പ്രസിദ്ധിയുള്ള തുലാവൎഷത്തേക്കുറിച്ചായിരിക്കാം ഈ പദ്യം ചേൎത്തിരിക്കുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. തുലാവൎഷകാലത്തുണ്ടാവുന്ന ഇടി ഭയംകരമായതുകൊണ്ട് അതിനെ മാത്രം അവലംബിച്ചു വിഗ്രഹപരാങ്മുഖിയായ മാനിനിയെ അനുനയിക്കുന്നതിന്നു വേണ്ട ഉപായത്തെ കവി ചിന്തിക്കുന്നു.

ഏതുകാലത്ത് എവിടെ സംഭവിച്ചതായ സംഗതികളെ വിവരിക്കുന്നതായാലും കവിക്കു തന്റെ ദേശകാലങ്ങളെ കേവലം അതിക്രമിക്കുന്നതിന്നു സാധിക്കുന്നതല്ലല്ലോ. മനുഷ്യസാധാരണമായ ഈ ചാപല്യം അത്യന്തം ക്ഷന്തവ്യമാണ്.

ഋതുക്കളുടെ സ്വഭാവത്തെക്കുറിച്ചു കുറഞ്ഞൊന്നു് ഈ അവസരത്തിൽ ചിന്തിക്കുന്നതു സംഗതമായിരിക്കും.

„ദ്വാഭ്യാം ദ്വാഭ്യാം തു മാസാഭ്യാം
ചൈത്രാദിഷു യഥാക്രമം
ഋതവസ്സു വസന്താദ്യാ-
ശ്ശിശിരാന്താ ബുധൈഃ സ്മൃതാഃ.

വസന്തശ്ച തഥാ ഗ്രീഷ്മോ
വഷാശ്ച ശരദേവ ച
ഹേമന്തഃ പഞ്ചമോ ജ്ഞേയഃ
ശിശിരഃ ഷഷ്ഠ ഈരിതഃ.''

ചൈത്രാദിമാസങ്ങളിൽ ഈരണ്ടുമാസങ്ങഠം കൂടീട്ട വസന്താദി ഋതുക്കഠം ഉണ്ടാകുന്നു. ചൈത്രവും വൈശാഖവും വസന്തം. ജ്യേഷ്ഠവും ആഷാഢവും ഗ്രീഷ്മം. ശ്രാവണവും പ്രോഷ്ഠപദവും വഷം. ആശ്വിനവും കാത്തികയും ശരത്. മാഗ്ഗശീഷവും പൌഷവും ഹേമന്തം. മാഘവും ഫാല്ഗുനവും ശിശിരം. ഇങ്ങനെ ഈരണ്ടു മാസങ്ങളെക്കൊണ്ടു ഓരോരോ ഋതുക്കഠം.

വസന്തം, ഗ്രീഷ്മം, വഷം, ശരത്, ഹേമന്തം, ശിശിരം എന്നിങ്ങനെ ക്രമത്താലെ ഋതുക്കളുടെ പേരുകഠം.

മേൽകാണിച്ച ഋതുവിഭാഗത്തിൽനിന്നു ശ്രാവണവും പ്രോഷ്ഠപദവും വഷമെന്നു സിദ്ധിക്കുന്നു. ആഷാഢമാസം ഗ്രീഷ്മത്തിൽ ഉഠംപ്പെട്ടുപോകുന്നു. ആഷാഢമാസത്തിൽ ധാരാളം വഷം കേരളത്തിലേ കാണുന്നുള്ളു. അതുകൊണ്ട് ,,ആടിമാസദിവസാഗമേ'' എന്നു കവി പറഞ്ഞിരിക്കുന്നതു കേരളത്തിലെ വഷത്തുവിനെ മനസ്സിൽ വച്ചുകൊണ്ടായിരിക്കണം.

ഇപ്രകാരം ഉണ്ടാവുന്ന അസ്വരസത്തെ പരിഹരിക്കുന്നതിന്നായി കാളിദാസൻെറ മേഘസന്ദേശപദ്യപാദത്തെ ,,ആഷാഢസ്യ പ്രശമദിവസേ'' എന്നു പാഠഭേദം കല്പിച്ചു ചിലർ വ്യാഖ്യാനിക്കുന്നു. ആഷാഢമാസത്തിൻെറ അവസാനദിവസം കാർമേഘങ്ങഠം വന്നു കൂടിപ്പിറെറന്നാഠം ശ്രാവണമാസത്തിൻെറ പ്രഥമദിനമായ വഷത്തുവിൻെറ ആരംഭകാലത്തു മഴപെയ്യുതുടങ്ങുന്നതു് അസംഭവ്യമല്ലല്ലോ. ഇതിനെക്കുറിച്ചു വ്യാഖ്യാതാക്കന്മാർ എഴുതിക്കൂട്ടീട്ടുള്ള അഭിപ്രായഭേദങ്ങളെ വിസ്തരഭയത്താൽ ഇവിടെ ചേക്കുന്നില്ല.

ആഷാഢം ചാന്ദ്രമാസമാണു്. ആടിമാസമെന്നതു് ആഷാഢമാസത്തിൻെറ തദ്ഭവമാണെങ്കിലും അതിനെ തമിഴുസമ്പ്രദായപ്രകാരം ചാന്ദ്രമായിഗ്ഗണിച്ചുപോരുന്നില്ല. ആടിമാസം സൌരസമ്പ്രദായത്തിൽ കക്കടകമാസത്തിൻെറ പയ്യായമാണു്. തമിഴുരാജ്യങ്ങളിലും തിരുവനന്തപുരം മുതൽ തെക്കോട്ടും ചാന്ദ്രമാസ

മായ ആഷാഢ(ആടി)മാസത്തെ സൌരമാനമായ കൎക്കടകമാസ പൎയ്യായമായികല്പിച്ചുപോരുന്നതു് ഇന്നും നിലനിന്നുപോരുന്നു. അപ്രകാരം വിചാരിക്കുന്നപക്ഷം „ആടിമാസദിവസാഗമ"ത്തിൽ കേരളരീത്യാ വൎഷൎത്തുവായിരിക്കുന്നതാണു്. ചാന്ദ്രമാനത്തെ അവലംബിക്കുന്നതായാൽ ആഷാഢമാസം ഗ്രീഷ്മത്തിൽ പെട്ടു പോകുകയും ചെയ്യും. ഇതുകൊണ്ടു കേരളീയൎത്തുവിഭാഗത്തെ തന്നെ കവി മനസ്സിൽ വച്ചിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഈ വിഷയം ഒരു വലിയ വാദകോലാഹലം നടത്തുവാൻ മാത്രം ഗൌരവമുള്ളതാണെന്നു കാണിക്കുവാൻ വേണ്ടി ഇത്രയും എഴുതിയതാണു്. വായനക്കാർ അവരവരുടെ ഊഹാപോഹശക്തി അനുസരിച്ചു പൂൎവ്വപക്ഷങ്ങളെകല്പിച്ചു സമാധാനം ഉണ്ടാക്കിക്കൊള്ളുക.

ഇപ്രകാരം നിസ്തുലങ്ങളായ അഞ്ചിതസുഖങ്ങളെ രാമൻ സീതയോടുകൂടി രാജധാനിയിൽ വച്ചനുഭവിച്ചു. വിവാഹംചെയ്ത സമയം ബാലനായ രാമന്നു് ഏകദേശം എട്ടുവൎഷം കഴിഞ്ഞപ്പോൾ ഇരുപതുവയസ്സു തികഞ്ഞു പ്രായപൂൎത്തിവന്നതായി വിചാരിക്കാം. അപ്പോൾ സീതയ്ക്കു് ഏകദേശം പതിന്നാലു വയസ്സു കഴിഞ്ഞിരിക്കണം. രാമന്റെ വനവാസയാത്ര ഇരുപത്തിനാലാമത്തെ വയസ്സിലായതുകൊണ്ടു രാമനും സീതയ്ക്കും രാജധാനിയിൽ വച്ചുണ്ടായ ദാമ്പത്യസുഖം കേവലം നാലഞ്ചു സംവത്സരകാലത്തേക്കു മാത്രമെന്നു സിദ്ധിക്കുന്നു. ഇതിനെക്കുറിച്ചു സവിസ്തരം ബാലകാണ്ഡത്തിന്റെ അവതാരികയിൽ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു യുക്തിവാദങ്ങളൊന്നുംതന്നെ ഇവിടെ ചേൎക്കേണ്ട ആവശ്യമില്ല.

ശ്രീരാമചന്ദ്രന്നു് ഇരുപത്തിനാലു വയസ്സു തികഞ്ഞപ്പോൾ സകലസദ്ഗുണങ്ങളും പരിപുഷ്ടമായിത്തീൎന്നു.

„സ ഹി രൂപോപപന്നശ്ച
വീൎയ്യവാനനസൂയകഃ
ഭൂമാവനുപമഃ സൂനുർ-
ഗ്ഗുണൈൎദ്ദശരഥോപമഃ.

സ തു നിത്യം പ്രശാന്താത്മാ
മൃദുപൂർവ്വം ച ഭാഷതേ
ഉച്യമാനോഽപി പരുഷം
നോത്തരം പ്രതിപദ്യതേ.

കദാചിദുപകാരേണ
കൃതേനൈകേന തുഷ്യതി
ന സ്മരത്യപകാരാണാം
ശതമപ്യാത്മവത്തയാ.

ശീലവൃദ്ധൈർവ്വയോവൃദ്ധൈർ-
ജ്ഞാനവൃദ്ധൈശ്ച സജ്ജനൈഃ
കഥയന്നാസ്ത വൈ നിത്യ-
മസ്ത്രയോഗ്യാന്തരേഷ്വപി.

ബുദ്ധിമാൻ മധുരാഭാഷീ
പൂർവ്വഭാഷീ പ്രിയംവദഃ
വീർയ്യവാന്നച വീർയ്യേണ
മഹതാ സ്വേന വിസ്മിതഃ.

നചാനൃതകഥോ വിദ്വാൻ
വൃദ്ധാനാം പ്രതിപൂജകഃ
അനുരക്തഃ പ്രജാഭിശ്ച
പ്രജാശ്ചാപ്യനുരജ്യതേ.

സാനുക്രോശോ ജിതക്രോധോ
ബ്രാഹ്മണപ്രതിപൂജകഃ
ദീനാനുകമ്പീ ധർമ്മാത്മാ
നിത്യം പ്രഗ്രഹവാൻ ശുചിഃ.

* * * *

* * * *

തഥാ സർവ്വപ്രജാകാന്തൈഃ
പ്രീതിസഞ്ജനനൈഃ പിതുഃ
ഗുണൈർവ്വിരുരുചേ രാമോ
ദീപ്തഃ സൂർയ്യ ഇവാംശുഭിഃ.

തമേവം വൃത്തസമ്പന്ന-
മപ്രധൃഷ്യപരാക്രമം
ലോകപാലോപമം നാഥ-
മകാമയത മേദിനീ.''

എന്നുള്ള വാല്മീകിമഹർഷിയുടെ വാക്യങ്ങളിൽനിന്നു രാമന്നു സിംഹാസനാരോഹണംചെയ്തു പ്രജകളെപ്പരിപാലിക്കുവാനാവശ്യമുള്ള സകല ഗുണങ്ങളും തികഞ്ഞു എന്നു സിദ്ധിക്കുന്നു. മഹാരാജാവായിരിക്കുവാനുള്ള മഹാപുരുഷന്നു വേണ്ട ഗുണങ്ങൾ ഇന്നിന്നവയെന്നു സ്മൃതികാരന്മാരും പരിഗണിച്ചിട്ടുണ്ട്.

,,മഹോത്സാഹഃ സ്ഥൂലലക്ഷഃ
കൃതജ്ഞോ വൃദ്ധസേവകഃ
വിനീതഃ സത്വസമ്പന്നഃ
കുലീനഃ സത്യവാൻ ശുചിഃ.

അദീർഘസൂത്രഃ സ്മൃതിമാ-
നക്ഷുദ്രോഽപരുഷസ്തഥാ
ധാർമ്മികോഽവ്യസനശ്ചൈവ
പ്രാജ്ഞഃ ശൂരോ രഹസ്യവിത്.

സ്വരന്ധ്രഗോപ്താന്വീക്ഷിക്യാം
ദണ്ഡനീത്യാം തഥൈവ ച
വിനീതസ്തഥ വാർത്തായാം
കാര്യശ്ചൈവ നരാധിപഃ.''

എന്നു യാജ്ഞവല്ക്യൻ പറഞ്ഞിട്ടുണ്ട്.

,,കുലീനം ശിക്ഷിതം പ്രാജ്ഞം
ജ്ഞാനവിജ്ഞാനപാരഗം
സർവ്വശാസ്ത്രാർത്ഥതത്വജ്ഞം
സഹിഷ്ണും സഹജം തഥാ.

കൃതജ്ഞം ബലവന്തം ച
ക്ഷാന്തം ദാന്തം ജിതേന്ദ്രിയം
അലുബ്ധം ലബ്ധസന്തുഷ്ടം
സ്വാമിമിത്രബുഭൂഷകം.

സചിവം ദേശകാലജ്ഞം
സത്വസംഗ്രഹണേ രതം
സതതം യുക്തമനസം
ഹിതൈഷിണമതന്ദ്രിതം.

യുക്താചാരം സ്വവിഷയേ
സന്ധിവിഗ്രഹകോവിദം
രാജ്ഞസ്ത്രിവൎഗ്ഗവേത്താരം
പൌരജാനപദപ്രിയം.

ഖാതകം വ്യൂഹതത്വജ്ഞം
ബലഹൎഷണകോവിദം
ഇംഗിതാകാരതത്വജ്ഞം
പാത്രാപാത്രവിശാരദം.

ഹസ്ത്യശ്വശിക്ഷാതത്വജ്ഞ-
മഹംകാരവിവൎജ്ജിതം
പ്രഗദ്ഭം ദക്ഷിണം ദാന്തം
ബലിനം യുക്തികാരിണം.

ശുദ്ധഞ്ചൌക്ഷസമാകീൎണ്ണം
സുവേഷം സുഖദൎശനം
നായകം നീതികുശലം
ഗുണചേഷ്ടാസമന്വിതം.

അസ്തബ്ധം പ്രസൃതം ശ്ലക്ഷ്ണം
മൃദുവാദിനമേവ ച
ധീരം ശ്ലക്ഷ്ണം മഹൎദ്ധിം ച
ദേശകാലോപപാദകം.

സചിവം യഃ പ്രകുരുതേ
നചൈനമവമന്യതേ
തസ്യ വിസ്തീൎയ്യതേ രാഷ്ട്രം
ജ്യോത്സ്നാ ഗ്രഹപതേരിവ.

ഏതൈരേവ ഗുണൈൎയ്യുക്തോ
രാജാ ശാസ്ത്രവിശാരദഃ
ഏഷ്ടവ്യോ ധൎമ്മപരമഃ
പ്രജാപാലനതത്പരഃ.

ധീരോമഷഃ ശുചിസ്തീക്ഷ്ണഃ
കാലേ പുരുഷകാരവിത്
ശുശ്രൂഷുഃ ശ്രുതവാൻ ശ്രോതാ-
വ്യൂഹാപോഹവിശാരദഃ.

മേധാവീ ധാരണായുക്തോ
യഥായുക്താപപാദകഃ
ദാന്തഃ സദാ പ്രിയാഭാഷീ
ക്ഷമാവാംശ്ച വിപര്യ്യയേ.

ദാനച്ഛേദേ സ്വയംകാരീ
സാദ്ധ്വാചാരഃ സുദർശനഃ
ആർത്തഹസ്തപ്രദോ നിത്യ-
മാപ്താമാത്യോ നയേ രതഃ.

നാഹംവാദീ ന നിർദ്വന്ദോ
ന യത്കിഞ്ചനകാരകഃ
കൃതേ കർമ്മണ്യമാത്യാനാം
കർത്താ ഭൃത്യജനപ്രിയഃ.

സംഗൃഹീതജനഃ സ്തബ്ധഃ
പ്രസന്നവദനഃ സദാ
സദാ ഭൃത്യജനാവേക്ഷീ
അക്രോധീ സുമഹാമനാഃ.

യുക്തദണ്ഡോ ന നിർദ്ദണ്ഡോ
ധർമ്മകാര്യ്യാനുശാസകഃ
ചാരനേത്രഃ പരാവേക്ഷീ
ധർമ്മാർത്ഥകുശലഃ സദാ.

രാജാ ഗുണശതാകീർണ്ണ
ഏഷ്ടവ്യസ്താദൃശോ ഭവേത്."

എന്നു രാജധർമ്മപ്രകരണത്തിൽ പറഞ്ഞുകാണുന്നു.

"കുലം സത്വം വയഃ ശീലം
ദാക്ഷിണ്യം ക്ഷിപ്രകാരിതാ
ദൈവസമ്പന്നതാബുദ്ധി-
രക്ഷുദ്രപരിവാരിതാ.

ശക്യസാമന്തതാ ചൈവ
തഥാച ദൃഢഭക്തിതാ
ദീൎഘദൎശിത്വമുത്സാഹഃ
ശുചിതാ സ്ഥൂലലക്ഷതാ.

വിനീതതാ ധാൎമ്മികതാ
ഗുണാഃ സാധ്വാഭിഗാമികാഃ
വാഗ്മീ പ്രഗല്ഭഃ സ്മൃതിമാ-
നുദഗ്രോ ബലവാൻ വശീ.

നേതാ ദണ്ഡസ്യ നിപുണഃ
കൃതവിദ്യഃ സുവിഗ്രഹഃ
പരാഭിയോഗപ്രസഹോ
ദൃഷ്ടസൎവ്വപ്രതിക്രിയഃ.

പരച്ഛിദ്രാന്വവേക്ഷീ ച
സന്ധിവിഗ്രഹതത്വവിത്
ഗൂഢമന്ത്രപ്രചാരശ്ച
ദേശകാലവിഭാഗവിത്.

ആദാതാ സമ്യഗൎത്ഥാനാം
വിനിയോക്താ ച പാത്രവിത
ക്രോധലോഭഭയദ്രോഹ-
സ്തംഭചാപലവൎജ്ജിതഃ.

പരോപതാപപൈശുന്യ-
മാത്സൎയ്യേൎഷ്യാനൃതാതിഗഃ
വൃദ്ധോപദേശസമ്പന്നഃ
ശക്തോ മധുരദൎശനഃ

ഗുണാനുരാഗീ സ്ഥിതവാ-
ഗാത്മസമ്പത് പ്രകീൎത്തിതാ
ഇത്യാദി ഗുണസമ്പന്നേ
ലോകയാത്രാ വിദുഃ സ്ഥിരാ.

നിർവ്വൃതഃ പിതരോ വാസ്തേ
യത്ര ലോകഃ സ പാൎത്ഥിവ."

എന്നു കാമന്ദകീയനീതിശാസ്ത്രത്തിലും കാണുന്നു. സ്മൃതീതിഹാസപുരാണോക്തഗുണവിശിഷ്ടനായ മഹാപുരുഷനാണ് പ്രജാപരിപാലനം ചെയ്യുവാൻ അർഹനായ രാജാവു്. ശ്രീരാമചന്ദ്രനിൽ ഈ ഗുണങ്ങളെല്ലാം പൂർണ്ണമായി പ്രകാശിച്ചിരുന്നതിനുംപുറമേ ,,സമ്യഗ്വിദ്യാവ്രതസ്നാതഃ'' എന്നു പറഞ്ഞിട്ടുള്ള സംസ്കാരങ്ങളും രാമനുണ്ടായിരുന്നു.

,,അഗ്നിഷ്ടോമാദിഭിര്യജ്ഞൈ-
രിഷ്ടവാനാപ്തദക്ഷിണൈഃ.''

എന്നു യുദ്ധകാണ്ഡത്തിലെ സീതാവാക്യം രാമന്റെ മേൽപറഞ്ഞ സംസ്കാരങ്ങളേത്തന്നെ പരാമർശിക്കുന്നു. സ്നാനാന്തസംസ്കാരങ്ങളെല്ലാം പ്രയോജനശൂന്യങ്ങളെന്നോ, രാജാവിന് അനുപയോഗികളെന്നോ വിചാരിക്കുന്നതായാൽ അവയെക്കൊണ്ടു സംസ്കൃതനായ പുരുഷൻമാത്രമെ രാജ്യാർഹനും ആശ്രമധർമ്മാധികാരിയും ആയിത്തീരുന്നുള്ളു എന്നു സ്മൃതിവചനമുണ്ട്. അവയ്ക്കു സർവ്വത്രോപയോഗമുണ്ടെന്ന് ആപസ്തംബാചാര്യനും പറഞ്ഞിരിക്കുന്നു.

,,സർവ്വേഷാമുപനയനപ്രഭൃത്യാചാര്യകുലേ വാസഃ സർവ്വേഷാമന്തത്സർഗ്ഗോ വിദ്യായാഃ, ബുദ്ധ്വാ കർമ്മാണി യത് കാമയേത തദാരഭേത.''

എല്ലാ ആശ്രമികൾക്കും ഉപനയനാൽപ്രഭൃതി ആചാര്യകുലത്തിൽ വാസം സമാനമാകുന്നു. എന്തുകൊണ്ടെന്നാൽ സർവ്വാശ്രമങ്ങൾക്കും വിദ്യാഭ്യാസം അപരിത്യാജ്യമായിട്ടുള്ളതാണല്ലൊ. ആചാര്യകുലത്തിൽ പ്രവേശിച്ചു വിദ്യാഭ്യാസം കഴിഞ്ഞതിന്റെ ശേഷം സ്വരൂപഫലാധികാരഭേദേന കർമ്മങ്ങളെ വിവേചിച്ചറിഞ്ഞു സ്വസ്വശക്ത്യനുസാരേണ ചെയ്യേണ്ടതാകുന്നു. സ്നാനാന്തസംസ്കാരത്തിന്റെ ഉദ്ദേശ്യമിന്നതാണെന്ന് ഇപ്പോൾ വ്യക്തമായല്ലോ.

സകലസദ്ഗുണവിശിഷ്ടനായ രാമചന്ദ്രനെ യുവരാജാവായി അഭിഷേകംചെയ്തു ,,ഗളിതവയസാമിക്ഷ്വാകൂണാമിദം ഹി കുലവ്രതം'' എന്നു കാളിദാസസൂക്തിയിൽ പറയുന്നതു അനുസരിച്ചു ദശരഥമഹാരാജാവു വിശ്രാന്തിസുഖത്തെ ആഗ്രഹിച്ചതു ധർമ്മംതന്നെ. നീതിശാസ്ത്രകുശലന്മാരായ അമാത്യന്മാരേയും കുലഗുരുവായ വസിഷ്ഠനേയും വരുത്തി തന്റെ അഭിപ്രായത്തെ

അവരെ രാജാവറിയിച്ചു. ഇതുകേട്ട് അവർ സന്തുഷ്ടചിത്തന്മാരായി.

,,ഭക്ത്യാഭിവന്ദ്യ നൃപതിം ജയസാധുശബ്ദൈ-
രുത്താലമോദതരളൈരമുമഭ്യനന്ദത്.'

പിന്നീട്ട മഹാരാജാവു ശാസ്ത്രരീത്യാ പ്രജാവലിയുടെ അഭിപ്രായത്തേയും ചോദിച്ചപ്പോൾ അവർ സംശയംകൂടാതെ,

,,തം ദേവദേവോപമമാത്മജം തേ
സർവ്വസ്യ ലോകസ്യ ഹിതേ നിവിഷ്ടം
ഹിതായ നഃ ക്ഷിപ്രമുദാരജുഷ്ടം
മുദാഭിഷേക്തും വരദ! ത്വമർഹസി.''

എന്നു പറഞ്ഞു. അവരുടെ സന്തോഷാധിക്യത്തെ കവി താഴെ കാണുംപ്രകാരം വർണ്ണിച്ചിരിക്കുന്നു.

,,ആമോദകൌതുകഭരോത്തരളം ജനാനാ-
മാപൂരയൻ കമപി ഹന്ത! മനോവികാരം
രാമാഭിഷേകമഹിതോത്സവമെന്നവേണ്ടാ
കീഴ്മേൽ നിറഞ്ഞുലകിടങ്ങളിലൊച്ചകൊണ്ടു.''

ജനഹിതത്തിന്നനുസരിച്ച പ്രവർത്തിക്കുന്നതുതന്നെയാണല്ലോ ഗുണപ്രദമായി ഭവിക്കുന്നത്.

കനിഷ്ഠപുത്രനായ പൂരുവിനെ രാജാവായി അഭിഷേകം ചെയ്താൽ കൊള്ളാമെന്നുള്ള തൻെറ അഭിപ്രായത്തെ യയാതി മഹാരാജാവു് പ്രജകളെ അറിയിക്കുന്നവിധം മഹാഭാരതത്തിൽ ഇപ്രകാരം കാണുന്നു.

,,ഭവതോഽനുനയാമ്യേവം
പൂരു രാജ്യേഽഭിഷിച്യതാം.''

യയാതിമഹാരാജാവിൻെറ ഈ അഭിപ്രായത്തെ കേട്ടു പ്രജകൾ ഇപ്രകാരം പറഞ്ഞു.

,,യഃ പുത്രോ ഗുണസമ്പന്നോ
മാതാപിത്രോർഹിതഃ സദാ
സർവ്വമർഹതി കല്യാണം
കനീയാനപി സത്തമഃ.

അഹഃ പൂരുരിദം രാജ്യം
യസ്സുതഃ പ്രിയകൃത്തവ."

പ്രജകളുടെ ഈ അഭിപ്രായം മഹാരാജാവിനു വളരെ ആശ്വാസത്തെ ഉണ്ടാക്കിത്തീൎത്തു. ഇപ്രകാരം മഹാരാജാവു പ്രജകളുടെ അഭിപ്രായത്തെ ആദരപൂൎവ്വം സ്വീകരിച്ചു പോന്നിരുന്നു എന്നതിന്ന് അനേകപുരാണേതിഹാസവചനങ്ങളെ ഉദ്ധരിച്ചു സമൎത്ഥിക്കുവാൻ സാധിക്കുന്നതാണ്.

ശ്രീരാമചന്ദ്രന്റെ അഭിഷേകത്തിനുവേണ്ട സാധനങ്ങളുടെ ഒരു വിവരമായ പട്ടിക കിട്ടിയാൽകൊള്ളാമെന്നു ദശരഥമഹാരാജാവു വസിഷ്ഠമഹൎഷിയോട് അപേക്ഷിച്ചു.

"അഭിഷേകായ രാമസ്യ
യത്കൎമ്മ സപരിച്ഛദം
തദദ്യ ഭഗവൻ! സൎവ്വ-
മാജ്ഞാപയിതുമൎഹസി."

എന്നുള്ള മഹാരാജാവിന്റെ അപേക്ഷയനുസരിച്ച് വസിഷ്ഠമഹൎഷി

"സുവൎണ്ണാദീനി രത്നാനി
ബലീൻ സൎവ്വൌഷധീരപി
ശുക്ലമാല്യാനി ലാജാംശ്ച
പൃഥക് ച മധുസൎപ്പിഷീ.

അഹതാനി ച വാസാംസി
രഥം സൎവ്വായുധാന്യപി
ചതുരംഗബലം ചൈവ
ഗജം ച ശുഭലക്ഷണം.

ചാമരേ വ്യജനേ ശുഭ്രേ
ധ്വജം ഛത്രം ച പാണ്ഡരം
ഹിരണ്യശൃംഗം വൃഷഭം
സമഗ്രം വ്യാഘ്രചൎമ്മ ച.

ശതം ച ശാതകുംഭാനാം
കുംഭാനാമഗ്നിവൎച്ചസാം

ഉപസ്ഥാപയതഃ പ്രാത-
രഗ്ന്യാഗാരം മഹീപതേഃ.

യദന്യത് കിഞ്ചിദേഷ്ടവ്യം
തത് സൎവ്വമുപകല്പ്യതാം
അന്തഃപുരസ്യ ദ്വാരാണി
സൎവ്വസ്യ നഗരസ്യ ച

*    *    *    *

*    *    *    *

ദേവായതനചൈത്യേഷു
സാന്നഭക്ഷാഃ സദക്ഷിണാഃ
ഉപസ്ഥാപയിതവ്യാഃ സ്യു-
ൎമ്മാല്യയോഗ്യാഃ പൃഥക് പൃഥക്.

ദീൎഘാസിബദ്ധയോധാശ്ച
സന്നദ്ധാ മൃഷ്ടവാസസഃ
മഹാരാജാങ്കണം സൎവ്വേ
പ്രവിശന്തു മഹോദയം."

എന്നപ്രകാരം ഒരു വിപുലമായ ചാൎത്തെഴുതിക്കൊടുത്തു. ഈ അഭിപ്രായത്തെ മനസ്സിൽ വച്ചുകൊണ്ടാണ് പുനംനമ്പൂരി,

"സംഭാരമോരോന്ന വസിഷ്ഠവാചാ
സംഭാവിതം പൌരജനൈരതന്ദ്രം."

എന്നവിധം പറഞ്ഞിരിക്കുന്നതു്.

സന്തുഷ്ടചിത്തനായ ദശരഥമഹാരാജാവു് അഭിഷേകമഹോത്സവം തീൎച്ചയാക്കിയിരിക്കുന്നവിവരം അറിയിക്കുന്നതിന്ന ശ്രീരാമചന്ദ്രനെ ആളയച്ചുവരുത്തി. അപ്പോൾ

"സഃ പ്രാഞ്ജലിരഭിപ്രേത്യ
പ്രണതഃ പിതുരന്തികേ
നാമ സ്വം ശ്രാവയൻ രാമോ
വവന്ദേ ചരണൌ പിതുഃ."

ഇതിൽനിന്ന ബദ്ധാഞ്ജലിപുടനായി സമീപത്തുചെന്ന സ്വനാമത്തെപ്പറഞ്ഞു ഗുൎവ്വാദ്യഭിവാദനം ചെയ്യണമെന്ന സിദ്ധിക്കുന്നു.

„സ്വം നാമ പ്രോച്യായമഹമിത്യഭിവാദഃ.''

എന്നു ഗൌതമനും,

„അഭിവാദാത് പരം വിപ്രോ
ജ്യായാൻ സമഭിവാദയൻ
അസൌ നാമാഹമസ്മീതി
സ്വനാമ പരികീർത്തയേത്.

ഭോഃ ശബ്ദഃ കീർത്തയേദന്തേ
സ്വസ്വനാമ്നോഽഭിവാദനേ.''

എന്നു മനുവും പറഞ്ഞിരിക്കുന്നു. „അഭിവാദയേ രാമനാമാഹം ഭോഃ'' എന്ന് അഭിവാദനം ചെയ്യുന്നതു ശാസ്ത്രരീത്യാ സാധുവായിട്ടുള്ളതാണ്. ഇതുകൊണ്ട്

„അഭിവാദനശീലസ്യ
നിത്യം വൃദ്ധോപസേവിനഃ
ചത്വാരി തസ്യ വർദ്ധന്തേ
ഹ്യായുഃ പ്രജ്ഞാ യശോ ബലം.''

ഇപ്പറഞ്ഞ ഫലങ്ങൾ സിദ്ധിക്കുമെന്നും ശാസ്ത്രം ഘോഷിക്കുന്നു.

„തസ്മൈ ചാഭ്യുദിതം ദിവ്യം
മണികാഞ്ചനഭൂഷിതം
ദിദേശ രാജാ രുചിരം
രാമായ പരമാസനം.

തദാസനവരം പ്രാപ്യ
വ്യദീപയത രാഘവഃ
സ്വയൈവ പ്രഭയാ മേരു-
മുദയേ വിമലോ രവിഃ.''

എന്നതിൽനിന്നു ഗുർവാദ്യഭ്യനുജ്ഞയോടുകൂടിമാത്രമേ തത്സന്നിധിയിൽ ആസനോപവിഷ്ടനാകാവൂ എന്നു സിദ്ധിക്കുന്നു.

„ആസ്യതാമിതി ചോക്തഃ സ-
ന്നാസീതാഭിമുഖോ ഗുരോഃ.''

എന്നു മാനവധർമ്മശാസ്ത്രം. പിന്നീട്,

"തം പശ്യമാനോ നൃപതി-
സ്തുതോഷ പ്രിയമാത്മജം
ഉവാചേദം വചോ രാജാ
ദേവേന്ദ്രമിവ കാശ്യപഃ."

എന്നു വാല്മീകി പറഞ്ഞിരിക്കുന്നു.

ഇതെല്ലാം മനസ്സിൽ വച്ചുകൊണ്ടാണു് നമ്മുടെ കവി

"ശ്രീരാമചന്ദ്രനെ വിളിച്ചരികത്തിരുത്തീ-
ട്ടാരൂഢമോദമിതിവാചമുവാച രാജാ."

എന്നു സംഗ്രഹിച്ചു പറഞ്ഞിട്ടുള്ളതു്.

പുത്രൻ ഗുണവാനായാലും പിതാവു ഹിതോപദേശത്തെ ചെയ്യണമെന്നുള്ള ശാസ്ത്രവാക്യത്തെ. അനുസരിച്ചു ദശരഥമഹാരാജാവു്,

"ഭൂയോ വിനയമാസ്ഥായ
ഭവ നിത്യം ജിതേന്ദ്രിയഃ
കാമക്രോധസമുത്ഥാനി
ത്യജേഥാ വ്യസനാനി ച.

പരോക്ഷയാ വൎത്തമാനോ
വൃത്ത്യാ പ്രത്യക്ഷയാ തഥാ
അമാത്യപ്രഭൃതീഃ സൎവ്വാഃ
പ്രകൃതീശ്ചാനുരഞ്ജയ.

കോഷ്ഠാഗാരായുധാഗാരൈഃ
കൃത്വാ സംനിചയാൻ ബഹൂൻ
തുഷ്ടാനുരക്തപ്രകൃതി-
ൎയ്യഃ പാലയതി മേദിനീം.

തസ്യ നന്ദന്തി മിത്രാണി
ലബ്ധ്വാമൃതമിവാമരാഃ
തസ്മാത്ത്വമപി ചാത്മാനം
നിയമ്യൈവം സമാചര."

എന്നും മററും ഭരണതന്ത്രരഹസ്യത്തെ ഉപദേശിക്കുന്നു,

ശ്രീരാമാഭിഷേകത്തിന വേണ്ട കോപ്പുകളെല്ലാം കൂട്ടിക്കഴിഞ്ഞു. പുരോഹിതനായ വസിഷ്ഠമഹർഷിയുടെ നിർദ്ദേശങ്ങളനുസരിച്ചു വൈദികകർമ്മങ്ങൾക്കും, നീതികുശലന്മാരായ മന്ത്രിവര്യന്മാരുടെ ഔചിത്യബുദ്ധിക്കനുസരണമായി ലൌകികഘോഷങ്ങൾക്കും വേണ്ട ഏപ്പാടുകളെല്ലാം നമ്മുടെ കവി ഗദ്യത്തിൽ വിസ്തരിച്ചു നമുക്കു പ്രത്യക്ഷഗോചരമാക്കിത്തന്നിരിക്കുന്നു. ഗദ്യം വായിച്ചുതീരുമ്പോൾ നാമും കവിയോടൊന്നിച്ച് അഭിഷേകോത്സാഹഘോഷങ്ങളിൽ പങ്കുകൊണ്ടു കൃതാൎത്ഥന്മാരായിത്തീരുന്നു. വലിയ ബഹളത്തിൽ പല ദിക്കുകളിൽനിന്നും വന്നുചേൎന്നിട്ടുള്ള നാനാപ്രകാരത്തിലുള്ള ജനാവലിയുടെ ആചാരചേഷ്ടാവിശേഷങ്ങളും സംഭാഷണരീതികളും കവി നമ്മെ വാക്തുലികകൊണ്ട് അനുഭവപ്പെടുത്തി രസിപ്പിക്കുന്നു. ഇവരുടെ സംഭാഷണത്തിൽ ലോകരഹസ്യത്തിന്റെ പല പ്രതിദ്ധ്വനികളും ശ്രദ്ധിച്ചാൽ കേൾക്കാം. അവയെല്ലാം വായനക്കാർ സൂക്ഷിച്ചറിഞ്ഞുകൊള്ളേണ്ടതാണ്.

അഭിഷേകപൂൎവ്വദിവസം വസിഷ്ഠൻ,

„ഉപവാസം ഭവാനദ്യ
കരോതു സഹ സീതയാ
പ്രാതസ്ത്വാമഭിഷേക്താ ഹി
യൌവരാജ്യേ നരാധിപഃ.

ഇത്യുക്ത്വാ സ തദാ രാമ-
മുപവാസം യതവ്രതം
മന്ത്രവത് കാരയാമാസ
വൈദേഹ്യാ സഹിതം മുനിഃ."

ഇപ്രകാരം അഭിഷേകത്തിന്റെ പൂൎവ്വരംഗമായ ഉപവാസവ്രതം ശ്രീരാമനും സീതാദേവിയും അനുഷ്ഠിച്ചുകൊണ്ടിരുന്നപ്പോൾ രാജധാനിയുടെ മറെറാരുഭാഗത്തു കൈകേയീമന്ദിരത്തിൽ സംഭവിച്ച സംഗതികൾ മംഗളോത്സാഹങ്ങൾക്കെല്ലാം അശനിനിൎഘാതമായിത്തീൎന്നു.

„ഭവിതാ രാഘവോ രാജാ
രാഘവസ്യ തു യഃ സുതഃ

രാജവംശാത്തു ഭരതഃ
കൈകേയി! പരിഹാസ്യതേ.

യദാ ഹി രാമഃ പൃഥിവീമവാപ്സ്യതി
ധ്രുവം പ്രണഷ്ടോ ഭരതോ ഭവിഷ്യതി
അതോ ഹി സഞ്ചിന്തയ രാജ്യമാത്മജേ
പരസ്യ ചാദ്യൈവ വിവാസകാരണം."

എന്നാദിയായ മന്ഥരാവാക്യങ്ങൾ കൈകേയി കേട്ടപ്പോൾ അവളുടെ കണ്ണുകൾ കോപംകൊണ്ടു കലങ്ങി. പാരവശ്യത്തോടുകൂടെ ഭരതാഭിഷേകവും രാമവനവാസവും സാധിപ്പാനുള്ള ഉപായമെന്തെന്നു ചോദിച്ചു.

പണ്ടു ദേവാസുരസംഗ്രാമത്തിൽ ദേവരാജസാഹായ്യം ചെയ്തുകൊണ്ടിരുന്ന ദശരഥമഹാരാജാവു തിമിദ്ധ്വജാസുരനോടുകൂടി ചെയ്ത ശസ്ത്രാശസ്ത്രിസംപ്രഹാരമദ്ധ്യേ മൂർച്ഛാക്രാന്തനായതുകണ്ടു വേഗത്തിൽ നീ ചെയ്ത ഉപചാരങ്ങളെക്കൊണ്ടു പ്രബുദ്ധനായ മഹാരാജാവു സന്തോഷിച്ചു വരദ്വയം തന്നിട്ടുള്ളവയെ ഇപ്പോൾ തന്നെ ചെന്ന്,

"തൌ വരൌ യാച ഭർത്താരം
ഭരതസ്യാഭിഷേചനം
പ്രവ്രാജനം ച രാമസ്യ
വർഷാണി നവ പഞ്ച ച.

ചതുർദ്ദശ ഹി വർഷാണി
രാമേ പ്രവ്രാജിതേ വനം
രൂഢശ്ച കൃതമൂലശ്ച
ശേഷം സ്ഥാസ്യതി തേ സുതഃ.

ഏവം പ്രവ്രജിതശ്ചൈവ
രാമോഽരാമോ ഭവിഷ്യതി
ഭരതശ്ച ഹതാമിത്ര-
സ്തുവരാജാ ഭവിഷ്യതി.

യേന കാലേന രാമശ്ച
വനാത് പ്രത്യാഗമിഷ്യതി

„തേന കാലേന പുത്രഃസ്ത
കൃതമൂലോ ഭവിഷ്യതി."

രാമൻ പതിന്നാലുസംവത്സരം വനവാസംചെയ്യുന്നകാലം കൊണ്ടു ഭരതൻ കൃതമൂലനായി ഭവിക്കുന്നതെങ്ങിനെ എന്നു വിചാരിക്കേണ്ടതുണ്ടു്.

„ഋത്വോരന്താദിസപ്താഹാ-
വൃതുസന്ധിരിതീരിതഃ."

എന്നും

„അസാത്മ്യജാ ഹി ദോഷാഃ സ്യു-
സ്സഹസാ ത്യാഗശീലനാൽ."

എന്നും വാഗ്ഭടൻ പറഞ്ഞിരിക്കുന്നു. ഒരു് ഋതുവിന്റെ ഒടുക്കത്തെ ഏഴുദിവസവും അടുത്ത ഋതുവിന്റെ ആദ്യത്തെ ഏഴുദിവസവും കൂടി പതിന്നാലുദിവസം ഋതുസന്ധിയാകുന്നു. അതുപോലെ പ്രജകൾ ശീലിച്ചുപോന്ന കാൎയ്യങ്ങളെ ഏഴുസംവത്സരംകൊണ്ടു ക്രമേണ മാററി തന്റെ അഭിപ്രായപ്രകാരം ക്രമേണ കൂട്ടി ഏഴു കൊല്ലം രാജ്യഭാരം ചെയ്യുമ്പോൾ കൃതമൂലനാകും. സഹസാത്യാഗ ശീലനം ദുഃഖപ്രദമായിത്തീരും ഇതാണു് കൊല്ലം പതിന്നാലെന്നു കല്പിക്കുവാൻ കാരണം.

ഇപ്രകാരം യുക്തിയുക്തമായി മന്ഥര പറഞ്ഞു. ഈ വാക്യംകേട്ടു കൈകേയി കോപാക്രാന്തയായിട്ടു്

„അഹം ഹി നൈവാസ്തരണാനി ന സ്രജോ
ന ചന്ദനം നാഞ്ജനപാനഭോജനം
ന കിഞ്ചിദിച്ഛാമി ന ചേഹ ജീവിതം
നചേദിതോഗച്ഛതി രാഘവോ വനം."

എന്നപ്രകാരം സ്വൎണ്ണാഭരണങ്ങളേയും ദിവ്യവസ്ത്രങ്ങളേയും സുരഭിലപുഷ്പമാല്യങ്ങളേയും അകലെക്കളഞ്ഞു മലിനവസനയായി ക്രോധാഗാരം പ്രവേശിച്ചു.

ദുഷ്ടയായ മന്ഥരയുടെ അധൎമ്മോപചിതങ്ങളായ അത്യുഗ്ര വാക്കുകളേ കേട്ടു കേട്ടു് ഉത്തമകുലോല്പന്നയായ കൈകേയിയുടെ മനസ്സു കലുഷമായിത്തീൎന്നു. അനൎത്ഥാധായകമായ ദുഷ്ടസഹ

വാസം സൎവ്വഥാ പരിഹൎത്തവ്യമെന്ന് ഇതിൽനിന്നു സിദ്ധിക്കുന്നു. മഹാഭാരതത്തിൽ,

„ഏകശീലശ്ച മിത്രത്വം
ഭജതേ പാപകൎമ്മണഃ
സ തേന ദുഃഖമാപ്നോതി
പരത്ര ച വിപദ്യതേ.”

എന്നു വനപൎവ്വത്തിലും

„അന്യായ്യമവദൻ സാധു-
ൎയ്യദാ ഹി പരിതപ്യതേ
തദാ പരിവദൻ ന്യായ്യം
തുഷ്ടോ ഭവതി ദുൎജ്ജനഃ.

അഭിവാദ്യ യഥാ വൃദ്ധാൻ
സന്തോ ഗച്ഛന്തി നിർവൃതിം
ഏവം സജ്ജനമാക്രുശ്യ
മൂർഖോ ഭവതി നിർവൃതഃ.

സുഖം ജീവന്ത്യദോഷജ്ഞാ
മൂർഖോ ദോഷാനുദൎശിനഃ
യത്ര വാച്യാം പരൈസ്സന്തഃ
പരാനാഹുസ്തഥാവിധാൻ.

അതോ ഹാസ്യതരം ലോകേ
കിഞ്ചിദന്യന്ന വിദ്യതേ
യത്ര ദുൎജ്ജന ഇത്യാഹ
ദുൎജ്ജനഃ സജ്ജനം സ്വയം.”

എന്ന് ആദിപൎവ്വത്തിലും കാണുന്നു.

„ദീയതേ സ്വസ്ഥഹൃദയൈഃ
പിണ്ഡോ യേനൈവ പാണിനാ
മാൎജ്ജാര ഇവ ദുർവൃത്ത-
സ്തമേവ ഹി വിലുമ്പതി.

അസാദ്ധ്യം സാധു മന്ത്രാണാം
തീവ്രം വാഗ്വിഷമുദ്വമൻ

ദ്വിജിഹ്വം വദനം ധത്തേ
ദുഷ്ടോ ദുർജ്ജനപന്നഗഃ.”

എന്നു കാമന്ദകനും,

“വിഷധരതോഽപ്യതി വിഷമഃ
ഖല ഇതി നമൃഷാ വദന്തി വിദ്വാംസഃ
യദയം നകുലദ്വേഷീ
സകുലദ്വേഷീ പുനഃ പിശുനഃ.”

എന്നു് ഒരു പ്രാചീനകവിയും പറഞ്ഞിരിക്കുന്നു.

“സത്യധർമ്മച്യുതാത് പുംസഃ
ക്രുദ്ധ്യാദാശീവിഷാദിവ
അനാസ്തികോപ്യുദ്വിജതേ
ജനഃ കിം പുനരാസ്തികഃ.

തസ്മാദ്ദുർജ്ജനസംസർഗ്ഗഃ
പരിത്യാജ്യോ മനീഷിഭിഃ.”

എന്നു മഹാഭാരതം ആദിപർവ്വത്തിലും,

“വസ്ത്രമാപസ്തിലാൻ ഭൂമിം
ഗന്ധോവാസയതേ യഥാ
പുഷ്പാണാമധിവാസേന
തഥാ സംസർഗ്ഗജാ ഗുണാഃ.

മോഹജാലസ്യ യോനിർഹി
മൂഢൈരേവം സമാഗമഃ
അസതാം ദർശനാത് സ്പർശാത്
സഞ്ജല്പാച്ച പ്രഹാസനാത്.

ശ്ലേഷ്ണാർദ്രം ദഹ്യതേ മിശ്രഭാവാ-
ത്തസ്മാത് പാപൈഃ സഹ സന്ധിം ന കുർയ്യാത്.”

എന്നു വനപർവ്വത്തിലും,

“തിലശ്ചമ്പകസംശ്ലേഷാത്
പ്രാപ്നുവന്ത്യധിവാസതാം
രസോനഭക്ഷാസ്തദ്ഗന്ധം
സർവ്വേ സാംക്രാമികാ ഗുണാഃ.

അപാം പ്രവാഹോ ഗാംഗോഽപി
സമുദ്രം പ്രാപ്യ തദ്രസഃ
ഭവത്യപേയസ്തദ്വിദ്വാ-
ന്നാശ്രയേദശുഭാത്മകം.

ഗ്രീഷ്മസൂര്യ്യാംശുസന്തപ്ത-
മുദ്വേജനമനാശ്രയം
മരുസ്ഥലമിവോദഗ്രം
ത്യജേദ്ദുർജ്ജനസംഗതം.

സ്വതഃ ശീലോപസമ്പന്നാ
ന കസ്മാദേവ ദുർജ്ജനഃ
അന്തഃ പ്രവിശ്യ ദഹതി
ശുഷ്കാൻ വൃക്ഷാനിവാനലഃ.

വിശ്വാസോദ്ഗീർണ്ണഹുതളക്
ധൂമധൂമ്രീകൃതാനനൈഃ
വരമാശീവിഷൈഃ സംഗം
കുർയ്യാന്നത്വേവ ദുർജ്ജനൈഃ."

എന്നു കാമന്ദകീയത്തിലും പറഞ്ഞു കാണുന്നു. ദുർജ്ജനസംഗമം അനർത്ഥപരമ്പരാജനകമാകയാൽ സദാ പരിത്യാജ്യമെന്നുള്ള അഭിപ്രായത്തെ ദൃഢീകരിക്കുവാൻ വേണ്ടി ചില പ്രമാണങ്ങളെ ഇവിടെ ഉദ്ധരിച്ചു ചേർക്കുക മാത്രമെ ചെയ്തിട്ടുള്ളു. ഈ ലളിത പദ്യങ്ങളെല്ലാം തന്നെ പ്രായേണ സുഗമമായതുകൊണ്ടു വ്യാഖ്യാനിക്കുന്നില്ല.

കൈകേയിയുടെ ക്രോധാഗാരപ്രവേശനസംഗതികളെല്ലാം പ്രതിഹാരിമുഖത്തിൽ നിന്നു മനസ്സിലായപ്പോൾ,

"സ വൃദ്ധസ്തരുണീം ഭാർയ്യാം
പ്രാണേഭ്യോഽപി ഗരീയസീം
അപാപഃ പാപസങ്കല്പാം
ദദർശ ധരണീതലേ."

ദശരഥമഹാരാജാവു ദുഃഖാക്രാന്തനായി കൈകേയിയേ സാന്ത്വന വാക്കുകളെക്കൊണ്ടു് ആശ്വസിപ്പിക്കുവാൻ തുടങ്ങി.

,,കരിഷ്യാമി തവ പ്രീതിം
സുകൃതേനാപി തേ ശപേ."

എന്ന സരളഹൃദയനായ ദശരഥമഹാരാജാവു് ആദരപൂവ്വം പറഞ്ഞവാക്കുകളെക്കേട്ടു കഠിനഹൃദയയായ കൈകേയി തദ്വചനത്തെ ദൃഢീകത്തുകാമയായിട്ടു

,,പ്രതിജ്ഞാം പ്രതിജാനീഷ്വ."

എന്ന പറഞ്ഞു പ്രശ്രുതത്തെ അനുസ്മരിപ്പിക്കുന്നു. കൈകേയി ദൃഢനിശ്ചയത്തിൽ നിന്നു ലവലേശം ചലിക്കാതെ രാമൻെറ വനവാസവും ഭരതൻെറ അഭിഷേകവും നിബ്ബന്ധപൂവ്വം ശാസിച്ചതിനെ ധമ്മപാശബദ്ധനായ രാജാവിനു തടയുവാൻ ശക്തിയുണ്ടായില്ല.

ധമ്മമാഗ്ഗസഞ്ചരിഷ്ണുവായ മഹാരാജാവിനു കൌസല്യ ധമ്മപത്നിയും, കൈകേയി കാമപത്നിയും, സുമിത്ര അത്ഥപത്നിയുമാണെന്നു് ഈ പ്രകൃതത്തിൽ പ്രത്യേകം ധരിച്ചിരിക്കേണ്ടതാണു്. രാജാവിനെക്കൊണ്ടു് ഏതുകായ്യവും നിവ്വഹിച്ചുകൊള്ളാമെന്നുള്ള കൈകേയിയുടെ ആന്തരാഭിപ്രായത്തിൻെറ രഹസ്യവും ഇതുതന്നെയാണു്.

,,കിം തേ കൈകേയി! ദുഃഖസ്യ
കാരണം വദ ശോഭനേ!
രാമാഭിഷേകജം ഹഷം
ഭജോത്തിഷ്ഠ സുഖീ ഭവ."

എന്നുള്ള രാജാവിൻെറ വാക്യത്തിനു കഠിനഹൃദയയായ കൈകേയി

,,വരേണൈകേന ലഭ്യതാം
രഘുരാജ്യം സുതോ മമ
ചതുദ്ദശസമാ രാമോ
വനേ ചാന്യേന തിഷ്ഠതു."

എന്നാണു് ഉത്തരം പറഞ്ഞതു്. പണ്ടു രാജാവു് അനുരാഗനിമിത്തം മതിമറന്നു കൊടുത്തുപോയ വരദ്വയം ഇന്നു രാജാവിൻെറ അത്യന്തദുഃഖത്തിനും മരണത്തിനും കാരണമായിത്തീന്നു. അത്യന്തകാമാസക്തന്മാരായ പുരുഷന്മാരെ സ്ത്രീകൾ സ്വവശ

ത്തിൽ നയിച്ച സങ്കടത്തിൽ പതിപ്പിക്കുമെന്നുള്ളതു ലോക സിദ്ധമാകുന്നു.

"അവിദ്വാംസമലം ലോകേ
വിദ്വാംസമപി വാ പുനഃ
പ്രമദാ ഹ്യുത്പഥം നേതും
കാമക്രോധവശാനുഗം."

എന്നു മനുസ്മൃതിയിലും,

"നാകാമാസക്തമനസാം
കാന്താമുഖവിലോകനേ
ഗളന്തി ഗളദശ്രൂണാം
യൌവനേന സഹ സ്ത്രിയഃ.

നാമാപി സ്ത്രീതി സംഹ്ലാദി
വികരോത്യേവ മാനസം
കിംപുനർദ്ദർശനം തസ്യാ
വിലാസോല്ലാസിതഭ്രുവഃ.

രഹഃപ്രചാരകുശലാ
മൃദുഗദ്ഗദഭാഷിണീ
കം ന നാരീ ന കുരുതേ
രക്തം രക്താന്തലോചനാ.

മുനേരപി മനോ(അ)വശ്യം
സരാഗം കുരുതേ(അ)ംഗനാ
പ്രസന്നകാന്തിജനനം
സന്ധ്യേവ ശശിമണ്ഡലം.

മഹാന്തോ(അ)പി ഹി ഭിദ്യന്തേ
സ്ത്രീഭിരദ്ഭിരിവാചലഃ."

എന്നു കാമന്ദകനീതിശാസ്ത്രത്തിലും.

"സ്മിതേന രാഗേണ ച ലജ്ജയാ ഭിയാ
പരാങ്മുഖൈരർദ്ധകടാക്ഷവീക്ഷണൈഃ
വചോഭിരീർഷ്യാകലഹേന ലീലയാ
സമസ്തഭാവൈഃ ഖലു ബന്ധനം സ്ത്രിയഃ.

സന്തു വിലോകനഭാഷണ-
  വിലാസപരിഹാസകേളിപരിരംഭാഃ
സ്മരണമപി കാമിനീനാ-
  മലമിഹ മനസോ വികാരായ.''

എന്ന കവിവാക്യത്തിലും,

,,നാസാം സ്നേഹോ നരൈഃ കാൎയ്യ-
  സ്തഥൈവേൎഷ്യാ ജനേശ്വരഃ
ഖേദമാസ്ഥായ ഭുഞ്ജീത
  ധൎമ്മമാസ്ഥായ ചൈവ ഹി.

നിഹന്യാദന്യഥാ കുൎവ്വ-
  ന്നരഃ കൌരവനന്ദന!''

എന്ന മഹാഭാരതം ആനുശാസനപൎവ്വത്തിലും,

,,അത്യന്തവല്ലഭോഽസ്മീതി
  വിസ്രബ്ധം സ്ത്രീഷു ന ത്യജേത്
ദേവീ തു കാശിരാജാനം
  നിജഘാന രഹോഗതം.

വിഷാക്തേന ച സൌവീരം
  മേഖലാമണിനാ നൃപം
നൂപുരേണ ച വൈരാസം
  ജാലൂഷം ദൎപ്പണേന ച.

വേണ്യാം ശസ്ത്രം സമാധായ
  തഥാ ചാപി വിദൂരഥം.''

എന്നു കാമന്ദകനും പറഞ്ഞിട്ടുള്ളവയെ ഈ അവസരത്തിൽ പ്രത്യേകം സ്മരിച്ചുകൊള്ളേണ്ടതാകുന്നു.

പ്രാണവല്ലഭയായ കൈകേയി ദശരഥമഹാരാജാവിനോടു സ്വപുത്രനായ ഭരതനു രാജ്യപ്രാപ്തിരൂപമായ വരത്തെച്ചോദിച്ചതു യുക്തമായില്ലെന്നു വിചാരിക്കുന്നതായാൽ ശാസ്ത്രാനുസാരേണ ചിന്തിക്കുമ്പോൾ സ്ത്രീകൾക്കു ഭൎത്താവിനെക്കുറിച്ചുള്ള സ്നേഹം സ്വപ്രയോജനമാത്രമെന്നു സമൎത്ഥിച്ചിട്ടുള്ളതുകൊണ്ടു യാതൊരസാംഗത്യവും പ്രസ്താവയോഗ്യമായിത്തോന്നുന്നില്ല. എന്നു

കൊണ്ടെന്നാൽ പുരൂരവസ്സമഹാരാജാവു് ഉർവ്വശിയോടു പ്രാർത്ഥിക്കുന്നസമയം അവൾ

„നവൈ സ്ത്രൈസ്ത്ഥാനി സഖ്യാനി സന്തി സാലാവൃകാണാം ഹൃദയാന്യേതാഃ."

എന്നു പറഞ്ഞിരിക്കുന്നവിധം ശാകലസംഹിതയിലും,

„നവാ അരേ പത്യുഃ കാമായ പതിഃ പ്രിയോ ഭവതി
ആത്മനസ്തു കാമായ പതിഃ പ്രിയോ ഭവതി."

എന്നു മൈത്രേയബ്രാഹ്മണത്തിലും കാണുന്നു.

„മൈത്രേയി ജായാ ന ഹിതാ ന പത്യൗ
മുദം വിധത്തേ പതികാമസിദ്ധ്യൈ
കിം ത്വാത്മമോദായ മുധാഹിതാഭിർ-
ല്ലീലാഭിരാനന്ദയതിസ്മ കാന്തം.

താവത് പ്രിയഃ സ്യാത് പതിരംഗനാനാം
സിദ്ധ്യന്തി യാവന്നിഖിലാഃ സ്വകാമാഃ
പൂർണ്ണേഷു പൂർണ്ണേഷു ച തേഷു യോഷാ
വിഗർഹയന്ത്യേനമഥ ദ്വിഷന്തി.

യഃ പ്രീണയേദന്വഹമാത്മജായാം
വിലേപനാലങ്കരണാദിദാനൈഃ
ന ലഗ്നമസ്യാ ഹൃദയം യദി സ്യാ-
ദയം തൃണായാപി തഥാ ന ഗണ്യഃ."

എന്നു ഭാഷ്യദീപികയിലും,

„അസാദ്ധ്യാശ്ചാപി ദുർവൃത്താഃ
കുലഘ്ന്യഃ പാപനിശ്ചയാഃ
വിജ്ഞേയാ ലക്ഷണൈർദുഷ്ടൈഃ
സ്വഗാത്രസഹജൈർന്നൃപ!

ഏതാ ഹി മനുജവ്യാഘ്ര!
തീക്ഷ്ണാസ്തീക്ഷ്ണപരാക്രമാഃ
ഏതാഃ കൃത്യാഃ സ്വകാർയ്യാശ്ച
കൃതാശ്ച ഭരതർഷഭ!"

എന്ന മഹാഭാരതം ആനുശാസനീയപർവ്വവിപുലോപാഖ്യാനത്തിലും കാണുന്നു.

„മമ വൃദ്ധസ്യ ദീനസ്യ
  ഗതാന്തസ്യ തപസ്വിനഃ
ദീനം ലാലപ്യമാനസ്യ
  കാരുണ്യം കത്തുമർഹസി.
അഞ്ജലിം കുർമ്മി കൈകേയി!
  പാദൌ ചാപി സ്പൃശാമി തേ
ശരണം ഭവ രാമസ്യ
  മാധർമ്മോ മാമിഹ സ്പൃശേത്."

എന്നുള്ള ദശരഥമഹാരാജാവിൻെറ ദീനപ്രലാപം കൈകേയിയെ സ്പർശിക്കപോലും ചെയ്തില്ല

„പ്രിയേ! കൈകേയി! ത്വാം കഠിനഹൃദയാം വഞ്ചിതരമണീം
പ്രിയാം പൂൺമാനുണ്ടീ മമ ഗമനമീരാമവിരഹാത്."

ദശരഥമഹാരാജാവിൻെറ സ്വർഗ്ഗപ്രാപ്തിനിമിത്തം വൈധവ്യദുഃഖമനുഭവിക്കേണ്ടതായിവന്നാലും കൈകേയിക്കു യാതൊരു പരിതാപവുമില്ല. ഭരതൻ രാജ്യം ഭരിക്കണം. രാമൻ കാട്ടിൽ പോകണം. കൈകേയിയുടെ സ്ത്രീസാധാരണമായ ഈ സ്വഭാവവൈകൃത്യത്തെക്കുറിച്ചു മഹാഭാരതത്തിൽ,

„നഹി ഭാർയ്യേതി വിശ്വാസഃ
  കാർയ്യഃ പുംസാ കഥഞ്ചന
നഹി കാർയ്യമനുദ്ധ്യാതി
  നാരീപുത്രവതീ സതീ."

എന്നു ജരിതയോടു മന്ദപാലൻ പറയുന്ന വാക്യത്തിൽനിന്നു ചില സമാധാനം ഉണ്ടാവുന്നു.

പുത്രോപരോധജനിതകോപയായ ദേവി സ്വഭർത്താവിനെ മലരിൽ വിഷംകൊടുത്തു കൊന്നവിവരം

„ലാജാൻ വിഷേണ സംയോജ്യ
  മധുനേതി വിലോഭ്യ തം
ദേവീ തു കാശിരാജേന്ദ്രം
  നിജഘാന രഹോഗതം."

എന്നവിധം കാമന്ദകനും പറഞ്ഞിരിക്കുന്നു.

തദനന്തരം മഹാരാജാവു കൈകേയിയെ ഭർത്സനം ചെയ്യു ന്നസമയം കൌസല്യയെ അറിയാതെ സ്തുതിക്കുന്നു.

"യദാ യദാ ഹി കൌസല്യാ
ദാസീവച്ച സഖീവ ച
ഭാര്യാവദ് ഭഗിനീവച്ച
മാതൃവച്ചോപതിഷ്ഠതേ.
സതതം പ്രിയകാമാ മേ
പ്രിയപുത്രാ പ്രിയംവദാ
ന മയാ സത്കൃതാ ദേവീ
സത്കാരാർഹാ കൃതേ തവ."

കൌസല്യയുടെ ശുശ്രൂഷകൊണ്ടു സന്തുഷ്ടനായ മഹാരാജാവ് അവരെ ദാസിയെപ്പോലെയും സഖിയെപ്പോലെയും ഭാര്യയെ പ്പോലെയും സഹോദരിയെപ്പോലെയും മാതാവിനെപ്പോലെയും ഉപചരിച്ചു എന്നു പരോക്ഷത്തിൽ ഗുണകഥനം ചെയ്തിരിക്കുന്ന തിൽ നിന്ന് ഉത്തമസ്ത്രീകൾ പതിയെ സന്തോഷിപ്പിക്കേണ്ടു വിധം വ്യക്തമാക്കിയിരിക്കുന്നു.

"ഭാര്യാ ധർമ്മഫലാവാപ്ത്യൈ
ഭാര്യാ സന്താനവൃദ്ധയേ
പരലോകസ്ത്വയം ലോകോ
ജീയതേ ഭാര്യയാ ദ്വയം.
ദേവപിതൃാതിഥീജ്യാദി
നാഭാര്യഃ കർമ്മ ചാർഹതി
ഗൃഹസ്ഥഃ സ ഹി വിജ്ഞേയോ
യസ്യ ഗേഹേ പതിവ്രതാ.
ഗ്രസ്യതേഽന്യൈഃ പ്രതിപദം
രാക്ഷസ്യാ ജരയാഥവാ
യഥാ ഗംഗാവഗാഹേന
ശരീരം പാവനം ഭവേത്.
തഥാ പതിവ്രതാദൃഷ്ട്യാ
ശുഭയാ പാവനം ഭവേൽ

ന ഗംഗായാസ്തയാ ഭേദോ
യാ നാരീ പതിദേവതാ.

ഉമാ ശിവസമാ സാക്ഷാത്
തസ്മാത്താം പൂജയേദ് ബുധഃ.''

എന്നാദിയായ ശാസ്ത്രവചനങ്ങളേയും ഈ അവസരത്തിൽ സ്മരിച്ചു കൊള്ളേണ്ടതാണ്.

ദശരഥമഹാരാജാവിനു കൈകേയിയുടെ അന്തൎഗ്ഗതം മനസ്സിലായപ്പോൾ ദുഃഖപരവശനായി പലതും പ്രലപിക്കുന്നകൂട്ടത്തിൽ,

,,രാമഃ കാമമുപാശ്രയിഷ്യതി വനം
ത്യക്ത്വാ ധ്രുതം കൌതുകം
ലോകസ്ത്വപ്യക്ഷ്യതി കൌതുകം ചിരധ്രുതം
തസ്യാഭിഷേകേ കഥം?''

ഇപ്രകാരം പറഞ്ഞിട്ടുള്ളതിനെ നമ്മുടെ കവി,

,,രാമൻ പൊയ്ക്കൊള്ളുമയ്യോ! വിപിനഭുവി ധ്രുതം
കൌതുകം കൈവെടിഞ്ഞി-
ന്നാമോ ലോകൎക്കു കൌതുഹലമിതുകളവാ-
നിന്നു തസ്യാഭിഷേകേ.''

എന്നവിധം പരിഭാഷപ്പെടുത്തിച്ചേൎത്തിട്ടുള്ളതിൽ നോട്ടക്കുറവു കൊണ്ടു സാരസ്യക്കുറവുവന്നുപോയി എന്നു പറയാതിരിപ്പാൻ മനസ്സനുവദിക്കുന്നില്ല.

മൂലകാരനായ ഭോജരാജാവു കൌതുകശബ്ദത്തിന്റെ രണ്ടൎത്ഥങ്ങളെയും ഉചിതമായ വിധത്തിൽ സംഘടിപ്പിച്ചു വ്യത്യാസം കാണിച്ചുതന്നിട്ടുള്ളതിനെ നമ്മുടെ കവി അതിന്റെ ഒരൎത്ഥത്തെ 'കൌതുഹല'ശബ്ദംകൊണ്ടു കാണിച്ചുതന്നതു ചമൽകാരരാഹിത്യം നിമിത്തം വൈരസ്യജനകമായിപ്പോയി. ആ ശ്ലോകാൎദ്ധത്തെ അല്പം ഭേദപ്പെടുത്തി കൌതുകശബ്ദത്തേ തന്നെ മൂലകാരനേപ്പോലെ പരിപാലിച്ചു താഴെ ചേൎക്കുന്നു.

,,രാമൻ പൊയ്ക്കൊള്ളുമയ്യോ! വിപിനഭുവി ധ്രുതം
കൌതുകം കൈവെടിഞ്ഞി-

ന്നാമോ ലോകക്ക് ഹാ! കൌതുകമിതുകളവാ-
നിന്നു തസ്യാഭിഷേകേ.''

ഇവിടെ കൌതുകശബ്ദത്തിൻെറ രണ്ടത്ഥവും ആവൃത്തികൊണ്ടു പുഷ്ടിയെ പ്രാപിച്ചു സഹൃദയഹൃദയാവജ്ജകമായിത്തീരുന്നു. അപ്പോൾ മൂലകാരൻെറ ആശയവും വൈഫല്യത്തെ പ്രാപിക്കാതെ ചമത്കൃതിയോടുകൂടി പ്രകാശിക്കും. സത്യലംഘനത്തിൽ ഭീതിയോടുകൂടിയ രാജാവു പുത്രവിരഹത്തെക്കുറിച്ചു വ്യസനിക്കുന്ന വിധത്തെ കവി വണ്ണിക്കുന്ന

,,ആലംഘ്യമല്ല മമ സത്യമിതോത്തുകണ്ടാൽ
നാലം നിമേഷമപി രാമനെ വേറിരുന്നാൽ
കേളെത്രയും പെരികെ രണ്ടുമസഹ്യമോത്താ-
ലാളല്ല ധമ്മവിഹതിക്കു നയാംബുധേ! ഞാൻ.''

ഈ പദ്യത്തിൽനിന്നു രാജാവിൻെറ ധമ്മനിഷ്ഠ വ്യക്തമാകുന്നുണ്ടല്ലോ.

സത്യത്തെക്കുറിച്ചു

,,സത്യേന സൂയ്യസ്തപതി
സത്യേനാഗ്നിഃ പ്രദീപ്യതേ
സത്യേന ദേവാഃ പ്രീയന്തേ
പിതരോ ബ്രാഹ്മണാസ്തഥാ.
സത്യമാഹുഃ പരോ ധമ്മ-
സ്തസ്മാത് സത്യം ന ലംഘയേത്
മുനയഃ സത്യനിരതാ
മുനയഃ സത്യവിക്രമാഃ.
മുനയഃ സത്യശപഥാ
സ്തസ്മാത് സത്യം വിശിഷ്യതേ
സത്യവന്തഃ സ്വഗ്ഗലോകേ
മോദന്തേ ഭരതഷ്ഭ!''

എന്നുപ്രകാരം മഹാഭാരതത്തിലും കാണുന്നു.

അതിന്നുംപുറമേ

,,ധമ്മബന്ധേന ബദ്ധോഽസ്മി.''

എന്നും

"സത്യവാക്യേന യന്ത്രിതഃ."

എന്നും ദശരഥൻതന്നെ പലപ്രാവശ്യം പറഞ്ഞിട്ടും ഉണ്ടു.

"ആഹുഃ സത്യം ഹി പരമം
ധർമ്മം ധർമ്മവിദോ ജനാഃ."

എന്നു വാല്മീകിയും പറഞ്ഞിരിക്കുന്നു.

രാമവിരഹം കർമ്മഫലമെന്നു കാണിച്ചു സമാധാനപ്പെടുവാൻ ദശരഥമഹാരാജാവു് ഒരു പൂർവ്വസംഭവത്തെപ്പറയുന്നു. സപത്നീക മുനികുമാരകവധത്തിന്റെ സ്മരണകൊണ്ടു സന്തപ്തഹൃദയനായ അദ്ദേഹം കൌസല്യയോടു,

"യദാചരതി കല്യാണി!
ശുഭം വാ യദി വാശുഭം
തദേവ ലഭതേ ഭദ്രേ!
കർത്താ കർമ്മജമാത്മനഃ."

എന്നു പറയുന്നു.

സ്ത്രീപർവ്വത്തിൽ ധൃതരാഷ്ട്രരോടു വിദുരൻ കർമ്മഫലത്തെക്കുറിച്ചു,

"ശയാനം ചാനുശേതേ ഹി
തിഷ്ഠന്തം ചാനുതിഷ്ഠതി
അനുധാവതി ധാവന്തം
കർമ്മ പൂർവകൃതം നരം.

യസ്യാം യസ്യാമവസ്ഥായാം
യത് കരോതി ശുഭാശുഭം
തസ്യാം തസ്യാമവസ്ഥായാം
തത് ഫലം സമുപാശ്നുതേ.

ശുഭേന കർമ്മണാ സൌഖ്യം
ദുഃഖം പാപേന കർമ്മണാ
കൃതം ലഭതി സർവ്വത്ര
നാകൃതം ഭുജ്യതേ ക്വചിത്."

എന്നു പറഞ്ഞിട്ടുള്ള അഭിപ്രായവും, മനുസ്മൃതിയിൽ

,,യഥാ ധേനുസഹസ്രേഷു
വത്സോ വിന്ദതി മാതരം
തഥാ പൂൎവ്വകൃതം കൎമ്മ
കൎത്താരമനുവിന്ദതി.''

എന്നു പറഞ്ഞിട്ടുള്ള അഭിപ്രായവും ഈ സന്ദൎഭത്തിൽ അനുസന്ധേയമാകുന്നു.

,,ഗുരുലാഘവമൎത്ഥാനാ-
മാരംഭേ കൎമ്മണാം ഫലം
ദോഷം വാ യോ ന ജാനാതി
സ ബാല ഇതി ഹോച്യതേ.''

എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു ഭാവിഫലത്തെച്ചിന്തിച്ചുവേണം കൎമ്മം ചെയ്യുവാനെന്നു സിദ്ധിക്കുന്നു. സഹസാ യാതൊന്നും ചെയ്യരുതു്.

,,അവിജ്ഞായ ഫലം യോ ഹി
കൎമ്മത്വേവാനുധാവതി
സ ശോചേത് ഫലവേലായാം
യഥാ കിംശുകസേവകഃ.''

എന്നും

,,കിംനു മേ സ്യാദിദം കൃത്വാ
കിം ന മേ സ്യാദകുൎവ്വതഃ
ഇതി കാൎയ്യാണി സഞ്ചിന്ത്യ
കുൎയ്യാദ്വാ പുരുഷോ ന വാ.''

എന്നും

,,ഉചിതമനുചിതം വാ കുൎവ്വതാ കാൎയ്യജാതം
പരിണതിരവധാൎയ്യാ യത്നതഃ പണ്ഡിതേന
അതിരഭസകൃതാനാം കൎമ്മണാമാവിപത്തേ-
ൎഭവതി ഹൃദയദാഹീ ശല്യതുല്യോ വിപാകഃ.''

എന്നും മററുമുള്ള ശാസ്ത്രവാക്യങ്ങളെ സദാ സ്മരിച്ചുകൊണ്ടു സൎവ്വകൎമ്മങ്ങളും ചെയ്താൽ ശ്രേയസ്സുണ്ടാകുന്നതാണു്.

വൃദ്ധമുനി,

"രാജൻ ജാനീഹി വൈശ്യാത്മജമിഹ ജനനി
ശൂദ്രജാ ബ്രഹ്മഹത്യാ
നാശംക്യാ തത് പ്രജാപാലനനിപുണമതേ!
വാഞ്ഛ ഭ്രമൈവ ചിരം നാം."

എന്നു പറഞ്ഞിട്ടുള്ളതുതന്നെ വാല്മീകിരാമായണത്തിൽ മുനിപുത്രൻ

"ബ്രഹ്മഹത്യാ കൃതം പാപം
ഹൃദയാദപനീയതാം
ശൂദ്രായാമസ്മി വൈശ്യേന
ജാതോ ജനപദാധിപ!"

എന്നവിധം പറഞ്ഞതായിട്ടാണ് കാണുന്നതു്.

"പ്രാണാപായം തനയവിരഹാൽ
വന്നുപോകെന്നു ശപ്ത്വാ."

എന്നു രാമായണചമ്പുവിൽ കാണുന്ന ഭാഗം വാല്മീകിരാമായണത്തിൽ

"പുത്രവ്യസനജം ദുഃഖം
യദേതന്മമ സാമ്പ്രതം
ഏവം ത്വം പുത്രശോകേന
രാജന്നന്തം കരിഷ്യസി."

എന്നപ്രകാരം പറഞ്ഞിരിക്കുന്നു. അതിൻെറ ശേഷം ദശരഥമഹാരാജാവു

"തസ്യായം കർമ്മണോ ദേവി!
വിപാകഃ സമുപസ്ഥിതഃ
അപഥ്യൈഃ സഹ സംയുക്തോ
വ്യാധിരന്നരസേ യഥാ."

എന്നു പറഞ്ഞിട്ടുള്ളതിനെ വൈദ്യശാസ്ത്രാനുസാരേണതന്നെ വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു. സമശനവും, അദ്ധ്യശനവും, വിഷമാശനവും വ്യാധികളെ ഉത്പാദിപ്പിക്കുകയൊ മൃതിയെത്തന്നെ ഉണ്ടാക്കുകയൊ ചെയ്യുന്നു.

"മിശ്രം പത്ഥ്യമപത്ഥ്യം ച
ഭുക്തം സമശനം മതം
വിദ്ധ്യാദദ്ധ്യശനം ഭൂയോ
ഭുക്തസ്യോപരിഭോജനം.
അകാലേ ബഹു വാല്പം വാ
ഭുക്തം തു വിഷമാശനം
ത്രീണ്യപ്യേതാനി മൃത്യും വാ
ഘോരാൻ വ്യാധീൻ സൃജന്തി വാ."

എന്നു വാഗ്ഭടനും പറഞ്ഞുകാണുന്നു. ഇതുപോലെ മുനിശാപകർമ്മപരിപാകം പുത്രദുഃഖത്തെ അനുഭവിച്ചുകൊണ്ടുതന്നെ മരണത്തെ പ്രാപിക്കുവാനുള്ള സംഗതിയെ ഉണ്ടാക്കിത്തീക്കുമെന്നതിന്നു സംശയമില്ലെന്നു ദശരഥമഹാരാജാവു ചിന്തിച്ചിട്ടു സമാധാനപ്പെടുന്നു. ഇതുതന്നെയാണു "ന്യൂനമതിനുള്ള രഹസ്യസാരം."

"നേത്രങ്ങൾക്കു മമ വത്സനെ രാമമാരാൽ
പാൎത്തിങ്ങു കാണ്മതിനു സമ്പ്രതി കൊണ്ടുവാ നീ."

എന്നുള്ള വാക്യം,

"ജ്യേഷ്ഠം പുത്രം പ്രിയം രാമം
ദ്രഷ്ടുമിച്ഛാമി ധാൎമ്മികം."

എന്നുള്ള മൂലശ്ലോകത്തെ മനസ്സിൽവച്ചുകൊണ്ടു എഴുതീട്ടുള്ളതായിരിക്കണം.

സുമന്ത്രർ രാമചന്ദ്രനെ കൂട്ടിക്കൊണ്ടുവന്നപ്പോൾ, അദ്ദേഹം യഥാവിധി അച്ഛനെ അഭിവാദ്യം ചെയ്തു. അച്ഛന്റെ ദുഃഖപാരവശ്യകാരണം അറിയാതെ രാമചന്ദ്രൻ കൈകേയിയോടു ചോദിച്ചതിന്നു മറുപടിയായി അവൾ

"ദത്തം മേ ദനുജേന്ദ്രസംഗരമഹാ-
പീഡാപനോദാൽ പുരാ
ഭൎത്രാനേന വരദ്വയം പുനരിതി-
ന്നിപ്പോളിരന്നീടിനേൻ
വത്സൻ നാടഖിലം ഭരിക്ക ഭരതൻ,
നീ കാനനേ പോകയെ-
ന്നിത്ഥം മദ്വചനേന ദീനഹൃദയ-
ശ്ശോചത്യസൌ തേ പിതാ."

എന്നവിധം അപഗതകരുണം ഒരു സാധാരണ സംഗതിപോലെ ലക്ഷ്യംകൂടാതെ പറഞ്ഞു മനസ്സിലാക്കുന്നതു മറെറാരു കവിയുടെ താഴെ ചേക്കുന്ന പദ്യത്തെ സ്മരിപ്പിക്കുന്നു.

തേനാനീതോഽഥ രാമഃ കൃതനതിരയഥാ-
ഭൂതമാലക്ഷ്യ താതം
കൈകേയീമന്വപൃച്ഛത് „കിമിദ"മിതി തയാ-
ഖ്യായി „വത്സ! ശ്രുതം മേ
പ്രാഗേവാഭ്യർത്ഥിതോഽസൌ വരയുഗമധുനാ
തത്ര വാരണ്യവാസം
തദ്ഭ്രാതുര്യൌവരാജ്യം പുനരിതിവചസാ
തേന രാജാ ദ്ദനോതി."

തദനന്തരം

„വനേ വസ മഹാബാഹോ!
വർഷാണി നവ പഞ്ച ച
അദ്യൈവ ഗമ്യതാം വീര!
ജഗത്രാമവനായ ച."

എന്ന വചനം കേട്ടപ്പോൾ രാമചന്ദ്രൻ

„പ്രണമ്യ ശിരസാ താതം
ജനനീമപി മദ്ധ്യമാം
ആനന്ദപൂർണ്ണഹൃദയഃ
പ്രതസ്ഥേ സ ഗൃഹോദരാത്."

എന്നു പറഞ്ഞതിനെത്തന്നേ പുനംനമ്പൂരി

„സ്വാച്ഛന്ദ്യാപേതമിന്നേ വനഭുവി വിരയെ-
പ്പോക നീ വൈകിയാതെ-
ന്നാജ്ഞാപിക്കും ജനയിത്രീം തൊഴുതു പുരവരാത്
സംപ്രതസ്ഥേ മഹാത്മാ."

എന്നു ഭംഗിയായിപ്പറഞ്ഞിരിക്കുന്നു.

രാമചന്ദ്രൻ ഉടനെ സ്വമാതാവായ കൌസല്യയുടെ സമീപത്തുചെന്നു വനവാസയാത്രയെ അറിയിച്ചപ്പോൾ

„ഖേദവാരിധിയിൽനിന്നുഴന്നു തലതല്ലി
നല്ല ചുഴിയിൽ കിട-
ന്നാധിപൂണ്ടതു പറഞ്ഞുകൊൾവതിനൊരുത്ത-
നില്ല മതിവൈഭവം."

ദുഃഖാക്രാന്തയായ കൌസല്യ പിന്നീട് എഴുന്നേററിരുന്നു പലതും പറഞ്ഞു വിലപിക്കുന്ന കൂട്ടത്തിൽ,

„കാന്താരകന്ദഖനനം രചയേതി നൂന-
മാബദ്ധവാൻ പ്രതിസരം ഭഗവാൻ വസിഷ്ഠഃ".

എന്നുകൂടി പറയുന്നു. ഇതിൽ വസിഷ്ഠനു ഭഗവാൻ എന്ന് ഒരു വിശേഷണം കല്പിച്ചു കാണുന്നതു സാൎത്ഥകമാക്കാതിരിക്കുവാൻ മനസ്സ് അനുവദിക്കുന്നില്ല.

„ഐശ്വൎയ്യസ്യ സമഗ്രസ്യ
വീൎയ്യസ്യ യശസഃ ശ്രിയഃ
ജ്ഞാനവൈരാഗ്യയോശ്ചൈവ
ഷണ്ണാം ഭഗ ഇതി സ്മൃതഃ."

ഐശ്വൎയ്യാദിഭാഗങ്ങളാറും തികഞ്ഞിട്ടുള്ളവനാണ് ഭഗവാൻ. ഭഗവച്ഛബ്ദാൎത്ഥത്തെ നാരായണഭട്ടതിരി നാരായണീയത്തിൽ

„ഐശ്വൎയ്യം ശങ്കരാദീശ്വരവിനിയമനം
വിശ്വതേജോഹരാണാം
തേജഃ സംഹാരിവീൎയ്യം വിപുലമപി യശോ
നിസ്പൃഹൈൎഘോഷാപഗീതം
അംഗാസംഗാ സദാ ശ്രീരഖിലവിദസി ന
ക്വാപി തേ സംഗവാൎത്താ
തദ്വാതാഗാരവാസിൻ! മുരഹര! ഭഗവ-
ച്ഛബ്ദമുഖ്യാശ്രയോസി."

എന്നുവിധം സമൎത്ഥിച്ചുകാണുന്നുമുണ്ടു.

സൎവ്വജ്ഞനായ വസിഷ്ഠൻ „കാന്താരകന്ദഖനനം രചയ" എന്നു പറഞ്ഞാൽ അതും സാൎത്ഥകമായിത്തന്നെ ഭവിക്കണമെന്നുള്ള വിചാരത്തോടുകൂടി ഭോജചമ്പുവിലെ ഈ പദ്യത്തിന്റെ സംസ്കൃതവ്യാഖ്യാനം നോക്കിയതിൽ ഒന്നുംതന്നെ വിശേഷമായി

പ്പറഞ്ഞുകാണാഞ്ഞതുകൊണ്ടു യുക്തമെന്നു തോന്നിയവിധം വ്യാഖ്യാനിച്ചു താഴേച്ചേൎക്കുന്നു.

„കാന്താം രാതി ലാതി ഗൃഹ്ണാതി കാന്താരഃ രാവണഃ തസ്യ കന്ദം കണ്ഠം തസ്യ ഖനനം ഛേദനം രാവണവധ ഇത്യൎത്ഥഃ."

ഇതിൽനിന്നു രാമാഭിഷേകത്തിനു കാപ്പുകെട്ടിച്ച ഭഗവാൻ വസിഷ്ഠന്റെ അന്തൎഗ്ഗതം „കാന്താരകന്ദഖനന"മെന്നും അതു രാവണവധമെന്നും സിദ്ധിക്കുന്നു. ഈ വ്യാഖ്യാനം പ്രകൃതാൎത്ഥത്തെ ഒരുവിധത്തിലും ബാധിക്കുന്നുമില്ല. സീതാപഹരണം മുതലായ ഭാവികഥാഭാഗങ്ങളെല്ലാം ഭഗവാൻ വസിഷ്ഠൻ കണ്ടറിഞ്ഞിട്ടുണ്ടെന്നു വിചാരിക്കുന്നതിൽ ഔചിത്യമുണ്ടെന്നു തന്നെയല്ല ഭഗവച്ഛബ്ദാൎത്ഥത്തെ പുലൎത്തിപ്പോരുകയും ചെയ്യും. അതിനാൽ ഈ വ്യാഖ്യാനം സമഞ്ജസമെന്നു പണ്ഡിതാഗ്രേസരന്മാൎക്കു തോന്നുന്നപക്ഷം സ്വീകരിക്കാൻ അപേക്ഷ.

പിന്നീടു രാമചന്ദ്രൻ കൌസല്യയോടു,

„ഖേദിച്ചീടായ്ക നീ ഞാനിന്നടവിയിൽ വിടകൊ-
ണ്ടാൽ നിരാധാരമയ്യോ!
വാൎത്തിക്കും മദ്ധ്യമാംബാപരുഷവചനദം-
ഭോളിസംഭേദഖിന്നം
നീതിജ്ഞേ! തീവ്രശോകാനലചടുലശിഖാ-
ജാലനിൎദ്ദഗ്ദ്ധസാരം
താതസ്യാംഗം കഥഞ്ചിന്മമ ജനനി! കളി-
ച്ചും പിരിഞ്ഞീടൊലാ നീ."

എന്നപ്രകാരം പറയുന്ന പദ്യത്തെ നമ്മുടെ കവി എഴുതിയ സമയം,

„കാന്താരഭാജി മയി കേകയരാജപുത്ര്യാഃ
കാൎക്കശ്യകന്ദളിതയാ ദളിതസ്യ വാചാ
താതസ്യ ശോകദഹനഗ്ലപിതം ശരീരം
മാതസ്ത്വയാ നതു കദാചിദുപേക്ഷണീയം."

എന്ന ഭോജചമ്പുവിലെ പദ്യം മനസ്സിൽ ഉണ്ടായിരുന്നു എന്നതിനു സന്ദേഹമില്ല. ഈ രണ്ടു പദ്യങ്ങളുടേയും താരതമ്യ

വിവേചനം രസാവഹമായിരിക്കുമെങ്കിലും വിസ്തരഭയത്താൽ അതിനായി ഇവിടെ തുനിയുന്നില്ല. വായനക്കാർ സ്വയം ഊഹിച്ചുകൊൾക.

ശ്രീരാമചന്ദ്രൻ പിന്നീടു സീതാദേവിയോടു വനവാസ കാൎയ്യത്തെ പറയുവാൻ ഭാവിക്കുന്ന അവസരത്തിലാണ് ലക്ഷ്മണൻ ഏതുവിധമൊ സംഗതി മനസ്സിലാക്കി ക്രോധാക്രാന്തനായി സംഹാരരുദ്രനേപ്പോലെ ചാടി പുറപ്പെടുന്നതു്.

„കോപാദാകൎണ്ണ്യ കൎണ്ണജ്വരകരണപടും
രാമചന്ദ്രാഭിഷേക-
പ്രത്യൂഹോദന്തമന്തഃപുരജനകഥിതം
ലക്ഷ്മണസ്തൽക്ഷണേന
ശിഞ്ജാസന്ധാനഗുഞ്ജദ്ദ്വലയകലകലോൽ-
കീൎണ്ണജൈത്രപ്രശസ്തി-
സ്സംരംഭാദദ്ധ്വമാൎഗ്ഗേ ശരമപി ശരധേ-
രുദ്ധരന്നഭ്യധാവൽ."

എന്നു ലക്ഷ്മണന്റെ പുറപ്പാടിനെ രസപോഷണോചിതമായ ശബ്ദാലങ്കാരത്തോടുകൂടി വൎണ്ണിച്ചിരിക്കുന്നതു് അത്യന്തം യുക്തമായിരിക്കുന്നു.

„അത്രാന്തരേ പരുഷരോഷവശാഘൂൎണ്ണിതാക്ഷം
ജ്യാഘോഷപോഷബധിരീകൃതസൎവ്വലോകം
ആന്ദോളിതൈകവിശിഖം ദ്രുതമാപതന്ത-
മൈക്ഷിഷ്ട ലക്ഷ്മണമനുദ്ധതപൌരവീരം."

എന്നുള്ള പദ്യവും ഈ സന്ദൎഭത്തിൽ സ്മരണീയമാകുന്നു.

കോപംകൊണ്ടു കൃത്യാകൃത്യവിവേകശൂന്യനായ ലക്ഷ്മണൻ

„മാതാ താതകളത്രമിത്യനുചിതം
മന്യേ വിധാത്രാ കൃതം."

എന്നു പ്രലപിക്കുന്നതു

„പിതുഃ പ്രിയാ മാതര ഏവ സൎവ്വാഃ."

എന്ന സ്മൃതിവാക്യം തന്റെ തത്കാലകാൎയ്യസാദ്ധ്യത്തിനു പ്രതിബന്ധമായിത്തീൎന്നിട്ടുള്ളതുകൊണ്ടു മാത്രമാകുന്നു.

ലക്ഷ്മണസംരംഭത്തെ അടക്കുന്നതിന്നു രാമൻ പിതൃവാക്യ ഗൌരവത്തെക്കാണിക്കുവാൻ

„പാരിച്ചൊന്നിതു ബത താതശാസനം മേ."

എന്നുപപാദിച്ചു പുരാണകഥകളെക്കൊണ്ടു മഹച്ചരിതത്തെ സ്പഷ്ട മാക്കുന്നു. ഇവിടെ

„ഭതാ താതയയാതി ചൊന്നവചസാ
താരുണ്യമപ്പൂരുതാ-
നസ്താശങ്കമമുഷ്യ വാൎദ്ധകമഹോ!
കൈക്കൊണ്ടതോൎത്തീടു നീ."

എന്നാദിയായ സംഭവങ്ങൾ,

„ബഹവഃ ഖലു പിതൃനിദേശഗൌരവാദ് ഗോഹത്യാമപി താരുണ്യവിനിമയമപി കണ്ഡുരെരണുകേയപൂരുപ്രഭൃതയഃ കുൎവ്വാണാ നിൎവ്വിചാരമാചാരവതാമഗ്രഗണ്യാ ഇതി ഗണ്യന്തേ"— എന്നുള്ള അഭിപ്രായങ്ങളെ അനുസരിച്ച് എഴുതീട്ടുള്ളവയാകുന്നു.

പിന്നീടു വനവാസസുഖത്തെ സ്പൃഹണീയമായ വിധത്തിൽ വൎണ്ണിക്കുന്നതിന്നു തുടങ്ങുന്ന കവി „കാനനതലം മോക്ഷാസ്പദം ദേഹിനാം" എന്നാദിയായിപ്പറയുന്നമദ്ധ്യേ

„ഒട്ടേ ഞാനിന്നുതന്നേ മമ പിതൃവചസാ
ഭൂധരൈരംബുരാശൌ
പെട്ടെന്നാബദ്ധസേതും തെളിവിനൊടു കട-
ന്നീടുവൻ നിൎവ്വിശങ്കം."

എന്നു ഭാവിരാമായണകഥയുടെ ചില പൂൎവ്വരംഗങ്ങളെക്കൂടി രാമനെക്കൊണ്ടുപപാദിപ്പിച്ചിരിക്കുന്നതു കഥാരസത്തെ സൎവ്വഥാ പോഷിപ്പിക്കുന്നു.

ലക്ഷ്മണൻെറ സാഹസകൃത്യസംരംഭത്തെ നീതിവാക്യങ്ങളെക്കൊണ്ടു പ്രശാന്തമാക്കിയശേഷം രാമൻ സീതയോടു വീണ്ടും വനവാസകാൎയ്യത്തേക്കുറിച്ചു പറയുന്നു. സീതയും ലക്ഷ്മണനും വനവാസം ചെയ്യുന്നതിന്നു രാമൻെറക്കൂടെ സന്നദ്ധരായതുകണ്ടു് അവൎക്കുകൂടി ഒന്നിച്ചു പോരുന്നതിന്നു് രാമൻ അനുവാദം നല്കുന്നു.

„പിന്നെ പ്രിയാസഹജയാത്രയുണൎത്തുവാനായ്" ദശരഥസമീപം പ്രാപിച്ചു വിവരം അറിയിക്കുന്നു. അപ്പോൾ സുമന്ത്രരു

ഒന്നുകൂടി കൈകേയിക്ക് ഹിതോപദേശം ചെയ്തതും വൈഫല്യത്തെ പ്രാപിച്ചു.

ലക്ഷ്മണൻ സ്വമാതാവായ സുമിത്രയെക്കണ്ടു യാത്രപറയുന്ന സമയം ഉപദേശിക്കുന്ന

„രാമം ദശരഥം വിദ്ധി
മാം വിദ്ധി ജനകാത്മജാം
അയോദ്ധ്യാമടവീം വിദ്ധി
ഗച്ഛ താത! യഥാസുഖം.”

എന്ന പദ്യം രാമായണശ്ലോകങ്ങളിൽവച്ച് ഏററവും മാഹാത്മ്യമുള്ളതാണെന്നു പറഞ്ഞുവരുന്നു. അതിന്നു പലവിധമായ അൎത്ഥങ്ങളും വിദ്വാന്മാർ കല്പിക്കാറുണ്ട്. അതിന്റെ പത്തുവിധമായ വ്യാഖ്യാനം സംസ്കൃതത്തിൽതന്നെ താഴെ ചേൎത്തുകൊള്ളുന്നു.

അസ്യ ശ്ലോകസ്യ അൎത്ഥാ ലിഖ്യന്തേ. പ്രഥമം വനം പ്രതിഗമിഷ്യന്തം രാമമനുജിഗമിഷും സ്വപുത്രം ലക്ഷ്മണം സുമിത്രാ ഹിതം അനുശാസ്തി—ഹേ താത! ത്വം രാമം ദശരഥം വിദ്ധി. ജനകാത്മജാം മാം വിദ്ധി. അടവീം അയോദ്ധ്യാം വിദ്ധി. യഥാസുഖം ഗച്ഛ ഇത്യന്വയഃ. ഹേ പുത്ര! ജ്യേഷ്ഠഭ്രാതരം ശ്രീരാമം നിജജനകം ദശരഥമഹാരാജമിവ ഭക്തിപൂൎവമനുവൎത്തസ്വ. ജനകാത്മജാം രാമപത്നീം സീതാം സ്വമാതരം സുമിത്രാഹ്വയാം മാമിവ അനുസ്മര. അതഃപരം ഗന്തവ്യഭൂതാം അടവീം അതിഘോരാംഅരണ്യാനീം നിത്യപരിചയഹൃദ്യാം അയോദ്ധ്യാപുരീമിവ അവേഹി. തദ്ധേതോരാത്മാനം ന ദുഃഖായ കുരുഷ്വേത്യൎത്ഥഃ. തസ്മാത് യഥാസുഖം സുഖമനതിക്രമ്യ ഗച്ഛ. * വിദ്ധ്യൎത്ഥേ ലോട്. കരണേƒഭ്യുദയസ്സ്യാത് അകരണേ പ്രത്യവായശ്ച ഇത്യാവശ്യകൎത്തവ്യതാ സൂചിതാ. ഇതി പ്രഥമോƒൎത്ഥഃ.

ദശരഥപത്നീ സുമിത്രാ പാതിവ്രത്യാനുഭാവാൽ അഖിലമപി ഭവിഷ്യൽകാൎയ്യമാത്മനാവധാൎയ്യ അസ്മിൻ ഗ്രന്ഥേ നിബദ്ധവതീതി പ്രസിദ്ധിഃ. തതഃ ദശരഥം രാമം വിദ്ധി. അസ്മിൻ ക്ഷണ ഏവാത്ര വിയോഗാൽ പിതരം വിരാമസഹിതം മൃതം ജാനീഹീത്യൎത്ഥഃ. മത്വൎത്ഥേ അച്പ്രത്യയഃ. മാം ജനകാത്മജാം വിദ്ധി. ഭൎത്തൃവിയോഗദുഃഖിതാം മാം അസ്മൽപിതാ സ്വപുരം നേഷ്യതീത്യൎത്ഥഃ.

* വിധിഃ പ്രേരണം, ഭൃത്യാദേൎന്നികൃഷ്ടസ്യ പ്രവൎത്തനാ,

അയോദ്ധ്യാമടവീം വിദ്ധി. ഇമാമയോദ്ധ്യാനഗരീം നായകഹീനതയാ നിയമനഹീനാം ഉപജാതവൃക്ഷലതാവല്മീകാം കാനനസ്ഥലീമിവ നിശ്ചിനു. തസ്മാൽ ഹേ താത! യഥാസുഖം ഗച്ഛ. താത! അസ്മദ്വാത്സല്യപാത്രഭൂത! ഏതദവസ്ഥാം ജ്ഞാത്വാപി ദുഃഖമകൃത്വാ അവശ്യകൎത്തവ്യതയാ *നിമന്ത്രണം കൃതമിത്യൎത്ഥഃ. ഇതി ദ്വിതീയോഽൎത്ഥഃ.

അപിച ഏവം വിധായാ ദുൎദ്ദശായാഃ കീദൃശഃ പരിണാമ ഇത്യാശങ്കായാമാഹ—രാമം ദശരഥം വിദ്ധി. രാമം കൌസല്യാഗൎഭസംഭൂതം അഭിരാമമേനം സാക്ഷാൽ ദശരഥം വിഷ്ണും ദേവകാൎയ്യാൎത്ഥമവതീൎണ്ണമവധാരയ. ദശഃ പക്ഷീ സ ഏവ രഥോ യസ്യേതി ഗരുഡവാഹന ഇത്യൎത്ഥഃ. ജനകാത്മജാം മാം വിദ്ധി. ജനകരാജപുത്രീം തൽ പരിചൎയ്യാൎത്ഥമവതീൎണ്ണാം മാം ലക്ഷ്മീം വിദ്ധി. അവഗച്ഛ. ഇമാമയോദ്ധ്യാം ഭഗവദവതാരപാത്രഭൂതാം അഖിലതപസ്വിജനസേവനീയത്വാൽ തപോവനഭൂമിമേവ അനുസ്മര. ഏവംഭൂതത്വാൽ സുഖോദൎക്കം സൎവം ഭവിഷ്യതീത്യൎത്ഥഃ. തസ്മാൽ താത! ജനകവൽ വിചാരജ്ഞാനസഹിത! യഥാസുഖം ഗച്ഛ. യഥേഷ്ടം സഞ്ചര ഇത്യാമന്ത്രണം† കൃതം ഇതി തൃതീയോഽൎത്ഥഃ.

തഥാപി „സുകൃതം ദുഷ്കൃതം ചൈവ ഗച്ഛന്തമനുഗച്ഛതി" ഇതി ന്യായാൽ സദാചാര ഉച്യതേ. രാമം ദശരഥം വിദ്ധി. ഏവംവിധം രാമം ആത്മഗുരും ദശരഥം ച സദാ സ്മര. മാം ജനകാത്മജാം വിദ്ധി. യുഷ്മജ്ജനനഹേതുഭൂതമിമം ജനം ആത്മപ്രജാവതീം മിഥിലേശ്വരസുതാം ച ചേതസാ അംഗീകുരു. അയോദ്ധ്യാം അടവീം വിദ്ധി. അയോദ്ധ്യാം അയോദ്ധ്യാധിവാസിനഃ അധിദേവതാഗുരുബന്ധുജനാൻ കദാചിദപി ന വിസ്മര ഇത്യൎത്ഥഃ. അടവീം ഏവംഭൂതേയമതിഘോരവൃകവ്യാഘ്രശരഭതരക്ഷുവേതണ്ഡാദിബഹുവിധനാശഹേതുഗൎഭേതി സാവധാനമവധാരണീയാ ഇത്യൎത്ഥഃ. താത! സല്ക്കാരയോഗ്യ! യഥാസുഖം ഗച്ഛ ‡അധീഷ്ടേ ലോട്. ഏവംവിധാചാരസല്ക്കാരഃ താത ഇതി തുരീയോഽൎത്ഥഃ.

---

* നിമന്ത്രണം നിയോഗകരണം ആവശ്യകേ ശ്രാദ്ധഭോജനാദൌ ദൌഹിത്രാദേഃ പ്രവൎത്തനം.

† ആമന്ത്രണം=കാമചാരാനുജ്ഞാ.

‡ അധീഷ്ടഃ=സത്കാരപൂൎവ്വകോ വ്യാപാരഃ.

ത്വം രാമം ദശരഥം വിദ്ധി. വനവാസവിഹിതാദരം ഏനം രാമം ദശരഥം ഇവ ആത്മഭാൎയ്യാവചനവ്യാപ്താപദം ഇതി വിതൎക്ക്യ ഇത്യനേന പഞ്ചവടീവാസകനകഹരിണോപാനയനപ്രേഷണാദ്യനൎത്ഥസംഭൃതിഃ സൂചിതാ. ജനകാത്മജാം മാം വിദ്ധി. തത്രാപി രാമാനുഗമനായ അഹമിവ സീതാപി ത്വാമനുശാസിഷ്യതി ഇത്യപി സൂചിതം. തദ്വശാദ സഹായഭൃതാം താം ഖലജനോപഹിരിഷ്യതീതി ച. അടവീം അയോദ്ധ്യാം വിദ്ധി. പൂൎവ്വമാവാനാംഗീകൃതാം വനസ്ഥലീം അയോദ്ധ്യാമിവ സ്വനിഷ്ക്രാമണാവകാശിനീം ചിന്തയ ഇത്യനേന ഗോദാവരീതീരാദപി കിഷ്കിന്ധാപരിസരപാഥോധിതീരാദിഗമനമുപലക്ഷിതം. ഹേ താത! യഥാസുഖം ഗച്ഛ. തത്രാപി അപായശങ്കാപുരസ്സരാൽ വാത്സല്യാതിരേകാൽ താതേതി പുനരപി സ്മൃത്വാ യഥാസുഖം ഗച്ഛ. സംശയസംപ്രശ്നേ ലോട് ഭവിഷ്യതി. കാൎയ്യാന്തരേ ഉത്തരോത്തരം അതീവ ദുൎഘടത്വം സംപ്രധാൎയ്യം ഇതി പഞ്ചമോൎത്ഥഃ.

രാമം ദശരഥം വിദ്ധി. തദനന്തരം ഏനം രാമം ദശരഥവൽ അനഭിഗന്തവ്യദേശഗമനവിചക്ഷണം കല്പയ ഇത്യനേന സമുദ്രതരണലംകാഗമനാദി സൂചിതം. ജനകാത്മജാം മാം വിദ്ധി. അഹമിവ രാമലക്ഷ്മണാഖ്യയോൎയ്യുവയോൎവ്വിയോഗദീനാ സീതാ ദുരാചാരിണീ ഭവിഷ്യതീത്യൎത്ഥഃ. അടവീമയോദ്ധ്യാം വിദ്ധി. അതിദുൎഗ്ഗമാം വിപിനസ്ഥലീം ആജാനപരിചിതജനതാവദതിസ്നിഗ്ദ്ധജനതാവദതിസ്നിഗ്ദ്ധസ്തൂതകാരിവിഹംഗമജാതിബഹുലാം ജാനീഹി ഇത്യനേന ജടായുദൎശനസുഗ്രീവസഖ്യഹനുമൽസംപ്രേഷണാദ്യവഗമിതം. ഹേ താത! യഥാസുഖം ഗച്ഛ. ഏവംവിധാപൂൎവ്വാവസ്ഥാവിശേഷപരിചയയോഗ്യതയാ അത്ര സ്ഥിതാഭിരസ്മാഭിരപി പൂജനീയാ ഇത്യൎത്ഥഃ യഥാസുഖം ഗച്ഛ. പ്രാൎത്ഥനായാം ലോട്. അനേകാശ്ചൎയ്യദൎശനകരണസാമൎത്ഥ്യം തവ ഭവിഷ്യതീതി ത്വജ്ജനന്യാ മമ ഏഷാ പ്രാൎത്ഥനാ ഇതി പ്രാൎത്ഥനായാം ലോട്. ഇതി ഷഷ്ഠോൎത്ഥഃ.

രാമം ദശരഥം വിദ്ധി. ദശരഥമിവ ദേവാരിനിധനകാരിണം വിമാനേന വിഹായസാ അയോദ്ധ്യാഗാമിനം ച മന്യസ്വ. തത്സഹായഭൃതമാത്മാനമപീത്യുപലക്ഷണം. ഇത്യനേന തതഃപരം രാവണകുംഭകൎണ്ണമേഘനാദാദിവധഃ സൂചിതഃ. ജനകാത്മജാം മാം വിദ്ധി. വിദൂരഗതാം ദുൎജ്ജനസംസ്പൃഷ്ടാമപി മൈഥിലീം മാമിവ

നിർദ്ദോഷാം പാതിവ്രത്യപാവിതാം ഭാവയ ഇത്യനേന അഗ്നിപ്ര
വേശാദി സൂചിതഃ. അയോദ്ധ്യാമടവീം വിദ്ധി. ഇമാമയോദ്ധ്യാ
പുരീം അടവീമിവ ബഹുവിധാനുഗതവല്ലീമൃഗയക്ഷരാക്ഷസപരി
വൃതാം ഭാവിനീം ജാനീഹി. ഹേ താത! യഥാസുഖം ഗച്ഛ.
അതഃപരം ഇദാനീമഹം ഭവന്തം ദ്രക്ഷ്യാമീതി മനോരഥഗർഭസ്താത
ശബ്ദപ്രയോഗഃ. ഏതൽ സ്മൃത്വാ യഥാസുഖം ഗമനേ സുഖം
ഭൂയാൽ ഗച്ഛ ഇത്യർത്ഥഃ. ആശിഷി ലോട്. ഇതി സപ്തമോഽർത്ഥഃ.

രാമം ദശരഥം വിദ്ധി. ഏവം വിച്ഛിന്നാഭിഷേകാരംഭം
രാഘവം ദശരഥവൽ അയോദ്ധ്യായാം അധിരാജ്യസിംഹാസനാ
രൂഢം കൃതാഭിഷേകം ഉത്തരകോസലാധിപമപി സകലഭുവന
പരിപാലനജാഗരൂകം സ്ഥിതം മനസാ അവലോകയ. ജനകാ
ത്മജാം മാം വിദ്ധി. വിദേഹരാജപുത്രീം അതിക്രാന്തദുഃഖാംഭോ
നിധിം താം സീതാം സ്വദയിതേന സഹ രമമാണാം മാമിവ സംജാ
തപുത്രയുഗളാം ഭാവിനീമവധാരയ. അയോദ്ധ്യാം അടവീം വിദ്ധി.
ഏനാം പുരീം അരണ്യക്ഷോണീമിവ അനേകമുനിമണ്ഡലമണ്ഡിതാം
സംഭാവയ ഇത്യനേന അഗസ്ത്യാഗമനാദിരശ്വമേധാദിലോകാ
പവാദപരിത്യാജിതസീതാസമാനയനസമാഗതവാല്മീകിപ്രഭൃതി
തപസ്വിജനസംഗമസ്സൂചിതഃ. ഹേ താത! യഥാസുഖം ഗച്ഛ.
ഭാവിസുഖബാഹുല്യത്വാൽ ഇദാനീം ഗമനസ്യ അസന്ദേഹേനോ
ക്തിരിത്യഷ്ടമോഽർത്ഥഃ.

ഭൂയോഽപി രാമം ദശരഥം വിദ്ധി. ദശരഥ ഇവ 'ജ്യേഷ്ഠഭ്രാതാ
പിതൃസമ' ഇത്യുക്തത്വാൽ പുത്രാനിവ യുഷ്മദാദീൻ സോദരാദീൻ
അനാവപി പരിത്യക്ഷ്യതി ഇത്യർത്ഥഃ. ജനകാത്മജാം മാം വിദ്ധി.
ഏവംവിധദുഃഖസമയേ അഹമിവ ഭവിഷ്യൽ സർവം ജാനന്തീ യഥാ
ഉദാസീനാ തഥാ സീതാപി ഭവിഷ്യതി. അയോദ്ധ്യാമടവീം
വിദ്ധി. അടവീമിവ നിർമ്മര്യാദാം വിപുലവ്യസനാന്ധകാരപരവശീ
കൃതാം ഭാവിനീമുപകല്പയ ഇത്യനേന രാമപ്രയാണപ്രസംഗസ്സൂ
ചിതഃ. താത! യഥാസുഖം ഗച്ഛ. തദവസ്ഥാം വിചിന്ത്യ
തദാനീമനന്താംശേ സംഭൃതം ലക്ഷ്മണം അനന്തരൂപമേവ ഭവിഷ്യ
ന്തം പ്രതി താതേതി സബഹുമാനാഹ്വാനം കൃതം. യഥാസുഖം
യഥേഷ്ടം ആത്മാനന്ദം ഭഗവൽസ്വരൂപം സംഗച്ഛ. മാമപി
തത്ര സംഗമയേത്യുപലക്ഷണം. അതിസർജ്ജനേ ലോട്. ഇതി
നവമോഽർത്ഥഃ.

തദുപരി രാമം ദശരഥം വിദ്ധി. സകലജഗദഭിരാമം അതി മാനുഷപരാക്രമം ഏനം ദാശരഥിം ദശരഥം വൈകുണ്ഠമേവ വികുണ്ഠവാസിനം ധ്യായസ്വ ഇത്യനേന വിഷ്ണോരംശഭൂതോ ഽയം കൃതകൃത്യതയാ വിഷ്ണുസ്വരൂപമേവ പ്രാപ്സ്യതീതി പ്രതിപാദിതം. ജനകാത്മജാം മാം വിദ്ധി. ജനകവിഷയേ ഹലമുഖസംഭൂതാ സാക്ഷാല്ലക്ഷ്മ്യംശഭൂതാ സേയം സീതാലക്ഷ്മീസ്വരൂപമേവ പ്രത്യ വാത്സ്യത ഇത്യർത്ഥഃ. അയോദ്ധ്യാമടവീം വിദ്ധി. തദനന്തരം അമൂം അയോദ്ധ്യാപുരീം കുശാദിഭിരപി പരിത്യക്താം മഹാവന ഭൂതാം ആകലയ. ഹേ താത! യഥാസുഖം ഗച്ഛ പ്രയാഹി. ഇത്യാശിഷി ലോട്. ഏതത്സർവം മനസാവഗന്തും സമർത്ഥോ ഭവ ഇത്യാശംസനം കൃതം. ഇതി ദശമോ ഽർത്ഥഃ.

„വിധിനിമന്ത്രണാമന്ത്രണാധീഷ്ടസംപ്രശ്ന-
പ്രാർത്ഥനേഷു ലിങ്-ലോട ച".

എന്ന പാണിനിസൂത്രങ്ങളെ അനുസരിച്ചക്രമത്തെ മേൽപറഞ്ഞ വ്യാഖ്യാനത്തിൽ ദീക്ഷിച്ചിട്ടുണ്ടെന്നു സൂക്ഷിച്ചാൽ കാണാവുന്ന താണ.

തദനന്തരം കൈകേയി

„വാക്ക്രൌര്യമാന്നവരെ മൂവ്വരെയും വനാന്തേ
പോയ്ക്കൊള്ളുകെന്നുടനയച്ചിതു പാപശീലാ."

അവർ മൂവരും അയോദ്ധ്യാനഗരംവിട്ടിറങ്ങുന്ന സമയം കൈക നീളെ മുറകൊണ്ടയോദ്ധ്യ മുഴുവൻ മുഴങ്ങിയതിൽ ഒട്ടുംതന്നെ അത്ഭുതപ്പെടുവാനില്ലല്ലൊ.

ആ സമയത്തു സീത യാത്രചോദിക്കുന്നതിനെ വർണ്ണിച്ചിരി ക്കുന്ന ഭാഗങ്ങളെല്ലാം അത്യന്തം ഹൃദയാവർജ്ജകങ്ങളായിരിക്കുന്നു.

„തുഭ്യം സ്വസ്തി വിലാസവാപി! ഭവതു
പ്രേംഖേ! പുനർദ്ദർശനം
ക്രീഡാക്രീഡ! വിമുച്യസേ ഽദ്യ കഥിതം
ഹേ കേളിദോളേ! തവ
വാസാഗാര! നമോ ഽസ്തു തേ ഗുണനികാ-
സ്സ്വാസ്സുഖം സ്ഥീയതാ-
മേഷാ വഃ പരിചാരികാ വനഭുവം
രാമാനുഗാ ഗച്ഛതി,

സ്മർത്തവ്യാ സുചിരം ചകോരദയിതേ! ഹേ
ഹംസി! തുഭ്യം നമോ
ദ്രംഷ്ട്രസ്ത്വം ശുചികണ്ഠ! സംഹര ശിരോ
ഗച്ഛാമ്യഹം ശാരികേ!
ഹേ ലീലാശുക! വിസ്മരിഷ്യതി നമാ-
മ്യേകൈകമത്യാദരാ-
ദിത്യാമന്ത്ര്യ തയാ വിലാപവയസോ
വിശേപജനാ രോദിതാഃ."

സീതയുടെ സന്ദർഭോചിതമായ വാക്കുകേട്ടസമയം "വിശേപജനാ രോദിതാഃ" എന്നു പറഞ്ഞിട്ടുള്ളതിൽ ഒട്ടും അത്ഭുതപ്പെട്ടുവാനില്ല. ആ ശ്ലോകങ്ങൾ മനസ്സിരുത്തി വായിക്കുന്ന സകലജനങ്ങളുടെയും കണ്ണുകളിൽനിന്ന് അശ്രുകണങ്ങൾ ഇററിററു വീഴാതിരിക്കുമെന്നു തോന്നുന്നില്ല.

ഈ ശ്ലോകങ്ങൾ വായിക്കുമ്പോൾ ശകുന്തളയെ ഭർത്തൃഗൃഹത്തിലേക്കയയ്ക്കുന്നസമയം കാശ്യപൻ സന്നിഹിതതപോവനതരുക്കളോടു ശകുന്തള യാത്രചോദിക്കുന്ന വിധത്തെ കാളിദാസൻ വർണ്ണിച്ചെഴുതീട്ടുള്ള ഈ പദ്യം സ്മരണപഥത്തെ പ്രാപിക്കുന്നു.

"പാതും ന പ്രഥമം വ്യവസ്യതി ജലം
യുഷ്മാസ്വപീതേഷു യാ
നാദത്തേ പ്രിയമണ്ഡനാപി ഭവതാം
സ്നേഹേന യാ പല്ലവം
ആദ്യേ വഃ കുസുമപ്രസൂതിസമയേ
യസ്യാ ഭവത്യുത്സവം
സേയം യാതി ശകുന്തളാ പതിഗൃഹം
സർവ്വൈരനുജ്ഞായതാം."

ഈ പദ്യങ്ങളുടെ ഒരു താരതമ്യവിവേചനം രസാവഹമായിട്ടുള്ളതാണെങ്കിലും വിസ്തരഭയത്താൽ അതിന്നായിത്തുടങ്ങുന്നില്ല.

രാജധാനിയിൽ മാത്രം മന്ദമന്ദം സഞ്ചരിച്ചു ശീലിച്ചിട്ടുള്ള സീത വനവാസത്തിന്നു പുറപ്പെട്ടു മൂന്നു നാലു അടി നടന്നു കാട്ടിലേക്ക് ഇനി എത്രദൂരം പോകണമെന്നു പല പ്രാവശ്യം ചോദിച്ച ചോദ്യം രാമാശ്രുക്കളെ ഉത്പാദിപ്പിച്ചതിൽ ഒട്ടുംതന്നെ അത്ഭുതപ്പെട്ടുവാനില്ല.

"സദ്യഃ പുരീപരിസരേണ ശിരീഷമൃദ്വീ
സീതാ ജവാൽ ത്രിചതുരാണി പദാനി ഗത്വാ
ഗന്തവ്യമദ്യ കിയദിത്യസകൃദ് ബ്രുവാണാ
രാമാശ്രുണഃ കൃതവതീ പ്രഥമാവതാരം."

എന്ന പ്രസിദ്ധശ്ലോകത്തെ താഴെ പറയുന്നവിധം ഭാഷാന്തരപ്പെടുത്തി എഴുത്തച്ഛൻ രാമായണം ഇരുപത്തിനാലുവൃത്തത്തിൽ ചേൎത്തിരിക്കുന്നു.

"ഇന്നെത്രദൂരം നടക്കേണമാൎയ്യാ!
എന്നങ്ങു ഭൂയോഽപി ഭൂയോഽപി ചൊല്ലും
വാമാക്ഷിസീതാ ജനിപ്പിച്ചു കണ്ണീർ
പ്രാഥമ്യമായങ്ങു ശ്രീരാമ രാമ!"

ഈ പദ്യം ഹൃദയംഗമം തന്നെ എങ്കിലും മൂലശ്ലോകത്തിലെ പല സാഭിപ്രായപദങ്ങളും ഭാഷാന്തരംചെയ്യാതെ വിട്ടുകളഞ്ഞിട്ടുള്ളതു രണ്ടും താരതമ്യപ്പെടുത്തി നോക്കുമ്പോൾ ന്യൂനതയായി തോന്നാവുന്നതാണു്.

യാത്രചെയ്യുന്ന ഇവർ മൂവരും കാണുന്നവരോടു വഴി ചോദിക്കുന്നസമയം അവർ ഉത്തരം പറയുന്നവിധം വൎണ്ണിച്ചിരിക്കുന്ന പദ്യങ്ങൾ രണ്ടും അത്യന്തം സന്ദൎഭോചിതമായിട്ടുള്ളവയാണു്. അവയിൽ ദേശസ്വഭാവവും പ്രകൃതിമാഹാത്മ്യവും സരസമായി വൎണ്ണിച്ചിരിക്കുന്നു.

കാട്ടിൽവച്ചു സീതയെക്കാണുന്നസമയം പഥികവധൂക്കൾ ചെയ്യുന്ന ശിക്ഷണം സന്ദൎഭോചിതവും ഹൃദയഭേദകവുമാകുന്നു.

"മസൃണചരണപാതം ഗമ്യതാം ഭൂസ്സദൎഭാ
വിരചയ സിചയാന്തം മൂൎദ്ധ്നി ഘൎമ്മഃ കഠോരഃ
ഇതി ജനകതനൂജാ ലോചനൈരശ്രുഗൎഭൈഃ
പഥി പഥികവധൂഭിഃ പ്രേക്ഷിതാ ശിക്ഷിതാ ച."

ശിക്ഷണാനന്തരം പ്രോഷിതഭൎത്തൃകമാരായ അവർതന്നെ സീതയോടു

"പഥി പഥികവധൂഭിസ്സാദരം പൃച്ഛ്യമാനാ
കുവലയദലനീലഃ കോഽയമാൎയ്യേ! തവേതി.
സ്മിതവികസിതഗണ്ഡം പ്രേമഗൎഭാഭിരാമം
മുഖമവനമയന്തീ സ്പഷ്ടമാചഷ്ട കാന്തം."

സാഭിപ്രായമായിച്ചോദിക്കുന്ന ചോദ്യത്തിന്റെ ആന്തരാൎത്ഥം സീത മനസ്സിലാക്കി അതിന്റെ കണക്കിനുത്തരം സാഭിപ്രായമായിത്തന്നെ പറഞ്ഞു് അവരെ മടക്കിയിരിക്കുന്നതു രസാവഹംതന്നെ. ശ്ലോകാൎത്ഥത്തെ ചുഴിഞ്ഞുനോക്കുമ്പോഴ മാത്രമെ സാരസ്യം മനസ്സിലാകുവാൻ സാധിക്കയുള്ളൂ. മേലെഴുതിയ ശ്ലോകത്തിൽ 'കാന്ത' ശബ്ദത്തിനു പകരം 'നാഥ'ശബ്ദം ഛന്ദോഭംഗം കൂടാതെ ഉപയോഗിക്കാമായിരുന്നിട്ടും 'കാന്ത'ശബ്ദംതന്നെ ഉപയോഗിച്ചിരിക്കുന്നതിന്റെ ഔചിത്യം ശാസ്ത്രദൃഷ്ട്യാ വിചിന്തനം ചെയ്യേണ്ടതാണു്. കാന്തശബ്ദത്തിന്റെ അൎത്ഥം സാധാരണ എല്ലാവൎക്കും അറിയാമെന്നിരുന്നാലും അതിൽ അന്തൎഭവിച്ചിരിക്കുന്ന അഭിപ്രായത്തെ സ്പഷ്ടമാക്കുന്നതിന്നു കാന്തശബ്ദത്തിന്റെ നിൎവ്വചനത്തെ ഭരതനാട്യശാസ്ത്രത്തിൽനിന്നു താഴെ ചേൎക്കുന്നു.

"അന്യസ്ത്രീഭോഗസംഭൂതം
ചിഹ്നം യസ്യ ന വിദ്യതേ
ദേഹേ വാപ്യധരേ വാപി
സ കാന്ത ഇതി കീൎത്തിതഃ."

അഭിപ്രായഗൎഭമായ ഈ പ്രയോഗത്തിന്റെ സാരസ്യം മനസ്സിലാക്കുന്നതുകൊണ്ടു ശ്ലോകത്തിൽ അന്തൎഭവിച്ചിരിക്കുന്ന ഗൂഢാൎത്ഥം സ്പഷ്ടമായിത്തീരുന്നതാകയാൽ അതിനെ ഇവിടെ വിസ്തരിക്കുന്നില്ല.

പിന്നീടു ശ്രീരാമനും സീതയും ലക്ഷ്മണനും കൂടി ചിത്രകൂടത്തിൽ ചെന്നു സുഖമായിത്താമസിക്കുന്ന വിധത്തെ കവി

"അനുജരചിതപൎണ്ണാഗാരഹൃദ്യാസു മാദ്യത്-
പരഭൃതഗളചഞ്ചത്പഞ്ചമൈരഞ്ചിതാസു
ജനകദുഹിതൃയോഗാജ്ജാതസാകേതസൌഖ്യ-
ശ്ചിരമരമത രാമശ്ചിത്രകൂടസ്ഥലീഷു.'

എന്നാദിയായ പദ്യങ്ങളെക്കൊണ്ടു വൎണ്ണിച്ചിരിക്കുന്നു. രാമനാകട്ടെ,

"തത്രത്യാനാം മുനീനാം ഭയമുടനഖിലം
പോക്കി വായ്ക്കുംപ്രമോദം
ചിത്തേ കൈക്കൊണ്ടിരുന്നു പലദിനമവനീ-
പമിനന്ദിതിശ്മധാമാ.'

"എന്നവിധത്തിൽ വർണ്ണിച്ചു കവി അയോദ്ധ്യാകാണ്ഡത്തെ സമാപിപ്പിച്ചിരിക്കുന്നു.

'ബാലകാണ്ഡമഹാമൂല'മായിരിക്കുന്ന 'രാമായണസുരദ്രുമം' 'അയോദ്ധ്യാകാണ്ഡവിഗ്രഹ'മായിട്ടുള്ളതാകുന്നു. ബാലകാണ്ഡത്തെപ്പോലെ അയോദ്ധ്യാകാണ്ഡവും നാലുപ്രകരണങ്ങളോടുകൂടിയതാകുന്നു.

"ഉപരോധോഽഭിഷേകസ്യ
രാഘവസ്യ പ്രവാസനം
ഭർത്തുസ്ത്രിദിവപ്രാപ്തിഃ
പ്രവൃത്തിർഭരതസ്യ ച.

* * *

അയോദ്ധ്യാകാണ്ഡഗാ ഭാഗാ-
ശ്ചത്വാരോഽമീ പ്രദർശിതാഃ."

ആദ്യത്തെ രണ്ടുപ്രകരണത്തിലുള്ള കഥാഭാഗങ്ങളും സാകല്യേന വിച്ഛിന്നാഭിഷേകമെന്ന പ്രബന്ധത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ

"ഭൂപതേസ്ത്രിദിവപ്രാപ്തി-
ർമ്മഹിഷീപരിദേവനം

* * *

ഭരതസ്വപ്നവൃത്താന്തം
പ്രസ്ഥാനം മാതുലാന്തികാത്

* * *

ക്ഷമാപണം രാമമാതു-
സ്സംസ്കാരോ ജഗതീപതേഃ

* * *

സ്വഗ്ഗതേഃ കഥനം രാജ്ഞഃ

* * *

പിതുർന്നിവാപകരണം

* * *

ഭരതേ പാദുകാർപ്പണം."

മുതലായ ശേഷംകഥാഭാഗങ്ങളെ സംക്ഷേപിച്ചു ഖരവധത്തിൽ പറഞ്ഞിട്ടുള്ളതല്ലാതെ കവി അവയെ വിസ്തരിച്ചുപപാദിച്ചു കാണുന്നില്ല.

അയോദ്ധ്യാകാണ്ഡത്തിൽനിന്നു നാം മനസ്സിലാക്കേണ്ട പാഠം

"നിദാനമാപദാം യോഷി-
ന്മൃഗയാദ്യതിശീലനം.'

എന്നുള്ളതാണ്.

ഇതിനെത്തന്നെ മറ്റൊരുപ്രകാരത്തിൽ

"നാതിസക്തമനാ ഭൂയാത്
ശ്രേയോർത്ഥീ വനിതാദിഷു
ഇതി സന്ദർശിതാനേന
കാണ്ഡേന കവിവേധസാ."

എന്നുപ്ര കാര റഞ്ഞിരിക്കുന്നു.

---

## ആരണ്യകാണ്ഡം.

ഖരവധംപ്രബന്ധത്തിൽ ആദ്യത്തെ ഒൻപതു പദ്യങ്ങളെക്കൊണ്ടു പറഞ്ഞിരിക്കുന്ന കഥാഭാഗങ്ങളെല്ലാം അയോദ്ധ്യാകാണ്ഡത്തിൽ ഉൾപ്പെട്ടവയാകുന്നു. ചിത്രകൂടത്തിൽ ചെന്നു രാമനും, സീതയും, ലക്ഷ്മണനും സുഖമായിത്താമസിച്ചു എന്നു വിച്ഛിന്നാഭിഷേകപ്രബന്ധത്തെ മംഗളമായിപ്പര്യവസാനിപ്പിച്ചു. അയോദ്ധ്യാകാണ്ഡത്തിലെ ശേഷം കഥകളെ കവി വിസ്തരിക്കുവാൻ ഭാവിക്കുന്നില്ലാത്തതുകൊണ്ടു് അവയെല്ലാം സംക്ഷിപ്തമായി ഖരവധപ്രബന്ധത്തിന്റെ ആദിയിൽ ചേർത്തു കഥാവിച്ഛിത്തിദോഷം സ്പർശിക്കാതെ കഴിച്ചുകൂട്ടിയിരിക്കുന്നു. ഖരവധംപ്രബന്ധത്തിലെ കഥാംശത്തിന്റെ ആദ്യഭാഗം അയോദ്ധ്യാകാണ്ഡത്തിൽ ഉൾപ്പെട്ടതാണെങ്കിലും "ഭൂയസാ വ്യപദേശഃ" എന്ന ന്യായമനുസരിച്ചു സാമാന്യമായി ഈ പ്രബന്ധത്തെ ആരണ്യകാണ്ഡത്തിൽ ഉൾപ്പെട്ടതായിപ്പറഞ്ഞിരിക്കുന്നു.

"സ രമ മാസാദ്യ തു ചിത്രകൂടം
നദീം ച താം മാല്യവതീം സുതീർത്ഥാം
നനന്ദ രാമോ മൃഗപക്ഷിജുഷ്ടാം
ജഹൗ ച ദുഃഖം പുരവിപ്രവാസാത്,

എന്നു രാമായണത്തിൽ പറഞ്ഞിരിക്കുന്ന ഘട്ടത്തിൽ വിച്ഛിന്നാഭിഷേകകഥയെ സമാപിപ്പിച്ചിരിക്കുന്നു.

ദശരഥമഹാരാജാവു മുനിശാപം നിമിത്തം പുത്രവിരഹശോകാൎത്തനായിട്ടു്,

„ഹാ രാഘവ! മഹാബാഹോ!
ഹാ മമായാസനാശന!
ഹാ പിതൃപ്രിയ! മേ നാഥ!
ഹാ മമാസി ഗതഃ സുത!''

എന്നവിധം കൌസല്യയുടെ സമീപത്തിൽ പ്രലപിച്ചു പ്രലപിച്ചു ലോകവാസം വെടിഞ്ഞു.

മാതുലഗൃഹത്തിൽ പോയിരിക്കുന്ന ഭരതശത്രുഘ്നന്മാർ തിരിച്ചുവരുന്നതുവരെ മൃതശരീരത്തെ

---

„തൈലദ്രോണ്യാമഥാമാത്യാഃ
സംവേശ്യ ജഗതീപതിം.''

എന്ന പ്രകാരത്തിൽ സംരക്ഷിച്ചു. എന്തുകൊണ്ടെന്നാൽ

„ന തു സംകലനം രാജ്ഞോ
വിനാ പുത്രേണ മന്ത്രിണഃ
സൎവ്വജ്ഞാഃ കൎത്തുമൈഷുസ്തേ
തതോ രക്ഷന്തി ഭൂമിപം.''

എന്നു രാമായണത്തിൽ പറഞ്ഞിരിക്കുന്നതുതന്നെ

„പുത്രേഷു വിദ്യമാനേഷു
നാന്യോ വൈ കാരയേൽ സ്വധാം.''

എന്ന സ്മൃതിവാക്യത്തെ അനുസരിച്ചാകുന്നു. ദൂതന്മാർ കൂട്ടിക്കൊണ്ടുവന്ന ഉടനെ

„ജഗാമ ഭരതോ ദ്രഷ്ടും
മാതരം മാതുരാലയം.''

മാതാവിനെ വന്ദിച്ചശേഷം പിതാവിനെക്കണ്ടു വന്ദിക്കുവാൻ അവകാശമുണ്ടാക്കിക്കൊടുക്കണമെന്നു ഭരതൻ മാതാവിനോടപേക്ഷിച്ചപ്പോൾ

തം പ്രത്യുവാച കൈകേയീ
പ്രിയവദ്ഘോരമപ്രിയം
„യാ ഗതിഃ സൎവ്വഭൂതാനാം
താം ഗതിം തേ പിതാ ഗതഃ."

ഇത്രയുംകേട്ടു ദുഃഖാക്രാന്തനായ ഭരതൻ നടന്ന സംഗതികളൊന്നും യഥാൎത്ഥത്തിൽ മനസ്സിലാക്കാതെ സ്വാഭാവികമായുള്ള ധൎമ്മബുദ്ധിയോടുകൂടി

„യോ മേ ഭ്രാതാ പിതാ ബന്ധു-
ൎയ്യസ്യ ദാസോഽസ്മി ധീമതഃ
തസ്യ മാം ശീഘ്രമാഖ്യാഹി
രാമസ്യാക്ലിഷ്ടകൎമ്മണഃ.

പിതാ ഹി ഭവതി ജ്യേഷ്ഠോ
ധൎമ്മമാൎയ്യസ്യ ജാനതഃ
തസ്യ പാദൌ ഗ്രഹീഷ്യാമി
സഹീദാനീം ഗതിൎമ്മമ."

എന്നവിധം കൈകേയിയോടു പറയുന്നു.

ഭരതനെ സമാധാനപ്പെടുത്തുവാനായി രാമന്റെ വനവാസത്തിന്നും, ദശരഥമഹാരാജാവിന്റെ മരണത്തിന്നുമുള്ള കാരണം കൈകേയി സാവധാനത്തിൽ പുത്രനേ ധരിപ്പിക്കുന്നു.

„മയാ തു പുത്ര! ശ്രുത്വൈവ
രാമസ്യൈവാഭിഷേചനം
യാചിതസ്തേ പിതാ രാജ്യം
രാമസ്യ ച വിവാസനം.

സ സ്വവൃത്തിം സമാസ്ഥായ
പിതാ തേ തത്തഥാ ഽകരോത്
രാമശ്ച സഹസൌമിത്രിഃ
പ്രേഷിതഃ സഹ സീതയാ.

തമപശ്യൻ പ്രിയം പുത്രം
മഹീപാലോ മഹായശാഃ
പുത്രശോകപരിദ്യൂനഃ
പഞ്ചത്വമുപപേദിവാൻ."

നിൻെറ അഭ്യുദയത്തിനുവേണ്ടി ഇത്രയെല്ലാം ഞാൻ ചെയ്തു. ഇനി വേണ്ടതെന്തെന്നാൽ

"തത് പുത്ര! ശീഘ്രം വിധിവദ്വിധിജ്ഞൈ-
ർവ്വസിഷ്ഠമുഖ്യൈഃ സഹിതോ ദ്വിജേന്ദ്രൈഃ
സംകാല്യ രാജാനമദീനസത്വ-
മാത്മാനമുർവ്യാമഭിഷേചയസ്വ."

ഇത്രയും കേട്ടസമയം കോപാക്രാന്തനായ ഭരതൻ മാതാവിൻെറ നേരേ ഉണ്ടായിരിക്കേണ്ട ഗൌരവബുദ്ധിയെവിട്ടു പലതും പറയുന്ന കൂട്ടത്തിൽ

"സാ ത്വമഗ്നിം പ്രവിശ വാ
സ്വയം വാ ദണ്ഡകാൻ വ്രജ
രജ്ജും ബദ്ധ്വാഥവാ കണ്ഠേ
നഹി തേഽന്യത് പരായണം."

എന്നു ഭർത്സിക്കുന്നു.

ഭരതൻെറ ഈ മാതൃനിന്ദനം

"ആചാർയ്യശ്ച പിതാ ചൈവ
മാതാ ഭ്രാതാ ച പൂർവ്വജഃ
നാർത്തേനാപ്യവമന്തവ്യാഃ."

എന്നാദിയായ സ്മൃതിവാക്യങ്ങളെക്കൊണ്ടുപപന്നമല്ലെന്നു വിചാരിക്കുന്നുണ്ടെങ്കിൽ

"ഗുരോരപ്യവലിപ്തസ്യ
കാർയ്യാകാർയ്യമജാനതഃ
ഉത്പഥം പ്രതിപന്നസ്യ
കാർയ്യം ഭവതി ശാസനം."

എന്നാദിയായ വചനങ്ങളെ വിചാരിച്ചു സമാധാനപ്പെടുവാൻ ധാരാളം അവകാശം സിദ്ധിക്കുന്നുണ്ടെന്നു ധരിച്ചുകൊള്ളുകയും വേണം.

ശോകസന്തപ്തഹൃദയനായ ഭരതൻ തദനന്തരം വസിഷ്ഠശാസനപ്രകാരം പിതാവിൻെറ സംസ്കാരാദികർമ്മങ്ങളെ യഥാവിധി ചെയ്യുന്നു.

„തതോ ദശാഹേ വിഗതേ
കൃതശൗചോ നൃപാത്മജഃ
ദ്വാദശേऽഹനി സംപ്രാപ്തേ
ശ്രാദ്ധകൎമ്മാണ്യകാരയത്.”

തദനന്തരം ഭരതൻ, വനവാസം ചെയ്യുന്ന ശ്രീരാമചന്ദ്രനെ അയോദ്ധ്യയിലേക്കു തിരിയെ കൂട്ടിക്കൊണ്ടുവരണമെന്നുള്ള വിചാരത്തോടെ ചതുരംഗസേനയോടുകൂടി വനമദ്ധ്യത്തിൽ പ്രവേശിച്ച സമയം ഉയൎന്നുകാണുന്ന കോവിദാരധ്വജംകണ്ടു വരുന്നതു ഭരതനെന്നു മനസ്സിലാക്കി രാമനോടു

„സമ്പന്നം രാജ്യമിച്ഛംസ്തു
വ്യക്തം പ്രാപ്യാഭിഷേചനം
ആവാം ഹന്തും സമഭ്യേതി
കൈകേയ്യാ ഭരതഃ സുതഃ.”

എന്നാദിയായി അന്യഥാ ശങ്കിച്ചു ലക്ഷ്മണൻ സാമൎഷം പറയുന്നു. ഇതുകേട്ടു നീതിശാസ്ത്രവിശാരദനും ധൎമ്മിഷ്ഠനുമായ രാമൻ

„കിമത്ര ധനുഷാ കാൎയ്യ-
മസിനാ വാ സചൎമ്മണാ
മഹേഷ്വാസേ മഹാപ്രാജ്ഞേ
ഭരതേ സ്വയമാഗതേ.

പിതുഃ സത്യം പ്രതിശ്രുത്യ
ഹത്വാ ഭരതമാഗതം
കിം കരിഷ്യാമി രാജ്യേന
സാപവാദേന ലക്ഷ്മണ!”

എന്നാദിയായ സാന്ത്വനവാക്കുകളെക്കൊണ്ടു ലക്ഷ്മണനെ സമാധാനപ്പെടുത്തുന്നു. രാമചന്ദ്രന്റെ ഈ അഭിപ്രായങ്ങളെല്ലാം അൎജ്ജുനൻ കൃഷ്ണനോടു പറയുന്ന

„നച ശ്രേയോऽനുപശ്യാമി
ഹത്വാ സ്വജനമാഹവേ
ന കാങ്ക്ഷേ വിജയം കൃഷ്ണ!
നച രാജ്യം സുഖാനി ച.

കിം നോ രാജ്യേന ഗോവിന്ദ!
കിം ഭോഗൈർജ്ജീവിതേന വാ
യേഷാമത്ഥേ കാങ്ക്ഷിതം നോ
രാജ്യം ഭോഗാഃ സുഖാനി ച.

ത ഇമേ/വസ്ഥിതാ യുദ്ധേ
പ്രാണാംസ്ത്യക്ത്വാ ധനാനി ച
ഏതാന്ന ഹന്തുമിച്ഛാമി
ഘ്നതോ/പി മധുസൂദന!

അപി ത്രൈലോക്യരാജ്യസ്യ
ഹേതോഃ കിന്നു മഹീകൃതേ
തസ്മാന്നാഹാ വയം ഹന്തും
ധാത്തരാഷ്ട്രാൻ സബാന്ധവാൻ.

സ്വജനം ഹി കഥം ഹത്വാ
സുഖിനഃ സ്യാമ മാധവ!"

എന്നുള്ള ഗീതാശ്ലോകങ്ങളെ അനുസ്മരിപ്പിക്കുന്നു.

രാമചന്ദ്രന്റെ ധർമ്മവാക്യങ്ങളെ കേട്ടു ലജ്ജിതനായ ലക്ഷ്മണൻ ഭരതനെ രാമചന്ദ്രസമീപത്തിലേക്കു നയിക്കുന്നു. അപ്പോൾ ഭരതനും ശത്രുഘ്നനും

"പാദാവപ്രാപ്യ രാമസ്യ
പപാത ഭരതോ രുദൻ
ശത്രുഘ്നശ്ചാപി രാമസ്യ
വവന്ദേ ചരണൌ രുദൻ."

അനന്തരം രാമൻ

"താവുഭൌ സ സമാലിംഗ്യ
രാമശ്ചാശ്രൂണ്യവത്തയത്."

അതിന്റെശേഷം

"ജടിലം ചീരവസനം
പ്രാഞ്ജലിം പതിതം ഭുവി
ഭ്രാതരം ഭരതം രാമഃ
പരിജഗ്രാഹ ബാഹുനാ."

എന്നാദിയായി പറഞ്ഞിരിക്കുന്ന വിധം ഭ്രാതൃസ്നേഹപാരവശ്യം നിമിത്തം ഭരതനെ മടിയിലിരുത്തി വൎത്തമാനങ്ങൾ ഓരോന്നു ചോദിക്കുന്നു. രാമന്റെ ഈ ചോദ്യങ്ങളെല്ലാം രാജധൎമ്മങ്ങളെ പുരസ്കരിച്ചായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇതിന്റെ സാരം മനസ്സിലാക്കി ഭരതൻ ചുരുക്കത്തിൽ

"കിം മേ ധൎമ്മാദപഹീനസ്യ
രാജധൎമ്മഃ കരിഷ്യതി."

എന്നു സമാധാനം പറയുന്നു.

"ഞാൻ കേകയരാജധാനിയിൽ വസിക്കുന്നസമയം അച്ഛൻ ത്വദ്വിവാസജനിതവും ഗുരുതരവും ആയ ശോകഭാരത്താൽ വിദീൎണ്ണഹൃദയനായിട്ടു സ്വൎഗ്ഗമാൎഗ്ഗം പരിഷ്കരിച്ചു; അതിനാൽ അങ്ങു് പിതൃവിന്നു് ഔൎദ്ധ്വദേഹികമായ ഉദകത്തെ ദാനം ചെയ്താലും! ശത്രുഘ്നനും ഞാനും ഉദകദാനം ചെയ്തുകഴിഞ്ഞു" എന്നു ഭരതൻ പറഞ്ഞു. തദനന്തരം

"പ്രിയേണ ഖലു ദത്തം ഹി
പിതൃലോകേഷു രാഘവ!
അക്ഷയ്യം ഭവതീത്യാഹു-
ൎഭവാംശ്ചൈവ പിതുഃ പ്രിയഃ."

എന്നു ഭരതൻ പറയുന്നതു്,

"പുത്രാണാം മദ്ധ്യമോ വാപി
കനിഷ്ഠോ ജ്യേഷ്ഠ ഏവ വാ
പിതുൎയ്യസ്തു പ്രിയതമഃ
സൎവ്വം തേനൈവ കാരയേത്."

എന്ന വചനത്തെ അനുസ്മരിച്ചാകുന്നു

ശ്വശുരവിയോഗം നിമിത്തം ഖിദ്യമാനഹൃദയയായ സീതയെ സാന്ത്വനം ചെയ്തശേഷം ലക്ഷ്മണനോടു രാമൻ

"ആനയേംഗുദിപിണ്യാകം
ചീരമാഹര ചോത്തരം
ജലക്രിയാൎത്ഥം താതസ്യ
ഗമിഷ്യാമി മഹാത്മനഃ.

സീതാ പുരസ്താദ് വ്രജതു
ത്വമേനാമഭിതോ വ്രജ
അഹം പശ്ചാദ് ഗമിഷ്യാമി
ഗതിർഹ്യേഷാ സുദാരുണാ.''

എന്നുപറഞ്ഞ് അവരെല്ലാവരുമായി മന്ദാകിനിതീരപരിസര പ്രദേശത്തേ പ്രാപിച്ചു.

അനന്തരം രാമചന്ദ്രൻ

പ്രഗൃഹ്യ ച മഹീപാലോ
ജലപൂരിതമഞ്ജലിം
ദിശം യാമ്യാമഭിമുഖോ
രുദന്വചനമബ്രവീത്.

,,ഏതത്തേ രാജശാർദ്ദൂല!
വിമലം തോയമക്ഷയം
പിതൃലോകം ഗതസ്യാദ്യ
മദ്ദത്തമുപതിഷ്ഠതു.''

എന്നുപറഞ്ഞിരിക്കുന്ന പ്രകാരം ഉദകദാനക്രിയ നടത്തി. തദനന്തരം രാമൻ ഭ്രാതാക്കന്മാരോടുകൂടി

,,ഐങ്ഗുദം ബദരീമിശ്രം
പിണ്യാകം ദർഭസംസ്തരേ.''

ന്യസിച്ചു സുദുഃഖാർത്തനായിട്ടു

,,ഇദം ഭുങ്ക്ഷ്വ മഹാരാജ!
പ്രീതോ യദശനാ വയം.''

എന്നു രോദനപൂർവം പറഞ്ഞു പിണ്ഡദാനം വിധിപോലെ നിർവ്വഹിച്ചു.

എല്ലാവരുംകൂടി തിരിയെ ആശ്രമത്തിൽ വന്നസമയം ഭരതൻ ശ്രീരാമനെ അയോദ്ധ്യയിലേക്കു കൂട്ടിക്കൊണ്ടുപോകണമെന്നു വിചാരിച്ചു നിർബന്ധപൂർവം അപേക്ഷിച്ചു എങ്കിലും ധർമ്മനിഷ്ഠനായ ശ്രീരാമചന്ദ്രൻ അതിനെ നിർദ്ദാക്ഷിണ്യം ഉപേക്ഷിച്ചു പിതൃശാസനപ്രകാരം പതിനാലു സംവത്സരകാലം വനവാസം ചെയ്യുന്നതിനു തന്നെ തീരുമാനിച്ചു. ജ്യേഷ്ഠഭ്രാതാവിരിക്കുമ്പോൾ

അനുജൻ രാജ്യഭാരം ചെയ്യുന്നതു കുലധൎമ്മമല്ലെന്നു വിശ്വസി ച്ചിരിക്കുന്ന ഭരതൻ രാമചന്ദ്രന്റെ പാദുകകളെ രാജാവായിട്ട് അഭിഷേകം ചെയ്തു ജ്യേഷ്ഠൻ തിരിച്ചുവരുന്നതുവരെ താൻ പ്രതിപുരുഷനായി രാജ്യഭാരം ചെയ്യുന്നതു യുക്തമെന്നു കരുതി ഭഗവാനോടു പാദുക കിട്ടിയാൽ കൊള്ളാമെന്നു സവിനയം അപേക്ഷിക്കുന്നു.

„ഏതേ ഹി സൎവ്വലോകസ്യ
യോഗക്ഷേമം വിധാസ്യതഃ.''

എന്നാണ് ഭരതന്റെ അഭിപ്രായം.

രാമചന്ദ്രനാവട്ടെ പാദുക
„പ്രായച്ഛത് സുമഹാതേജാ
ഭരതായ മഹാത്മനേ.''

ഭരതൻ അവയെ സവിനയം സ്വീകരിച്ചു നമസ്കരിച്ചു രാമനോ ടിപ്രകാരം പറഞ്ഞു.

„ചതുൎദ്ദശ ഹി വൎഷാണി
ജടാചീരധരോ ഹ്യഹം
ഫലമൂലാശനോ വീര!
ഭവേയം രഘുനന്ദന!

തവാഗമനമാകാങ്ക്ഷൻ
വസൻ വൈ നഗരാദ് ബഹിഃ
തവ പാദുകയോൎന്ന്യസ്ത-
രാജ്യതന്ത്രഃ പരംതപ!

ചതുൎദ്ദശേ ഹി സംപൂൎണ്ണേ
വൎഷേ ഹി രഘുനന്ദന!
ന ദ്രക്ഷ്യാമി യദി ത്വാം തു
പ്രവേക്ഷ്യാമി ഹുതാശനം.''

തദനന്തരം രാമപാദുകയെ ശിരസാ ധരിച്ചു വസിഷ്ഠൻ, വാമ ദേവൻ, ജാബാലി മുതലായ ഋത്വിക്പുരോഹിതന്മാരോടും മന്ത്രി വൃദ്ധന്മാരോടും അനുജനായ ശത്രുഘ്നനോടും കൂടി രഥത്തെ ആരോഹണംചെയ്തശേഷം

„പ്രദക്ഷിണം ച കുവ്വാണ-
ശ്ചിത്രകൂടം മഹാഗിരിം
പശ്യൻ ധാതുസഹസ്രാണി
രമ്യാണി വിവിധാനി ച.

പ്രയയൌ തസ്യ പാൎശ്വേന
സസൈന്യോ ഭരതസ്തദാ.”

തദനന്തരം

„പാദുകേ ത്വഭിഷിച്യാഥ
നന്ദിഗ്രാമേഽവസത് തദാ
സ ബാലവ്യജനം ഛത്രം
ധാരയാമാസ സ സ്വയം.

ഭരതഃ ശാസനം സൎവ്വം
പാദുകാഭ്യാം ന്യവേദയത്.

യദാ ഹി യത് കാൎയ്യമുപൈതി കിഞ്ചി-
ദുപായനം ചോപഹൃതം മഹാൎഹം
സ പാദുകാഭ്യാം പ്രഥമം നിവേദ്യ
ചകാര പശ്ചാദ് ഭരതോ യഥാവത്.”

ഭരതൻ നന്ദിഗ്രാമത്തിൽ ചെന്നു പാദുകാപട്ടാഭിഷേകം നടത്തി ജടാവല്ക്കലധാരിയായിരുന്നുകൊണ്ടു രാജ്യകാൎയ്യങ്ങളെല്ലാം പാദുകളെ നിവേദിപ്പിച്ചു യഥാമതി നിൎവ്വഹിച്ചുപോന്നു.

ഇവിടെ പാദുകാപ്രദാനംചെയ്ത രാമനോ രാജാവു്, അല്ലെങ്കിൽ തദ്ദത്തപാദുകയൊ, അഥവാ ഭരതനൊ, അല്ലെങ്കിൽ ആരുമല്ലയൊ എന്നു നാലുവിധത്തിൽ ശങ്കിക്കുവാൻ അവകാശമുള്ളതിനെ യുക്തിപൂൎവ്വം നിരൂപിച്ചു തീരുമാനം ചെയ്യുവാൻ ഉത്സാഹിക്കാം.

„ഭരതോ ഭജതാമദ്യ
യൌവ്വരാജ്യമകണ്ടകം.”

എന്നാണു് മുൻപു കൈകേയി ദശരഥമഹാരാജാവിനോടു പ്രാൎത്ഥിച്ചിട്ടുള്ളതു്. കൈകേയീപ്രാൎത്ഥിതസ്വതന്ത്രരാജ്യനിൎവ്വഹണാഭാവത്തിൽ ദശരഥമഹാരാജാവിനു് അസത്യപ്രതിജ്ഞത്വം സംഭവിക്കും. ഇതു വന്നുകൂടാ താനും. എന്നാൽ ജ്യേഷ്ഠഭ്രാതാവായ

രാമൻ ഇരിക്കുമ്പോൾ അനുജനായ ഭരതൻ രാജ്യംഭരിക്കുന്നതിൽ പരിവേത്തൃതാദോഷമില്ലയോ എന്നു ചിന്തിക്കേണ്ടതുണ്ടു്. ഭിന്ന മാതൃപ്രസൂതനായിരിക്കുന്നവൻ അഭ്യനുജ്ഞാപൂർവ്വകമായിച്ചെയ്യു ന്നതിൽ ഈ ദോഷശങ്കയ്ക്കുവകാശമില്ലെന്നു സ്മൃതികാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

„ജ്യേഷ്ഠോ ഭ്രാതാ യദാ തിഷ്ഠേ-
ദാധാനം നൈവ ചാശ്രയേത്
അനുജ്ഞാതസ്തു കുർവ്വീത
ശംഖസ്യ വചനം യഥാ.

പിതൃവ്യപുത്രാൻ സാപത്നാൻ
യാ നാരീ തു സുതാംസ്തഥാ
ദാരാഗ്നിഹോത്രസംയോഗേ
ന ദോഷഃ പരിവേദനം."

എന്നു പാരാശരവചനം കാണുന്നു.

ഇങ്ങനെയായാൽ പാദുകാഭിഷേകം വൈയർത്ഥ്യത്തെപ്രാപി ക്കുമല്ലൊ എന്നു വിചാരിക്കുന്നതായാൽ സമാധാനം പറയാം. പരിവേത്തൃത്വദോഷം ഭരതനു ശാസ്ത്രപ്രകാരമില്ലെങ്കിലും ജ്യേഷ്ഠ നായ രാമൻ ഇരിക്കുമ്പോൾ അനുജനായ ഭരതൻ രാജ്യം ഭരിക്കു ന്നതു ദോഷമായി പാമരന്മാർ കല്പിക്കാവുന്നതിനെ പരിഹരിക്കു ന്നതിന്നായി പാദുകാപട്ടാഭിഷേകം ചെയ്തു രാജ്യഭാരം ചെയ്തതു ന്യായസിദ്ധമായിരിക്കുന്നു. ഈ കാരണങ്ങളെക്കൊണ്ടു് ആദ്യം ശങ്കിച്ചതുപോലെ രാമൻ രാജാവല്ലെന്നു സിദ്ധിക്കുന്നു.

ഇനി രണ്ടാംപക്ഷത്തെ നിരൂപിക്കാം. ദുഷ്ടനിഗ്രഹശിഷ്ട പരിപാലനാത്മകമായ ചേതനകാര്യാധികാരം പാദുകക്കില്ലാത്ത തിനാൽ പാദുക രാജാവല്ല. അതിന്നുംപുറമെ

„രാജാ പ്രകൃതിരഞ്ജനാൽ."

എന്ന വാക്യവും വൈയർത്ഥ്യത്തെ പ്രാപിക്കും.

എന്നാൽ ഭരതൻ രാജാവാണെന്നു വിചാരിക്കുന്നതായാൽ അതിന്നും ചില വൈഷമ്യങ്ങളുണ്ടു്.

„ദാരാഗ്നിഹോത്രരാജ്യാനി
യഃ കുയ്യാദഗ്രജേ സ്ഥിതേ
പരിവേത്താ സ വിജ്ഞേയഃ
പരിവിത്തിസ്തു പൂർവ്വജഃ."

എന്നുള്ള സ്മൃതിവാക്യംകൊണ്ടും,

„സ ഹി പ്രഥമജേ തസ്മി-
ന്നകൃതശ്രീപരിഗ്രഹേ
പരിവേത്താരമാത്മാനം
മേനേ സ്വീകരണാദ്ഭുവഃ."

എന്ന കാളിദാസവാക്യംകൊണ്ടും പരിവേതൃത്വദോഷശങ്കക്ക് അവകാശം സിദ്ധിക്കും. ഇതിന്നും പുറമേ

„പാദുകേ ത്വഭിഷിച്യാഥ
നന്ദിഗ്രാമേƒവസത്തദാ."

എന്നുപറഞ്ഞപ്രകാരം ഭരതൻ പാദുകക്ക് അഭിഷേകവും ബാലവ്യജനധാരണവും രാജ്യതന്ത്രനിവേദനവും മററും ചെയ്യുന്നതെല്ലാം അനുപപന്നമായിത്തീരുന്നതാണ്.

എന്നാൽ നാലാംപക്ഷത്തെ സ്വീകരിച്ചു രാജാവായിട്ടാരും തന്നെ ഇല്ലെന്നു വിചാരിക്കുന്നതായാൽ അരാജകത്വദോഷം സംഭവിക്കുന്നു.

„നാരാജകേ ജനപദേ
വിദ്യുന്മാലീ മഹാസ്വനഃ
അഭിവർഷതി പർജ്ജന്യോ
മഹീം ദിവ്യേന വാരിണാ."

എന്നാദിയായ ദോഷങ്ങളെ ശാസ്ത്രങ്ങളിൽ പ്രതിപാദിച്ചുകാണുന്നതുകൊണ്ടു് അരാജത്വകല്പനം അസാധുവായിട്ടുള്ളതുതന്നെ എന്നു സിദ്ധിക്കുന്നു.

ഇപ്രകാരമുള്ള ദോഷശങ്കക്ക് അവകാശം എല്ലാപക്ഷത്തിലും കാണുന്നതുകൊണ്ടു രാജാവാരെന്നുള്ള ചോദ്യം പിന്നേയും സംഗതമായിരിക്കുന്നു. ഭരതൻതന്നെ സ്വതന്ത്രനായ രാജാവു് എന്നതിന്നു യുക്തികളെപ്പറയാം.

„നന്ദിഗ്രാമേഽകരോദ്രാജ്യം
ഭരതോ മന്ത്രിഭിസ്സഹ."

എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു ഭരതൻ മന്ത്രിമാരോടുകൂടെ രാജ്യം ഭരിച്ചു എന്നു സിദ്ധിക്കുന്നതുകൊണ്ടും,

„പൂജിതാ മാമികാ മാതാ
ദത്തം രാജ്യമിദം മമ
തദ്ദദാമി പുനസ്തുഭ്യം
യഥാ ത്വമദദാ മമ."

എന്നവിധം ഭരതൻ രാമനു രാജ്യം തിരിയെ കൊടുക്കുന്നതു കൊണ്ടും,

„ഭരതോ ഭജതാമദ്യ
യൌവരാജ്യമകണ്ടകം."

എന്നു കൈകേയീവാക്യമപാൎത്ഥകമാക്കിച്ചെയ്യാതിരിക്കേണ്ടതു കൊണ്ടും,

„ഏവം കനീയസാ ഭ്രാത്രാ
ഭുക്തം രാജ്യം വിശാംപതേ!
ഭ്രാതാ ജ്യേഷ്ഠോ വരിഷ്ഠശ്ച
കിമൎത്ഥം നാവമംസ്യതേ."

എന്നുള്ള കൌസല്യാവചനാവഗതകനിഷ്ഠോപഭുക്തരാജ്യപ്രതിഷേധം ഭവിക്കാതിരിക്കേണ്ടതുകൊണ്ടും, കുലക്രമാഗതജ്യേഷ്ഠപുത്രരാജ്യാഭിഷേകരൂപധൎമ്മാതിക്രമം ഭവിക്കാതിരിക്കേണ്ടതുകൊണ്ടും, ലോകാപവാദം സംഭവിക്കാതിരിക്കേണ്ടതുകൊണ്ടും, പരിവേത്തൃതാദോഷശങ്കക്കവകാശം ഭരതനിൽ ഇല്ലെന്നു മുൻപിൽ കാണിച്ചിട്ടുള്ളതുകൊണ്ടും മററും ഭരതൻതന്നെ രാജാവായിരുന്നു എന്നു നിശ്ചയിക്കുന്നു.

„സകാമമനവാപ്യൈവ
രാമപാദാവുപസ്പൃശൻ
നന്ദിഗ്രാമേഽകരോദ്രാജ്യം
രാമാഗമനകാംക്ഷയാ."

എന്നുള്ള പദ്യത്തിലെ അഭിപ്രായവും മേൽപറഞ്ഞ അഭിപ്രായത്തെത്തന്നെ സ്ഥിരപ്പെടുത്തുന്നു.

അനന്തരം,

„ഇതീവ തൈഃ പ്രാഞ്ജലിഭിസ്തപസ്വിഭി-
ർദ്വിജൈഃ കൃതസ്വസ്ത്യയനഃ പരന്തപഃ
വനം സഭാര്യ്യഃ പ്രവിവേശ രാഘവഃ
സലക്ഷ്മണഃ സൂര്യ്യ ഇവാഭ്രമണ്ഡലം.''

എന്നുപറഞ്ഞപ്രകാരം തപസ്വിജനങ്ങളുടെ ആശീർവ്വാദത്തോടും അനുഗ്രഹത്തോടും കൂടി രാമൻ സീതാലക്ഷ്മണസഹിതനായിട്ടു വനമദ്ധ്യത്തിൽ പ്രവേശിച്ചു.

എത്രയും സംക്ഷേപിച്ചിവിടെ പറഞ്ഞിട്ടുള്ള കഥാഭാഗങ്ങളെല്ലാംതന്നെ നമ്മുടെ കവി വളരെച്ചുരുക്കി നാലഞ്ചു പദ്യങ്ങളെക്കൊണ്ടു പറഞ്ഞു്,

„ഇതി സരസവചോഭിഃ സാന്ത്വയൻ പേർത്തു പേർത്തും
മൃദുഹസിതസുധാഭിശ്ചാർത്തിതീർത്ത്മഹാത്മാ
മെതിയടി മഹനീയം നല്കി നേരേ സഖേദം
കഥമപി ഭരതം തം പ്രേഷയാമാസ രാജ്യേ.''

എന്നവിധം അവസാനിപ്പിച്ചിരിക്കുന്നു.

തദനന്തരം,

„യാതേ രാമാനുജേഽസ്മിൻ മുഹുരപി ഭരതാ-
വാപ്തിമാശങ്ക്യ ധീമാൻ
സാകം സീതാനുജാഭ്യാം രഘുപതിരഗമത്
സ്ഥാനമത്രേർമ്മഹർഷേഃ
തേന പ്രീതേന തൂർണ്ണം ദശരഥതനയൌ
സത്കൃതൌ തത്ര സീതാ-
ദേവീ ഗത്വാനസൂയാമലഭത പതിസം-
ഭാവിതാമംഗകാന്തിം.''

എന്നു പറഞ്ഞപ്രകാരം അവരെല്ലാവരും ചിത്രകൂടസ്ഥലിയെ ഉപേക്ഷിച്ചു് അത്ര്യാശ്രമത്തെപ്രാപിച്ചു. അനസൂയ സന്തോഷിച്ചു സീതയ്ക്കു് അംഗകാന്തിയുണ്ടാവാൻ വരം കൊടുത്തു.

അതിൻെറ ശേഷം

,,വിവിധവിഹഗനാദസ്സ്ഫോടിതാശാമുഖാന്തം
സ്സമരചമരസിംഹവ്യാഘ്രനാഗേന്ദ്രഭീമം
വിപുലവിടപിസംഘവ്യാപ്തഘോരാന്ധകാരം
ന്യവിശത രഘുവീരോ ദണ്ഡകം കണ്ടകാഢ്യം."

ശുക്രമഹഷിയുടെ ശാപംനിമിത്തം ദണ്ഡകമഹാരാജാവിൻെറ ജനപദം അരണ്യഭ്രഷ്ടമായിത്തീൎന്നിട്ടുള്ള ദണ്ഡകാരണ്യത്തിൽ രാമൻ പ്രവേശിച്ചു.

,,ശരണം സൎവ്വഭൂതാനാം
സുസമ്മൃഷ്ടാജിരം സദാ
മൃഗൈൎബ്ബഹുഭിരാകീൎണ്ണം
പക്ഷിസംഘൈഃ സമാവൃതം."

എന്നവിധം ശോഭിച്ചിരിക്കുന്ന താപസാശ്രമമണ്ഡലത്തിൽ രാമചന്ദ്രൻ ചെന്നുചേൎന്നപ്പോൾ ദിവ്യജ്ഞാനോപപന്നന്മാരായ ഋഷീശ്വരന്മാർ അദ്ദേഹത്തെ വഴിപോലെ എതിരേററു പൂജിച്ചു.

അതിൻെറശേഷം,

,,നാനാമൃഗഗണാകീൎണ്ണം
ശാൎദ്ദൂലവൃകസേവിതം
ധ്വസ്തവൃക്ഷലതാഗുല്മം
ദുൎദ്ദൎശസലിലാശയം."

എന്നവിധമുള്ള വനമദ്ധ്യത്തിൽ രാമചന്ദ്രൻ ഘോരദൎശനനായ വിരാധനെ കണ്ടുമുട്ടി.

,,താവദ് ഘോരാട്ടഹാസപ്രതിഭടരഭസാ-
ക്രാന്തവിന്ധ്യാദ്രിരന്ധ്ര-
ശ്ശൂലാഗ്രപ്രോതസിംഹദ്വിപശരഭരുരു-
ക്രോഡശാൎദ്ദൂലജാലഃ
നാനാകങ്കാളസംക്ലേദിതവിപുലകലാ-
പാവലീമാലധാരീ
സക്രോധസ്താന്ന്യഷേധീദധിസരണി
വിരാധാഭിധോ യാതുധാനഃ."

അതിഭയങ്കരരൂപിയായ വിരാധൻ രാമചന്ദ്രന്റെ സമീപത്തിൽ ചെന്ന് ഇപ്രകാരം ചോദിച്ചു.

,,കൌ യുവാം കലിതതാപസാകൃതീ
ധന്വിനൌ നവവലാഹകോപമൌ
കാമദേവജയവൈജയന്തികാ
കേയമായതവിലോലലോചനാ.''

സ്വന്തം കുലനാമാദികളെക്കുറിച്ചു വിരാധൻതന്നെ ഇപ്രകാരം പറയുന്നു.

,,പുത്രഃ കില ജയസ്യാഹം
മാതാ മമ ശതഹ്രദാ
വിരാധ ഇതി മാമാഹുഃ
പൃഥിവ്യാം സർവ്വരാക്ഷസാഃ.''

ശതഹ്രദ എന്ന സ്ത്രീയിൽ ജയനുണ്ടായ പുത്രനാണ് വിരാധൻ.

,,പോകുന്നേരത്തുകാണ്ടു ഝടിതി വഴിതട്ട-
ത്തോരു ഘോരം വിരാധം.''

രാമചന്ദ്രൻ യുദ്ധത്തിൽക്കൊന്നു് അവതാരകാര്യമായ ദുഷ്ടനിഗ്രഹം സാധിച്ചുതുടങ്ങി. അപ്പോൾ ദിവ്യവിഗ്രഹംപൂണ്ട വിരാധൻ

,,ഗന്ധർവ്വോഽഹം രഘുവര! പുരാ രാജരാജേന ശപ്തോ
രംഭാപീനസ്തനതടപരീരംഭസംരംഭഹേതോഃ
രക്ഷോജാതൌ സപദി പതിതം സാമ്പ്രതം ത്വത്പ്രസാദാത്
പ്രത്യാപത്തിം സമധിഗതവാനസ്മി വോ ഭദ്രമസ്തു.''

എന്നവിധം രാമചന്ദ്രനോടു സ്വവൃത്താന്തം പറഞ്ഞു് അവിടെത്തന്നെ അന്തർദ്ധാനംചെയ്തു.

തദനന്തരം,

,,അഥ ഗതവതി തസ്മിംസ്തുംബുരാവംബരേണ
സ്വയമവനിതനൂജാലക്ഷ്മണാഭ്യാം സമേതഃ
അഭജത ശരഭംഗസ്യാശ്രമം രാമഭദ്രോ
നിരതിശയതപസ്യാതപ്തമൂർത്തേർമ്മഹർഷേഃ.''

„രഘുപതി ശരഭംഗാശ്രമം പ്രാപ ധീമാൻ'' എന്നു പറഞ്ഞിരിക്കുന്നതിനെ വാല്മീകി

„അഗ്നിഹോത്രമുപാസീനം
ശരഭംഗമുപാഗമത്.

തസ്യ പാദൌ തു സംഗൃഹ്യ
രാമഃ സീതാ ച ലക്ഷ്മണഃ
നിഷേദുസ്സമനുജ്ഞാതാ
ലബ്ധവാസാ നിമന്ത്രിതാഃ.''

എന്നവിധം രാമായണത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ശരഭംഗ മഹർഷി രാമാഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു എന്നതിനു

„ബ്രഹ്മലോകം ന ഗച്ഛാമി
ത്വാമദൃഷ്ട്വാ പ്രിയാതിഥിം.''

എന്ന വാക്യംതന്നെ തെളിവാകുന്നു. ശരഭംഗനും രാമനുമായി അല്പമായ സംഭാഷണാനന്തരം മഹർഷി

„ശരഭംഗോ മഹാതേജാഃ
പ്രവിവേശ ഹുതാശനം''

*　　*　　*　　*　　*

„രാമസ്തു വിസ്മിതോ ഭ്രാത്രാ
ഭാര്യയാ ച സഹാത്മവാൻ.''

എന്ന രാമായണകഥാംശത്തെ മനസ്സിൽ വച്ചുകൊണ്ടാണു നമ്മുടെ കവി

„മാഹാത്മ്യോദഞ്ചിതം തദ്ദഹനപതനമാ-
ലോക്യ ചിത്രീയമാണഃ
സാകം സീതാനുജാഭ്യാം ത്രിഭുവനതിലകഃ.''

എന്നു ഭാഷാരാമായണചമ്പുവിൽ പറഞ്ഞിട്ടുള്ളതു്. ശരഭംഗ ദഹനവൃത്താന്തംകേട്ടു മഹർഷിമാരെല്ലാവരും ആശ്രമത്തിൽ വന്നു ചേർന്നസമയം രാമനെക്കണ്ടു സന്തുഷ്ടന്മാരായി,

„പരാ ത്വത്തോ ഗതിർവീര!
പൃഥിവ്യാം നോപപദ്യതേ
പരിപാലയ നഃ സർവ്വാൻ
രാക്ഷസേഭ്യോ നൃപാത്മജ!''

എന്നവിധം അഭ്യൎത്ഥിച്ചു. ഇവരുടെ ഈ അഭ്യൎത്ഥനം "നാന്യഃ പന്ഥാ അയനായ വിദ്യതേ" എന്ന ശ്രുതിയെ മനസ്സിൽ വച്ചുകൊണ്ടാകുന്നു എന്നു പ്രത്യേകം സ്മരിച്ചുകൊള്ളേണ്ടതാണ്. ഇതിന്നു മറുപടിയായി ശ്രീരാമചന്ദ്രൻ,

"തപസ്വിനാം രണേ ശത്രൂൻ
ഹന്തുമിച്ഛാമി രാക്ഷസാൻ."

എന്നുപറഞ്ഞു.

"ദത്ത്വാഭയം ചാപി തപോധനാനാം
ധൎമ്മേ ധൃതാത്മാ സഹ ലക്ഷ്മണേന
തപോധനൈശ്ചാപി സഭാൎയ്യവൃത്തഃ
സുതീക്ഷ്ണമേവാഭിജഗാമ വീരഃ."

അതിന്റെശേഷം അവരെല്ലാവരും ഒന്നിച്ച്,

"സപദി സരിതാം ബന്ധും വിന്ധ്യം ഗതാസ്തു ഇമേ ഗിരിം."

എന്നുപറഞ്ഞു വിന്ധ്യപൎവ്വതത്തെ ഒരു സരസമധുരഗദ്യംകൊണ്ടു വൎണ്ണിച്ചു കവി അതിനെ നമുക്കക്ഷിഗോചരമാക്കി തന്നിരിക്കുന്നു. ആ ഗദ്യത്തിൽ സമഞ്ജസമായി പ്രയോഗിച്ചിരിക്കുന്ന പദങ്ങളുടെ സാരള്യാദിഗുണങ്ങൾനിമിത്തം അനേകകാൎയ്യങ്ങൾ ഒരേസമയത്തുതന്നെ നമ്മുടെ ബുദ്ധിക്കു വിഷയമായിത്തീരുന്നു. ഗ്രന്ഥവിസ്തരഭയം നിമിത്തം അവയെക്കുറിച്ചുപപാദിക്കുവാൻ ഇവിടെ ഒരുങ്ങുന്നില്ല.

"ശ്രീരാമൻ വില്ലുമമ്പും കരതളിരിലെടു-
ത്തഗ്രതോ ലക്ഷ്മണോऽപി
സൈ്വരം പിൻപേ നടത്തിത്തെളിവൊടു നടുവേ
ജാനകീം ജാതഖേദാം."

എന്നു പറഞ്ഞിട്ടുള്ളതു്

"അഗ്രതഃ പ്രയയൌ രാമഃ
സീതാ മദ്ധ്യേ സുമദ്ധ്യമാ
പൃഷ്ഠതസ്തു ധനുഷ്പാണി-
ൎല്ലക്ഷ്മണോനുജഗാമ ഹ."

എന്ന വാല്മീകിയുടെ ശ്ലോകത്തെ അനുസ്മരിച്ചുകൊണ്ടാകുന്നു. ഈ പദ്യം അത്യന്തം സാരമായ ഒന്നായിട്ടാണ് ഭാരതീയർ കരുതിപ്പോരുന്നത്. ഈ ശ്ലോകംകൊണ്ടു പ്രണവാൎത്ഥത്തെ പ്രകാശിപ്പിച്ചിരിക്കുന്നു എന്ന് അവർ വിശ്വസിച്ചുപോരുന്നു. ഇതിന്റെ ഒരു ചുരുങ്ങിയ വിവരണം തനിശ്ലോകിയിൽ കാണുന്നുണ്ടെങ്കിലും അതിന്റെ സമ്പ്രദായസിദ്ധമായ ഉപദേശം ഗുരുമുഖത്തുനിന്നു ലഭിക്കേണ്ടതാകയാൽ അതിനെ ഇവിടെ വിസ്തരിച്ചുപപാദിക്കുന്നില്ല.

ഇവിടെ വേറെവിധത്തിൽ ചെയ്തുവരാറുള്ള ഉപദേശസ്വരൂപത്തേയും നിൎദ്ദേശിക്കാം. മുൻപു പറഞ്ഞ ശ്ലോകംകൊണ്ടു പ്രണവാൎത്ഥം പറയപ്പെട്ടല്ലോ.

„തൌ പശ്യമാനൌ വിവിധാൻ
ശൈലപ്രസ്ഥാൻ വനാനി ച
നദീശ്ച വിവിധാ രമ്യാ
ജഗ്മതുഃ സീതയാ സഹ."

എന്നപദ്യംകൊണ്ടു നാരായണപദാൎത്ഥവും, മാണ്ഡകൎണ്ണിവൃത്താന്തംകൊണ്ട് അതിന്റെ അൎത്ഥമായ നമശ്ശബ്ദവും നിൎദ്ദിഷ്ടമായി. തതഃപരം വിരോധിനിവൃത്തി സൂചിതമായി. ഇപ്രകാരം മൂലമന്ത്രാൎത്ഥാനുസന്ധാനംതന്നെ പരമായ ഗതിയെന്നു സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

വായനക്കാരുടെ ശ്രദ്ധയെ ഈ വിഷയത്തിലേക്ക് ആകൎഷിക്കുന്നതിന്നു വേണ്ടിമാത്രം ഇത്രയും പറഞ്ഞതല്ലാതെ ഗുരുമുഖത്തിൽനിന്നു ധരിക്കേണ്ടതായ അഷ്ടാക്ഷരമന്ത്രനിഷ്പത്തിക്രമം മുതലായവയൊന്നുംതന്നെ ഇവിടെ നിൎദ്ദേശിക്കപ്പെടുന്നില്ല.

„അഗ്രേ ഗച്ഛാമ്യഹം പശ്ചാത്
ത്വമന്വേഹി ധനുർധരഃ
ഉഭയോൎമ്മദ്ധ്യഗാ സീതാ
മായേവാത്മപരാത്മനോഃ."

എന്നവിധം അദ്ധ്യാത്മരാമായണത്തിലും കാണുന്നു. ഇതിനെ എഴുത്തച്ഛൻ

"മുന്നിൽ നീ നടക്കേണം വഴിയെ വൈദേഹിയും
പിന്നാലേ ഞാനും നടന്നീടുവൻ ഗതഭയം
ജീവാത്മാപരമാത്മാക്കൾക്കു മദ്ധ്യസ്ഥയാകും
ദേവിയാം മഹാമായാശക്തിയെന്നതുപോലെ
ആവയോർമ്മദ്ധ്യേ നടന്നീടുകവേണം സീതാ-
ദേവിയുമെന്നാലൊരു ഭീതിയുമുണ്ടായ്വരാ."

എന്നവിധം തർജ്ജമചെയ്തു ചേർത്തിട്ടുള്ളതിനെക്കുറിച്ചു പല അഭിപ്രായഭേദങ്ങളും വിദ്വാന്മാരുടെ ഇടയിലുണ്ടായിട്ടുണ്ടു്. ശ്രീരാമനെ പരമാത്മാവായും, ലക്ഷ്മണനെ ജീവാത്മാവായുമാണു് മൂലകവി നിർദ്ദേശിച്ചിരിക്കുന്നതു്. ഈ ക്രമത്തിനു വിപരീതമായിട്ടാണു് "ജീവാത്മപരമാത്മനോഃ" എന്നു കവി നാലാം പാദത്തിൽ പറഞ്ഞിരിക്കുന്നതു്. അതിനാൽ മൂലകാരന്റെ ആശയം ശരിക്കു കാണിക്കുന്നതിനു ലക്ഷ്മണനെ മുന്നിലും, സീതയെ മദ്ധ്യത്തിലും, രാമനെ പിന്നാലെയും നടത്തി ജീവാത്മാവു്, മായ, പരമാത്മാവു എന്ന ക്രമത്തെ വ്യക്തമാക്കിയിരിക്കുന്നു.

ഇതിന്നുംപുറമെ,

"അഗ്രതോ ഗച്ഛ സൌമിത്രേ!
സീതാ ത്വാമനുയാസ്യതു
പൃഷ്ഠതോഽഹം ഗമിഷ്യാമി
സീതാം ത്വാം പരിപാലയൻ."

എന്നുള്ള പ്രസിദ്ധപദ്യവും ലക്ഷ്മണനെ മുന്നിൽനടത്തിയ എഴുത്തച്ഛന്റെ അഭിപ്രായത്തെ ബലപ്പെടുത്തുകതന്നെ ചെയ്യുന്നു. ഇതിനെക്കുറിച്ചധികം ഇവിടെ വിസ്തരിക്കുന്നില്ല.

ഒരു വലിയ ഗദ്യത്തിൽ കവി ദണ്ഡകാരണ്യത്തെ വർണ്ണിച്ചു സീതാലക്ഷ്മണസഹിതനായ രാമനെ അഗസ്ത്യാശ്രമത്തിൽ കൊണ്ടുചെന്നാക്കുന്നു.

"ഏകതാത്മാ ഭസിതത്രിപുണ്ഡ്രവുമണി-
ഞ്ഞംഗുഷ്ഠമാത്രാം തനും
ദിവ്യാമാത്മവിഭൂതിചേർന്നു കലയൻ
മാഹാത്മ്യരമ്യോജ്ജ്വലാം."

എന്നുള്ള ശ്ലോകംകൊണ്ടു നമ്മുടെ കവി അഗസ്ത്യമഹർഷിയുടെ ഒരു ഛായാപടം വരച്ചുകാണിച്ചു തന്നിരിക്കുന്നു.

"നിശ്ശേഷാണാം മുനീനാം മകുടഘടിതമാ-
ണിക്യദാമ്നേ മഹിമ്നാ
വിശ്വാധിക്യം കലർന്നീടിന വിമലതപ-
സ്യാപരീപാകധാമ്നേ
അശ്രാന്തം വിന്ധ്യശൈലോച്ഛ്രയവിഹതികൃതേ
സപ്തപാഥോധിപാന-
സ്വച്ഛന്ദക്രീഡ! ഭക്ത്യാ കലശജ! കലയാ-
മോ നമസ്യാഞ്ജലിം തേ."

എന്ന പദ്യവും

"അംഗുഷ്ഠമാത്രതനവേ കലശോത്ഭവായ
വിന്ധ്യാചലോത്തമവിജൃംഭണനാശനായ
വാതാപിസപ്തമകരാകരഭോജനായ
തസ്മൈ നമോ ഭഗവതേ മുനിപുംഗവായ."

എന്ന സംസ്കൃതശ്ലോകവും താരതമ്യവിവേചനം ചെയ്യുന്നതു രസകരമായിരിക്കും.

സരസസുന്ദരപദ്യങ്ങളെക്കൊണ്ടു ചമത്കൃതിയുക്തമായിരിക്കുന്ന അഗസ്ത്യരാമസംഭാഷണം അത്യന്തം സഹൃദയഹൃദയാവർജ്ജകമാകുന്നു.

"വൈകുണ്ഠൻ തൻകൃപാവാരിഭിരഴകിൽ നന-
ച്ചും തപോദോഹളശ്രീ-
പാകംകൊണ്ടും ത്രിലോക്യാം പടരുമൊരു ഭവ-
ദ്വിക്രമസ്വർഗ്ഗശാഖീ
ആകല്പം പൂത്തകീർത്തിപ്രസവപരിമളം
നീളെ മേളിച്ചു മോദാൽ
കായ്ക്കുന്നാവിശ്വരക്ഷാഫലമഖിലജനാ
നീളനാളാസ്വദന്താം."

എന്ന പദ്യം ഏതു സഹൃദയന്റെ മനസ്സിനെയാണ് ആകർഷിക്കാത്തതു്.

"സ്വാഗതം ഖലു തേ വീര!
രാമ! ധർമ്മഭൃതാം വര!
ചിത്രകൂടമനുപ്രാപ്തോ
രാജ്യഭ്രഷ്ട ഇതി ശ്രുതഃ."

എന്നവിധം അഗസ്ത്യവാക്യം മറെറാരു ഗ്രന്ഥത്തിൽ കാണുന്നു.

"നിശമ്യ തം പ്രാപ്തമഥാശ്രമസ്ഥിതം
പ്രിയം വിധാതും ഫലമൂലപാണയഃ
വിമുക്തബന്ധാ അപി പക്ഷപാതിനഃ
പ്രപേദിരേ ഹർഷയുതാ മഹർഷയഃ."

എന്നിട്ടവർ എല്ലാവരും ചേർന്ന്,

"ഏഹി പശ്യ ശരീരാണി
മുനീനാം ഭാവിതാത്മനാം
ഹതാനാം രാക്ഷസൈർഘോരൈ-
ർബ്ബഹൂനാം ബഹുഭിർവ്വനേ."

എന്നുള്ള പദ്യവും

"പശ്യൈതത് പാണിപാദം മമതു മുദിതവാൻ
കൌണപഃ കോഽപി കോപാത്
കേനാപ്യുദ്ഘാതമക്ഷിദ്വയമിഹ ഹഹഹാ!
വക്രിതഃ കണ്ഠ ഏഷഃ
സന്ത്യാദൈർഘോരഘോരൈരശ്ചിപിടിതമധുനാ
കണ്ണയുഗ്മം വിലോകേ
സർവ്വാംഗേ നഷ്ടദംഗം കതരദിഹ വിഭോ!
യന്ന ഭഗ്നം ന ഭുഗ്നം."

എന്നപദ്യവും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഒന്നു മറേറതിൻെറ സംഗ്രഹം മാത്രമാണെന്നു കാണാം.

മുനിമാരുടെ ഇപ്രകാരമുള്ള വാക്കുകൾ കേട്ടസമയം

"അഥ താൻ കരുണാസിന്ധു-
ർവ്വിലോക്യ രഘുനന്ദനഃ
തേഷാം പ്രതിശൃണോതി സ്മ
രക്ഷോമൂലനിബർഹണം."

സത്യം ചെയ്യുതെന്താണെന്നു കവി പറയുന്നു.

„മാനിച്ചിന്നൊന്നു ചൊന്നേൻ നിശിചരകുലമേ
കൊന്നൊടുക്കായ്കിലിഞ്ഞാൻ
ഞാനല്ലെന്നച്ഛനാണേ! മമ കലചിലത-
ന്നാണെ ബാണങ്ങളാണെ.”

എന്നതിനെ പരിവത്തനം ചെയ്തിട്ടുള്ളതു താഴെ ചേക്കുന്നു.

„അപഗതരജനീചരം ത്രിലോകീ-
വിവരമരാമമഥാപി വാ സമസ്തം
കതിപയദിവസൈഃ കരോമി നോ ചേ-
ദ്ദശരഥരാജസുതോഽപി നൈവ രാമഃ.”

മേൽപറഞ്ഞ സംസ്കൃതശ്ലോകം എഴുതിയസമയം കാളിദാസൻെറ

„അരാവണമരാമം വാ
ജഗദദ്യേതി നിശ്ചിതഃ.”

എന്ന പദ്യഖണ്ഡം കവിയുടെ സ്മരണയിൽ ഉണ്ടായിരുന്നിരിക്കണം.

„ശ്രുത്വാ പ്രതിജ്ഞാം രഘുരാജസൂനോഃ
പ്രസന്നചിത്തേഷു മുനീശ്വരേഷു
യാതേഷു ഭൂയോഽപ്യനുഗൃഹ്യ രാമം
കുംഭോദ്ഭവഃ സാദരമാബഭാഷേ.

ഇദം ധനുർവൈഷ്ണവമപ്രധൃഷ്യം
ജൈത്രം ഗൃഹാണേഷുധിഖഡ്ഗയുക്തം
അനേന ലോകസ്ഥിതികർമ്മഹേതോ-
ന്നാരായണഃ പ്രാഗജയൽ സുരാരീൻ.”

ഇത്രയും കഥാഭാഗംകൂടി ചേന്നാൽമാത്രമെ പ്രകൃതം പുഷ്ടമായിത്തീരുകയുള്ളു. കുംഭസംഭവൻ പ്രസാദിച്ചു കൊടുത്ത വൈഷ്ണവചാപവും, അമ്പൊടുങ്ങാത്ത ആവനാഴിയും, വാളും ഭക്തിപുരസ്സരം സ്വീകരിച്ച രാമചന്ദ്രൻ,

„കൃതാഭ്യനുജ്ഞോ മുനിനാശ്രമാന്താ-
ത്തതഃ സ സീതാസഹജഃ പ്രതസ്ഥേ.”

പിന്നീടു രാമചന്ദ്രൻ വഴിമദ്ധ്യേ കണ്ടുമുട്ടുന്നതു പക്ഷിശ്രേഷ്ഠനായ ജടായുവിനെ ആണു്.

അക്കാന്താരപ്രയാണേ നിജഗൃഹമുദധിം
പാനതഃ ശൂന്യതോയം
മുക്തപാ മൈനാകമാഗച്ഛതി കലശഭവം
കാണ്മതിന്നെന്നവണ്ണം
പക്ഷിശ്രേഷ്ഠം ജടായും കരുതി രഘുവരൻ
ശംകിതേ സോഽപി പോയ്ചെ-
ന്നഗ്രേ "താതമിത്രം ഖഗകുലപതി ഞാ-
നെ"ന്നു സാനന്ദമൂചേ.

എന്നപദ്യം

"പാനേന ഹീനജലമബ്ധിമപാസ്യ നൂനം
മൈനാക ഏഷ മുനിമാശ്രയതീതി ജാതാം
ശങ്കാമിമാം രഘുപതേഃ കഥിതാത്മവംശ-
സ്താതമിത്രമഹ,മിത്യഹരജ്ജടായുഃ."

എന്ന ഭോജചംപുവിലെ ശ്ലോകത്തിന്റെ നേരു തൎജ്ജിമയാണെന്ന് ഇപ്പോൾ വ്യക്തമാണല്ലോ.

ജടായുവിനോടു യാത്രപറഞ്ഞശേഷം ശ്രീരാമചന്ദ്രൻ പൂമരശ്രേണികൾ ഇടനിറഞ്ഞുള്ളതും നിൎമ്മലാസന്നതോയവുമായ സമനിരപ്പുള്ള പഞ്ചവടീപ്രദേശം കണ്ടു സന്തുഷ്ടഹൃദയനായിട്ട് അവിടെ വസിക്കുന്നതിന്നു പൎണ്ണശാലതീൎക്കുവാൻ ലക്ഷ്മണനോട് ആജ്ഞാപിച്ചു. പിന്നീടു രാമചന്ദ്രൻ

"സൌമിത്രിണാ കല്പിതപൎണ്ണശാലാം
പ്രവിശ്യ രാമോ രമണീസഹായഃ
പ്രതിശ്രുതേ കൎമ്മണി ഹേതുമിച്ഛൻ
നിനായ കാലം കിമപി പ്രതീതഃ."

ഈ ശ്ലോകത്തിലെ ഉത്തരാൎദ്ധം നമ്മുടെ കവി എഴുതിയിരിക്കുന്ന

"രക്ഷോഘാതപ്രതിജ്ഞാം മുനികളൊടു കൃതാം
നിൎവ്വഹിപ്പാനുപായാ-
നൎക്കാംബിൽ പാൎത്തുപാൎത്തുമനകുലപെരുമാൾ
ചിന്തനവ്യാകുലാത്മാ."

എന്ന ഭാഗത്തെ ഭാഷാന്തരപ്പെടുത്തിയതാണെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ലല്ലോ.

രാമചന്ദ്രൻ അപ്രകാരം ചിന്താവ്യാകുലനായിരിക്കുമ്പോൾ

„അഗ്രേ കണ്ടു കദാചിൽ ദശമുഖസഹജാ-
മാത്മബീഭത്സരൂപ-
പ്രക്ഷോഭം മൂടി മായാചലിതതനുലതാം
മന്ദമാഗന്തുകാമാം."

ലളിതാവേഷധാരിണിയായ ശൂൎപ്പണഖ ശ്രീരാമന്റെ തിരുമുമ്പിൽ വലത്തുകാൽവച്ചു പ്രവേശിച്ചു സമയംതന്നെ യമധൎമ്മരാജാവു രാവണരാജധാനിയിൽ ഇടത്തുകാലൂന്നിക്കഴിഞ്ഞു.

„താം വിലോക്യ ലളിതാം രഘൂദ്വഹഃ
കിഞ്ചിദഭ്യുദിതകൌതുകോഽബ്രവീത്
കാ ത്വമംബുജവിലോലലോചനേ!
കാനനാന്തരമുപാഗതാ കുതഃ."

ലളിതയെ രാമചന്ദ്രൻ കണ്ടസമയം അദ്ദേഹത്തിന്റെ മുഖത്തു സ്പഷ്ടമായിക്കണ്ട കൌതുകം രാമാവതാരകാൎയ്യം സാധിപ്പാനുള്ള ബീജാവാപംചെയ്തു. കൃഷ്ണാവതാരകാൎയ്യം സാധിപ്പാനുള്ള ഉപായം അദ്ദേഹം അപാംഗകലകൊണ്ടാണല്ലോ നിൎവ്വഹിച്ചതു്.

„തദാ ഹസിതമുത്ഥിതം ദ്രുപദനന്ദനാഭീമയോ-
രപാംഗകലയാ വിഭോ! കിമപി താവഴജ്ജൃംഭയൻ
ധരാഭരനിരാകൃതൌ സപദി നാമ ബീജം വപൻ."

എന്നുപറഞ്ഞിട്ടുള്ളതിവിടെ പ്രത്യേകം സ്മൎത്തവ്യമാണു്. ദുഷ്ടനിഗ്രഹശിഷ്ടപരിപാലനരൂപമായിരിക്കുന്ന ഭഗവദവതാരകാൎയ്യങ്ങളെ നിൎവ്വഹിക്കാനുള്ള കാരണം രാമചന്ദ്രന്റെ മുഖത്തു പ്രകടിതമായ കൌതുകത്തിലന്തൎഭവിച്ചിരിക്കുന്നതുകൊണ്ടു രാമായണകഥയുടെ കേന്ദ്രസ്ഥാനമിതുതന്നേയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ലളിതാരൂപവിലാസവിശേഷങ്ങളെ വൎണ്ണിക്കുന്ന ഗദ്യം പുനംനമ്പൂരിയുടെ വാസനാബലത്തിന്റെയും അനൎഗ്ഗളമായി പ്രവഹിക്കുന്ന കവിതാമാധുരീസാരസമ്പത്തിന്റെയും ഉത്തമദൃഷ്ടാന്തമാണു്. ഏതാദൃശവിഷയങ്ങളിൽ ഇതിനേക്കാൾ വിശിഷ്ടതരമായ വൎണ്ണനാചാതുൎയ്യം ഒരു സാഹിത്യത്തിലും കണ്ടുകിട്ടുവാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ലളിതയുടെ കുലനാമാദികളെല്ലാം ശ്രീരാമചന്ദ്രൻ ചോദിച്ച തിന്നുത്തരമായി സകലവും പറയുന്നമദ്ധ്യേ അവൾ സ്വാഭിലാഷത്തേയും സ്പഷ്ടമാക്കുന്നു. ഇന്ദ്രൻ, വഹ്നി, പിതൃപതി, നിരൃതി, വരുണൻ, മരുത്ത്, കുബേരൻ, ഈശൻ എന്നീ അഷ്ടദിക്പാലകന്മാരും, ദ്വാദശാദിത്യന്മാരും, രാകാശശാങ്കനും, ഏകാദശരുദ്രന്മാരും, അശ്വിനീദേവന്മാരും, വസുക്കൾക്കും, യക്ഷന്മാരും, കിന്നരന്മാരും, മുനികൾക്കും അനേകം ദോഷങ്ങളുള്ളതുകൊണ്ടും അവളുടെ ദൃഷ്ടിയിൽ അവൾക്ക് ഭംഗിതോന്നാത്തതുകൊണ്ടും അവരിൽ ആരെയും അവളുടെ ഭർത്താവായി സ്വീകരിപ്പാൻ അവൾക്കു സമ്മതമില്ല. ഈവക സംഗതികളെല്ലാം കവി അതിസരസമായി വർണ്ണിച്ചിരിക്കുന്നു.

പതിന്നാലുലകിലും രാമനെപ്പോലെ സുന്ദരരൂപിയായ ഒരുവനെ അവൾ കണ്ടിട്ടില്ലാത്തതുകൊണ്ട് അദ്ദേഹത്തിനെത്തന്നെ ഭർത്താവായിവരിക്കണമെന്നുള്ള അവളുടെ സങ്കല്പത്തേയും അവൾ വ്യക്തമാക്കിപ്പറയുന്നു.

അനന്തരമുള്ള അവരിരുവരുടേയും സംഭാഷണങ്ങളിൽ അനേകരസാവഹമായ അഭിപ്രായങ്ങളും ചിന്തിച്ചാൽ കാണാവുന്നതാണ്. അവസാനം രാമചന്ദ്രൻ

„ഭദ്രമസ്തു തവ വാഞ്ഛിതം വൃഥാ
മാസ്തുഭ്രച്ച മനസാ പതിംവരേ!
പ്രാപ്യ സുന്ദരി! വൃണീഷ്വ ലക്ഷ്മണം
നാസികാക്ഷതിമസൌ വിധാസ്യതി.''

എന്നവിധം പറഞ്ഞതിൽ രണ്ടത്ഥം തോന്നിക്കുന്നുണ്ടെങ്കിലും ശൂർപ്പണഖയ്ക്കു യഥാശ്രുതമായ ഒരത്ഥംമാത്രമെ മനസ്സിലായുള്ളു.

അതനുസരിച്ചു ലക്ഷ്മണസമീപത്തിൽചെന്ന ലളിതയോടു ലക്ഷ്മണൻ പല പല കാൎയ്യങ്ങൾ പറഞ്ഞതൊന്നുംതന്നെ അവളുടെ ചെവിയിൽ പ്രവേശിച്ചില്ല. ഒടുവിൽ,

„ദാസോഽഹമസ്യായതനീലനേത്രേ!
ദാസീപദം കിന്നു വൃഥാ വൃണീഷേ
യദാരുരുക്ഷന്തി കിമേവപരിഷ്ഠാ-
ന്നാസഗ്ഗതോ വഹ്നിശിഖാ സ്ത്രിയശ്ച.''

എന്നവിധം ലക്ഷ്മണൻ പറഞ്ഞപ്പോൾ അതിൽ കറച്ചൊരത്ഥമുണ്ടെന്നു ഗ്രഹിപ്പാൻ അവൾക്കു സാധിച്ചു.

പിന്നീടു രാമലക്ഷ്മണന്മാരുടെ സമീപത്തിൽ ഗതാഗതം ചെയ്തുകൊണ്ടിരുന്ന ശൂൎപ്പണഖ അനിശ്ചിതബുദ്ധിയായിത്തീന്നിട്ടു,

„ഉഭയകൂലസമുത്ഥിതശാദ്വല-
ഭ്രമഗതാഗതഖിന്നഗവീദശാം."

പ്രാപിച്ചു ഖേദാകുലയായി.

„രാമലക്ഷ്മണകൃതേ ഗതാഗതം
സാ വിധായ ബഹുശഃ സ്മരോദ്ധതാ
രോഷവേഷകലുഷീകൃതാനനാ
രാക്ഷസീ സ്വമഹിമാനമാനശേ."

എന്നിട്ടു സീതയെ ഹരിക്കുവാനുദ്യമിച്ചു. അതുകൊണ്ടു കോപാക്രാന്തനായ ലക്ഷ്മണൻ ദശമുഖഭഗിനിയുടെ നാസാകുചച്ഛേദവും ചെയ്തു.

„അക്കാലം വീരഭൂഷാമണി രഘുപെരുമാ-
ളങ്കഭാഗേ വസിക്കും-
മയ്ക്കണ്ണാൾ സീതതൻകോമളമുഖകമലം
പാൎത്തുകൊണ്ടും പ്രസാദാത്
തിക്കും ക്രവ്യാദസേനാപടനിലവിളി കേ-
ട്ടും ക്ഷണം ചെന്നിരുന്നു
തൂക്കൈക്കൊണ്ടജ്ജടാബന്ധനമിടയിലുറ-
പ്പിച്ചുമാശ്ചൎയ്യധാമാ."

എന്നുള്ള പദ്യം

„രൂപാമൃതം നിവിശതഃ പ്രിയയാ
രവാനഥാകൎണ്ണയതശ്ചമുനാം
വിഭോരഭിവ്യഞ്ജിതരാഗരോഷാ-
ന്നേത്രദ്വയീ ഭിന്നദശാം ബഭ്രുവ."

എന്ന പ്രസിദ്ധപദ്യത്തിന്റെ ഒരു് ഏകദേശഭാഷാന്തരം മാത്രമാകുന്നു.

ശൂൎപ്പണഖയാവട്ടെ അപ്പോൾ

"തതസ്ത്രിമൂൎദ്ധ്നാ ച ദൂഷണേന ച
സ്ഥിതം ജനസ്ഥാനവനാന്തരേ ഖരം
നികൃത്തനാസാരുധിരാൎദ്രവിഗ്രഹാ
സമേത്യ സൎവ്വം നിജഗാദ രാക്ഷസീ."

ശൂൎപ്പണഖയുടെ വാക്കുകേട്ടു ത്രിശിരസ്സും, ദൂഷണനും, ഖരനും കോപാവിഷ്ടചിത്തന്മാരായിത്തീൎന്നു. അന്നേരം ഖരൻ

"ബ്രഹ്മാ വാസ്തു ചതുൎഭുജോഽപി ഭഗവാൻ
കാലാഗ്നിരുദ്രോഽഥവാ
ഛേത്സ്യേ തദ്ഗളമദ്യ ഖഡ്ഗലതയാ
തത് സത്വരം സാരഥേ!
സന്നദ്ധം രഥമദ്യ മേ കുരു മഹാ
ശസ്ത്രോൽകരൈഃ പൂരിതം
യുദ്ധായോദ്ധപരാക്രമാശ്ച സകലാ
നിൎയ്യാന്തു രക്ഷോഭടാഃ."

എന്നവിധം ആജ്ഞാപിച്ചതനുസരിച്ചു സൈന്യമെല്ലാം വന്നു നിരന്നു. രഥവും സജ്ജീകൃതമാക്കി. ഈ സൈന്യകോലാഹലമാണു് രാമന്റെ ഒരു ദൃഷ്ടിയെ കോപകഷായിതമാക്കിത്തീൎത്തതു്.

അപ്പോൾ രാമചന്ദ്രൻ

"നിധായ സീതാമനുജേ സ ജിഷ്ണുഃ
സ്വാന്ത്യേഽഥ സന്ധാമിവ സത്യസന്ധഃ
നഭശ്ചരാനാനനചന്ദ്രകാന്ത്യാ
പ്രത്യായയൻ പ്രത്യുദിയായ സൈന്യം."

ഏകാകിയായ രാമചന്ദ്രൻ മഹാരാക്ഷസസൈന്യത്തോടുകൂടി വന്നിരിക്കുന്ന ത്രിശിരസ്സിനോടും ദൂഷണനോടും ഭയങ്കരമായ യുദ്ധം ചെയ്തു സൈന്യത്തെ കൊന്നൊടുക്കി നേതാക്കന്മാരേയും നിഗ്രഹിച്ചു.

അഥ രഘുതനയേന ബാണവഹ്നൌ
ശലഭദശാം ഗമിതേഷു സൈനികേഷു
ത്രിശിരസി സഹദൂഷണേ വിപന്നേ
സ ഖലു ഖരഃ സ്വയമേത്യ വാചമൂചേ.

„കേരം കേരം നില്ല വിരാധനല്ലിതു മഹാ
ബാഹുസ്സുബാഹുന്നു വാ
ലോകദ്വേഷണനങ്ങു ദൂഷണനഹോ
നാഹം ത്രിമൂദ്ധാസുരൻ
വാൾകോലും ഭഗിനീനികാരകുപിതോ
ഹന്തും ഭവന്തം ബലാ-
ദേകാകീ സമുപാഗതഃ ഖരനസൌ
ദ്വാരദോശ്ചണ്ഡിമാ.''

എന്ന പദ്യവും താഴെ ചേക്കുന്ന സംസ്കൃതശ്ലോകവും തമ്മിൽ താരതമ്യവിവേചനം ചെയ്യുനോക്കേണ്ടതാണു്.

„രേ രേ! നാഹം സുബാഹുന്നച സമരധുരാ-
നാടകസ്താടകേയോ
വന്യൈഃ സത്വൈഃ സ്വകുക്ഷിംഭരിരപി ന വൃഥാ
സ്ഥൂലദേഹോ വിരാധഃ
കിം തു പ്രത്യത്ഥിഗവ്ച്ഛിദുരനിജഭുജാ-
വിക്രമോദ്വേലലീലാ-
സഞ്ജാതോദാരകീത്തിഃ ഖര ഇതി വിദിതോ
രാവണാനീകിനീന്ദ്രഃ.''

യോദ്ധാക്കന്മാക്കുവേദിച്ചിട്ടുള്ള പ്രകാരം വീരവാദം പറഞ്ഞുകൊണ്ടു യുദ്ധരംഗത്തിൽ പ്രവേശിച്ച ഖരൻ അസാമാന്യപരാക്രമശാലിയായിരുന്നു. പ്രഥമയുദ്ധത്തിൽത്തന്നെ ഖരൻ രാമചന്ദ്രന്റെ വില്ലുമുറിച്ചതു് അയാളുടെ യുദ്ധസാമത്ഥ്യത്തെ പ്രഖ്യാപനം ചെയ്യുന്നു.

„കാലക്ഷേപം കഥഞ്ചിന്മമ കരകലിത-
സ്സായകോ നൈവ സോഢാ.''

എന്നു രാമൻ പറഞ്ഞിട്ടുള്ളതുകേട്ടു കുപിതനായഖരൻ അത്യന്തം അതിനെ അധിക്ഷേപിച്ചു്,

„ഒന്നെങ്ങോക്കേണമങ്ങക്കിവിടെ നിവസതാം
വീരധമ്മപ്രമാഥം
വന്നാൽ മാനീപുലസ്ത്യാന്വയമണിപെരുമാം
രാവണോ നൈവ സോഢാ.''

എന്നവിധം ഉചിതമായി മറുവടി പറഞ്ഞിട്ടുള്ളതു തൻേറയും തൻെറ സ്വാമിയായ രാവണൻേറയും സത്യധർമ്മാദികളിലുള്ള നിഷ്ഠയേ പ്രസ്പഷ്ടമായി പ്രകാശിപ്പിക്കുന്നു.

,,സദ്യോമിഷത്സു സകലേഷു ധനുസ്തദീയം
ചിക്ഷേപ സായകവരേണ ഖരസ്തദാനീം
തസ്മിൻ ക്ഷണേ പ്രചുരദീപ്തിഭരോജ്ജ്വലാംശം
തദ്വൈഷ്ണവം ധനുരലക്ഷ്യത രാമഹസ്തേ.''

ഖരനായിട്ടുചെയ്ത അതിഭയങ്കരയുദ്ധത്തിൽ മൂന്നടി പിന്നോക്കം വയ്ക്കേണ്ടതായിവന്നിട്ടുള്ള സംഗതി പ്രസിദ്ധമാണല്ലോ. ഈ സംഗതിയെ മനസ്സിൽവച്ചുകൊണ്ടാണല്ലോ ലവൻ

,,യാനി ത്രീണ്യപരാങ്മുഖാന്യപി പദാ-
ന്യാസൻ ഖരായോധനേ.''

എന്നവിധം ചന്ദ്രകേതുവിനോടു പറഞ്ഞിട്ടുള്ളത്.

വൈഷ്ണവചാപം കൈക്കൊണ്ടു ശ്രീരാമചന്ദ്രൻ വൈഷ്ണവരൂപം ധരിച്ചുനില്ക്കുന്നതു ഖരൻ കണ്ടപ്പോൾ

,,കരുണാകരമാലോക്യ
തരുണാർക്കാഭമഗ്രതഃ
സ രണായ മതിം ചക്രേ
മരണായാത്മനഃ സ്വയം.''

രാമചന്ദ്രൻെറ ദിവ്യവിഗ്രഹത്തെ പുനരുനംപൂരി സരസസരസമായി ഒരു ദണ്ഡകത്തിൽ വർണ്ണിച്ചിരിക്കുന്നതു ഭക്തിസംവർദ്ധനമായിട്ടുള്ളതാണ്. ഇക്കണ്ട ദിവ്യതേജസ്സിൽ ലയിക്കുന്നതിന്നു നേരേ യുദ്ധംചെയ്തു മരണം പ്രാപിക്കുന്നതുതന്നെ കൊള്ളാമെന്നു തീർച്ചയാക്കി ഖരൻ നേരിട്ടു എതിർത്തസമയം ശ്രീരാമചന്ദ്രൻ

,,സ്വച്ഛന്ദാത്മാ തദാനീം പരമഗുരുമനു-
സ്മൃത്യ വിശ്വാഭിവന്ദ്യം
വിശ്വാമിത്രം മുനീന്ദ്രം മണിപവഴിതൊട്ട-
ത്തുജ്ജ്വലേ ശാർങ്ഗചാപേ.''

ഗുരുവിനെ പൂജിക്കുന്നതും സ്മരിക്കുന്നതും ആവശ്യമാണെന്നു സ്മൃതിയിലും കാണുന്നു.

"യോ വാചയതി യാ സൂതേ
യേന വിദ്യോപദിശ്യതേ
ജ്യേഷ്ഠഭ്രാതാ ച ഭർത്താ ച
പഞ്ചൈതേ ഗുരവസ്മൃതാ.

ആത്മനഃ സർവ്വയത്നേന
പ്രാണത്യാഗേന വാ പുനഃ
പൂജനീയാ വിശേഷേണ
പഞ്ചൈതേ ഭൂതിമിച്ഛതാ."

എന്നു പറഞ്ഞിട്ടുള്ളതനുസരിച്ചു നോക്കുമ്പോൾ രാമചന്ദ്രന്റെ ഗുരുസ്മരണം യുക്തംതന്നെ.

"യുദ്ധായാപതതഃ ഖരസ്യ വിശദം
ഛത്രം ധ്വജം ചോന്നതം
മൌലിം രത്നവിഭൂഷിതം രഘുപതി-
ശ്ഛിച്ഛേദ തീക്ഷ്ണൈശ്ശരൈഃ
നാരാചൈശ്ച ചതുർഭിരുത്തമഹയാൻ
രഥ്യാനഥോ സാരഥിം
ഏകേനാഥ ചകർത്ത മസ്തകമപി
പ്രോദ്യത്സ്ഫുരത്കുണ്ഡലം."

രാമസായകമേററു ഖരന്റെ ശിരസ്സുമുറിഞ്ഞു ഭൂമിയിൽ പതിച്ചസമയത്തുണ്ടായ സംഗതികളെ നാരായണഭട്ടതിരി വർണ്ണിച്ചിരിക്കുന്ന പ്രകാരം താഴെ ചേർക്കുന്നു.

"ഗൃദ്ധ്രാണാം നിപപാത പങ്ക്തിരധികാ
രക്ഷശ്ശിരസ്യംബരാ-
ദ്രാമസ്യോത്തമസായകസ്യ ശിരസി
സ്വർല്ലോകപുഷ്പോൽക്കരഃ
ദിവ്യാ ദുന്ദുഭയശ്ച നേദുരഭിതോ
നൃത്യന്നമർത്ത്യാംഗനാഃ
സൌമിത്രിർജ്ജനകാത്മജാപ്യകലയൽ
സ്വസ്വാമിനഃ പൌരുഷം."

ആരണ്യവാസികളായ,

"മുദിതൈർമ്മുനിഭിസ്തതോ വിതീർണ്ണാം
വിവിധാമാശിഷമാപ്യ ദീപ്തതേജാഃ."

പാലനകമ്മനിരതനായ ഭഗവാൻ വിഷ്ണുവിനു സംഹാരകൃത്യമുചിതമാണോ? അതു് രുദ്രധമ്മമല്ലേ? രുദ്രകൃത്യത്തെ വിഷ്ണു എന്തിനു സ്വീകരിച്ചു? ഇപ്രകാരം പല ചോദ്യങ്ങളും രാമായണം കഥയുടെ പല ഭാഗങ്ങളിലും സംഗതമായിരിക്കും. അതിനെല്ലാററിനുംകൂടി ചുരുക്കത്തിൽ മറുപടി ഇവിടെത്തന്നെ പറഞ്ഞേക്കാം.

ബ്രഹ്മവിഷ്ണുരുദ്രന്മാർ പ്രായേണ രജസ്സത്വതമോഗുണപ്രധാനന്മാരെന്നല്ലാതെ മററു രണ്ടുഗുണങ്ങളും ഇല്ലാത്തവരല്ല. ആധിക്യേന നിർദ്ദേശിക്കുക മാത്രമേ ചെയ്തിട്ടുള്ളു. ശരീരം നിലനില്ക്കുന്നതിനു മൂന്നുദോഷങ്ങളും ആവശ്യമായിരിക്കുന്നതുപോലെ മൂന്നുഗുണങ്ങളും ചേരാതെ പ്രകൃതിയും ഉണ്ടാകുന്നതല്ല. കഫപ്രകൃതി, പിത്തപ്രകൃതി, വാതപ്രകൃതി എന്നാദിയായ വ്യവഹാരത്തിൽ മററു രണ്ടുദോഷങ്ങളുടെയും അഭാവം കല്പിക്കുന്നില്ലാത്തതുപോലെ സത്വാദിഗുണപ്രാധാന്യത്തിലും പ്രകൃതിവിരുദ്ധമായ അർത്ഥകല്പനമില്ല. മൂന്നുഗുണങ്ങളും സ്വാധീനമായിട്ടുള്ള ഈശ്വരന്മാക്ക് അതാതു സമയം ആവശ്യംപോലെ ഓരോന്നും ഉചിതമായവിധം ഉപയോഗിക്കുവാൻ സാധിക്കുന്നതാണ്.

ചതുർദ്ദശസഹസ്രം രാക്ഷസഭടരോടും ഖരനോടും രാമൻ ഏകാകിയായി എങ്ങനെ യുദ്ധംചെയ്യുമെന്നു മഹഷിമാരും വിചാരിക്കാതിരുന്നില്ല.

"ചതുർദ്ദശസഹസ്രാണി
രക്ഷസാം ഭീമകമ്മണാം
ഏകശ്ച രാമോ ധമ്മാത്മാ
കഥം യുദ്ധം ഭവിഷ്യതി."

എന്നവിധം വാല്മീകിരാമായണത്തിൽ കാണുന്നു. രാമൻ യുദ്ധം ചെയ്യുന്ന സമയം ഏതുപ്രകാരം കാണപ്പെട്ടു എന്നാണ് പറഞ്ഞിരിക്കുന്നതു്.

"ആവിഷ്ടം തേജസാ രാമം
സംഗ്രാമശിരസി സ്ഥിതം
ദൃഷ്ട്വാ സർവാണി ഭൂതാനി
ഭയാദ് വിവ്യഥിരേ തദാ.

രൂപമപ്രതിമം തസ്യ
രാമസ്യാക്ലിഷ്ടകർമ്മണഃ
ബഭ്രുവ രൂപം ക്രുദ്ധസ്യ
രുദ്രസ്യേവ പിനാകിനഃ."

ഇവിടെ "രുദ്രസ്യേവ പിനാകിനഃ" എന്നു വാല്മീകി പറഞ്ഞിട്ടുള്ളതു സ്പഷ്ടമാക്കുന്നതിന്നു സ്കാന്ദപുരാണത്തേ അവലംബിക്കാതെ കഴിയുന്നതല്ല. യുദ്ധസമയത്തു രാമനെ ആ പുരാണത്തിൽ വർണ്ണിച്ചിരിക്കുന്ന പ്രകാരത്തെ താഴെ ചേൎക്കുന്നു.

"രുദ്രതേജോവിലസിതം
ദൃഷ്ട്വാ രാമകളേബരം
ശംഖം ചക്രം ച ശൂലം ച
പിനാകം ഖേടമേവ ച.

പട്ടിശം ഭിണ്ഡിപാലം ച ഡമരും
ബാണപാശാംകുശം തഥാ
ചാപം വജ്രം ച ഖഡ്ഗം ച
പരശും ത്രാസകാരണം.

ജയശ്രിയം ച ഗംഗാം ച
ദദൃശുസ്സിദ്ധചാരണാഃ."

ഇതിൽനിന്നു രാമൻ ആ സമയം സംഹാരരുദ്രനായിത്തന്നെ പ്രകാശിച്ചു എന്നു സിദ്ധിക്കുന്നു. ഇതുപോലെ തപസ്സുമുതലായതു കൊണ്ടു സന്തുഷ്ടചിത്തനായ രുദ്രൻ വരം കൊടുക്കുന്നസമയം വിഷ്ണുവിൻെറ ധൎമ്മത്തെ സ്വീകരിക്കുന്നു. മേലുദ്ധരിച്ച ശ്ലോകങ്ങളിൽ വിഷ്ണുവിൻെറ ആയുധങ്ങളായ ശംഖചക്രാദികളെ കൂടി ഗണിച്ചിട്ടുള്ളതു വൈഷ്ണവഗുണം തീരെ ഉപേക്ഷിച്ചിട്ടില്ലെന്നു കാണിപ്പാനാകുന്നു. അതുപോലെ രുദ്രൻ വരംകൊടുക്കുന്ന സമയം താമസഗുണത്തിന്നു കേവലം അഭാവം കല്പിതമാകുന്നില്ല.

ആശിസ്സെല്ലാം കിട്ടിയപ്പോൾ ദീപ്തിമാനായി രാമൻ

"ഉടജാങ്കണമാസസാദ രാമഃ
ക്ഷിതിപുത്രീപരിരംഭജൃംഭിതം ച."

ശ്രീരാമചന്ദ്രൻ ഏകാകിയായി പോൎക്കളത്തിൽ അനേകം രാക്ഷസന്മാരോട് ഒരേസമയത്തു യുദ്ധംചെയ്തു അവരെ എല്ലാം

കൊന്നൊടുക്കി മഹാപരാക്രമശാലിയായ ഖരനേയും നിഷ്പ്രയാസം വധിച്ചു.

"വീരശ്രീനഖരക്ഷതൈരിവ നവൈ-
ൎബ്ബാണവ്രണൈരങ്കിതഃ."

എന്നവിധം പൎണ്ണശാലയിൽ പ്രവേശിച്ച സ്വഭൎത്താവിനെ സീത ഉപചരിക്കുന്നതെല്ലാം സരസമായി വൎണ്ണിച്ചിരിക്കുന്നു.

"ഉത്തരായാമന്ദമപ്പോൾ മൃദുലകരതലം
കൊണ്ടു നീളെത്തലോടി
പ്രത്യംഗം തീവ്രശസ്ത്രവ്രണവിതതിയെ നി-
ൎമ്മൂല്യ നിൎമ്മായഭാവാൽ
സദ്യോ നിൎവ്വാപയന്തീം ജനകദുഹിതരം
ചേൎത്തു തന്നങ്കഭാഗേ
തൈത്തെന്നൽക്കണ്ണമേറ്റേററുടജഭുവി മുദാ
രാമചന്ദ്രോ ന്യവാത്സീത്."

ഇത്രയുംഭാഗംകൊണ്ടു ഖരവധം സമാപ്തമായി. ഇനിയത്തെ കഥാംശം സുഗ്രീവസഖ്യമാണ്. എന്നാൽ അതിൽ ഏതാനും ഭാഗം ആരണ്യകാണ്ഡത്തിൽ ഉൾപ്പെട്ടതാകകൊണ്ടു് ആ ഭാഗങ്ങളെ ഇവിടെത്തന്നെ ചേൎത്തു നിരൂപണംചെയ്യുന്നു.

ഖരനെ രാമചന്ദ്രൻ വധിച്ചതു നിമിത്തം മഹൎഷിമാർ സന്തോഷിച്ചു് ഒരു് അംഗുലീയകം കൊടുത്തതു രാമൻ ഭക്തിപുരസ്സരം സ്വീകരിച്ചു.

"വിശ്വദ്രോഹം വളൎത്തീടിന ഖരനിധനം
കൊണ്ടു സമ്മോദമുച്ചൈ-
രുംഛന്നുച്ചാവചാഭിൎവ്വിതതിഭിരനഘ-
ഖ്യാശിഷാമായതെല്ലാം
വിശ്വാസം പൂണ്ടു വിശേഷജനിതധൃതി ജന-
സ്ഥാനഭാജോ മുനീന്ദ്രാഃ
സശ്ലാഘം രാഘവായ പ്രദദിശുരതിമ-
ങ്ഗല്യമാമംഗുലീയം."

പിന്നീടു നമ്മുടെ കവി ഒരു ഗദ്യംകൊണ്ടു ശൂൎപ്പണഖയുടെ രാവണസമീപത്തിലേക്കുള്ള യാത്രയെ സരസമായി വൎണ്ണിച്ചിരിക്കുന്നു. അവർ ലങ്കാനഗരിയിലേക്കു മണ്ടുംനേരം മാൎഗ്ഗമദ്ധ്യത്തിൽ കണ്ടുനിന്നവർ

"നവനവരുധിരം വരിഷിച്ചീടിന
കാളഘനാഘനമാലയിതെന്നും
ബാലാതപനിര പൂണ്ടുനടക്കും
നീലാഞ്ജനഗിരി താനമിതെന്നും
പരിചൊടു ജഗതാമാർത്തിവളർപ്പാൻ
പെരുമാറീടിന കൃത്യയിതെന്നും."

എന്നാദിയായ പല പല അഭിപ്രായങ്ങളും പറഞ്ഞുതുടങ്ങി. ഉൽപ്രേക്ഷകളെല്ലാം തന്നെ കവിയുടെ ധിഷണാശക്തിയേയും വാസനാബലത്തേയും തെളിയിക്കുന്നു. ശൂർപ്പണഖ അതിവേഗത്തിൽ ലങ്കാനഗരിയിൽ സഹോദരസമീപത്തുചെന്നു മൂക്കും മുലയും തിരുമുൽക്കാഴ്ചവച്ചു രാവണനെപ്പഴിച്ചുപറഞ്ഞു. അവളുടെ ഓരോ വാക്കും രാവണന്റെ അഹങ്കാരത്തെ ശമിപ്പിക്കുവാനുള്ള അശനിനിർഘാതമായിരുന്നു.

"... നാനാവിടപിനിബിഡമാം
കാട്ടിലാക്കാട്ടുതീയും
കൂട്ടുംചെയ്തു താനേ വിവശതരമുറ-
ങ്ങും പെരുംഭോഷനോടോ."

എന്ന ഭാഗം കവി എഴുതിയതു

"പ്രേക്ഷിവ്യോദച്ഛിഷം കക്ഷേ
ശേരതേ തേഽഭിമാരുതം."

എന്ന പ്രസിദ്ധശ്ലോകാർത്ഥം മനസ്സിൽവച്ചുകൊണ്ടല്ലയോ എന്നു സംശയിക്കുന്നു.

കോപാരുണേക്ഷണയായ ശൂർപ്പണഖ രാവണസഭാമദ്ധ്യത്തിൽ പ്രവേശിച്ചു പറയുന്നതു വാല്മീകിരാമായണത്തിൽനിന്നുദ്ധരിച്ചു ചിലഭാഗം താഴെ ചേർക്കുന്നു.

"തതഃ ശൂർപ്പണഖാ ദീനാ
രാവണം ലോകരാവണം
അമാത്യമദ്ധ്യേ സംക്രുദ്ധാ
പരുഷം വാക്യമബ്രവീത്.

പ്രമത്തഃ കാമഭോഗേഷു
　　സ്വൈരവൃത്തോ നിരങ്കുശഃ
സമുല്പന്നം ഭയം ഘോരം
　　ബോദ്ധവ്യം നാവബുദ്ധ്യസേ.

*　　*　　*　　*

ത്വം തു ബാലസ്വഭാവശ്ച
　　ബുദ്ധിഹീനശ്ച രാക്ഷസഃ
ജ്ഞാതവ്യം തു ന ജാനീഷേ
　　കഥം രാജാ ഭവിഷ്യസി.

*　　*　　*　　*

അതിമാനിനമഗ്രാഹ്യ-
　　മാത്മസംഭാവിതം നരം
ക്രോധിനം വ്യസനേ ഹന്തി
　　സ്വജനോഽപി മഹീപതിം.

*　　*　　*　　*

ശുഷ്കൈഃ കാഷ്ഠൈൎഭവേൽ കാൎയ്യം
　　ലോഷ്ടൈരപി ച പാംസുഭിഃ
ന തു സ്ഥാനാത് പരിഭ്രഷ്ടൈഃ
　　കാൎയ്യം സ്യാദ്വസുധാധിപൈഃ.

*　　*　　*　　*

അപ്രമത്തശ്ച യോ രാജാ
　　സൎവ്വജ്ഞോ വിജിതേന്ദ്രിയഃ
കൃതജ്ഞോ ധൎമ്മശീലശ്ച
　　സ രാജാ തിഷ്ഠതേ ചിരം.

നയനാഭ്യാം പ്രസുപ്തോഽപി
　　ജാഗൎത്തി നയചക്ഷുഷാ
വ്യക്തക്രോധപ്രസാദശ്ച
　　സ രാജാ പൂജ്യതേ ജനൈഃ.

*　　*　　*　　*

പരാവമന്താ വിപിനേഷു സംഗതോ
ന ദേശകാലപ്രവിഭാഗതത്വവിത്
അയുക്തബുദ്ധിർഗ്ഗുണദോഷനിശ്ചയേ
വിപന്നരാജ്യോ ന ചിരാദ്വിപത്സ്യസേ.”

എന്നും മററും രാവണനെ ഉപദേശിക്കുന്ന ശൂൎപ്പണഖയ്ക്കു് അസാമാന്യസാമൎത്ഥ്യവും, ബുദ്ധിവൈശദ്യവും, രാജധൎമ്മപ്രാവീണ്യവും ഉള്ളതായിക്കാണാം. പുനംനമ്പൂരിയുടെ ശൂൎപ്പണഖ ചാപല്യം കുറച്ചു കൂടുതലായിക്കാണിക്കുന്നവളായി വിചാരിക്കേണ്ടിയിരിക്കുന്നു.

ഈ കഥാഭാഗത്തെ നാരായണഭട്ടതിരി ചാക്യാന്മാരുടെ ആവശ്യത്തിലേക്കു വിസ്തരിച്ചെഴുതീട്ടുണ്ടു്. അതിൽനിന്നു് ഉപയുക്താംശത്തെ താഴേ ചേൎക്കുന്നതു വായനക്കാൎക്കു കൌതുകപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു. ശൂൎപ്പണഖയുടെ രാവണസഭാമദ്ധ്യപ്രവേശത്തെ ഇപ്രകാരം വൎണ്ണിച്ചിരിക്കുന്നു.

“ആക്രന്ദകമ്പിതസഭം പതിതാ പ്രസൎപ്പ-
ദ്രക്താനതിസ്ഫുടനികൃത്തകരാളഗാത്രീ
സംഭ്രാന്തയാതുഗണമദ്ധ്യഗമഗ്രജം സാ
നാസാക്ഷയാന്നിരനുനാസികമേവമൂചേ.”

മൂക്കുപോയ ശൂൎപ്പണഖയെക്കൊണ്ടു് അനുനാസികാക്ഷരങ്ങൾകൂടാതെ കാൎയ്യം പറയിക്കുവാൻ ഭട്ടതിരിക്കുമാത്രമെ സാധിച്ചിട്ടുള്ളു. ആ ശ്ലോകങ്ങളെ വളരെ വിസ്തരിച്ചു് ഒരു യാമത്തോളം അനുനാസികാക്ഷരങ്ങൾകൂടാതെ ഭാഷയിൽ അൎത്ഥംപറഞ്ഞു ഭട്ടതിരിയെക്കൂടി വിസ്മയിപ്പിക്കുവാനുള്ളപാടവം കുട്ടഞ്ചേരി ഇരവിച്ചാക്യാർ ഒരിക്കൽ പ്രദൎശിപ്പിച്ചിട്ടുള്ളതായിക്കേട്ടിട്ടുണ്ടു്. ശൂൎപ്പണഖാപ്രലാപരൂപത്തിലുള്ള ഭട്ടതിരിയുടെ പ്രസിദ്ധമായ നിരനുനാസികാപ്രബന്ധത്തെ താഴെ ചേൎക്കുന്നു.

൧

“ഹാ ഹാ രാക്ഷസരാജ! ദുഷ്പരിഭവ-
ഗ്രസ്തസ്യ ധിൿ തേ ഭുജാഃ
വിദ്യുജ്ജിഹ്വവിപത്തിരേവ സുകരാ
ക്ഷുദ്രപ്രതാപ! ത്വയാ

ധന്യസ്താപത്രപ! പശ്യ പശ്യ സകലൈ-
ശ്ചക്ഷുർഭിരേതാദൃശീ
ജാതാ കസ്യാപി ദേവ താപസശിശോ-
ൎന്നസ്ത്രാത്തവൈവ സ്വസാ.

൨

അസ്യാസ്തിഷ്ഠതു വാ വിവാസിതപതേ-
ർദ്ദുർഭ്രാതൃകായാ വിപത്
സോദര്യാസ്തവ യേ ഖരപ്രഭൃതയോ
യേ ചാപി രക്ഷോഭടാഃ
സർവ്വേ തച്ഛരലീലയാ ബത! കൃതാ
വൈവസ്വതോപാസകാഃ
സ്വാസ്ഥ്യസ്ത്വിഷ്ഠ തവാപി ഭോ ജള! ഗളേ
പ്രായോഽസ്യ ഹേതിഃ പതേത്.

൩

ശ്രോതവ്യൗ തത്വതസ്തൗ യദി തവ കഥയേ
സാ തയോർഗ്ഗാത്രശോഭാ
ദൃഷ്ട്വാ ചേത് പുഷ്പചാപാദപസരതി രതിഃ
പുഷ്കരാക്ഷാദപി ശ്രീഃ
ഭ്രൂനശ്ചാവേഹി ഹീഹീ! കരജദളിതദൈ-
ത്യേശവക്ഷാസ്സ ശൗരി-
ർവ്വിശ്വപ്ലോഷീ സ രുദ്രോഽപ്യതിസുസഹ ഇവ
പ്രസ്തുതേ തത്പ്രതാപേ.

൪

ദൈവൗ ഗോത്രേ സപത്നസ്സപ്തരപി ച ദശരഥാത്
ഖ്യാതവൃത്രാരിസഖ്യാ-
ജ്ജാതൗ സ്ഫീതപ്രഭാവാദഥ കുശികസുതാ-
ദാപ്തദിവ്യാസ്ത്രജാലൗ
അപ്യാദൗ താടകാസൃക്കബളരസവശാ-
ദ്രാക്ഷസാസ്വാദലുബ്ധൈ-
രസ്ത്രൈരേവാദധാതേ ക്രതുവിഹതിഭിദ-
സ്തൗ ഹി ബാല്യേഽപി ലീലാഃ.

൭

ഭൂയശ്ചൈതൌ വിദേഹക്ഷിതിപതിപുരവ-
ൎയ്യാഭിഗുപ്തേ പുരാരേ-
ശ്ചാപേ ദുൎവ്വാരതേജസ്യപി ച ഭൃഗുവരേ
സ്പഷ്ടദൃഷ്ടപ്രഭാവൌ
യാതൌ രാജൎഷിഭ്യഃ കില കൃതശപഥൌ
കപാപി ഘോരേഽത്ര കാൎയ്യേ
ഗോദാവൎയ്യാശ്ച തീരക്ഷിതിഷു വിഹരത-
സ്താപസൌ ചാപഭാജൌ.

ഗദ്യം ൧.

അപിച — അപരാ കാപി പരാത്ഭുതോദ്ഭൂതിരുപശ്രോതവ്യാ ഭവതാ. തത്ര ഖലു തത്താദൃഗേതയോൎഗ്ഗാത്രശ്രീഃ പ്രകാശ്യേത ചേദഖിലാ ഖലുബലാജാതിഃ ശഫരദ്ധ്വജശരൈശ്ശകലീഭവേദിതി കൃപാകലിതചേതസാ വേധസാ വിരചിതാടവീഗൂഢവാസയോസ്തയോരഗ്രജസ്യ ഉദഗ്രവീൎയ്യദുരാസദസ്യ പരിഗ്രഹീഭൂതാ, ദുൎവ്വിഷഹവിഷധരപരിഗൃഹീതേവ ബാലപടീരവല്ലരീ, ജഗദാദിതഃ പ്രഭൃതി പ്രാരബ്ധായാ വധൂവൎഗ്ഗസൎഗ്ഗകൌശലശിക്ഷായാഃ ഫലഭൂതേവ സരോജഭുവഃ, ആകല്പഭാവിബഹുതരളാക്ഷീസൎഗ്ഗാൎത്ഥാപചിതചാരുതാസാരസൎവ്വസ്വയോഗത ഇവോപപാദിതാ, ദരോദ്ഗതശിരീഷപ്രസവകേസരാഗ്രദേശസ്യാപി കഠോരതാപ്രദായിഭിഃ തദടവീപുഷ്പപ്രവാളജാലകപേലവതാസാരൈൎവ്വൈകത്രോപചിതൈഃ സൎവ്വതോവിസാരിപ്രഭാപൂരപരിപോഷകൃതപരിവേഷതയാ സുജാതജാതരൂപദ്രവരൂപതോയധാരദ്ദുരാവഗാഢൈരിവോപലക്ഷ്യൈഃ അവയവൈരേകൈകൈരേവ വ്യാകൃഷ്ടസകലലോകദൃഷ്ടിഃ, സ്വാരസികദിവ്യസൌരഭയോഗാവിരതധാരിതപാരിജാതപ്രസവൈരിവ വിശ്ലഥീഭാവേ ചാശേഷതിരോഹിതപശ്ചാദ്ഭാഗൈഃ ഗാത്രയഷ്ടാവപി ജലധരൈകദേശദൃഷ്ടതടില്ലതാപ്രതീതികാരിഭിഃ കുടിലവിതതായതാകാരതയാ തരളവീചിഭംഗലുളിതസൂൎയ്യസുതാവാരിപൂരപ്രതീകാശൈഃ കേശപാശൈൎദ്ദിവാപി ദൎശിതക്ഷപാവതാരാ, ശശിശേഖരസ്പൎദ്ധാവതാ ചിത്തഭുവാ സ്വാകല്പായ കല്പിതേ ബാലശീതകര ഇവോല്ലസിതേ ഫാലദേശേ വികസ്വരകാൎത്തസ്വരകേതകീദളേ ലളിതഷൾപ്പദാവല്യേവ തരളാളകാവല്യാ പ്രോല്ലസിതാ, അസിത

ദൃഷ്ടിപ്രഭാപ്രവാഹപരിസരപരിലോലബാലകല്ലോലലേഖാലീല
യോഃ ഈഷദചക്രിതശക്രോപലശലാകാതുലായോഗ്യയോഃ ചില്ലീ
ലതയോഃ പ്രകാശിതരസഭാവൈർവിലാസലാസ്യൈഃ ആഹ്ളാദിത
രസികലോകാ, ശ്രോത്രോപശല്യവേല്ലിതതയാ ശ്രവഃപൂരകുവലയ
കലികാപ്രക്ഷേപസ്യ പ്രസൃതാസിതച്ഛായതയാ ച കജ്ജല
പരിഷ്കാരസ്യ അവലോകവിവശീകൃതയുവലോകഹൃദയതയാ
പ്രസവശരശരപ്രഹാരസ്യാപി വിഗതാർത്ഥതാകാരിഭിഃ സ്വച്
ഛതരകപോലച്ഛായാസലിലോച്ചലിതശഫരീവിലാസിതശ്രീഭ
രൈഃ സഹജവ്രീളാരാഗവ്യതികരപാരിപ്ലവൈരക്ഷിപ്രചാരൈഃ
സവിധവിഹാരിവാതായുപോതകേഭ്യോ വീക്ഷാചാതുരീമിവോപ
ദിശതീ, ശ്രുതിഭ്രഷ്ടാലുളിതദിവ്യോപലപര്യസ്തഗഭസ്തിലേഖാവപാ
താദാലിഖിതചിത്രപത്രലേഖാവിവോപലക്ഷ്യൗ അരുചീഭവദ്രതി
പതിവ്യപേക്ഷിതാദശ്വരവിരചിതാവിവ കപോലദേശൗ പ്രതി
വേലപ്രസൃതകേളിഹസിതവിലാസൈരുത്ഫുല്ലദുല്ലാസാവാദധതീ,
പീയൂഷസാരസോദരസ്യ ചാധരസ്യ പരിപാലടരുചിപ്രചയപരി
ചയാത് കദാചിദപ്യവിരതരാഗഗ്രഹൈരിവ ഹൃദയരാഗതൃഷി
തോദയദാലാപപീയൂഷപൃഷതരാജിചാരുഭിരദകോരകൈഃ കേസരി
താസ്യാസരസീരുഹാ, അതിപൃഥുലോച്ഛ്രിതകുചവ്യപദേശോ
ദയശൈലശിഖരദേശാത് ഈഷദുത്പ്ലുത്യാവതസ്പൃഷഃ തുഷാ
രകരാദിവ അവിഗതരാഗോല്ലാസാദചക്രദേശാദതിബഹളതയാ
വിഗളതാ ലളിതഗളപദവ്യാഭിപത്യപരസ്പരാഭിഹതാവസ്ഥിത
കുചയുഗസ്ഥലപ്രതിരോധാദ് ദ്വേധാഭവതാഃ പൗഷേപഷവര
സസുധാസ്രോതസേവ ദോഷാ വിശദകരരുഹവിടപായാഃ കല്പ
ലതായാ അപ്യല്പതാദാത്രീ, ത്രപാവശപ്രതിപദപ്രഹ്വീഭവദാസ്യ
സരസിജഗളിതേ വിഫലീകൃതധവളസിചയഹാരപടീരലേപസിത
ഹസിതദ്യുതിപൂരേ വിസവലയധിയേവോപയാതൗ അധരദ്യുതി
ബാലാതപയോഗാദവിരതഘടിതൗ ചക്രവാകാവിവ ചാരുതര
വക്ത്രവാരിരുഹസൈപരാവലോകകൌതുകാദിവ ഭൃശതരോദ്ഗതി
ഭാജൌ സുവൃത്താവപ്യൗദ്ധത്യാതിഭാരപീഡിതകൃശതരോദര
ദേശൗ ഉരോജകലശാവതികൃച്ഛ്രാദേവാബിഭ്രതീ, സ്വതോ
ദുർബലതയാ വലിഭിരുപരുദ്ധതയാ ചാതിദയാവിഷയോദരദേ
ശാ, പാദാപദേശപാഥോജഗ്രഹപ്രസാരിതകരിവരകരാകാരസ്യാ
തിസ്ഥവീയസോഃ/പ്യൂരുയുഗസ്യ ദുരുദഹഗൌരവയാ പരിഹിതവ
ല്കലപരിപാടലദ്യുതിയോഗാദശേഷയുവലോകചിത്തരാഗോപഷ്ടി

ഷ്ടയേവ രക്തോല്ലലപലാശപൂഗസ്ഥഗിതവിശാലസൈകതൈക ദേശദേശീയയാ അസദൃശതാദൃശവാസോവ്യാസക്തയാപി സർവ്വപ്ര കാരഹൃദ്യതയാകാരസ്യ പരാർദ്ധ്യകൌശേയപരിവീതയേവ വിരാ ജിതയാ കടിതടവീഥ്യാ സഗ്ഗാവസാരേ സരോജവസതേരപി ദത്ത ചിത്തവിക്ഷോഭാ, ദുശ്ചരദേശസഞ്ചാരക്ലേശപ്രയോക്ത്രേ വിധാ ത്രേ രുഷ്ടയേവാതിരക്തയാ തത്ര തരുവരപ്രത്യഗ്രപ്രതീതബാല കിസലയേഭ്യോ ദുരവബോധവിശേഷയാ അടവീദേശദുർല്ലഭ്യേപി ലാക്ഷാരസേ സ്വരുചിഭിരേവ വിരചിതതദാലേപകൃത്യയാ പാദ പയോജയുഗല്യാ കൃതോടജാജിരപ്രചാരസാഹസാ, ചതുർദ്ദശ സ്വപി വിഷ്ടപേഷ്വദൃഷ്ടശ്രുതതത്താദൃശരൂപാതിശയാ, സുരഭി വേലേവ വികസ്വരരസാലസാക്ഷീ, തപവിഭൂതിരിവ പാടലാഭാ ധരാ, പ്രാവൃഡിവ സുരസപയോധരോദ്ഗതിഃ, ശരദിവ ദർശിത സച്ഛച്ഛദഗതിഃ, പ്രാലേയവേലേവ സ്വച്ഛതുഷാരദ്യുതി പ്രകാശാസ്യാ, ശിശിരശ്രീരിവ തപസ്യാഹിതസ്ഥിതിഃ, വാദ്ദേവ തേവ കലധൌതഗൌരാഭാ വല്ലകീകളസ്വരസരസാ ച, ശ്രീരിവ കരവിധൃതസരോരുഹാ അസിതദ്യുതികേശവാസിതാ ച, ഗിരി സുതേവ ഗൃഹീതസതീചരിതാ ഗിരീശലാളിതകുചാ ച, പാദകലിത തുലാകോടിരപി തുലാരഹിതഗാത്രീ, ഉദരദർശിതാസദ്ഭാവാപി പ്രകാശിതസദ്വൃത്താ, ഭുജഗവലയഭൂഷിതാപി ക്രൂരസത്വഭീരു തരാ, ഗളദ്ദ്യുതിവിലാസിതാപി വിഗളത്പ്രഭാപൂരാ, അധരോല്ല സിതാപി ധരാതലൈകഭൂഷാ, ലളിതബാലാഭിഖ്യാപി ഉപാ രൂഢയുവതീഭാവാ, ചക്ഷുഃഫലപങ്ക്തിരിവ വിശ്വസ്യ, വിശ്വ വിക്ഷോഭസിദ്ധവിദ്യേവ പുഷ്പസായകസ്യ, അധിദേവതേവാദ്യസ്യ രസസ്യ, ദൃഷ്ടിഗോചരഗതേവ തൃതീയപുരുഷാർത്ഥസാരകലാ, പ്രാജ്യതരസുകൃതപരിപാകസുലഭാ സ്വതേതി കാപി കാതരാക്ഷീ വീക്ഷിതാ.''

ഈ ഗദ്യപദ്യങ്ങൾ നാരായണഭട്ടതിരി, കുട്ടഞ്ചേരി ഇരവി ച്ചാക്യാരുടെ അപേക്ഷ അനുസരിച്ച് എഴുതീട്ടുള്ളതാണെന്ന തിന്നു തെളിവ്

„അനുനാസികരഹിതാനി
വൃത്തനോദിതാനി ഗദ്യപദ്യാനി
നാരായണാഭിധാനോ
ദ്വിജപോതോ രവിനടേശ്വരാദേശാത്.''

എന്നുള്ള പദ്യം തന്നേയാണ്.

ഈ പ്രബന്ധം ചൊല്ലി അൎത്ഥംപറഞ്ഞ അവസരത്തിൽ ഒരിക്കൽ ഇരവിച്ചാക്യാർ ഒന്നാംപദ്യത്തിലെ „ധിക് തേ ഭുജാഃ" എന്നവാക്യത്തിലെ „ഭുജാഃ" ശബ്ദത്തിന് „ആണത്തമില്ലാത്ത കൈകൾ" എന്നൎത്ഥംപറഞ്ഞതു കേട്ട ഭട്ടതിരി വളരെ സന്തോഷിച്ചു „ചാക്യാരെ ഇത്ര വിചാരിച്ചില്ല" എന്നുപറഞ്ഞതായി ക്കേൾവിയുണ്ട്. ഭുജാൻ എന്നു പുല്ലിംഗബഹുവചനം ഉപയോഗിച്ചാൽ അനുനാസികം വന്നുകൂടുന്നതിനെ ഭയന്നാണ് ഭട്ടതിരി സ്ത്രീലിംഗബഹുവചനമായ ഭുജാഃ എന്നു പ്രയോഗിച്ചതു്. ശൂൎപ്പണഖ രാവണനെ ശകാരിക്കുമ്പോൾ „നിൻെറ ആണത്തമില്ലാത്ത കൈകൾ" എന്നു പറയുവാൻ ഭുജാശബ്ദം ഇടംകൊടുത്തതു ഭട്ടതിരിക്കു വളരെ സന്തോഷമുണ്ടാക്കി. അതിനെ അവസരോചിതമായി പ്രയോഗിച്ച ഇരവിച്ചാക്യാരെ ഭട്ടതിരി വളരെ അനുമോദിക്കുകയും ചെയ്തു.

ശൂൎപ്പണഖയുടെ കൎണ്ണകഠോരമായ വാക്കുകളെക്കേട്ടു പരിതാപംപൂണ്ടു നിഷ്പ്രഭനായിത്തീൎന്ന രാവണൻ അവളുടെ മനസ്സിൻെറ ഗതിയെ വിഷയാന്തരത്തിലെക്കുതിരിച്ചു വിടുന്നതിലേക്കായി വൈരനിൎയ്യാതനദ്വാരാ സ്വപരാക്രമത്തെ വൎണ്ണിച്ചു സമാധാനത്തേ പ്രാപിക്കുന്നു.

ആദ്യമെതന്നെ ചന്ദ്രഹാസത്തിൻെറ മാഹാത്മ്യത്തേ പ്രഖ്യാപനം ചെയ്തശേഷം ക്രമത്താലെ അഷ്ടദിക്പാലകന്മാരായ ഇന്ദ്രൻ, വഹ്നി, പിതൃപതി, നിരൃതി, വരുണൻ, മരുത്, കുബേരൻ എന്നിവരുടെ നിസ്സാരതയേ പറയുന്നകൂട്ടത്തിൽ ഈശനെ ഉൾപ്പെടുത്താഞ്ഞതു വരദാതാവായതുകൊണ്ടു മാത്രമായിരിക്കാം. ശൂൎപ്പണഖ അഷ്ടദിക്പാലകന്മാരുടെ വൈരൂപ്യാദിദോഷകഥനംചെയ്തു് അവരിലാരും തനിക്കനുരൂപനായ ഭൎത്താവല്ലെന്നു രാമനോടു പറയുന്നകൂട്ടത്തിൽ ഈശനെ വിട്ടുകളയാഞ്ഞതു രാവണനുള്ളപോലെ ഈശനോട് അവൾക്കു യാതൊരു കടപ്പാടുമില്ലാഞ്ഞതുകൊണ്ടു മാത്രമാണ്.

ശൂൎപ്പണഖ „വെള്ളിക്കുന്നു പറിച്ചെടുത്ത പൂകൾകൊണ്ടീട്ടു"ന്ന രാവണൻെറ പരാക്രമങ്ങളെ നേരിട്ടുപഹസിച്ചു സമയം തത്സംബന്ധമായുണ്ടായ കഷ്ടാരിഷ്ടങ്ങളോൎത്തു തത്കാലം

ഈശനെ അഷ്ടദിക്പാലന്മാരുടെ കൂട്ടത്തിൽനിന്നു ജളനായ രാവണൻ വിമോചിച്ചതായും പക്ഷേ വിചാരിക്കാം.

സ്വപരാക്രമപ്രഖ്യാപനംകൊണ്ടു മതിമറന്നു പ്രതാപ ലങ്കേശ്വരനായിത്തന്നെ സഭാമദ്ധ്യത്തിൽ ഇരുന്നരുളുന്ന രാവണൻ,

„ഇനിയുമതുമിതും പറഞ്ഞു കാലം
ക്ഷണമപി നീ കളകായ്ക ചൊല്ലു നേരേ."

എന്നു പറഞ്ഞപ്പോൾ സഹോദരിയായ ശൂൎപ്പണഖ മുറിമൂക്കിൽനിന്നു ചാടുന്ന രക്തപ്രവാഹത്തേ ജയിക്കുന്ന വാക്പ്രവാഹത്തോടുകൂടി സ്വകാൎയ്യലാഭത്തിന്നുതകുന്നവിധം പലതും പറഞ്ഞു രാവണചിത്തത്തെ മറെറാരുവിധം പ്രക്ഷോഭിപ്പിച്ചു.

നമ്പൂരിയുടെ വാശ്ധാടിയും, സന്ദൎഭോചിതമായ സംഭാഷണരീതികളും പ്രസ്പഷ്ടമായി പ്രകാശിക്കുന്ന പദ്യസമൂഹങ്ങളിൽ നിറഞ്ഞു വഴിഞ്ഞൊഴുകുന്ന മാധുരീസാരസമ്പത്തിനെ പൂൎണ്ണമായനുഭവിക്കുവാനുള്ള അവസരം സഹൃദയന്മാൎക്കിപ്പോൾ സുലഭമായിക്കിട്ടുന്നതു വ്യൎത്ഥമാക്കിക്കളയാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

„.........................പുരുഷ-
ശ്രേഷ്ഠൌ കൌചന രാമലക്ഷ്മണതയാ
ഭേദാ സ്ഥിതൌ മന്മഥൌ."

എന്നു പറഞ്ഞിരിക്കുന്നതിനേക്കാൾ രാമലക്ഷ്മണന്മാരുടെ സൌന്ദൎയ്യത്തെ സംക്ഷേപിച്ചു വൎണ്ണിക്കുവാൻ പ്രയാസമാണ്. അത്രയും പറഞ്ഞതുകൊണ്ടു തൃപ്തിവരാതെ കവി വീണ്ടും

„ദൃഷ്ട്വാ തൌ തു പുമാനപി സ്പൃഹയതേ
സ്ത്രീജന്മനേ സൎവ്വദാ."

എന്നു മുൻപിലത്തെ ആശയത്തേത്തന്നെ സ്പഷ്ടമാക്കിയിരിക്കുന്നു. ശൂൎപ്പണഖ അവരെക്കാമിച്ചതിൽ യാതൊരു തെററുമില്ലെന്നു പിന്നെപ്പറയേണ്ടതില്ലല്ലോ. സാരവും സാരസ്യവും ഒരുപോലെ കാണുന്ന കവിത ദുൎല്ലഭമായിരിക്കാമെങ്കിലും അവ പുനംനമ്പൂരിയുടെ കവിതയിൽ നിസൎഗ്ഗമധുരമായി ചേൎന്നിരിക്കുന്നവിധം

രാമലക്ഷ്മണന്മാരിൽ സൌന്ദൎയ്യവും പ്രതാപവും ഒരുപോലെ മനോഹരമായി മേളിച്ചിരിപ്പുണ്ടെന്നു കാണിപ്പാൻ ശൂൎപ്പണഖ:-

„ശക്രോ വാ കുലിശീ പുരാരിരഥവാ
ശൂലീ മുകുന്ദോऽപിവാ
ചക്രീ താൻ യുധി ജേതുമപ്യലമസൌ
ജ്യായാൻ കനീയാനിവ."

എന്നവിധം പറഞ്ഞിട്ടുള്ളതു യുക്തിയുക്തമായിരിക്കുന്നു. ഈ ഗുണഗണങ്ങളുടെ ആവാസഭൂമിയായ രാമനേയും, ലക്ഷ്മണനേയും ശൂൎപ്പണഖ കണ്ടപ്പോൾ

„ചേലേന്തുന്ന നിലാവിലിന്ദുശിലപോ-
ലേ ചെററലിഞ്ഞീടിനേൻ."

എന്നു പറഞ്ഞതു ക്ഷന്തവ്യമാണല്ലോ. ശൂൎപ്പണഖയുടെ നാസാച്ഛേദം ചെയ്തതാരാണെന്നുള്ള രാവണന്റെ ചോദ്യത്തിനു വിണ്ണോരാദിയായിട്ടുള്ളവരാരുമല്ലെന്നു ശൂൎപ്പണഖ പറഞ്ഞിട്ടു,

„അന്യായം മയി ചെയ്തതൊട്ടുമനുക-
മ്പാശൂന്യചിത്തസ്ത്വയോ-
രുന്നമ്രഭ്രൂതിലക്ഷ്മണൻ കരതലേ
പോൎവാളുമാലോലയൻ."

എന്നവിധം പ്രസ്താവിച്ചിട്ടുള്ളതു ശ്രദ്ധേയമാണ്. ഇവിടെ „അനുകമ്പാശൂന്യ"നെന്നും „ഉന്നമ്രഭ്രൂതി" എന്നും രണ്ടു വിശേഷണങ്ങളെക്കൊണ്ടു ലക്ഷ്മണനെ വിശേഷിപ്പിച്ചിരിക്കുന്നതു സാരഗൎഭമായിട്ടുള്ളതാകുന്നു. ലക്ഷ്മണൻ അനുകമ്പാശൂന്യനായതു കൊണ്ടു ശൂൎപ്പണഖയ്ക്കു പരിതാപവും, ഉന്നമ്രഭ്രൂതിയായതുകൊണ്ടു പ്രേമവും ഇപ്പോഴും ഉണ്ടെന്നു സ്പഷ്ടമാകുന്നു. രാമനെ ശൂൎപ്പണഖ കുററപ്പെടുത്തിപ്പറയാത്തതു അദ്ദേഹത്തിന്റെ നേരേ അവൾക്കുണ്ടായിട്ടുള്ള പ്രേമാതിശയം നിമിത്തമോ, കാൎയ്യഗതികളുടെ യഥാൎത്ഥസ്വഭാവം മുഴുവനും അവൾ മനസ്സിലാക്കാഞ്ഞതുകൊണ്ടോ എന്നു ചിന്തിച്ചു തീരുമാനിച്ചുകൊള്ളേണ്ടതാണു.

„പൂവിൽപെണ്ണിനുമില്ല താദൃശമഹോ
ലാവണ്യമെല്ലാരുമീ-
ദേവസ്ത്രീകളവൾക്കു താലിപിഴിവാൻ
പോലും തരംപോരുമോ."

ഇവിടെ „താളിപിഴിയുക" എന്നതു പൂവ്വകാലങ്ങളിലെ ഒരു ശൈലിയായിരുന്നു. ഈ അത്ഥത്തിൽതന്നെ ഈ പദത്തെ പ്രാചീനകവികൾ ദുല്ലഭമായിട്ടെങ്കിലും ഉപയോഗിച്ചിട്ടുണ്ടെന്നു കാണിപ്പാൻ ഒരു ഉദാഹരണം താഴെ ചേൎത്തുകൊള്ളുന്നു.

„കാളാംഭോധരപാളിതാളിപിഴിയും
കററക്കരിമ്പൂങ്കുഴൽ-
ക്കാലംബായ മുഖാവലോകസമയേ
നെയ്യുക്കുമിച്ചന്ദ്രമാഃ
കോലത്താർചരഭൂമിപാലകനക-
ക്കുംഭംതൊഴും പോർമുല-
ക്കോലക്കത്തൊട്ടു നിന്നെ വാഴ്ത്തുവതിനി-
ന്നാളല്ല കൌണോത്തരേ!"

കാമ്മേഘങ്ങൾ അവളുടെ തലമുടിക്കു താളിപിഴിയുമെന്നതുകൊണ്ടു ദാസ്യപ്രവൃത്തിചെയ്യുമെന്നു താത്പയ്യം. ദേവസ്ത്രീകളാകട്ടെ സീതയുടെ ദാസ്യപ്രവൃത്തി ചെയ്യാൻപോലും യോഗ്യതയില്ലാത്തവരാണെന്നു കവി പറഞ്ഞിരിക്കുന്നതുകൊണ്ടു സീതയുടെ സൌന്ദയ്യാതിശയം വ്യക്തമാക്കിയിരിക്കുന്നു. ,നെയ്യുക്കുക' എന്നു ശൈലി ഇപ്പോഴും പറഞ്ഞു വരാറുള്ള „നെയ്യിണ്ടിവെയ്ക്കുക" എന്നതിൽ അന്തഭവിച്ചതായിരിക്കണം.

രാമലക്ഷ്മണന്മാരുടെ പരാക്രമത്തെ വണ്ണിക്കുന്നതുകൊണ്ടു രാവണന്ന് അവരുടെനേരേ വൈരവും, സീതയുടെ സൌന്ദയ്യാതിശയത്തെ വിവരിക്കുന്നതുനിമിത്തം അയാൾക്കു് അവളിൽ അനുരാഗവും ഉണ്ടാകുന്നതായാൽ ഏതുവിധമെങ്കിലും സ്വകായ്യലാഭത്തിന്നിടവരുമെന്നായിരിക്കാം ശൂപ്പണഖയുടെ അന്തൎഗ്ഗതം. „അന്യഥാ ചിന്തിതം കായ്യം ദൈവമന്യത്ര ചിന്തയേൽ" എന്ന വിധത്തിൽ കായ്യം തത്കാലം കലാശിച്ചുപോയെങ്കിലും ജന്മാന്തരത്തിൽ ശൂപ്പണഖയുടെ അഭിലാഷസിദ്ധിക്കവസരം ലഭിച്ചതായിപ്പറയുന്ന പുരാണകഥ പ്രസിദ്ധമാകയാൽ അതിനെ ഇവിടെ ചേക്കുന്നില്ല.

„മനസി പൊറായുന്നതെല്ലായിലും മേ" എന്നും „പൂഴികപ്പിപ്പനെന്നകൈയ്യുംകൊട്ടിച്ചിരിച്ചാൻ" എന്നും മററും ഓരോരൊ സന്ദഭോചിതമായ അഭിപ്രായങ്ങളെപ്പറഞ്ഞു രാവണൻെറ മന

സ്സിൽ പ്രതീകാരബുദ്ധിയുണ്ടാക്കിത്തീൎക്കുവാൻ ശൂൎപ്പണഖ പ്രയോഗിക്കുന്ന കൌശലങ്ങൾ പൂനംനമ്പൂരിയുടെ ലോകപരിചയത്തെ പ്രഖ്യാപനം ചെയ്യുന്നു.

ശൂൎപ്പണഖയ്ക്കു വന്നുചേൎന്ന വൈരൂപ്യത്തെക്കണ്ടും, അവളുടെ വാക്കുകേട്ടും കൊണ്ടു സ്വല്പനേരം രാവണൻ ചിന്താമഗ്നനായിരുന്നു.

"ആലോക്യ ചാകൎണ്ണ്യ ച താം തദുക്തം
രാമഞ്ച മത്വാ മഹിതപ്രഭാവം
സ മൈഥിലീം പ്രത്യുദിതാഭിഷംഗോ
ബഭൂവ ചിന്താസ്തിമിതോ മുഹൂൎത്തം."

സീതയുടെ സൌന്ദൎയ്യമകരന്ദധാരയെ ശ്രവണപുടത്തിൽ കൂടി പാനംചെയ്തു വിഭ്രാന്തചിത്തനായ രാവണൻ സീതാപഹരണത്തിന്നത്യന്തം ഉദ്യുക്തനായിത്തീൎന്നു.

"അഥ തരളഭുജംഗീതുംഗഗംഗാതരംഗാ-
ദിവ പുരഹരമൌലേൎവ്വാമശീതാംശുലേഖാം
നിശിതവിശിഖപാണേ രാവണോ രാമഭദ്രാ-
ജ്ജനകനൃപതനൂജാം ഹൎത്തുമീഹാം ബഭൂവ."

എന്നുപറഞ്ഞപ്രകാരം ദുഃഖഭൂയിഷ്ഠവുമാപത്ക്കരവുമായ കാൎയ്യത്തിലാണ് രാവണൻ മനസ്സുവച്ചതു്. കാമാന്ധനായ രാവണൻ ഉടനെ പുറപ്പെട്ടു മാരീചഗേഹത്തിൽ ചെന്നു. അപ്പോൾ മാരീചൻ

"രാജൻ! കച്ചിദനാമയം തവ ഘന-
ദ്രോൎവ്വീൎയ്യനിൎവ്വാസിത-
സ്വൎവ്വാസിവ്രജസൎവ്വഗൎവ്വലഹരീ-
ദുൎവ്വാരഗൎവ്വശ്രിയഃ
കാൎയ്യം കിം കരവാമ കിങ്കരജനാ
ലങ്കാപതേസ്തേ വയം
യേനൈവം സ്വയമേവ ദുല്ലഭതരാ-
സ്തേ യൂയമായാസിതാഃ."

എന്നു "ഭക്ത്യാ സേവിച്ചു പാദാന്തേ തൊഴുതു" ചോദിച്ചപ്പോൾ രാവണൻ

“..................നീയിദാനീം
പുത്തൻ പൊൻമാൻകിടാവായ് വിഹര ജനകജാ-
രാമയോരഗ്രഭാഗേ.”

എന്നു സംക്ഷേപമായിപ്പറഞ്ഞു

“ഇത്ഥം നക്തഞ്ചരേന്ദ്രൻ പറയുമളവു മൂ-
ന്നുരുവട്ടിക്കൊട്ടുന്തി
ചിത്തേ വീണു ഭയംകൊണ്ടവൻ വിവശനാം
താടകേയന്നകാണ്ഡേ.”

വിശ്വാമിത്രയാഗരക്ഷചെയ്തസമയം രാമൻ ആഗ്നേയാസ്ത്രം പ്രയോഗിച്ചു മാരീചനെ സമുദ്രത്തിൽ പതിപ്പിച്ചവൃത്താന്തം ഓൎമ്മവച്ചാൽ മാത്രമെ “മൂന്നുരുവട്ടിക്കൊട്ടുന്തി ചിത്തേ വീണു” എന്നുപറഞ്ഞതിൻെറ സാരസ്യം മനസ്സിലാക്കുവാൻ സാധിക്കയുള്ളു. “ശ്രീരാമദോൎവ്വിക്രമവിഭവമവന്നാ നടേ സിദ്ധമല്ലോ” എന്നു കവിതന്നെ പിന്നീടുപറഞ്ഞിട്ടുള്ളതുകൊണ്ടു പൂൎവ്വോക്താഭിപ്രായത്തിൻെറ സാംഗത്യം സ്പഷ്ടമാക്കപ്പെട്ടിരിക്കുന്നു.

“ചില്ലീലാസ്യങ്ങൾകൊണ്ടേ കുസുമവിശിഖശാ-
സ്ത്രത്തിനൎത്ഥങ്ങൾ ചൊല്ലും
നല്ലാർ വേണ്ടുംതരത്തിൽ തവ പലരുളരോ-
ൎത്തീടിതെന്തിന്നുവേണ്ടി?”

കുസുമവിശിഖശാസ്ത്രത്തിന് അൎത്ഥങ്ങൾ ചില്ലീലാസ്യങ്ങൾകൊണ്ടോതുന്ന നല്ലാരെക്കാൾ

“പഞ്ചശരശാസ്ത്രബോധന-
പരമാചാൎയ്യേണ ദൃഷ്ടിപാതേന.”

കാമജേതാവിനെ മോഹിപ്പിക്കുന്ന കുമാരിക്കു മഹാത്മ്യമേറുമെന്നു പറയാതെതന്നെ അറിയാവുന്ന സംഗതിയാണെല്ലൊ. സാഹസകൃത്യങ്ങളിൽ ഏൎപ്പെടാതെ കഴിക്കണമെന്നുത്സാഹിക്കുന്ന മാരീചൻ ‘ജാനകീവല്ലഭനെ മറുപുറത്തങ്ങിരുത്തായ്ക നല്ലൂ’ എന്നു രാവണനോടുപദേശിച്ചു.

“തന്നത്താനോൎത്തുവേണം പ്രബലരൊടു പിണ-
ങ്ങീടുവാൻ ദുൎബ്ബലന്മാർ.”

എന്നവിധം അൎത്ഥാന്തരന്യാസം ചെയ്തു രാമന്റെ പ്രാബല്യവും, രാവണന്റെ ദൌൎബ്ബല്യവും സ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്നു.

മേൽ പറഞ്ഞ അൎത്ഥം ഏകദേശം ധ്വനിപ്പിച്ചുകൊണ്ടു ഭട്ടതിരി എഴുതീട്ടുള്ള പദ്യം താഴേ ചേൎക്കുന്നു.

„രാജൻ! രാവണ! രാക്ഷസാധിപ! ഭവാൻ
വിദ്യാസു പാരംഗതോ
ജാനീതേ ഖലു ധൎമ്മജാതമഖിലം
കസ്മാദിയം തേ മതിഃ?
നോ യുക്തന്ത്വവിചാൎയ്യ കാൎയ്യകരണം
സൎവ്വാപദാമാസ്പദം
ന ശ്രേയാൻ ബലവദ്വിരോധ ഇതി മേ
സിദ്ധാന്ത ഏവ പ്രഭോ!"

അതിന്റെശേഷം മാരീചൻ രാവണനു ശ്രേയസ്സുണ്ടാവാൻ കൊള്ളാമെന്നുള്ള മോഹത്തോടുകൂടി ഇപ്രകാരം അപേക്ഷിച്ചു.

„പ്രസീദ മോഘം കുരു ചിത്തമോഹം
ലങ്കാം പ്രസന്നോ ഭജ സാധു ഗച്ഛ
ത്വം സ്വേഷു ദാരേഷു രമസ്വ രാജൻ!
രാമഃ സഭാൎയ്യോ രമതാം വനേഷു."

ഇതുകൊണ്ടു യാതൊരുഫലവുമില്ലെന്നു കണ്ടപ്പോൾ സമ്പ്രദായം മാററിപ്പറഞ്ഞുതുടങ്ങി.

രാമന്റെ പാവകാസ്ത്രത്താൽ പരിഭൂതനായ മാരീചൻ അന്നുമുതൽ രേഫസഹിതങ്ങളായ നാമങ്ങളിൽകൂടി ഭയവിഹ്വലനായിത്തീൎന്നുപോയതുകൊണ്ടു രാവണശബ്ദവും ദുരുച്ചാൎയ്യമായതിൽ അത്ഭുതപ്പെടുവാനവകാശമില്ല.

രാമനിൽ സ്ഥിരമായ ഭയം മാരീചനുണ്ടായതുകൊണ്ട്

„ഇക്കാണായ മരാമരങ്ങളുമോരോ
ശൈലാശ്മകൂടങ്ങളും
പക്ഷിവ്രാതവുമിമ്മൃഗങ്ങളുമമീ
ജന്തുക്കളും മററുള്ളതും

രക്ഷോനാഥ! ഭവാനമനപിതഭയോ
ഞാൻതാനമെന്നല്ലഹോ!
മൽക്കണ്ണിങ്കലകപ്പെട്ടുന്നതഖിലം
ശ്രീരാമചന്ദ്രായതേ.''

എന്നു പറഞ്ഞവിധം സകലജഗത്തും അയാൾക്കു ശ്രീരാമചന്ദ്രമയമായിത്തോന്നീ. മനോവൃത്തി ഭഗവദ്വിഷയത്തിൽ ഭയം നിമിത്തം വ്യാപരിക്കുന്നതായാലും സാരൂപ്യത്തിൽ പര്യവസാനിക്കുന്നു.

''കാമം ക്രോധം ഭയം സ്നേഹ-
മൈക്യം സൌഹൃദമേവ ച
നിത്യം ഹരൌ വിദധതോ
യാന്തി തന്മയതാം ഹി തേ.''

എന്നു ശ്രീമദ്ഭാഗവതത്തിൽ കാണുന്നു. കാമംകൊണ്ടു ഗോപസ്ത്രീകളും, ക്രോധംനിമിത്തം ശിശുപാലാദികളും, ഭയംനിമിത്തം കംസാദികളും, സ്നേഹം നിമിത്തം യശോദാമുതലായവരും, ഐക്യംനിമിത്തം പാണ്ഡുപുത്രാദികളും, ഭക്തിനിമിത്തം നാരദാദികളും മുക്തന്മാരായിത്തീൎന്നു.

കംസനേപ്പോലെ ഭയംനിമിത്തം മാരീചനും മുക്തിക്ക് അൎഹനായിത്തീൎന്നു എന്നു കവിവാക്യംകൊണ്ടു സ്പഷ്ടമായി ഗ്രഹിക്കാവുന്നതാണ്. മാരീചൻെറ മനഃസ്ഥിതി വിശദമായറിയുവാനുള്ള പാടവം രാവണനു തത്കാലം സിദ്ധിച്ചിട്ടില്ലാത്തതുകൊണ്ടാണ് അയാൾ കോപാക്രാന്തനായിത്തീൎന്നതു്.

രാമനേക്കുറിച്ചുള്ളിലുള്ള അവ്യക്തമായ ഭയത്തേ പ്രകാശിപ്പിക്കാതിരിക്കുന്നതിനുവേണ്ടി ആത്മസ്തുതിയും, ശത്രുനിന്ദയും ഒരുപോലെ ചെയ്തു കൃതാൎത്ഥനായിത്തീരുവാനുത്സാഹിക്കുന്ന രാവണൻെറ ചേഷ്ടിതം കാപട്യവിശിഷ്ടമായിട്ടുള്ളതാണെന്നു വ്യാഖ്യാനിക്കാവുന്നതാണെങ്കിലും തൻെറ ദുരുദ്ദേശത്തെ സാധിക്കുന്നതിന്നു് ഈ മാൎഗ്ഗത്തേ തത്കാലം അവലംബിക്കാതെ നിവൃത്തിയില്ലെന്നുള്ളതു സ്മൎത്തവ്യമാണ്.

''ത്രൈലോക്യേ സൌരഭംകൊണ്ടുരപെരുകിന പീ-
നാപദാനക്കലമ്പൻ-
മാലാജാലങ്ങളാൎന്നുള്ളകം നിശിചരപെരുമാൾ
ഞാനിരിക്കേ വിശങ്കം

നീ ലാളിക്കുന്നതെന്തങ്ങൊരു മനുജശിശ്ശും
വാനരത്തിൻകിശോരം-
പോലെ പേടിച്ചു രാഷ്ട്രാദപി പിഴകി വനാ-
ന്തത്തെ വന്നാശ്രയന്തം.''

എന്നിത്രയും പറയുംപോൾ തന്നെ രാവണന്റെ മനസ്സിൽ സ്വല്പം ആശ്വാസമുണ്ടായിത്തീരുമെന്നു മനുഷ്യഹൃദയത്തേയോ, രാക്ഷസഹൃദയത്തേയോ കുറിച്ചു ചിന്തിക്കുവാൻ ശീലിച്ചിട്ടുള്ള സകലരും സമ്മതിക്കുന്നതാണ്. ഇതാണ് രാവണന്റെ ചില പ്പോഴെല്ലാം ആത്മപ്രശംസാദികൾ ചെയ്യുന്നതിന്റെ രഹസ്യം

രാവണമാരീചസംവാദത്തിൽ കവി അസാമാന്യമായ ബുദ്ധിചാതുൎയ്യം പ്രകടിപ്പിച്ചിരിക്കുന്നു. ആത്മപ്രശംസകൊണ്ടും, മൃദുയുക്തികളെക്കൊണ്ടുമാണ് രാവണൻ സമാധാനരൂപത്തിൽ ചിലതെല്ലാം പറയുന്നതു്. അതിനും അവസരമില്ലാതായ സമയം രാവണൻ കോപിച്ച്

,,ഏവം നിന്നിനുമേറെപ്പറകിലദയമെ-
ന്നാണ് ഞാൻ വാൾമുനയ്ക്കൽ
തേവാരിപ്പിപ്പനാസ്ത്താം തൊഴിലിതു വചനം-
കേൾക്ക നല്ലു മദീയം.''

എന്നവിധം കാൎയ്യക്ഷമമായ മാൎഗ്ഗത്തേ നിൎദ്ദേശിക്കുന്നു.

ഇതുകേട്ടപ്പോൾ ഏതുവിധവും മരണം സമീപിച്ചിരിക്കുന്നു എന്നു മാരീചൻ തീൎച്ചയാക്കി. ഉണ്ടചോററിനു നന്ദികേട്ടു കാണിച്ചു രാവണന്റെ കൈകൊണ്ടു മരിക്കുന്നതിലും ഉണ്ട ചോററിനു നന്ദികാണിച്ചു രാഘവസായകമേററു മരിക്കുന്നതുതന്നെ നല്ലതെന്നു മാരീചൻ നിശ്ചയിച്ചു.

,,രണ്ടു ജാതിയുമണഞ്ഞിതെന്മരണമെങ്കി-
ലും തവ കരോമി ഞാ-
നുണ്ടചോററിനുപകാരമെന്നുടൽ ജുഹോമി
രാമശരപാവകേ.''

ശ്രീരാമചന്ദ്രനോടു രാവണൻ യുദ്ധം ചെയ്യുന്നതായാൽ ഉണ്ടാവുന്ന ഫലമിന്നതെന്നുകൂടി മുൻകൂട്ടി അറിവാൻ മാരീചനു സാമൎത്ഥ്യമുണ്ടായിരുന്നു

„ഉണ്ടിട്ടത്തെഴുന്നള്ളത്തു വീര! യമരാജ-
ധാനിയിൽ നിനക്കസൌ
മണ്ടിവന്നിഹ പൊലിച്ചെതിപ്പതിന്നു മുൻപി-
ലേ ബത ഗതോഽസ്മി ഞാൻ.”

എന്നുപറഞ്ഞപ്രകാരം മാരീചൻ യമരാജധാനിയിൽ ആദ്യം തന്നെ ചെന്നു രാവണന്റെ എഴുന്നള്ളത്തിനെ പ്രതീക്ഷിച്ചു സത്കരിക്കുവാൻ തയാറായിരുന്നു. ഇപ്രകാരം സംഗതികളെ അവസരോചിതമായിപ്പറഞ്ഞു ഫലിപ്പിക്കുന്നതിന്നു പുനംനമ്പൂരിക്കു പ്രത്യേകം സാമത്ഥ്യമുണ്ട്.

മൃത്യുമുഖത്തിൽനിന്നു മുക്തനായിത്തീൎന്ന മാരീചൻ നവഘനശ്യാമനായ രാമനെ മനസ്സിൽകണ്ടുകൊണ്ടു മായയുടെ സഹായത്താൽ കനകഹരിണമായി വനമദ്ധ്യത്തിൽ പ്രവേശിച്ചു.

„സ്വച്ഛന്ദ്യംപൂണ്ടു ദൂൎവ്വാദളമതിമൃദുലം
മെല്ലെമെല്ലേ മുകൎന്നും
പോയ്ചെന്നീടുന്നതും നിന്നഗതി മഴറി നോ-
ക്കുന്നതും മുഗ്ദ്ധലീലം
വാച്ചീടും വേഗമോടുന്നതുമപര! കുതി-
ക്കുന്നതും കണ്ടുകൊണ്ട-
ങ്ങാശ്ചൎയ്യപ്പെട്ടു പിൻപേ ദശമുഖനുമസൌ
വ്യോമവീഥ്യാ ജഗാഹേ.”

കനകഹരിണത്തിന്റെ ലീലാഗതികളെ വൎണ്ണിക്കുന്ന ഈ പദ്യം എഴുതുവാൻ കവിയെ പ്രേരിപ്പിച്ചതു കാളിദാസന്റെ ശാകുന്തളത്തിലെ താഴെ ചേൎക്കുന്ന ശ്ലോകമാണ്.

„ഗ്രീവാഭംഗാഭിരാമം മുഹുരനുപതതി
സ്യന്ദനേ ദത്തദൃഷ്ടിഃ
പശ്ചാൎദ്ധേന പ്രവിഷ്ടഃ ശരപതനഭയാൽ
ഭൂയസാ പൂൎവ്വകായം
ദൎഭൈരൎദ്ധാവലീഢൈഃ ശ്രമവിവൃതമുഖ-
ഭ്രംശിഭിഃ കീൎണ്ണവൎത്മാ
പശ്യോദഗ്രപ്ലുതത്വാദ് വിയതി ബഹുതരം
സ്തോകമുൎവ്വ്യാം പ്രയാതി.”

എന്ന കാളിദാസപദ്യത്തെ പൂനംനമ്പൂരി സങ്കോചിതമായ വിധം പരിഷ്കരിച്ചു വിവൎത്തനം ചെയ്തിട്ടുള്ളതു മൂലത്തെക്കാൾ ഒരു മാററുക്കൂടിയതാണെന്നു പറഞ്ഞാൽ സഹൃദയന്മാർ നെററി ചുളുക്കുകയില്ലെന്നു വിശ്വസിക്കുന്നു. എന്നാൽ പൂനം നമ്പൂരി മേൽ എഴുതിയ ശ്ലോകത്തിലെ "ദൂൎവ്വാദളമതിമൃദുലം മെല്ലെമെല്ലെ മുകന്നും" എന്നാദിയായ ചില ആശയങ്ങൾ ആശ്ചൎയ്യചൂഡാമണിയിലെ "തൃണമഭിനവം ജിഹ്വാഗ്രേണ സ്പൃശന്നിവ ധാവതി" എന്നു മുതലായ ചിലഭാഗങ്ങളിൽ നിന്നു സ്വീകരിച്ചിട്ടുണ്ടെന്നുള്ള സംഗതി ഇവിടെ ഗോപനം ചെയ്യുന്നില്ല.

അതിമനോഹരമായ ഈ കനകഹരിണം,

"അക്കാലത്തഗ്രഭാഗേ നവകനകരജോ-
രാശി ചൂഴും ധരിത്രീ-
ചക്രേ ചെന്നങ്ങുമിങ്ങും മഴറിമഴറിനോ-
ക്കിക്കളിച്ചാകുലാംഗം."

സീതാദേവിയെ കൌതുകാൎദ്രയാക്കിത്തീൎത്തതിൽ അത്ഭുതപ്പെടുവാനില്ല. ഹരിണത്തിനെ വൎണ്ണിച്ചു തൃപ്തിവരാഞ്ഞതുനിമിത്തം അതിനെ ഒന്നുകൂടി സീതയെക്കൊണ്ടു കവി വൎണ്ണിപ്പിച്ചിരിക്കുന്നു. ഇതുപോലെ സരസമൊ, ഹൃദ്യമൊ, ചമത്കൃതിയുക്തമൊ ആയ ഒരു ദണ്ഡകം ആരെങ്കിലും എഴുതീട്ടുണ്ടെങ്കിൽ അതു പൂനംനമ്പൂരിയല്ലാതെ മററാരുമുണ്ടെന്നു തോന്നുന്നില്ല.

"ഉണ്ടാവനെന്തു ഞായം മണിമയഹരിണം
പണ്ടിതാരാനുമുണ്ടോ
കണ്ടോർ കേട്ടിട്ടുമില്ലെന്നൊരു സരണി നിരൂ-
പിച്ചു കണ്ടാലകാണ്ഡേ
വണ്ടാർപൂഞ്ചായലാൾതൻ വചനമിതി സമാ-
കൎണ്ണ്യ മാനിന്നുപിൻപേ
മണ്ടീ രാമോ ധനുഷ്മാ;നൊരുവനമുടനാ-
പത്സു കൻ കണ്ടുകൂടാ."

കനകഹരിണത്തിന്റെ യാഥാൎത്ഥ്യത്തെക്കുറിച്ചു ചിന്തിക്കുവാൻ മായാപ്രക്ഷോഭം നിമിത്തം മാഞ്ഞനീതിപ്രസൃതനായ രാമനു സാധിച്ചില്ല. അങ്ങനെ വരാനുള്ള സംഗതി "ഒരുവനമുടനാപ

ത്സ്യ കൺ കണ്ടുകൂടാ" എന്നു പറഞ്ഞു കവിതന്നെ സമാധാനപ്പെടുന്നു.

മേൽ ചേൎത്തിട്ടുള്ള പദ്യം ഒരു പ്രസിദ്ധമായ പുരാതന സംസ്കൃതശ്ലോകത്തേ വിസ്തരിച്ചു വിവൎത്തനംചെയ്തു ഭംഗിയാക്കീട്ടുള്ളതാണെന്നു രണ്ടുംകൂടി താരതമ്യപ്പെടുത്തി നോക്കുമ്പോൾ നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്.

"അസംഭവം ഹേമമൃഗസ്യ ജന്മ
തഥാപി രാമോ ലുലുഭേ മൃഗായ
പ്രായഃ സമാപന്നവിപത്തികാലേ
ധിയോ//പി പുംസാം മലിനീഭവന്തി."

ഇതിനും പുറമെ

"പരിവൎത്തതേ പ്രകൃതിരാപദി ഹി."

എന്ന് ആശ്ചൎയ്യചൂഡാമണിയിൽ പറഞ്ഞവാക്യവും ഇവിടെ അനുസ്മരിച്ചുകൊള്ളേണ്ടതാണ്.

"ന ഭ്രുതപൂൎവ്വോ ന ച ദൃഷ്ടപൂൎവ്വോ
ന ശ്രൂയതേ ഹേമമയഃ കുരംഗഃ
തഥാപി തൃഷ്ണാ രഘുനന്ദനസ്യ
വിനാശകാലേ വിപരീതബുദ്ധിഃ."

എന്ന പ്രസിദ്ധപദ്യവും മേൽപറഞ്ഞ അൎത്ഥത്തേത്തന്നെ കുറിക്കുന്നു.

"സ പ്രാപ്തകാലമാജ്ഞായ
ചകാര ച തതഃ സ്വരം
സദൃശം രാഘവസ്യൈവ
ഹാ സീതേ! ലക്ഷ്മണേതി ച."

എന്നവിധം വാല്മീകിരാമായണത്തിൽ കാണുന്നതിനെ വിസ്തരിച്ചു നമ്മുടെ കവി

"പോക്കില്ലേ ഹന്ത ഹാ ജാനകി! സഹചരി! ഹാ
വത്സ! ഹാ ലക്ഷ്മണാസ്മാ-
ന്നേവംവ്യാഹൃതി ത്രിലോകീഹൃദയമദളിത
കേ//പി ദീനാഃ പ്രലാപാഃ."

എന്നവിധം സരസമായി വിവൎത്തനം ചെയ്തിരിക്കുന്നു.

„ആൎത്തസ്വരം തു തം ഭൎത്തു-
വിജ്ഞായ സദൃശം വനേ
ഉവാച ലക്ഷ്മണം സീതാ
ഗച്ഛ ജാനീഹി രാഘവം.

നഹി മേ ഹൃദയം സ്ഥാനേ
ജീവിതം വാവതിഷ്ഠതി
ക്രോശതഃ പരമാൎത്തസ്യ
ശ്രുതഃ ശബ്ദോ മയാ ഭൃശം.

ആക്രന്ദമാനം തു വനേ
ഭ്രാതരം ത്രാതുമൎഹസി
തം ക്ഷിപ്രമഭിധാവ ത്വം
ഭ്രാതരം ശരണൈഷിണം.

രക്ഷസാം വശമാപന്നം
സിംഹാനാമിവ ഗോവൃഷം.''

എന്നാദി രാമായണത്തിലെ ഭാഗങ്ങളെ പുനംനമ്പൂരി സരസമായ വിധത്തിൽ എഴുതിച്ചേൎത്തു കഥയ്ക്കു പുഷ്ടിയുണ്ടാക്കിതീൎത്തിരിക്കുന്നു.

„ത്വൽപ്രാണനാഥനൊടെതിരൊരുത്തരുമില്ല നേരേ-
നില്പാനുമിന്നു ഭുവനേ യുധി ധൈൎയ്യലേശം.''

എന്നു പുനംനമ്പൂരി പറഞ്ഞിരിക്കുന്ന ഭാഗം

„പന്നഗാസുരഗന്ധൎവ-
ദേവമാനുഷരാക്ഷസൈഃ
അശക്യസ്തവ വൈദേഹി!
ഭൎത്താ ജേതും ന സംശയഃ.''

എന്നവിധം വാല്മീകി പറഞ്ഞുകാണുന്നു.

ലക്ഷ്മണൻ പറഞ്ഞ യുക്തികളൊന്നുംതന്നെ സീത ചെവിക്കൊണ്ടില്ല. രാമനെ അന്വേഷിച്ചുപോകണമെന്നുള്ള നിൎബ്ബന്ധം കലശലായപ്പോൾ ലക്ഷ്മണൻ

,,മായാവിധേയവപുഷാം നവവൈരഭാജാം
വിശ്രാമവേശ്മനി വനേ രജനീചരാണാം
ആജ്ഞാം ഗുരോരഗണയന്നവിവേകലോലാ-
മേകാകിനീം കഥമഹം ഭവതീം ത്യജേയം.''

എന്നവിധം സീതയോടുവീണ്ടും പറഞ്ഞു. അതിന്നുത്തരമായി സീത കണ്ണുകഠോരമായ വാക്കുകളെല്ലപ്പറഞ്ഞസമയം

,,ഗമിഷ്യേ യത്ര കാകുൽസ്ഥഃ
സ്വസ്തി തേ/സ്തു വരാനനേ!
രക്ഷന്തു ത്വാം വിശാലാക്ഷി!
സമഗ്രാ വനദേവതാഃ''

എന്നതിനെ അനുസരിച്ചു

,,ദൈവം കല്പിച്ചതെല്ലാം വരിക, വനഗതാ
ദേവതാസ്സാവധാനം
ദേവീം കാത്തിടുകെന്നാകുലവചനമസൗ-
വാശ്രമാന്നിർജ്ജഗാമ.''

എന്നവിധം ഭാഷാരാമായണചമ്പുവിൽ കാണുന്നു.

ഇതിന്നിടെ രാവണൻ സീതയെക്കാണുവാനുള്ള ഉത്കണ്ഠയോടുകൂടി ആകാശവീഥിയിൽ സഞ്ചരിച്ചുതുടങ്ങി.

,,യുധി സരഭസം ഹത്വാ രാമം ബലാന്മയി ഗൃഹ്ണതി
സ്വയമനുചിതാ ഭർത്തുശ്ശ്ലോകാദസൂന്ന കിമുജ്ഝതി
അപിച മനുജം ഹന്തും രാമം സ്പൃശന്തി കിമായുധം
ത്രിദശവിജയശ്ലാഘാപാത്രീകൃതാ മമ ബാഹവഃ.''

എന്നാദിയായി ഓരോരോ ആത്മഗതത്തോടുകൂടിനോക്കിയപ്പോൾ സീതാസമീപത്തിങ്കൽ നില്ക്കുന്ന ലക്ഷ്മണനെക്കണ്ടു രാവണൻ

,,കവചിതതനുഃ പൃഷ്ഠാവാപീ ദൃഢജ്യശരാസനോ
നിഭൃതമഭിതസ്തിഷ്ഠൻ സീതാമയം കതമോ യുവാ.''

എന്ന വിധം കുറഞ്ഞൊന്നു പരിഭ്രമിച്ചുപോയി.

ഇതിന്നിടെ സീതയുടെ നിബന്ധപ്രകാരം ലക്ഷ്മണൻ രാമനെ മായാരാക്ഷസനിൽനിന്നു രക്ഷിക്കുന്നതിന്ന് ആശ്രമം വിട്ടിറങ്ങിപ്പോയി.

സീതയെക്കാണ്മാനടുത്തസമയത്തുണ്ടായ സന്തോഷംപോലെ രാവണനൊരിക്കലും മുൻപു സന്തോഷം ഉണ്ടായിട്ടില്ല. പരമേശ്വരനെ പ്രീതിപ്പെടുത്തി പ്രത്യക്ഷമാക്കിയപ്പോഴും, ഇന്ദ്രനേ ജയിച്ച ഗോപുരദ്വാരത്തിൽ ബന്ധിച്ച സമയത്തും, വൈശ്രവണന്റെ കയ്യിൽനിന്നു പുഷ്പകവിമാനം തട്ടിപ്പറിച്ചെടുത്തപ്പോഴും രാവണൻ ഇത്രമാത്രം സന്തോഷിച്ചില്ല. ഇവ മൂന്നുമാണ് രാവണന്റെ പ്രധാനകർമ്മങ്ങൾ. അവ ഓരോന്നും സാധിച്ച സമയത്തുകൂടി രാവണന്നു സീതയെക്കാണ്മാനടുത്ത സമയത്തുണ്ടായ ഹർഷം ഉണ്ടായില്ല.

„ന പ്രീതേ പരമേശ്വരേƒപി ശിരസാം
ഛേദേന ഹോമേന വാ
ജ്യാവല്ലീനഹനാന്നചാമരപതൌ
ദ്വാരാഗ്ഗളാസംഗിനി
സംയത്യൈലബിലാത്തഥാ ന ച ഹൃതേ
വിശ്വാതിഥൌ പുഷ്പകേ
ദൃഷ്ട്വാ ജനകാത്മജേത്യഥ യഥാ
ലങ്കേശ്വരോ മോദതേ."

ഹർഷതരംഗാകുലഹൃദയനായ രാവണൻ

„അന്നേരത്താലൃലോകേ ജനകനൃപസുതാം
ഭൂതലേ കാതരാക്ഷീ-
മണ്ണോജത്തെന്വിതൻകോമളമരുനിഴലായ്-
മിന്നുമുന്നഗ്രശോഭാം
കണ്ണിന്നാനന്ദധാരാം കനിവിനൊടുടജാ-
ഭ്യന്തരേ തത്ര താനേ-
തന്നേ തൂഷ്ണീം നിഷണ്ണാം നിജസഹചരവൃ-
ത്താന്തചിന്താവിഷണ്ണാം."

ഇതിലും ഭംഗിയായി സീതയുടെ ഒരു ഛായാപടം സുവർണ്ണതൂലികകൊണ്ടെഴുതി നമുക്കു ദൃഷ്ടിഗോചരമാക്കിത്തരുന്നതിനു മറെറാരു കവിക്കും സുസാദ്ധ്യമായിട്ടുള്ളതല്ല.

സീതാസൌന്ദൎയ്യമകരന്ദത്തെ നേത്രേന്ദ്രിയംകൊണ്ടു പാനം ചെയ്തു പാനംചെയ്തു വിഭ്രാന്തചിത്തനായ രാവണൻ കുറച്ചുസമയം ചെന്നപ്പോൾ തദ്ഗതൈകചിത്തവൃത്തിയായിത്തീൎന്നു.

„ധമ്മില്ലോ ലളിതഃ സ്മിതം ശുചി ദൃശൌ
ദീൎഘ ഭ്രുവൌ ഭംഗുരേ
പാശാംകേ ശ്രവസീ വിലോക്യമളികം
മാഞ്ജിഷ്ഠപിഷ്ഠോƒധരഃ
കണ്ഠോ രമ്യരുചിസ്തനൌ പൃഥുഘനൌ
കാമ്യം ച കാഞ്ചീപദം
ദൃഗ്ദണ്ഡാനി ചിരം വിഭജ്യ ദശധാ
താം മൈഥിലീം പശ്യതാം."

സീതാദൎശനസുഖമനുഭവിക്കുവാൻ ഭാഗ്യമുള്ളവരുടെ നേത്രദണ്ഡ ങ്ങളേ പത്തായി വിഭജിച്ചുപയോഗിക്കേണ്ടതാണെന്നു താത്പൎയ്യം. „ധമ്മില്ലോ ലളിതഃ" എന്നാദിയായയവയവങ്ങളെണ്ണിനോക്കിയാൽ പത്തെണ്ണം കാണാവുന്നതാണ്. അവയിൽ ഓരോന്നും പ്രത്യേകം നിൎവ്വൎണ്ണനം ചെയ്യേണ്ടതാകയാൽ രണ്ടു കണ്ണുകളേ പത്തായി ഭാഗിച്ചു ഓരോ ഭാഗംകൊണ്ടു് ഓരോ അവയവം നിരീക്ഷിക്കണമെന്നു സിദ്ധാന്തം. എന്നാൽ രാവണന് ഇരുപതു കണ്ണുകൾ ഉള്ളതുകൊണ്ടു് ഈരണ്ടു കണ്ണുകളെക്കൊണ്ടു് ഓരോരോ അവയവവും ഒരേകാലത്തു നിരീക്ഷണം ചെയ്യുവാൻ സാധിക്കുന്നതാണ്. ഇരുപതുകണ്ണുണ്ടായതുകൊണ്ടുള്ള പ്രയോജനം ഇപ്പോൾ മാത്രമാണ് രാവണന്നു് അനുഭവഗോചരമായിത്തീൎന്നതു്.

ഇനിയുള്ള രണ്ടു സംസ്കൃതപദ്യംകൊണ്ടു സീതയുടെ അംഗപ്രത്യംഗവൎണ്ണനം ചെയ്തു,

„സൎവ്വാംഗീണമഹോ വിധേഃ പരിണതം
വിജ്ഞാനചിത്രം ചിരാത്."

എന്നു കവി സമൎത്ഥിക്കുന്നു.

തദനന്തരം രാവണൻ മതിമറന്നു സീതയെ ത്രിഭുവനൈക സുന്ദരിമാരായവരോടു താരതമപ്പെടുത്തിനോക്കുന്നു.

„ഇന്ദ്രാണീമഹമപ്സരോഭിരനയം
കാരാഗൃഹേ ഗണ്യതാം
സംഹാരോ ജയതാ ദിശോ ദശ മയാ
സ്ത്രീണാം കൃതഃ പുഷ്പകേ

കൈലാസോദ്ധരണേ/പി വേപഥുമതീ-
മദ്രാക്ഷമദ്രേസ്സുതാം
ദൃഷ്ടം താസു ന രൂപമീദൃശമഹോ
ചക്ഷുശ്ചിരാത് സാൎത്ഥകം."

ഇത്രമാത്രംകൊണ്ടു തൃപ്തിപ്പെടാതെ രാവണൻ

"പാനാദ്രൂപരസായനസ്യ ബഹുധാ
സന്തൎപ്പയന്തീ മനോ
ജാതാ നേത്രപരമ്പരാ ഫലവതീ
ധീരേതരേയം മമ
അസ്യാഃ പല്ലവകോമളാം തനുമിമാ-
മാലിംഗ്യ കൃത്സ്നാമഹം
നിൎവ്വേക്ഷ്യാമി കദാ ന വിംശതിമമൂൻ
വീരവ്രണാങ്കാൻ ഭുജാൻ."

എന്നവിധത്തിൽ ധ്യാനിച്ചുതുടങ്ങി.

സീതയുടെ പാതിവ്രത്യരോചിസ്സിനെ ഭയന്നു നേക്കു നേരേ ചെല്ലാതെ രാവണൻ കപടസന്ന്യാസിവേഷത്തെ ധരിച്ചു പ്രണയമന്ത്രം ജപിച്ചുകൊണ്ടു രാമാശ്രമാന്തത്തേ പ്രാപിച്ചു.

"ശ്ലക്ഷ്ണകാഷായസംവീതഃ
ശിഖീ ഛത്രീ ഉപാനഹീ
വാമേ ചാംസേ/വസജ്ജ്യാഥ
ശുഭേ യഷ്ടികമണ്ഡലൂ.
പരിവ്രാജകരൂപേണ
വൈദേഹീം സമുപാഗമത്."

എന്നവിധം പരിവ്രാജകരൂപംധരിച്ചു എന്നു വാലമീകിരാമായണത്തിൽ പറഞ്ഞിരിക്കുന്നു.

൨ തിലിംഗത്തെക്കുറിച്ച് ആംഗിരസ്സ്

"യതേൎല്ലിംഗം പ്രവക്ഷ്യാമി
യേനാസൌ ലക്ഷ്യതേ യതിഃ
ബ്രഹ്മസൂത്രം ത്രിദണ്ഡം ച
വസ്ത്രം ജന്തുനിവാരണം.

ശിക്യം പാത്രം ബൃസീ ചൈവ
കൌപീനം കടിവേഷ്ടനം
യസ്യൈതദ് വിദ്യതേ ലിംഗം
സ യതിന്നേതരോ യതിഃ.''

എന്നു പറഞ്ഞിട്ടുള്ള പ്രകാരം വേഷമവലംബിച്ചു രാവണൻ സീതയ്ക്കു വിശ്വാസം ഉണ്ടാക്കിത്തീൎത്തു.

രാവണൻെറ യതിഃവേഷത്തെക്കുറിച്ചു ശ്രീമഹാഭാരതത്തിൽ

,,രാവണസ്തു യതിർഭൂത്വാ
മുണ്ഡഃ കുണ്ഡീ ത്രിദണ്ഡധൃക്.''

എന്നവിധം അനുഗുണമായിത്തന്നെ പറഞ്ഞുകാണുന്നു.

,,യതീനാം പൂജനം കാൎയ്യം
സ്ത്രിയാ വാ പുരുഷേണ വാ.''

എന്ന ശാസ്ത്രവചനപ്രകാരം കപടസന്യാസിയെന്നറിയാതെ സീതാദേവി യതിയെപ്പൂജിക്കുവാൻ വേണ്ട സംഭാരങ്ങളെല്ലാം ഒരുക്കി.

,,സൎവൈരതിഥിസത്കാരൈഃ
പൂജയാമാസ മൈഥിലീ.''

എന്തുകൊണ്ടെന്നാൽ

,,കാഷായദണ്ഡമാത്രേണ
യതിഃ പൂജ്യോ ന സംശയഃ.''

എന്നും ശാസ്ത്രം കാണുന്നുണ്ടല്ലോ.

,,കാന്താരേ ജനകേന്ദ്രപുത്രി! ജഗതീ-
വിക്ഷോഭിരക്ഷോഭട-
ശ്രേണീകേളിനികേതനേ കഥമിവാ-
ട്യേകാകിനീ വത്സേ?
സാരംഗാക്ഷി! ബുഭുക്ഷവേ വിതര മേ
ഭിക്ഷാമിതോ ഭിക്ഷവേ
ലോകേ പുണ്യജനാഗ്രഗണ്യമയി മാ-
മേനം ന ജാനാസി കിം?''

എന്നവിധം രാവണൻ ചോതിച്ചു. ഇവിടെ രാവണൻ യാതൊരു സത്യവും പറഞ്ഞിട്ടില്ല. പുണ്യജനാഗ്രഗണ്യനെന്നതിന്നു "യാതുധാനഃ പുണ്യജനഃ" എന്ന നിഘണ്ടുപ്രകാരം രാക്ഷസചക്രവത്തിയായ രാവണനെന്നുമൎത്ഥം കല്പിക്കാമെന്നു ധരിച്ചുകൊള്ളേണ്ടതാണ്.

കപടസന്ന്യാസിയായ രാവണനു ഭിക്ഷകൊടുപ്പാൻ സീത ചാപരേഖയെ അതിക്രമിച്ചസമയം ദേവിയെ രാക്ഷസൻ തേരിൽ കയററി ആകാശമാൎഗ്ഗത്തൂടെ ഗമിച്ചു.

"സൌമിത്രേൎദ്ധനുഷാ കൃതാം ഗൃഹമുഖേ
രേഖാമതിക്രമ്യ സാ
ഭിക്ഷാം യാവദിയം ദദാതി യതയേ
താവദ് ഗൃഹീത്വാ കരം
ദുഷ്ടോഽയം പ്രസഭം പ്രഗൃഹ്യ നിയതാ-
മാരോപ്യ ദിവ്യം രഥം
രക്ഷോരൂപധരസ്തതോ ജനകജാ-
മാകാശമാൎഗ്ഗേ യയൌ."

സീതാഹരണസമ്പ്രദായത്തെ അദ്ധ്യാത്മരാമായണത്തിൽ

"സ്വരൂപം ദൎശയാമാസ
മഹാപൎവ്വതസന്നിഭം
ദശാസ്യം വിംശതിഭുജം
കാളമേഘസമദ്യുതി.

തദ്ദൃഷ്ട്വാ വനദേവ്യശ്ച
ഭൂതാനി ച വിതത്രസുഃ
തതോ വിദാൎയ്യ ധരണീം
നഖൈരുദ്ധൃത്യ ബാഹുഭിഃ.

തോലയിത്വാ രഥേ ക്ഷിപ്ത്വാ
യയൌ ക്ഷിപ്രം വിഹായസാ."

എന്നപ്രകാരം പറഞ്ഞുകാണുന്നു. ശാപംനിമിത്തം രാവണൻ സീതയെ തൊടാൻപാടില്ലാത്തതുകൊണ്ടായിരിക്കണം ഭൂമിയോടുകൂടി കുത്തിയെടുത്തു തേരിൽവച്ചുകൊണ്ടുപോയി എന്നു പറഞ്ഞതു്. വാല്മീകിയുടെ അഭിപ്രായത്തേക്കുറിച്ചു വഴിയെ ചിന്തിക്കുന്നതാണ്.

രാവണന്റെ ചോദ്യത്തിന്നു സീത പറഞ്ഞിട്ടുള്ള മറുപടിയിൽ പല കാൎയ്യങ്ങളും അന്തൎഭവിച്ചിരിക്കുന്നു.

„ഉഷിത്വാ ദ്വാദശ സമാ
ഇക്ഷ്വാകൂണാം നിവേശനേ.
* * * *
തത്ര ത്രയോദശേ വൎഷേ
രാജാഽമന്ത്രയത പ്രഭുഃ.
* * * *
മമ ഭൎത്താ മഹാതേജാഃ
വയസാ പഞ്ചവിംശകഃ
അഷ്ടാദശ ഹി വൎഷാണി
മമ ജന്മനി ഗണ്യതേ.''

ദശരഥൻ „ഊനഷോഡശവൎഷോ മേ രാമഃ'' എന്നു മുൻപു പറഞ്ഞിട്ടുള്ളതുകൊണ്ടു രാമൻ വിശ്വാമിത്രമഹൎഷിയുടെ കൂടെ യാഗരക്ഷക്കു പുറപ്പെട്ടസമയം പന്ത്രണ്ടുവൎഷം പ്രായമുള്ളവനായിരുന്നു എന്നു സിദ്ധിച്ചു. „ഉഷിത്വാ ദ്വാദശ സമാഃ'' എന്നതുകൊണ്ടു പന്ത്രണ്ടു സംവത്സരം അയോദ്ധ്യയിൽ പിന്നീടു താമസിച്ചു എന്നു വന്നുകൂടി. അപ്പോൾ വനവാസകാലത്തു „വയസാ പഞ്ചവിംശകഃ'' എന്നപ്രകാരം രാമന്ന് ഇരുപത്തഞ്ചു വയസ്സു പ്രായമുണ്ടായിരുന്നു. പിന്നീടു രാമൻ സീതയോടുകൂടി മുനിമാരുടെ ആശ്രമങ്ങളിൽ പത്തും, പഞ്ചവടിയിൽ മൂന്നും സംവത്സരം താമസിച്ചു. വനവാസത്തിൽ പതിന്നാലാമത്തെവൎഷാരംഭത്തിൽ സീതാഹരണം സംഭവിച്ചു. അപ്പോൾ രാമന്നു മുപ്പത്തിഎട്ടുവയസ്സുകഴിഞ്ഞു.

സ്വയംവരകാലത്തു സീതയ്ക്കു് ആറുവയസ്സായിരുന്നു. അയോദ്ധ്യാവാസം പന്ത്രണ്ടുസംവത്സരം. അപ്പോൾ വനവാസകാലത്ത് „അഷ്ടാദശ ഹി വൎഷാണി മമ ജന്മനി ഗണ്യതേ'' എന്നു പറഞ്ഞപ്രകാരം സീതയ്ക്കു പതിനെട്ടുവയസ്സു തികഞ്ഞിരുന്നു. രാവണൻ അപഹരിച്ചസമയം സീതയ്ക്കു മുപ്പത്തിഒന്നുവയസ്സു തികഞ്ഞു മുപ്പത്തിരണ്ടാമത്തെ വയസ്സു നടപ്പായി.

സീതയെ രാവണൻ അപഹരിച്ചസമയത്തെക്കുറിച്ചിപ്രകാരം പറഞ്ഞിരിക്കുന്നു.

,,രാവണേന ഹൃതാ സീതാ
കൃഷ്ണപക്ഷേസിതാഷ്ടമീ
അൎദ്ധരാത്രേ ദിനസ്യാൎദ്ധേ
ഹ്യൎദ്ധചന്ദ്രേൎദ്ധഭാസ്കരേ.''

ഇവിടെ ദിനാൎദ്ധമെന്നതിന്നു ദേവദിനാൎദ്ധമെന്നു താത്പൎയ്യം. ദേവകൾക്കു മകരാദി ആറുമാസം ദിനവും കൎക്ക്യാദി ആറുമാസം രാത്രിയുമാണല്ലൊ.

,,മാസേന സ്യാദഹോരാത്രഃ
പൈത്രോ വൎഷേണ ദൈവതഃ.''

എന്നു പ്രമാണം. അപ്പോൾ ദിനാൎദ്ധം ചൈത്രമെന്നു സിദ്ധിച്ചു.

അൎദ്ധരാത്രമെന്നതു പിതൃക്കളുടെ അൎദ്ധരാത്രം. അകൃഷ്ണ പക്ഷം പിതൃക്കളുടെ രാത്രിയാകുന്നു. അപ്പോൾ അതിന്റെ അൎദ്ധം പിതൃക്കളുടെ അൎദ്ധരാത്രമാണല്ലോ. അകൃഷ്ണപക്ഷം എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു ശുക്ലപക്ഷം എന്നു സിദ്ധിച്ചു. ഇതുകൊണ്ടു സീതാപഹരണം ചൈത്രശുക്ലപക്ഷത്തിൽ എന്നു വന്നുകൂടി. അൎദ്ധചന്ദ്രേ എന്നതുകൊണ്ട് എട്ടു കലകളുള്ള ചന്ദ്രനോടുകൂടിയതെന്നുസാരം. ഏതു തിഥിയിൽ ഹരിച്ചു എന്നറിവാനായി—യത്ര യസ്മിൻ ദിനേ സിതാഷ്ടമീ സിതേന ശുക്രേണ യുതാ അഷ്ടമീ മദ്ധ്യമപദലോപിസമാസഃ. സിതാഷ്ടമീതിഥിയിൽ ഏതുസമയത്തു് അപഹരിച്ചു എന്നറിയുന്നതിന്നു് അൎദ്ധഭാസ്കരശബ്ദം ഉപകരിക്കുന്നു. അതായതു് ആദിത്യൻ മദ്ധ്യംദിനത്തിൽ വൎത്തിക്കുമ്പോൾ എന്നു താത്പൎയ്യം. ഇതെല്ലാംകൊണ്ടു വന്നുകൂടിയതെന്തെന്നാൽ — ചൈത്രമാസത്തിൽ ശുക്ലപക്ഷത്തിൽ സിതാഷ്ടമീതിഥിയിൽ മദ്ധ്യാഹ്നസമയത്തു സീതയെ രാവണൻ അപഹരിച്ചു. ഈ അഭിപ്രായത്തെത്തന്നെ വരാഹപുരാണത്തിൽ താഴെ പറയുംപ്രകാരം പറഞ്ഞുകാണുന്നു.

,,ചൈത്രമാസി സിതാഷ്ടമ്യാം
മുഹൂൎത്തേ വൃന്ദസംജ്ഞിതേ
രാഘവസ്യ പ്രിയാം സീതാം
ജഹാര ദശകന്ധരഃ.''

വൃന്ദ എന്ന മുഹൂൎത്തംതന്നെയാണു് വിന്ദ എന്നു പറയപ്പെടുന്നതു്.

„വിന്ദോനാമ മുഹൂൎത്തോ൪യം
സ ച കാകുത്സ്ഥ! നാബുധത്."

എന്നു വാല്മീകിരാമായണത്തിലും പറഞ്ഞിരിക്കുന്നു.

വിന്ദത്യേ൪നേന നഷ്ടം ധനമിതി വിന്ദഃ. വിദ്ഌ ലാഭേ ഇതി ധാതുഃ.

മേൽപറഞ്ഞ ശ്ലോകത്തെത്തന്നേ അല്പം വ്യത്യാസമായി ചിലർ വ്യാഖ്യാനിക്കുന്നു. „കൃഷ്ണോ൪സ്ത്രീ മാഘകൃഷ്ണയോഃ" എന്ന നിഘണ്ടുപ്രകാരം കൃഷ്ണശബ്ദത്തിന്നു മാഘമാസമെന്നൎത്ഥം. അതു മാഘസ്നാനം നിമിത്തം അൎദ്ധഭാസ്കരനോടു കൂടിയതാകുന്നു.

„അൎദ്ധോദിതേ രവൌ സ്നാതോ
മാഘേ സ്വൎഗ്ഗമിതോ ഭവേത്."

അൎദ്ധരാത്രേ എന്നതിന്നു പിതൃക്കൾക്കു രാത്രിയായ ശുക്ലപക്ഷത്തിൽ. ശേഷം മുൻ പറഞ്ഞപോലെ. അപ്പോൾ വന്നുകൂടിയ അൎത്ഥം എന്തെന്നാൽ— മാഘശുക്ലപക്ഷസിതാഷ്ടമിയിൽ മദ്ധ്യാഹ്നസമയത്തു സീതയെ രാവണൻ ഹരിച്ചു. ഇതിനെ പ്രമാണശ്ലോകംകൊണ്ടു രക്ഷിക്കുവാൻ സാധിക്കുമൊ എന്നറിഞ്ഞില്ല.

ഇനിയും പല പ്രകാരത്തിൽ ഈ ശ്ലോകത്തെ വ്യാഖ്യാനിക്കുന്നുണ്ടു്. അവയൊന്നും വിസ്തരഭയത്താൽ ഇവിടെ ചേൎക്കുന്നില്ല. അസിതാഷ്ടമീ എന്നതിന്നു അസിതൻ (ശനി) അഷ്ടമത്തിലുള്ളവൾ എന്നു് മറ്റുചിലർ അൎത്ഥം കല്പിക്കുന്നു. ഈ അൎത്ഥത്തെ സ്വീകരിക്കുന്നതായാൽ ചില അനുമാനങ്ങൾക്കു് അവകാശം സിദ്ധിക്കുന്നു.

ശ്രീരാമൻ അവതരിച്ചകാലത്തു ശനി തുലാത്തിലായിരുന്നു എന്നു ബാലകാണ്ഡത്തിന്റെ അവതാരികയിൽ പറഞ്ഞിട്ടുണ്ടല്ലോ. ശനി അപ്പോൾ വക്രഗതിയോടുകൂടിയതായിരുന്നു.

„സ്വതുംഗവക്രോപഗതൈസ്ത്രിസംഗുണം."

എന്നു ഹോരാശാസ്ത്രത്തിലും

„വക്രം ഗതഃ സോച്ചഫലം വിധത്തേ."

എന്നു മറെറാരു ഗ്രന്ഥത്തിലും കാണുന്നതുകൊണ്ടു രാമൻ ജനിച്ച സമയം ശനി തുലാത്തിൽ വക്രഗതിയോടുകൂടി ഇരുപതാമത്തെ തീയതിയിൽ നിന്നിരിക്കണമെന്നതു യുക്തിസിദ്ധമാകുന്നു. സീതാപഹരണകാലത്തു രാമനു മുപ്പത്തി എട്ടുവയസ്സു കഴിഞ്ഞിരുന്നതുകൊണ്ടു് അപ്പോൾ ശനി ഒരുപരിവൃത്തികഴിഞ്ഞു വൃശ്ചികം, ധനു, മകരം എന്നീ മൂന്നു രാശികളും കടന്നു കുംഭത്തിൽ സ്ഥിതിചെയ്തിരുന്നിരിക്കണം. കുംഭശ്ശനി അഷ്ടമത്തിലാകണമെങ്കിൽ ജന്മരാശി കർക്കടകമാകാനെ തരമുള്ളു. അങ്ങിനെയാണെങ്കിൽ പുണർതം, പൂയം, ആയില്യം എന്നീ മൂന്നുനക്ഷത്രങ്ങളിൽ ഒന്നു സീതയുടെ ജന്മർക്ഷമാകണം. ശ്രീരാമന്റെ നക്ഷത്രം പുണർതം ദേവഗണമാകയാൽ അസുരഗണമായ ആയില്യത്തിൽ സീതജനിച്ചു എന്നു വിചാരിക്കുവാൻ യുക്തിയില്ല. അതുകൊണ്ടു സീതയുടെ നക്ഷത്രം ആയില്യമല്ല. ശ്രീരാമൻ കർക്കടകക്കൂറാണല്ലൊ. പൂയവും കർക്കടകക്കൂറാണു്. “ഭിന്നനക്ഷത്രയോരൈകരാശിഗഃ” എന്ന വചനപ്രകാരം നക്ഷത്രം ഒന്നല്ലെങ്കിൽ കന്യക ജനിച്ച കൂറിൽ ജനിച്ച പുരുഷൻ ഗ്രാഹ്യനാണു്. വിശേഷിച്ചു പൂയവും ദേവഗണമാണു്.

“നക്ഷത്രൈക്യേ വിഷാദ്ഭീതിഃ.”

എന്നതുകൊണ്ടും സീതയുടെ നക്ഷത്രം പുണർതമല്ലെന്നുതന്നെ ഊഹിക്കണം.

“ഏകരാശി ദ്വിനക്ഷത്രം
പുത്രപൌത്രാദിവൃദ്ധികൃത്.”

എന്നതുകൊണ്ടു പൂയമാവുന്നതിന്നു വിരോധമില്ല. അതിന്നും പുറമെ സ്ത്രീദീർഘപ്പൊരുത്തവുമുണ്ടു്.

“പഞ്ചദശാഭ്യധികാ ചേത്
സ്ത്രീദീർഘാഖ്യോ ഭവേൽ സുഖദഃ.”

എന്നാണല്ലൊ പ്രമാണം.

ഇതിന്നുംപുറമെ വർണ്ണപ്പൊരുത്തവുമുണ്ടു്.

“ശ്രേഷ്ഠശ്രേഷ്ഠോത്തമജാതിജോ യദി പുമാൻ
സ്ത്രീ ഹീനജാത്യുത്ഭവാ.”

എന്നവചനം ഇവിടെ അനുസന്ധേയമാകുന്നു. ഈവക സംഗതികളെക്കൊണ്ടും മററും ആലോചിക്കുമ്പോഠ സീതയുടെ നക്ഷത്രം പൂയമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഇതിനെക്കുറിച്ചുള്ള ഫലചിന്തനയെ വിസ്തരഭയത്താൽ ചെയ്യുന്നില്ല. ആലോചനാമാൎഗ്ഗം ഇവിടെ തുറന്നുകാണിച്ചതായി മാത്രം കണക്കാക്കിയാൽ മതി. സീതയുടെ നക്ഷത്രം ഇന്നതാണെന്നു വ്യക്തമായി ഒരു ദിക്കിലും പറഞ്ഞുകണ്ടതായി ഓൎക്കുന്നില്ല.

„ഭിക്ഷകൊടുപ്പാനാഞ്ഞ ദശായാം
കൈമേൽ പിടിപെട്ടളവിലശങ്കിത-
മവകുലയെന്നേ മുറവിളികൈക്കൊ-
*　*　*　*
*　*　*　*
ആണമനടിച്ചുനിശാചരവീരൻ
തേൎമ്മേൽ വച്ചു നടന്നദശായാം."

എന്നു ഭാഷാചമ്പുവിൽ പറഞ്ഞിരിക്കുന്നതിൽ നിന്നു സീതയെ രാവണൻ കൈപിടിച്ചു തേരിൽ കയററിക്കൊണ്ടുപോയി എന്നു സിദ്ധിക്കുന്നു. വാല്മീകിരാമായണത്തിൽ

„ഇത്യുക്ത്വാ മൈഥിലീം വാക്യം
പ്രിയാൎഹാം പ്രിയവാദിനീം
അഭിഗമ്യ സുദുഷ്ടാത്മാ
രാക്ഷസഃ കാമമോഹിതഃ.

ജഗ്രാഹ രാവണഃ സീതാം
ബുധഃ ഖേ രോഹണീമിവ
വാമേന സീതാം പത്മാക്ഷീം
മൂൎദ്ധജേഷു കരേണ സഃ.

ഊൎവ്വോസ്തു ദക്ഷിണേനൈവ
പരിജഗ്രാഹ പാണിനാ."

എന്നവിധം പറഞ്ഞുകാണുന്നു. ഇവിടെ „ബുധഃ ഖേ രോഹിണീമിവ" എന്നതു പലപ്രകാരത്തിൽ വ്യാഖ്യാനിച്ചുവരുന്നു. സ്വപിതൃപത്നിയായ രോഹിണിയെ ബുധൻെറ മാതൃതുല്യയെന്നോ,

അഥവാ മാതാവെന്നൊ തന്നെ പറയണം. ആകാശത്തിൽ സുഖമായി സഞ്ചരിക്കുന്ന രോഹണിയെ ബുധൻ ഗ്രഹിച്ചാലുള്ള പാപം സീതയെ ഗ്രഹിച്ച രാവണനുണ്ടെന്നു ചില വ്യാഖ്യാതാക്കന്മാരുടെ മതം. അത്ഭുതോപമ എന്ന അലങ്കാരം ഇവിടെ കണ്ടുകൊൾക.

വസ്തുത വിചാരിക്കുമ്പോൾ രാവണൻ അന്യത്ര ദുഷ്ടാത്മാവും, കാമമോഹിതനുമാണെങ്കിലും സീതാവിഷയത്തിൽ അപ്രകാരമല്ലായിരുന്നു. ഇതിന്നു കാരണം ബുധൻ രോഹണിയെ എന്നപോലെ സീതയെ ഗ്രഹിച്ചു എന്നു പറഞ്ഞതുതന്നെ. ബുധൻ സ്വമാതാവായ രോഹിണിയെ പൂജാർത്ഥം ഗ്രഹിക്കുന്നതുപോലെ രാവണൻ സീതയെ ഗ്രഹിച്ചു എന്നു വാക്യാർത്ഥം. സീതയെ സ്വഗൃഹത്തിൽവച്ചു സ്വേഷ്ടദേവതാബുദ്ധ്യാ പൂജിക്കുവാനാണെന്നു താത്പര്യം.

നളകൂബരവേദവതീശാപം നിമിത്തം രാവണന്നു ബലാത്കാരേണ പരദാരസ്പർശം ചെയ്യാൻ സാധിക്കുന്നതല്ലല്ലോ എന്നു വിചാരിക്കുന്നതായാൽ രാവണൻ സീതയുടെ ശരീരത്തിൽ കൈകൊണ്ടുതൊട്ടിട്ടില്ലതന്നെ. ജാനുകേശാദിഛായയേമാത്രമെ ഗ്രഹിച്ചുള്ളൂ. രാക്ഷസന്മാർ ഛായാഗ്രാഹികളായതുകൊണ്ടു് അപ്രകാരം ഗ്രഹിക്കുന്നതിന്നു രാവണന്നു സാദ്ധ്യമാണല്ലൊ.

„ഛായാഗ്രാഹിതയാമപ്യസ്തി
സർവ്വവിദ്യാവിശാരദേ!.

കേശച്ഛായാം പരാമൃശ്യ
ജാനുച്ഛായാം തഥൈവ ച
ഗൃഹീത്വാ ജാനകീം ദുഷ്ടോ
ലങ്കാം പ്രായാൽ സ രാവണഃ.

സീതാപഹരണം ചൈവ
യേ ശൃണ്വന്തി നരോത്തമാഃ
ന തേഷാമശുഭം ദേവി!
ഭവിഷ്യതി കദാചന.”

എന്നു മേൽപറഞ്ഞ അഭിപ്രായത്തെ അനുസരിച്ചുവചനം സ്കാന്ദപുരാണത്തിലും കാണുന്നു.

ഇതിനെല്ലാററിനും പുറമെ രാവണൻ ഹരിച്ചതു മായാസീതയെയാണെന്നുള്ള കാൎയ്യംകൂടി പ്രത്യേകം സ്മരിച്ചുകൊള്ളേണ്ടതാണ്.

„സൃഷ്ട്വാ മായാമയീം സീതാം
സ രാവണവധേച്ഛയാ
സീതാമാദായ രാമേഷ്ടാം
പാവകോന്തരധീയത."

എന്നു കൂൎമ്മപുരാണത്തിലും

„ഇത്യുക്ത്വാ സ്വപ്രഭാവേന
പ്രതിബിംബം മനോമയം
യഥാരൂപം യഥാവേഷം
കല്പയിത്വാതിസുന്ദരം.
വഹ്നാവാച്ഛാദയന്തീ സ്വ-
മഗ്നാവേവ സമാസ്ഥിതാ
അഥ മായാമയീ സീതാ."

എന്ന് അഗ്നിപുരാണം എഴുപത്തി ആറാമദ്ധ്യായത്തിലും കാണുന്നു.

പതിവ്രതയായ സീതയെ പുഷ്പകവിമാനത്തിൽ എടുത്തു വച്ചപ്പോഠം ജീവചൈതന്യമുള്ള വിമാനം സീതയുടെ അനുമതിയില്ലാതെ സഞ്ചരിക്കുന്നതല്ലെന്നുകണ്ടു രാവണൻ സ്വല്പനേരത്തേക്ക് ഇതികൎത്തവ്യതാമൂഢനായിത്തീൎന്നു. എങ്കിലും ബുദ്ധിമാനായ രാവണനു തത്കാലം ഒരു് ഉപായം തോന്നാതിരുന്നില്ല. സീതയോടു പലതും ചോദിക്കുന്നകൂട്ടത്തിൽ ഒരു് ഓടിന്റെ കഷണം കൈയിൽ വച്ചു രാവണൻ „ഇതെന്താ" എന്നു ചോദിച്ചതിനുത്തരമായി സീത „ഓട്ട്" എന്നുത്തരം പറഞ്ഞു. ഈ വാക്കു കേട്ടപ്പോഠം തേരു് ഓട്ടുകയും ചെയ്തു. ഈ അവസരത്തിൽ രാവണൻ ദ്രാവിഡൻ ആയിരുന്നു എന്നും, സീത തെക്കേരാജ്യങ്ങളിൽ സഞ്ചരിച്ചകാലത്തു് അവൾക്കു തമിഴ്ഭാഷയിൽ കുറച്ചു ജ്ഞാനം സമ്പാദിക്കുവാൻ സാധിച്ചിട്ടുണ്ടായിരുന്നിരിക്കണമെന്നും ധരിച്ചുംകൊള്ളേണ്ടതാണ്. ഇതു് അസംഗതമാണെന്നു തോന്നുന്നവരുണ്ടെങ്കിൽ അവർ

"ദശപദശ്രുവണേ കൃതദംശനഃ."

എന്നുള്ള നളചരിതത്തിലെ കഥാഭാഗങ്ങളെ ഈ അവസരത്തിൽ ഓൎമ്മിക്കുന്നതു നന്നായിരിക്കും.

ഇപ്രകാരം സീതയെ രാവണൻ തേരിലേററിക്കൊണ്ടു പോകുന്നസമയം

"ഹാ രക്ഷോന്തക! ഹാ ജനേശ്വര! വിഭോ!
ഹാ രാമ! ഹാ ലക്ഷ്മണ!
ക്രൂരാത്മാ ജനകാത്മജാം നയതി മാം
മായാവിനാമഗ്രണിഃ
ത്യക്ത്വാ തം കനകം മൃഗം രഘുപതേ!
ബന്ദീകൃതാം രക്ഷസാ
സീതാം മോചയ മോചയാശു ഭവതഃ
പത്നീമനാഥാമിമാം."

എന്നവിധം സീത ക്രന്ദനംചെയ്യുന്നതുകേട്ടു ദശരഥസഖാവായ ജടായുസ്സു ക്രോധാവിഷ്ടനായി വന്നു മാൎഗ്ഗരോധത്തെച്ചെയ്തു.

സീതയുടെ രോദനവും, രാവണൻെറ സാന്ത്വനവാക്കുകളും, ജടായുസ്സിൻെറ ആഗമനം മുതലായവയും, എല്ലാം ഒരു വലിയ ഗദ്യം കൊണ്ടു കവി വൎണ്ണിച്ചിരിക്കുന്നു.

"ദുഷ്ടനിശാചര! തിഷ്ഠ മുഹൂൎത്തം
വാസരനായകവംശവതംസക-
മാലാമേനാം മാ മാ സ്പ്രാക്ഷീഃ.
അറിയാതോർകഠം തുടന്നപരാധം
മനസി സഹേ ഞാൻ വിസൃജ പതിവ്രത-
തന്നെയിദാനീമാശു മലിമ്ലുച!
മണ്ടിപ്പോവുകിലെത്തുവനിഞ്ഞാൻ
പത്തുശിരസ്സും പത്തു ദിഗന്തേ
കൊത്തിയെറിഞ്ഞയി വത്സേ! ജാനകി!
നിന്നേക്കൊണ്ടേപ്പണ്ടേപ്പോലെ
രാഘവസവിധേ വയ്പനിദാനീം."

എന്നഭാഗം

"ശരണമസ്മി ജടായുരഹം സഖാ
ദശരഥസ്യ രഥസ്തവ തിഷ്ഠതു;

അവിദൂഷാമപരാധമഹം സഹേ
വിസൃജ രാവണ! വീരമനുവ്രതാം.''

എന്ന പദ്യത്തിന്റെ ഒരു വിസ്തൃതപരിഭാഷ മാത്രമാകുന്നു. ''അവിദൂഷാമപരാധമഹം സഹേ'' എന്നു ജടായുസ്സ പറഞ്ഞതിനെ മനസ്സിൽവച്ചുകൊണ്ടാണ് രാവണൻ ''മമ പുനരപരാധം ക്ഷമിക്കുന്ന വീരൻ'' എന്നു മേലിൽ പറയുന്നതു്.

മേൽ എഴുതിയ ഗദ്യത്തിലും, അതിന്റെ ശേഷംഭാഗങ്ങളിലും ഉള്ള ചില ആശയങ്ങളെല്ലാം തഴെ ചേൎത്തിരിക്കുന്ന പദ്യത്തിൽ കാണാവുന്നതാണ്.

''വക്ത്രാണ്യേതാനി ത്യ്ദ്ര്യ പ്രളയഘനരുചഃ
പിംഗകേശാനി രോഷാത്
ശൃംഗാണീവാഞ്ജനാദ്രേർദവദഹനശിഖാ-
ദീപിതാനീവ രാത്രൌ
ഉത്കൃത്യോത്കൃത്യ ചഞ്ചാ ഝടഝടിതിഗളത്
സാന്ദ്രരക്താരുണാനി
പ്രത്യക്ഷം ക്ഷത്രിയാ ദശ ദശസു ദശ-
ഗ്രീവ! ദിക്ഷു ക്ഷിപാമി.''

പക്ഷിശ്രേഷ്ഠൻ രാവണനെ നേരിട്ടധിക്ഷേപിച്ചതിനുത്തരം നേരിട്ടുപറയാതെ സൂതനോടുപറയുന്നതു് അവർ തമ്മിലുള്ള അന്തരത്തെ വ്യക്തമാക്കുന്നതിന്നാകുന്നു.

അഥവാ ശക്തിഭദ്രന്റെ ആശ്ചൎയ്യചൂഡാമണി നാലാമങ്കത്തിൽ രാവണൻ സൂതനോടു പറയുന്നതിനെ അനുകരിച്ചു പുനം നമ്പൂരി ഭാഷാരാമായണചമ്പുവിൽ എഴുതിയതായും വിചാരിക്കാം. ഉദാഹരണമായി രണ്ടു ഗ്രന്ഥങ്ങളിൽ നിന്നും ചിലഭാഗങ്ങളെ താഴെ ഉദ്ധരിച്ചു ചേൎത്തുകൊള്ളുന്നു

രാവണഃ (പ്രഹസ്യ) സഹതേ കിലായം മമാപരാധം പക്ഷി. സൂത! പ്രതോദപ്രഹാരേണ രഥമാസ്ഥാദേനമുത്സാരയ. ന ജാനാത്യേഷ പരമാൎത്ഥതോ മാം ഗൃദ്ധ്രഃ.

ആശ്ചൎയ്യചൂഡാമണിയിലെ മേൽചേൎത്തഭാഗത്തെ പുനം നമ്പൂരി

„നന്നോ സൂതാ! വിനോദം മമ പുനരപരാ-
ധം ക്ഷമിക്കുന്ന വീരൻ
മന്ദാത്മാ പക്ഷിപോലിക്ഷണമഴകിലഹോ!
രക്ഷിതാ പക്ഷ്മളാക്ഷ്യാഃ
എന്നാലേനം സമുത്സാരയ ഝടിതി കശ-
ഗ്രന്ഥിനാ ഽനമാഗ്ഗാ-
ലെന്നേ ത്രൈലോക്യനാഥം നഹി നഹി പരമാ-
ത്ഥേന ജാനാതി സോഽയം."

എന്നവിധം ഭാഷാന്തരം ചെയ്തിരിക്കുന്നു.

ഇതിന്നു മറുപടിയായി ആശ്ചര്യചൂഡാമണിയിലെ ഗൃദ്ധ്രൻ:—(നേപഥ്യേ)—ജാനാമി ജാനാമി.

„കൈലാസസാനുമതി ഖണ്ഡിതമാനശൃംഗം
കാരാഗൃഹേ നിയമിതം ചിരമർജ്ജുനേന
ത്വാം ബാലിവാലവലയാങ്കിതബദ്ധബാഹും
ജാനാമി രാക്ഷസ! ജഗത്ത്രയധൂമകേതും."

ഇതിനെ പുനംനമ്പൂരി താഴെ ചേക്കുംവിധം ഭാഷാന്തരംചെയ്തിരിക്കുന്നു

„അറിവനറിവനിഞ്ഞാൻ നിന്നെ രേ രേ ദുരാത്മൻ!
ഗിരിശഗിരിയിലാദൌ ഭഗ്നമാനോച്ചശൃംഗം
ചിരനിയമിതമച്ചോ! ഹേഹയേന്ദ്രേണ പശ്ചാത്
പരമഥ കപിരാജോ ബാലധൌ ബദ്ധബാഹും."

ഇപ്രകാരം ആശ്ചര്യചൂഡാമണിയിൽനിന്നു പലഭാഗങ്ങളും ഉദ്ധരിച്ചുദാഹരിക്കാവുന്നതാണ്. നമ്പൂരിക്ക് ഈ നാടകത്തിൽ അസാമാന്യപരിചയമുണ്ടായിരുന്നു. പല നല്ല ശ്ലോകങ്ങളും ഭാഷാരാമായണചമ്പുവിൽ ആശ്ചര്യചൂഡാമണിയിൽനിന്നും എടുത്തു ചേർത്തിട്ടുള്ളതായിക്കാണാം. „കൂടെഉണ്ണും ഉറുളഉണ്ണും വിഹിതമല്ലെ"ന്നു കേരളീയർ പറഞ്ഞുവരാറുള്ളതുപോലെ ചിലടിക്കിൽ മൂലശ്ലോകങ്ങളും ചിലടിക്കിൽ ഭാഷാന്തരങ്ങളും ഒരു ഗ്രന്ഥത്തിൽ തന്നെ ചേർത്തുകാണുന്നതു ചിലപ്പോൾ അസഹനീയമായിത്തോന്നിയേക്കാം. അപ്പോൾ മൂലശ്ലോകത്തെ ഉദ്ധരിച്ചുചേർത്ത അപരാധം ചാക്യാന്മാരുടെ തലയിൽ വയ്ക്കുകയല്ലാതെ ഗത്യന്തരമില്ല.

പക്ഷി സൂതനോടുത്തരം പറയാതെ പിന്നേയും നേരിട്ടു പറയുന്നതു കേട്ടു രാവണൻ കോപിച്ച്

„പാരാതേ നീ പരേതേശപുരമചിരാത്
പ്രാപ്തുമെന്നൽസുകൃശാലീ.”

എന്നവിധം അധിക്ഷേപിച്ചു.

രാവണനും പക്ഷീന്ദ്രനും തമ്മിലുള്ള സംഭാഷണങ്ങളെല്ലാം കവി ചമത്കൃതിയുക്തമാക്കിത്തീൎത്തു സഹൃദയഹൃദയാഹ്ലാദത്തേ വൎദ്ധിപ്പിച്ചിട്ടുണ്ടു്.

പിന്നീടവർ തമ്മിലുണ്ടായ ഘോരയുദ്ധത്തിൽ രാവണൻ പക്ഷിയുടെ പക്ഷച്ഛേദം ചെയ്തു ഭൂമിയിൽ പതിപ്പിച്ചു.

„തസ്യ വ്യായച്ഛമാനസ്യ
രാമസ്യാൎത്ഥേ സ രാവണഃ
പക്ഷൌ പാൎശ്വൌ ച പാദൌ ച
ഖഡ്ഗമുദ്ധൃത്യ സോഽച്ഛിനത്.

സ ഛിന്നപക്ഷഃ സഹസാ
രക്ഷസാ രൌദ്രകൎമ്മണാ
നിപപാത ഹതോ ഗൃദ്ധ്രോ
ധരണ്യാമല്പജീവിതഃ.”

എന്നവിധം വാല്മീകിരാമായണത്തിൽ കാണുന്നു. ഉടനെ സീത വളരെ ദുഃഖത്തോടുകൂടി പക്ഷിശ്രേഷ്ഠന്റെ സമീപത്തു ചെന്നു്

„ജടായോ! ഹരണം യാവ-
ന്മമ രാമായ വക്ഷ്യതി
താവച്ഛരീരേ തേ പ്രാണാഃ
സഞ്ചരിഷ്യന്തി ധീരപി.”

എന്നവിധം അനുഗ്രഹിച്ചു. ഈ ഭാഗം തന്നെ

„യദി മമ വിധിദോഷാൽ പീഡിതോ നീയിതെല്ലാം
പതിയൊടു പറവോളം പ്രാണിഹീത്യനുഗൃഹ്ണാത്.”

എന്നപ്രകാരം ഭാഷാരാമായണചമ്പുവിൽ കവി എഴുതിയിരിക്കുന്നു.

തദനന്തരം രാവണൻ,

„ജഹാര പാപഃ കരുണം വിവേഷ്ടതീം
നൃപാത്മജാമാഗതഗാത്രവേപഥും.”

മാൎഗ്ഗമദ്ധ്യേ

„ഹ്രിയമാണാ തു വൈദേഹീ
കഞ്ചിന്നാഥമപശ്യതീ
ദദൎശ ഗിരിശൃംഗസ്ഥാൻ
പഞ്ച വാനരപുംഗവാൻ.

തേഷാം മദ്ധ്യേ വിശാലാക്ഷീ
കൌശേയം കനകപ്രഭം
ഉത്തരീയം വരാരോഹാ
ശുഭാന്യാഭരണാനി ച.

മുമോച യദി രാമായ
ശംസേയുരിതി മൈഥിലീ.”

രാവണൻ പുഷ്പകവിമാനത്തിൽ ആകാശമാൎഗ്ഗത്തൂടെ സഞ്ചരിച്ച്

„ശ്രീലങ്കാപുരി ചെന്നശോകവനികാ-
രാമാങ്കണേ ശിംശപാ-
മൂലേ കൊണ്ടെയിരുത്തിനാൻ നിജകുല-
പ്രോന്മാഥിനീം മൈഥിലീം.”

ഹേമമൃഗത്തെപ്പിടിക്കുവാൻപോയ രാമനും രാമനെ അന്വേഷിച്ചുപോയ ലക്ഷ്മണനും വില്ലും അമ്പും ധരിച്ചുകൊണ്ടു

„വീരൌ നിജം പ്രാപതുരാശ്രമാന്തം.”

അവിടെ പ്രാണവല്ലഭയായ സീതയെക്കാണാതെ വിഭ്രാന്തചിത്തനായ രാമൻ കണ്ണിൽകണ്ട പക്ഷിമൃഗാദികളോടും അചേതനവസ്തുക്കളായ വൃക്ഷലതാദികളോടും സീതയെ അന്വേഷിച്ചുകൊണ്ടു സഞ്ചരിക്കുന്നതു കവി അനുഭവഗോചരമാകത്തക്കവിധം മനോഹരമായി വൎണ്ണിച്ചിരിക്കുന്നു. കവിയുടെ മനോധൎമ്മം പ്രകടമായി പ്രകാശിപ്പിച്ചിരിക്കുന്ന ഈ ഭാഗങ്ങളെ വായിക്കുന്നസമയം ആരുടെ മനസ്സും അനുകമ്പാൎദ്രമായിത്തീരാതിരിക്കയില്ല. ശോകരസത്തിൽ മനുഷ്യഹൃദയത്തിന്നലിവുണ്ടാകുന്നതുപോലെ മറെറാരു രസത്തിലും അത്രവേഗം മനസ്സു ലയിക്കുന്നതല്ലെന്നു വിചാര

കുശലന്മാക്കറിയുവാൻ പ്രയാസമില്ല. വാസ്വനാകവിയുടെ ഹൃദയത്തിൽ ശോകരസം എളുപ്പത്തിൽ കുടികൊള്ളുന്നതുകൊണ്ടു കവിതയിൽ വഴിഞ്ഞൊഴുകുന്ന ചേതോവികാരം വായനക്കാരുടെ ഹൃദയത്തിലും നിഷ്പ്രയാസം പ്രവേശിച്ചു പാരവശ്യത്തെ ജനിപ്പിക്കുവാൻ ശക്തമായിത്തീരുകനിമിത്തം തന്മയത്വത്തിൻെറ സൌലഭ്യത്തിന്നവകാശം സിദ്ധിക്കുന്നു. ഇതാണ് ശോകരസം ഹൃദയാവജ്ജകമായിത്തീരുവാനുള്ള മറെറാരുകാരണം.

വസ്തുസ്ഥിതി യഥാവത്തായറിഞ്ഞിരിക്കുന്ന ശ്രീരാമചന്ദ്രൻ പ്രാകൃതമനുഷ്യരെപ്പോലെ ദുഃഖാക്രാന്തനായി വിലപിച്ചുപരിഭ്രമിച്ചതെന്തുകാരണത്താലായിരിക്കുമെന്നുള്ള ചോദ്യം ഈ അവസരത്തിൽ അസംഗതമായിരിക്കയില്ല. അതിന്നു സമാധാനം ശ്രീമദ്ഭാഗവതത്തിൽ കാണുന്ന പ്രകാരം താഴെ ചേൎത്തുകൊള്ളുന്നു.

„രക്ഷോഽധമേന വൃകവദ്വിപിനേഽസമക്ഷം
വൈദേഹരാജദുഹിതൎയ്യപയാപിതായാം
ഭ്രാത്രാ വനേ കൃപണവത് പ്രിയയാ വിയുക്തഃ
സ്ത്രീസംഗിനാം ഗതിമിതി പ്രഥയാംചകാര.

*    *    *    *    *

മൎത്ത്യാവതാരസ്ത്വിഹ മൎത്ത്യശിക്ഷണം
രക്ഷോവധായൈവ ന കേവലം വിഭോഃ
കുതോഽന്യഥാ സ്യാദ്രമതഃ സ്വ ആത്മൻ
സീതാകൃതാനി വ്യസനാനീശ്വരസ്യ.

*    *    *    *    *

സ വൈ ന ആത്മാത്മവതാമധീശ്വരഃ
സക്തസ്ത്രിലോക്യാം ഭഗവാൻ വാസുദേവഃ
ന സ്ത്രീകൃതം കശ്മലമശ്നുവീത
ന ലക്ഷ്മണം ചാപി വിഹാതുമിച്ഛതി.

*    *    *    *    *

നേദം യശോ രഘുപതേസ്സുരയാച്ഞയാത്ത-
ലീലാതനോരധികസാമ്യവിമുക്തധാമ്നഃ
രക്ഷോവധോ ജലധിബന്ധനമസ്ത്രപൂഗൈ-
ൎക്കിന്തസ്യ ശത്രുഹനനേ കപയഃ സഹായാഃ."

സ്കാന്ദപുരാണം ഉമാസംഹിതയിൽ മഹാവിഷ്ണു ദേവന്മാരോടു പറഞ്ഞിട്ടുള്ളതുംകൂടി പ്രകൃതോപയോഗിയാകയാൽ താഴെ ചേൎത്തു കൊള്ളുന്നു.

"അഹം ദാശരഥിർഭൂത്വാ
ഹന്മി രാവണമാഹവേ
ശ്രീമദ്രാമാവതാരേഽസ്മി-
ന്നജ്ഞവൽ ക്രിയതേ മയാ.

തത്ര ശങ്കാ ന കൎത്തവ്യാ
സൎവജ്ഞേനാപി മായയാ
മന്മായാമോഹിതം രക്ഷോ
മനുഷ്യം മാമവേക്ഷ്യതി

അന്യഥാ തസ്യ സാ നൂനം
ന ഭവേദ്ഭ്രാന്തിഃ കുത്രചിത്."

സീതാവിരഹം നിമിത്തം ഉദ്ഭ്രാന്തചിത്തനെപ്പോലെ ലോകവ്യവഹാരനടനം ചെയ്തു

"ഹേ ഹംസാഃ! കളഹംസമന്ദഗമനാ
ഹേ കോകിലാഃ! കോകില-
ലാപാ ഹേ പ്രചലാകിനഃ! പ്രവിലസ-
ദ്വേണീകലാപാഞ്ചിതാ
ത്രസ്യദ്ബാലകുരംഗലോലനയനാ
സാ ഹേ കുരംഗാംഗനാഃ!
യുഷ്മാഭിൎന്നയനാഞ്ചലൈൎവനതലേ
പീതാ ന സീതാ മമ."

എന്നാദിയായിട്ടു പല പ്രകാരം പ്രലപിച്ചുകൊണ്ടു ലക്ഷ്മണനോടുകൂടി സഞ്ചരിക്കുമ്പോൾ ഹതപക്ഷനായ ജടായുവിനെ കണ്ടു. ക്ഷീണംകൊണ്ടു വൃത്താന്തങ്ങൾ വിസ്തരിച്ചു പറയുവാൻ പക്ഷിശ്രേഷ്ഠൻ അശക്തനായിരുന്നു എങ്കിലും

"ത്വത്പ്രിയാം ജാനകീം ഹൃത്വാ
രാവണോ രാക്ഷസേശ്വരഃ
ഝഷവദ് ബഡിശം ഗൃഹ്യ
ക്ഷിപ്രമേവ വിനശ്യതി.

UNIVERSITY LIBRARY
27 AUG 1928
MADRAS

* * * *

പുത്രോ വിശ്രവസസ്സാക്ഷാത്
ഭ്രാതാ വൈശ്രവണസ്യ ച
ഇത്യുക്ത്വാ ദുർല്ലഭാൻ പ്രാണാൻ
മുമോച പതഗേശ്വരഃ."

മേൽഎഴുതിയ ശ്ലോകത്തിന്റെ പൂർവ്വാർദ്ധം പറഞ്ഞു് ഉത്തരാർദ്ധം പറയുംമുൻപേ ജടായുസ്സ് പ്രാണനെ ഉപേക്ഷിച്ചു. പറയുവാൻ വിചാരിച്ച ഉത്തരാർദ്ധം.

"അദ്ധ്യാസ്തേ നഗരീം ലങ്കാം
രാവണോ രാക്ഷസേശ്വരഃ."

എന്നവിധമായിരിക്കാം. എന്തുകൊണ്ടെന്നാൽ വിചാരിച്ചതു മുഴുവൻ പറയാൻ സാധിക്കാതെവന്നസമയം ജടായുസ്സ തല തേക്കോട്ടു തിരിച്ചു കിടന്നു രാവണരാജധാനിയായ ലങ്കയെ വ്യംഗ്യഭംഗ്യാ നിർദ്ദേശിച്ചു. അതിന്നും പുറമെ മേലിലെ സമ്പാദി വചനത്തിൽ ഈ പൂർവാർദ്ധംതന്നെ കാണുന്നു. അതിന്റെ ഉത്തരാർദ്ധം മേൽകാണിച്ചതാണ്. അതുകൊണ്ടു ജടായുസ്സ പറയുവാൻ വിചാരിച്ചതു് ഇതുതന്നെയായിരിക്കാമെന്നൂഹിക്കുന്നു. വാല്മീകിയുടെ അഭിപ്രായം ഇതുതന്നെ ആയിട്ടായിരിക്കാം മേൽപ്രകാരം സമ്പാദിയെക്കൊണ്ടു പിന്നീടു പറയിച്ചിട്ടുള്ളതു്.

പുനംനമ്പൂരി നടന്ന കഥകളെല്ലാം ജടായുവിനെക്കൊണ്ടു പറയിച്ചിരിക്കുന്നതു് ഒരു ദണ്ഡകത്തിലാണ്. അതു സന്ദർഭോചിതമായിട്ടുണ്ടെന്നു സാവധാനം വായിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

പക്ഷിശ്രേഷ്ഠനായ ജടായുസ്സ മരണാനന്തരം കനകവിമാനത്തെ ആരോഹണംചെയ്തു സ്വർഗ്ഗലോകത്തേക്കു യാത്ര പോകുവാൻ തുടങ്ങുന്നസമയം ശ്രീരാമചന്ദ്രൻ പറയുന്ന

"താത! ത്വം നിജതേജസൈവ ഗമിതഃ
സ്വർഗ്ഗം നന്ദ സ്വസ്തി തേ
ബ്രൂമസ്താവദിമാം വധൂഹൃതികഥാം
മാ ഭ്രാതുരഗ്രേ കൃഥാഃ

രാമോഽഹം യദി കൈശ്ചിദേവ ദിവസൈർ-
ബ്ര്രീളാനമൽകന്ധര-
സ്സാർദ്ധം ബന്ധുജനേന സേന്ദ്രവിജയീ
വക്താ സ്വയം രാവണഃ."

എന്ന ശ്ലോകം ചമത്കൃതിയുക്തമായിട്ടുള്ളതാണ്. രാവണൻ തന്നെ വൃത്താന്തങ്ങൾ എല്ലാം ദശരഥസമീപത്തിൽ ചെന്നു പറയുന്നതു യുക്തമായിരിക്കുമെന്നതിന്നു സംശയമില്ല. ഭാവി രാമായണകഥകൂടി ഇവിടെ സ്വല്പം നിഴലിച്ചിട്ടുണ്ട്.

ജടായുവിൻെറ സ്വർഗ്ഗാരോഹണം കഴിഞ്ഞപ്പോൾ രാമചന്ദ്രൻ,

"സീതാഹരണജം ദുഃഖം
ന മേ സൌമ്യ! തഥാഗതം
യഥാ വിനാശോ ഗൃദ്ധ്രസ്യ
മത്കൃതേ ച പരംതപ!

രാജാ ദശരഥഃ ശ്രീമാൻ
യഥാ മമ മഹായശാഃ
പൂജനീയശ്ച മാന്യശ്ച
തഥായം പതഗേശ്വരഃ."

എന്നവിധം ലക്ഷ്മണനോടു പറഞ്ഞിരിക്കുന്നു. ഇതിൽ കൂടുതലായ ബഹുമാന്യത എന്താണ് പക്ഷിശ്രേഷ്ഠനു സിദ്ധിക്കുവാനുള്ളതു്?

ജടായുവിനെ ചിതയിൽവച്ചു ദഹിപ്പിക്കുവാൻ ഭാവിക്കുന്ന സമയം ശ്രീരാമൻ

"യാ ഗതിര്യജ്ഞശീലാനാ-
മാഹിതാഗ്നേശ്ച യാ ഗതിഃ
അപരാവർത്തിനാം യാ ച
യാ ച ഭൂമിപ്രദായിനാം.

മയാ ത്വം സമനുജ്ഞാതോ
ഗച്ഛ ലോകാനനുത്തമാൻ
ഗൃദ്ധ്രരാജ! മഹാസത്വ!
സംസ്കൃതശ്ച മയാ വ്രജ."

എന്നവിധം പറഞ്ഞു പക്ഷിശ്രേഷ്ഠനെ വിധിപ്രകാരം ദഹിപ്പിച്ചു. തദനന്തരം രാമലക്ഷ്മണന്മാർ

„സ്നാത്വാ തൌ ഗൃദ്ധ്രരാജായ
ഉദകം ചക്രതുസ്തദാ."

ഭഗവാനായ രാമൻെറ ഭക്തവാത്സല്യവും, ജടായുവിൻെറ ഭാഗ്യവും ഇതിൽ നിന്നും വ്യക്തമാകുന്നു.

പിന്നീടു ശ്രീരാമചന്ദ്രൻ കാന്താവിരഹജദുഃഖം സഹിക്കവയ്യാതായിട്ടു ലക്ഷ്മണനോടുകൂടി ഒരോപ്രദേശങ്ങളിൽ സഞ്ചരിച്ചു സഞ്ചരിച്ചു ക്രൌഞ്ചാരണ്യത്തിൽ ചെന്നുചേൎന്നു. ലക്ഷ്മണൻ അയോമുഖി എന്ന രാക്ഷസസ്ത്രീയുടെ കുചനാസാകൃന്തനംചെയ്തു വിരൂപയാക്കിവിട്ടു. തദനന്തരം കബന്ധരാക്ഷസനെ രാമൻ നിഗ്രഹിച്ചു.

„ദനുന്നാമ ശ്രിയഃ പുത്രഃ
ശാപാദ്രാക്ഷസതാം ഗതഃ
ഇന്ദ്രാസ്ത്രകൃതകാബന്ധ്യഃ
പൂതോഽസ്മി ഭവദാശ്രയാത്."

എന്നു കബന്ധൻ സപ്രണാമം പറഞ്ഞു. തദനന്തരം കബന്ധൻെറ ഉപദേശപ്രകാരം രാമലക്ഷ്മണന്മാർ സുഗ്രീവസഖ്യത്തെ കാംക്ഷിക്കുന്നവരായിട്ടു സഞ്ചരിച്ചു ബദൎയ്യാശ്രമത്തിൽ പ്രവേശിച്ചു.

ശബരി രാമലക്ഷ്മണന്മാരിരുവരേയും യഥാവിധി ഉപചരിച്ചു പൂജിച്ചു. അവരം തദനന്തരം ജീൎണ്ണമായ സ്വശരീരത്തെ അഗ്നിയിൽ ഹോമിച്ചു മോക്ഷപദത്തെ പ്രാപിച്ചു. പിന്നെ അവർ അവിടെനിന്നു പുറപ്പെട്ടു പമ്പാതീരത്തു ചെന്നുചേൎന്നു.

„തതോ മഹദപർത്മസു ദൂരസംക്രമഃ
ക്രമേണ ഗത്വാ പ്രതികൂലധന്വിനം
ദദൎശ പമ്പാം ശുഭദൎശകാനനാ-
മനേകനാനാവിധപക്ഷിസങ്കുലാം."

എന്നവിധത്തിൽ വൎണ്ണിച്ചു കവി ആരണ്യകാണ്ഡത്തെ സമാപിപ്പിച്ചിരിക്കുന്നു.

ബാലകാണ്ഡമഹാമൂല'മായിരിക്കുന്ന ,രാമായണസുരദ്രുമം' ,അയോദ്ധ്യാകാണ്ഡവിഗ്രഹ'ത്തോടും, ,ആരണ്യകാണ്ഡസുസ്കന്ധ' ത്തോടും കൂടിയതാകുന്നു. ബാലകാണ്ഡവും അയോദ്ധ്യാകാണ്ഡവും പോലെ ആരണ്യകാണ്ഡവും നാലുപ്രകരണങ്ങളോടുകൂടിയതാകുന്നു.

,,ദണ്ഡകാരണ്യസംപ്രാപ്തി-
ർജ്ജനസ്ഥാനവിമർദ്ദനം
രക്ഷസാ ഹരണം ദേവ്യാ-
സ്സീതാവിചയനോദ്യമഃ.

* * * *

ഏതേതെഭാഗാഃ പ്രദശിതാഃ.''

ഖരവധവും സുഗ്രീവസഖ്യത്തിലെ ഏതാനും കഥാഭാഗവും ആരണ്യകാണ്ഡത്തിൽ ഉൾപ്പെട്ടവയാകുന്നു. സുഗ്രീവസഖ്യപ്രബന്ധത്തിലെ പ്രധാനഭാഗമായ സുഗ്രീവസഖ്യം കിഷ്കിന്ധാകാണ്ഡത്തിൽ ചേൎന്നതാകയാൽ ആ കഥാംശത്തെ കിഷ്കിന്ധാകാണ്ഡത്തിൽ അന്തർഭവിച്ചതായി പരിഗണിച്ചിരിക്കുന്നു.

ആരണ്യകാണ്ഡത്തിൽനിന്നു പഠിക്കേണ്ടതായപാഠം

,,ശ്രേയോ/ർത്ഥിഭിസ്സർമ്മ്യോ/പി
വർജ്ജ്യോ ദുർജ്ജനസന്നിധിഃ''

എന്നുള്ളതാണ്.

ഇതിനെത്തന്നെ മറെറാരുപ്രകാരത്തിൽ

,,സന്നിധിർദുശ്ചരിത്രാണാം
വർജ്ജനീയോ വിപശ്ചിതാ.''

എന്നവിധം പറഞ്ഞിരിക്കുന്നു.

കിഷ്കിന്ധാകാണ്ഡം.

ഇഷ്ടജനവിയോഗത്തെ പ്രാപിച്ചിരിക്കുന്ന പുരുഷധൌരേയന്മാൎക്കുകൂടി കാമോദ്ദീപകദൎശനംനിമിത്തം ചിത്തവിഭ്രമം ഭവിക്കുമെന്നു ദൃഷ്ടാന്തപ്പെടുത്തിക്കാണിക്കുവാൻ പമ്പാവൎണ്ണനമുഖേന വാല്മീകിമഹൎഷി കിഷ്കിന്ധാകാണ്ഡം പ്രാരംഭിക്കുന്നു.

„സ താം പുഷ്കരിണീം ഗത്വാ
പദ്മോത്പലഝഷാകുലാം
രാമഃ സൌമിത്രിസഹിതോ
വിലലാപാകുലേന്ദ്രിയഃ.''

ഈ പദ്യത്തിലെ „പദ്മം'' കൊണ്ടു സീതയുടെ മുഖാനുസ്മരണവും, „ഉത്പല''ശബ്ദംകൊണ്ടു നേത്രാനുസ്മരണവും, „ഝഷ''ശബ്ദത്താൽ നേത്രചാഞ്ചല്യാനുസ്മരണവും, „സൌമിത്രി''പദപ്രയോഗം കൊണ്ടു രാമന്റെ ദുഃഖാവിഷ്കരണപാത്രത്വവും വ്യഞ്ജിതമായി.

„സുഹൃദി നിരന്തരചിത്തേ
ഗുണവതി ഭൃത്യേ/നുവൎത്തിനി കളത്രേ
സ്വാമിനി സൌഹൃദയുക്തേ
നിവേദ്യ ദുഃഖം സുഖീ ഭവതി.''

എന്നുള്ള പ്രമാണം ഇവിടെ സ്മരിച്ചുകൊള്ളേണ്ടതാകുന്നു.

ശ്രീരാമചന്ദ്രൻ ആകുലേന്ദ്രിയനായി വിലപിച്ചു എന്നു പറയുന്നതു പുഷ്കരിണീദൎശനം നിമിത്തമുണ്ടായ സീതാവിരഹശോകാതിശയത്താൽ ക്ഷുഭിതസൎവ്വേന്ദ്രിയനായതുകൊണ്ടാണ്. ആ ക്ഷോഭത്തിന് അനുകൂലമായ അനുസ്മരണകളുപയുക്തമായ പദപ്രയോഗങ്ങളുടെ സാരസ്യം മുൻപു കാണിച്ചുവല്ലൊ. വിരാധഖരത്രിശിരോദൂഷണകബന്ധാദികളുടെ അയത്നസംഹാരംകൊണ്ടു പ്രസിദ്ധപരാക്രമശാലിയായ രാമചന്ദ്രനുകൂടി കാമോദ്ദീപകദൎശനം ചിത്തവിക്ഷോഭകാരകമായിത്തീൎന്നിരിക്കുമ്പോൾ പ്രാപഞ്ചികന്മാരുടെ കഥയെക്കുറിച്ചൊന്നുംതന്നെ പ്രസ്താവിക്കേണ്ടതില്ലെന്നു സാരം.

സീതാവിരഹദുഃഖം സഹിക്കവയ്യാതെ വിലപിച്ചുകൊണ്ടിരിക്കുന്ന രാമൻ ലക്ഷ്മണനോടുകൂടി

„തതോ വാമം തിരസ്കൃത്യ
പുരസ്കൃത്യ ച ദക്ഷിണം
ധന്യോ വന്യശരണ്യാം താ-
മരണ്യാനീം സ്മ ഗാഹതേ.''

ഇവിടെ വാമശബ്ദംകൊണ്ടു് അശുഭസൂചകമായ കാകനേയും ദക്ഷിണശബ്ദംകൊണ്ടു ശുഭസൂചകമായ ഖഞ്ജരീടത്തേയും അറിഞ്ഞുകൊള്ളേണ്ടതാകുന്നു. മഹാരണ്യത്തിൽ പ്രവേശിച്ചസമയം ശുഭനിമിത്തമുണ്ടായതുകൊണ്ടു സുഗ്രീവസഖ്യവും, രാവണവധവും, സീതാദർശനവും സാധിതപ്രായമായി എന്നു താത്പര്യം.

ഋശ്യമൂകപർവ്വതത്തിൻെറ ഉപരിഭാഗത്തു വസിക്കുന്ന സുഗ്രീവൻ രാമലക്ഷ്മണന്മാരെ ദൂരത്തുനിന്നു കണ്ടസമയംതന്നെ അവരുടെ ഹൃദ്ഗതം അറിയുന്നതിനു ഹനുമാനെ നിയോഗിച്ചു.

„അസ്മച്ഛോകമഹാർണ്ണവസ്യ തരണേ
ചേത് കർണ്ണധാരാവിമാ-
വാനീയാദരപൂർവ്വമത്ര സുമതേ!
സംബന്ധമാപാദയ."

ഇവിടെ ഹനുമാനെ ദൂതനായയയ്ക്കാനുള്ള കാരണം „സുമതേ" എന്ന സംബുദ്ധികൊണ്ടുതന്നെ കവി വ്യക്തമാക്കിയിരിക്കുന്നു. ഇതുകൊണ്ടു

„പ്രഗല്ഭഃ സ്മൃതിമാൻ വാഗ്മീ
ശസ്ത്രേ ശാസ്ത്രേ ച നിഷ്ഠിതഃ
അഭ്യസ്തകർമ്മാ നൃപതേ-
ർദ്ദൂതോ ഭവിതുമർഹതി."

എന്നു കാമന്ദകൻ പറഞ്ഞിട്ടുള്ള അഭിപ്രായം മുഴുവനും ഗ്രഹിച്ചുകൊള്ളേണ്ടതാകുന്നു.

ഉടനേതന്നെ ഹനുമാൻ

„അഥാവധാര്യ്യ തദ്വാക്യം
കാമരൂപഃ സ മാരുതിഃ
ഭിക്ഷുവേഷേണ സഞ്ചരന്നു-
സ്തരോരഭ്യാശമഭ്യഗാൽ.

„ഭിക്ഷുരൂപപ്രതിച്ഛന്നം
സുഗ്രീവപ്രിയകാമ്യയാ."

എന്നു വാല്മീകിരാമായണത്തിലും പറഞ്ഞുകാണുന്നു.

„മാൎഗ്ഗാനുസാരേണ സസംഭ്രമം പശ്യടൻ ശംഖമത്സ്യ-
കേതുരഥാംഗലാഞ്ഛിതാം പദപങ്ക്തിമാലോക."

*　　*　　*

„ആത്മനീനം കണ്ഠലഭാന്ധാമാലോക്യ."

*　　*　　*

„ഭിക്ഷുവേഷമവലംബ്യ."

ഈ അഭിപ്രായങ്ങളെ ഒരു മഹാകവി താഴെ പറയുംപ്രകാരം വൎണ്ണിച്ചിരിക്കുന്നു.

„ശംഖചക്രരഥരകേതുലാഞ്ഛിതാം
　വീക്ഷ്യ വീക്ഷ്യ പദപങ്കതിമേതയോഃ
ഭിക്ഷുവേഷമവലംബ്യ സഞ്ചര-
　ന്നാപ്തവാൻ സ മണികണ്ഠപദദ്വയം."

ഹനൂമാനു മണികണ്ഠമുണ്ടാവാനുള്ള കാരണങ്ങൾ മേൽ സ്പഷ്ടമായിത്തീരുന്നതാണ്.

ശ്രീരാമചന്ദ്രന്റെ സമീപത്തെ പ്രാപിച്ച ഹനൂമാൻ

„യതിവപുരപഹായ വായുപുത്രോ
　ഗുരുതരഭക്തിഭരാവനമ്രഗാത്രഃ
ദശരഥസുതയോഃ പദാംബുജേഷു
　പ്രമുദിതധീഃ പ്രണനാമ നാമവാകം."

ശാസ്ത്രജ്ഞനായ ഹനൂമാൻ

„സ്വം നാമ പ്രോച്യായമഹമിത്യഭിവാദഃ."

എന്ന ഗൌതമധൎമ്മശാസ്ത്രപ്രകാരം നമസ്കരിച്ചു എന്നു സാരം.

„ദ്രഷ്ടും വാം വചസാസ്യ മാരുതിരഹം
　പ്രാപ്തോ ഹനൂമാൻ കപിഃ."

എന്നവസാനിക്കുന്ന ശ്ലോകംകൊണ്ടു താൻ ആരെന്നും, എന്താവശ്യത്തിനു വന്നു എന്നും മററുമുള്ള സകലവിവരങ്ങളും ഹനൂമാൻ പറഞ്ഞു.

ഹനൂമാന്റെ വാക്കുകേട്ടസമയം രാമചന്ദ്രന് അത്യാശ്ചൎയ്യമുണ്ടായി. ഒരു കപി പ്രകൃതിപ്രായമായ മാനസസന്ധ്യാദികളിൽ

അപഭ്രംശംക്രൂടാതെ വ്യാകരണവിധികളെ അനുസരിച്ച് വളരെ നേരം സംഭാഷണം ചെയ്യതാണ് അതിൻെറ കാരണം.

,,നാൎഗ്വേദവിനീതസ്യ
നായജുൎവേദധാരിണഃ
നാസാമവേദവിദുഷഃ
ശക്യമേവം പ്രഭാഷിതും.

നൂനം വ്യാകരണം കൃത്സ്ന-
മനേന ബഹുധാ ശ്രുതം
ബഹു വ്യാഹരതാനേന
ന കിഞ്ചിദപശബ്ദിതം.''

എന്നു വാല്മീകിരാമായണത്തിലും,

,,ശ്രീരാമോ ലക്ഷ്മണം പ്രാഹ
പശ്യൈനം വടുരൂപിണം
ശബ്ദശാസ്ത്രമശേഷേണ
ശ്രുതം നൂനമനേകധാ.

അനേന ഭാഷിതം കൃത്സ്നം
ന കിഞ്ചിദപശബ്ദിതം.''

എന്ന് അദ്ധ്യാത്മരാമായണത്തിലും കാണുന്നു. ഹനുമാൻ ഐന്ദ്രം വ്യാകരണം സാകല്യേന അഭ്യസിച്ചിട്ടുണ്ടെന്നുള്ളതുതന്നെയാണ് ഇതിൻെറ നിദാനം.

ഇതിനു മറുപടിയായി രാമലക്ഷ്മണന്മാർ ആരെന്നും, എന്തിനായി സഞ്ചരിക്കുന്നു എന്നുംമററും വിവരങ്ങൾ ഇവിടെ പറഞ്ഞു കാണുന്നില്ലാത്തതുകൊണ്ടു മറെറാരു കവി സന്ദർഭോചിതമായി പ്പറഞ്ഞിട്ടുള്ള പദ്യത്തെ താഴേ ചേൎത്തുകൊള്ളുന്നു.

,,ആവാം ഹരേ! ദശരഥസ്യ സുതൌ ച നാമ്നാ
രാമോഽസ്മി ലക്ഷ്മണ ഇതി പ്രഥിതോഽനുജോഽയം
സീതാം നരേന്ദ്രതനയാം ദശകന്ധരേണ
നീതാം വിചേതുമടവീഷു പരിഭ്രമന്തൌ.''

വിനീതനും കുശാഗ്രബുദ്ധിയുമായ ഹനൂമാൻെറ വാക്കുകേട്ടു സന്തുഷ്ടഹൃദയനായ രാമനു ഹനുമാൻെറനേരെ ,ഭൃത്യസ്നേഹ'വും

സുഗ്രീവനേക്കുറിച്ചു 'മിത്രസ്നേഹവും' ഒരേസമയത്തുതന്നെ ഉണ്ടായിത്തീൎന്നു. ഇതിൻെറ ഫലമായി ശ്രീരാമചന്ദ്രൻ,

,,ഹേ വത്സ! ലക്ഷ്മണ! കരോമി ഹരീശ്വരാഗ്ര്യം
സുഗ്രീവമഗ്രബലമഗ്രജമസ്യ ഹത്വാ.''

എന്നു ലക്ഷ്മണനോടു നേരിട്ടുപറഞ്ഞപ്പോരം, ലക്ഷ്മണൻ-

,,കിം കാൎയ്യമിന്നു ബലഹീനസമാശ്രയേണ?''

എന്നവിധം ചോദിച്ചതു കേവലം നിരൎത്ഥകമായിട്ടുള്ളതല്ല. എന്നാൽ അതിനുത്തരമായി മുരാരി രാമനെക്കൊണ്ടു പറയിച്ചതു ലക്ഷ്മണൻെറ സകലസംശയങ്ങളേയും നിരാകരിച്ചു. രാമൻെറ ഈ മനഃസ്ഥിതികണ്ടു സന്തുഷ്ടചിത്തനായ ഹനുമാൻ ഈ മംഗളാവസരം വ്യൎത്ഥമാക്കിക്കളയരുതെന്നു വിചാരിച്ച്,

,,യാവൽ സഞ്ചരതേ പഥാ ദിവിഷദാം
ദേവസ്ത്വിഷാമീശിതാ
യാവച്ഛേഷഭുജംഗഭോഗശയനേ
നിദ്രാതി ലക്ഷ്മീപതിഃ
യാവൽ പൎവ്വതസാൎവ്വഭൗമശിഖരേ
ഗൗരീപതിൎവൎത്തതേ
താവദ്വാനരപുംഗവോ രഘുപതേ!
ത്വത്സഖ്യമന്വിച്ഛതി.''

എന്നവിധം സരസമായി ഉപപാദിച്ചു. തൻെറ അഭിപ്രായത്തേ രഘുപുംഗവൻ അംഗീകരിച്ചു എന്നു മുഖഭാവംകൊണ്ടു മനസ്സിലാക്കിയ ഹനുമാൻ,

,,താവദ്വ്യാകരണോപദേശഗുരവേ
ദേവായ തിഗ്മാംശവേ
ദത്താം പുത്രവിഭൂതിദാപനമയീ-
മാലക്ഷ്യ യൻ ദക്ഷിണാം
സാനന്ദം നിജമാംസളാംസശിബികാ-
മാരോപ്യ വീരാവിമൗ
സുഗ്രീവം സമജീഗമദ് ഗിരിഗുഹാ-
സീനം ഹനുമാൻ കപിഃ.''

എന്നവിധം കാൎയ്യനിൎവ്വഹണത്തിന വേണ്ടതെല്ലാം ഉചിതമായി ത്തന്നെ പ്രവൎത്തിച്ചുകഴിഞ്ഞു.

„ധന്യാത്മാ മനുവംശകേതു ഹനുമൽ-
സ്കന്ധേ കരേറിത്തദാ
ചെന്നമ്മാല്യവദദ്രിസീമ്നി വിവശം
കണ്ടർക്കിനേശാത്മജം
ഉന്നിദ്രാദരമാദിതഃ പ്രഭൃതി തദ്‌-
വൃത്തങ്ങൾ ചോദിച്ചറി-
ഞ്ഞത്യന്നം! ചിത്രമിതാത്മവൃത്തവുമഴി-
ഞ്ഞൊക്കെപ്പറഞ്ഞീടിനാൻ.„

എന്നുപറഞ്ഞിരിക്കുന്നതിൽനിന്ന രാമലക്ഷ്മണന്മാർ ഹനുമാന്റെ തോളിൽ കയറി സുഗ്രീവസമീപത്തിൽ ചെന്നപ്പോൾ ഹനുമാൻ അവരിരുവരേയും സുഗ്രീവനേയും അന്യോന്യം പരിചയപ്പെട്ടുത്തേണ്ടതത്യാവശ്യമായിരുന്നു എന്ന് ആധുനികനിയമപ്രകാരം വല്ലവരും വിചാരിക്കുന്നതായാൽ അവരുടെ അഭിലാഷപൂൎത്തിക്കായിട്ടോ എന്നു തോന്നുമാറ് ഒരു പ്രാചീനകവി ആ സരസകൃത്യം ഹനുമാനേക്കൊണ്ടുതന്നെ ഭംഗിയായി നിൎവ്വഹിപ്പിച്ചിരിക്കുന്നതിന താഴെ ചേൎക്കുന്നപദ്യം ഒരു നിദൎശനമാകുന്നു.

„പുത്രാ മിത്രാന്വവായേ ദശരഥനൃപതേ-
രുജ്ജ്വലാ ജജ്ഞിരേ യേ
ചത്വാരസ്തേഷു രാമഃ പ്രഥമജനിരയം
ലക്ഷ്മണോഽയം തൃതീയഃ
സീതാദേവീം വിചേതും നിശിചരപതിനാ
വഞ്ചിതാം പഞ്ചവട്യാഃ
കാന്താരേ പൎയ്യടന്തൌ തവ സവിധമിമൌ
ദേവ! ദൈവേന നീതൌ.„

രാമലക്ഷ്മണന്മാർ മിത്രാന്വവായജാതന്മാരാണെന്നു പറഞ്ഞതുകൊണ്ടു മിത്രപുത്രനായ സുഗ്രീവനോട്ട് അവൎക്കുള്ള ബന്ധം കൂടി ഹനുമാൻ പ്രദൎശിപ്പിച്ചു.

ശ്രീരാമസുഗ്രീവന്മാർ സ്വസ്വവൃത്താന്തകഥനംകൊണ്ടു തുല്യദുഃഖന്മാരാണെന്ന് ഇരുവൎക്കും ബോധമായപ്പോൾ സുഗ്രീവൻ,

„ദശരഥസുത! രാമ! രാവണാരേ!
മനുകുലശേഖര! ലക്ഷ്മണാഗ്രജന്മൻ!
അമല! കമലനേത്ര! മൎത്ത്യനാഥ
കുരു കരുണാം കരുണാകരോസി ലോകേ."

എന്നവിധം ഭക്തിയോടുകൂടി പ്രാൎത്ഥിച്ചു. അപ്പോൾ രാമചന്ദ്രൻ,

„രവിതനയ! കപീന്ദ്രചക്രവൎത്തിൻ!
ജഹിഹി സഖേ! ചിരസംഭൃതം വിഷാദം
ഇതി സരസമുദീരയൻ കരാഭ്യാ-
മനുജഗൃഹേ മനുവംശകേതുരേനം."

സുഗ്രീവൻ ശ്രീരാമനെ „രാവണാരേ!" എന്നു വിളിച്ചതിലന്തൎഭവിച്ചിരിക്കുന്ന ആശയവിശേഷത്തെ നല്ലവണ്ണം മനസ്സിലാക്കി രാമൻ സുഗ്രീവനെ „കപീന്ദ്രചക്രവൎത്തിൻ!" എന്നു സംബോധനചെയ്തിരിക്കുന്നതു സന്ദൎഭോചിതവും ഇരുവൎക്കും ആശ്വാസപ്രദവുമായിത്തീൎന്നിരിക്കുന്നു.

ശ്രീരാമസുഗ്രീവന്മാൎക്കുണ്ടായിട്ടുള്ള ഈ മൈത്രീബന്ധത്തെ ദൃഢപ്പെടുത്തുന്നതിന്നായി ഉചിതജ്ഞനായ ഹനുമാൻ അഗ്നിസാക്ഷികമായി ഇരുവരേക്കൊണ്ടും സത്യം ചെയ്യിച്ചു.

„രാമസുഗ്രീവയോസ്തത്ര
സമഭൂദഗ്നിസാക്ഷികം
സഖ്യം ബാലിവധോദ്ഘാത-
സീതാപ്രത്യൎപ്പണാത്മകം."

ഇതുതന്നെ വാല്മീകിരാമായണത്തിൽ,

„തതോഗ്നിം ദീപ്യമാനം തൌ
ചക്രതുശ്ച പ്രദക്ഷിണം
സുഗ്രീവോ രാഘവശ്ചൈവ
വയസ്യത്വമുപാഗതൌ."

രാമൻ സത്യംചെയ്തസമയം

„ഏതദാരഭ്യ മേ വാണീ
നൈവാദരപരാ നൃണാം."

എന്നവിധം സങ്കോചത്തോടുകൂടിപ്പറവാനുണ്ടായ സംഗതി

„സ്വരക്ഷണേഽപ്യശക്തസ്യ
കോ ഹേതുഃ പരരക്ഷണേ.”

എന്ന ന്യായംകൊണ്ടായിരിക്കാമെന്നു തോന്നുന്നു. എന്നാൽ സുഗ്രീവന് ആവക ക്ലേശലൊന്നുംതന്നെ ഉണ്ടായില്ലെങ്കിൽ അതുദ്ഭുതപ്പെടുവാനുമില്ലല്ലോ.

„വാമാനി നേത്രാണി സമം വിചേലുഃ.”

എന്നു പറഞ്ഞിട്ടുള്ളതു വാമനേത്രസ്ഫുരണം പുരുഷന്ന് അനൎത്ഥകരവും, സ്ത്രീക്കു ശോഭനവുമെന്നുള്ള അഭിപ്രായത്തോടുകൂടിയാകുന്നു.

രാമസുഗ്രീവസഖ്യം ബാലിക്കും രാവണന്നും അനൎത്ഥാവഹവും, സീതയ്ക്കു ശുഭശംസകവുമാണെന്നുള്ള സംഗതി വാമനേത്രസ്ഫുരണംകൊണ്ടു സൂചിതമായി. ദുഷ്ടനിഗ്രഹശിഷ്ടപരിപാലനരൂപമായ ഭഗവദവതാരകാൎയ്യത്തെ സാധിക്കുവാനുള്ള നിദാനമായിത്തീൎന്നു, രാമസുഗ്രീവസഖ്യം. സുഗ്രീവസഖ്യമെന്ന പ്രബന്ധത്തിലെ കഥാംശം ഇവിടെ സമാപ്തമായി.

ഇനി ബാലിവധമെന്ന കഥാഭാഗത്തിന്റെ നിരൂപണത്തിന്നു് ആരംഭിക്കുന്നു.

മണികുണ്ഡലാപ്തികൊണ്ടു ഹനുമാനു ശ്രീരാമചന്ദ്രന്റെ പ്രഭാവത്തെക്കുറിച്ചു ഭക്തിവിശ്വാസമുണ്ടായിത്തീൎന്നെങ്കിലും, യാതൊരു മാൎഗ്ഗമോ അവസരമോ ലഭിക്കാത്ത സുഗ്രീവൻ ശ്രീരാമചന്ദ്രന്റെ അലോകസാമാന്യമായ മാഹാത്മ്യത്തിൽ ആശങ്കിച്ചതു ന്യായ്യംതന്നെ. തന്നിമിത്തം

„സുഗ്രീവോഽപ്യാഹ രാജേന്ദ്ര!
ബാലീ ബലവതാം ബലീ
കഥം ഹനിഷ്യതി ഭവാൻ
ദേവൈരപി ദുരാസദം?”

ബാലി അസാധാരണബലശാലിയാണെന്നുള്ള സുഗ്രീവന്റെ അഭിപ്രായം ഇപ്രകാരം വ്യക്തമാക്കി.

„വിഗതവിശ്വാസമാലോക്യ ഭാനോഃ പുത്രം.”

എന്നു പൂനംനമ്പൂരി പറഞ്ഞിരിക്കുന്നതുകൊണ്ടുതന്നെ സുഗ്രീവനു ധൈയ്യമുണ്ടാക്കിക്കൊടുക്കണമെന്നുള്ള രാമൻെറ അഭിപ്രായം വ്യക്തമാകുന്നു.

ശ്രീരാമചന്ദ്രൻ സുഗ്രീവൻെറ സമാധാനത്തിനുവേണ്ടി ദുന്ദുഭിയുടെ കങ്കാളം അഗ്രചരണംകൊണ്ടെറിഞ്ഞതു ,ദിനകരനു വാൎത്തയറിയിപ്പതിന്നെന്നവണ്ണമുടനങ്ങു ചെന്നു തരസാ' ഭൂമിയിൽ പതിച്ചസമയം സുഗ്രീവനു രാമൻെറ കായബലത്തേക്കുറിച്ചുണ്ടായിരുന്ന സംശയം പരിഹൃതമായി.

,,ഇമേ ച വിപുലാഃ സാലാഃ
സപ്ത ശാഖാവലംബിനഃ
യത്രൈകം ഘടതേ ബാലീ
നിഷ്പത്രയിതുമോജസാ.

ഏതദസ്യാസമം വീൎയ്യം
മയാ രാമ! പ്രകീൎത്തിതം
കഥം തം ബാലിനം ഹന്തും
സമരേ ശക്ഷ്യസേ നൃപ!''

*　*　*

,,യദി ബാണേന ഭേത്താ ത്വം
സാലാൻ സപ്താത്ര രാഘവ!
ബാലിനം സമരേ ഹന്തും
സമൎത്ഥഃ സ്യാത്തതോ ഭവാൻ.''

എന്നുള്ള സുഗ്രീവവാക്യം രാമൻെറ പൌരുഷത്തേ ഉത്തേജനം ചെയ്തു.

,,ഏതച്ച വചനം ശ്രുത്വാ
സുഗ്രീവേണ സുഭാഷിതം
പ്രത്യയാൎത്ഥം മഹാതേജാ
രാമോ ജഗ്രാഹ കാൎമ്മുകം.

സ ഗൃഹീത്വാ ധനുൎഘോരം
ശരമേകം ച മാനദഃ
സാലമുദ്ദിശ്യ ചിക്ഷേപ
ജ്യാസ്വനൈഃ പൂരയൻ ദിശഃ.

സ വിസൃഷ്ടോ ബലവതാ
ബാണഃ സ്വർണ്ണപരിഷ്കൃതഃ
ഭിത്വാ സാലാൻ ഗിരിപ്രസ്ഥേ
സപ്ത ഭൂമിം വിവേശ ഹ.

പ്രവിഷ്ടശ്ച മുഹൂർത്തേന
ധരാം ഭിത്വാ മഹാജവഃ
നിഷ്പത്യ ച പുനസ്തൂർണ്ണം
സ്വതൂണീം പ്രവിവേശ ഹ."

രാമബാണം ഭൂമിപിളൎന്നു പാതാളത്തിൽ ചെന്നു എന്നതിനു „സാലാംശ്ച സപ്ത സഗിരീൻ സരസാതലാംശ്ച" എന്ന വചനവും,

„സപ്ത ഭൂമീഃ സപ്ത ഗിരീൻ
സപ്ത സാലാൻ മഹാബലാൻ
സ ബാണോ വേഗസമ്പന്നോ
ഭിത്വാ തൂണീരമാവിശൽ."

എന്ന സ്കാന്ദപുരാണവാക്യവും പ്രമാണങ്ങളായി സ്വീകരിക്കാവുന്നതാണ്. ബാണം പാതാളലോകത്തുചെന്നു് അസുരന്മാരെ നിഗ്രഹിച്ചു എന്നു ബ്രഹ്മാണ്ഡപുരാണത്തിൽ പറഞ്ഞിരിക്കുന്നു.

„യുഗപൽ സപ്തസാലാംശ്ച
രഘുനാഥോ ബിഭേദ ഹ
പാതാളദാനവാൻ ഹത്വാ
പുനസ്തൂണം വിവേശ ച."

സപ്തസാലം എന്നതിന്നു പകരം സപ്തതാലം എന്നു ചിലരുടെ പാഠം കാണുന്നു. എന്നാൽ താലം എന്ന പാഠത്തെ സ്വീകരിക്കുന്നതായാൽ „വിപുലാഃ" „ശാഖാവലംബിനഃ" എന്നു വാല്മീകി കൊടുത്തിട്ടുള്ള രണ്ടു വിശേഷണങ്ങളും വൈയൎത്ഥ്യത്തെ പ്രാപിച്ചേക്കാം. അതിനാൽ താലശബ്ദം വാല്മീകിക്കു പക്ഷമുള്ളതല്ല. ഇനി സാലശബ്ദത്തെ സ്വീകരിച്ചാൽ 'സാല'ത്തിനു „പയൻവൃക്ഷ'മെന്നു് അൎത്ഥമുള്ളതുകൂടാതെ അതിനെ വൃക്ഷസാമാന്യപൎയ്യായമായി ഉപയോഗിച്ചുവരാറുള്ളതുകൊണ്ടു് ഏതൎത്ഥത്തിലാണ് സാലശബ്ദം വാല്മീകി പ്രയോഗിച്ചിട്ടുള്ളതെന്നു് അറിവാൻ നിവൃത്തികാണുന്നില്ല. ആ സംശയനിവൃത്തിക്കുവേണ്ടി

വ്യാഖ്യാതാക്കന്മാരും ഒന്നുംതന്നെ യതിച്ചിട്ടുള്ളതായി ഓൎക്കുന്നില്ല.

എന്നാൽ ഈയ്യിടെ ഒരു പഴയ താളിയോലഗ്രന്ഥം പരിശോധിച്ചസമയം നഷ്ടപ്രായമായ അതിൽ ഇപ്രകാരം കാണ്മാനിടയായി.

„അശ്വത്ഥചൂതമകിലോട്ടുപിലാവിലഞ്ഞി
കാരസ്കരം പുളിയുമെന്നിവ സപ്തസാലം."

ഇവ സപ്തസാലമാണെങ്കിൽ സാലശബ്ദത്തിന്റെ അൎത്ഥമിന്നതാണെന്നും വ്യക്തമായല്ലൊ. പ്രാചീനസംസ്കൃതഗ്രന്ഥത്തിൽ ഈ അഭിപ്രായം എവിടെയും പറഞ്ഞിട്ടുള്ളതായി ഓൎക്കുന്നില്ല.

ഈ പരീക്ഷകൊണ്ടു ശ്രീരാമന്റെ അസ്ത്രബലം സുഗ്രീവനു മനസ്സിലാക്കുവാൻ സാധിച്ചു. ഒന്നാമത്തെ പരീക്ഷകൊണ്ടു കായബലവും, രണ്ടാമത്തെ പരീക്ഷകൊണ്ട് അസ്ത്രബലവും ശ്രീരാമനുണ്ടെന്നു സുഗ്രീവന് അനുഭവമായെങ്കിലും രാമന്റെ ബുദ്ധിബലത്തെ പരീക്ഷിപ്പാൻ സുഗ്രീവൻ ഒന്നും ചെയ്തതായി കാണുന്നില്ല. കായബലവും, അസ്ത്രബലവും ഉള്ളവനു ബുദ്ധിബലമില്ലെങ്കിൽ സൎവ്വവും നിഷ്പ്രയോജനമായിത്തീരുന്നതാണല്ലോ. അതുകൊണ്ടു രാമന്റെ ബുദ്ധിബലംകൂടി പരീക്ഷിച്ചറിയേണ്ടതായിരുന്നു.——എന്നാൽ നേരെ ചോദ്യം ചോദിച്ചു ബുദ്ധിബലം പരീക്ഷിക്കുന്നതു് അസ്വരസപ്രധാനമാകയാൽ ബുദ്ധിമാനായ സുഗ്രീവൻ കൌശലത്തിൽ രാമന്റെ ബുദ്ധിബലംകൂടി അസ്ത്രബലപരീക്ഷണത്തിൽ മനസ്സിലാക്കിയെന്നതു സൂക്ഷ്മമായിച്ചിന്തിക്കുന്ന സമയം അറിവാൻ സാധിക്കുന്നതാണ്.

ഒരു ബ്രാഹ്മണൻ ഏഴു ശൂദ്രരെക്കൊണ്ടു ചുമടെടുപ്പിച്ചതിനു കൂലി കൊടുക്കാഞ്ഞതു നിമിത്തം അടുത്തജന്മത്തിൽ ഒരു സൎപ്പമായി എന്നും, ആ സൎപ്പത്തിന്റെ മുകളിൽ ആ ഏഴു ശൂദ്രർ ഏഴു സാലങ്ങളായി സ്ഥിതി ചെയ്തു എന്നും പുരാണങ്ങളിൽ കാണുന്നു. വൃക്ഷങ്ങളുടെ ഭാരം നിമിത്തം വൈവശ്യത്തെ പ്രാപിച്ചിരിക്കുന്ന സൎപ്പം വളഞ്ഞു പുളഞ്ഞു കിടക്കുന്നതുകൊണ്ടു വൃക്ഷങ്ങളും അതിന്റെ മുകളിൽ യാതൊരു ക്രമവുമില്ലാതെ അവിടവിടെയായിട്ടാണ് നിന്നിരുന്നതു്. നേരെപായുന്ന അസ്ത്രംകൊണ്ടു ക്രമരഹിതമായിനില്ക്കുന്ന വൃക്ഷങ്ങളെ ഭേദിക്കു

ന്നതു സാദ്ധ്യമല്ലെന്നു കരുതിയാണ് സുഗ്രീവൻ ഒരസ്ത്രംകൊണ്ടു അവയെ മുറിക്കുവാൻ ആവശ്യപ്പെട്ടതു്. ബുദ്ധിമാനായ രാമൻ ഈ പരീക്ഷയുടെ സാംഗത്യത്തേക്കുറിച്ചു ചിന്തിച്ചുകൊണ്ടു ഭൂമിയെ നല്ലവണ്ണം പരിക്ഷിച്ചസമയം കാൎയ്യം മനസ്സിലായി. സൎപ്പത്തിൻെറ മൎമ്മസ്ഥാനത്തു ചവുട്ടുകയൊ അമൎത്തുകയൊ ചെയ്താൽ അതു നിവൎന്നു് ഋജുവായിക്കിടക്കുമെന്നുള്ള തത്വം രാമനു നല്ലവണ്ണം അറിയാമായിരുന്നതുകൊണ്ടു് അദ്ദേഹം വേഗത്തിൽ കാലിൻെറ പെരുവിരലു മലപോലെ കിടക്കുന്ന സൎപ്പത്തിൻെറ മൎമ്മസ്ഥാനത്തു് അമൎത്തിയസമയം അതു ചൊവ്വിനു കിടന്നു. അപ്പോൾ വൃക്ഷങ്ങളെല്ലാം നിരന്നുവന്നു കഴിഞ്ഞു. ഉടനെ ഒരസ്ത്രംകൊണ്ടവയെ എല്ലാം ഒരേസമയത്തു ഭേദിക്കുകയും ചെയ്തു. വൃക്ഷസൎപ്പങ്ങളുടെ മാഹാത്മ്യം സുഗ്രീവനും, ബാലിക്കുമല്ലാതെ യാതൊരുത്തനും ആ കാലത്തറിവില്ലായിരുന്നു. ബുദ്ധിമാനായ രാമൻ സൂക്ഷ്മനിരീക്ഷണംകൊണ്ടു തത്വം മനസ്സിലാക്കി സാലഭഞ്ജനം ചെയ്തപ്പോൾ രാമൻെറ ബുദ്ധിബലത്തേക്കുറിച്ചും, അസ്ത്രബലത്തേക്കുറിച്ചും സുഗ്രീവനുണ്ടായിരുന്ന സംശയങ്ങൾ നീങ്ങി. സുഗ്രീവനു രാമനെക്കുറിച്ചു പൂൎവ്വാധികം ബഹുമാനവും ഉണ്ടായി.

അപ്പോൾ സുഗ്രീവൻ,

„വിശ്വാസം വന്നുകൂടീ മമ ഹൃദി രഘുനാ-
ഥാ! ഭവൽപ്രാഭവം കേൾ
വിശ്വാധിക്യം കലൎന്നോന്നമരവരസുത-
ന്നന്തകാരീ ശരോ/യം."

എന്നവിധം രാമനെ പ്രശംസിച്ചുപറഞ്ഞു ബാലിവധത്തിന്നു സന്നദ്ധനായി. രാമാദികൾ ഒന്നിച്ചു പുറപ്പെട്ടു. എന്നിട്ടു്

„പത്താശാന്തം നടുങ്ങുംപടി പരമതനോത്
സിംഹനാദം ഗഭീരം
സുത്രാമാപത്യഗേഹേ കപികുലമഖിലം
ചാലയൻ ഭാനുജന്മാ."

ഈ വൃത്താന്തത്തെതന്നെ മറെറാരുകവി,

„കല്പാന്തക്രുദ്ധരുദ്രോദ്ധതഹനഭരിതസ-
ന്തോഷസംരംഭനശ്യ-
ജ്ജാഡ്യോദ്ഗൎജ്ജത് കകുദ്മദ്ധ്വനിതസഹഭവാ
സിംഹനാദേന ലോകാൻ

രാമസ്യാജ്ഞാബലേന പ്രഗളിതഭയശോ-
കോത്കരോ രോഷപോഷ-
ക്രൂരാക്ഷഃ കമ്പയന്നാഹ്വയത ഹരിപതിം
ബാലിനം ഭാനുസൂനുഃ."

എന്നവിധം വൎണ്ണിച്ചിരിക്കുന്നു.

സുഗ്രീവൻ ഗോപുരദ്വാരത്തിൽ ചെന്നു ബാലിയെ പോരിനു വിളിക്കുന്നസമയം ബാലി അന്തഃപുരത്തിൽ ഭാൎയ്യമാരോടുകൂടി വിഹരിക്കുന്നതെല്ലാം കവി തന്മയത്വത്തോടുകൂടി സരസമായി വൎണ്ണിച്ചിരിക്കുന്നു.

"ഭോ ഭോ വാനരരാജ! വിശ്വവിജയ-
പ്രഖ്യാതവീൎയ്യോത്തര!
ത്വദ്ഭ്രാതാ ഹ്യഹമസ്മി സൂൎയ്യതനയഃ
സുഗ്രീവനാമാ കപിഃ
നിൎദ്ദോഷോ ഭവതാ മഹാബലവതാ
രാജ്യാന്നിരസ്തോ മുധേ
ശുശ്രൂഷാം ഭവതഃ പദാംബുജയുഗ-
സ്യാധാതുമത്രാഗതഃ."

എന്നു പറഞ്ഞസമയം,

"സുഗ്രീവോദഗ്രനാദം വടിവിനൊടു സമാ-
കൎണ്ണ്യ ദന്താവളേന്ദ്ര-
പ്രക്ഷോഭംകേട്ടു കണ്ണേ പരമിളകിന പ-
ഞ്ചാസ്യനങ്ങെന്നപോലെ
ഉഗ്രാത്മാ ഹന്ത! നാലഞ്ചലറി വിവൃതദം-
ഷ്ട്രാനനോ രോഷവേഗം
കൈക്കൊണ്ടുംകൊണ്ടു ബാലീ തദനു സരഭസം
നിൎജ്ജഗാഹേ ഗുഹായാഃ."

ക്രുദ്ധനായ ബാലി യുദ്ധത്തിനു പുറപ്പെട്ട സംഗതിയെ മറെറാരു കവി,

"മേഘധ്വാനഗഭീരസോദരനിനാ-
ദാകൎണ്ണനോദ്ഘൂൎണ്ണിതഃ
ക്രോധക്രൂരതരാക്ഷിരൂക്ഷശിഖിനാ
ധക്ഷ്യന്നിവാശാന്തരം

ദിഗ്ദന്താവളകര്‍ണ്ണരന്ധ്രദളന-
പ്രോച്ചണ്ഡകണ്ഠധ്വനി-
സ്സംരംഭാദ്വദജൃംഭത പ്രതിഭടോ-
ന്മാഥീ മഹേന്ദ്രാത്മജഃ."

എന്നവിധം വര്‍ണ്ണിച്ചിരിക്കുന്നു.

ബാലിയും സുഗ്രീവനുമായുണ്ടായ പ്രഥമയുദ്ധത്തില്‍ ബാലിയുടെ കഠിനമായ കരമുഷ്ടിപാതം ഏററു സുഗ്രീവന്‍ ക്ഷീണിച്ചു ചോര ഛര്‍ദ്ദിച്ചു പിന്‍തിരിഞ്ഞു് ഓടിപ്പോയി. യുദ്ധത്തിന്നു മുന്‍പു രാമന്‍,

"സുഗ്രീവാ! ചെല്ക നിന്നഗ്രജനുമഴകില്‍ വിളി-
ച്ചീട്ടു യുദ്ധായ തൂര്‍ണ്ണം,
വ്യഗ്രംവേണ്ടാ, മറഞ്ഞിട്ടിഹ തരുനികരേ
ഞാനുമുണ്ടാന്‍ ചാപധാരീ,
ഉഗ്രാത്മാനം തവ ഭ്രാതരമയി മമ കണ്‍-
മുന്‍പിലാക്കിത്തരേണം
മുഖ്യാത്മന്‍! നീ, തദീയം ക്ഷതജമിഹ പിപാ-
സത്യസൌ സായകോ മേ."

എന്നുപറഞ്ഞിട്ടുള്ളപ്രകാരം ചാപപാണിയായിട്ടു മരം മറഞ്ഞു നിന്നിരുന്നു എങ്കിലും ബാലിയെ അസ്ത്രംപ്രയോഗിച്ചു കൊല്ലുവാന്‍ സന്നദ്ധനായില്ല. അങ്ങനെ സഹായിക്കാതിരിക്കുവാനുള്ള കാരണം എന്തെന്നു സുഗ്രീവന്‍ ചോദിച്ചപ്പോൾ മറുപടിയായി രാമന്‍,

"യുദ്ധേ യുവാം മയാ ദൃഷ്ടൌ
സദൃശാഭരണാംബരൌ
തുല്യപ്രമാണവര്‍ണ്ണാംഗ-
സ്വരാലോകനചേഷ്ടിതൌ.

അതോ്യം തദപധഭാ-
ന്മാ വഞ്ചാഗ്രദാരുണഃ
അമോഘപാതീ ന ത്യക്തഃ
സത്യം പ്രാണഹരഃ ശരഃ."

എന്നു പറഞ്ഞിട്ടുള്ളതു മതിയായ കാരണമായി വിചാരിക്കുവാന്‍ പാടുള്ളതല്ല. ബുദ്ധിമാനും പരാക്രമശാലിയുമായ രാമനു ഇപ്ര

കാരം ഒരു് അബദ്ധം പറവുമെന്നു ചിന്തിക്കുന്നതിനുപോലും അവസരം ഉണ്ടാകുന്നില്ല. സുഗ്രീവനെ ആശ്വസിപ്പിക്കുന്നതിനുമാത്രമായി തല്ക്കാലം ഒരു സമാധാനം ഇപ്രകാരം രാമൻ പറഞ്ഞു എന്നേ വിചാരിക്കേണ്ടതുള്ളു. ഈ ക്ഷുദ്രകാരണം ബാലിയെക്കൊണ്ടു സുഗ്രീവനെ ഹിംസിക്കുവാൻ പ്രേരിപ്പിച്ച രാമനെ മിത്രദ്രോഹകുറ്റത്തിൽനിന്നും ഒരിക്കലും വിമോചിക്കുന്നില്ല. മഹാത്മാവായ രാമന്റെ പേരിൽ ഇപ്രകാരം ഒരപരാധം ചുമത്താവുന്നതുമല്ല. അതുകൊണ്ടു രാമന്റെ പ്രവൃത്തിയെ സാധൂകരിക്കുന്നതിനു വല്ല ആന്തരകാരണവുമുണ്ടായിരിക്കണം. അങ്ങനെ അന്തർല്ലീനമായിക്കിടക്കുന്ന തത്വങ്ങളാണു് ജീവയാത്രയിൽ ദീപസ്തംഭങ്ങളെപ്പോലെ പ്രകാശിച്ചുകൊണ്ടു നമ്മേ സദാ സന്മാർഗ്ഗങ്ങളിൽ തെറ്റാതെ സഞ്ചരിപ്പിക്കുന്നതു്. അതു ഗ്രഹിക്കാഞ്ഞാൽ രാമായണം അർത്ഥശൂന്യമായിത്തീരും. ഈ വിശിഷ്ടഗ്രന്ഥത്തിനെ അപ്രകാരമുള്ള അപവാദങ്ങളിൽനിന്നും രക്ഷിക്കുന്നതിനായി മുൻപു പലേ ഘട്ടങ്ങളിലും ശ്രമിച്ചിട്ടുള്ളതുപോലെ ഈ സംഗതിയെക്കുറിച്ചും കുറഞ്ഞൊന്നു ചിന്തിക്കാം.

ബാലിസുഗ്രീവന്മാർ ഇരുവരും മുൻപു രാമനു് അപരിചിതന്മാരായിരുന്നു. അവരുടെ ശത്രുത്വത്തെക്കുറിച്ചു സുഗ്രീവൻ പറഞ്ഞിട്ടുള്ളതല്ലാതെ യാതൊരുവിധമായ അറിവും രാമനില്ല. അവരുടെ വൈരത്തെക്കുറിച്ചു് ഒരു പൂർണ്ണമായ ബോധം രാമനു് ഉണ്ടാവേണ്ടതത്യാവശ്യമാണു്. ജ്യേഷ്ഠാനുജന്മാർതമ്മിൽ കാര്യവശാലുണ്ടാവുന്ന തല്ക്കാലവൈരത്തിന്റെ ഗൌരവമറിയാതെ ഒരുവനെ സഹായിക്കുവാൻ പുറപ്പെടുന്നവൻ അവസാനം രണ്ടുപേരുടേയും ശത്രുവായിത്തീരുന്നതാണു്. അങ്ങനെ പ്രവർത്തിക്കുന്നവർ സൂക്ഷിക്കണമെന്നുള്ള തത്വത്തെ രാമന്റെ ഈ സാഹസവൈമുഖ്യം നമ്മെ ഉപദേശിക്കുന്നു. സഹോദരന്മാർ, ഭാര്യാഭർത്താക്കന്മാർ മുതലായവർക്കുണ്ടാവുന്ന തല്ക്കാലവൈരസ്യത്തിൽ ഒരു ഭാഗംപിടിച്ചു സാഹസം പ്രവർത്തിക്കുന്നവർ, അവർ ഇരുവരും യോജിക്കുമ്പോൾ, വഴിയാധാരമായിത്തീരാൻ ഇടയുള്ളതുകൊണ്ടു് ആവക വിഷയങ്ങളിൽ ബുദ്ധിപൂർവ്വം പ്രവേശിക്കണമെന്നുപദേശം. അസാമാന്യബുദ്ധിശാലിയായ രാമൻ കാര്യങ്ങളുടെ പര്യവസാനം ഇന്നവിധത്തിലാണെന്നു് അറിവാൻ സാധിച്ചിട്ടുള്ളതുകൊണ്ടു സുഗ്രീവസഖ്യം മുൻകൂട്ടി ചെയ്തെങ്കിലും തന്റെ

പ്രവൃത്തി ലോകക്ക് പാഠമായിത്തീരണമെന്നുള്ള വിചാരത്തോടു കൂടിയാണ് ബാലിയെ പ്രഥമയുദ്ധത്തിൽ കൊല്ലാഞ്ഞതു്.

„സഹസാ വിദധീത ന ക്രിയാ-
മവിവേകഃ പരമാപദാം പദം
വൃണുതേ ഹി വിമൃശ്യകാരിണം
ഗുണലുബ്ധാഃ സ്വയമേവ സംപദഃ.''

എന്നു പറഞ്ഞിട്ടുള്ളതു സദാ ഓൎമ്മയിലുണ്ടായിരിക്കേണ്ടതാണ്.

രാമന്റെ ആജ്ഞയെ അനുസരിച്ചു ലക്ഷ്മണൻ സുഗ്രീവനെ തിരിച്ചറിയുന്നതിനുവേണ്ടി ഗജപുഷ്പീമാലയെ ധരിപ്പിച്ചപ്പോഠം സുഗ്രീവനെ നോക്കി രാമൻ,

„ശോഭസേ ഹ്യധികം വീര!
ലതയാ കണ്ഠലഗ്നയാ
വിപരീത ഇവാകാശേ
സൂൎയ്യോ നക്ഷത്രമാലയാ.''

എന്നവിധം പറയുന്നു. വാല്മീകിയുടെ ഈ ദുൎഘടമായ ശ്ലോകത്തെ വ്യാഖ്യാതാക്കന്മാർ ക്ലേശപൂൎവം വ്യാഖ്യാനിച്ചിരിക്കുന്നു.

ഹേ സുഗ്രീവ! കണ്ഠസക്തയായിരിക്കുന്ന ഈ മാലകൊണ്ടു നീ പൂൎവാധികം ശോഭിക്കുന്നു എന്നു പൂൎവാൎദ്ധത്തിന്റെ താത്പൎയ്യം. ഉത്തരാൎദ്ധത്തെ വ്യാഖ്യാനിക്കുന്നതിനു് ഒരു പ്രത്യേക നിഘണ്ടു ആവശ്യമായിരിക്കുന്നു.

„പരീതം തു ദിവാ പ്രോക്തം
വിപരീതം തു ശൎവ്വരീ
രാകാമദ്ധ്യഗതശ്ചന്ദ്രഃ
സൂൎയ്യ ഇത്യഭിധീയതേ.''

ഈ നിഘണ്ടുപ്രകാരം „പരീതം'' എന്നതിന്നു പകൽ എന്നും „വിപരീത''ത്തിനു രാത്രി എന്നും „രാകാമദ്ധ്യഗതനായ ചന്ദ്രനു'' സൂൎയ്യൻ എന്നും പേരുണ്ടെന്നു സിദ്ധിക്കുന്നു. ഈ ശ്ലോകം ഏതു നിഘണ്ടുവിൽ ഉൾപ്പെട്ടതാണെന്നു വ്യാഖ്യാതാക്കന്മാർ ആരും പറഞ്ഞുകാണുന്നില്ലെന്നുള്ളതു് പ്രത്യേകം സ്മൎത്തവ്യമാണ്. അപ്പോൾ വന്നുകൂടിയ ശ്ലോകാൎത്ഥമെന്തെന്നാൽ—രാത്രിസമയം ആകാശത്തിൽ നക്ഷത്രമാലകൊണ്ടു ശോഭിക്കുന്ന ചന്ദ്രനെപ്പോലെ ഹേ സുഗ്രീവ! നീ ഈ മാലകൊണ്ടു ശോഭിക്കുന്നു.

നേരെ ഭംഗിയായി കാൎയ്യം പറയുവാൻ അറിയാവുന്ന വാല്മീകിക്കു ഈ അൎത്ഥത്തെപ്പറയുവാൻ ഇത്രയും ക്ലേശം സഹിക്കേണ്ടതായി വന്നു എന്നു വിചാരിക്കുന്നതിൽ സാംഗത്യം ഇല്ലെന്നു തോന്നുന്നു. ഇതുമാതിരി പദപ്രയോഗംകൊണ്ടു വാല്മീകി, രാമായണത്തിൽ മറെറാരു ശ്ലോകം എഴുതീട്ടുള്ളതായി തോന്നുന്നില്ല. നേരേ അൎത്ഥംപറയാൻ സാധിക്കാത്ത സ്ഥലങ്ങളിൽ നിഘണ്ടു ഉണ്ടാക്കി അൎത്ഥം കല്പിക്കുന്ന സമ്പ്രദായം വ്യാഖ്യാതാക്കന്മാൎക്കു കേവലം അപരിചിതവുമല്ല. ഇതിനെക്കുറിച്ചധികമൊന്നും ചിന്തിക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ടു യഥാശ്രുതമായ അൎത്ഥം സംഗതമായിത്തീരുമോ എന്നു വിചാരിക്കാം.

വിപരീതകാലത്തു നക്ഷത്രമാലകൊണ്ടു പ്രശോഭിക്കുന്ന സൂൎയ്യനെപ്പോലെ ഹേ സുഗ്രീവ! ഈ മാലകൊണ്ടു നീ പൂൎവ്വാധികം ശോഭിക്കുന്നു.—എന്നു ശ്ലോകാൎത്ഥം.

സൂൎയ്യൻ നക്ഷത്രമാലകൊണ്ടു ശോഭിക്കുന്നതു സാധാരണമല്ല. എന്നാൽ ചില വിപരീതകാലത്തു സൂൎയ്യൻ നക്ഷത്രമാലകൊണ്ടു ശോഭിക്കുമെന്നു ജ്യോതിശ്ശാസ്ത്രം പറയുന്നുണ്ടു്. അതെന്തെന്നാൽ—

"രാത്രാവിന്ദ്രധനുർദ്ദൃശ്യേ
ദിവാ നക്ഷത്രദൎശനേ
തദ്രാഷ്ട്രനാഥനാശഃ സ്യാ-
ദിതി ഗൎഗ്ഗസ്യ ഭാഷിതം."

ഇന്ദ്രധനുസ്സ് (മഴവില്ല്) കാണുന്നതു പകലും, നക്ഷത്രം കാണുന്നതു സാധാരണ രാത്രിയുമാണ്. എന്നാൽ ചില വിപരീതകാലത്തു രാത്രി മഴവില്ലും പകൽ നക്ഷത്രങ്ങളും കാണാറാകും. അങ്ങനെ വിപരീതമായിക്കാണുമ്പോൾ ആ രാജ്യത്തെ രാജാവിനു നാശം സംഭവിക്കുമെന്നു ഗൎഗ്ഗമഹൎഷി പറഞ്ഞിരിക്കുന്നു എന്നാണു് മേൽക്കാണിച്ച ശ്ലോകത്തിന്റെ താൽപൎയ്യം.

ഈ ശ്ലോകത്തെ മേൽ വ്യാഖ്യാനിച്ച വാല്മീകിരാമായണശ്ലോകത്തോടുചേൎത്തു ചിന്തിക്കേണ്ടതാണ്. നക്ഷത്രമാലകൊണ്ടു ശോഭിക്കുന്ന സൂൎയ്യനെപ്പോലെ ഗജപുഷ്പീമാലകൊണ്ടു സുഗ്രീവൻ ശോഭിക്കുന്നു എന്നു പറഞ്ഞതിൽനിന്നു ബാലിയുടെ മരണം

സൂചിതമായി. നക്ഷത്രമാലകൊണ്ടു സൂൎയ്യൻ ശോഭിക്കു
മ്പോൾ രാജാവിൻെറ മരണം സംഗതമായിരിക്കുന്നതുപോലെ
ഗജപുഷ്പീമാലകൊണ്ടു ശോഭിക്കുന്ന സുഗ്രീവൻ കിഷ്കിന്ധാരാജാ
വായ ബാലിയുടെ മരണത്തിനു നിദാനമായിത്തീൎന്നിരിക്കുന്നു
എന്നു താത്പൎയ്യം. ജ്യോതിശ്ശാസ്ത്രവചനം എപ്രകാരം അപ്രതി
ഷേദ്ധ്യമോ അതുപോലെ ദ്വിതീയയുദ്ധം ബാലിവധത്തിൻെറ
അവ്യഭിചാരനിദാനമെന്നു പറഞ്ഞതു്, സുഗ്രീവനെ പ്രോത്സാഹി
പ്പിച്ചു രാമൻെറപേരിൽ തത്കാലം സുഗ്രീവനുതോന്നിയ അവി
ശ്വാസത്തെ പരിഹരിക്കുന്നതിന്നാകുന്നു. യുദ്ധഫലവും രാമൻ
പറഞ്ഞ ജ്യോതിശ്ശാസ്ത്രസിദ്ധാന്തത്തിന്നനുസരിച്ചുതന്നെയായിരു
ന്നല്ലോ.

ദ്വിതീയയുദ്ധത്തിനു ബാലി പുറപ്പെട്ടസമയത്താണു് താര
തടുക്കുന്നതു്. ഒരു കാൎയ്യത്തിന്നുപുറപ്പെടുന്നസമയം സ്ത്രീ തടുക്കു
കയോ പെട്ടന്നു മഴ തുടങ്ങുകയോ ചെയ്താൽ അതിൻെറ ഫലം
വിപരീതമായിരിക്കുമെന്നാണു് ജ്യോതിശ്ശാസ്ത്രം പറയുന്നതു്.
താരയുടെ വാക്കുകേൾക്കാതെ പുറപ്പെട്ട ബാലിക്കു നാശം
സംഭവിച്ചല്ലോ. ഭാരതയുദ്ധത്തിനു ദുൎയ്യോധനൻ പുറപ്പെട്ടസമയം
പെട്ടന്നുണ്ടായ മഴ പുരാണപ്രസിദ്ധവും, ടിപ്പുസുൽത്താൻ
അവസാനയുദ്ധത്തിനു പുറപ്പെട്ടസമയം മഴയുണ്ടായതു ചരിത്ര
പ്രസിദ്ധവുമാകയാൽ ഇവിടെ വിവരിക്കുന്നില്ല. ജ്യോതിശ്ശാസ്ത്ര
സിദ്ധാന്തത്തെ അനുസരിച്ചാണു് കേരളത്തിൽ „നാരി തടുക്കിലും
മാരി തടുക്കിലും പോകരുതു്'' എന്നു പറഞ്ഞുവരാറുള്ളതു്.

താര ചാപല്യഗോഷ്ഠികളൊന്നും കാണിക്കാതെ,

„ഇപ്പോളല്ലോ വിഭോ! നിന്നൊടു ഞെടുഞെടെയേ-
റേററമുഷ്ടിപ്രഹാരാൽ
തദ്ഭ്രാതാ ഹന്ത! പോയീ പുനരവനടനേ
വന്നതിന്നെന്തുമൂലം?''

എന്നു ചോദിക്കുന്നതു ഗുരുതരമായിട്ടുള്ളതുകൊണ്ടു ചിന്താ
വിഷയംതന്നെ.

„ത്വത്തഃ പരാജിതഃ പൂൎവ്വം
സുഗ്രീവസ്താവദാഗതഃ
ദൎപ്പാദാഹ്വയതേ തേന
ശങ്കാ സുമഹതീ മമ.''

എന്നു മറെറാരുകവിയും പറഞ്ഞിരിക്കുന്നു.

അവഠം അതിനെ തുടൎന്നു സമാധാനമായി,

,,അപ്പോളേ താനുമുണ്ടങ്ങൊരുബലമുതകി-
ട്ടിന്നു സുഗ്രീവനെന്നെ-
നൾപ്പൂവിങ്കൽ പുലമ്പുന്നിതു കപിമകുടീ-
രത്നമേ! ചിന്തയേഥാഃ.''

എന്നു പറയുന്നതു യുക്തിയുക്തമായിരിക്കുന്നു. ആലോചിക്കാതെ സാഹസം തുടങ്ങരുതെന്നു താത്പൎയ്യം. ഇതിലും ശക്തിയായി ഈ സംഗതിയെ ആൎക്കും പ്രതിപാദിക്കുവാൻ സാധിക്കുന്നതല്ല. ആത്മപൌരുഷപരാക്രമങ്ങളിൽ അമിതമായ വിശ്വാസമുള്ള ബാലിക്കു താരയുടെ യുക്തിയുക്തമായ വാക്കുകളുടെ ഗൌരവം മനസ്സിലാക്കുവാൻ സാധിക്കാഞ്ഞതു്,

,,പ്രായഃ സമാപന്നവിപത്തികാലേ
ധിയോഽപി പുംസാം മലിനീഭവന്തി.''

എന്നതുകൊണ്ടു മാത്രമായിരിക്കാം.

ബാലി ഇതിന്നു നേരേ ഉത്തരം പറയാതെ തൻെറ പരാക്രമങ്ങളെ വിസ്തരിച്ചുപദേശിച്ചു താരയെ സമാധാനപ്പെടുത്തുവാൻ ഉത്സാഹിച്ചു. താരയെ ബാലി വിവാഹം ചെയ്തതിൻെറ ശേഷമുള്ള തൻെറ സകലപരാക്രമങ്ങളും അവഠംക്കു വിശദമായറിയാവുന്നതുകൊണ്ടായിരിക്കാം താരയുടെ ഉത്പത്തിക്കു ഹേതുഭൂതമായ പാലാഴിമഥനകഥയെത്തന്നെ ബാലി വിസ്തരിച്ചുപപാദിച്ചതു്.

,,വാർമേവും പമ്പരത്തിൻ പരിചു ബത! തിരി-
ഞ്ഞൂ തദാ മന്ദരം.''

എന്നു പുനംനമ്പൂരി പറഞ്ഞിട്ടുള്ളതുതന്നെ കുഞ്ചൻ നമ്പ്യാർ പാലാഴിമഥനത്തിൽ

,,വമ്പനാം ബാലി പിടിച്ചോരുനേരത്തു
പമ്പരംപോലെ തിരിഞ്ഞിതു മന്ദരം.''

എന്നവിധം ഫലിപ്പിച്ചിരിക്കുന്നു.

പുത്രനായ ബാലിയുടെ ദേഹബലംകണ്ടു ദേവേന്ദ്രൻ ആനന്ദാശ്രുക്കളെപ്പൊഴിച്ചു. മഹാവിഷ്ണുവിനും, ഹരനും വിസ്മയബഹുമാനങ്ങരം ഉണ്ടായി.

„സന്തോഷാൽ പത്മജന്മാ പരിചിനൊടു ചിരി-
ച്ചു മുഖം മൂന്നുകൊണ്ടും."

നാന്മുഖൻ സന്തോഷംഹേതുവായിട്ടു മൂന്നുമുഖംകൊണ്ടു ചിരിച്ചു എന്നുപറഞ്ഞിട്ടുള്ളതിലെ അഭിപ്രായം ഒരു മുഖം ബാലിക്കു ദൃഷ്ടിഗോചരമാകാഞ്ഞതുകൊണ്ടു മാത്രമായിരിക്കാമെന്നു തോന്നുന്നു. നാലുമുഖവും നാലുദിക്കിലേക്കു നോക്കിയിരിക്കുന്നതുകൊണ്ട് ഒരുവന് ഒരേസമയത്തു മൂന്നു മുഖങ്ങളെ മാത്രമല്ലെ കാണ്മാൻ സാധിക്കുന്നുള്ളു. അസത്യഭീരുവായ ബാലി കണ്ടതുമാത്രം പറഞ്ഞതല്ലാതെ ഊഹാപോഹങ്ങളിൽ വിഹരിച്ചില്ലായിരിക്കാം.

സ്വന്തം പരാക്രമത്തെ ബാലി വർണ്ണിക്കുന്നവിധം മറെറാരു കവി എഴുതിയിരിക്കുന്നതു താഴെ ചേക്കുന്നു.

„ലോകാലോകാലവാലസ്ഖലിതപരിവഹത്
സപ്തപാഥോധിപൂരം
വിശ്ലിഷ്യൽപർവ്വകല്പത്രിഭുവനമഖിലോദ്-
ഖാതപാതാളമൂലം
പര്യസ്താദിത്യചന്ദ്രസ്തബകമപി പതദ്
ഭൂരിതാരാപ്രസൂനം
ബ്രഹ്മസ്തംഭം ധുനീയാമിഹ തു തവ വിധാ-
വസ്തി തീവ്രോ വിഷാദഃ."

ഇതിനേക്കാരം കൂടുതലായി ഒരുവൻെറ പരാക്രമം വർണ്ണിക്കുന്നത അസാദ്ധ്യമാണല്ലോ.

അംഗദനിൽനിന്നു മനസ്സിലാക്കീട്ടുള്ള രാമസുഗ്രീവസഖ്യവും, രാമൻെറ വീര്യപരാക്രമങ്ങളും താര കരഞ്ഞോന്നു പറഞ്ഞ സമയം പരാക്രമശാലിയായ ബാലി,

„അറിഞ്ഞീടെല്ലാരും ദിനകരതനൂജനു തുണയായ്
തിരിഞ്ഞോലും ഞാനിന്നരുളുവനവന്നന്തകപുരം."

എന്ന് ആത്മവിശ്വാസത്തെ തന്നെ അവലംബിക്കുന്നു.

താരയുടെ അശ്രുകണങ്ങളും, അഭ്യൎത്ഥനകളും കാലചോദിതനായ ബാലിയെ പരാങ്മുഖനാക്കിതീൎത്തില്ല. പിന്നെയും താര കരഞ്ഞു മാൎഗ്ഗരോധം ചെയ്വാനുത്സാഹിച്ചതുകണ്ടു കോപാകുലനായ ബാലി,

„ആഃ! കിം കിം വിപരീതകാരിണി! തുട-
ങ്ങിട്ടുന്നതിന്നീ ജഗ-
ന്നാക്കായ്ക്കമ്പിലമൂൻ പ്രയാഹി."

എന്നു സ്വരം പകൎന്നു പറഞ്ഞസമയം, അവൾ

„ഹാ ഹാ! ഹതാ നാഥ! നി-
ൎഭാഗ്യാ ഞാൻ."

എന്നു വിലപിച്ചു സ്വനികേതനത്തേ പ്രാപിച്ചു.

യുദ്ധത്തിന്നലറിക്കൊണ്ടടുത്തുവരുന്ന ബാലിയുടെ പരുഷവാക്കുകളെക്കേട്ടാൎത്തനായ സുഗ്രീവൻ,

„സുത്രാമാപത്യമേ! നിൻ കഴലിണതൊഴുതേൻ
കേൾ പിഴച്ചീലസൌ ഞാൻ
എത്താ നിൻ പാദശുശ്രൂഷണമഴകിലെനി-
ക്കെന്നു ഖേദേന യുദ്ധം
മെത്തിടുമ്പോൾ തല്ലോടായ്പുരുമടിമലരെ-
ന്നാഗതോ/സ്മി......"

എന്നു സരസമായിപ്പറഞ്ഞടുക്കുന്ന സുഗ്രീവന്റെ വാക്കുകളെ മറെറാരുകവി സംസ്കൃതത്തിൽ

„നിൎദ്ദോഷോ മഹതാ ത്വയാ ബലവതാ
രാജ്യാന്നിരസ്തോ മുധാ.
ശുശ്രൂഷാം ഭവതഃ പദാംബുജയുഗ-
സ്യാധാതുമത്രാഗതഃ."

എന്നവിധം തൎജ്ജമചെയ്തിരിക്കുന്നു.

തദനന്തരം ബാലിസുഗ്രീവന്മാർ തമ്മിലുണ്ടായ ഭയങ്കരയുദ്ധത്തെ ഒരു ഗദ്യംകൊണ്ടു നമുക്കു പുനരന്നമൂരി അക്ഷിഗോചരമാക്കിത്തന്നിരിക്കുന്നു. ബാലിയുടെ പ്രഹാരങ്ങളേററു ക്ഷീണഗാത്രനായ സുഗ്രീവന്റെ പാരവശ്യംകണ്ടു ഹനുമാൻ,

„സീതാജാനേ! തൊഴുന്നേൻ പരിചിനൊടു പറ-
ഞ്ഞൊത്തതിന്നന്തരം വാ-
രാതേ കണ്ടമ്പിലീ ഞങ്ങളെ രഘുകുലപൂ-
ണ്ണ്യാംബുധേ! പാലയേഥാഃ."

എന്നു ഭക്തിപൂൎവ്വം അഭ്യൎത്ഥിച്ചസമയം മുഷ്ടിപ്രഹാരംകൊണ്ടു ധരണിയിലവശപ്പെട്ടു സുഗ്രീവൻ പതിച്ചു. അപ്പോൾ „കാരുണ്യ കോപപ്രാബല്യംകൊണ്ടുദഞ്ചന്മൃദുഹസിതമുഖാ"രവിന്ദനായ രാമ ചന്ദ്രൻ,

„പോർവില്ലിന്മേൽ തൊടുത്തമ്മണിപവഴി വലി-
ച്ചമ്പിലാകൎണ്ണമൊന്നു-
ങ്ങാവില്ലീലം കൊടുത്തു കപിപരിവൃഢവ-
ക്ഷഃസ്ഥലേ മുക്തശങ്കം."

അപ്പോൾ ബാണപ്രഹാരംകൊണ്ടു പ്രാണൻമുട്ടി ക്ഷീണതപെട്ട കപീശ്വരൻ വിറച്ചു വിറച്ചു സുഗ്രീവൻെറ തോളിൽ കൈകൾ കൊടുത്തു കുഴഞ്ഞു ധരിണിയിൽ വീണു. രാമനാമാങ്കിതമായ ബാണത്തേ വലിച്ചൂരിയെടുപ്പാൻ ശക്തിയില്ലാതുഴലുന്ന സുത്രാമ സൂനു ശരം വന്നവഴിയെ നോക്കിയപ്പോൾ മാൎത്താണ്ഡാന്വയ മഞ്ജുളതിലകമായ രാമചന്ദ്രനേ കാണ്മാൻ സംഗതിയായി. ശൌൎയ്യപരാക്രമവാരിധിയായ ബാലി പാരവശ്യം കലൎന്നു രാമ ചന്ദ്രനോടു ചോദിക്കുന്ന ചോദ്യങ്ങൾ ശ്രദ്ധേയങ്ങളാണ്.

ധൎമ്മമാൎഗ്ഗസഞ്ചാരിഷ്ണുക്കളായ സൂൎയ്യവംശരാജാക്കന്മാരി ലൊരുവനായ

„ഭവാൻ
പാത്രം നിന്ദിതകൎമ്മണാമവനിമേ-
ലെന്നായിതല്ലോ വിഭോ!"

അതിന്നും പുറമെ,

„മുൻപിൽവന്നീ-
ട്ടാതേ ഗൂഢം ധരിത്രീപരിവൃഢരൊളിയ-
മ്പെയ്കയെന്നിത്രിലോക്യാം."

എന്നു വിധിച്ചതു ശ്രുതിയിലൊ, സ്മൃതിയിലൊ ഏതിലാണ്?

രണ്ടുപേർ തമ്മിൽ വൈരമുണ്ടാവാനുള്ള ധരണി, ധനം, തനയി എന്നീ മൂന്നുകാരണങ്ങളിൽ ഒന്നും നമ്മിൽ വൈരജനക ഹേതുവായിത്തീൎന്നിട്ടില്ലാത്തസ്ഥിതിക്ക് അങ്ങയുടെ ഈ സാഹസ കൃത്യം സാധൂകരിക്കാവുന്നതാണോ?

ജനോപദ്രവകാരികളായ കരികിരിശാൎദ്ദൂലവൃകാദികളെ ഹിംസിക്കുന്നതു രാജധൎമ്മമാണെങ്കിലും, നിരുപദ്രവികളായ വാനരന്മാരെ വൃഥാ കൊല്ലുന്നതു രാജനീതിയാണോ?

സീതാന്വേഷണത്തിനു സുഗ്രീവസാഹായ്യത്തെ കാംക്ഷിച്ചു കൊണ്ടാണ് ഈ ദുഷ്കൃത്യം ചെയ്തതെങ്കിൽ അരനിമിഷംകൊണ്ടു ദശമുഖനെ വാലുകൊണ്ടു വരിഞ്ഞുകെട്ടി കാല്ക്കൽ കാഴ്ചവക്കുന്നതിനുള്ള പ്രാഭവം എനിക്കുള്ളപ്പോൾ അങ്ങയുടെ ആ സമാധാനം സ്വീകാൎയ്യമാണോ?

മാംസഭക്ഷണത്തിലുള്ള ലൌല്യം നിമിത്തം ഈ ദുഷ്കൎമ്മം ചെയ്തതാണെന്നു വിചാരിക്കുന്നതായാൽ "പഞ്ചപഞ്ചനഖാ ഭക്ഷ്യാഃ" എന്നു ഗണിച്ചിട്ടുള്ളവയിൽ വാനരങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതുകൊണ്ടു വാനരമാംസമഭക്ഷ്യമല്ലേ? വാനരത്തിൻെറ തോലും ഉപയോഗശൂന്യമല്ലേ? അതുകൊണ്ടു പ്രയോജനമില്ലാത്ത ഈ നിന്ദ്യകൎമ്മം ഉചിതമാണോ?

അങ്ങയുടെ ബന്ധുവായ സുഗ്രീവനെ സഹായിക്കുവാനായി സുഗ്രീവശത്രുവായ എന്നെ നിഗ്രഹിച്ചു എന്നു വിചാരിക്കുന്നതായാൽ ഞങ്ങളിൽ തുല്യദൃഷ്ടിയോടുകൂടിയ അങ്ങു തുല്യബന്ധുക്കളായ ഞങ്ങളെ പറഞ്ഞുചേൎക്കുന്നതു വിഹിതവും ധൎമ്മവുമായിരിക്കെ അന്യായമായി എന്നെ നിഗ്രഹിച്ചതു യോഗ്യമോ?

---

ഇപ്രകാരം കൂൎത്തുമൂൎത്തുള്ള ചോദ്യബാണങ്ങളെ ബാലി നിഷ്ഠുരണം രാമചന്ദ്രൻെറ ഹൃദയത്തേ ലക്ഷ്യമാക്കി പ്രയോഗിച്ചു. ബാണപ്രഹാരംകൊണ്ടു പ്രാണൻ മുട്ടിക്കിടക്കുന്ന ബാലി രാമനേയും പ്രാണൻമുട്ടിച്ചുവശനാക്കിത്തീൎത്തു. എങ്കിലും രാമൻ ബാലിയോടു സമാധാനമെന്ന രീതിയിൽ പറഞ്ഞ യുക്തികളെ താഴെ ചേൎക്കുന്നു.

ദുഷ്ടവന്യസത്വങ്ങളെ ഒളിയമ്പെയ്തുകൊല്ലുന്നതാണ് സമ്പ്രദായം. നേരേ പോരിന് വിളിച്ച് അവയെ നായാടിക്കൊല്ലുന്നതി

ന്നാരും ഉദ്യമിക്കുന്നതായികേട്ടിട്ടില്ല. ദുഷ്ടസത്വമായ നിന്നേയും ആ രീതിയിൽ കൊന്നതു ന്യായ്യംതന്നെ.

എൻെറ മിത്രമായ മിത്രപുത്രനെ നീ ശത്രുഭാവത്തോടെ ഹിംസിക്കുവാൻ ചെയ്തശ്രമം എനിക്കനുഭവസിദ്ധമാണ്. അതിനും പുറമെ സുഗ്രീവൻെറ ഭാൎയ്യയായ രുമയെ ബലാൽ സ്വീകരിച്ചിരിക്കുന്ന നീ അധൎമ്മിഷ്ഠനാകയാൽ വദ്ധ്യനായിത്തീൎന്നു.

സ്വന്തസഹോദരനെ നിഷ്ഠുരണം ദ്രോഹിച്ച നീ ദുഷ്ടനായതുകൊണ്ടും, ദുഷ്ടന്മാരെ നിഗ്രഹിക്കുന്നതു രാജനീതിയായതുകൊണ്ടും നിന്നെ വധിച്ചതു ധൎമ്മം തന്നെ.

എൻെറ ബന്ധുവായ സുഗ്രീവൻെറ രാജ്യത്തേയും, ധനങ്ങളേയും, ദാരങ്ങളെയും നീ അപഹരിച്ചതുകൊണ്ടു നിന്നോടെനിക്കു വൈരമുണ്ടാവാൻ മതിയായ കാരണമുണ്ട്. അവയെല്ലാം ബലാൽ കൈവശം വച്ചനുഭവിച്ചുപോരുന്ന നീ എൻെറ ബന്ധുവിൻെറ ശത്രുവാകയാൽ വദ്ധ്യനായിത്തീൎന്നു.

രണ്ടുപേർ തമ്മിലുള്ള സഖ്യം അന്യോന്യസാപേക്ഷമാണ്. എന്നെക്കൊണ്ടൊരുപകാരവും ആവശ്യമില്ലാത്ത നീ എൻെറ ബന്ധുവാകുന്നതല്ല. അതിനാൽ എൻെറ ബന്ധുശത്രുവായ നീ വദ്ധ്യനായിത്തീൎന്നു.

വാനരമാംസം അഭക്ഷ്യമാണെന്നെനിക്കു നല്ലവണ്ണം അറിയാം. എന്നാൽ എൻെറ ബന്ധുവായ സുഗ്രീവൻെറനേരെ നീ നിഷ്ഠുരണം തുടൎന്നുവന്ന ദുഷ്ടസ്വഭാവം നിമിത്തം ദുഷ്ടസത്വങ്ങളിൽ ഉൾപ്പെട്ടുപോയ നീ വദ്ധ്യനായിത്തീൎന്നു.

നിങ്ങളെ അന്യോന്യം പറഞ്ഞു ചേൎക്കുന്നതിനായി ഞാൻ യത്നിക്കുന്നതായാൽ എൻെറ വാക്കുകളിൽ നിനക്കു ശ്രദ്ധയുണ്ടാവാൻ അവകാശമില്ല. തുല്യഗുണവാന്മാരായ ഇരുവരെപ്പറഞ്ഞു ചേൎക്കുന്നതുമാത്രമെ സാദ്ധ്യമാകയുള്ളൂ. ദുഷ്ടനായ നിന്നിൽ സാമം വിഫലമാകുമെന്നുള്ളതുകൊണ്ടു നീ വദ്ധ്യനായി.

ബാലിയുടെ ചോദ്യങ്ങൾക്കെല്ലാം മേൽ പറഞ്ഞപ്രകാരം രാമൻ സമാധാനം പറഞ്ഞതിൻെറ ശേഷം ബാലിയുടെ മനോഗതിയെ "പരലോകാൎത്ഥമേ ചിന്തയേഥാഃ" എന്നു പറഞ്ഞു തിരിച്ചുവിടുന്നു. അതിലേക്കായി പ്രപഞ്ചത്തിൻെറ നശ്വരാവ

സ്ഥിരതയേയും മിഥ്യാത്വത്തേയും സരസമായി ഉപപാദിക്കുന്നു. ഭൂമിയിൽ ജനിച്ച സകലവിധമായ ഐശ്വര്യാദികളേയും അനുഭവിച്ചു വീര്യപരാക്രമങ്ങളെക്കൊണ്ടു ലോകോത്തരയശസ്വിയായ നിനക്കു "പരഗതിവരുവാനിനിവേണ്ടു വിചാരം" എന്നു പറഞ്ഞവസാനിപ്പിച്ചശേഷം,

"ഇന്നും കേളിപ്പദവ്യാമഭിരുചി പരമു-
ണ്ടെങ്കിലെന്നോടതും നീ
ചൊന്നാലും, തദുപായം പുനരതിനു നമു-
ക്കുണ്ടു പാക്കും ദശായാം."

എന്നവിധം ചോദിച്ചതിലുള്ള അഭിപ്രായങ്ങളെ കവി വ്യക്തമാക്കാൻ ഉത്സാഹിച്ചുകാണുന്നില്ല.

ഭൂമിയിൽ ഇനിയും ജീവിച്ചിരുന്നു ഭോഗങ്ങളെ അനുഭവിക്കണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ വഴിയുണ്ടാക്കാമെന്നു രാമൻ പറഞ്ഞ സമയം വീര്യപരാക്രമംകൊണ്ടു പ്രസിദ്ധനായ ബാലിയെ രാമാസ്ത്രവിദ്ധനെന്ന അപവാദം ശേഷജീവിതത്തേ ഗ്രസിക്കാതിരിക്കയില്ലെന്നു വിചാരിച്ചു ബാലി തന്നെത്താൻ വിഷാദിച്ചു. അസ്ത്രം ഊരിക്കളഞ്ഞു പ്രാണപ്രതിഷ്ഠ വീണ്ടും രാമൻ ചെയ്താലും സ്വഗാത്രം വ്രണകിണാങ്കിതമല്ലാതാകുവാൻ അസാദ്ധ്യമെന്ന പരിതാപം ബാലിയെ അസ്വതന്ത്രനാക്കിത്തീർത്തു. എന്തുകൊണ്ടെന്നാൽ ബാലി എന്നു വിശ്രുതനായ കപികുലചക്രവൎത്തി പിന്നീടു വട്ടുബാലിഎന്നു കുപ്രസിദ്ധനായിത്തീരുന്നതു ദുസ്സഹം തന്നെ. "ബാലി എന്നും വട്ടുബാലി എന്നും പേരുകേൾക്കരുതെ"ന്നു മലയാളത്തിൽ പറഞ്ഞുവരാറുള്ളതു ബാലിയുടെ ഭാവിയായ ഈ അപവാദഗ്രസ്തജീവിതത്തേ ഉദ്ദേശിച്ചാണ്.

രാമന്റെ ദാക്ഷിണ്യപൂർവ്വമായ അനുഗ്രഹത്തെ കൈക്കൊണ്ടു ജീവദശയെ ദീർഘിപ്പിക്കുന്നതായാലുണ്ടാകാവുന്ന ഭാവിദുര്യശസ്സിനെ ഭയപ്പെട്ടു ബാലി രാമന്റെ കാരുണ്യാതിരേകത്തിന്നു പാത്രമാവാനുള്ള മോഹം അശേഷം തനിക്കില്ലെന്നു മുഖഭാവം കൊണ്ടു വ്യക്തമാക്കിയപ്പോൾ രാമൻ

"പുണ്യൈൎഘാവാപ്തലോകാനനുഭവിതുമൊഴി-
ഞ്ഞാശയില്ലെങ്കിലിപ്പോൾ-
ത്തന്നേ നാകാധിപത്യം നിയതമിഹ നിന-
ക്കാക്കുവൻ ഭാഗ്യസിന്ധോ!"

എന്നവിധം സ്വൎഗ്ഗസുഖത്തേ ലക്ഷ്യമാക്കി പ്രതിപാദിച്ചു. ബാലിക്കു ദുൎയ്യശസ്സോടുകൂടി ജീവിച്ചിരിക്കുവാൻ ആഗ്രഹമില്ലെന്നറിഞ്ഞപ്പോളുണ്ടായ സന്തോഷംകൊണ്ടാണ് രാമൻ അന്വൎത്ഥമായി „ഭാഗ്യസിന്ധോ!" എന്നു ബാലിയെ സംബോധനം ചെയ്തതു്. പുനരന്നൂരി മേൽപറഞ്ഞ ശ്ലോകത്തിൽ സൂചിപ്പിച്ചിരിക്കുന്ന ആശയങ്ങളുടെ ദിങ്മാത്രപ്രദൎശനമത്രേ വിവക്ഷിതമായിട്ടുള്ളതു്.

ബാലിയുടെ ആക്ഷേപങ്ങളെ യുക്തിപൂൎവ്വം ഖണ്ഡിക്കുവാനുത്സാഹിച്ചരാമനെ തദപധോല്ലുകതനാക്കാനുണ്ടായ യഥാൎത്ഥകാരണങ്ങളെന്തെല്ലാമെന്നുകൂടി ഈ അവസരത്തിൽ ചിന്തിക്കേണ്ടതുണ്ട്.

ഗരദാനം, ശിശുഹത്തി, സ്ത്രീഹത്തി, പരദാരാതിക്രമമെന്നുള്ള നാലു കുററങ്ങളാണ് ബാലിയുടെമേൽ ആരോപിച്ചിട്ടുള്ളതു്. ഈ നാലുകുററങ്ങളും ചെയ്തിട്ടുള്ളവൻ വധാൎഹനാകുന്നതുകൊണ്ടാണ് സജ്ജനങ്ങൾ ബാലിവധത്തേ സാധൂകരിച്ചിരിക്കുന്നതു്. അവയെക്കുറിച്ചുള്ള ഒരു ചുരുങ്ങിയ നിരൂപണം താഴേ ചേൎക്കുന്നു.

പണ്ട് ഒരു വാനരിയിൽ ബ്രഹ്മാവിൻെറ മാനസപുത്രനായി ഋക്ഷരജസ്സ് എന്നു പേരായ ഒരു വാനരൻ ഉണ്ടായിരുന്നു. ആ വാനരൻ സത്യലോകത്ത് ആകാശമാൎഗ്ഗത്തിൽ ഒരിക്കൽ സഞ്ചരിക്കുന്നസമയം സൂൎയ്യാതപപരിക്ലിഷ്ടനായിട്ടു വിയൎത്തുപിപാസാകുലിതനായിത്തീൎന്നു. ദാഹശമനാൎത്ഥം സമീപത്തുണ്ടായിരുന്ന കല്യാണസരസ്സിൽ ഉടനെപോയി ഋക്ഷരജസ്സു സ്നാനം ചെയ്തു. ആ സരസ്സിൽ സ്നാനംചെയ്യുന്ന പുരുഷന്മാർ സ്ത്രീകളായിത്തീരുമെന്നുള്ള പൂൎവ്വശാപംനിമിത്തം ഋക്ഷരജസ്സു ഒരു സ്ത്രീയായിത്തീൎന്നു.

„ഹരേരൃക്ഷരജോ നാമ
ബ്രഹ്മണോ മാനസസ്സുതഃ
യദൃച്ഛയാ പൎയ്യടൻ സ
സത്യലോകേ വിഹായസാ.
സൂൎയ്യാതപപരിക്ലിഷ്ടഃ
സ്വിന്നഗാത്രഃ പിപാസിതഃ
കല്യാണസരസി സ്നാത്വാ
സ തസ്മാജ്ജായതേഽബലാ"

എന്ന പുരാണവചനം കാണ്ക.

നാരദശാപംനിമിത്തം ഈ വാനരസ്ത്രീയേക്കണ്ടു കാമാന്ധനായ ദേവേന്ദ്രൻ അവളെ സ്വീകരിച്ചപ്പോൾ ഉണ്ടായ പുത്രനാണ് ബാലി. ഇന്ദ്രന്റെ സദംശത്തോടുകൂടി അഹല്യാജാരതാദോഷസങ്കലനമുണ്ടായിരുന്നതുകൊണ്ടു ബലിയായ ബാലി പരദാരലമ്പടനായിത്തീൎന്നു.

കുറെനാൾ കഴിഞ്ഞശേഷം ആ വാനരസ്ത്രീയെ നാരദശാപംനിമിത്തം സൂൎയ്യദേവൻ സ്വീകരിച്ചപ്പോൾ സുഗ്രീവൻ ജനിച്ചു. സൂൎയ്യകരങ്ങൾ നികൃഷ്ടവസ്തുക്കളേയും പതിവ്രതമാരേയും മററും സ്പൎശിക്കുന്നതുനിമിത്തമുണ്ടായപാപം സദംശസങ്കലിതമായുണ്ടായ സുഗ്രീവനു കരമുഷ്ടിഘാതം, ദാരാപഹരണദുഃഖം, മുതലായവ അനുഭവഗോചരമായിത്തീൎന്നു.

ഈ വാനരസ്ത്രീ ബ്രഹ്മാവിന്റെ ഉപദേശപ്രകാരം മറെറാരു സരസ്സിൽ സ്നാനംചെയ്തപ്പോൾ പൂൎവ്വവൽ ഋക്ഷരജസ്സെന്ന വാനരനായിത്തീൎന്നു.

ഋക്ഷരജസ്സ പുത്രന്മാരായ ബാലിസുഗ്രീവന്മാരോടുകൂടി കിഷ്കിന്ധയിൽ പിന്നീടു വളരെക്കാലം താമസിച്ചു. ബാലപുത്രന്മാരെ രക്ഷിക്കുന്നതിന്ന് ഒരു സ്ത്രീയുടെ സഹായം അത്യാവശ്യമായിവന്നതുനിമിത്തം ഋക്ഷരജസ്സ് ഒരു വാനരസ്ത്രീയെ വിവാഹം ചെയ്തു. അവളിൽ ഋക്ഷരജസ്സിന് ഒരു പുത്രിമാത്രമെ ഉണ്ടായുള്ളു. അവളുടെപേർ അഞ്ജനാദേവിയെന്നാണ്. മാതാപിതാക്കന്മാരുടെ മരണശേഷം, ജാത്യന്ധയായ അഞ്ജനാദേവി കാട്ടിൽചെന്നു തപസ്സുതുടങ്ങി.

അഞ്ജനാദേവി പൂൎവ്വജന്മത്തിൽ പുഞ്ജികസ്ഥലി എന്നു പേരോടുകൂടിയ ഒരു സുന്ദരിയായിരുന്നു. അവൾ ബൃഹസ്പതിയെ ശുശ്രൂഷിച്ചുതാമസിക്കുന്ന കാലത്തൊരുദിവസം ചിത്രാംഗദനും ചിത്രാംഗദയുമെന്ന ഗന്ധൎവ്വമിഥുനം ജലക്രീഡചെയ്യുന്നതുകണ്ടു മോഹിച്ചു തിരിച്ചുവന്ന് അവളെ വിവാഹം ചെയ്യണമെന്നു ബൃഹസ്പതിയോടപേക്ഷിച്ചു. ഓരോ ഒഴിവുകഴിവുപറഞ്ഞു ബൃഹസ്പതി കാലം ദീൎഘിപ്പിച്ചുകൊണ്ടുപോകുന്നതുകൊണ്ടു കാമാന്ധയായ അവൾ ബൃഹസ്പതിയെ ഒരിക്കൽ ബലാൽ സ്വീകരിപ്പാൻ ഉത്സാഹിച്ചു. അവളുടെ ചാപല്യംകൊണ്ടു കുപിതനായ ബൃഹസ്പതി

ജാത്യന്ധയായ വാനരസ്ത്രീയായിത്തീരട്ടെ എന്നവളെ ശപിച്ചു. പിന്നീട്ട മനഃക്ഷോഭമടങ്ങിയപ്പോഠം ബൃഹസ്പതി പുഞ്ജികസ്ഥനിയുടെ അപേക്ഷ അനുസരിച്ച് അവഠംക്കു ശാപമോക്ഷം കൊടുത്തു. പരമേശ്വരബീജത്തിൽ അവഠംക്കുണ്ടാവുന്ന സന്താനത്തിൻെറ ശബ്ദശ്രവണമാത്രത്തിൽ ആന്ധ്യംതീൎന്ന് അവഠംക്കു ശാപമോക്ഷം സിദ്ധിക്കുമെന്നാണ് ബൃഹസ്പതി അനുഗ്രഹിച്ചതു്. അവഠം ഉടനെ അഞ്ജനയെന്ന വാനരിയായി പിറന്നു.

അഞ്ജനാദേവി തപസ്സുചെയ്തുകൊണ്ടിരിക്കുന്ന കാലത്തു പരമേശ്വരബീജത്തെ ഗൎഭത്തിൽ ധരിക്കുവാനുണ്ടായ സംഗതി പ്രസിദ്ധമാണല്ലോ. ഗൎഭവൃത്താന്തം അറിഞ്ഞിട്ടുള്ള നാരദൻ ഉടനെ ബാലിയുടെ സമീപത്തിൽചെന്നു പരമേശ്വരബീജത്തിലുണ്ടാകുന്ന വാനരസന്താനം കിഷ്കിന്ധാരാജാവായ ബാലിയുടെ പരമശത്രുവായിത്തീരുമെന്നു പറഞ്ഞു ഭയപ്പെടുത്തി. താൻ പരമേശ്വരഭക്തനാണെങ്കിലും പരമേശ്വരബീജത്തിലുണ്ടാവുന്ന കുമാരനെ ജയിക്കുവാൻ ശക്തനായിത്തീരുമൊ എന്നു ബലമായി ബാലി സംശയിച്ചു. ദുഃഖപ്രദമായ വിഷമാവസ്ഥയെ തരണം ചെയ്യുന്നതിനു ഗൎഭിണിയേയും ഗൎഭസ്ഥശിശുവിനേയും ഹനിക്കുവാൻതന്നെ ബാലി അവസാനം തീൎച്ചപ്പെടുത്തി. പഞ്ചലോഹങ്ങഠം ഉരുക്കി വിഷംകലൎന്നു കാട്ടിൽ മലൎന്നുകിടക്കുന്ന ജാത്യന്ധയായ അഞ്ജനാദേവിയുടെ വായിൽ പകൎന്നു.

„അന്യഥാ ചിന്തിതം കാൎയ്യം
ദൈവമന്യത്ര ചിന്തയേൽ."

എന്നുപറഞ്ഞപ്രകാരം ബാലിയുടെ ദുൎമ്മോഹം ഫലിച്ചില്ല. വിഷം ജരിച്ചുപോയി. പഞ്ചലോഹങ്ങഠം രണ്ടു കുണ്ഡലങ്ങളായി ശിശുവിൻെറ രണ്ടു കൎണ്ണങ്ങളേയും അലങ്കരിച്ചു. അഞ്ജനാദേവി പ്രസവിച്ച ശിശുവാണ് ഹനുമാൻ. ഹനുമാൻെറ ശബ്ദം കേട്ട സമയം അഞ്ജനാദേവിക്കു കണ്ണുകാണാറായിത്തീൎന്നു. കുട്ടിയെ എന്തു ചെയ്യണമെന്നു പരിഭ്രമിച്ചു നില്ക്കുമ്പോഠം നാരദൻ വന്നു. കുട്ടിയുടെ കൎണ്ണങ്ങളിൽ കുണ്ഡലം പ്രത്യക്ഷമായികാണുന്നവനാണ് ഈ കുട്ടിയുടെ മാതാവും പിതാവും രക്ഷിതാവുമെന്നുപറഞ്ഞു ദേവിയെ സമാധാനപ്പെടുത്തി. കുട്ടിയെ ഉപേക്ഷിച്ച് അഞ്ജനാദേവി പോവുകയും ചെയ്തു. ഈ കുണ്ഡലങ്ങളെയാണ് രാമൻ

കണ്ടതായി മുൻപ് ഒരവസരത്തിൽ പറഞ്ഞിട്ടുള്ളതു്. അന്നു മുതൽ ഹനുമാൻ രാമനേ സൎവ്വേശ്വരനായിസ്സങ്കല്പിച്ചു ഭജിച്ചു തുടങ്ങുകയും ചെയ്തു.

ബാലിയുടെ അപരാധങ്ങളായ ഗരദാനവും, സ്ത്രീഹത്തിക്കും ശിശുഹത്തിക്കുമുള്ള ഉത്സാഹങ്ങളും മേൽപറഞ്ഞകഥയിൽ നിന്നു വ്യക്തമായല്ലൊ. രുമയെ അതിക്രമിച്ചതാണ് നാലാമത്തേ അപരാധമായ പരദാരാതിക്രമണം. ഈ നാലുകുററങ്ങളും ബാലിയുടെ മേൽ ചുമത്തിയാണ് ബാലിയെ രാമൻ നിഗ്രഹിച്ചതു്.

ഇന്ദ്രന്റെ സദംശങ്ങളും അസദംശങ്ങളും കലൎന്ന ബാലിയുടെ അസദംശച്ഛേദനം രാമബാണംകൊണ്ടു സാധിച്ചപ്പോൾ സദംശം ഇന്ദ്രനേത്തന്നെ പ്രാപിപ്പാൻ സംഗതിയായി. ബാലിയുടെ അസംദശച്ഛേദനംചെയ്തു സ്വൎഗ്ഗപ്രാപ്തിയുണ്ടാക്കിയ രാമനു പ്രത്യുപകാരബുദ്ധ്യാ ബാലി കാഴ്ചവച്ച പുത്രൻ അംഗദൻ തന്റെ സദംശങ്ങൾ മൂൎത്തീകരിച്ചവനായതുകൊണ്ടു രാമൻ അനുഗ്രഹബുദ്ധ്യാ അവനെ സ്വീകരിച്ചു.

സുഗ്രീവോത്പത്തിക്കു കാരണമായ സൂൎയ്യന്റെ സദസദംശങ്ങളുടെ താരതമ്യം മററൊരുപ്രകാരത്തിലാകയാൽ അവയെ പ്രത്യേകം തിരിച്ച് ഒന്നിനേ രക്ഷിച്ചു മററതിനെ ഛേദിക്കുവാനുള്ളകാലം ആസന്നമായിട്ടില്ലാത്തതുകൊണ്ടു ഭഗവച്ഛുശ്രൂഷാദികൈങ്കൎയ്യങ്ങൾക്കവസരംകൊടുത്തു സുഗ്രീവനെ പരിശുദ്ധനാക്കുവാൻ രാമൻ യത്നം തുടങ്ങിയതെ ഉള്ളു.

മേൽപറഞ്ഞകഥകളുടെ സൂക്ഷ്മഭാഗമെന്തെന്നു താഴെ വിവരിക്കുന്നു. പൂൎവ്വകാലത്തു ഋഷകനെന്നും മന്ദപാലനെന്നും പേരുള്ള സഹോദരന്മാരായ രണ്ടു വേടന്മാർ ദീൎഘകാലം നാരായണനെ തപസ്സുചെയ്തു സന്തോഷിപ്പിച്ചു. നാരായണൻ പ്രത്യക്ഷമായി വരങ്ങളെ വരിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ജ്യേഷ്ഠൻ മോക്ഷത്തേയും, അനുജൻ ദാസത്വത്തേയും അപേക്ഷിച്ചു. അടുത്തജന്മത്തിൽ രണ്ടും സാധിക്കുമെന്നരുളിചെയ്തു ഭഗവാൻ അന്തൎദ്ധാനം ചെയ്തു.

ഋഷകൻ ദക്ഷിണായനത്തിൽ മരിച്ചു ദേവേന്ദ്രനോടു ചേൎന്നു പിന്നീടു ബാലിയായി ജനിച്ചു രാമശരമേററു സദ്ഗതിയെ പ്രാപിച്ചു.

മന്ദപാലൻ ഉത്തരായണത്തിൽ മരിച്ചു സൂൎയ്യനോടു ചേൎന്നു പിന്നീടു ബാലിയുടെ സഹോദരനായി സുഗ്രീവനെന്ന നാമധേയത്തോടുകൂടി ജനിച്ചു ഭഗവദവതാരമായ ശ്രീരാമചന്ദ്രന്റെ നിരന്തരപാദശുശ്രൂഷകൊണ്ടു കൃതാൎത്ഥതപൂണ്ടു.

ബാലിയെ രാമൻ നേരിട്ടുകണ്ടാൽ ബാലി ഭഗവാന്റെ ദാസത്വത്തെ സ്വീകരിക്കുന്നപക്ഷം മുൻജന്മത്തിൽ കൊടുത്തവരം കേവലം ഔപചാരികമായിത്തീൎന്നു പോകാനിടയുള്ളതുകൊണ്ടും, ബാലിക്കു മോക്ഷം കൊടുപ്പാനുള്ളകാലം ആസന്നമായിരിക്കുന്നതുകൊണ്ടും നേരേ വരാതെ മറഞ്ഞുനിന്നു രാമൻ ബാലിയുടെനേരേ അസ്ത്രം പ്രയോഗിച്ചു എന്നും ധരിച്ചുകൊള്ളേണ്ടതാണ്.

അതിന്നുംപുറമെ ബാലിക്കു സിദ്ധിച്ചിട്ടുള്ള വരബലംനിമിത്തം നേരിട്ടു പൊരുതുന്നതു് ആൎക്കും സുസാധമല്ല.

"ആഹൂയ ബാലിനം ബ്രഹ്മാ
ദദൌ വരമനുത്തമം
പ്രതിപവൎത്തിനോ ഭൂയാ-
ദൎദ്ധം ബലമരിന്ദമ!"

എന്നുള്ള ബ്രഹ്മദത്തവരം രാമനെ ബാധിക്കുന്നതല്ല. രാമന്റെ അൎദ്ധബലം പോയാലും ശേഷാൎദ്ധംകൊണ്ടുതന്നെ ബാലിയെ രാമനു ജയിക്കാൻ സാധിക്കും. ശത്രുവിന്റെ ബലമൎദ്ധംപോകുമെന്നല്ലാതെ അതു ബാലിക്കു സിദ്ധിക്കുമെന്നു പറഞ്ഞിട്ടില്ല. അഥവാ ഭഗവാന്റെ അൎദ്ധബലം ബാലിക്കുകിട്ടിയാലും ഭഗവാനു ബാലിയെക്കൊല്ലുവാൻ പ്രയാസമൊന്നുമല്ല. എന്തുകൊണ്ടെന്നാൽ,

"പൂൎണ്ണമദഃപൂൎണ്ണമിദം
പൂൎണ്ണാത് പൂൎണ്ണമുദച്യതേ
പൂൎണ്ണസ്യ പൂൎണ്ണമാദായ
പൂൎണ്ണമേവാവശിഷ്യതേ."

എന്ന വേദവചനപ്രകാരം ഭഗവാന്റെ അൎദ്ധബലം പോയാലും പിന്നേയും പൂൎണ്ണബലം ശേഷിക്കും. പൂൎണ്ണത്തിന്ന് അൎദ്ധത്തെ ജയിക്കുവാൻ പ്രയാസമില്ലല്ലോ. അതിനാൽ ഈ വരബലം

നിമിത്തമാണ് രാമൻ നേരിട്ടുനിന്നു യുദ്ധം ചെയ്യാഞ്ഞത് എന്നു പറഞ്ഞുവരാറുള്ള അഭിപ്രായം സമൂലമെന്നു വിചാരിച്ചുകൂടാ.

ഇതുകൂടാതെ രാമനെ ബാലി നേരിട്ടുകണ്ടാൽ അഭയം യാചിക്കുമെന്നതിന്നും സംശയമില്ല. യാചിച്ചാൽ കൊടുക്കാതിരിക്കുന്നതു രാമനു ധർമ്മവുമല്ല. ബാലിക്കഭയം കൊടുത്താൽ ബാലിയുടെ സഖാവൊ, ആശ്രിതനൊ ആയ രാവണനും അഭയം കൊടുക്കേണ്ടതായിവരും. അപ്പോൾ രാമാവതാരകാര്യം നിരർത്ഥകമായിത്തീരും. ഈ അഭിപ്രായത്തേ സ്കാന്ദപുരാണത്തിൽ

"അഭയേ ബാലിനേ ദത്തേ
പ്രതിജ്ഞാ പരിഹീയതേ
രാവണസ്യ സഖാ ബാലീ
രാവണോഽപി വ്രജേത്തു മാം.

രാവണസ്യ വധാഭാവാ-
ദവതാരഫലം നഹി."

എന്നു രാമൻതന്നെ പറഞ്ഞിരിക്കുന്നതും പ്രച്ഛന്നബാണപ്രയോഗത്തിന്നു കാരണമാവാം.

ഇനി വാല്മീകിരാമായണത്തിൽ ബാലി രാമനെ ഭർത്സിക്കുന്നതു് ഏതുവിധത്തിൽ പറഞ്ഞിരിക്കുന്നു എന്നുകൂടി പരിശോധിക്കാം.

"ത്വം നരാധിപതേഃ പുത്രഃ
പ്രഥിതഃ പ്രിയദർശനഃ
കുലീനഃ സത്വസമ്പന്ന-
സ്തേജസ്വീ ചരിതവ്രതഃ.

പരാങ്മുഖവധം കൃത്വാ
കോഽനു പ്രാപ്തസ്ത്വയാ ഗുണഃ
യദഹം യുദ്ധസംരബ്ധഃ
ശരേണോരസി താഡിതഃ.

ന മാമന്യേന സംരബ്ധം
പ്രമത്തം വേദ്ധുമർഹസി
ഇതി മേ ബുദ്ധിരുത്പന്നാ
ബഭ്രുവാദർശനേ തവ.

ജാനേ പാപസമാചാരം
തൃണൈഃ കൂപമിവാവൃതം
സതാം വേഷധരം പാപം
പ്രച്ഛന്നമിവ പാവകം.

വിഷയേ വാ പുരേ വാ തേ
യദാ നാപകരോമ്യഹം
നച ത്വാമവജാനേ ച
കസ്മാത്ത്വം ഹംസ്യകില്ബിഷം.

കഃ ക്ഷത്രിയകുലേ ജാതഃ
ശ്രുതവാന്നഷ്ടസംശയഃ
ധമ്മലിംഗപ്രതിച്ഛന്നഃ
ക്രൂരം കമ്മ സമാചരേത്.

ഭൂമിർഹിരണ്യം രൂപ്യം ച
വിഗ്രഹേ കാരണാനി ച
അത്ര കസ്തേ വനേ ലോഭോ
മദീയേഷു ഫലേഷു വാ.

ന തേഽസ്ത്യപചിതിർധമ്മേ
നാത്ഥേ ബുദ്ധിരവസ്ഥിതാ
ഇന്ദ്രിയൈഃ കാമവൃത്തസ്സൻ
കൃഷ്യസേ മനുജേശ്വര!

ഹത്വാ ബാണേന കാകുത്സ്ഥ!
മാമിഹാനപരാധിനം
കിം വക്ഷ്യസി സതാം മദ്ധ്യേ
കമ്മ കൃത്വാ ജുഗുപ്സിതം.

അധാര്യം ചമ്മ മേ സദ്ഭി
രോമാണ്യസ്ഥി ച വജ്ജിതം
അഭക്ഷ്യാണി ച മാംസാനി
ത്വദ്വിധൈർധമ്മചാരിഭിഃ.

പഞ്ച പഞ്ചനഖാ ഭക്ഷ്യാ
ബ്രഹ്മക്ഷത്രേണ രാഘവ!
ശല്യകഃ ശ്വാവിധോ ഗോധാ
ശശഃ കൂമ്മശ്ച പഞ്ചമഃ.

ശഠോ നൈകൃതികഃ ക്ഷുദ്രോ
    മിഥ്യാപ്രശ്രിതമാനസഃ
കഥം ദശരഥേന ത്വം
    ജാതഃ പാപോ മഹാത്മനാ.

ഉദാസീനേഷു യോഽസ്മാസു
    വിക്രമസ്തേ പ്രകാശിതഃ
അപകാരിഷു തം രാജൻ!
    നഹി പശ്യാമി വിക്രമം.

ദൃശ്യമാനസ്തു യുദ്ധ്യേഥാ
    മയാ യദി നൃപാത്മജ!
അദ്യ വൈവസ്വതം ദേവം
    പശ്യേസ്ത്വം നിഹതോ മയാ.

ത്വയാഽദൃശ്യേന തു രണേ
    നിഹതോഽഹം ദുരാസദഃ
പ്രസുപ്തഃ പന്നഗേനേവ
    നരഃ പാനവശം ഗതഃ.

മാമേവ യദി പൂർവ്വം ത്വ-
    മേതദത്ഥമചോദയഃ
മൈഥിലീമഹമേകാഹ്നാ
    തവ ചാനീതവാൻ ഭവേത്.

സുഗ്രീവപ്രിയകാമേന
    യത് കൃതോഽസ്മി ഹതസ്ത്വയാ
കണ്ഠേ ബദ്ധ്വാ പ്രദദ്യാം തേ
    നിഹതം രാവണം രണേ.

ന്യസ്താം സാഗരതോയേ വാ
    പാതാളേ വാപി മൈഥിലീം
ആനയേയം തവാദേശാ-
    ച്ഛ്വേതാമശ്വതരീമിവ.

യുക്തം യദ് പ്രാപ്നുയാദ്രാജ്യം
    സുഗ്രീവഃ സ്വഗ്ഗതേ മയി
അയുക്തം യദധർമ്മേണ
    ത്വയാഹം നിഹതോ രണേ.

കാമമേവംവിധേ ലോകഃ
കാലേന വിനിയുജ്യതേ
ക്ഷമം ചേദ് ഭവതാ പ്രാപ്ത-
മുത്തരം സാധു ചിന്ത്യതാം.

ഇത്യേവമുക്ത്വാ പരിശുഷ്കവക്ത്രഃ
ശരാഭിഘാതാദ്വ്യഥിതോ മഹാത്മാ
സമീക്ഷ്യ രാമം രവിസന്നികാശം
തൂഷ്ണീം ബഭൂവാമരരാജസൂനുഃ."

ബാലിയുടെ ഭർത്സനങ്ങൾക്കു രാമൻപറഞ്ഞ സമാധാനം വാല്മീകി എഴുതിയിരിക്കുന്നവിധം തന്നെ താഴെ ചേർത്തു കൊള്ളുന്നു.

„ധർമ്മമർത്ഥം ച കാമം ച
സമയം ചാപി ലൌകികം
അവിജ്ഞായ കഥം ബാല്യാ-
ന്മാമിഹാദ്യ വിഗർഹസേ.

അപൃഷ്ട്വാ ബുദ്ധിസമ്പന്നാൻ
വൃദ്ധാനാചാര്യസമ്മതാൻ
സൌമ്യ! വാനരചാപല്യാത്
കിം മാം വക്തുമിഹേച്ഛസി.

തദേതത് കാരണം പശ്യ
യദർത്ഥം ത്വം മയാ ഹതഃ
ഭ്രാതുർവർത്തസി ഭാര്യായാം
ത്യക്ത്വാ ധർമ്മം സനാതനം.

അസ്യ ത്വം ധരമാണസ്യ
സുഗ്രീവസ്യ മഹാത്മനഃ.
രുമായാം വർത്തസേ കാമാത്
സ്നുഷായാം പാപകർമ്മകൃത്.

ഔരസീം ഭഗിനീം വാപി
ഭാര്യാം വാപ്യനുജസ്യ യഃ
പ്രചരേത നരഃ കാമാ-
ത്തസ്യ ദണ്ഡോ വധഃ സ്മൃതഃ

വാഗുരാഭിശ്ച പാശൈശ്ച
കൂടൈശ്ച വിവിധൈർനരാഃ
പ്രതിച്ഛന്നാശ്ച ദൃശ്യാശ്ച
ഗൃഹ്ണന്തി സുബഹൂൻ മൃഗാൻ.

പ്രധാവിതാൻ വാ വിത്രസ്താൻ
വിസ്രബ്ധാംശ്ചാപി നിഷ്ഠിതാൻ
പ്രമത്താനപ്രമത്താൻ വാ
നരാ മാംസാൎത്ഥിനോ ഭൃശം.

വിദ്ധ്യന്തി വിമുഖാംശ്ചാപി
ന ച ദോഷോഽത്ര വിദ്യതേ
യാന്തി രാജൎഷയശ്ചാത്ര
മൃഗയാം ധൎമ്മകോവിദാഃ.

തസ്മാത്ത്വം നിഹതോ യുദ്ധേ
മയാ ബാണേന വാനര!
അയുദ്ധ്യൻ പ്രതിയുദ്ധ്യൻ വാ
യസ്മാച്ഛാഖാമൃഗോ ഹ്യസി.

ത്വം തു ധൎമ്മമവിജ്ഞായ
കേവലം രോഷമാസ്ഥിതഃ
പ്രദൂഷയതി മാം ധൎമ്മേ
പിതൃപൈതാമഹേ സ്ഥിതം.''

ബാലിയുടെ ഓരോ ചോദ്യത്തിനും രാമൻ ധൎമ്മമാൎഗ്ഗാനുസാരേണ അഭിഭാഷകനേപ്പോലെ ഉത്തരം പറഞ്ഞിട്ടുള്ള രീതിയെ തുടൎന്നു പുനംനമ്പൂരി എഴുതിയിരിക്കുന്ന യുക്തിവാദങ്ങളെ സുഖമായി ഗ്രഹിക്കുന്നതിനുവേണ്ടി മാത്രമാണ് വാല്മീകിരാമായണത്തിലേ ചിലശ്ലോകങ്ങളെ മേലുദ്ധരിച്ചു മാൎഗ്ഗപ്രദൎശനം ചെയ്തിരിക്കുന്നത്.

ഭ്രാതൃഭാൎയ്യാപരിഗ്രഹണമെന്ന ദോഷം ബാലിയുടെപേരിൽ ആരോപിച്ചു ബാലിവധത്തെ രാമൻ സാധൂകരിച്ചതു യുക്തമായോ എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ബാലി യുദ്ധകാമനായിട്ടു ബിലാന്തൎഭാഗത്തുപോയി മറഞ്ഞിരുന്നകാലത്തു മന്ത്രിമാരാൽ അഭിഷിക്തനായ സുഗ്രീവൻ ബാലിയുടെ ഭാൎയ്യയായ താരയെ പരിഗ്രഹിച്ചതു നിന്ദ്യമായി രാമൻ കരുതാഞ്ഞതു് എന്തുകൊ

ണ്ടാണ്?. ബാലിയുടെ മരണശേഷവും താരയെ സുഗ്രീവൻ പരിഗ്രഹിച്ചല്ലോ. ഇതും രാമന്റെ ദൃഷ്ടിയിൽ നിന്ദ്യമായി ത്തോന്നിയില്ലല്ലൊ. ഇതെല്ലാം ഏതുവിധത്തിൽ സമരസപ്പെടുത്തുവാൻ സാധിക്കും?

„അസ്യ ത്വം ധരമാണസ്യ
സുഗ്രീവസ്യ മഹാത്മനഃ
രുമായാം വർത്തസേ കാമാത്
സ്നുഷായാം പാപകർമ്മകൃത്."

എന്നാണ് രാമൻ ബാലിയോടുപറയുന്നത്. „ധരമാണസ്യ ജീവിതം ധാരയതഃ, പ്രാണാൻ ധാരയതഃ, ജീവത ഇതി യാവത്." എന്ന വ്യാഖ്യാനം കാണുന്നു. സുഗ്രീവൻ ജീവിച്ചിരിക്കുമ്പോൾ സുഗ്രീവഭാൎയ്യയായ രുമയെ ബാലി സ്വീകരിച്ചതു് അധൎമ്മമെന്നാണ് രാമന്റെ അഭിപ്രായം. ജീവിച്ചിരിക്കുന്ന ഭ്രാതാവിന്റെ ഭാൎയ്യയെ ഭ്രാതാവു സ്വീകരിക്കുന്നതു് അധൎമ്മമാണെന്നുള്ള രാമന്റെ അഭിപ്രായത്തിൽനിന്നു മൃതനായ ഭ്രാതാവിന്റെ ഭാൎയ്യയെ ഭ്രാതാവു സ്വീകരിക്കുന്നതു തത്കുലധൎമ്മമാകയാൽ പാപമല്ലെന്നു സിദ്ധിക്കുന്നു. ബിലാന്തൎഗ്ഗതനായ ബാലി മരിച്ചുപോയെന്നു വിചാരിച്ചു മന്ത്രിമാർ സുഗ്രീവനെ അഭിഷേകംചെയ്തപ്പോൾ കുലധൎമ്മമനുസരിച്ചു മൃതഭ്രാതാവിന്റെ ഭാൎയ്യയെ സുഗ്രീവൻ പരിഗ്രഹിച്ചതിൽ പാപമില്ല. ബാലി മരിച്ചുപോയി എന്നുള്ള സുഗ്രീവന്റെയും, മന്ത്രിമാരുടേയും ഉത്തമവിശ്വാസം സുഗ്രീവനെ പാപഭാക്കാക്കിച്ചെയ്യുന്നില്ലാത്തതുകൊണ്ടാണ് രാമൻ നിന്ദിക്കാതിരിക്കുന്നതു്. ബാലിയുടെ മരണശേഷം താരയെ സുഗ്രീവൻ സ്വീകരിച്ചതും കുലധൎമ്മമനുസരിച്ചു വിചാരിക്കുമ്പോൾ നിന്ദ്യമായി വരുന്നതല്ലല്ലോ.

എന്നാൽ ബാലി രുമയെ പരിഗ്രഹിച്ചതു സുഗ്രീവൻ ജീവിച്ചിരിക്കുമ്പോഴാണ്. സുഗ്രീവൻ മരിച്ചുപോയി എന്നു വിചാരിപ്പാനും ബാലിക്കവകാശം സിദ്ധിച്ചിട്ടില്ല. അതുകൊണ്ടാണ് ബാലിയുടെ പ്രവൃത്തി നിന്ദ്യമെന്നു രാമൻ കല്പിച്ചതു്.

അപുത്രയായ മൃതഭൎത്തൃസ്ത്രീയിൽ ദേവരന്റെ വൃത്തി ദൎശനം ത്രൈവൎണ്ണികന്മാരിലുള്ളതുകൊണ്ടു തിൎയ്യഗ്യോനിയിലുള്ള സ്ത്രീയിൽ അപ്രകാരമുള്ള വൃത്തി നിൎദ്ദോഷമായിട്ടുള്ളതാണ്,

താരുണ്യമുള്ളവരും മൃതഭർത്തൃകമാരുമായ ത്രൈവർണ്ണികേതരസ്ത്രീകളുടെ സ്വജാതീയപുരുഷാംഗീകാരം അധർമ്മമല്ലെന്നുള്ളതിന്നു ആചാരവും അനുകൂലമാണല്ലോ.

ഇനി മനുഷ്യാചാരങ്ങളെ നിയന്ത്രണംചെയ്യുന്ന ശാസ്ത്രങ്ങൾക്ക തിര്യഗ്യോനികളിലും വ്യാപ്തിയുണ്ടോ എന്നു ചിന്തിക്കേണ്ടതാണ്. തിര്യഗ്യോനികൾക്ക മനുഷ്യർക്കുള്ളതുപോലെ രാജാദിവ്യവഹാരവും, ജ്ഞാനസിദ്ധിയും കാണുന്നതുകൊണ്ടു ശാസ്ത്രങ്ങളുടെ വ്യാപ്തിയിൽ അവരും ഉൾപ്പെട്ടതായി വിചാരിക്കണം. കൂടാതെ, ധർമ്മത്തിൽ അനധികാരികളായ ഇന്ദ്രാദികൾക്കും വൃത്രവധാദിയിൽ ബ്രഹ്മഹത്യാദിദോഷസ്മരണം ഹേതുവായിട്ടും, നിഷിദ്ധകർമ്മങ്ങൾ ആചരിക്കുന്നതുകൊണ്ടു ദേവകൾക്കും പ്രായശ്ചിത്താദിവിധികൾ ബാധകമായിത്തീരുന്നതുനിമിത്തമായിട്ടും തിര്യഗ്യോനിയിലുൾപ്പെട്ട ജന്തുക്കൾക്കും വിധിനിഷേധങ്ങൾ ബാധകാഭാവത്തെ ഭജിക്കുന്നില്ല. ദേവകൾക്ക യജനത്തിന്നു ഇന്ദ്രാന്തരാഭാവം ഹേതുവായിട്ടു് അധികാരമില്ലെന്നു പൂർവ്വമീമാംസയിലും ബ്രഹ്മവിദ്യയിൽ അധികാരമുണ്ടെന്നു് ഉത്തരമീമാംസയിലും നിർണ്ണയിച്ചിരിക്കുന്നു. അതുകൊണ്ടു് ഈവിധം ജ്ഞാനികളായ തിര്യക്കുകളും ശാസ്ത്രബഹിഷ്കൃതന്മാരായിത്തീരുന്നില്ല.

ഇതിന്നുംപുറമെ സർവ്വദേവതാവാചകപദങ്ങളുടേയും അന്തര്യാമീശ്വരവാചകത്വം ഹേതുവായിട്ടു സർവ്വത്ര ദേവന്മാൎക്കധികാരമുണ്ടെന്നു സിദ്ധാന്തമെന്നെ. ബ്രാഹ്മണത്വാദ്യഭാവംനിമിത്തം അവൎക്കു് അനധികാരം ഭവിക്കുന്നില്ല. ക്ഷത്രിയത്വം നിമിത്തം അവൎക്കു വൈവസ്വതമന്വാദികൾക്കെന്നപോലെ അധികാരം ഭവിക്കുന്നു. അതുനിമിത്തമാണ് ചന്ദ്രവരുണാദികൾക്കും യജ്ഞം പുരാണങ്ങളിൽ സ്മരിക്കപ്പെട്ടിരിക്കുന്നതു്. അവിടവിടെ കർമ്മത്തിൽ അൎത്ഥവാദംകൊണ്ടു ഫലകല്പനപോലെ, പുരാണത്തിന്റെ അൎത്ഥവാദങ്ങളെക്കൊണ്ടു തദധികാരത്തെക്കൂടി കല്പിക്കുന്നതു യുക്തമായിരിക്കും.

„ത്രൈവർണ്ണികസ്യാധികാരഃ'' എന്നതിൽ ത്രൈവർണ്ണികപദം വേദതദൎത്ഥജ്ഞാനങ്ങളെക്കുറിക്കുന്നതുകൊണ്ടു ദേവാദികൾക്കും തദധികാരം സിദ്ധിച്ചിട്ടുണ്ടെന്നാണ് വ്യാസവാല്മീകിപ്രഭൃതികളുടെ മതം. ജൈമിനിക്കു് ഈ അംശത്തിലുണ്ടായിരുന്ന അജ്ഞാനത്തേ മാൎക്കണ്ഡേയൻ ദൂരീകരിച്ചു. ധർമ്മരഹസ്യങ്ങളെ

ക്കറിച്ചുപദേശം കിട്ടിയാൽകൊള്ളാമെന്നു ജൈമിനി മാൎക്കണ്ഡേയനോട്ട് അപേക്ഷിച്ചപ്പോൾ ജൈമിനിക്കു ധൎമ്മബോധം ഉണ്ടാക്കികൊടുത്തതു വിന്ധ്യാരണ്യത്തിൽ വസിക്കുന്ന ഒരു തത്വജ്ഞനായ പക്ഷിശ്രേഷ്ഠമുഖേനയായിരുന്നു എന്നതു സുപ്രസിദ്ധമാണല്ലോ. അതുകൊണ്ടു പക്ഷിമൃഗാദികൾക്കും ജ്ഞാനാധികാരമുണ്ടെന്നു സിദ്ധിച്ചു. ഗൃദ്ധ്രരാജനായ ജടായുസ്സു മരിച്ചസമയം ശ്രീരാമൻ ആ പക്ഷിശ്രേഷ്ഠന്റെ സംസ്കാരാദികൎമ്മങ്ങളെല്ലാം വിധിയാകുംവണ്ണം ചെയ്തതും, മേൽ ജടായുസ്സിന്റെ മരണവൃത്താന്തം കേൾക്കുംപോൾ സമ്പാദി ഉദകദാനാദികൾ ചെയ്യുന്നതും തന്നെ പക്ഷിമൃഗാദികൾ ശാസ്ത്രപരിധിയിൽ ഉൾപ്പെട്ടവരാണെന്നും അവക്കു ജ്ഞാനാധികാരമുണ്ടെന്നും ദൃഢമായി സ്ഥാപിക്കുന്നു.

„ഹൃദ്യപേക്ഷയാ തു മനുഷ്യാധികാരത്വാത്."

എന്ന വേദാന്തസൂത്രത്തിന്റെ ഭാഷ്യത്തിൽ മനുഷ്യൎക്കുമാത്രമെ ശാസ്ത്രനിയമ്യത്വമുള്ളു എന്നു സിദ്ധാന്തിച്ചിട്ടുണ്ടെങ്കിലും

„തദുപൎയ്യപി ബാദരായണഃ."

എന്ന അടുത്ത സൂത്രംകൊണ്ടു ഗന്ധൎവ്വാദികൾക്കും ശാസ്ത്രനിയമ്യത്വമുണ്ടെന്നു സാധിച്ചുകാണുന്നു. ഈ സൂത്രപ്രാമാണ്യത്തെ പുരസ്കരിച്ചാണ് ഭഗവൽപാദശ്വവൎത്തികളായ നന്ദീശ്വരഗരുഡകാകഭുശുണ്ഡാദികളുടെ വേദാധികാരം അവിരോധതയെ പ്രാപിക്കുന്നതു്.

അപ്പോൾ ബാലി ധൎമ്മശാസ്ത്രനിയമ്യനാണെന്നു വന്നുകൂടിയിരിക്കുന്നതുകൊണ്ടു ശാസ്ത്രപഥത്തെ ഉല്ലംഘിച്ചുള്ള ബാലിയുടെ ചൎയ്യ ശിക്ഷാൎഹമാണെന്നുതന്നെ സിദ്ധിക്കുന്നു. അതിനാൽ ബാലിയെ ഹിംസിച്ച രാമന്റെ പ്രവൃത്തി ധൎമ്മ്യവും ന്യായ്യവുമാകയാൽ സൎവ്വവും അനവദ്യം തന്നെ.

ഇനി ബാലിസുഗ്രീവന്മാരുടെ പ്രവൃത്തികളെ മറെറാരു കേന്ദ്രത്തിൽ നിന്നു കൂടി നിരൂപിച്ച് ഈ വിഷയത്തെ സമാപിപ്പിച്ചേക്കാം. അറിഞ്ഞുചെയ്താലും അറിയാതെചെയ്താലും ചെയ്ത കൎമ്മത്തിന്റെ ഫലം അനുഭവിച്ചേതീരു.

„അവശ്യമനുഭോക്തവ്യം
കൃതം കൎമ്മ ശുഭാശുഭം."

എന്നു പ്രമാണം. ബാലി കനിഷ്ഠസഹോദരനായ സുഗ്രീവൻെറ ഭാൎയ്യയെ അപഹരിച്ചതിനേക്കാൾ സുഗ്രീവൻ ജ്യേഷ്ഠസഹോദരനായ ബാലിയുടെ ഭാൎയ്യയെ പരിഗ്രഹിച്ചതാണ് തുലോം വലിയ പാപം.

„ഗുരുപത്നി രാജപത്നി
ജ്യേഷ്ഠപത്നീ തഥൈവ ച
പത്നീമാതാ സ്വമാതാ ച
പഞ്ചൈതാ മാതരഃ സ്മൃതാഃ"

എന്ന വചനപ്രകാരം രാജപത്നിയും ജ്യേഷ്ഠപത്നിയുമായ താരയിലുള്ള സുഗ്രീവൻെറ വൃത്തിദൎശനം നിന്ദ്യവും ഗൎഹണീയവും തന്നെ. ബാലിക്ക് അല്പപാപഫലമായ മരണത്തെ പ്രദാനംചെയ്തു കരുണാവാരിധിയായ ഭഗവാൻ മോചിപ്പിച്ചു.

സ്വോപാത്തദാരഗ്രഹണലക്ഷണമഹാപാതകത്തിൻെറ ഫലം സുഗ്രീവൻ വളരെക്കാലം അനുഭവിച്ചു എന്നുമാത്രമല്ല കാലാന്തരത്തിലും ബാധിച്ചു എന്നു പുരാണങ്ങളിൽ കാണുന്നു.

„ചന്ദ്രസുഗ്രീവയോശ്ചൈവ
സ്വോപാത്തദാരപരിഗ്രഹാത്
പ്രാപ്തഹാനിരഭൂന്നൈവ
ക്ഷണപ്താഹാനിഃ കഥഞ്ചന."

എന്നു ഭഗവത്പാദവചനം കാണുന്നു.

„പുരാ സ ബാലിമാരണ-
പ്രഭൂതദോഷകാരണാത്
സഹസ്രവൎമ്മനാമിനാ-
ഽസുരേണ വേഷ്ടിതോഽജനി."

എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു പാപത്തിൻെറ അനുഭവയോഗ്യത സ്പഷ്ടമായിരിക്കുന്നു. അലമതിപ്രസംഗേന.

ദുഃഖാൎത്തയായ താര വന്ന് അധിക്ഷേപപൂൎവ്വം രാമനോടു നേരിട്ടു പറയുന്നവയെല്ലാം ഉത്തരം പറയാൻ രാമനെ അനുവദിക്കാതെ ബാലി തൻെറ അന്തിമാഭ്യൎത്ഥനകളെ ഭക്തിപുരസ്സരം രാമനെ നിവേദിപ്പിക്കുന്നു. താരയുടെ വാക്കുകൾക്കെല്ലാം ഭംഗിയായിപ്പറഞ്ഞിട്ടുള്ള സമാധാനങ്ങൾ പ്രകൃതത്തിൽ ആവശ്യ

മില്ലാത്തതുനിമിത്തം അവയെ രാമായണത്തിൽനിന്നിവിടെ ഉദ്ധരിച്ചുചേൎക്കുന്നില്ല.

രാമന്റെ മാഹാത്മ്യത്തെക്കുറിച്ചറിവാൻ ബാലിക്കു സാധിച്ചസമയം ആദ്യമായി,

„കല്യാണാവാസമേ! കാൽതളിരിണതൊഴുതേൻ
ദേഹമോഹേന നാഥാ!
വല്ലാതേ ഞാൻ പറഞ്ഞേനതു കിമപി പൊറു-
ക്കേണമേ ദീനബന്ധോ!”

എന്നവിധം അഭ്യൎത്ഥിച്ചു രാമനെ പ്രസാദിപ്പിക്കുവാനുത്സാഹിക്കുന്നു.

ജനനമരണാദ്യവസ്ഥാഭേദങ്ങളുടെ തത്വവിചാരാസക്തചിത്തനായ ബാലി „ഫാലാക്ഷരവിലിഖിതമുണ്ടോ തടുക്കാവ്വരുന്നു” എന്നു ചിന്തിച്ചു സമാധാനപ്പെട്ടു ഭഗവദ്രൂപത്തേ മനസ്സിൽ ദൃഢമായുറപ്പിച്ചു നിയമികളുടെ ഉദ്ദാമമാൎഗ്ഗത്തിൽ മാത്രം കാംക്ഷയോടുകൂടിയവനായിട്ടു ഭവിച്ചതു രാമാസ്ത്രവിദ്ധനായതുകൊണ്ടല്ലാതെ മറെറാരു കാരണത്താലുമല്ല.

പിന്നെ സുഗ്രീവനെ വിളിച്ചരികിലിരുത്തി ശൌൎയ്യവാരാശിയായ ബാലി,

„ദ്രവ്യോ ഞാനിത്രനാളും പിഴകൾ പലവു ചെ-
യ്തീടിനേനെന്നിതെല്ലാം
ചിത്തേ വച്ചീടൊലാ നീ, കപിവര! നിഖിലം
ക്ഷമ്യതാം പുണ്യരാശേ!”

എന്നു സ്നേഹപൂൎവ്വം പറഞ്ഞതു സന്ദൎഭോചിതമായിരിക്കുന്നു. ഇരുവരും വൈരികളെപ്പോലെ പോരാടിക്കാലം കഴിക്കുവാനുണ്ടായ സംഗതി ദുഷ്കൎമ്മഫലമാണെന്നു വിചാരിച്ചു ബാലി സമാധാനപ്പെട്ടുകൊണ്ടു സുഗ്രീവനെ സമാശ്വസിപ്പിക്കുന്നു.

അതിന്റെ ശേഷം സുഗ്രീവനേയും അംഗദനേയും തുല്യഭാവത്തോടുകൂടി കരുതിപ്പോരണമെന്നു ബാലി രാമനോടപേക്ഷിക്കുന്നു.

ബാലിയുടെ അപേക്ഷയെ അനുസരിച്ചു ഹനുമാൻ പോയി അംഗദനെ ബാലിയുടെ സമീപത്തുകൂട്ടിക്കൊണ്ടുവന്നപ്പോൾ അച്ഛന്റെ മരണാവസ്ഥകണ്ടു കേഴുന്ന പുത്രനേനോക്കി

ബാലി സമാധാനം പറയുന്നകൂട്ടത്തിൽ „അന്നന്നുവെട്ടുന്ന വാരം കാളൂ നെയ്യിട്ടുകൊരംകെന്നതേ വന്നുകൂട്ടു ദ്ദഢം'' എന്നവിധം ലോകരഹസ്യത്തേയും, ജീവിതരഹസ്യത്തേയും നിഗ്രന്ഥമായി ഉപദേശിക്കുന്നു.

സുഗ്രീവന് അംഗദൻെറ നേരേ വൈരമുണ്ടാവാതിരിക്കുന്നതിന്നുവേണ്ടി ബാലി „കാണെനിക്കും പരം കേരം നിനക്കും തുലോം പിണ്ഡദാതാവസൌ തുല്യമിങ്ങാവയോബാല്യമെല്ലാമസൌ ചെറുകാട്ടീടിലും കോപമുണ്ടാകൊലാ ഹന്ത! നിന്മാനസേ കേരം നിനക്കൊത്തവണ്ണം മുദാ വ്യാപരിച്ചീടുമെന്നംഗദൻ നിങ്ങളിൽ കേരം പറഞ്ഞൊത്തുകൊണ്ടങ്ങനെ പാല്യതാം രാജ്യമിമ്മേദിനീ ഭാഗ്യമേ!'' എന്നവിധം പറയുന്നതു തത്കാലാവസ്ഥക്ക് അത്യന്തം ഉചിതവും സുഗ്രീവൻെറ ഹൃദയത്തേ സ്പൎശിക്കുവാൻ പൎയ്യാപ്തവുമാകുന്നു. „കാണെനിക്കും പരം കേരം നിനക്കും'' എന്ന ബാലിയുടെ സാരഗൎഭമായ വാക്കുകരം ഹൃദയമുള്ളവക്കെല്ലാവൎക്കും അശ്രുകണങ്ങളെ ഉല്പാദിപ്പിക്കുന്നതാണ്. „കാണെനിക്കും'' എന്നതുകൊണ്ടു ബാലിയുടെ സന്നികൃഷ്ടമൃത്യുവിനേയും „കേരം നിനക്കും'' എന്നതുകൊണ്ടു സുഗ്രീവൻെറ വിപ്രകൃഷ്ടമാണെങ്കിലും നിശ്ചിതമായ അന്തത്തേയും ഒരേസമയത്തുതന്നെ ബോധിപ്പിക്കുന്ന ബാലിയുടെ മരണശയ്യയിൽകിടന്നുകൊണ്ടുള്ള വാക്യം ഹൃദയത്തേത്തന്നെ നേരേ പ്രവേശിച്ചു ഭഞ്ജനം ചെയ്യുന്നു.

അവസാനമായി ബാലി സ്വപിതൃദത്തവും, ദിവ്യപ്രഭാവത്തോടുകൂടിയതുമായ മാലയെ കണ്ഠകാണ്ഡത്തിൽനിന്നെടുത്തു സഹോദരനായ സുഗ്രീവൻെറ കഴുത്തിൽ അണിഞ്ഞു വഴിപോലെ അനുഗ്രഹിച്ചു.

ചരമശ്വാസത്തിൻെറ തള്ളിച്ചകൊണ്ടു കണ്ണുമിഴിച്ച് ഉടലഖിലമെടുത്തു വീക്കുന്ന സമയത്തു പൂൎവ്വപുണ്യാതിരേകം നിമിത്തം ബാലിയുടെ കണ്ണുകരം രാമചന്ദ്രൻെറ തിരുവുരുവിൽ ത്തന്നെ ചെന്നു വിശ്രമിച്ചു. അപ്പോരം ഖരനു കാണ്മാൻ ഭാഗ്യമുണ്ടായ ആ ദിവ്യമംഗളവിഗ്രഹം ബാലിയുടെ പുണ്യമുള്ള കണ്ണുകരംക്കും ഗോചരമായിത്തീൎന്നു.

„തോന്നീ പീതാംബരം, പങ്കജനയനവുമ-
ശ്ശംഖചക്രാദിനാമം
ചേൎന്നീടുന്നോരു ദിവ്യായുധവരഗണവും
വാരെഴും ബാഹുനാലും

തോന്നീ തൽ കൌസ്തുഭാഖ്യം മണിയുമഹിവരാ-
കല്പിതം തല്പവും ചേ-
ലാൎന്നീടുന്നോരു പാലാഴിയുമഖിലവുമ-
ന്നേരമഞ്ജിന്ദ്രസൂനോഃ.''

ഇപ്രകാരം മഹാവിഷ്ണുവിന്റെ വൈകുണ്ഠരൂപത്തെ കണ്ടുകണ്ട് ആനന്ദസമുദ്രത്തിൽ മഗ്നനായിരിക്കുന്ന കപികുലചക്രവൎത്തി,

,,വീരാണാംവീരനായ് വാണവനിയിൽ മുഴുവൻ
ബാലിയെന്നുള്ള കീൎത്തിം
വാരം വാരം വളൎത്തക്കപിവരനഗരീം
കാത്തു ദോൎഷ്ണാ തുലോംനാം
പോരാ വിശ്വംഭരായാം മരുവുമനുഭവൈ-
രെന്നു കണ്ടെന്നപോലെ
വാരാളും നാകലക്ഷ്മീമനുഭവിതുമസൌ
നാകലോകം പ്രപേദേ.''

ബാലിയുടെ സ്വൎഗ്ഗപ്രാപ്തിക്കുശേഷം ചെയ്യേണ്ടതായ പ്രേതകൃത്യങ്ങളെല്ലാം വിധിപോലെ സുഗ്രീവാംഗദപ്രഭൃതികൾ രാമശാസനമനുസരിച്ചുതന്നെ നിൎവ്വഹിച്ചു. അപ്പോൾ ശ്രീരാമചന്ദ്രൻ മുൻപു പ്രതിജ്ഞചെയ്തിട്ടുണ്ടായിരുന്നതുപോലെ,

,,നേരേ സുഗ്രീവനപ്പോളലഭത കപിരാ-
ജ്യേ/ഥ പട്ടാഭിഷേകം.''

,,ബാലകാണ്ഡമഹാമൂല''വും ,,അയോദ്ധ്യാകാണ്ഡവിഗ്രഹ''വും, ,,ആരണ്യകാണ്ഡസുസ്കന്ധ''വുമായ് ,,രാമായണസുരദ്രുമം'' കിഷ്കിന്ധാകാണ്ഡശൃംഗവ''ത്തായിട്ടുള്ളതാകുന്നു. ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം എന്നിവയേപ്പോലെ കിഷ്കിന്ധാകാണ്ഡവും നാലു പ്രകരണങ്ങളോടുകൂടിയതാകുന്നു.

,,രാമസുഗ്രീവയോസ്സഖ്യം
വാനരേശ്വരവിഗ്രഹം
ചാതുൎമ്മാസ്യം രാഘവയോ-
ൎവ്വാനരപ്രേഷണം തതഃ.

*  *  *  *

കിഷ്കന്ധാകാണ്ഡഗാ ഭാഗാ-
ശ്ചതപാരോ/മീ പ്രദൎശിതാഃ.''

ആദ്യത്തേരണ്ടു പ്രകരണങ്ങളിലെ കഥാഭാഗങ്ങളെ സാകല്യേന സുഗ്രീവസഖ്യമെന്ന പ്രബന്ധത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ശേഷമുള്ള കഥാംശങ്ങളെ കവി അംഗുലീയാങ്കത്തിൽ സംക്ഷേപിച്ചു പറഞ്ഞിരിക്കുന്നു.

കിഷ്കിന്ധാകാണ്ഡത്തിൽ നിന്നു നാം മനസ്സിലാക്കേണ്ട പാഠം,

„യാന്തി ന്യായപ്രവൃത്തസ്യ
തിര്യഞ്ചോഽപി സഹായതാം."

എന്നുള്ളതാണ്.

ധർമ്മപഥത്തിൽ സദാ സഞ്ചരിഷ്ണുവായ ഒരുവനെ തിര്യക്കുകൾകൂടി സഹായിക്കുമെന്നു പറഞ്ഞിട്ടുള്ളതിൽനിന്ന് അവനെ വിശേഷബുദ്ധിയുള്ള മനുഷ്യർ പ്രത്യേകം സഹായിക്കുമെന്നു പറയാതെതന്നെ സിദ്ധിക്കുന്നുണ്ടല്ലോ.

തിരുവനന്തപുരം,
൧൧൦൯-ധനു ൧-ാംനു. } കെ. ശങ്കരമേനോൻ

# ഭാഷാരാമായണചമ്പു

## അയോദ്ധ്യാകാണ്ഡം.

### വിച്ഛിന്നാഭിഷേകം.

൧

നാരായണൻ മനസി വന്നു വസിക്കിലപ്പോൾ
ദൂരത്തുപോം ദുരിതസന്തതി വല്ലവന്നും
ശ്രീരാമനങ്ങടവിപുക്കളവമ്മുനീനാം
ഘോരം നിശാചരഭയം പുനരെന്നപോലെ.

൨

ശ്രീരാമാദ്യൈസ്തനൂജൈരഭിമതവരദാ-
രാനചിതൈസ്സ്വസ്യ ദാരൈ-
സ്സ്വൈരം നാളൊന്നുചെയ്കും നയമുടയ സുമ-
ന്ത്രാദിഭിർമന്ത്രിജാതൈഃ
വാരം വാരം വളന്നീടിന പരമസുഖാം-
ഭോനിധൌ മുങ്ങി നീന്തി-
പ്പാരം കാണാതവണ്ണം ദശരഥനഥ സാ-
കേതപുര്യ്യാം ന്യവാത്സീൽ.

൩

താവും മന്ദാക്ഷരാഗോദയസുമധുരയാ
രാജപുത്ര്യാ തയാ ചേ-
ന്നാവല്ലീലം പ്രമോദാമൃതജലധിതര-
ങ്ഗേഷു സംക്രീഡമാനം
ലാവണ്യോദ്രേകഘൂർണ്ണത്തരുണിമരമണീ-
യാകൃതിം മെല്ലെ മെല്ലേ
സേവിച്ചു രാമചന്ദ്രം തെളിവിലവസരം-
പാർത്തു രാജാ ര ാനാം.

G. P .T. 353. 300. 22-11-102. B

൪

കുതുകചകിതരാഗവ്രീളഡോളായമാനാം
ത്രിഭുവനമധുരാംഗീം ത്രസ്തസാരംഗനേത്രാം
ജനകദുഹിതരം താം പ്രേയസീം മന്ദമന്ദം
മനുകുലമണിമാലാമാലികാമന്വനൈഷീൽ.

൫

ഉത്സംഗേ ചേത്ത്വ ബാലാം കഥമപി സവിധം
പ്രാപിതാമാളിവൎഗ്ഗൈ-
രുദ്യന്മാമാക്ഷരം കോമളകരതലസം-
വീതബിംബാധരോഷ്ഠം
വക്ത്രം മന്ദാക്ഷനമ്രം പളമറി വലമാ-
നം തുലോമം ഭാഗേ
ഹസ്തേനോന്നമ്യ ചൂഷൻ നവമദനരസാ-
നനുഭ്രന്മന്ദമന്ദം.

൬

മനസി കനമുലാവും വ്രീളകയ്യെക്കൊണ്ടു പൊന്നിൻ-
കതകരികിൽ മറഞ്ഞിട്ടാസ്ഥിതാം മുഗ്ദ്ധഗാത്രീം
മൃദുഹസിതസുധാബ്ധൌ ചാടി നീന്തിക്കളിക്കും
മധുരമധുരവാചാ രാമചന്ദ്രോ ബഭാഷേ.

൭

„സുരതമലരിലേന്തും ചാരുപൂന്തേനിലുദ്യൽ-
പരിമളമിളകീടും ചാരുമാധുൎയ്യസീമേ!
ഉരസിജകലശാഭ്യാം ദൂരെനില്ലാതെ വന്നീ-
ടരികിലലസനേത്രേ! മാരഖിന്നോ ജനോഽയം."

൮

മലർശരകാന്തം കാന്തമാലോകയന്തീ,
നിരുപമകമനീയാം വാചമാകൎണ്ണയന്തീ,
പരവശഹൃദയാ സാ നിന്നുക്രൂടാഞ്ഞു മെല്ലേ
പരിസരഭുവി ചെന്നാളാകുലാ കമ്രഗാത്രീ.

൯

ഇമാമാകാംക്ഷേഽഹം കിമപി പരിരബ്ധും പ്രണയിനീം
ശനൈരാരോപ്യാങ്കം സ്മരകുതുകലജ്ജാപരവശാം,
ഇദംപൂർവ്വപ്രോദ്യൽപ്രചുരപുളകോഡ്ഡാമരഘന-
സ്തനാഭോഗാം ബാലാമുരസി സദയം നിർദ്ദയമപി.

൧൦

സുന്ദരാംഗി! സകൃദസ്മദംഗകേ
മന്ദമർപ്പയ ദൃശോഗ്താഗതം,
നന്ദതു പ്രതിനവോല്ലലസ്രജാ
മണ്ഡനേന സുഭഗോ ജനോ ഹ്യയം.

൧൧

ആവോളം താഴ്ത്തി വക്ത്രം നിബിഡിതലളിതോ-
രുദ്വയം ഭീരു കൈത്താർ
നീവിക്കളത്തിങ്കൽ നന്നായ് നിഭൃതതരമുറ-
പ്പിച്ചു നിശ്വാസഖിന്നാ
മേവുന്നു കാണിതെന്തിന്നൊരുവിറയൽ തിര-
ണ്ടേതുമേ സാഹസം ഞാൻ
ഭാവിച്ചീലെത്രകഷ്ടം പുനരിതു ചിരിയാം
പേടി നിർമ്മൂലമല്ലോ.

൧൨

ഉത്സംഗം മേ വിപുലജഘനേ! ഭൂഷയസ്വൈഷ പാണിഃ
സംവാഹായ സ്പൃഹയതി ശനൈരർപ്പയസ്വാത്ര പാദൌ
വക്ഷസ്യസ്മിന്നപി ച കുചയോസ്സ്വൈരമാരോപ്യ ഭാരം
സത്താസത്തോല്ലിഖിതവിഭവം മദ്ധ്യമുല്ലാഘയസ്വ.

൧൩

കിം മുഗ്ദ്ധം മുഖപങ്കജം നമയസേ
നിഷ്കാരണം ബാലികേ!
ഗാത്രം മേ ശിശിരീകുരുഷ്വ മധുര-
സ്നിഗ്ദ്ധൈരപാംഗാർപ്പണൈഃ
സ്പ്രഷ്ടും ത്വാം സ്പൃഹയാമി ഗാത്രമഖിലം
പാണിദ്വയേനേതി മാ
ഭീതിർഭ്രദ്ദരസ്വാ വരാംഗി! ന പരം
ദ്വാവേവ വക്ഷോരുഹൌ.

൧൮

സോഢുമലമസ്മി നാഹം
സുന്ദരി! തൂഷ്ണീം തലാസികാമേനാം
പഞ്ചശരാസ്ത്രാഹതം മാം
സഞ്ജീവയ ചാരുഗാത്രി! പരിരംഭൈഃ.

൧൯

ആസ്താം തച്ചടുലമൃഗാക്ഷി! മന്യസേ ചേ-
ദാശ്ലേഷേ സ്തനഭരയോരതിപ്രസംഗഃ
ഏതൌ മേ മധുരസുധാമുചാ ന തൂഷ്ണൌ
വാചാ വാ ശിശിരയ വല്ഗുവാണി! കർണ്ണൌ"

൨൦

കിമപി കിമപി വീടീമപ്പ്യയന്നപ്യനിച്ഛേ്ഛരാ-
വിദധദനനയോക്കൈതരന്തരാശ്വാസപൂരം
മുഹുരപി കരപദ്മേനാമൃശന്നന്തരാങ്ഗം
ക്ഷണമതനുത വിസ്രംഭോന്മുഖീമേഷ സീതാം.

൨൧

വിണ്ണോർപാളീവിമാനാവലി കഴൽപണിയും
കേളിസൌധേഷു മേളം-
മിന്നും പൂന്തേന്മണംചിന്തിന വിമലമലർ-
ക്കാവിലും ജാതലീലം
സ്വർണ്ണാംഭോജന്മമാധ്വീപരിമളമിടചേ-
ർന്നോളമേന്തും നദീനാം
പുണ്യാനാം വാരിപൂരങ്ങളിലുമനുദിനം
പേശലാംഗ്യാ സ രേമേ.

൨൨

പാരിലെങ്ങുമിടതിങ്ങുമാറു മുകിൽമാല-
കൊണ്ടലമിരുണ്ടു വൻ-
മാരിപെയ്തൊരു മണംകലർന്നിയലുമാടി-
മാസദിവസാഗമേ
സ്വൈരമാർന്നു ചില മച്ചകങ്ങളിലടച്ചു-
പുക്കു ജനകാത്മജാ-
വാരിളംകുചഭരം പുണർന്നു ദൃഢമന-
ഭ്രമനസിജോത്സവാൻ.

൧൯

വിഗ്രഹാച്ഛ ശയനേ പരാങ്മുഖീം
നാനുനേതുമബലാം സ തത്വരേ
ആചകാംക്ഷ ഘനശബ്ദവിക്ലവാം
താം വിവൃത്യ വിശതീം ഭുജാന്തരം.

൨൦

പഞ്ചസായകപരാക്രമം ജഗതി കൈവ-
ളൎത്തു കുളൎവെണ്ണിലാ-
വും ചൊരിഞ്ഞുദിതചന്ദ്രബിംബകമനീയ-
ശാരദനിശാന്തരേ
മഞ്ജുവാണിയൊടു ചേൎന്നുകൊണ്ടതുലകേളി-
സൌധമണിമന്ദിരോ-
ദഞ്ചിതാമമലചന്ദ്രികാമനുബഭൂവ
ഭൂവലയചന്ദ്രമാഃ.

൨൧

ശീതളീകൃതദിഗന്തരാളമിടചേരു-
മാറൊരു ഹിമഞ്ചൊരി-
ഞ്ഞേതുമൊന്നു തിരിയാതവാറുലകിടം നി-
റഞ്ഞ തുഹിനാഗമേ
പ്രീതിപൂണ്ടു മനുവംശമൌലിമണി മാര-
വീരകുലദേവതാ-
മേദുരോഷ്മളമുലത്തടങ്ങളറ മുറകെപ്പു-
ണൎന്നു രതിമേയിവാൻ.

൨൨

കേളീപൂങ്കാവിലയ്യാ! ചിലകുറി മടിയിൽ-
ച്ചേൎത്തു മോദേന സീതാം
ബാലാമാളീകരാന്ദോളിതഫലകമഴു-
ഞ്ഞൂയലാട്ടും ദശായാം
ചേലാന്താമുക്തപാശം കപടപതനസം-
ഭ്രാന്തിഭാവിച്ച മദ്ധ്യേ
ലീലായാമോമൽതൻകോമളഗളഭുവി വേ-
ഗേന ഗാഢം പുണൎന്നാൻ.

൨൩

കണ്ഠാസക്തഭുജാമൃണാളയുഗളം
പാദാഗ്രയോരാകുലാ
രണ്ടും വച്ചണികാൽത്തലങ്ങളഴകോ-
ട്ടുത്താനിതാസ്യാംബുജാ
കൊണ്ടാടിപ്പുലരിക്കു, കേളിശയനാ-
ദബ്ഭ്യുത്ഥിതംപൂണ്ടുകൊ-
ണ്ടുണ്ടാരോമലിരക്കുമാറു പിരിയും
നേരത്തൊരാചുംബനം.

൨൪

ഇത്ഥമഞ്ചിതസുഖാനി മററുമയമക്ക-
വംശമണിപീഠവി-
ന്യസ്തമൌക്തികവതംസരത്നമിതി നിസ്തു-
ലാന്യനുബഭ്രുവിവാൻ
ഇത്രിലോകവലയൈകസുന്ദരിയൊടങ്ങു
സീതയൊടു ചേൎന്നുകൊ-
ണ്ടുല്ലത്തെളിഞ്ഞു നിജരാജധാനിയിൽ മണംക-
ലൎന്നു ശുശ്രുഭേതരാം.

ഗദ്യം ൪.

തഥാ ച വ്യതീയമാനേഷു കതിപയേഷു ഹായനേഷു മഹീവല്ലഭോ വിസ്രസാസമാലിംഗ്യമാനാംഗതയാ രാജ്യശ്രിയഃ സ്വപ്സ്വിന്നനുരാഗശൈഥില്യമാശങ്കമാന ഇവ സകലസദ്ഗുണൈകപാത്രേ പുത്രേ ജ്യായസി താം നിധാതുമിയേഷ.

൨൫

രാമങ്കൽക്കണ്ടതേജോമഹിമ നിജതനൌ
പോന്നുപാകം ജരാമ-
പ്യാമോദശ്രീവിരിഞ്ഞീടിന കമലവനേ
ചന്ദ്രികാമെന്നപോലേ
പാർമ്മന്നും കാത്തുനില്ക്കുന്നവനെ നിജമഹീ-
മാത്രരക്ഷയ്ക്കു കല്പി-
ച്ചാനന്ദം വിശ്രമിപ്പാൻ മനസി കൊതികൊള്ളു-
ത്തി മഹീപാലമൌലേഃ.

൨൩

ആരാൽ വിളിപ്പിച്ചഥ മന്ത്രിവൃദ്ധാൻ
പാരംഗതാൻ നീതിമഹാംബുരാശേഃ
നേരേ വസിഷ്ഠം ച പണിഞ്ഞിരുത്തി
സ്വാരാട്സഖോ വാചമുവാച രാജാ.

൨൪

"കല്യാണം ചേർത്തു മേന്മേലഖിലതനുമതാം
പൂർവ്വഭൂപാലകന്മാ-
രെല്ലാരും മേ പുകഴ്പ്പൂമ്പരിമളമുലകീ-
രേഴിലും പെയ്തുദാരം
കല്യാഭോഗം തുലോംനാളവനിയെ മുഴുവൻ
കാത്തു വിഖ്യാതശൌര്യാഃ
സ്വർല്ലോകക്ഷേമസൌഖ്യശ്രിയമനുഭവിതും
ദേവഭൂയംഗതാസ്തേ.

൨൫

ക്ഷോണീം വാട്ടാതവണ്ണം പരിചൊടു പരിപാ-
ലിച്ചു പുത്രങ്കലാക്കി
ക്ഷീണതാപം വനാന്തത്തിൽ വിപിനഭുവി വസി-
ക്കുന്നു മേ ജാതിധർമ്മം
നീണാൾ ബാല്യംതുടങ്ങീട്ടവരെയനുസരി-
ച്ചൊന്നുപോലെ ധരണ്യാം
വാണേൻ ഞാനിന്നി വിശ്രാന്തിസുഖമനുഭവി-
ക്കുന്നു വേണുന്നതിമ്മേ.

൨൬

എപ്പോളിജ്ജരപോന്നു ഗാഢമുടലിൽ-
പററീ മദീയേ ബലാ-
ലപ്പോൾക്കാന്തി ഉഷേവ പോയവഴിയിൽ
പുല്ലും മുളച്ചീടുമോ!
കെല്പും കേവലമിന്നു ലോകബഹുമാ-
നപ്രായമായി; നമു-
ക്കിപ്പോൾ വാഞ്ഛിതമിന്നു രാജ്യഭരണം
രാമങ്കലാക്കീടുവാൻ.

൩൦

മമ സുരനരഗീതഖ്യാതിഭിൎഹേതിഭിൎവ്വാ
ദിവി ഭുവി ച സമാനപ്രക്രമൈൎവ്വിക്രമൈൎവ്വാ
നിയതമപരിഹാൎയ്യാ യാ ജരാ സാ മദങ്ഗേ
വികചനളിനഷണ്ഡേ ചന്ദ്രികേവാവിരാസീൽ.

ഗദ്യം ൨.

തസ്മാൽ സമസ്തക്ഷത്രവംശപാടനപടിഷ്ഠധാരപരശ്വധഭരണഭീഷണഭാൎഗ്ഗവഭംഗപരിചൎഛിന്നതരശൌൎയ്യശാലിനി സൌജന്യഭാജനേ ജനാനുരാഗനിലയേ നിൎമ്മത്സരേ വത്സേഽസ്മിൻ വിശ്വം വിശ്വംഭരാഭാരം ചിരകാലധാൎയ്യമാണം ആൎയ്യൈരഭിമതസ്സന്നവതാൎയ്യ വിശ്രാന്തിസുഖമനുഭവിതുമഭിലഷാമീതി.”

൩൧

ശ്രുത്വാ ഗിരം തദനു കൎണ്ണസുധായമാനാ-
മുദ്യൽപ്രസാദവദനാസ്സചിവോത്തമാസ്തേ
ഭക്ത്യാഭിവന്ദ്യ നൃപതിം ജയസാധുശബ്ദൈ-
രുത്താളമോദതരളൈരമുമഭ്യനന്ദൻ.

൩൨

ആമോദകൌതുകഭരോത്തരളം ജനാനാ-
മാപൂരയൻ കമപി ഹന്ത മനോവികാരം
രാമാഭിഷേകമഹിതോത്സവമെന്നുവേണ്ടാ
കീഴ്മേൽ നിറഞ്ഞുലകിടങ്ങളിലൊച്ചകൊണ്ടു.

൩൩

ആനന്ദബാഷ്പവിസരോ വദനേ പ്രജാനാ-
മാവിൎബഭൂവ മകരന്ദ ഇവാരവിന്ദേ
രാമസ്യ കാന്തിമഭിഷേകദിനേ ഭവിത്രീം
പ്രക്ഷാള്യ ചക്ഷുരിവ വീക്ഷിതുമാദരേണ.

൩൪

ആപൂരയൻ മംഗലതൂൎയ്യഘോഷൈ-
രാശാവശാവല്ലഭകൎണ്ണഭാഗാൻ
ഉജ്ജൃംഭിതഃ കോഽപി ഗിരാമഭൂമി-
രുന്മസ്തകഃ പൌരജനപ്രമോദഃ.

൨൫

സംഭാരമോരോന്നു വസിഷ്ഠവാചാ
സംഭാവിതം പൌരജനൈരശേഷം
സംഫുല്ലമല്ലീമധുതേടി മണ്ടും
വണ്ടിണ്ടപോലേ ജനമാൎത്തണഞ്ഞു.

൨൬

ശ്രീരാമചന്ദ്രനെ വിളിച്ചരികത്തിരുത്തി-
ട്ടാത്തൃഢമോദമിതി വാചമുവാച രാജാ
„ഭാരം നിധായ മമ ഭൂഭരണം ത്വദംസേ
സൈ്വരം വസിപ്പതിനു വത്സ! കുതൂഹലീ ഞാൻ."

൨൭

സീമാതീതം ധരണിവലയാവാസിനാം ദേഹഭാജാ-
മാമോദാംഭോനിധിമധികമുച്ചാലയന്നുജ്ജ്വലാത്മാ
കാമം തത്ര പ്രഥിതമഹിമാ രാമഭദ്രാഭിഷേക-
ശ്രീമന്നാമാ സ ഖലു ശുശ്രുഭേ പൂൎണ്ണപീയൂഷധാമഃ.

ഗദ്യം ൨.

ഹരഹര! ശിവശിവ! പുകഴരുതോത്താ-
ലഭിഷേകോത്സവമഹിമവിശേഷാൻ.
പുരവരമൊക്കെ നിരക്കെയടിച്ചു-
അഭിനവഹിമസലിലേഷു കലക്കും-
മൃഗമദപങ്കംകൊണ്ടുതളിച്ചു-
പ്പുതുമതുമൊഴിമാർ വരിയിട്ടഴകൊട്ട
മെഴുകി വിചിത്രം പൂപ്പടയിട്ടണി-
പട്ടുവിതാനപ്പണിയും തീൎത്തു.
കൎപ്പൂരത്തിരി പലവുനിരത്തീ
കനകവിളക്കുകൾ നീളെത്തൂക്കീ
ധരണീന്ദ്രാണാം തരമേ കാഞ്ചന-
കൈനിലകളുമങ്ങനവധി തീൎന്നു.
ചത്വരവീഥികളരശർപെരുന്തെരു-
വത്തുട്ടതമുടയ നടക്കാവുകളെ-
ന്നിത്യാദികളിൽ വിശുദ്ധി വരുത്തീ.
കലിതവിതാനം കനിവിലൊരോരോ

കാഴ്ചകൾ കാണ്മാൻ കമലാക്ഷിണാം
കനകത്തറകളിതനവധി തീർന്നു.
വേശഗൃഹങ്ങളിലരിയ വിനോദം
കുറികളരച്ചും കുരുൾനിര ചേർത്തും
മാലകൾ കോർത്തും താലികൾ തീർത്തും
പത്തിക്കീററുകൾ പലവു ചമച്ചും
മുത്തുക്കോവകൾ പന്തിതിരിച്ചും
പൂന്തുകിൽ നല്ലതെടുത്തു ഞൊറിഞ്ഞും
കാന്തരൊടിടയിൽ വഴക്കു പറഞ്ഞും
ഭൂഷണജാലം പുതുമപെടുത്തും
ഭൂഷണമുള്ളതു പാർത്തും തീർത്തും
പൊന്മണിമാലകൾ വെണ്മ വരുത്തിയു-
മംബുജസായകവൻപു വളർത്ത-
ഷ്പൂരികുഴൽ ചിക്കിയുലർത്തിത്തിരുകിയു-
മണിനയനങ്ങളിലഞ്ജനമെഴുതിയു-
മവരവർ വൈകിയിതെന്നു പറഞ്ഞും
പലപല പദ്യമതിടയിൽ മുരണ്ട-
ക്കവികളുമന്ധതപൂണ്ടു നടന്നും
പാഠകജാതികൾ മൂളിയണഞ്ഞും
സരസക്കൂട്ടം ചമയമിയന്നും
പരമാശ്ചര്യം പറവാൻ വല്ലേൻ
സകലജനാനാമുള്ളിൽത്താവിന
കൌതുകമുണ്ടോ വർണ്ണിക്കാവൂ.

ജയജയ നരവര! നന്നതു തോന്നിയതെന്നും കേചന. ഗ്ഗുണഗണമോരോന്നഴ്കൊടു കണ്ടാലണിമുടി ചേർപ്പാൻ തോന്നാതോ പുനരെന്നും കേചന. പന നട്ടിട്ടു പനമ്പഴമുണ്മാൻ കർമ്മം വന്നു ദശരഥനെന്നും കേചന. പനയെന്നെന്തു പറഞ്ഞീടുന്നതു കല്പകവൃക്ഷം കാച്ച നറുമ്പഴമത്രേ നൂനമിതെന്നും കേചന. നല്ലനയജ്ഞൻ വീര്യവുമുണ്ടിവനല്ലൽകെടുക്കും പ്രജകൾക്കെന്നു പറഞ്ഞു കേചന. പീഡിച്ചീടുമിതെന്നതുമാരും പേടിക്കേണ്ടാ വത്സനു രാമനു വത്സലഭാവം പാരം പ്രജകളിലെന്നും കേ-ചന. അഹിഭയമേതും ശങ്കിക്കേണ്ടാ ബഹുമതി രാമനിലനുജ-ന്മാർക്കും പാരമിതെന്നു പറഞ്ഞു കേചന. മാത്സര്യത്തിനു

വിളനിലമായതു നാരികളല്ലൊ വത്സന്മാരെയകററും ജനനികളെന്നും കേചന. രാമനെ ഞാൻ ഞാൻ പെററതിതെന്നവർ മൂവർക്കും നിനവെന്നും കേചന. കുരളപറഞ്ഞിട്ടമ്മിപറത്തും ചെറുമികളൊന്നു പിണക്കും നിർണ്ണയമെന്നും കേചന. നാലരുമൈക്യം പാരം തങ്ങളിൽ വേല പിണപ്പാനെന്നും കേചന. മകുടം മുടിയിൽ ചേർത്തിഹ കാണാഞ്ഞിടനില പാരമിതെന്നും കേചന. മററൊരു പരിഷകളഭിഷേകോത്സവമഴകൊടു കാണാം പണവും കിട്ടും മൃഷ്ടാശിയുമുണ്ടെന്നു പറഞ്ഞും ഞാനോ പണ്ടിതു കണ്ടിട്ടില്ലേ പണ്ടിതു കണ്ടവരാരിന്നുള്ളതു പതിനായിരമാണ്ടുണ്ടഭിഷേകം പണ്ടുണ്ടായീതെന്നെന്നച്ഛൻ ചൊല്ലിക്കേൾപ്പൂ. സുമന്ത്രരിതിടയിൽ ചേർത്തീലെങ്കിൽ പട്ടോലയുമില്ലെന്നു വരേണ്ടു. എന്തിനു പലവും പറയുന്നതു കേൾ പണവും ചോറും കിട്ടും നിയതം ജനനത്തിന്നാൾ ചെന്നീലിഞ്ഞാൻ പേരിടുകയും തുടങ്ങീട്ടിന്നാൾ വേളിയൊളോം ചെന്നെത്തിക്കൊണ്ടേൻ. നാലുകുടന്നപ്പണവും കിട്ടീ മുൻപേ ചെന്നാൽ കലശജപത്തിനു ചാർത്തിക്കാമോ. കലശം കലശമിതെന്നു ജപിപ്പാൻ കൊള്ളാം നമ്മേപ്പഞ്ചാക്ഷരിയും ചൊല്ലരുതാതവരോത്തന്മാരൊട്ടുക്കൂടെച്ചെന്നാൽ ചാർത്തിച്ചീടുമിതെന്നു പറഞ്ഞു. ബഹുവിധമേവം വാർത്തപറഞ്ഞാഗ്രാമങ്ങളിൽ നിന്നാശു പുറപ്പെട്ടുഴറിനടന്നു ഭൂസുരസംഘം.

മററൊരു പരിഷകൾ ജാതിവ്യക്തിസ്തംഭം കുംഭം കടപടലൂതാതന്തുഘുണാക്ഷരഗോശബ്ദങ്ങളുമിതവിയഡിത്ഥഡബിത്ഥക്രൂട്ടവുമിത്തരമുള്ളൊരുദ്ഘോഷിച്ചും പ്രത്യക്ഷാദികൾകൊണ്ടു പിണങ്ങിയുമാത്മപടുത്വബലം പ്രകടിച്ചും നിജനിജസിദ്ധാന്തങ്ങളുരച്ചും കർക്കശതക്കൈരൊട്ടുകയർത്തും യുക്തികൾകൊണ്ടേ ഖണ്ഡിച്ചും ചില ഭട്ടാരകഗണമുഴറിനടന്നു.

മററൊരു പരിഷകൾ മീശക്കൊമ്പുകളോശക്കൊമ്പും കാതും കുരൾനിര കൈനഖശില്പം കണ്ണാടികളും കണ്ടേ വരയും പൊൻകെട്ടീടിന പിച്ചാംകത്തികൾ വേശ്യാമോഹനയന്ത്രവിശേഷം. വെള്ളവെള്ളെമേവിന പൂണൂലും ചില തൊട്ടുകുറിമേളവുമിത്തരമോരോന്നനവധിപൂണ്ടും പുടവഞൊറിഞ്ഞതുഭംഗി വരുത്തിപ്പുനരപി പുനരപി മുപ്പതുവട്ടമഴിച്ചുമുടുത്തും പൃഷ്ഠം കാണ്മാൻ കഴിവില്ലാഞ്ഞു വളഞ്ഞു പിരിഞ്ഞൊരു കൃഷ്ണമൃഗത്തിൻകൊമ്പുകണക്കേ ഝടിതിചമഞ്ഞും നിഴലിൽത്തെരുതെരെ നോക്കിക്കണ്ടും

കറിയുടെ ചുററും വെള്ളംക്കൂട്ടിനനച്ചു തുടച്ചും വെള്ളം ചെററുടനതകീല്ലായ്കിൽ തുപ്പൽ പുരട്ടീട്ടിടയിൽ നനച്ചും മുൻപിൽക്കാണും പച്ചപ്പടലു വലിച്ചുതിരുമ്മിവടിച്ചൊരുതിലകമണിഞ്ഞും കൺമലർപാതി മിഴിച്ചും നോക്കിയുമോമനകൊണ്ടൊരുണ്ണസ്രുത'തടവികൊഞ്ചികൊഞ്ചിക്കിമപി പറഞ്ഞും ബദ്ധകുതൂഹലമല്പശ്ലോകം വൃത്തവിഹീനം കോഴപിരട്ടിക്കാടായ്‌ചൊല്ലിയുമംഗേ ചില ചില നഖപദരേഖകൾ നോക്കുന്നേരം കാണാഞ്ഞിട്ടങ്ങരിശപ്പെട്ടു കളത്രത്തോടൊരു വിജനേ പുക്കുച്ചിരവാപ്പല്ലു ചിരട്ടപ്പൊളിയെന്നിത്യാദികൾ കൊണ്ടൊക്കെ വലിച്ചു പൊളിച്ചുമിവണ്ണം ജളതകൾ കാട്ടും കാമുകനിവഹവുമഴറിനടന്നു.

പരലും പലകയുമെഴുനെള്ളിച്ചു ഞെളിഞ്ഞു വസിച്ചും ഗണപതിവച്ചും കലിദിനമോൎത്തും പരലുനിരത്തിയതൊക്കപ്പോൎത്തു പരൽപ്പേരിന്നൊരു ബാധവരാതെ കാട്ടുകളായ്‌ചില പേരുകളിട്ടും പരലുനിരത്തു ചിന്നു പന്തിപകുപ്പു കൂട്ടു കളവു വയ്പു പിന്നെയടിച്ചും കൂട്ടു പത്രേ നാലഞ്ചക്ഷരമെഴുതു പ്രശ്നംവച്ചതു പലവുനിനച്ചും രന്ധ്രത്തിങ്കൽ ഗുളികൻവന്നു ലഗ്നാധിപനുംകൂടെച്ചെന്നു വിരയെ മരിച്ചീലെങ്കിൽ ജീവിക്കും ചിലദിവസമിതെന്നും പഞ്ചമമുടയവനന്ത്യേ പോയീ ഗുരുവുണ്ടവിടെ സ്ഥിതിചെയ്യുന്നു. ആയുസ്സുള്ള ചെറുക്കൻ പെറുകിൽ സന്തതിയെന്നതു നിസ്സന്ദേഹം ജാതകമോൎത്തുവരുത്തുന്നേരം പല പല യോഗം കണ്ടു തെളിഞ്ഞും മാളവിയോഗം കേസരിയോഗം ധുരുധുരയോഗം ബന്ധനയോഗം നിൎദ്ധനയോഗം വിഘടനയോഗം ഭ്രാമകയോഗം മസൂരിയോഗം തസ്കരയോഗം വിഗ്രഹയോഗം ദിഗ്രഹയോഗം പ്രമദായോഗം പ്രബലായോഗം കമലായോഗം വിമലായോഗം മററുമൊരോന്നേ പാൎത്തുതെളിഞ്ഞും പ്രശ്നച്ചാൎത്തുകൾ നാഴികവട്ടക നാരായവുമച്ചീനക്കണ്ണു പരൽപ്പക്കുറയുമോലക്കെട്ടും കൈയിലെടുത്തുടനപശബ്ദത്തിലപസ്വരമിത്ഥം ജ്യാക്കളുമുരുവിട്ടന്യോന്യം ചില വാൎത്തപറഞ്ഞും നാഴികവട്ടക മുങ്ങീ മുങ്ങീലൎദ്ധം മുങ്ങീ തങ്ങളിൽ വാശിയരക്കാലെല്ലീ തലവൂർ ചോറൂൺ നല്ല മുഹൂൎത്തം പ്രായശ്ചിത്തം പതിനൊന്നല്ലീ കഷ്ടം കഷ്ടമിതാരു വിധിച്ചതു വിഷ്ടിവിധിപ്പാൻ വിധിയുണ്ടോ കേൾ ചൊല്ലായിന്നു കടകം മേഷേ നാലിലിപോരാ ദുൎഗ്ഗുണിതംകൊണ്ടധിമാസംകൊണ്ടന്തേ പക്ഷം ഹന്ത നിമിത്തം നന്നല്ലൊട്ടും മുട്ടിപ്പോകും നിൎണ്ണയമത്രേ പെരിയ

വസിഷ്ഠാദികളുടെ കല്പന മുട്ടിപ്പോവാനെന്തവകാശം പങ്ക്തിരഥാജ്ഞ നിലിമ്പന്മാക്കും വന്ദിക്കേണം നിണ്ണയമത്രേ. ലക്ഷണശാസ്ത്രം ചുടുകേവേണ്ടൂ വിഘ്നമിതിന്നിഹ വന്നീലെങ്കിൽ പലതരമേവം ഘോഷിച്ചീടും പ്രാശ്നികനിവഹം കുറചനഭാഗേ.

മററൊരുപരിഷകൾ പൂങ്കച്ചയുമപ്പൂന്തോപ്പാരവുമഴകൊടുകെട്ടിക്കൈത്തോലിട്ടു കട്ടത്തലവാളും പരിചപരശ്വധമെന്നതുടങ്ങുന്നായുധജാലമെടുത്തു പിടിച്ചുമിടുക്കുപറഞ്ഞും ചേകം ചാത്തുന്നേരം ചെന്നാൽ അരിയും പണവും കിട്ടുമിതെന്നും തിക്കുജയിപ്പാനെഴുനള്ളുമ്പോൾ പടയുണ്ടാകിൽ ചെറുക്കൻ ചെറുതുകളിക്കുമിതെന്നും, മാററാരില്ലാനാട്ടിലിരിക്കും നായന്മാക്കു കളിപ്പടയെന്നിപ്പടകാണാമോ തെണ്ടിപ്പെല്ലാം വെറുതേയായീ വകയും വഴിയേ കിട്ടിക്കൂടാ വാളുകൾ വിററാൽ കാളകൾ കൊള്ളാമടവുഴവുഴുതാൽ തിവത്തം കഴിയും പലതരമേവം വാത്തപറഞ്ഞു പടയ്ക്കുമിടയ്ക്കു നായ്മക്കും മേന്മനടിച്ചു മാനേൽമിഴിമാർ മനമലിയിക്കും നായന്മാരങ്ങുണ്ടൊരുഭാഗേ.

മററൊരുപരിഷകൾ ക്രൂയാ നല്ല വിചേഴം കേൾ നീ നമ്മുടെ തമ്പ്രാനെന്തൊരു പാക്യം തിരുമെയ് കണ്ടാൽ പൊന്നിൻകുടമതു കാണിമുയിപ്പില്ലാത്ത കരുത്തൻ നായ്മക്കിന്നവനെന്നുണ്ടോ കണവതിഹോമം ചെയ്യുന്നിതുപോൽ തപശികൾ നല്ലതരത്തിലനേകം വന്നിട്ടുണ്ടേ പാമ്മർ ചെവിക്കയുമോതുകയും ചിലർ പൂചിക്കയുമക്കോപ്പുകൾ കാണാം. പണവും പൊന്നും പാമ്മക്കത്രേ ചോറു നമുക്കും കിട്ടും ചെന്നാൽ. ഉണ്ണിപിറന്നതുണത്തിച്ചിട്ടച്ചക്കച്ചന്നൊരു കച്ചകിടച്ചു. മററില്ലേതുമെനിക്കു ചിലത്ത പുളിച്ചതുക്കൂട്ടിയുരുട്ടിമിണുങ്ങിത്തെരുതെരെ വയറുനിറയ്ക്കാമത്രേ വേണ്ടു. ബഹുവിധമേവം വാത്തപറഞ്ഞക്കുറുവടിയേന്തിക്കുറുമാരോടുംകൂടിക്കൊണ്ടു മുരമ്പകൈക്കെരിതങ്ങൊരുഭാഗേ.

മററൊരുപരിഷകളെച്ചിലതിന്നും ചുണ്ടുവലിച്ചിട്ടിടയിടെ നോക്കിയുമപ്പോളപ്പോൾ പെരുവഴിനീളെയുമിങ്ങതുനോക്കിയുമെന്നേ കട്ടും. ചെക്കോട്ടച്ചീ മൂക്കുകടിച്ചു നീക്കംവാരാ നന്നല്ലേതും കേട്ടതുനിണ്ണയമിപ്പോളല്ലീ മുട്ടിപ്പോകും നിന്നറിയാതോർ. ചെന്നു കെട്ടുമ്പോലെന്നു പറഞ്ഞച്ചെറുമികളും പോന്നഴകിൽനിറഞ്ഞു. കിം കിം ബഹുനാ പറകിലിതെല്ലാം കീഴ്പ്പെട്ടുമത്രേ ഗീഷ്മതി പോലും.

൩൮

പ്രാരബ്ധേ/സ്മിന്നയോദ്ധ്യാനഗരിയിലഭിഷേ-
കോത്സവേ വാദ്യഘോഷം
പൂരിച്ചു വാദ്യക്കാരപ്രൌഢിയൊടിടകലരു-
മ്മാറു മമ്മാ! ദിഗന്തേ
സൈ്വരം വന്നു വിശേഷിച്ചനവധി ഹൃദയേ
വിശ്വലോകക്കുമയ്യാ!
ശ്രീരാമൻതാൻ പുരാ മംഗലജലധി പുറ-
ന്നോരുനാളെന്നപോലേ.

൩൯

ശ്രീരാമചന്ദ്രനഭിഷേകകുതൂഹലംപൂ-
ണ്ടാരൂഢവാൻ കില നൃപാസനമത്യുദാരം
ഓരോ ജനങ്ങളതുകേട്ടു തെളിഞ്ഞിതേററം
ക്രൂരാശയാ കുടിലമന്ഥരയെന്നി ലോകേ.

൪൦

*അക്കാലം മന്ഥരാ ബന്ധുരനെറിതിരളും
പത്മിനീവാരിപൂരം
മുഷ്കോടേ സൈരഭീ ചെന്നതിവിമല-
മിളക്കിക്കലക്കുന്നപോലെ
അഗ്രേ രാമാഭിഷേകശ്രവണജനിത-
കൌതുഹലം ക്രൂരവാക്യ-
പ്രക്ഷോഭൈർമദ്ധ്യമാംബാഹൃദയമലർ-
കലക്കീടിനാളാവതെല്ലാം.

൪൧

"എല്ലാക്കും പ്രായമൊക്കും തവ തനയനൊരു-
ന്നാം വരാ ഹന്ത! രാജ്യം
കില്ലില്ലേ വീരസൂതേ്ഭവതി വിളിപണി-
പ്രായമായ് വന്നുകൂട്ടം;

---

* "യാമേവാഹുർനിശിചരകുലോൻമൂലനേ മൂലഹേതും
യസ്യാശ്ചിത്തം പ്രകൃതികുടിലം ഗാത്രമിത്രം ബഭൂവ
അംഭോജിന്യാഃ ശിരസരസം സൈരിഭീവാഹ്ഛമംഭഃ
കൈകേയ്യാസ്സാ ഹൃദയമദയം മന്ഥരാ നിർമമന്ഥ".

വല്ലോരും കേൾ സപത്നിക്കഴകൊടു തിരുമുൽ-
ക്കാഴ്ചവച്ചാലെടുപ്പാൻ
നില്ലജ്ജം നോക്കിനില്ക്കുന്നതു ശിരസി കൃതാ
വൈധസീ രേഖയല്ലോ.

ഗദ്യം ൰. (ദണ്ഡകം).

ദശരഥനൃപവല്ലഭേ! ദേവി! പാലേ കുടിക്കാവിതെല്ലാക്കമോ-ൎത്തീടു പകപംകുടിച്ചീടുവാനേവരും കൈവരാ രാജപുത്രത്വവും നീതിയും കാന്തിയും വിദ്യയും വീൎയ്യവും തുല്യമെന്നീടിലും താണു-പോകും തുലോം ഭാഗ്യമില്ലായ്കയാലോൎത്തുകാണിന്നഹോ കോസ-ലേന്ദ്രാത്മജാ രാജമാതൃത്വമുൾക്കൊണ്ടു കണ്ടോർവണങ്ങുന്നതും യാപനയ്ക്കുനാഹം പാൎത്തുനില്ക്കുന്നതും നിങ്ങളെല്ലാരൊടും വേല-ചൊല്ലുന്നതും നല്ല സൌഖ്യങ്ങൾ കൈക്കൊണ്ടിരിക്കുന്നതും വല്ലതും വേണ്ടവക്കൊക്കെ നല്കുന്നതും പാൎത്തുകണ്ടാൽ വെറുപ്പില്ലയോ മാനസേ നിൎണ്ണയിച്ചാല്പമൊന്നില്ല കില്ലേതുമേ ഭംഗിയില്ലെങ്കിലും തങ്കലീകാച്ചതേ തങ്കൽ വീഴു ദൃഢം. മുന്നമയ്യോ വരദ്വന്ദ്വമേ-തേന ദത്തം ഭവത്യൈ വനാന്തേഷു രാമൻ നടന്നീടുമാറും മദീ-യാത്മജന്നാത്മരാജ്യത്തെ നല്കീടുമാറും വരിച്ചാൽ നമുക്കത്ര-രാജ്യേ സുഖിച്ചങ്ങിരിക്കാമിതെ”ന്നോതി മെല്ലേ നടന്നീടിനാൾ.

൪൨

അലഘുപതിതഝംഝാവാതനിഷ്പേഷരോഷാ-
ദശനിരിവ കഠോരശ്ശീതളാംഭോദപങ്ക്തൌ
അപഹൃതജനസൌഖ്യാന്മന്ഥരാഭേദവാക്യാ-
ദപി ഭരതജനന്യാം ഹന്ത! ദൌൎജ്ജന്യമാസീൽ

൪൩

അന്നേരം ചെന്നു മന്ത്രിച്ചിതു ശഠഹൃദയാ
കൈകയീ കൎണ്ണമൂലേ
„ധന്യാത്മൻ! മുന്നമെങ്ങൾക്കരുളിന വരയു-
ഗ്മം മറന്നീലയല്ലീ?
ഇന്നച്ചോ രാമനേക്കാനനഭുവി പെരുമാ-
റീടുമാറായ് നിയോഗി-
*ച്ചുന്നിദ്രോദ്വേലകീൎത്തേ! ഭരതനു കൊടു നീ
രാജ്യലക്ഷ്മീമുദാരാം.”

* “ച്ചെന്നുണ്ണിക്കാക്കണം നാടഖിലവുമിതി മേ
പ്രാൎത്ഥനാ കീൎത്തിസിന്ധോ !!” (പാഠാന്തരം).

൪൪

ശ്രവണപരുഷവാണീമേവമാകർണ്യ തൂർണ്ണം
*വിവശതയൊടു വീണു നിശ്വസന്നശ്രുശാലീ
സവിതൃകുലവതംസം മോഹമൂർച്ഛകൊണ്ടുണർന്നി-
ട്ടവളൊടധികദീനോ വാചമൂചേ ഗഭീരാം.

൪൫

"വാസസ്ത്വചാം ഭവതു കിഞ്ചന താരവീണാം
ഛായാദ്രുമാശ്ച ഭവനാനി ഭവന്തു ധന്യാഃ
കൈകേയി! തസ്യ ശയനാനി കഥം ഭവേയു-
സ്ത്വച്ചേതസോഽപി കഠിനാനി ശിലാതലാനി.

൪൬

നൈവാഭവസ്ത്വമിഹ ശീലവതീഷു കാചി-
ന്നൈവാഭജൽ പിതൃമതാം ഗണനാം സ രാമഃ
നൈവാപമാത്മജസുഖാന്യഹമപ്യനാര്യേ!
നൈവാപമംബ ഭരതേന ന മേ പ്രദേയം.

൪൭

കഠിനഹൃദയേ കാന്താരേ പോം കുമാരനിതന്വഹം
കൊടിയവെയിലും കാററും പേമാരിയും സഹതേ കഥം?
ഇടനിലവരുത്തീടായ്കിമ്മേ പദം തവ കുമ്പിടാം
മത്തുമൊഴി! തന്തുജന്നിന്നൽ്ാധിപത്യവുമേകുവൻ."

൪൮

"ഈ മന്ദഭാഗിനിപെറും ഭരതന്നു രാജ്യ-
ക്ഷേമാധികാരമിയലാത്തതിനില്ല ഖേദം
രാമങ്കൽ വത്സലതപൂണ്ടു ദൃഢപ്രതിജ്ഞാ-
മാമോ കളഞ്ഞുകളവാന്മൻവംശകേതോ!"

൪൯

"രാമഃ കാമമുപാശ്രയിഷ്യതി വനം
ത്യക്ത്വാ ധ്രുതം കൌതുകം;
ലോകസ്ത്യക്ഷ്യതി കൌതുകം ചിരധ്രുതം
തസ്യാഭിഷേകേ കഥം?

* "വിവശതയൊടു വീണു വേർപറിഞ്ഞാലുപോലെ."
(എന്നു പാഠാന്തരം).

ധൎമ്മാപായഭയേന വത്സവിരഹം
വക്ഷ്യാമി; വക്ഷ്യാമി കിം?
യാവൽകല്പമകീൎത്തിരാൎത്തിജനനീ
ജായേത ജായേ! തവ.

൫൦

രാമൻ പൊയ്ക്കൊള്ളുമയ്യോ! വിപിനഭുവി ധ്രുതം
കൌതുകം കൈവെടിഞ്ഞി-
ന്നാമോ ലോകൎക്കു കൌതൂഹലമിതു കളവാ-
നിന്നു തസ്യാഭിഷേകേ
കാമം പ്രാണാപഹം ഞാൻ തനയവിരഹവും
ധൎമ്മഭീത്യാ പൊറുപ്പൻ
കേൾ മാപാപി! കഥം നിൻകുലമിതു സഹതേ
കീൎത്തികേടായുഗാന്തം?

൫൧

വത്സം കഠോരഹൃദയേ! നയനാഭിരാമം
രാമം വിനാ ന ഖലു തിഷ്ഠതി ജീവിതം മേ
ധാതുൎബ്ബലാ*ദുപയമസ്തു ̣മയി ജാതപൂൎവ്വഃ
കൈകേയി! മാ†മുപയമം നയതീതി മന്യേ.

൫൨

ഹാ കേൾ സുതന്നു തവ നാടഖിലം കൊടുക്കാം
പോകേണമോ വിപിനസീമനി വത്സനിമ്മേ?
കൈകേയി! രാമനൊടണഞ്ഞു സുഖിച്ചിരിപ്പാൻ
ഹീ! കൎമ്മമററിതധുനാ വിധിനാ ഹതോ ഞാൻ."

൫൩

"അനുപമഗുണഭ്രമേ! പുത്രമോഹേന കഷ്ടം! -
നിനവു മനസി സത്യോപപ്ലവം ചെയ്യുമാറോ?
നനു മനുഹരറിവിന്നും ചാരുകീൎത്തിക്കു,മെങ്കിൽ-
ക്കഴൽ പഴകിതു കൈക്കുപ്പേണമെല്ലാരുമേ കേൾ."

---

* 'വിവാഹോപയമൌ സമൌ' (എന്ന് അമരം).

† ഉപയമം=യമന്റെ സമീപത്തിങ്കൽ.

൧൪

,,പ്രിയേ! കൈകേയി! ത്വാം കഠിനഹൃദയാം വച്മ്യൊരമരീം
പ്രിയാം പൂൺമാനുണ്ടിമ്മമ ഗമനമീ രാമവിരഹാൽ;
അയോദ്ധ്യാമേവായം വനഭുവി നടക്കുന്ന തനയൻ
പ്രയാസ്യത്വജ്ഞാത്വാ തരുഗഹനദുല്മാവൃതഗൃഹാം."

൧൫

ഭേദങ്ങൾകൊണ്ടുമന്യനീതികൾ കൊണ്ടുമേതും
ഭേദംവരാഞ്ഞു മനകാമ്പിനു വല്ലഭായാഃ
ആതങ്കമാൎന്നകമെരിഞ്ഞ നരേന്ദ്രനപ്പോൾ
നീതിജ്ഞനോടഥ സുമന്ത്രരൊടാബഭാഷേ.

൧൬

,,ആലംഘ്യമല്ല മമ സത്യമിതോൎത്തുകണ്ടാൽ
നാലം നിമേഷമപി രാമനെ വേറിരുന്നാൽ
കേളെത്രയും പെരികെ രണ്ടുമസഹ്യമോൎത്താ-
ലാളല്ല ധൎമ്മവിഹതിക്കു നയാംബുധേ! ഞാൻ.

൧൭

*,,പെൺചൊല്ലുകേൾക്കുമൊരു പേപ്പെരുമാളി"തെന്ന-
ങ്ങജ്ഞാതവാറുവിളികൊൾകിലുമിന്നു ലോകേ
വഞ്ചിക്കുമാറു നിനവില്ല വരദ്വയം മേ
കിഞ്ചിൽ സുമന്ത്ര! മരണത്തിനുമില്ല ഖേദം.

൧൮

ആരും വരുത്തിയൊരു സംകടവാൎത്ത പാൎത്താ-
ലീ രാമനോടു വിരഹം മമ കൎമ്മമല്ലോ
നാരായണാ! മരണവും പുനരിന്നിയെത്തും-
നേരത്തു നൂനമതിനുണ്ടു രഹസ്യസാരം.

* പടമലനായർ ചേരമാൻപെരുമാൾക്കു നൾകിയിട്ടുള്ള ഒരു സ്ഥാനം. കേരളചരിത്രത്തിലെ ഒരു പ്രധാനഭാഗത്തെ പരാമർശിക്കുന്നതാണ് ഇതിലെ സൂചിതകഥ. അതു ശൈലിയാക്കി പ്രയോഗിച്ചിരിക്കുന്നു.

൯൯

ബാണം ഞാനെയ്തൊരുമുനിസുതം
  കൊന്നുപോയീ ബലാൽ പ-
ണ്ടാനഭ്രാന്ത്യാ കലശസലിലാ-
  പൂരണേ ശബ്ദവേധീ
പ്രാണാപായം തനയവിരഹാൽ
  വന്നുപോകെന്നു ശപ്ത്വാ
ക്ഷീണോ വൃദ്ധോ മുനിരിതി ശുചാ
  മാം വിളിച്ചാബഭാഷേ.

൱൧

രാജൻ! ജാനീഹി വൈശ്യാത്മജമിഹ ജനനീ
  ശൂദ്രജാ ബ്രഹ്മഹത്യാ
നാശംക്യാ തൽ പ്രജാപാലനനിപുണമതേ!
  വാഴ്ക ഭദ്രമൌ ചിരംനാൾ'
വ്യാജാപേതം പറഞ്ഞസ്ഥവിരമുനിരസൌ
  മെല്ലെമെല്ലെന്നടങ്ങീ;
നാശത്തിൻമൂലമസ്യാം ദശയിലതു സമാ-
  സന്നമെന്നേഷ മന്യേ,

൱൨

അഭിരാമതകണ്ടു രാമനെന്നു-
  ള്ളഭിധാം ചേർത്തരുളുന്ന നാവുകൊണ്ടേ
വിപിനേഷു നടക്കയെന്നു ചൊൽവാ-
  നപകാരുണ്യമെനിക്കു കെല്പുപോരാ."

൱൩

അതുകേട്ടു സുമന്ത്രരും തദാനീ-
  മധികം കേകയിതന്നൊടാകുലാത്മാ
ക്ഷിതിപാലസമക്ഷമായതെല്ലാം
  പ്രഥിതോ നീതിഷു സാദരം ബഭാഷേ.

൩൩

„ഹാ കഷ്ടം! കേകയേന്ദ്രാന്വയസുചരിതമേ!
നിന്മനക്കാമ്പിവണ്ണം
മോഹഗ്രസ്തം ചമഞ്ഞാറഴകിതുടനകീ-
ർത്തിക്കു നീ പാത്രമായാൾ
ആകാതൊന്നിപ്രമേയം ഭരതനിതു ധരി-
ച്ചീലയല്ലോ മഹാത്മാ
ലോകാക്രുഷ്ടാദമുഷ്മാദചിരമ ദുരഭിലാ-
ഷാത് ത്രിലോകീവിഷാദാൽ.

൩൪

ഭുവനശുഭമിയററും പുണ്യരാമാഭിഷേകോ-
ത്സവകലവി മുടങ്ങീതെന്നു കേട്ടാകുലാനാം
ശിവശിവ!! ജനതാനാം ദീനവാക്യങ്ങൾ കേട്ടാ-
ലവശമലിയുമയ്യോ! പാഴ്ക്കരിങ്കല്ലുപോലും."

൩൫

വിധുരമിതി സുമന്ത്രേണോക്തമാകർണ്യ ചൊന്നാ-
ളതിനു ചെവികൊടാതേ കേകയീ സാ നരേന്ദ്രം
„മദഭിലഷിതമിന്നേ ചെയ്യതില്ലെങ്കിലെന്നും
മതി മത കളവൻ ഞാൻ ജീവനം മുൻപിൽ നിന്നേ."

൩൬

രാമചന്ദ്രവിരഹാനലേന സം-
ദഹ്യമാനഹൃദയോ ജരാതുരഃ
സോഽപ്യചിന്തയദമാത്യനാഥസം-
ഭാവിതാദ്മഹനീയവിഷ്ടരഃ.

൩൭

„വൃദ്ധോ ദശരഥസ്സോഽയ-
മുപാസ്തേ ഗൃഹമേധിതാം
രാമേണ ക്ഷീരകണ്ഠേന
വനവാസോ നിഷേവ്യതേ.

UNIVERSITY L... 27 AUG 1928 MADRAS

നുവൃ

ശശികാന്തഃ കഥം ഗ്രാവാ
ഭജതേ രവിരത്നതാം
രാമസ്തു ചന്ദനം ഭ്രത്വാ
ജാതോ മേ ദാവപാവകഃ

ന്വൻ

ഹേ പ്രാണാസ്സ ഗതോ രാമ-
സ്തമനുവ്രജത ദ്രുതം
ജരസാ ജജ്ജരൈരംഗൈ-
ശ്ശക്തിർദ്ദശരഥസ്യ കാ."

൧൦

"നേത്രം കുളുക്കെ മമ വത്സനെ രാമമാരാൽ
പാത്തിങ്ങു കാണ്മതിനു സമ്പ്രതി കൊണ്ടുവാ നീ'
ധാത്രീശവാചമിതുകേട്ടു ശുചാ സുമന്ത്ര-
സ്തൂഷ്ണീം സ ഗദ്ഗദനിരുദ്ധഗളസ്തദാഭ്രൽ.

൧൧

താതാജ്ഞകേട്ടളവു രാമനമാത്യവാചാ
ഖേദാകുലന്തമവലോക്യ തൊഴുന്നനേരം
ആതങ്കഹേതുമഥ മാതരമന്വപൃച്ഛൽ
സാ തൽക്ഷണം ഗതദയാ വചനം ബഭാഷേ.

൧൨

"ദത്തം മേ ദനുജേന്ദ്രസംഗരമഹാ-
പീഡാപനോദാൽ പുരാ
ഭർത്രാനേന വരദ്വയം പുനരതി-
ന്നിപ്പോളിരന്നീടിനേൻ
വത്സൻ നാടഖിലം ഭരിക്ക ഭരതൻ,
നീ കാനനേ പോകയെ-
ന്നിത്ഥം മദ്വചനേന ദീനഹൃദയ-
ശ്ശോചത്യസൌ തേ പിതാ."

൧൬

ശ്രുത്വാഥ മാതൃവചനം മഹനീയധാമാ
മുഗ്ദ്ധസ്മിതദ്യുതിമനോജ്ഞമുഖാംബുജന്മാ
കൈകേയ്യാനവന്ദ്യ വിനയേന ഘനാന്തഭാവാ-
മത്യൂർജ്ജിതാമകലുഷാം ഗിരമാബഭാഷേ.

൧൭

"മാതോ ഭ്രുഭരതഃ കിമംബ! ഭരതഃ
കിം വാ വനാൽ പാവനാൽ
ത്രസ്തോ/ഹം സഗരാന്വവായ*കകുദ-
സ്താതഃ കുതച്ഛോചതി
ദിവ്യായാസ്സരിതഃതാ †നിവാപകരണാ-
ല്ലഘ്വീം പ്രതിജ്ഞാമിമാ-
മാവാഭ്യാമിഹ പൂരയിഷ്യതി ന ചേൽ
‡പുത്രീ കഥം സ്യാദയം?

൧൮

വനഭുവി തനുമാത്രത്രാണമാജ്ഞാപിതം മേ
സകലഭുവനഭാരഃ സ്ഥാപിതോ വത്സമൂർദ്ധ്നി
തദിഹ സുകരതായാമാവയോസ്തക്ഷിതായാം
മയി പതതി മഹീയാനംബ! തേ പക്ഷപാതഃ."

൧൯

ആജ്ഞാമാദായ മാലാമിവ ശിരസി മുദാ
യാത്രചൊല്ലും ദശായാം
മൂർച്ഛിച്ചാഹന്ത! വീണു ദശരഥനിടിവെ-
ട്ടേററ തേന്മാവുപോലെ;
'പാച്ഛന്ദ്യാപേതമിന്നേ വനഭുവി വിരയെ-
പ്പോക നീ വൈകിയാതെ'-
ന്നാജ്ഞാപിക്കും ജനിത്രീം തൊഴുതു പുരവരാൽ
സംപ്രതസ്ഥേ മഹാത്മാ.

---

* "കകുദത് കകുദൌ ശ്രേഷ്ഠ-
വൃഷാംഗേ രാജലക്ഷ്മണി." വിശ്വപ്രകാശഃ

† "നിവാപഃ പിതൃതർപ്പണം." ഇത്യമരഃ

‡ പുത്രീ = പ്രശസ്തപുത്രവാൻ, പ്രശംസായാമിനിഃ.

൧൭

കൌതുകോദയവിലോളിതാം ദൃതമുപേത്യ
ജാതധൃതി മാതരം
കോസലേന്ദ്രതനയാം വണങ്ങി വനവാസ-
യാത്ര പറയും വിധൌ
ഖേദവാരിധിയിൽനിന്നുഴന്ന തലതല്ലി
നല്ല ചുഴിയിൽക്കിട-
ന്നാധിപൂണ്ടതു പറഞ്ഞുകൊൾവതിനൊരുത്ത-
നില്ല മതിവൈഭവം.

൧൮

"രേഖാരഥാംഗസരസീരുഹശംഖചിഹ്നേ
ക്ഷേമംകരേ തവ കരേ ജഗതാം ത്രയാണാം
*കാന്താരകന്ദഖനനം രചയേ'തി നൂന-
മാമുക്തവാൻ †പ്രതിസരം ഭഗവാൻ വസിഷ്ഠഃ."

൧൯

'ഖേദിച്ചീടായ്ക ഞാനിന്നടവിയിൽ വിടകൊ-
ണ്ടാൽ നിരാധാരമയ്യോ!
വാർതിക്കും മദ്ധ്യമാംബാപരുഷവചനദം-
ഭോളിസംഭേദഖിന്നം
നീതിജ്ഞേ! തീവ്രശോകാനലചടുലശിഖാ-
ജാലനിർദ്ദഗ്ദ്ധസാരം
താതസ്യാംഗം കഥഞ്ചിന്മമ ജനനി! കളി-
ച്ചും പിരിഞ്ഞീടൊലാ നീ.'

൨൦

ഇത്ഥം പറഞ്ഞു ഘനബാഷ്പനിരോധഖിന്നാം
നത്വാ ജനിത്രിയെ നതാനനപുണ്ഡരീകാം
ഉദ്വീക്ഷിതസ്സുചിരമുദ്ഗളദശ്രു പൌരൈഃ
പ്രസ്ഥായ മൈഥിലസുതാഭവനം പ്രപേദേ.

---

* കാന്താരേ അരണ്യേ കന്ദാനാമഭ്യവഹാരോചിതാനാം മൂലവിശേഷാണാം ഖനനമവദാരണം. രചയ വിധേഹി. ജീവനോപായാർത്ഥമിതി ഭാവഃ.

അഥവാ കാന്തം രാതി ഗൃഹ്ണാതീതി കാന്താരഃ രാവണ ഇത്യർത്ഥഃ. തസ്യ കന്ദം കണ്ഠം തസ്യ ഖനനം ഛേദനം അനേന ഭാവി രാവണവധോഽപി സൂചിതഃ.

† "ഹസ്തസൂത്രേ പ്രതിസരോഽസ്ത്രീയാം." (എന്ന് അമരം).

വൃ ഫ

കല്യാണവാദസുഖിതാം സഹസൈവ കാന്താം
കാന്താരചാരകഥയാ കലുഷീചകാര
അംഭോദനാദമുദിതാം വിപിനേ മയൂരീം
സന്ത്രാസയന്നിവ ധനുർദ്ധ്വനിനാ പുളിന്ദഃ.

വൃ വ

കോപാദാകർണ്യ കർണ്ണജ്വരകരണപടും
രാമചന്ദ്രാഭിഷേക-
പ്രത്യൂഹോദന്തമന്തഃപുരജനകഥിതം
ലക്ഷ്മണസ്തൽക്ഷണേന
ശിഞ്ജാസന്ധാനഗുഞ്ജജ്ജ്വലയകളകളോൽ-
കീർണ്ണജൈത്രപ്രശസ്തി-
സ്സംരംഭാദഭ്രമാർഗ്ഗേ ശരമപി ശരധേ-
രുദ്ധരന്നഭ്യധാവൽ.

വൃ ന

ഭ്രാതുഃ പ്രേമജളഃ കരോത്യനുചിതം
ത്യാജ്യസ്സപൂജ്യോഽപി സൻ;
കൈകേയ്യാഃ കുചരിത്രമേതദിതിചേൽ
തത്രാസ്മി കുണ്ഠക്രമഃ;
ആര്യശ്ചേദ് ഭരതോ വികർത്തനകുലേ
കർത്തും കളങ്കം സ്ഥിതോ
ഗുഞ്ജജ്ജ്യാമുഖരം ധനുർന്നനു മയാ
തസ്യൈവ സമ്പാദ്യതേ.

വൃ ർ

കിം ലോഭേന വിലംഘിതസ്സ ഭരതോ
യേനൈതദേവം കൃതം
മാത്രാ? സ്ത്രീലഘുതാം ഗതാ കിമഥവാ
മാതൈവ മേ മദ്ധ്യമാ?
മിഥ്യൈതന്മമ ചിന്തിതം; ദ്വിതയമ-
പ്യാര്യാനുരൂപം; ഗുരുർ-
മാതാ താതകളത്രമിത്യനുചിതം
മന്യേ വിധാത്രാ കൃതം.

വൃ ൫

മാ ഭൂൽ ത്വൽപദപദ്മയോരരുണിമാ
കാന്താരസഞ്ചാരതഃ
പാണൌ പാടലിമാ മനാക് പ്രസരതു
ജ്യാകർഷണാദേവ മേ
കൈകേയീപരിഭ്രതതാതവചനേ
നമ്രോ ഭവാൻ മാ സ്മഭൂൽ
കിഞ്ചിന്മാമകമാൎയ്യ! ശൌൎയ്യജലധേ!
നമ്രം ധനുൎവ്വർത്തതാം.

വൃ ൯

കൈകയീമയപിശാചികാപഹൃതതാത-
വാക്യമിദമെന്നത-
ങ്ങാകലയ്യ ധരണീതലം പ്രഥമദത്ത-
മാൎയ്യ! പരിപാല്യതാം
ലോകരക്ഷണവിഹീനഭൂപനിഹലോക-
മില്ല പരലോകവും
മോഹമെന്തിതു വിരുദ്ധരായവരെ വെല്ലു-
വാനുമിഹ ഞാനുള്ളോൻ."

വൃ ൭

പാരുഷ്യമാൎന്നിതി വദന്തമുദഗ്രകോപാ-
ദ്വീരം നിജാനുജമസാവവലോക്യ ധീമാൻ
ചാരുസ്മിതദ്യുതിയിലോളമെട്ടത്ത വാചാ
ശ്രീരാമചന്ദ്രനരികത്തുവിളിച്ചുവാദീൽ.

വൃ വൃ

"സംരംഭം മതിമതി വത്സ! ലക്ഷ്മണാ! കേൾ
പാരിച്ചൊന്നിതു ബത താതശാസനം മേ
പാരിൽ പണ്ടിഹ പിതൃശാസനാലകൃത്യ-
പ്രാരംഭം പലരുമിയന്നവാറു കേൾപ്പൂ.

൯൰

താതൻചൊന്നതു കേട്ടു പണ്ടു തരസാ
വ്യാപാദ്യ തൻമാതരം
മേതിൽ കീർത്തിമനിന്ദിതാം ഭൃഗുസുതൻ
കൈക്കൊണ്ടതോർത്തീടു നീ
ദത്വാ താതയയാതിചൊന്ന വചസാ
താരുണ്യമപ്പൂരുതാ-
നസ്താശങ്കമമുഷ്യ വാർദ്ധകമഹോ!
കൈക്കൊണ്ടതോർത്തീടു നീ.

൰൦

താതാദേശവശേന കാശ്യപനഹോ!
ഗോഹത്യ ചെയ്താനതും
സാധോ! ലക്ഷ്മണ! പാർത്തുകാൺ ത്രിഭുവനേ
വിഖ്യാതമെല്ലാടവും
മോദംപൂണ്ടു പിതുർന്നിയോഗമധുനാ
ചെയ്തീടുവാനേ പരം
ചേതോവാഞ്ഛിതമിന്നു കാനനതലം
മോക്ഷാസ്പദം ദേഹിനാം.

൰൧

കഷ്ടം താതാജ്ഞയേക്കാളിതു ബത! വലുതോ
ഹന്ത! കാന്താരവാസം?
ദൃഷ്ട്വാ സേവിച്ചുകൊള്ളാമവിടെയവിടെവ-
ന്ദിച്ചു വൃന്ദം മുനീനാം
ഒട്ടേ ഞാനിന്നുതന്നേ മമ പിതൃവചസാ
ഭൂധരൈരംബുരാശൌ
പെട്ടെന്നാബദ്ധ്യ സേതും തെളിവിനൊടു കട-
ന്നീടുവൻ നിർവ്വിശങ്കം.”

൰൨

എന്നിപ്രകാരമരുൾചെയ്തു നിജാനുജന്മ-
സന്നാഹഡംബരമടക്കി വിനീതിശാലീ
പിന്നീടു സീതയെവിളിച്ചരികത്തിരുത്തി-
ച്ചൊന്നാൻ വികർത്തനകുലാർണ്ണവപൂർണ്ണചന്ദ്രൻ,

൯൩

„ത്താതാദേശേന ഗച്ഛാമ്യടവിയിലഥവാ
ദേവി! വൈദേഹഗേഹേ
സീതേ! നീ കേൾ വസിച്ചീടി"തി രമണഗിരം
കേട്ടു സൈഷാ ബഭാഷേ
„നാഥാ! വേർപെട്ടുകൂടാ കിമപി മമ വിഭോ!
കാനനേ വാ ഗിരൌ വാ
പാഥോധൌ വാനലാനാം നടുവിലപി സദാ
കൂടെ ഞാനെങ്ങിരുന്നും."

൯൪

„അഹം ഗമിഷ്യാമി മഹാവനം പ്രിയേ!
വസസ്വമത്രൈവ വിദേഹമന്ദിരേ
യഥാ വ്യളീകം കുരുഷേ ന കസ്യചിൽ
തഥാ ത്വയാ കാൎയ്യമിദം വചോ മമ."

൯൫

* „കിന്താദേണ ണരിന്ദസേഹരസിഹാ-
ളീഢഗ്ഗപാദേണ മേ
കിവാ മേ സുസ്സുരേണ വാസവമഹാ-
സംഹാസണാദ്ധാസിണാ
തേ ദേസാ ഗിരിണോയ്യ ദേ വണമഹീ-
സംച്ചേണ മേ വള്ളഹാ
കോസള്ളാതണജസ്സ തുംഹ ചളണേ
വദ്ദാമി ണിദ്ദാമി വാ."

* ഛായാ.

കിം താതേന നരേന്ദ്രശേഖരശിഖാ-
ലീഢാഗ്രപാദേന മേ
കിം വാ മേ ശ്വശുരേണ വാസവമഹാ-
സിംഹാസനാൎദ്ധാസിനാ
തേ ദേശാ ഗിരയശ്ച തേ വനമഹീ-
സത്വേന മേ വല്ലഭാഃ
കൌസല്യാതനയസ്യ തവ ചരണേ
വന്ദേ നിദ്രാമി വാ.

൯൩

,,ആദാവേവ കൃശോദരീ കുചതടീ-
ഭാരേണ നമ്രാ പുനഃ
കേളീചംക്രമണം ച നൈവ സഹസേ
ഡോളാവിധൌ താമ്യസി
സ്രോതഃകാനനഗർത്തനിർഝരഗിരി-
പ്രായാനപൂർവ്വാനിമാൻ
ഭൂഭാഗാനയി ഭീരു! ഭൈരവമൃഗാൻ
വൈദേഹി യായാഃ കഥം?

൯൫

പ്രിയേ! ജനകനന്ദിനി! പ്രകൃതിപേശലാമീദൃശീം
കഥം ഗ്ലപയിതും സഹേ തവ ശിരീഷമൃദ്വീം തനും?
ഗൃഹീതഹരിണീഗണത്രികവിസാരിനാനാസിരാ-
ക്ഷതക്ഷരിതശോണിതാരുണവൃകാനനേ കാനനേ.''

ഗദ്യം ൪.

രാമൻചൊല്ലിയതെല്ലാം കേട്ടതി-
ഖേദംപൂണ്ടു പറഞ്ഞാൾ സീതാ.
,,ഭർത്താവോടു പിരിഞ്ഞാൽ ഭവനം
വനമായ്ത്തന്നെ ഭവിച്ചീടുന്നു.
കല്ലും മുള്ളും മുരടും മൂക്കനു-
മുള്ളൊരു കാട്ടിൽ ഭർത്തൃസമീപം
തന്നിൽവസിപ്പതു കുലമഹിളാജന-
മെല്ലാവർക്കും സുഖദംതന്നെ.
ഭർത്താവിൻ നിഴലല്ലോ ഭാര്യാ
ചിത്താശപാസമതിങ്കലിരിപ്പൂ.
തിരുമലരടിയിണ സതതം സേവി-
ച്ചീടുവതേക്കാളെന്തൊരുധർമ്മം?
ഭർത്താ ദൈവം സതികൾക്കെന്നതു
വ്യർത്ഥമുരച്ചൊരു മൊഴിയല്ലല്ലോ.
ഗിരിതടഗഹ്വരവനഭുവി ഞാനും

കരുണാകര! നിൻ പിറകേ പോരാം
എന്നെയുപേക്ഷിച്ചങ്ങു ഗമിച്ചാൽ
പിന്നെശ്ശരണം മരണമെനിക്ക്."
എന്നുപറഞ്ഞതുകേട്ടു രഘൂദ്വഹ-
നന്നതമോദം സമ്മതമേകി.

൯൮

യദി ഗന്തും കൃതാ ബുദ്ധി-
ർവനം ഗജവൃകാകുലം
അഹം ത്വാമനുയാസ്യാമി
രാഘവാഗ്രേ ധനുർദ്ധരഃ.

൯൯

ശ്രദ്ധാളിയാന്തമനുഗച്ഛതി മൈഥിലീ മാം
വത്സോ ജഹാതി ന കദാപ്യനു ലക്ഷ്മണോഽപി
ഇത്യേതയോരനുഗതിം പരിബോദ്ധ്യ ഗന്തും
ഭൂയോഽപി ഭൂപഭവനം പ്രവിവേശ രാമഃ.

൧൦൦

ഉന്നിദ്രമോദഭരമെപ്പൊഴുമൊന്നുപോലേ
തന്നിൽകവിഞ്ഞുവഴിയും കരുണാപയോധിഃ
പിന്നെ പ്രിയാസഹജയാത്രയുണർത്തുവാനായ്
ചെന്നന്തികേ തൊഴുതതും പുനരാബഭാഷേ.

൧൦൧

അന്നേരം കാട്ടുതീ ചെന്നിടതലപിടിപെ-
ട്ടോരു സാലംകണക്കേ
ഖിന്നത്വംപൂണ്ടു വീണു ദശരഥനൃവരൻ മോ-
ഹമൂർച്ഛകൊണ്ടകാണ്ഡേ
ധന്യാത്മാ കേകയീം താം പുനരപി ച സുമ-
ന്ത്രോഽപി നന്നല്ലിതയ്യോ!
നിൻമൂലം വംശനാശം വരുമിതു ബഹുധാ
ബോധയാമാസ ധീമാൻ.

൧൦൨

“കുലമിതു സഗരന്നും പുത്രനെക്കാട്ടിലാട്ടി-
ക്കളയുമതു ചിത്തേ മാഞ്ഞിതോ നീതിസിന്ധോ!
ഖലജനഗണനായാം ക്രുട്ടമോ ചൊല്ലുവൻതാ-
നലമലമിതു നമ്മോടെന്തു വിദ്വേഷമോടേ.”

൧൦൩

“അസമഞ്ജസകാരിണം മഹാത്മാ-
വസമഞ്ജം നിരസിച്ചിതന്നരേന്ദ്രൻ
വ്യസനങ്ങളൊരുത്തരോടു ചെയ്ത-
ല്ലിതു നിൻ ക്രൌര്യമകാരണം കഠോരേ!”

൧൦൪

ഗന്തും വിനിശ്ചിതമതൌ വനമഗ്രജാതേ
ശാന്തോഽഥ തേന വിപിനം സഹ ഗന്തുകാമഃ
സൌമിത്രിരേത്യ ജനനീമനമത് സുമിത്രാം
സാപ്പ്യശ്രുപൂർണ്ണനയനാ വചനം ബഭാഷേ.

൧൦൫

“രാമം ദശരഥം വിദ്ധി
മാം വിദ്ധി ജനകാത്മജാം
അയോദ്ധ്യാമടവീം വിദ്ധി
ഗച്ഛ താത! യഥാ സുഖം.

൧൦൬

രമന്തേ യോഗിനോഽനന്തേ
നിത്യാനന്ദേ ചിദാത്മനി
ഇതി രാമപദേനാസൌ
പരം ബ്രഹ്മാഭിധീയതേ.”

൧൦൭

വാക്യൈരലം ബഹുഭിരക്ഷതവല്ക്കയുഗ്മം
കൈക്കൊണ്ടുമമ്പൊടു കൊടുത്തു ദുരാശയാ സാ
വാൽക്രൌര്യമാർന്നവരെ മൂവരെയും വനാന്തേ
പോയ്ക്കൊള്ളുകെന്നുടനയച്ചിതു പാപശീലാ.

൧൦൮

തൽക്ഷണേന നിജമാതൃദത്തമഴകോടു
വല്ക്കലയുഗം മുദാ
ലക്ഷ്മണാഗ്രജനുദഗ്രസത്വനിധി ചാർത്തി-
നോരു സമയാന്തരേ
ഒക്കെ നീളെ മുറകൊണ്ടയോദ്ധ്യമുഴുവൻ മു-
ഴങ്ങിയിതു വാക്കുകൊ-
*ണ്ടക്കഥാമപി പുകഴ്ത്തുമാദികവയേ ന-
മോഽസ്തു കഠിനാത്മനേ.

൧൦൯

ഗാഢോരഃസ്ഥലതാഡനത്രുടിതസൂത്രൈ-
ർഹാരാവലീമൌക്തികൈഃ
സന്ദിഗ്ദ്ധീകൃതബാഷ്പബിന്ദു രുദിതം
പൌരാംഗനാഭിസ്തഥാ
ആമൂലശ്ലഥപക്ഷതിസ്ഥിതനത-
ഗ്രീവാഗ്രതുണ്ഡം യഥാ
വീഥീപഞ്ജരവർത്തിതച്ഛുകകുലൈ-
രവ്യുല്ബമുൽക്രുജിതം.

൧൧൦

ദുഃഖം പൊറാഞ്ഞഥ വസിഷ്ഠമുനീന്ദ്രനപ്പോൾ
തൃക്കണ്ണടച്ചിതുടനശ്രുതധാരീപരീതം
അക്കോപ്പുതാൻ മഹിതരാമശശാങ്കതത്വ-
മുൾക്കൊണ്ടു കാണ്മതിനു കാരണമായ്ചമഞ്ഞു.

൧൧൧

പീതാംബരം ബത! വെടിഞ്ഞവനെന്തുഭേദം
വാർതോഞ്ഞപട്ടുതുകിൽപോലൊരു വല്ക്കലംപോൽ
മീതേ നിശാചരകുലക്ഷയമെന്നുവേണ്ടാ
സീതാപതേശ്ചരിതമൊക്കെയുമങ്ങു തോന്നീ.

* "താളശാഖിധാമപി കഥാം കഥയൻ സ്വഭാവാ
വല്മീകജന്മമുനിരസ്തു കഠോരചേതാഃ." (ഭോജചമ്പു).

ഗദ്യം ൭.

ഹരഹര ശിവശിവ ലക്ഷ്മണസഹിത-
സ്തൽക്ഷണമഴകൊടു രാമശശാങ്കൻ
കാനനയാത്രമതിന്നുദ്യശായാം
പരമപതിവ്രത ജനകതനൂജാ
വേണുന്നവരൊടു യാത്രപറഞ്ഞു.

൫൫൨

"തുഭ്യം സ്വസ്തി വിലാസവാപി! ഭവതു
*പ്രേംഖേ! പുനർദർശനം
†ക്രീഡാക്രീഡ! വിമുച്യസേദ്യ കഥിതം
ഹേ കേളിദോളേ! തവ
വാസാഗാര! നമോസ്തു തേ ഗുണനികാ-
സ്സ്വാസ്സുഖം സ്ഥീയതാ-
മേഷാ വഃ പരിചാരികാ വനഭുവം
രാമാനുഗാ ഗച്ഛതി.

൫൫൬

സ്മർത്തവ്യാ സുചിരം ചകോരദയിതേ! ഹേ
ഹംസി! തുഭ്യം നമോ
ദ്രഷ്ടവ്യസ്ത്വം ശുചികണ്ഠ! സംഹര ശിരോ
ഗച്ഛാമ്യഹം ശാരികേ!
ഹേ ലീലാശുക! വിസ്മരിഷ്യസി ന മാ"-
മേകൈകമത്യാദരാ-
ദിത്യാമന്ത്ര്യ തയാ വിലാസവയസോ
വിശേഷ ജനാ രോദിതാഃ.

ഗദ്യം ൩.

തതസ്സ രാമഃ കമനീയവല്ക്കലഃ കരസരസിജകലിതമഹിത-
കാർമ്മുകഃ കൌണപകുലജീവനഗ്രസനകൃതമുഖനിശിതസായക-

* "ദോളാ പ്രേംഖഃ പുമാൻ പ്രേംഖാ." (എന്നു രത്നാകരം).

† "പുമാനാക്രീഡ ഉദ്യാനം രാജ്ഞഃ സാധാരണം വനം."
(എന്നു അമരം).

സമ്പൂൎണ്ണതൂണീരഭാസുരശ്ചന്ദ്രികയേവ ചന്ദ്രമാഃ ജനകസുതയാനു-
ഗമ്യമാനസ്തദൈവ സാകേതതോ നിരഗാൽ.

൭൪

"അരുണദലനളിന്യാസ്സ്നിഗ്ദ്ധപാദാരവിന്ദാ
    ത്വയി കഠിനതമായാം യാത്യകസ്മാത് സ്ഖലന്തീ
അവനി! തവ സുതേയം പാദവിന്യാസദേശേ
    ത്യജ നിജകഠിനത്വം ജാനകീ യാത്യരണ്യം."

൭൫

* സദ്യഃ പുരീപരിസരേണ ശിരീഷമൃദ്വീ
    സീതാ ജവാൽ ത്രിചതുരാണി പദാനി ഗത്വാ
ഗന്തവ്യമദ്യ കിയദിത്യസകൃദ് ബ്രുവാണാ
    രാമാശ്രുണഃ കൃതവതീ പ്രഥമാവതാരം.

ഗദ്യം ൧.

അവിതൎക്കിതോപനതമഹാവിപദ്ഭയസംപ്ലവമാനധൈൎയ്യാ-
സ്സവ്‌ ഏവ പ്രകൃതിപൌരജാനപദാഃ പ്രലാപമുഖരൈരമ്മുഖൈ-
സ്തമേവ യാന്തമനുയാന്തിസ്മ.

൭൬

അന്നേരമന്നിഖിലപൌരജനാഭിമൎദ്ദാ-
    ന്മന്ദീകൃതേ രഥരയേ മനുവംശഭൂഷാ
അന്തൎഹിതേ ദിനമണൌ തമസാ ദിഗന്തേ-
    ഷ്വന്ധീകൃതേ സരഭസം തമസാം പ്രപേദേ.

ഗദ്യം ൨.

കാണുന്നവരെക്കരയിപ്പിച്ചും
നാണംകൊണ്ടുടനവനതവദനാ
മന്ദം മന്ദം തത്സവിധേ ചെ-
ന്നുൽസുകഹൃദയാ നിന്നിതകാണ്ഡേ.

* "ഇന്നെത്രദൂരം നടക്കേണമയ്യോ!
എന്നങ്ങു ഭൂയോഽപി ഭൂയോഽപി ചൊല്ലും
വാമാക്ഷി സീതാ ജനിപ്പിച്ചു കണ്ണീർ
പ്രാഥമ്യമായങ്ങു ശ്രീരാമ രാമാ."
(ഇരുപത്തിനാലുവൃത്തം).

തദനു മഹാത്മാ മനുകുലപെരുമാൾ
സീതാം മെല്ലെ നടത്തിക്കൊണ്ടു നി-
രസ്തവിഷാദം പോകുംനേരം
നിഖിലജനോല്ക്കരമഹമഹമികയാ
ചെന്നും തൊഴുതും ചൂഴനിറഞ്ഞ-
മ്മണിരഥമിളകീടാഞ്ഞതുമൂലം
അസ്തമയാദ്രൌ ദിനകരദേവൻ
ചെല്ലുംനേരം തമസാതീരം
മനുകുലനാഥനുമൊപ്പംചെന്നു
തത്ര വസിച്ചുടനവിരതരോദന-
വേദനയാ പരമാലസ്യംപൂ-
ണ്ടഖിലജനങ്ങളുറങ്ങുന്നേരം
നിഭൃതരസേന സുമന്ത്രരുമന്നവർ
മൂവരുമായന്നിശയിൽ വിശങ്കം
വേദശ്രുതിയും ഗോമതിയും നി-
ഷ്യന്ദിനിയെന്നീ പുഴകൾ കടന്നി-
ട്ടവരവരോടേ വഴിചോദിച്ചു.

൧൧൭

“അയം പന്ഥാഃ കാശീമഭിപതതി സോ/യം ച മിഥിലാം
പ്രയാഗം മാർഗ്ഗോ/യം വ്രജതി മധുരാം സോ/യമപരഃ
അയം ഗംഗാപാതം നരവര! ബദര്യാശ്രമമയം
പുരഃ പൃഷ്ടൈരിത്ഥം പഥി പഥികവൃന്ദൈരകഥി സഃ.”

൧൧൮

പുരോഭ്രഃ ശാലേയീകളമപരിപാകോൽസുകശുകീ
തതഃ ഫുല്ലാംഭോജാ തിലകയതി വോ വർത്മ സരസീ
തദഗ്രേ സീമാന്തോ ഹലദലിതമുസ്താസുരഭയ-
സ്തതോ ദൂരേ ദാവ്യാ നയനവിഷയം യാസ്യതി സരിൽ.

ഗദ്യം ൩.

മന്ദം മന്ദം മൂവരുമായി
ഗംഗാതീരേ ചെന്നൊരുനേരം
വാർത്തയറിഞ്ഞു നിഷാദസ്വാമീ

ഗുഹനും ചെന്നു വണങ്ങി വിനീത്വാ
സംഭാവനകളൊരോന്നേ ചെയ്തു
സമ്മോദാൎത്ഥം പ്രതിഗൃഹ്യാസൌ
പങ്കജവസതി വസിക്കുംപോലെ
നാലുപുറത്തും ശാഖാമുഖവും
ചാരു ധരിക്കുമൊരിംഗുദിമൂലേ
ലക്ഷ്മണകല്പിതകിസലയതല്പേ
രാത്രിം നീത്വാ പുനരന്യേദ്യു-
സ്സഹജസമേതോ ജടയും ധൃത്വാ
മുക്ത്വാ മന്ത്രിണമനുനയപൂൎവ്വം
നിൎജ്ജരതടിനീം ഝടിതി കടന്നു.

൭൯

അഥശേഷം ഖേദാൎത്ത്യാ പരിജനമുറങ്ങുന്ന സമയേ
നിശീഥേ വഞ്ചിച്ചമ്മണിരഥമുപാരുഹ്യ തരസാ
പ്രശാന്താത്മാ രാമഃ സരണിമതിലംഘിച്ചു വിപുലാം
നിഷാദസ്വാമിം കണ്ടെത്തി സപത്യാമതിശയാം.

൮൦

തീൎത്ത്വാ ഭൂതേശമൌലിസ്രജമമരധുനീ-
മാത്മനാസൌ തൃതീയ-
സ്തസ്മൈ സൌമിത്രമൈത്രീമയമുപകൃതവാ-
നാതരം നാവികായ
* വ്യാമഗ്രാഹ്യസ്തനീഭിശ്ശബരയുവതിഭിഃ
കൌതുകോദഞ്ചദക്ഷം
കൃച്ഛ്രാദന്വീയമാനഃ ക്ഷണമചലമഥോ
ചിത്രകൂടം പ്രതസ്ഥേ.

* "വ്യാമോ ബാഹ്വോസ്സകരയോ-
സ്തതയോസ്തിൎയ്യഗന്തരം." (എന്നു് അമരം).

൧൨൧

ചേണേലും തൽപ്രവാളാംശുകമതിശിഥിലം
താങ്ങിയും കൊണ്ടു പീന-
ശ്രോണീഭാരാ ദരാകമ്പിതകുചവിലും-
ന്മഞ്ജുഗുഞ്ജാകലാപാഃ
സാനന്ദം വന്നോരോരോ ശബരതരുണിമാർ
കൂട്ടമിട്ടാസ്വദിച്ചാ-
രേനം ത്രൈലോക്യചന്ദ്രം കുതുകവിലസിതേ
കണ്ണിൽവെച്ചോട്ടുനേരം.

൧൨൨

"മസൃണചരണപാതം ഗമ്യതാം ഭൂസ്സദർഭാ
വിരചയ സിചയാന്തം മൂർദ്ധ്നി ഘർമ്മഃ കഠോരഃ"
ഇതി ജനകതനൂജാ ലോചനൈരശ്രുഗർഭൈഃ
പഥി പഥികവധൂഭിഃ പ്രേക്ഷിതാ ശിക്ഷിതാ ച.

൧൨൩

പഥി പഥികവധൂഭിസ്സാദരം പൃച്ഛ്യമാനാ
"കുവലയദളനീലഃ കോഽയമാര്യേ! തവേ"തി
സ്മിതവികസിതഗണ്ഡം പ്രേമഗർഭാഭിരാമം
മുഖമവനമയന്തീ സ്പഷ്ടമാചഷ്ട കാന്തം.

൧൨൪

തെളിവിനൊടു ഭരദ്വാജാശ്രമം പ്രാപ്യ തസ്മിൻ
പലപല മുനിവര്യാൻ കണ്ടു നത്വാ പ്രസാദാൽ
അലഘുവിപുലസത്വസ്തോമഭീമം ഗിരീന്ദ്രം
ചലിതശബലകൂടം ചിത്രകൂടം ഗതാസ്തേ.

൧൨൫

അനുജരചിതപർണ്ണാഗാരഹൃദ്യാസു മാദ്യൽ-
പരഭൃതഗളചഞ്ചൽപഞ്ചമൈരഞ്ചിതാസു
ജനകദുഹിതൃയോഗാജ്ജാതസാകേതസൌഖ്യ-
ശ്ചിരമരമത രാമശ്ചിത്രകൂടസ്ഥലീഷു.

ഫവന്ന

ഉത്ഥായ സംഭ്രമവശസ്ഖലിതോത്തരീയാ
കൃതപാ ധനന്നിച്ചുളകേ മൃഗയാനിവൃത്തൌ
സീതാഞ്ചലേന *തരളേന സമന്നമന്തി
രാമാനനാദ് ഭരിതവർത്മരജോ മമാജ്ജ.

ഫവ൭

ധരണിതലനിഷണ്ണം കമ്മവിശ്രാന്തിഹേതോ-
വ്വ്യജതി ജനകപുത്രീ വാസസഃ പല്ലവേന
അഗണിതനിജഖേദഃ പാദസംവാഹനാദിഃ
പരിചരതി ച ഹൃദ്യം ലക്ഷ്മണോ രാമഭദ്രം.

ഫവവ്യ

ഇത്ഥം ത്രൈലോക്യഭൂഷാമണി രഘുപെരുമാൾ
മൈഥിലീലക്ഷ്മണാഭ്യാ-
മത്യാനന്ദേന ചേന്നെത്രയുമമിതസുഖേ
ചിത്രകൂടാചലേന്ദ്രേ
തത്രത്യാനാം മുനീനാം ഭയമുടനഖിലം
പോക്കി വാഴ്ക്കും പ്രമോദം
ചിത്തേ കൈക്കൊണ്ടിരുന്നു പലദിനമവനീ-
പദ്മിനീതിഗ്മധാമാ.

വിച്ഛിന്നാഭിഷേകം നാമാപ്തം.

---

## ആരണ്യകാണ്ഡം.

### ഖരവധം.

ഫ

പൃഥ്വീദേവേന്ദ്രപൂർണ്ണേ വരസദസി ഭവാ-
നോട്ടു ചേന്നോരുനേരം
ഭദ്രോക്തിപ്രൌഢിയല്ലേൻ പ്രിയസഖ! സഹസാ
മോദഭാരം വളർന്നു

---

* "തരളം ചഞ്ചലേ ഷിൽഗ ഭാസ്വരേഽപി ത്രിലിങ്ഗകം
ഹാരമദ്ധ്യമണൌ പുംസി യവാഗൂസുരയോഃ സ്ത്രിയാം." (എന്നു വിശ്വം).

ഹത്വാ ഘോരാൻ ഖരാദീൻ മണമെഴുമുടജാ-
ഭ്യന്തരേ മൈഥിലീം ത-
ന്നന്തസ്സംഗേ ചേൎത്തു മേവുംപൊഴുതു മനുകുലേ-
ന്ദ്രന്നു പണ്ടെന്നപോലേ.

൨

ശ്രീകോലം ചിത്രകൂടാചലഭുവി സുഖമേ
ജാനകീലക്ഷ്മണാഭ്യാ-
മേകാന്തേ വാണിരിക്കുംപൊഴുതു രഘുവരേ
ബാണകോദണ്ഡപാണൌ
സാകേതാൽപ്പോന്നുവന്നു ഭരതനതിശുചാ
ദീനവക്ത്രാംബുജന്മാ
സാകം പൌരൈരമാത്യൈരണിമിഴിയുഗളേ
വായ്പെഴും ബാഷ്പശാലീ.

൩

അഥാവാസം ശാന്തേരകൃതസുകൃതാനാമസുലഭം
നവാംഭോദശ്യാമം നളിനനയനം വല്ക്കലധരം
ജടാജൂഡാപീഡം ഭുജഗപതിഭോഗോപമഭുജം
ദദൎശ ശ്രീമന്തം വിപിനഭുവി സീതാസഹചരം.

൪

കാൺന്നേരത്തുതന്നേ ഝടിതി പദതലേ
വീണു ചൊന്നാനിവണ്ണം
"ഞാനെന്നാൎയ്യാ! ധരിച്ചീലടവിതു ജനനീ
മാമകീ പാപശീലാ
ക്ഷീണപ്രായംചമഞ്ഞൂ രഘുകുലമധുനാ
താതനും വാനിലായീ
കാണയ്യോ! കൎമ്മദോഷം കുലപുരി മഹതീ
ഹന്ത ശൂന്യാപ്യയോദ്ധ്യാ.

൫

എന്നാൎയ്യ! കേൾ ജനനിചെയ്തൊരു ദുഷ്ടവൃത്യാ
നിൻദാസനാമടിയനോടരുതേ വിരോധം
ഖിന്നാൻ ഭരിപ്പതിനു ഞങ്ങളെ വീതനാഥാ-
നെന്നാലയോദ്ധ്യയിലെഴുന്നരുളേണമിന്നേ."

൬

ആകർണ്യ താതമരണം ഭരതസ്യ വാചാ
ശോകാഭിതപ്തഹൃദയോ മഹനീയധാമാ
ആകല്പകം മനുജവാമഖിലം തദാനീം
ഭാഗൌൎദ്ധ്വദേഹികവിധിം പിതുരാതതാന.

൭

സമ്മാനിച്ചങ്ങു ഭൂയോ ഭരതമഥ മിഥോ
വാചമൂചേ രഘൂണാ-
മഗ്ര്യാനോത്തംസമാലാ ശ്രമതി മതി മനസി
ഭ്രാതരാതങ്കപൂരം
സംപ്രീത്യാ ഗച്ഛ വേഗാൽ പ്രജകളുമധുനാ
ഹന്ത സീദന്ത്യനാഥാ
നിൎമ്മായം നീ ഭരിച്ചീടയി മമ വചസാ
രാജ്യഭാരം ഗഭീരം.”

൮

ഇതി സരസവചോഭിഃ സാന്ത്വയൻ പേൎത്തുപേൎത്തും
മൃദുഹസിതസുധാദ്രൈരാൎത്തിതീൎത്തമ്മഹാത്മാ
മെതിയടി മഹനീയം നല്കി നേരേ സപൌരം
കഥമപി ഭരതം തം പ്രേഷയാമാസ രാജ്യേ.

൯

രാമസ്തത്രാസന്നദേശത്വാദ്
ഭരതാഗമനം പുനഃ
ആശംക്യോൽസുകസാരംഗാം
ചിത്രകൂടസ്ഥലീം ജഹൌ.

൧൦

പോകുന്നേരത്തകാണ്ഡേ ഝടിതി വഴിതട-
ത്തോരു ഘോരം വിരാധം
വ്യാഹത്യാമിത്രഘാതീ രഘുപതി ശരഭം-
ഗാശ്രമം പ്രാപ്യ ധീമാൻ

മാഹാത്മ്യോദഞ്ചിതം തദ്ഗ്രഹനപതനമാ-
ലോക്യ ചിത്രീയമാണഃ
സാകം സീതാനുജാഭ്യാം ത്രിഭുവനതിലകഃ
സംപ്രതസ്ഥേ തദാനീം.

൧൧

വല്ഗത്യഗ്രേ തരുണഹരിണഃ ശാഡ്വലിന്യത്രഭ്രമി-
ശ്ചഞ്ചൽപിഞ്ഛോ നടതി പുരതഃ സ്നിഗ്ദ്ധകേകശ്ശിഖണ്ഡീ
വ്യാജാദിത്ഥം കിമപി വിപിനേ ദർശയൻ വസ്തു ദേവ്യൈ
ദേവോ രാമഃ കളഭഗമനാം മന്ദമന്ദം നിനായ.

൧൨

ജരദജഗരഗ്രാസത്രാസപ്രണഷ്ടമൃഗാംഗനം
ഹരിനഖമുഖന്യാസായസ്തദ്വിപോജ്ജിതഫീംകൃതം
ശബരവനിതോത്ഖാതൈഃ കന്ദൈരസ്പുടസ്ഥപുടാന്തരം
സപദി സരിതാംബന്ധും വിന്ധ്യം ഗതാസ്ത ഇമേ ഗിരിം.

ഗദ്യം ൧.

അഗസ്ത്യപ്രവചനസംഹൃതബ്രഹ്മാണ്ഡഷണ്ഡശതശിഖര-സഹസ്രഃ കന്ദരാന്തരലതാഗൃഹസുഖപ്രസുപ്തവിദ്യാധരമിഥുനഗീ-താകർണ്ണനസുഖിതചമരീഗണമാരണോൽസുകിതശബരസംബാധ കച്ഛതടഃ കരികരാകൃഷ്ടിഭഗ്നസ്യന്ദമാനഹരിചന്ദനാമോദവാ-ഹിഗന്ധവാഹശിശിരിതശിലാതലഃ ദൂരപതനഭഗ്നതാലഫലരസാ-ർദ്രകരതലാസ്വാദനോൽസുകശാഖാമൃഗകദംബകഃ പ്രലംബമാന-നിർഝരോപവിഷ്ടജീവഞ്ജീവകമിഥുനലിഹ്യമാനവിവിധഫലര-സാമോദസുരഭിതപരിസരഃ സരഭസകേസരിസഹസ്രഖരനഖരധാ-രാവിദാരിതമത്തമാതംഗകുംഭസ്ഥലവിഗളിതമുക്താഫലശബളിത ശിഖരതയാ ശിരോലഗ്നം താരാഗണമിവോദ്വഹൻ, പക്ഷ്മപതി-രിവ നാഗനിശാനസമുൽക്ഷിപ്തഭ്രതിഃ, ജനാർദ്ദന ഇവ വിചിത്ര-വനമാലഃ, സഹസ്രകിരണ ഇവ സപ്തപത്രസ്യന്ദനോപേതഃ, വിരൂപാക്ഷ ഇവ സന്നിഹിതഗുഹഃ ശിവാനുഗതശ്ച, കാമീവ കാ-ന്താരോഷരസാനുഗതഃ സമദനശ്ച, ശ്രീപർവ്വത ഇവ സന്നിഹിത-മല്ലികാർജ്ജുനഃ, നരവാഹനമത്ത ഇവ പ്രിയംഗുശ്യാമാസനാഥഃ,

ശിശുരിവ കൃതധാത്രീധൃതിഃ, വാസരാരംഭ ഇവ അരുണപത്രപ്രഭാപാടലിതവനരാജിഃ, കൃഷ്ണപക്ഷ ഇവ ബഹുലതാഗഹനഃ, കർണ്ണ ഇവ അനുഭൃതശതകോടിദാനഃ, ഭീഷ്മ ഇവ ശിഖണ്ഡിമുക്തൈകതരക്ഷചന്ദ്രൈരാവൃതഃ, കാമസൂത്രവിന്യാസ ഇവ മല്ലനാഗഘടിതകാന്താരസാമോദഃ, ഹിരണ്യകശിപുരിവ ശംബരകുലാശ്രയഃ, ഗൈരികരാഗവ്യാജാദുപരി രവിരഥമാർഗ്ഗമാർഗ്ഗണാർത്ഥമിവ അരുണേന ഉപാസ്യമാനഃ, ശിഖരഗതസൂര്യാചന്ദ്രമസ്തയാ വിസ്താരിതവിലോചനോഽഗസ്ത്യമാർഗ്ഗമിവോദ്വീക്ഷമാണഃ, സ്രസ്താളാനഗജ ഇവ ജരദജഗരഭോഗൈഃ, പിണ്ഡാലക്തകാങ്കിതപദപങ്ക്തിസൂചിതസഞ്ചരിതശചീപതിവാരവിലാസിനീസങ്കേതകേതകീമണ്ഡപഃ, അകുലീനോഽപി സദ്വംശഭൂഷിതഃ, ദർശിതാഭയോഽപി മൃത്യുഫലദായീ, സപ്രസ്ഥോഽപ്യപരിമാണഃ, സപദോഽപി നിശ്ശബ്ദഃ, ഭീമോഽപി കീചകസുഹൃത് വിന്ധ്യോ നാമ മഹാഗിരിരദൃശ്യത.

൫൩

വിന്ധ്യാദ്ധ്വാനോ വിരളസലിലാ-
സ്തൃഷ്ണിണീ തത്ര സീതാ
യാവന്മൂർച്ഛാം കലയതി കില
വ്യാകുലേ രാമഭദ്രേ
ദ്രാക് സൌമിത്രിഃ പുടകകലശീം
മാല്യധാനീദലാനാം
താവൽ പ്രാപ്തോ ദധദധിഭൃതാം വാരിണാ
നൈർഝരേണ.

൫൪

ശ്രീരാമൻ വില്ലുമമ്പും കരതളിരിലെടു-
ത്തഗ്രതോ ലക്ഷ്മണോഽപി
സ്വൈരം പിൻപേ നടത്തിത്തെളിവൊടു നടുവേ
ജാനകീം ജാതഖേദാം
ഘോരാണാം കൌണപാനാം കൊടിയ കുടിനിലം
ദണ്ഡകാരണ്യമാപ-
ദ്വാരം പ്രാപ പ്രശാന്തൈരൃഷിഭിരുപചിതം
ബ്രഹ്മഘോഷാഭിപൂർണ്ണം.

## ഗദ്യം ൨.

ശിവശിവ! ദണ്ഡകവനമാഹാത്മ്യം
പറകിൽ വിചിത്രം ചിത്രമോരോന്നേ
തിങ്ങിനിറഞ്ഞതി തുംഗതചേൎന്ന ത-
ളിൎത്തതണൽക്കുളുൎമയ്ക്കു കൊഴുപ്പുവ-
ളൎത്ത തരുപ്രകരങ്ങളിലങ്ങോ-
ടിങ്ങോടാലോലാകൃതിമെല്ല-
പ്പററിന നവനവവല്ലിമതല്ലി-
ക്കൊടികളിലുടനുടനവികലമിടകല-
രപ്പോന്നഴകിൽ വിരിഞ്ഞമലക്കുല-
ത്തോറുമൊരുൾക്കതുകാൎദ്രം മതുതെളി-
പെരികിന മധുകരഝംകാരധ്വനി
പരമാഹ്ലാദം കുഹചനഭാഗേ.

തല്പരിപക്വഫലോത്കരഭക്ഷണ-
കേളിതുടൎത്തുമൊരോവിധപക്ഷികു-
ലങ്ങൾ പരസ്പരമക്ഷതപക്ഷപു
ടങ്ങളടിച്ചുചടാചടഘോഷം
കേട്ടീടുന്നു കുഹചനഭാഗേ.

വിമലതപോബലമഹിമ പുലമ്പി നി-
ലിമ്പജനത്തോടൊരൻപു തുടൎന്നു പ-
ടൎന്നൊരു തേജഃപ്രകരമണിഞ്ഞുവ-
ളൎന്നജടാപടലങ്ങൾ ധരിച്ചു ന-
രച്ചൊരു ചിന്മാത്രകലാനിൎമ്മാ-
യാമൃതവാപിയിൽവീണു കളിക്കുമ-
കക്കളു പൂണ്ട പുരാണമുനീശ്വര-
മണ്ഡലികൊണ്ടുമനുഗ്രഹകൃത്യവ-
ശാലിളയിൽ പുകിലെങ്ങുംപെററൊരു
കൎമ്മണി നിൎമ്മലപടുത കലൎന്നൊരു
ശാസ്ത്രാഭ്യാസം പേൎത്തും പേൎത്തും
മുഹുരപി ശിഷ്യജനത്തിനു കൃപയാ
ശിക്ഷിച്ചുപദേശിച്ചും ചിലർ വേ-
ദാൎത്ഥവിചാരംചെയ്തും ചിലർ പദ-

മോദത്തോടധികകുതൂഹലമോടും
"വേദാന്തം വശമാക്കേണം ദൃഢ-
മുപനിഷദൎത്ഥം കാണരുതത്രെ.
ശാസ്ത്രമനസ്സിഹ വേറൊന്നോതാ-
നോക്കുംതോറും മുട്ടിപ്പോകും
വ്യാകരണം കേൾ വക്കാണിച്ചെ-
നച്ഛനൊടത്രെ താനുമതല്ലാ-
*മഗ്ന്യാത്രത്തിനു കാലംവൈകീ-
മിക്കുറുംബത സൂൎയ്യനുദിച്ചൂ
ദൎഭക്കോണിനുമില്ലിതിനഗ്രം
തപ്പിച്ചെന്നു വരാഞ്ഞൂപുത്രൻ
പുഷ്പത്തിന്നാർ പോയതിനിക്കോ
ജല്പ്പിപ്പാനരുതാരൊടുമൊട്ടും
പത്നികുളിച്ചു വരാഞ്ഞിഹ വൈകീ-
തഗ്നിതുറന്നീലിന്ധനമെങ്ങു
ഭോജ്യവ്യഞ്ജനമതുവച്ചേച്ചു-
ങ്ങാജ്യഘടം നീ കൊണ്ടാ കന്യേ!
പുല്ലിനു പോയീലാരും നാളേ-
ക്കില്ലിന്നൊക്കൊരുവണ്ണംപോരും.
ഖണ്ഡനമിന്നുരുവീട്ടീലല്ലീ
ദണ്ഡമെടോ തവ മകനേ! ശീലം.
ദണ്ഡാടിയോളമടിപ്പാൻ തോന്നും
പിണ്ഡമിതൊന്നിനുമാകാ നൂനം."
വിവിധമിവണ്ണമൊരോന്നുപറഞ്ഞും
നിജഗൃഹതന്ത്രധുരീണതപൂണ്ടുമ-
നേകവിലാസമിണങ്ങിവിളങ്ങിനൊ-
രാശ്രമവീഥികൾ കുഹചനഭാഗേ.

വില്ലുമെടുത്തുകുലച്ചു വിരൽച്ചര-
ടിട്ടുമടിച്ചു ചിരിച്ചൊരു ശരവുമെ-
ടുത്തു കടുത്തില വളൎത്തടി മഴുവും
വാളും കുന്തവുമേന്തി വിളിച്ചു വി-
ളിച്ചു തുടക്കുവലിച്ചു പതിച്ചു ക-
ടിച്ചു ജയിച്ചു മിടുക്കുതൊടുത്തൊരു

* അഗ്നിഹോത്രം.

നായ്ക്കൂട്ടങ്ങളുമൊക്കെനിരക്കെ വ-
ലക്കോലും ചില കെട്ടും കിടയുമെ-
ട്ടക്കരുതാതൊളമേററിയുമേററമൊ-
രോദിശി തക്കംനോക്കിത്തന്നു;മി-
തെല്ലോ മാൻചുവടിപ്പോൾത്തന്നേ
പോയീ മാഞ്ഞീലിന്നും കാണും
ചെറുമകൾ തൻെറ കുതിക്കു തൊഴേണം.
നാൽനാളേയ്ക്കിതു പോരുമൊരോന്നിലി-
റച്ചിനിറച്ചതു നിശ്ചയമഞ്ചാ-
റല്ലിതു മുപ്പതുപന്നിക്കമ്മെർ ന-
ടന്നാരിതിലേ കണ്ടാലും പണി-
കൊണ്ടാവില്ലൊരു സിംഹവരൻ പെരു-
മാറിപ്പോയൊരുപാടുണ്ടിവിടെ-
ക്കല്ലിന്നിടയിലിരിപ്പാൻപോരും
മുത്തിൻകുരുവിതു പലവു കിടന്നു.
ന്നുനമൊരാന പെട്ടതാനത്രേ.
കുന്തമെടുപ്പിനടുപ്പിനയയ്ക്കരു-
താരുമെടുപ്പിനെടാ! വലയകലെ-
ക്കെട്ടുവിനൊട്ടു പുറത്തേ നില്പിൻ
ചെല്ലുവിനങ്ങകമേ ചിലർ വേഗം
കാട്ടിലുയൎന്ന മരത്തിൽക്കയറി-
ക്കൊച്ചിൻ കാച്ചിൻ പന്നിക്കൂട്ടം
ചീററിക്കേട്ടിതു വാവാ കുന്തം
കൊണ്ടാ കൊണ്ടാ കുത്തുവിനച്ചോ!
നായ്ക്കളയപ്പിൻ പിടിപിടിക്കൂട്ടുവി-
നെന്നും പലവഴി കൂട്ടുവിനെന്നും"
പലവഴിനായാട്ടുകളിക്കിളകിന
ശബരപരമ്പര കുഹചനഭാഗേ.

പാരിച്ചോ ചില പാറക്കോലും
മുററിമുറങ്ങളുമുറെറാരുവട്ടിയു-
മൊട്ടുമറച്ചു ചൊരിച്ചുടയും നവ
ചങ്കുകൾകൊണ്ടൊരുകങ്കണവും ചില
കുന്നിപതിച്ചൊരു കുണ്ഡലവും പല

കുന്നിക്കുരുനിര കോൎത്തുപിണച്ചൊരു
മാലകളും പുകിൽപെററു കനത്തുര-
മിട്ടു വളൎന്ന മുലക്കലശങ്ങളെ-
ടുക്കരുതാഞ്ഞു തളൎന്നുതളൎന്നണി-
മെയ്യിട കുലയ നടന്നുനടന്നൊരു-
ചാവൽകുത്തിക്കാല്യപിളൎന്നു ക-
രഞ്ഞാപിള്ളകളും ചിലച്ചുള്ളി-
ക്കെട്ടും ചൊള്ളി രവേണ പറഞ്ഞുഴ-
ലുന്ന പുളിന്ദവധൂജനവൃന്ദവി-
ലാസവിശേഷം ക്വചനഭാഗേ.
ക്വചന കുതറിന വനമഹിഷൌഘം
ക്വചന കരയും കുറുനരിനാദം
ക്വചന പരഭൃതകളകളനാദം
ക്വചന കേകികൾകേകാനാദം
ക്വചന വിഷമഭുജംഗമജാലം
ക്വചന ഋക്ഷം രാക്ഷസസംഘം
ക്വചന പന്നഗയോഷാഗാനം
ക്വചന കിന്നരമിഥുനവിലാസം
ക്വചനഭാഗേ വെള്ളിക്കുരുകകൾ
മറെറാരുഭാഗേ പുള്ളിക്കോഴികൾ
മറെറാരുഭാഗേ പൊന്മാൻകൂട്ടം
മറെറാരുഭാഗേ പൊന്മയിലാട്ടം
മറെറാരുഭാഗേ നീലചകോരം
മറെറാരുഭാഗേ പവിഴപ്പൊൻകിളി
മറെറാരുഭാഗേ കനകതടാകം
മറെറാരുഭാഗേ ഗന്ധൎവ്വന്മാർ
മറെറാരുഭാഗേ കിംപുരുഷന്മാർ
ക്വചന വിരഹം ക്വചന ഭരതം
ക്വചന സുരതം ക്വചന ഗണിതം
ക്വചന മണിതം ക്വചന ഖേദം
ക്വചന വാദം ക്വചന ഭേദം
ക്വചന ഗീതം ക്വചന യാഗം
ക്വചന മന്ത്രം ക്വചന ശാസ്ത്രം

കുഹചിൽ സ്തോത്രം കുഹചിൽ പ്രണവം
കുഹചിൽ പ്രണയം ചൊല്ലിക്കൂടാ
ദണ്ഡകവിഭവമൊരോന്നേ തത്ര ച
മുഖ്യമുനീന്ദ്രാൻ കണ്ടും തൊഴുതും
ബഹുവിധമാശീർവ്വാദംകേട്ടും
സീതാലക്ഷ്മണസഹിതോ രാമന-
ഗസ്ത്യാശ്രമഭുവമാപ സ്വതേജാഃ

൧൭

ഭവ്യാത്മാ ഭസിതത്രിപുണ്ഡ്രവുമണി-
ഞ്ഞംഗുഷ്ഠമാത്രാം തനും
ദിവ്യാമാത്മവിഭൂതിചേർന്നു കലയൻ
മാഹാത്മ്യരമ്യോജ്ജ്വലാം
ദിവ്യം വീക്ഷണമൊന്നുപാസനകല-
ന്നുന്മീല്യ മുൻപേ ധരി-
ച്ചവ്യാജം ഭഗവാനഗസ്ത്യനെഴുന്നേററ-
ന്നേരമഭ്യായയൌ.

൧൮

അല്പാനാഭോഗമഗ്രേ സകുതുകമെതിരേ-
ററീടുവാനഭ്യുപേതം
നിർമ്മായം മൂവരുംചെന്നഴകിലഭിമുഖം
പ്രാപ്യ ഭക്ത്യാ തദാനീം
തന്മാഹാത്മ്യങ്ങളെല്ലാമകമലരിലണ-
ച്ചാത്യ പാദാരവിന്ദം
കുമ്പിട്ടൻപോടുനിന്നാർ പെരികെ വിനയമാ-
ന്നമ്മുനീന്ദ്രാഗ്രഭാഗേ.

൧൯

മഞ്ജുളസ്മിതസുധാർദ്രമഞ്ജുപ-
ത്തഞ്ജലീൻ വിരചയൻ വിനീതിമാൻ
സഞ്ജഗാദ മനുവംശമഞ്ജരീ-
ചഞ്ചരീകമൊരു വാക്യമിങ്ങനെ.

൧൮

"നിശ്ശേഷാണാം മുനീനാം മകുടഘടിതമാ-
ണിക്യദാമ്നേ മഹിമ്നാ
വിശ്വാധിക്യം കലൎന്നീടിന വിമലതപ-
സ്യാപരീപാകധാമ്നേ
അശ്രാന്തം വിന്ധ്യശൈലോച്ഛ്രയവിഹതികൃതേ
സപ്തപാഥോധിപാന-
സ്വച്ഛന്ദക്രീഡ! ഭക്ത്യാ കലശജ! കലയാ-
മോ നമസ്യാഞ്ജലിം തേ.

൧൯

ഹരത്യഘം സംപ്രതി ഹേതുരേഷ്യതഃ
ശുഭസ്യ പൂൎവ്വാചരിതൈഃ കൃതം ശുഭൈഃ
ശരീരഭാജാം ഭവദീയദൎശനം
വ്യനക്തി കാലത്രിതയേഽപി യോഗ്യതാം."

൨൦

ജാതപ്രാവീണ്യമേവം ഗദിതനതിരിദം
വിശ്വരക്ഷാനുഭാവ-
സ്വാതന്ത്ര്യപ്രൌഢിതേടും നയനമുനയിലേ-
ന്തീടുമാനന്ദപൂരം
മീതേ മീതേ ലസന്തം പ്രസൃമരമഹസാ
ഭക്തിനമ്രോത്തമാംഗം
മോദാലഗ്രേ ചിരം പാൎത്തമുമൃഷിപെരുമാൾ
വിസ്മിതോ വാചമൂചേ.

൨൧

"വൈദേഹീകണ്ഠസൂത്രം തടവിനസുകൃതോ-
ല്ലാസമേ! സൂൎയ്യവംശേ
ജാതാഭോഗം പിറന്നോരനുപമപരമാ-
നന്ദനിഷ്യന്ദമേ! നീ
മീതേ മീതേ തഴയ്ക്കും ഖലജനതിമിരം
വേരറുത്തിത്രിലോക്യാം
വാൎത്തിക്കും ക്ഷാത്രതേജോമഹിമനിലയമേ!
കേൾക്ക വാക്യം മദീയം.

൨൨

മിന്നീടും വരലക്ഷ്മീഭഗവതി വിളയാ-
ടീടുമിപ്പൂവലംഗം
ധന്യം ത്രൈലോക്യരക്ഷാവ്രതവിധികുശലം
വിശ്വലോകാഭിരാമം
അന്നന്നുദ്യൽപ്രമോദം മമ ഹൃദയദൃശാ
കണ്ടുകണ്ടാസ്വദിപ്പാൻ-
തന്നേയല്ലിന്നുവന്നു സുകൃതവിഭവമി-
ക്കാലമുൽക്കൂലകീൎത്തേ!

൨൩

വൈകുണ്ഠൻതൻകൃപാവാരിഭിരഴകിൽ നന-
ച്ചും തപോദോഹളശ്രീ-
പാകംകൊണ്ടും ത്രിലോക്യാം പടരുമൊരു ഭവ-
ദ്വിക്രമസ്വൎഗ്ഗശാഖീ
ആകല്പം പൂത്തകീൎത്തിപ്രസവപരിമളം
നീളെ മേളിച്ചു മോദാൽ
കായ്ക്കുന്നാവിശ്വരക്ഷാഫലമഖിലജനാ
നീളനാളാസ്വദന്താം.''

൨൪

ശ്രീപാതിവ്രത്യതേജോമയകലശപയോ-
രാശിമുന്മഥ്യ തസ്മി-
ന്നാഭോഗംപൂണ്ടുദിച്ചോരതിസുഭഗമഹാ-
ലക്ഷ്മിതാൻ തൽപ്രസംഗേ
ലോപാമുദ്രാ തദാനീം മുനികുലപെരുമാൾ-
തന്മഹാധൎമ്മപത്നീ
സൌഭാഗ്യാൽ കൈപിടിച്ചാശ്രമകുടിയിലക-
ത്തങ്ങു സീതാമനൈഷീൽ.

൨൫

ഭ്രാതരൌ തദനു രാമലക്ഷ്മണൌ
കൌതുകേന ശരചാപധാരിണൌ
ജാതമോദമനുജഗ്മതുസ്തദാ
ജാതവേദസമിവോജ്ജ്വലം മുനിം.

൨൬

തൌ രാഘവൌ മുനിസപര്യപരിഗ്രഹിച്ച-
ങ്ങോരോതരം തടവി നമ്മകഥാവിനോദം
സ്വൈരം വിശശ്രമതുരാശ്രമസീമ്നി തസ്യാം
വീരൌ വികത്തനകുലാഭരണായമാനൌ.

൨൭

സംപ്രാപ്തിപൂണ്ട രഘുപുംഗവനണ്ടപോലി-
ങ്ങൻപോടു വന്നിതിതുകേട്ടുപജാതമോദം
സംപൂൎണ്ണകൌതുകവശേന വരും മുനീന്ദ്രാൻ
കുമ്പിട്ടു തത്ര വിനയാംബുധി ചെന്നൊരുനാൾ.

൨൮

ചൊന്നാരപ്പോൾ മുനീനാം വിതതികൾ വിവിധം
മംഗലോക്തിപ്രകാരം
തന്നേതന്നേ നിറഞ്ഞീടെഴുമനുപമസ-
മ്മോദബാഷ്പാകുലാക്ഷ്യാഃ
„ധന്യാത്മൻ! നീ ചിരന്നാൾ മരുവുക സുജനാൻ-
കാത്തുകൊണ്ടിന്നുമേഷാ
തന്വീ സീതാപി കണ്ഠാഭരണകുശലിനീ
വത്തതാം മേതിൽ നീണാൾ.”

൨൯

സുമിത്രാപുത്ര! നീയും തീ-
ത്തമിത്രോപദ്രവോദയം
പവിത്രീകൃത്യ ശൌയ്യാഢ്യ!
ധരിത്രീം വാഴ്ക നീളെന്നാൾ.

൩൦

ചൊന്നാർ ഭൂയോ മുനീന്ദ്രാ „രഘുവൃഷഭ! ചെവി-
ത്തന്നു കേൾക്കേണമേ നീ
നിന്നോടിപ്പോൾ നടേ ചൊന്നൊരു തുയിരറിയി-
പ്പാൻ തുടങ്ങുന്നിതേവം
എന്നാലും നാമിരിക്കും വനമിതിവിടെ നാ-
ലഞ്ചുനാളിങ്ങിരിപ്പാൻ
നിന്നാണാ രാമഭദ്രാ! പറകിലസ്തമ-
ല്ലിന്നു നാലം ജനോഽയം.

൩൧

ലങ്കായാമുളനങ്ങു കോശ്പി ദശകണ്ഠാ-
ഖ്യോം നിശാചാരിണാം
സംഘം കാപ്പതവൻ തദീയസചിവ-
ന്മാരുണ്ടമുഷ്മിൻ വനേ
ശങ്കാവേശവശാൽ നമുക്കതറിയി-
പ്പാനുണ്ടു കമ്പം ഭവാ-
നങ്കേ നിന്നതുകൊണ്ടിതിത്ര പറയാ-
കുന്തു രഘൂണാംപതേ!

൩൨

ലജ്ജയാമിതു നിനക്കു കേൾക്കിലീ
യജ്ഞമില്ലിഹ നിണിച്ചൊരാശ്രമേ
അച്ഛനാണെ! കുളിയും ജപിക്കലും
വച്ചുപോയിതു ചിരായ മാദൃശാം.

൩൩

വേദിതോറുമിതു കാൺക ചോരയും
മേദസാം നിവഹവും നിണൌഘവും
ഏതുമില്ല കുറവന്തിയാകില-
ജ്ജാതിപോന്നവരുമില്ല സംശയം.

൩൪

പശ്ശ്യതൽ പാണിപാദം മമ തു മുദിതവാൻ
കൌണപഃ കോശ്പി കോപാൽ
കേനാപ്യുദ്ഘാതമക്ഷിദ്വയമിഹ ഹഹഹാ!
വക്രിതഃ കണ്ഠ ഏഷഃ
സന്താഡെഘോരഘോരൈരശ്മിപിടിതമധുനാ
കണ്ണയുഗ്മം വിലോകേ
സർവ്വാംഗേ നഷ്ടദംഗം കതരദിഹ വിഭോ!
യന്ന ഭഗ്നം ന ഭഗ്നം.

൩൫

മൂലമില്ല ചിലരേറ്റുപിടിച്ചവൻ
കാലനോട്ടു കളിയാട്ടിനാക്കിനാൻ
ബാല! കേൾ തദുപയുക്തശേഷമായ്
നാലർമൂവരുളർ ഞങ്ങളിങ്ങനെ."

൩൬

ഏവം മുനീന്ദ്രനിവഹങ്ങൾ പറഞ്ഞ വാചാ
ദേവന്നു തത്ര രഘുനാഥനുദഗ്രകോപാൽ
ഭാവംപകൎന്നിതു ചുവന്നിതു നേത്രകോൺ ചെ-
ററാവിൎമ്മദം വചനമിത്യുദഗാന്മുഖേന്ദോഃ.

൩൭

„നൂനം മിഥ്യാത്വമല്ലെൻ വചനമയി മുനീ-
ന്ദ്രാ! മതിന്നിന്നുതൊട്ടി-
ട്ടീനത്വം ചെററിയററീടരുതിഹ ഭവതാം
വിശ്വമംഗല്യഭാജാം
മാനിച്ചിന്നൊന്നുചൊന്നേൻ നിശിചരകുലമേ
കൊന്നൊടുക്കായ്കിലിഞ്ഞാൻ
ഞാനല്ലെന്നച്ഛനാണേ! മമ കുലചിലത-
ന്നാണെ ബാണങ്ങളാണേ."

൩൮

ഇതി പ്രതിജ്ഞാം സമുദീൎയ്യ രാമോ
വിസൃജ്യ സൎവ്വാനപി താപസേന്ദ്രാൻ
കൃതാഭ്യനുജ്ഞോ മുനിനാശ്രമാന്താ-
ത്തതഃ സസീതാസഹജഃ പ്രതസ്ഥേ

൩൯

അക്കാന്താരപ്രയാണേ നിജഗൃഹമു-
ദധിം പാനതഃ ശൂന്യതോയം
കൃത്വാ മൈനാകമാഗച്ഛതി കലശഭവം
കാണ്മതിന്നെന്നിവണ്ണം
പക്ഷിശ്രേഷ്ഠം ജടായും കരുതി രഘുവരൻ
ശങ്കിതേ സോऽപി പോയ്ചെ-
ന്നഗ്രേ „ത്വത്താതമിത്രം ഖഗകുലപതി ഞാ-
നെ"ന്നു സാനന്ദമൂചേ.

൪൦

ജ്ഞാത്വാദരംകണ്ടു ജടായുഷം തം
മോദേന പോകുന്നളവഗ്രഭാഗേ

ഗോദാവരീം പഞ്ചവടീം ച ദൃഷ്ട്വാ
സീതാപതിർലക്ഷ്മണമാബഭാഷേ.

൪൧

"വേതണ്ഡശ്രവണപ്രചണ്ഡപവന-
പ്രോദ്ധൂതരോധോലതാ-
ഭശ്യൽപുഷ്പകദംബപാംസുപടലീ-
ജംബാളിതാംബുപ്ലവാ
ജാഗർത്തി സ്ഫുടജൂർത്തിപാന്ഥപരിഷ-
ന്നിഷ്ടാപമൃഷ്ടിന്ധയ-
ച്ഛായാപാദപമേദുരാ നയനയോർ-
മോദായ ഗോദാവരീ.

൪൨

സൌമിത്രേ! കാൺ പ്രദേശം സമമിതു സുമതേ!
നിർമ്മലാസന്നതോയം
വാർമെത്തും പൂമരശ്രേണികളുമിടനിറ-
ഞ്ഞത്ര മേവുന്നിതല്ലോ
സാമഗ്ര്യപ്രൌഢി സർവ്വത്തിനുമിഹ മഹതീ
കേളിദാനീം വസിപ്പാൻ
തുമപ്പാടാണ്ടു തീർത്തീടണമിവിടെ നമു-
ക്കഞ്ജപലാം പർണ്ണശാലാം."

൪൩

പോർവില്ലിൻ ചെറുഞാണൊലിദ്ധ്വനികൾകൊ-
ണ്ടാട്ടിക്കളഞ്ഞഞ്ജസാ
മേവും വ്യാഘ്രമൃഗേന്ദ്രവാരണമുഖാ-
നാരണ്യജന്തൂത്കരാൻ
ഭാവേ ഭക്തികലർന്ന ലക്ഷ്മണനുമായ്
ശ്രീരാമചന്ദ്രൻ മുദാ
മേവീ പഞ്ചവടീവനേ പരിപുലാ-
വും പർണ്ണശാലാന്തരേ.

൪൪

പുത്തൻ പൂന്തല്ലരംഗ പുതുമയൊടു വിദേ-
ഹാത്മജാമോമലേത്ത-
ന്തസംഗേ ചേൎത്തു ചേൎത്തും തഴുകി വദനവും
പാൎത്തിരിക്കും ദശായാം
മെത്തുന്നാനന്ദവാൎദ്ധിൻകലവിയിലിളകി-
ത്തസ്യ ചിത്തം കളിച്ചു
ദുഗ്ദ്ധാംഭോരാശിവീചീനിരയിലൊരരവി-
ന്ദം കളിക്കുന്നപോലേ.

൪൫

രക്ഷോഘാതപ്രതിജ്ഞാം മുനികളൊടു കൃതാം
നിൎവ്വഹിപ്പാനുപായാ-
നന്തഃകാമ്പിൽപ്പാൎത്തു പാൎത്തമ്മനുകുലപെരുമാൾ
ചിന്തനവ്യാകുലാത്മാ
അഗ്രേ കണ്ടു കദാചിൽ ദശമുഖസഹജാ-
മാത്മബീഭത്സരൂപ-
പ്രക്ഷോഭം മൂടി മായാലളിതതനുലതാം
മന്ദമാഗന്തുകാമാം

൪൬

ചേണമ്പും വന്മലൎച്ചഞ്ചരത്തുയിരകമേ-
പൂണ്ടണഞ്ഞും ബലാല-
ന്നാണം കൊണ്ടൊട്ടു പിൻവാങ്ങിയുമുടനുടന-
ങ്ങ്ഗേന ഡോളായമാനാം
താണീടും വക്ത്രലക്ഷ്മ്യാ കിമപി പരിഹസ-
ന്തീം പ്രഭാതാനിലാലോ-
ന്നാനമ്രാണാമഭിഖ്യാമപി മണമിയലും
കാഞ്ചനാംഭോരുഹാണാം.

ഗദ്യം ൩.

അതീതഭൂയിഷ്ഠേഷു തു ദശവദനദിഷ്ടാന്തദിവസാവസാനകേ ഗുരുനിഷ്ഠിഷ്ഠേ സമയേ കദാപി *വൃഷസ്യന്തീ നിരന്തരായം ദിഗന്തരേഷു ചരന്തീ ദുരന്തദുരിതസന്തതിരിവ ഗൃഹീതമൂൎത്തിരാൎത്തിദായിനീ

* 'വൃഷസ്യന്തീ തു കാമുകീ' (എന്നു അമരം).

ജഗതാം സമസ്തരാത്രിഞ്ചരചക്രചക്രവൎത്തിനോ ലംകാപതേരവരജാ മായാബലാകലിതലളിതമാനുഷീവേഷാ ദോഷാചരിശൂൎപ്പണഖാ നാമ പ്രബലദൎപ്പദൎപ്പകാവേശവിവശിതാ സീതാപതിമുപാതിഷ്ഠത.

൪൧

തസ്മിന്നുജ്ജൃംഭിതോഷ്മസ്തനതടദയിതാ-
ഹീനസംഹാരകാലേ
കാലേ പ്രാലേയധാരാകവചിതഗഗനാ-
ഭോഗദിക്ചക്രവാളേ
കാമാന്ധാ രാക്ഷസീ സാ പതിമതിമതനോ-
ൎമ്മൈഥിലീപ്രാണനാഥേ
ലക്ഷ്മീലീലാരവിന്ദേ നവപിശിതധിയം
തന്വതീ ശ്യേനികേവ.

ഗദ്യം ൪.

കഥമിവ കഥയേ ലളിതാത്രൂപവിലാസവിശേഷാൻ, കാളപയോധരമാലകളോടുടനംകമിരുത്തി മരുത്തുജയിച്ച പനംപൂക്കുലയൊടു തിറയും വാങ്ങിക്കുവലയരുചിയൊടു കവലപിണങ്ങിക്കാർകണ്ടിക്കൊരു കുന്റുതച്ചേത്തു ചുരുണ്ടു തിരണ്ടൊരു കാളിമകൊണ്ടു ജഗത്ത്രിതയത്തെയിരുട്ടിലൊളിപ്പിച്ചുഴിയുന്നേരം കുഴൽപണിയും ഘനകേശഭരത്തിൻപരിമളവിഭവം കൊതികൊണ്ടീടും വരിവണ്ടിണ്ട മുരണ്ടുമുരണ്ടണയുന്നതുകണ്ടു വെരിണ്ടുവെരിണ്ടതിവേപിതഗാത്രീ, ചൂടുപൊറാതെ മുഖാംബുജലക്ഷ്മിക്കുപരിപിടിക്കും പീലിക്കുട ഞാനെന്നു നിനച്ചക്കുനകുന്നെ വിലസും കുരൾനിരകൊണ്ടു മനോഹരമായ ലലാടതടത്തിന്നഴകിനൊടണിയും മൃഗമദമയമാം ചെറുതൊടുകുറിയെച്ചെറിയ വിയൎപ്പിൽച്ചെറുകുളിപ്പിച്ചതിരമണീയാ, കുസുമശരൻതൻ കുലമണിവില്ലിനു കുലദേശികനാം പുരികക്കൊടിമേൽ നിന്നു പിറക്കും പ്രണയരസായനഗുളികകൾപോന്നു കടക്കണ്ണുല്പതിന്നു തകന്നൊരുവിഭ്രമദൎപ്പവിശ്രൂംഖലരീതിവിശേഷമണിഞ്ഞിടകുമ്പിക്കുമ്പിച്ചാമ്പിച്ചാമ്പിപ്പതറിപ്പതറിച്ചില പടപറയും വീക്ഷണഭംഗ്യാ മറിമാൻ പൈതലെ മാന്മഥവിദ്യ പഠിപ്പിക്കുന്നതുകൊണ്ടാടീടും മണിമയകുണ്ഡലയുഗളീമണ്ഡിതനിൎമ്മലഗണ്ഡാഭോഗാ, വദനാംഭോരുഹകൎണ്ണികപോലെ വിലസിന നാസാഞ്ചലഭുവി മരുവും കതിപയകുസുമസൌരഭ-

കണാൎദ്രാ, പവിഴമണിദ്യുതി പാഴ്പെടുമാറപ്പല്ലവനിരയൊടു
മല്ലംതട്ടിക്കുമ്പിടിയിച്ചു കുസുംഭകശോഭാമന്തിമുകിൽക്കൊരുപന്തി-
പിണക്കും ചോരിച്ചൊവ്വാമണിരംഗത്തിലരങ്ങേറീടിനമഞ്ജുള-
ഹസിതനിലാവിൽ വിരിഠംപൂണ്ടഴകിൽ വരുന്നചകോരകിശോ-
രാനന്ദനമാനാ മധുരാലോകൈഃ, അംബുനിധൌ പുനരൻപതു-
വട്ടം മുഴുകിവളൎന്നു കളംകംകഴുകിക്കല്പകവല്ലീകലികാസൌരഭമു-
ള്ളിൽനിറച്ചു നിജാമൃതധാരയെ വാങ്മയമാക്കി വരുന്നോനാകിൽ
പൂൎണ്ണശശാങ്കനു ചാൎന്നമുഖാബ്ജം മന്ദം മന്ദം മന്ദാക്ഷവശാദവ-
നാമയന്തീ, കംബുവരദ്യുതിഡംബരകമ്പനലമ്പടമായ ഗളാന്തര-
സീമനി മാന്താൎബാണനണിഞ്ഞീടും നവരേഖാത്രിതയംകൊണ്ടു
ജഗത്ര്യാം കീഴിലുമിന്നും മേലിലുമെന്നും തന്നോടൊത്ത മട്ടത്താ-
ൎവ്വണികളുണ്ടാമല്ലെന്നാലപമാനാ, പൂണ്മവളൎക്കും നെന്മെനി-
വാകമലൎക്കുലമാലവിലയ്ക്കുപൊറാതമൃദുതാമിയന്ന ഭുജദ്വിത-
യംകൊണ്ടനുപമശിഥിലിതമണിചായലുമന്നീവീബന്ധവുമവശം
താങ്ങുംപൊഴുതുകുലുങ്ങും മണിമയകങ്കണകേയൂരാരവമുഖരദിഗന്താ,
കനകാഭരണകദംബകശോഭാമിളവെയിൽപോലേ മുൻപിൽക്കൊ-
ണ്ടു കുതൂഹലമാണ്ടൊരു യൌവനമെന്നും നളിനപ്പൊയ്കയിൽ
മന്ദമിറങ്ങി മദിച്ചു തിമിൎത്തു വിയുക്തിവരാതരഥാംഗയുഗത്തിൻ-
ഭംഗികലൎന്നണിപങ്കജമൊട്ടൊടു പടയുംവെട്ടിക്കരികുംഭത്തെക്കാൽ-
പണിയിച്ചു മണിച്ചെപ്പിന്നും കെല്പുകെടുത്തമ്മണികുംഭത്തിനു-
മറുതല മാററിപ്പുരമൊരു മാററാരില്ലാഞ്ഞനിശം തമ്മിലെതി-
ൎത്തുരമിട്ടു പരസ്പരമുന്നതികൊണ്ടു മുലക്കച്ചനയുംപൊട്ടിച്ചിതറും
കുംകുമപങ്കമണിഞ്ഞു മൃദുസ്മിതകാന്തിപടൎന്നുകണക്കേ മെത്തിന
മുത്തണിമാലകളിളകെക്കാണക്കാണ വളൎന്നിയലുന്നണിവന്മുലര-
ണ്ടുമെടുക്കരുതാഞ്ഞു കുഴഞ്ഞു കുലഞ്ഞുടനൊടിവതിനാഞ്ഞവില-
ഗ്നലതയ്ക്കൊരുപഹ്നുതയാ മരുവീടിനമരതകമണിമയയഷ്ടികണ-
ക്കേ ദൃഷ്ടിരസായനമാമൊരുരോമാവലിചെന്നിളകൊണ്ടീടും നാഭീ
കുഹരഗഭീരമനോജ്ഞാ, തരുണാരുണരുചിതണ്ണേടുമാറപ്പട്ടുടവടി-
വിന്നുപരി സലീലം തഞ്ചിക്കൊഞ്ചിന കാഞ്ചനകാഞ്ചീഝണ-
ഝണിതം കൊണ്ടനുപദരമ്യാ, ഭുവനമശേഷം വെന്നു മദിക്കും
മദനമഹീപനു പടവീടാം ഘനജഘനാഭോഗമെടുത്തു നിവിൎന്നു-
മണിത്തൂൺപോലേ ചാതുരിചേൎന്നു മദംപൊട്ടീടും കുംഭീന്ദ്രൻ-
തൻതുമ്പിക്കൈയും പിൻകൈ നല്കിക്കോമളശീതളമൃദുലനവീന-

സ്നിഗ്ദ്ധശോഭാന്മുഗ്ദ്ധം കദളീകാണ്ഡംകൊണ്ടാടീടും തുടയിണകണ്ടാൽ തരുണജനാനാം തരിപെട്ടുവോളം തരുണിമസാന്ദ്രാ, വനസരസീഷു വിരിഞ്ഞസിതാംബുജവെണ്മാടങ്ങളിലങ്ങോടിങ്ങോടടിച്ചാടമടിച്ചുകളിക്കും കളഹംസങ്ങളെ നടകൾ പഠിപ്പാൻ മഞ്ജുളനാദൈർമെല്ലേ മെല്ലെ വിളിച്ചരികത്തുവരുത്തിന പുത്തൻകനകചിലമ്പിന്റെ മദ്ധ്യേ ചുററുമമിഴ്ത്തിന നീലക്കല്ലിൻകാന്തികരേറെ ശ്യാമളമായ കണങ്കാൽകൊണ്ടു മയിൽക്കണ്ണറ്റത്തിൻ ചാരിചുലസന്തീ, വാനോർതടിനീവളർത്തിരമാലയിൽ നിഴലിച്ചീടും കമഠപ്രതിഭടനടിമപ്പെട്ടുകിടക്കുംപോലെ നഖശശിചന്ദ്രികകൊണ്ടുടൽമൂടീട്ടുന്നപ്പുറവടികൊണ്ടും പെരികക്കാമ്യാ, പുലരിയിൽവിരിയും കനകപയോരുഹസഹൃദയമാം പദപല്ലവയുഗളം മെല്ലേ മെല്ലേ വച്ചുലസന്തീ, സൌന്ദര്യാമൃതസാഗരമദ്ധ്യാൻമൃദുലസമീരണമേററുബലാലിമ്മിട്ടാലേറിച്ചെറുതിരമാല വരുന്ന കണക്കേ വിശ്വംഭരയിൽ വിഹാരത്തിന്നൊരു വിദ്യുന്മാലവരുന്നകണക്കേ വിഭ്രമമെന്നും കല്പകശാഖിനി മെത്തിനപുത്തൻമഞ്ജരിപോലേ വിനയപ്പേരാമംഭോജന്മനി വിളയും പരിമളലഹരികപോലേ മത്തമതംഗജകുംഭാഭോഗേ മരുവിന മദജലധോരണിപോലേ പുത്തലരമ്പാണൻകരഭുവി മിന്നും ഭുവനഭ്രമണചിഞ്ചരികപോലേ ലാവണ്യത്തിന്റെ പരദേവതയായ് മാധുര്യത്തിന്റെ മഞ്ജൂഷികയായ് നിധുവനലക്ഷ്മ്യാ മണിദീപികയായ് നൈർമ്മല്യത്തിന്റെ കേളീഗൃഹമായ മെല്ലേ മെല്ലേ സാ ലളിതാംഗീ രാഘവസവിധേ ചെന്നുനിന്നാൾ.

ർവൃ

„മാനേലുംകണ്ണി! നീയെന്തിവിടെ നിരുപമേ!
പാഴ്ക്കൊട്ടുങ്കാട്ടിൽ മദ്ധ്യേ।
താനേതന്നേ നടക്കുന്നതു തവ കലമെ-
ന്തെന്നു ചേരെ”ന്നിവണ്ണം
ത്രേനോക്താ സാ ബഭാഷേ മൃദുലമൃദുവലാം
മല്ലികപ്പൂവു മെല്ലേ
ചേണാന്നാരാദ്ധ്യ ബദ്ധാഞ്ജലികളെ വിനയം-
കൊണ്ടു വിദ്ധ്യോതമാനാ.

൪൯

,,മാന്താർബാണൻവണങ്ങും മധുരിമരസനി-
ഷ്യന്ദമേ! മംഗലാനാ-
മേന്തിടും പുഞ്ജമേ! നിന്നരികിൽ മദനതാ-
പേന പോന്നാഗതാ ഞാൻ
താൻതാനേ സഞ്ചരിക്കാമുലകിൽ മമ പതി-
ന്നാലിലും ദീനദീനം
കാന്തൻപേർമാഞ്ഞു മന്മാനസമിനി രമണൻ
നീയൊഴിച്ചില്ല ചൊല്ലാം.

൫൦

വിണ്ണോർകോനേതുമാകാ പുണരുവതിനവ-
ന്നോക്ക് ഗാത്രേഷു നീളെ.
കണ്ണല്ലോ വഹ്നിയോടുള്ളണവു മമ നിന-
ച്ചാൽ മരിച്ചെന്നിരുവണ്ടാ
എണ്ണേറും ജന്തുവൃന്ദം കൊടിയനരകകോ-
ടീഷു കേഴും ദശായാം
തണ്ണീർപോലും കൊടാതോരരുകലയനവൻ
കാലനും നില്ക്ക ദൂരേ.

൫൧

നീതിക്കോപ്പിന്ന വല്ലാ നിരൃതി സരസന-
ല്ലേതുമേ താൻ ജലാത്മാ
വാർതിക്കും പാശി മന്ദൻ പവനനവനൊരേ-
ടത്തുമേ ചെററടങ്ങാ
ഭൂതപം വിത്ത്യതേ വൈശ്രവണന ഹരനോ-
ടെന്തു കാര്യം കളിച്ചാൽ
ച്ചൃതത്താർബാണനെച്ചുട്ടവനൊടു ചുടല-
ക്കുത്തു കണ്ടീടുവാനോ!.

൫൨

മാർത്താണ്ഡന്മാരെയും ചെററണയരുതു ചൂടും
നാഥ! രാകാശശാങ്കൻ
പാർത്താൽ നാലഞ്ചുനാളം നീളെയുമനുഭവിയാ
യൌവനാഭോഗയോഗം

രൌദ്രാ രുദ്രാസ്സമസ്താ അപി വികൃതമുഖാ-
വാശപിനേയൌ വസൂനാം
ചാത്തങ്ങാസ്ഥാവിഹീനം പരികലയ ന മേ
സമ്മതാ ദേവവീരാഃ.

൭൭

യക്ഷന്മാർ കിന്നരന്മാരമരർ മുനികളെ-
ന്നേവമാദ്ല്യേഷു പാത്താ-
ലുറംക്കാമ്പിന്നില്ല കൌതൂഹലമവർ തരമി-
ല്ലാരുമേ ഭംഗിപോരാ
നില്ലെല്ലാരും പതിന്നാലുലകിലുമൊരുവൻ
മറവു നിന്നെക്കണക്കേ
ലക്ഷ്മിം കൈക്കൊണ്ടു കണ്ടീലയി ദയിത! പൊറാ-
തൊന്നിതെൻ മാരതാപം."

൭൮

ആകർണ്ണ്യൈവം തദീയം വചനമണികഴൽ-
ത്താരൊളം മൌലിയെത്താ-
ട്ടാകണ്ണംനീണ്ടകൺകൊണ്ടവളെ മുഴുവനേ
പാത്തു വൈദഗ്ദ്ധ്യശാലീ
പ്രാഗത്ഭ്യം നന്നിതെന്നാൽ ചെറുതു കളികളി-
ച്ചിച്ചു പോക്കേണമെന്ന-
ങ്ങാകെക്കല്പിച്ചു മന്ദസ്മിതരുചി പുറമേ
തൂകി രാമോ ബഭാഷേ.

൭൯

"എന്നേ മൽഭാഗ്യമേ! മന്മഥനനുഗുണനായ്
വന്നിതിന്നാകിലിഞ്ഞാൻ
നിന്നോടേ വന്നിരക്കേണ്ടുവതു ഭവതിയാ-
ലെന്നൊടിന്നത്ഥനീയം
നിണ്ണീതം നീയിദാനീമരികൽ വരികകൊ-
ണ്ടിന്നിമേലിൽ ത്രിലോകീ-
ധന്യാനാം മൻപെണ്ണിക്കെന്നതിനെയനുവദി-
ക്കേണമന്യേ ജനൌഘാഃ."

ഒന്ന

„ഏങ്കിൽ കാലംകളഞ്ഞീടരുതു കിമപി നീ
കാന്ത! മാന്താർശരൻതാ-
നെങ്കൽതന്നേ തറയ്ക്കുന്നിതു കൊടുമതുട-
ന്നുത്ഭുതാൻ പുഷ്പബാണാൻ
സങ്കല്പം മററുമറെറാന്നയി! മമ വിഹരി-
ക്കേണമാനംഗകേളീ-
സംഗശ്രീപൂണ്ടു മേലിൽ ദിനമനു ഭവതാ
സാകമാകുന്നതെല്ലാം.”

ഒ ൈ

„ഏണാക്ഷീമൌലിമാലേ! തവ തളിരൊളിമെയ്
കാങ്കെകൊണ്ടിന്നുതന്നേ
വേണുന്നു പാണിപദ്മഗ്രഹണമതിനു കാ-
ണന്തരായോ ഗരീയാൻ
നൂനം നിന്നോടുകൂടെക്കളികളിൽ വിളയാ-
ടീടുവാൻ തക്കതിപ്പോൾ
കാണുന്നോനല്ല കേളീമണിയറ വസതിർ-
മാമകീ പർണ്ണശാലാ.”

ഒ വ്വ

„താണീടേണ്ടാ ഭവാൻ ചൊററതിനു മമ കളി-
ച്ചീടുവാനെത്ര രത്ന-
സ്ഥാനീയാനിത്ര'ലോകേ കുസുമശരനുനേ-
രായ സൌന്ദൎയ്യരാശേ!
വാനോർനാട്ടിങ്കലോ വേണ്ടിതു വസതി തുഷാ-
രാദ്രിമൂദ്ധാവിലോ പോയ്
ക്ഷോണീചക്രേ പരന്നീടിന നരവരനാ-
ട്ടിങ്കലോ ചൊല്കഭീഷ്ടം.”

ഒൻ

„സത്യം വേണ്ടീലതന്നേ പുനരിതു മനസി
പ്രേമമുണ്ടെങ്കിലത്രേ
കൃത്യം പക്ഷേ കരിങ്കൽപ്പുറവുമൊരു നറും-
പുഷ്പപൎയ്യങ്കമല്ലോ

MUL
047964

യുക്തം തൽസംഗമം മേ സുഭഗമിതു തപ-
സ്സിന്നൊരുമ്പെട്ട നേര-
ത്തെത്തീ ചെററുള്ളിലുണ്ടെന്നൊരുവിവശത മാ-
ന്താർശരാദ്വൈതമേ! മേ.''

൧൯൦

,,തേൻപെയ്യും ദിവ്യവല്ലീമലരിൽ മഌമത-
പ്പോന്നുവീങ്ങുന്ന പുത്തൻ-
തേൻപോലേ ലോഭനീയം തവ വപുഷി വിഭോ!
യൌവനാഭോഗയോഗം
നിൻപാദം കാനനം തേടുകിലതിസുഭഗ-
ന്മാൎക്കുമൌലിക്കുരത്ന-
പ്പൂണ്ണേ! വാൎദ്ധക്യമെത്തുംപൊഴുതിലമിയുമാ-
ശ്ക്കോപ്പു നന്നെന്നുമേ ഞാൻ.

൧൯൧

നല്ല തപസ്സിതു സദയം
മല്ലാക്ഷീം മടിയിൽവച്ചുപൂണ്ടനിശം
കല്യാണമേറെ വിളവാ-
നല്ലാതോ രണ്ടുമടവരെങ്കിലെടോ.''

൧൯൨

,,ധാൎഷ്ട്യമല്ല പറയുന്നതും ലളിതവേണി!
കേളിതു കുളിച്ചു ഞാൻ
വേട്ടപെണ്ണിവളുപേക്ഷ്യയല്ലഗതി നമ്മെ-
യും കിമപി കൈവിടാ
ഗോഷ്ഠിയാമിരുവർ കൂട്ടമാകലിതരേത-
രം മടവർ ചട്ടകം-
നീട്ടുവോർ തരുണർ മൂലമെന്നതയി മേ സ-
മാഗമനസങ്കടം.''

൧൯൩

,,പോരുമിത്തൊഴിൽ പറഞ്ഞിതൊക്കെ വിഷമുള്ളി-
ലേതു തവ വാക്സുധാ-
ധോരണിക്കഗതി ഞാനുമേററമിവളോള-
മംഗജശരാതുരാ

ചാരുനിൻകഴൽ വണങ്ങിടേനിനിയെനിക്കു-
മൊട്ടുചിലനാൾ തവ
മസൃണമാസ്യകമലം മുകൎപ്പതിനകപ്പെ-
ടേണമനങ്കമോഹനം.

൯൪

അലമലമതിവിസ്തരേണ വാചാ
മലർശരവീരസമാനകാന്തിസിന്ധോ!
കള്ളർമുല പുണരാറ്റിൽ മുൻപിൽനിന്നേ
കളവനിനിൻകഴലാണെ ജീവനിഞ്ഞാൻ."

൯൫

കാളും കാമാന്ധലാത്തം വചനമിതി സമാ-
കർണ്ണ്യ സഞ്ചിന്ത്യ മുന്നേ-
ക്കാളേറെക്കൂട്ടക്കൂട്ടിച്ചിലമധുരിമ മേ-
ളിച്ചു മാനിച്ചുദാരം
വാളേല്ക്കുന്നാളെ വാചാ പുനരപി പരമാ-
മോദമാധ്വീസ്രവന്ത്യാ-
മോളംതല്ലിക്കളിപ്പിച്ചതിസരസമുഖോ
രാമചന്ദ്രോ ബഭാഷേ.

൯൬

"കന്നൽകണ്ണികൾമൌലിരത്നകലികേ!
ഭോഷ്കല്ല ചൊല്ലുന്നതി-
ക്ഖിന്നത്വം മതിയുണ്ടു ലക്ഷ്മണനെ നീ
കണ്ടീടു മദ്ഭ്രാതരം
ഉന്നിച്ചാലവനെങ്കിലേ തവ തരം-
പോത്രു മനോജ്ഞാംഗി! കേ-
ളെന്നേക്കാളവനെട്ടിരട്ടി രമണി-
യൻതാനു മാകർണ്ണ്യതാം.

൯൭

ഓർത്താലും കുശലൻ കലാസു മധുരൻ
വാർത്താസു മാദ്ധ്വീഗിരാം
നേത്രാനന്ദനനിന്ദുബിംബവിമലൻ
വക്ത്രേ സുശീലൻ തുലോം

താദേത്തൻവാച്ച്യതള്ളത്ത്ലാവുമൊരിള്ളം–
പൂംപാരിജാതത്തിന്നേ
താഴ്ത്തീടും നവയൌവനോജ്ജ്വലവപുഃ
സോഽയം ചകോരേക്ഷണേ!

ന്യവ

വാളിന്നല്ലൽകൊട്ടത്തമല്ലനയനേ!
ചൊല്ലാമവൻ നിന്നോടേ
നാളും പ്രായവുമൊട്ടതീതമധുനാ
യോഗ്യം വധൂസംഗമം
കോളേ നിങ്ങളിലാകിലെത്രസുഖമു–
ണ്ടന്യോന്യസംഗംവരും
മേളം നിർമ്മലകാഞ്ചനത്തിന്നു മണി–
ക്കല്ലുംപതിച്ചീടിനാൽ.

ന്യൻ

വണ്ടാർപൂഞ്ചായലാംകാഞ്ചനമണികലികേ!
ഞാൻ കണക്കല്ല വേട്ടി–
ട്ടുണ്ടല്ലോ മത്സമീപേ പുനരിയമതുകൊ–
ണ്ടൊട്ടു മണ്ടോ ജനോഽയം
കൊണ്ടാടും നിൻഗുണാലോകനദശയിൽ മുദാ
ലക്ഷ്മണൻ വെണ്ണിലാവേ–
ക്കണ്ടാലുണ്ടാസ്സുരാതോ മനസി കൊതി ചകോ–
രത്തിനെന്നോക്കെടോ നീ.

൧൦

എന്നാൽ നീ ചെല്ക, ചെന്നാലവനൊടഭിമതം
ചൊല്ക, ചൊല്ലും ദശായാം
കുന്നേൽക്കൊങ്കയ്ക്കു പൂൺപാസ്സുരുമഴകിലവൻ
നിർണ്ണയം പുണ്യശാലീ
ഇന്നേ പാണിഗ്രഹത്തിന്നുചിതമുപചിതാ–
നന്ദമൊന്നുംപെടാതേ
നിന്നീവണ്ണം കളഞ്ഞീടരുതരുതു വൃഥാ
കാലമിന്നി ക്ഷണം നു.

ഗദ്യം ൫.

രഘുവരനിത്ഥം മധുരതരാംഗിര-
മരുളിച്ചെയ്തതു കേട്ടുമയങ്ങി-
ക്കൊഞ്ചിത്തൊഴുതൊരു പുഞ്ചിരിതടവി
"പ്രിയതമ! പക്ഷേ വരുവൻ ഞാനെ"-
ന്നാശു പുറപ്പെട്ടഞ്ചിതഗമനാ
മറിമാൻപോലെ മദ്ധ്യേ മദ്ധ്യേ
വലിതഗ്രീവം തന്മുഖപത്മം
മുഹുരപി പാർത്തും നെടുതായ്വീർത്തും
തിരുമടിയിൽച്ചേർന്നഴകിലിരിക്കും
ജാനകിയോടൊരസൂയ മുഴുത്തും
വപുഷി വിയർത്തും ചെറുതു കയർത്തും
ചെന്താർബാണനൊടന്ധാത്മാസൌ
ലക്ഷ്മണസവിധേ ചെന്നു സലീലം
ഭർത്താവാവാൻ പ്രാർത്ഥിക്കുന്നളവവനും കണ്ടു.

൧൭

അസ്യാതിമാത്രായതലോചനസ്യ
നതഭ്രുണഃ കമ്രപയോധരസ്യ
ആശ്ചര്യരത്നസ്യ വിലാസയോനേഃ
കിമാകരോ ദ്വൈവന്ന വസുന്ധരാ നു.

൧൮

വിഭൂഷയന്തീ ന ദിവം ഭുവം വാ
ഭവേദസൌ കാമമനിന്ദിതാംഗീ
ഭ്രാതുർവിധേയഃ പിതുരാശ്രവസ്യ
കഥം ന കാമാതുരതാം വ്രജാമി.

൧൯

ദശരഥാത്മജയുഗ്മനിരീക്ഷണ-
*ക്ഷണസമാകുലബുദ്ധിരിയം ദധൌ
ഉഭയകൂലസമുത്ഥിത†ശാദ്വല-
ഭ്രമഗതാഗതഖിന്നഗവീം ദശാം.

* "നിർവ്യാപാരസ്ഥിതൌ കാലവിശേഷോത്സവയോഃ ക്ഷണഃ." എന്നും,
† "ശാദ്വലശ്ശാദഹരിതേ." എന്നും അമരം.

ഗദ്യം ൩.

തദനു ജനകദുഹിതുരനിതരയുവതിഭോഗ്യം ഭാഗ്യം ച രാമസ്യ രൂപരാമണീയകഞ്ച നിവൎണ്ണ്യ പുനരിയമേവമചിന്തയൽ.

൧൮

*“ലാവണ്യാംബുനിധേരമുഷ്യ ദയിതാ-
മേനാമിവൈനം ജനം
കസ്മാന്നാസൃജദസ്മദന്വയഗുരോ-
രുല്പത്തിഭൂഃ പത്മഭൂഃ
ആസ്താമേതദരണ്യവാസരസികേ
ഹാ! കഷ്ടമസ്മിന്നിമാം
കാന്തിം കാനനചന്ദ്രികാസമദശാം
കിം നിൎമ്മമേ നിൎമ്മമേ.”

ഗദ്യം ൧.

“അയി സുന്ദരി! സന്തതമാൎയ്യപാദാംബുജശുശ്രൂഷാരതനസ്വാധീനന്നായി മമ പാൎത്താലെന്തൊരുകാൎയ്യം നിന്നെക്കൊണ്ടടനിന്നിയുമാൎയ്യസമീപേ ചെല്ലുകനല്ല നിൎണ്ണയമെന്നതുകേട്ടവൾ പിന്നെയുമഗ്രജരഘൂത്തമസവിധേ ചെന്നു പറഞ്ഞും തദ്വചനംകേട്ടുദ്യൽകുതുകം വെറുതേതന്നെ ലക്ഷ്മണസവിധേ പുനരപി പുനരപി ചെന്നും പോന്നും പത്തുരുപടിയിലുഴന്നുനടന്നതിനൊരുഫലമില്ലാഞ്ഞാശമുറിഞ്ഞുടനീൎഷ്യപൊറാഞ്ഞഥ പണ്ടേപ്പോലേ ഝടിതി ചമഞ്ഞു ഭയങ്കരരൂപാ ജടപെട്ടഖിലംചെമ്പിച്ചീടും തലമുടിവിരിവും കൊടിയകൃതാന്തൻ കൊല്ലുവതിന്നു തടിത്തെണ്ടുടനുടനോങ്ങും പോലെഘോരതകോലുംപുരികക്കൊടിതന്നെറിവും സ്ഥാവരജംഗമരൂപജഗത്രയമൊക്കെ നടുക്കംപെരിച്ചു കടക്കണ്ണുദിതകടക്കൺകൊണ്ടൊരുനോക്കും കട്ടതരവാക്കും തച്ചുമമൎത്തും ജന്തുകദംബാനച്ചോ! കൊന്നും പച്ചേതിന്നും വലിയ മലംപുലിവക്ത്രംപോലെ ദംഷ്ട്രാഭീഷണമധികം വദനവുമാന്ത്രഗണങ്ങളിണങ്ങും കണ്ഠവുമഭിനവകുങ്കുമപങ്കംപോലെ ശോണിതമിഴുകിന കുചഗിരിയുഗവും വല്ലംപോലെ വലിയൊരുവയറും കലപിലിനെന്നിളകുന്ന കപാലമഹാവലയങ്ങൾ പുലമ്പിന കൈയ്ത്തലവും തുള്ളത്തുള്ളപ്പുതുതായ്

* “മുക്താഫലേഷു ഛായായാസ്തരളത്വമിവാന്തരാ
പ്രതിഭാതി യദംഗേഷു തല്ലാവണ്യമിഹോച്യതേ.”

കൊന്നൊരുപുള്ളിപ്പുലിതൻതുകിൽകൊണ്ടുടയും പൃഥുലം തുടയും
ക്ഷിതിചക്രത്തെച്ചാഞ്ചാടിക്കും നടയുംപൂണ്ടു നിശാചരിചെന്നതി-
മായാനിപുണാ മോഹിപ്പിച്ചു സുമിത്രാപുത്രനെ ത്വരിതമെടുത്തു
നഭസ്ഥലമാർഗ്ഗേ കൊണ്ടുനടന്നഴൽകൊണ്ടുപൊറാഞ്ഞു മുകൻ മു-
കൻ പുണർന്നുപുണർന്നു സുശീലമെഴുന്നളവവനുമുണർന്നതിരുക്ഷമനാ
നിജമൂക്കുംമുലയും തീക്ഷ്ണകൃപാണമെടുത്തു സരോഷമരിഞ്ഞു-
കളഞ്ഞളവവളൊട്ടുകരഞ്ഞുജഗത്രയമൊന്നുകുലുങ്ങി ക്ഷോണിതല-
ത്തിൽ ചീനിക്കുണ്ണക്കേ വീണലറിക്കൊണ്ടഖിലമുദന്തം ചെന്നറിയി-
ച്ചതുകേട്ടു ഖരാദികൾ പോരായ്മപ്പെട്ടിളകിച്ചെന്ന നിശാചര-
സേന പതിന്നാലായിരമൊക്കെത്തക്കെത്തിക്കി രണത്തിന്ന രാമാ-
ശ്രമമളവി ചെന്നുചുഴന്നു. *

൧൬

അക്കാലം വീരഭ്രൂഷാമണി രഘുപെരുമാ-
ളങ്കഭാഗേ വസിക്കും
മയ്ക്കണ്ണാൾ സീതതൻ കോമളമുഖകമലം
പാർത്തുകണ്ടും പ്രസാദാൽ
തിക്കും ക്രവ്യാദസേനാപടനിലവിളികേ-
ട്ടും ക്ഷണം ചെന്നിരുന്നു
ളൈക്കൈകൊണ്ടജ്ജടാബന്ധനമിടയില്പെറ-
പ്പിച്ചുമാശ്ചര്യധാമാ.

---

* സീതാമോഹത്തുകാമാമസുലഭവിഷയപ്രാ-
ർത്ഥനോല്ലാമകാമാം
സൌമിത്രിസ്ത്വസ്രൂപാണിട്ട്ശമുഖഭഗിനീം
താമനാര്യാം നിവാര്യ്യ
കാമക്രോധാത്മകാനാമഹമഹമികയാ
പ്രേംഖതാമയേതേനാം
തസ്യാഃ ശ്വാസാനിലാനാമകുരുത തരസാ
മാർഗ്ഗവിസ്താരകൃത്യം.

ഗദ്യം.

തൽക്ഷണേന ച രോഷഭർക്ഷോഭമാണഹൃദയേന ലക്ഷ്മണേന ക്ഷതകൌ-
ക്ഷേയക പ്രസഭവിച്ഛരാതവികടസ്തനകർണ്ണനാസാരന്ധ്രച്ഛരദയാഋച്ഛരഭ-
യാങ്കുരം നിരസ്തയാ വിഹസ്തയാ തയാ സവിധഗാനനിവാസിനോ വിബുധവീര-
വിമാഥിനസ്സോദരസ്യ. ഖരസ്യാത്മനസ്താദൃശീ ദുരവസ്ഥാ സപദി നയനയോഃ
ശ്രവസോശ്ച ഗോചരീചക്രേ. (എന്നൊരുഗ്രന്ഥത്തിൽ കാണുന്നു).

൧൬

പ്രസ്ഥായാമഷ്ശാലീ സരഭസമുടജാ-
ഭ്യന്തരാദാത്തധന്വാ
നിദ്ധ്യായൻ നാലുദിക്കിങ്കലുമിടനിറയും-
വാഹിനീം കൌണപാനാം
ശസ്ത്രൈരസ്തോകവീര്യൈശ്ശിവശിവ! നിതരാ-
മെയ്യു ക്കൂട്ടങ്ങൾ ചിന്നി-
ച്ചത്യന്തം പണ്ടദൃഷ്ടശ്രുതമിഹ വിദധേ
വിസ്മയം വിശ്വഭാജാം.

൧൭

നിശിതമഹായുധജാതം
നിരവധി കൈക്കൊണ്ടുദഗ്രമദമാനാ
നിലവിളികൊണ്ടുടനെത്തീ
നിശിചരസേനാ രണായ ഭയഹീനാ.

൧൮

വാർതങ്ങീടും മുസൃണ്ടീത്രിശിഖവിശിഖശ-
ക്ത്യൃഷ്ടികാപട്ടസാസി-
പ്രാസപ്രായൈസ്സമന്താൽ പ്രഹരണനിവഹൈ-
സ്താഡയന്തോ നിതാന്തം
ജാതക്രോധം തിരക്കിപ്പലവഴി തരസാ
രാക്ഷസാ ഭീമഭീമാ
മീതേ മീതേ രണാർത്ഥം പ്രകടിതമരണോ-
ത്സാഹമൊന്നിച്ചണഞ്ഞാർ.

൧൯

ആവൃത്യ ബാണഗണവൃഷ്ടിഭിരെട്ടുദിക്കും
താവീടുമട്ടഹസിതസ്തനിതാതിഭീമാഃ
പ്രാവൃഡ്പ്രവൃദ്ധഘനപങ്ക്തികളെന്നപോലെ
ദേവം നിശാചരഭടാഃ പരിവവ്രുരേനം.

ഗദ്യം ൩൫.

അഥ ദാശരഥിഃ നിരീക്ഷ്യരക്ഷോഗണമുപസപ്പന്തം *അപസപ്പഭ്രതയാ ശൂപ്പണഖയാ ദശിതസരണിമരണിരിവ മഥനാൽപൂവ്വമനാവിഷ്കൃതതേജഃപ്രസരഃ സീതാരക്ഷണേ ലക്ഷ്മണമാദിശ്യ യാതുധാനവധം തഥാവിധം വിദധേ; യഥാ തപോധനനിധനകരം കരനികുരുംബമിദം, പരുഷഭാഷണസ്പൃഹയാലു താലുജാതമിദം, പരദാരനിരീക്ഷണനിരപത്രപം നേത്രവൃന്ദമിദം, താപസാവസഥചാരണചതുരം ചരണയുഗളമിദമിതി നിശിതതരനിജശരശതശകലിതനിശിചരശരീരാവയവാന്യാഹൃത്യ പ്രത്യുടജം പ്രദശയദ്ഭിഃ തപോവനാദ്ധാപശുദ്ധിം വിദധാമിതി ഗൃദ്ധ്രരാജനിദേശാദിവ ദേശാന്തരാദാപതദ്ഭിഃ പതദ്ഭിഃ കങ്കകാകപ്രാചികപ്രായൈരനവകാശമഭ്രൂദാകാശം.

൩൬

ഘോരാടോപേന ശസ്ത്രപ്രകരകടുതര-
ജ്ജ്വാലകൊണ്ടൊക്കെ മൂടി-
പ്പാരാതേ വന്ന ചൂഴം നിശിചരബലമാം
ദാവവഹ്നിം മഹാന്തം
നാരാചശ്രേണിയെന്നും പെരുമഴ നിവിരെ-
പ്പെയ്തു പെട്ടന്നടക്കീ
ശ്രീരാമാഖ്യോ ഘനജ്യാനിനദരസിതവാൻ
കാളമേഘസ്തദാനീം.

൩൭

ഘോരാണാം കൌണപാനാമുടലിൽ ഞെടുഞെട-
ന്നങ്ങു കൊള്ളത്തുടങ്ങീ
വാരാളും താടകാരേരണിപവഴിഗണം
മമ്മഭേദപ്രവീണം

* "അപസപ്പശ്ചരഃ സ്പശഃ." എന്ന് അമരം.

† പ്രാചികങ്ങൾ=മാംസഭുക്കുകളായിരിക്കുന്ന പക്ഷിവിശേഷങ്ങൾ.

പൂരേ വാൎത്തീടവല്ലേൻ നിശിചരസുഭട-
ന്മാക്കു തങ്ങൾക്കു തങ്ങൾ-
ക്കോരോ കാകുൽസ്ഥമഗ്രേ കരധൃതധനുഷം
തത്ര കാണായ്ചമഞ്ഞു.

വ്യ ൨

ക്രൂരമ്പിൻക്രൂട്ടമേററവുടലിൽ മറുപുറം
പാഞ്ഞു വീണും മരിച്ചും
പോരാടീടുന്ന രക്ഷോബലമരനിമിഷം
കൊണ്ടൊടുങ്ങും ദശായാം
പാരാകെദ്ദൂഷണാനാമൊരുകളിനിലയം
ദൂഷണാഖ്യോ ദുരാത്മാ
ശ്രീരാമൻതന്നൊടെത്തീ ശലഭമെരികനൽ-
ച്ചാർത്തൊടെത്തുന്നപോലെ.

വ്യ ൩

യുദ്ധാൎത്ഥം ബദ്ധകക്ഷ്യ തദനു സരഭസം
ദൂഷണേ രോഷണം ചേ-
ന്നുദ്യോഗംപൂണ്ടണഞ്ഞോരളവു വിശിഖവ-
ഷാവൃതവ്യോമമാൎഗ്ഗേ
ചിത്രം! മാഴ്കാവതോ വാൾത്തലമുഴവനില-
ക്കംപിടിച്ചങ്ങണഞ്ഞു
നിദ്ധ്വാനാപൂരിതാശാ നിശിചരപൃതനാ
യോദ്ധുകാമാ നികാമം.

വ്യ ൪

യുദ്ധേ തസ്മിൻ പ്രവൃദ്ധേ നിജമിടമ നടിച്ചും
കലമ്പത്തിലെത്തി-
ക്കുത്തും വെട്ടും തുടൎന്നു പലവഴി വലമാനേ
ബലേ രാക്ഷസാനാം
ഉത്സാഹീ ദൂഷണൻതാനരപെരുകി രുഷാ
ബാണവൎഷൈഃ സമന്താൽ
പ്രത്യംഗം പാടവപ്രൌഢിയൊട്ടടനടനേ
മൂടിനാൻ താടകാരേഃ.

വൃ ൫

ന്നഗ്രേ ദൂഷണനെയ്യുമായുധഗണാ-
നൽകൃത്യ ബാണോത്കരൈ-
രുൽക്രൂലപ്രഥമാനവിക്രമഗുണ-
ഗ്രാമോ രഘുഗ്രാമണീഃ
അക്ഷോഭ്യാന്തിലശോ വിഭിദ്യ വിശിഖൈ
രക്ഷോഗണാനീകിനീം
ചക്രേ ലോകമിമം ന കേവലമസ്യൈ
സ്വഞ്ചാപി നിർദ്ദൂഷണം.

വൃ ൬

ദൂഷണേഽഥ നിഹതേ ബലേന സമമാത്ത-
ചാപവിശിഖം തദാ
രോഷമാൻ രഘുപുംഗവാഭിമുഖമുൽപ-
തന്തമുരുസാഹസം
ഭീഷണാകൃതിഖരം നിവാര്യ മുഖരൽത്രി-
മൂർദ്ധരജനീചരൻ
ദ്വേഷണോ ദിവിഷദാമുവാച സദസിം ക-
രേണ പരിലോലയൻ.

വൃ ൭

"വീര! വീര! മതിയുണ്ട ഘോരസമരോദ്യ-
മം പുനരിതിന്നഹോ
പോരുമാള തരമല്ല കേസരിവരന്നു
നേർ ശരിസ്സൃഗാലമോ
പോരിനെത്തുമളവേഷ ഞാനലകിലല്ല-
യാസ്ഥിലവ നന്നുമേ
വീരവാദമിതി ശിഷ്യതേ പുനരൊരുത്ത-
നെന്നതവധാര്യതാം."

വൃ ൮

ഇത്ഥം വികത്ഥ്യ വിവിധം ത്രിശിരാസ്തദാനീ-
മെത്തീ രുഷാ രഘുവരേ വികിരൻ വിപാഠാൻ
സ്മിത്വാ തദാ ധനുഷിചേർത്ത ശിതം ശരാഗ്ര്യം
തദ്വക്ഷസി പ്രകുപിതോ നിചഖാന രാമഃ.

വ്യൻ

തേനാതിവിദ്ധതനുരപ്യയമുന്നതാത്മാ
ബാണൈരനന്തമമുമന്തരയാംചകാര
താനേ വിഭിദ്യ വിശിഖാവരണം തദാനീം
മാനീ ശരൈരസ്തമഥ മമ്മസു നിമ്മമാഥ.

ൻ ൦

രാമപ്രയുക്തമശനൈരവധൂയ ബാണ-
സ്തോമം ബിഭേദ വിശിഖൈസ്ത്രിശിരാസ്തദംഗം
സോഽപി ക്ഷരൽക്ഷതജരഞ്ജിതസവ്വഗാത്രഃ
കോപേന തസ്യ നിധനായ മതിം ചകാര.

ൻ ൧

യുദ്ധേ തത്ര ശിരാംസി തസ്യ നിശിതൈ-
സ്ത്രീണി ത്രിഭിസ്സായകൈ-
ശ്ഛിത്വാ തൂണ്ണമപാതയത് ക്ഷിതിതലേ
വീരോ രഘുഗ്രാമണീഃ
ചിത്രം! കാണതു ഭാവിനസ്സ്വയമഭ്രൽ
പൌലസ്ത്യകണ്ഠശ്ഛിദാ-
വൃത്താന്തത്തിന മുൻപിലേ പൊഴുതുകൊ-
ണ്ടീടുന്നപോലേ തദാ.

ൻ ൨

അപ്പോളഭ്യക്ഷണംകൊണ്ടഴകിലുപരത-
പ്രായമാത്മീയസൈന്യം
കെല്ലേവും ഭ്രാതരൌ താവപി രണനിഹതൌ
വീക്ഷ്യ കോപാകുലാത്മാ
സ ഭ്രൂഭംഗാരുണാക്ഷസ്സപദി ഖരനപാ-
രുഹ്യ തുംഗം രഥാംഗം
ദുവ്വ്യന്നഞ്ചെട്ടുപത്തങ്ങലറി വിരവൊട-
ഭ്യായയൌ രാമചന്ദ്രം.

ൻ ൩

സംരംഭാദാപതന്തം ഖരമതിബലിനം
കണ്ടുകൊണ്ടാടിമേന്മേ-
ലാരൂഢപ്രൌഢകോപോദിതഹസിതകലാ-
ലംകൃതാസ്യാംബുജന്മാ

വീരാണാം മൌലിരത്നം പരികരമുടനാ-
ബദ്ധ്യ ഗാഢം തദാനീം
പോരാട്ടത്തിന്നണഞ്ഞു ഭുവനമഖിലമാ-
കമ്പയൻ ജ്യാനിനാദൈഃ.

൪൮

എണ്ണേലാതോരുശസ്ത്രൈരിരുവരുമൊരുപോ-
ലേ സമാജഘ്നതുസ്തൌ
നിസ്തീവ്രോത്സാഹമാജൌ രഘുതനയഖരൌ
മത്സരോൽകഭാജൌ
ഒന്നോടൊന്നെയ്തുബാണങ്ങളെ വിരവിൽമുറി-
ച്ചും തറപ്പിച്ചുമച്ചെ-
രന്യോന്യാംഗേഷു മേൽകൈവരുവതിനുതരം-
കൊണ്ടിരാരേന്നേ തുടന്നും.

൪൯

മാനംകൈക്കൊണ്ടു ജന്യേ ഖരനുമഥ രഘു-
സ്വാമിയും തമ്മിലെയ്യും
ബാണൈരന്യോന്യഘട്ടസ്ഫുരിതശിഖികണൈ-
സ്താരശാൽകാരഘോരൈഃ
കാണക്കാണെപ്പൊതിഞ്ഞു ശിവശിവ! ഗഗനം
തൽക്ഷണേ ഹന്ത! പക്ഷേ
വീണക്കാരൻമുനീന്ദ്രൻ നഖമുനചൊറുകി-
ക്കൊണ്ടു കൊണ്ടാടി മേന്മേൽ.

൫൦

ഷേണുററിടുന്ന രാമാസ്ത്രഗപടലികളേ-
റേററു തന്മെയ്യിലെങ്ങും
ക്ഷീണത്വം പോന്നുദിച്ചു ഖരനു ഭുജബല-
പ്രൌഢിയും ചെററു താണു,
കാണക്കാണെത്തഴച്ചീടിനഭുജബലവും-
പൂണ്ടു മേൽകൈതുടർന്നു
മാണിക്യം മാനവാനാം; ഭുവനമഴൽകള-
ഞ്ഞൊന്നു വീർത്തു തദാനീം.

൯൭

ഉരപൊങ്ങിന ശസ്ത്രസംപ്രയോഗം
കരകൊള്ളാഞ്ഞു ഖരൻ ത്വരാഭിമാനീ
സരുഷാ പ്രജിഘായ രാഘവായ
ത്വരിതോ. നിസ്തുഷമസ്ത്രസമ്പ്രദായം.

൯൮

വാരമ്പും താമസാസ്ത്രം ഖരനധികരുഷാ
കാൺ തൊട്ടത്തോരുനേരം
പാരിക്കും ക്രൂരിരുട്ടിൻപടലിഭിരുടനേ
ഹന്ത! മൂടീ ദിഗന്തം
പൂരേ വാത്സ്ഥാവതോ സന്തതമഖിലവ്യമ-
പ്യഞ്ജസാ സഞ്ജിഹീർഷു-
സ്സൗരാസ്ത്രം തത്ര മന്ത്രിച്ചിതു രഘുപെരുമാ-
ളന്തരീക്ഷപ്രകാശം.

൯൯

പർജ്ജന്യം പാവകാസ്ത്രത്തിനു പവനമഹാ-
സ്ത്രത്തിനുർവ്വീധരാസ്ത്രം
നിശ്ശങ്കം പന്നഗാസ്ത്രത്തിനു ഗരുഡമയം
ബാഡവം വാരുണാസ്ത്രേ
സദ്യോ മാനോഭവാസ്ത്രത്തിനു ഗിരിശമയം
കേളൊരോന്നിന്നൊരോന്ന-
പ്രത്യസ്ത്രം ദ്വന്ദ്വയുദ്ധേ ഖരനൊടു സാഹസാ
സന്ദധേ സാന്ദ്രധാമാ.

൧൦൦

അസ്ത്രപ്രത്യസ്ത്രമുദ്രാവ്യതികരമിളകു-
ന്നേരമെന്തൊന്നു ചൊല്ലൂ
*സത്രാവേഗേന മണ്ടീ ദിശി ദിശി ഭയപ-
ര്യാകുലം ഖേചരൌഘം;
പൃഥ്വീഭാജാം വളർന്നു ഝടിതി യുധി വിരാ-
മഭ്രമം തദ്ദശായാം
ചിത്രം! ചിത്രം! സുരൌഘാ യുധി ദദൃശുരുഭാ-
വപ്യഭേദാനുഭാവൌ.

* "സാകം സത്രാ സമം സഹ." (എന്ന് അമരം).

൧൦൧

അന്യോന്യഘൎഷത്തുമൂലേ സമരേ തദാനീം
മന്നോർകിരീടമണി വിക്രമമാണ്ടനേരം
മിന്നൽപ്രഭാം പൊരുതവാളുമിളക്കി നേരേ-
തന്നേ വിളിച്ചു രജനീചരനാബഭാഷേ.

൧൦൨

"എണ്ണേലാതോരു നാനാഗുണവിളനിലമേ!
രാമ! നാം പണ്ടുപണ്ടേ
നിന്നെക്കേൾപ്പുണ്ടു വംശേ ദശരഥസുതനായ്
വൎത്തമാനം ഖരാംശോഃ
ധന്യാത്മാ ജാമദഗ്ന്യൻ ധരണിയിൽ മരുവും
ക്ഷത്രവംശം മുടിച്ചു-
പ്പിന്നേ തൽസംഭവംകൊണ്ടിതു ബത പലനാൾ.
ക്രൂടി വംശം പുമാംസം.

൧൦൩

ഓരോന്നേ വിക്രമപ്രൌഢികൾ തവ മനസാ
കേട്ടുകേട്ടെത്രനാളു-
ണ്ടാരൂഢാശം നിനയ്ക്കുന്നിതു നിരവധി കൺ-
മുന്നിലെത്തീട്ടുവാൻ ഞാൻ
പാരിൽ ചൊല്ലുന്ന പാരശ്വധികമുനിജയം-
കൊണ്ടശേഷം കളഞ്ഞാ
വാരെത്തും ക്ഷത്രവംശത്തിനു സുചിരനിഖാ-
തം പരീഭാവശല്യം.

൧൦൪

ഓൎത്താലോൎത്തോളമിന്നിൻ ചരിതവിലസിതം
നന്നു നന്നെന്നിരിക്കേ
ഹാസ്യം മുൻപിൽ തുടൎന്നോരടവതനുചിതം
താഡനം താടകായാഃ
പാൎത്താലിന്നാൎക്കുതോന്നും പരികലയ നിര-
സ്താഗസം ധൎമ്മസാരം
ക്ഷാത്രം നിൎദ്ധൂയ വൃദ്ധസ്ത്രീയമരുകൊല കൊ-
ന്നീടുവാനിത്രിലോക്യാം?

൨൦൫

ചൊല്ലാം മറെറാന്നു പെൺണ്ണിൽ പെരുകിന കുതുകാ-
ലിത്രിലോകീശചാപം
നില്ല്ജ്ജൻ കേരം മുറിച്ച്വാഫലവുമനുഭവി-
ച്ചീടിനാൻ തൽക്ഷണം നീ
നല്ലൊന്നേ നല്ലു ചൊല്ലാമിതു ഞെളിവൊടു സിം-
ഹാസനേ പുക്കനേരം
ചൊല്ലിക്കൊണ്ടുനിഴക്കിബ് ഭരതജനനി ത-
ള്ളിക്കളഞ്ഞാരം വനാന്തേ.

൨൦൬

ശ്രീമത് സൂയ്യാന്വവായേ നെറിവിയലിനക-
ന്മാഷമേ! കേളിദാനീം
കാമഭ്രാന്ത്യാ വശംകെട്ടിരവുപകലിര-
ന്നിട്ടു കേളാഞ്ഞശംകം
ഓമൽപ്പെൺപ്പൈതലസ്മദ് ഭഗിനിയൊടു ഭവാൻ
ചെയ്ത ദുർവൃത്തിയെല്ലാം
സാമത്ഥ്യപ്രൌഢിയോ നിൺണ്ണയമന്നുതമയേ
നിൻകലുന്നീ ദുരാത്മൻ!

൨൦൭

കേരം കേരം നില്ലു വിരാധനല്ലിതു മഹാ
ബാഹുസ്സുബാഹുന്ന വാ
ലോകദ്വേഷണനങ്ങു ദൂഷണനഹോ!
നാഹം ത്രിമൂദ്ധാസുരൻ
വാർകോലും ഭഗിനീനികാരകുപിതോ
ഹന്തും ഭവന്തം ബലാ-
ദേകാകീ സമുപാഗതഃ ഖരനസൌ
ദുവ്വാരദോശ്ചണ്ഡിമാ.''

൨൦൮

ഇത്ഥം ഖരോക്തികരം നിശമ്യ രുഷാ മഹാത്മാ
യുദ്ധായ ലക്ഷ്മണനണഞ്ഞിതധിജ്യധന്വാ

സദ്യസ്തദ്ദ്യുമമടക്കി ദൃശാ തദാനീം
സ്മിതപാ ഖരം പ്രതി ജഗാദ ജഗൽപ്രണേതാ.

൧൦൯

"പ്രത്യക്ഷസ്തുതിയിൽ കവന്ന ഗഹനാ-
ക്ഷേപക്രമം വയ്യെടോ!
നക്തഞ്ചാരിമഹേന്ദ്ര! ദുർബ്ബലധിയാ-
മുള്ളൊന്നിതെല്ലാടവും;
മിഥ്യാജല്പനമല്ല പാക്കിലുടനേ
ശൌര്യ്യങ്ങൾ കാട്ടീടുകെ-
ന്നത്രേ വീരമഹാവ്രതാന്തരമിതേ
കെല്പാർന്നയുഷ്മാദൃശാം.

൧൧൦

രക്ഷോവംശത്തിനുള്ളിൽ കലരുമൊരു കള-
ങ്കാങ്കുരാഭോഗമേ! കേ-
ളഗ്രേ നീ ചെയ്ത ദുർവ്വാക്കിനു മറുപകരം
ഞാനെടുക്കെന്നുവാരാ;
ഇക്കാലം കാലഗേഹേ തവ വിരവൊടു യാ-
ത്രാമുഹൂർത്തം വിധിപ്പാൻ
മൽക്കൈയിൽച്ചേർന്ന ക്രൂരമ്പിനു ഗുരുതരമാ-
രംഭമെന്നോക്കെടോ! നീ.

൧൧൧

ശുദ്ധാനാം താപസനാം തതിയെ മുറവിളി-
പ്പിച്ചുമന്നന്നു കർമ്മ-
പ്രത്യൂഹംചെയ്തുമന്നീ ബത! തുടരുമമ-
ര്യ്യാദവാക്കിന്നിദാനീം
ഉൾത്തിങ്ങീടുംഫലം കേവലമിതനുഭവി-
പ്പിപ്പതിന്നത്ര വന്നു
സത്യം ഞാൻ ദൈവഹീനഃ സപദി ജനപദാദ്
ഭ്രംശിതോ ദൈന്യശാലി.

൧൧൨

ത്രൈലോക്യദ്വേഷണോ നീ മമ നയനപഥേ
വന്നതെൻ ഭാഗ്യയോഗം
കേളെന്നും പ്രാണശാലീ രജനിചര! ഭവാൻ
പോകയെന്നിന്നിവാരാ,
ആലാപപ്രൌഢിപോരും മതി മതി കുമതേ!
തീൎത്തുചൊല്ലാം ക്ഷണാൽത്വം
കാലക്ഷേപം കഥഞ്ചിന്മമ കരകലിത-
സ്സായകോ നൈവ സോഢാ."

൧൧൩.

ഇത്ഥം നിശമ്യ വചനം ഖരനാത്തധന്വാ
ക്രുദ്ധോ രഥേന രഘുനാഥനൊടൊത്തണഞ്ഞാൻ
സദ്യോ മിഷൽസു സകലേഷു ധനുസ്തദീയം
ചിച്ഛേദ സായകവരേണ വരേണ്യസാരം.

൧൧൪

ചൊന്നാനുച്ചൈർദ്ദുരാത്മാ തദനു പരിഹസൻ
"ബാല! കേൾ ഭീതിവേണ്ടാ
നിന്നേക്കൊല്ലുന്നതില്ലായുധരഹിതമവേ-
ഹി ക്ഷണാദക്ഷതാത്മാ
ഒന്നങ്ങോൎക്കേണമങ്ങേക്കിവിടെ നിവസതാം
വീരധൎമ്മപ്രമാഥം
വന്നാൽ മാനീ പുലസ്ത്യാന്വയമണിപൊരുമാറാം
രാവണോ നൈവ സോഢാ."

൧൧൫

തസ്മിന്നിത്ഥമധിക്ഷിപത്യഥ ഖരേ
ഛിത്വാ ധനുസ്സംഗരേ
സ്ഥിത്വാ വീരശിഖാമണിഃ ക്ഷണമസൌ
മന്ദാക്ഷകോപാകുലം
ദധ്യൌ തത്ര ശുചിഃ കൃതാഞ്ജലിപുട-
ശ്ചാപോത്തമം വൈഷ്ണവം
കുംഭോദ്ഭൂതിമഹർഷിണാ പ്രഥമതോ
ദത്തം മഹാഹർഷിണാ.

ഫ ഫന്ദ

ഈശാ! കാണായിതപ്പോളുപരി പരിലസൽ-
സൂൎയ്യകോടിപ്രകാശം
ശ്രീശാർങ്ഗംപള്ളിവിൽ പോന്നതിരഭസമെഴ-
ന്നെള്ളമക്കോപ്പകാണ്ടേ
വാചാ വാൎത്തീടവല്ലേനിടതുടരെ നിറ-
ഞ്ഞോരു തേജശ്ഛടാരു-
ദ്ധാശാന്തം തത്സമക്ഷം മനുവൃഷഭകരേ
ചേൎന്നു വീക്ഷാംബഭൂവേ.

ഗദ്യം ൨. (ദണ്ഡകം).

തദനു മനുകുലാധീശപരൻ വ്യോമമൎഗ്ഗാലെഴുന്നള്ളിവേഗേന ദീപ്തിച്ഛടാസങ്കുലം തൽക്കരേ വന്നുചേൎന്നീടുമാവൈഷ്ണവംചാപമാദായ നേരേകുലച്ചാശു പോരാട്ടുവാനായ്മുതിൎന്നോരുനേരം മഹാഭാഗ്യശാലീ ഖരൻ തത്ര രോദോന്തരാളം നിറഞ്ഞുജ്ജ്വലദഹനി-തിഗ്മാംശുകോടിപ്രഭം ഭൂരിതേജോഭരം മുൻപിലാമ്മാറുകണ്ടീടിനാൻ. പിന്നെയും ചെററതിന്നുള്ളിലാമ്മാറു സൂക്ഷിച്ചു പാൎക്കുന്ന നേരം മഹാരത്നഭാസാ വിളങ്ങുന്ന പൊന്നിൻകിരീടത്തെയും താരിൽമാതിൻ നഖശ്രേണികാലാളിതം കുന്തളാഭോഗവും ജംഗമസ്ഥാവരാത്മപ്രപഞ്ചം ഭരിക്കുന്ന ചില്ലീലതോല്ലാസവും ചന്ദ്രസൂൎയ്യാത്മകം ചാരുതൃക്കണ്ണുരണ്ടും കപോലസ്ഥലീശോഭയും കാന്തിഭൂമാകരം മാകരം കുണ്ഡലദ്വന്ദ്വവും കണ്ഠസൌന്ദൎയ്യവും മാറിലേററം മഹാലക്ഷ്മിയും കൌസ്തുഭാഭോഗവും ബാഹുദണ്ഡങ്ങളിൽ ചേൎന്നെഴും ചക്രശംഖാസിചാപങ്ങളും പീതപട്ടാംബരപ്രൌഢിയും തൃത്തുടക്കാമ്പുമച്ചേൽകഴൽപല്ലവോല്ലാസവും മുൻപിലാമ്മാറു കണ്ടീടിനാൻ. ഇത്ഥമത്യുജ്ജ്വലം വൈഷ്ണവം ധാമ രാമങ്കലാലോക്യ വായ്ക്കും പ്രമോദേന മദ്ഗാത്രമിന്നേരമേ തന്മഹാവിഷ്ണവഹൈനൗജുഹോമീതി നിശ്ചിത്യ കോപാരുണഭ്രൂകുടീഭീമവക്ത്രോ ധനുജ്ജ്യാലതാമൊന്നിരമ്പിച്ചു "രേ രാമനല്ലേ വിദഗ്ദ്ധാ! നവം വില്ലു കൈക്കൊണ്ടു പോരിന്നു വാവാ മദീയം ഭുജാവിക്രമപ്രൌഢികാണേണമിന്നേര"മെന്നിങ്ങനേ നിഷ്ഠുരൈരട്ടഹാസോത്കരൈരെട്ടുദിക്കും മുഴക്കിച്ചു ഭൂയോഽപി പോരാട്ടുവാനായ് മുതിൎന്നീടിനാൻ.

൧൧൭

സ്വച്ഛന്ദാത്മാ തദാനീം പരമഗുരുമനു-
സ്മൃത്യ വിശ്വാഭിവന്ദ്യം
വിശ്വാമിത്രം മുനീന്ദ്രം മണിപവഴി തൊട്ടു-
ജ്ജ്വലേ ശാർങ്ഗചാപേ
അച്ഛിന്നാടോപമീടേറിന ഖരനെ മഹോ-
രഃസ്ഥലേ താഡയിത്വാ
വിശ്വവ്യാപത്തിഹാരീ രഘുപതി തരസാ
പാതയാമാസ ഭൂമൌ.

൧൧൮

ഖര*പരുഷശരാസനേ ഗൃഹീതേ
ഖരകിരണാന്വയശേഖരേണ തേന
ഖരരഘുവരയോ രണം സമാപ്തം
†ഖരനഖരായുധയോരിവ ക്ഷണേന.

൧൧൯

വൻകോപംപൂണ്ടു ധന്വീ ശിവ ശിവ! ദിവസ-
സ്യാഷ്ടഭാഗേനതന്നേ
സംഗ്രാമേ മുട്ടിയെത്തിപ്പെരിയഖരബലം
കൊന്നൊടുക്കിത്തദാനീം
ഭംഗ്യാ വാനോർവിമുക്താം തിരുമുടിയിൽ മുദാ
കൌസുമീമേററുവൃഷ്ടിം
മംഗല്യാത്മാവകംപുക്കിതു സമമഥ സൌ-
മിത്രിണാ പർണ്ണശാലാം.

൧൨൦

ഉത്ഥായാമന്ദമപ്പോൾ മൃദുലകരതലം-
കൊണ്ടു നീളെത്തലോടി
പ്രത്യംഗം തീവ്രശസ്ത്രവ്രണവിതതിയെ നി-
ർമ്മൂല്യ നിർമ്മായഭാവാൽ

* 'ഗ്രന്ഥിർന്നാ പർവ്വപരുഷീ' (എന്ന് അമരം).
† 'രാസഭാ ഗർദ്ദഭാഃ ഖരാഃ' (എന്ന് അമരം).

സദ്യോ നിർവ്വാപയന്തീം ജനകദുഹിതരം
ചേർത്തു തന്നങ്കഭാഗേ
തയ്ത്തെന്നൽക്കന്നമേറേററുടജഭുവി മുദാ
രാമചന്ദ്രോ ന്യവാത്സീത്.

൧൨൧

ഖരവധപരിശുദ്ധേ ദണ്ഡകാരണ്യഭാഗേ
മുനിഭിരഭിഹിതാനാമാശിഷാം താദൃശീനാം
സ്വയമചരമപാത്രം സൈ്വർഗ്ഗണൈർമന്ഥരാഗ്രഭൃൽ
തദനു മനുകുലേന്ദുസ്സാനുജശ്ശൌര്യ്യരാശിഃ.

൧൨൨

പ്രാങ്മന്ഥരേതി മഹിഷീതി വരദായീതി
ധർമ്മവ്യയവ്യഥിതഭൂപതിഭാരതീതി
കാകുൽസ്ഥകാനനകഥേതി ച സന്തി സംജ്ഞാഃ
പൌലസ്ത്യഭീതഭുവനത്രയഭാഗ്യപങ്ക്തേഃ.

ഗദ്യം ൩.

ലങ്കാസമരാംകമുഖവിഷ്കംഭകേ തസ്മിൻ മഹാസ്കന്ദനേ നിരന്തരപ്രസൃമരരഘുവീരശരശതശകലിതശർവ്വരീചരശരീരനിർഗ്ഗതരുധിരാപഗാസംഭേദദിഗ്ഗുണിതാടോപാ ഗോദാവരീ വിഭോരനുഭാവമാവേദയിതുകാമേവ ലങ്കാപുരപരമപരിഖായൈ സരിതാംപത്യൈ സത്വരതരം പ്രാവഹത്.

ഖരവധംസമാപ്തം.

---

കിഷ്കിന്ധാകാണ്ഡം.

സുഗ്രീവസഖ്യം.

൧

എൻതോഴാ! നിന്നെയിപ്പോൾ മമ വിരവൊടു കാ-
ണായതെൻ ഭാഗധേയ-
സ്യന്ദാനാം വായ്പുതന്നേ വരിക തവ കരേ
കൈത്തലം വയ്ക്കിലോ ഞാൻ,

സന്തോഷം ചൊല്ലവല്ലേൻ മമ സദസി ഭവാം-
നോട്ടു സഖ്യം തുലോം വാർ-
ചിന്നുന്നു പണ്ടു സുഗ്രീവനൊടു ഗുണനിധേ
രാഘവന്നെന്നപോലെ.

൨

ശങ്കാഹീനം ഖരാദിത്രിദശരിപുബലം
കാൽക്ഷണംകൊണ്ടു നേരേ
സംഗ്രാമേ കൊന്നൊടുക്കിപ്പുരിമൃദുപവന-
സ്യന്ദനാനന്ദിതാത്മാ
അങ്കേ സംഭാവ്യ പങ്കേരുഹമുഖിയെ മുദാ
മൈഥിലീം തത്ര മേവീ
ഭംഗ്യാ ശ്രീരാമചന്ദ്രൻ പരിമളബഹളേ
പർണ്ണശാലാന്തരാളേ.

൩

ആസ്ഥാംകൈക്കൊണ്ടു പാൎശ്വേ മരുവുമനുജനോ-
ടത്യുദാരസ്മിതാൎദ്രം
പേൎത്തും പേൎത്തും ഖരൻതൻമുഖരഭുജബല-
പ്രൌഢി മാനിച്ചൊരോന്നേ
പ്രീത്യാ തന്നങ്കഭാഗേ മരുവിന മിഥിലേ-
ന്ദ്രാത്മജാവക്ത്രപദ്മം
പാൎത്തും പാൎത്തും ത്രിലോകീമണി പരമസുഖോ-
ന്മേഷമുൾക്കൊണ്ടിരുന്നു.

൪

വിശ്വദ്രോഹം വളൎത്തീടിന ഖരനിധനം-
കൊണ്ടു സമ്മോദമുള്ളൊ-
രുൾച്ചേൎന്നുച്ചാവചാഭിൎവ്വിതതിഭിരനഘ-
ഹ്യാശിഷാമായതെല്ലാം
വിശ്വാസംപൂണ്ടു വിശ്വേ ജനിതധൃതി ജന-
സ്ഥാനഭാജോ മുനീന്ദ്രാഃ
സൎവ്വാംഘം രാഘവായ പ്രദിദിശുരതിമ-
ങ്ഗല്യമാമംഗളീയം.

൭

സ മുക്തിഭാണ്ഡ മണ്ഡലപൂർണ്ണപാത്രം
സമസ്തമായാഹരമംഗുലീയം
വിമുക്തഖേദം പ്രതിഗൃഹ്യ മേനേ
വിമർദ്ദമീഷൽക്കരമാശരാണാം.

ഗദ്യം ൫.

തദനു തദാനീം ദശമുഖസോദരി
ഖരനും ദൂഷണനും ത്രിശിരാവും
പടയോടുകൂടെച്ചെന്നു സരോഷം
പട്ടുതകലന്നൊരു രാമശരാഗ്നി-
ജ്വാലാമാലയിലീയാംപാററ പൊ-
രിഞ്ഞുകണക്കേ വെന്തെരിയുന്നതു
കണ്ടു ഭയംപൂണ്ടിണ്ടൽതെരണ്ടുട-
ന്നയ്യോപാവം ഹാ! ഹാ! രാവണ!
വീരസഹോദര! തവ ഭഗിനീയം
പെരുകീടുന്നൊരു ഭാഗ്യസമേതാ
നരകീടനവിരൂപിതയായീ
പാലയ പാലയ നീയേ ശരണം.
പാരിൽ പുകൾപെട്ടമിന്ദ്രനുപോലും
കിമപി നിനയ്ക്കരുതാത്തൊരുകർമ്മം
ദശമുഖവീരകുടുംബദ്രോഹം
വാങ്മാത്രംപുനരതുമായല്ലോ.
കള്ളപ്രാണികൾ മാണികളേ! മതി
ചെററ പൊറുപ്പിൻ പകരംവീളും
ത്രിഭുവനപെരുമാളിന്നേതന്നേ
വീര്യപയോനിധിരാക്ഷസരാജൻ
ഭഗിനീമെന്നെ വിരൂപാം കണ്ടാ-
ലവനിഹ ചെററപൊറുത്തീടാമോ.
കോണകമുടയും തെണ്ടും താവിന
മാണികൾചെയ്യോരുകുസൃതിയിതെല്ലാം
നാലുദിനത്തിനകത്തു ഫലംവരു-
മയ്യോപാവം! കൈയൂക്കുള്ളൊരു-
നാഥനിരിക്കേ വല്ലാതേപുന-

രെന്നേക്കൊണ്ടു ചമച്ചാരല്ലോ.''
സതതമിവണ്ണം തന്നത്താനേ
താഡിച്ചധികം മുറയുംവിട്ടു ജ-
വേന സമീരണമാൎഗ്ഗത്തൂടേ
ലങ്കാനഗരിയിലയ്യോ! ശിവശിവ!
മണ്ടുന്നേരം മദ്ധ്യമാൎഗ്ഗം
നവനവരുധിരം വൎഷിച്ചീടിന
കാളഘനാഘനമാലയിതെന്നും
ബാലാതപനിരപൂണ്ടുനടക്കും
നീലാഞ്ജനഗിരി നൂനമിതെന്നും
പരിചൊടു ജഗതാമാൎത്തിവളൎപ്പാൻ
പെരുമാറീടിന കൃത്യയിതെന്നും
നാസികയില്ലതിഘോരതതേടിന
യാതനതന്നേ പാൎക്കിലിതെന്നും
ഭീഷണതയ്ക്കൊരു ഭൂഷണമെന്നും
വൈരൂപ്യത്തിന്നൊരാസ്പദമെന്നും
ദുഷ്കൎമ്മത്തിന്ന സൂതികയെന്നും
ചെമ്മേ മൂൎത്തമധൎമ്മമിതെന്നും
മതി മതി കണ്ടതു മണ്ടിക്കളവിൻ
മാപാപികളേ ശൂൎപ്പണഖാ കില
പിഴപെട്ടുമാനകളിക്കുംപോലേ
പിൻപേചെന്നു തുടൎന്നാലെന്നും
വിവിധാഭാഷണഗോചരഖേചര-
പങ്ക്തിഷു ചിലരേച്ചെകിടുപൊളിച്ചും
ചെവിപിടിപെട്ടു സരോഷമിഴച്ചു-
മുഴച്ചുപറഞ്ഞും നാസാകുഹര-
ത്തൂടേ ചാടും ചോരകുടിച്ചു തി-
ളച്ചുപൊളച്ചുതിമൎത്തുമദിച്ചും
ചിലരെ നിണംകൊണ്ടൂൎത്തും തേച്ചും
ചിലരെപ്പെരികെട്ടുവ്വാചെയ്തും
പ്രൌഢമുനീനാമാടപൊളിച്ചും
പെരുവഴിനീളേ കളകളഘോഷം
തെരുതെരെവായ്പിച്ചുദധികടന്നു നി-
ശാചരനഗരീഗോപുരമാൎഗ്ഗേ

ചെന്നൊന്നലറിച്ചെറുത്തുകുലുക്കി
ത്രിദശമഹാരിപുനിശിചരപെരുമാറ്
ശൌൎയ്യക്കട്ട ദശഗ്രീവൻതാൻ
മന്ത്രികളോടും തെളിവിലിരിക്കും-
മണിമയരംഗാങ്കണഭുവി ഗത്വാ
മൂക്കുംമുലയും പ്രാഭൃതമാക്കി-
പ്പേരികെ രുദിത്വാ സാ രജനീചരി
രാവണമൊട്ടു പഴിച്ചുപറഞ്ഞാറ്.

൩

„സംഫുല്ലാഭോഗ! വല്ലേൻ പറവതിനിഹ ഞാൻ
പെട്ടപാടിന്നെനിക്ക-
പ്പെണ്ണെൻജാതിക്കുപാക്കും‌പൊഴുതിലൊരുടയോർ
പാരിലില്ലെന്നുവന്നു;
ഡംഭംകാട്ടിബ്ഭവാനോ ദശമുഖ! മണിസിം-
ഹാസനേ ചെന്നു മീശ-
ക്കൊമ്പും മെല്ലേ നിരത്തി പ്രഭുജനനറിയു-
ന്നീലൊരോരോ വിശേഷാൻ.

൪

ഉള്ളിൽ കിഞ്ചന നാണമില്ലയി! ഭവാ-
നേതാദൃശീം പശ്യ മാം
തള്ളിത്തള്ളിവരുന്ന ശോണിതഝരീ-
സംപൂൎണ്ണനാസാദരീം
കൊള്ളില്ലോ പുനരിന്നുനിൻപടയുമൊ-
ട്ടൈശ്വൎയ്യവും ശൌൎയ്യവും
വെള്ളിക്കുന്നു പറിച്ചെടുത്ത പുകഴ്കൊ-
ണ്ടീടും പ്രഭാവങ്ങളും.

൫

തോട്ടികൊണ്ടോ നടേ മാററലരൊട്ടു ബലവാ-
ന്മാരൊടുമ്പ്പോരിടാനീ-
മോട്ടപ്പെട്ടു ഭവാനേപ്പരിഷ പരിഭവി-
ക്കുന്നതോരായ്കമൂലം;

കേട്ടു നീ കേളി നാനാവിടപിനിബിഡമാം
കാട്ടിലാക്കാട്ടരീയും
ക്രുട്ടുതുംചെയ്തു താനേ വിവശതരമുറ-
ങ്ങും പെരുംഭോഷനോടോ?

൯

കൊണ്ടീല *ശങ്കരനൊടമ്മനുജാൻ വിജേതും
പണ്ടെന്നുമേ വരമതിന്നു ഫലിച്ചുവല്ലോ
ഉണ്ടോ വിചാരമൊരു വാനരനോടുമെന്നും
കൊണ്ടീടുവാൻ ചില ചപേടനമേകദാ നീ?

൧൦

ഇന്നീയല്ലോ പുരാ കൊന്നതു മമ ദയിതം
നിന്നെ ഞാനിന്നി മാരോൽ-
ഭിന്നാ മൽക്കാന്തനാക്കിപ്പുരിചൊടുപുണരു-
ന്നുണ്ടു പുണ്യാംബുരാശേ!
മുന്നേതന്നേ കുലസ്ത്രീകളുർമുലപുണരും
ഭാഗ്യവാനിന്നു യോഗ്യം-
തന്നേ തേ സോദരീസംഗമമരുതിനിമ-
ണ്ഡോദരീസംഗമേതും."

൧൧

എന്നിവണ്ണമൊരുടപ്പിറന്നവളുടുത്തു-
ചെന്നു ചെവിയിൽപ്പൊറാ-
യുന്നവാൎത്ത പറയുന്നതേഷ നിശമയ്യ
കോപകലുഷേക്ഷണം
ഒന്നുവാച രജനീചരേന്ദ്രനവളോടു
മൂന്നു ഭുവനങ്ങളും
വെന്നു വീരമണിമാലമൌലിയിലണിഞ്ഞു-
ദഞ്ചിതഗഭീരിമാ.

* 'നാൻമുഖനൊട' എന്നു (പാഠഭേദം).

൮൨

"പോരും പോരായ്മ വന്നെന്നൊടു പരുഷമുണ-
ൎന്നതാർ ചെയ്തതിന്നി-
പ്പാരേഴിങ്കൽക്കലൎന്നുള്ളവരിലൊരുവനി-
പ്പാപകൎമ്മം ദുരാത്മാ?
നേരേചൊല്ലിന്നുതന്നേ പകരമിതിനു ചെ-
യ്തീടുവാൻ ചന്ദ്രഹാസം
പോരാതൊന്നല്ലിതൈരാവതകരടഭിദാ
പാടവോന്മേഷശാലീ.

൮൩

ദേവേന്ദ്രൻതാനതെങ്കിൽ കഥയ കഥയ പൌ-
ലോമിയെച്ചെന്നടിച്ചു-
പ്പൂവാർമൽക്കൊങ്കയും നാസികയുമരിവനൊ-
ന്നേറെയും ചെയ്വനിന്നേ
മോഹാലിന്നമ്മൊടേററിത്തൊഴിൽ തടവിയത-
ങ്ങഗ്നിതാനെങ്കിലോ തൽ-
സ്വാഹാദേവീപ്രസംഗം ജഗതി വടുവരു-
ത്തീടുവൻ ക്രുദ്ധക്രുദ്ധം.

൮൪

കാലനിന്നിതു പിണച്ചതെങ്കിലോ
ശൂലമേററവനുരസ്ഥലാന്തരേ
ബാലനെന്നൊടു പടയ്ക്കണഞ്ഞനാൾ
ചീളിപെട്ടതു മറന്നുപോയിതോ.

൮൫

നിരൃതിക്കിതു യോഗ്യമല്ലചെയ്തീ-
ടരുതിന്നാമപി തൽകുലീനരല്ലോ
വരുണോ യദി തം ച വാം മുനയ്ക്കി-
ന്നിരയാക്കീടുവനേഷ നിർവിശങ്കം.

൮൬

ശിവനാണ! പരാഭവം മദീയം
പവനൻചെയ്കയുമില്ല തീൎത്തുചൊല്ലാം,

ഭുവനേഷു സദാ നടന്നുകൊൾവാ-
നവനസ്സൽകനിവില്ലയായ്കിലാമോ?

൫൭

വായ്ക്കുന്ന പുഷ്പകവിമാനവരം നമുക്കി-
ങ്ങായ്ക്കൊണ്ടുമൂല്യമിളകീടിനകോപശാലീ
സൌഖ്യംകെട്ടത്തതൊരുവൈശ്രവണോഽയമെങ്കിൽ
ഭൈക്ഷ്യംപിടിക്കുമവനെന്നിയടങ്ങുമോ നാം.

൫൮

ഇനിയുമതുമിതും പറഞ്ഞു കാലം
ക്ഷണമപി നീ കളയായ്ക ചൊല്ലു നേരേ"
അനുമുഹുരിതി വാദിനം ദശാസ്യം
പുനരപി ശൂൎപ്പണഖാ ജഗാദ വാചം.

൫൯

"കേട്ടാലും പുനരെങ്കിൽ നീ തവ ഗിരാ
ലോകേഷു കണ്ടാലുമ-
ക്കേട്ടാലും തരമായ കാന്തനെ വരി-
പ്പാൻ ഞാൻ നടക്കുംവിധൌ
ആഢ്യൌ ബാണധനുൎദ്ധരൌ കൊട്ടവനേ
കണ്ടീടിനേൻ പൂരുഷ-
ശ്രേഷ്ഠൌ കൌചന രാമലക്ഷ്മണതയാ
ഭേദാ സ്ഥിതൌ മന്മഥൌ.

൬൦

ദൃഷ്ട്വാ തൌ തു പുമാനപി സ്പൃഹയതേ
സ്ത്രീജന്മനേ സൎവ്വദാ
സൌന്ദൎയ്യം കിയദേതദേവമനയോഃ
പശ്ചാൽ പ്രതാപം ശൃണു
ശക്രോ വാ കുലിശീ പുരാരിരഥ വാ
ശൂലീ മുകുന്ദോഽപി വാ
ചക്രീ താൻ യുധി ജേതുമപ്യലമസൌ
ജ്യായാൻ കനീയാനപി.

൨൧

ത്രൈലോക്യത്തിലൊരോതരം തരുണരെ-
ക്കണ്ടേനൊരുത്തന്നുമേ
മാലാറിപ്പതിനുള്ള ഭംഗിതികയെ-
ക്കണ്ടീല കൊണ്ടീല ഞാൻ
തൌ ലോകോത്തരകാന്തികന്ദളമിള-
ന്നേത്രോത്സവൌ കണ്ടുടൻ
ചേലേന്തുന്നനിലാവിലിന്ദുശിലപോ-
ലേ ചെററലിഞ്ഞീടിനേൻ.

൨൨

വിണ്ണോരല്ല മുനീന്ദ്രരല്ല ദനുജ-
ന്മാരല്ല യക്ഷൌഘമ-
ല്ലന്യേ കിന്നരനാഗകിംപുരുഷസി-
ദ്ധാന്മാരുമല്ലാരുമേ
അന്യായം മയി ചെയ്തതൊട്ടുമനക-
മ്പാശ്ശൂന്യചിത്തസ്സയോ-
രുന്നമ്രള്ളൃതിലക്ഷ്മണൻ കരതലേ
പോർവാളുമാലോളയൻ.

൨൩

മേൽകൈപോവതുമല്ല പാക്കിലവരോ-
ടാക്കും ഭുജാവിക്രമ-
ശ്രീകൊണ്ടെന്നതു കണ്ടുമൊട്ടനുഭവി-
ച്ചും ഞാനറിഞ്ഞീടിനേൻ
പോർകോലും ഖരദൂഷണത്രിശിരസാ
രാത്രിഞ്ചരാസ്സാനുഗാ
ഹാ! ഹാ! രാഘവസായകാഗ്നിയിലെരി-
ഞ്ഞേപോയിതെല്ലാരുമേ.

൨൪

ധന്യാ തയോരരികിലുണ്ടിരുൾകൊണ്ടൽമദ്ധ്യേ
മിന്നുന്നമിന്നലോടുനേരിടുമംഗരേഖാ
തന്വംഗി കാചന വിലോചനവിഭ്രമശ്രീ-
സന്നാഹവഞ്ചിതജഗത് ത്രയധൈര്യസാരാ.

൨൫

പൂവിൽപ്പെണ്ണിനുമില്ല താദൃശമഹോ!
ലാവണ്യമെല്ലാരുമി-
ദ്ദേവസ്ത്രീകളവൾക്കു താലിപിഴിവാൻ-
പോലും തരംപോരുമോ
പേർവാച്ചീടിനവീരനംഗജനല്ലോൻ
പൂവമ്പുമായന്തികേ
കാവൽക്കാരനസൌ തദീയകൃപയാ
വെല്ലുന്നിതുർവ്വീതലം.

൨൬

സാ രാമണീയകനിധേരധിദേവതാ വാ
സൌന്ദര്യസാരസമുദായനികേതനം വാ;
തസ്യാ മരന്ദശരദിന്ദുസുധാമൃണാള-
ജ്യോത്സ്നാദി കാരണമഭൂന്മദനശ്ച വേധാഃ.

൨൭

നീലസ്നിഗ്ദ്ധകചം നവേന്ദുശകല-
ശ്രീമന്നിടാലോജ്ജ്വലം
ദീർഘാക്ഷം കുടിലാസിതഭ്രു വിമല-
പ്രോൽഫുല്ലഗണ്ഡസ്ഥലം
ആഭോഗിസ്തനമാനതാംസമധൃത-
സ്ഥായന്നിതംബം വിഭോ!
തസ്യാഃ കിം ചകിതൈകഹായനമൃഗീ-
ദൃഷ്ടേർവ്വപുഃ കഥ്യതേ.

൨൮

ജംഘാം മാർഷ്ടി മുഹുശ്ശിരോരുഹഭരഃ
കർണ്ണാന്തനിർലംഘനാ-
ജംഘാലേ ച വിലോചനേ സ്തനഭരൌ
ദോർമ്മൂലക്രൂലങ്കഷൌ
യോഗ്യതപാനുപലബ്ധിനിഹ്നുതകഥോ
മദ്ധ്യോ ഗുരൂണാം ഗുരു
ശ്രോണീമണ്ഡലമംഗഭംഗിമലസാ-
പാംഗ്യാഃ കഥം ബ്രൂമഹേ.

൨൯

നിൎമ്മൎയ്യാദങ്ങളിൎമ്മാണികളിരുവരുമായ
ചെയ്തതെല്ലാംപൊറുക്കാം,
കൎമ്മം പോന്നീടില്ലോ ചെററതിനുപകരവും
വീണ്ടുകൊള്ളാമൊരുന്നാൾ;
ധമ്മില്ലംകൊണ്ടു മെല്ലേ പിഹിതവദനമ-
ല്ലോ! തദാനീം ചിരിച്ചാ-
ളമ്മല്ലാൎവേണിചൊല്ലീമതു മനസി പൊറാ-
യുന്നതെല്ലായിലും മേ.

൩൦

കൈയ്യൂക്കിൻവായ്പുകൊണ്ടാകുലിതഗിരിവരോ
രാവണോനാമ ധീമാൻ
പൊയ്യല്ലെങ്ങൾക്കിതിന്നുണ്ടുരപെരുമുടയോ-
രെന്നു ഞാൻ ചൊന്നനേരം
'കൈയ്യൻതാൻവന്നെതിൎക്കിൽച്ചെറുമനെ വിരവിൽ
പൂഴികപ്പിപ്പ'നെന്ന-
കൈയ്യുംകൊട്ടിച്ചിരിച്ചാനനുജനതുപോറാ-
യുന്നതെല്ലായിലും മേ.

൩൧

'കേൾക്കേണ്ടാതോ വിനോദാന്തര,മൊരുമനുജോ
രാവണൻതൻഭഗിന്യാ
മൂക്കുംപോർകൊങ്കയും ചൂഴ്ന്നിതു, നിശിചരിവ-
ന്നിട്ടു നീളെക്കരഞ്ഞാൾ,
ഊക്കെല്ലാം നില്ക്ക നമ്മോടുടനെളിയവരോ-
ടെങ്കിലാ'മെന്നു മോദം-
വായ്ക്കും നാട്ടാർചിരിക്കുന്നതു മനസി പൊറാ-
യുന്നതെല്ലായിലും മേ.

൩൨

ഒച്ചകൊള്ളുമഭിമാനിയെങ്കിൽ നീ
തച്ചുകൊന്നു തരികന്നരാധമൌ
ഇച്ഛയുണ്ടു മമ തിന്മതിന്നിളം-
പച്ചമാംസമനയോരനാരതം.

൬൭

കണ്ടിവെന്നകുഴലാളെ നീ ബലാൽ
കൊണ്ടുപോന്നകളയേണമഞ്ജസാ
ഇണ്ടൽ തീരുമതുമല്ല കണ്ണുനീർ-
കണ്ടൊഴിഞ്ഞു മമ തന്മുഖാംബുജേ.''

൬൮

ഉക്കെത്രപവം കേണവീണങ്ങലറിമുറയിട്ട-
ന്നേരമേനാം വചോഭിഃ
സ്സിശ്ശൈധരാശപാസ്യ ചെന്നാൻ വിരവിനൊട്ട പുറ-
പ്പെട്ടു മാരീചഗേഹേ
ഭക്ത്യാ സേവിച്ചുപാന്തേ തൊഴുമവനൊട്ട ചൊ-
ന്നാ,,നെടോ! നീയിദാനീം
പുത്തൻപൊൻമാൻകിടാവായ് വിഹര ജനകജാ-
രാമയോരഗ്രഭാഗേ.''

൬൯

ഇത്ഥം നക്തഞ്ചരേന്ദ്രൻ പറയുമളവു മു-
ന്നുരുവട്ടിക്കൊട്ടുന്തി
ചിത്തേ വീണ്ട ഭയംകൊണ്ടവനു വിവശനാം
താടകേയന്നകാണ്ഡേ;
മെത്തും താപേന പിന്നെച്ചുടുചുടെ നെടുവീ-
ർപ്പിട്ടു നിന്നൊട്ടുഴന്നാൻ
മദ്ധ്യേ ശ്രീരാമദോർവ്വിക്രമവിഭവമവ-
ന്നോ നടേ സിദ്ധമല്ലോ.

൭൦

ആക്രുദ്ധതാപമഥ രാക്ഷസരാജവാണീ-
നാരാചമേററു വിധുരശ്രുതിരന്ധ്രശാലീ
ശ്രീരാമനാമജപനിസ്തുഷബുദ്ധിരേനം
മാരീചനുത്തരമുവാച വചോ ദശാസ്യം.

൭൧

,,അയി രാക്ഷസസാർവ്വഭൗമ! നിന്നോ-
ടയമുല്ലംകതനനിഷ്ടമോതുവാൻ ഞാൻ

പ്രിയമല്ല ഹിതോപദേശമത്രേ
　　നയമാകുന്നതു നാഥ! മാദൃശാനാം.

൩൮

നല്ലൊന്നല്ലേതുമേ നിൻ തൊഴിലിതു പരകീ-
　　യാംഗനാസംഗമത്തി-
ന്നല്ലി! കോപ്പിട്ടിതിക്കോപ്പിനു നരകമൊഴി-
　　ഞ്ഞൊന്നു ശേഷിപ്പതുണ്ടോ?
ചില്ലീലാസ്യങ്ങൾകൊണ്ടേ കുസുമവിശിഖശാ-
　　സ്ത്രത്തിനൎത്ഥങ്ങൾ ചൊല്ലും
നല്ലാർ വേണ്ടുംതരത്തിൽ തവ പലരുളരോ-
　　ത്തീടിതെന്തിനുവേണ്ടി?

൩൯

പിന്നെച്ചൊല്ലാം വിശേഷിച്ചയി! തവ പരമാ-
　　ൎത്ഥോപദേശം കളിച്ചി-
ട്ടെന്നപ്പാ! ജാനകീവല്ലഭനെ മറുപുറ-
　　ത്തങ്ങിരുത്തായ്കനല്ലൂ
എന്നെക്കൊണ്ടെത്ര ദണ്ഡിച്ചിതു പുനരവനോ-
　　ടേററനാൾ മുന്നമയ്യോ!
തന്നത്താനോൎത്തുവേണം പ്രബലരൊടുപിണ-
　　ങ്ങീടുവാൻ ദുർബ്ബലന്മാർ.

൪൦

അച്ചോ! നേർകൊണ്ടുനേരേ രഘുവരനൊടൊരു-
　　ത്തനുമാളല്ല ചൊല്ലാം
വിശ്വാമിത്രോപദേശാൽ കുസൃതികളുമവൻ
　　പററില്ലൂ മററിതെല്ലാം;
വച്ചീടിപ്രേമമുദ്രാം മനുജതരുണിയെ-
　　ത്തൊട്ടു,നാകാംഗനാനാം
കച്ചേലുംകൊങ്കപുൽകിപ്പരിമളവിഭവം-
　　പൂണ്ടപുണ്യാധികോ നീ.

൪൧

രാമാൽ ഭയപ്പെട്ടുകകൊണ്ടു ചെവിക്കെനിക്കോ
　നാമാനി രേഫസഹിതാനി പരം പൊരുന്നാ;

ശ്രീമൻ! പ്രസീദ തവ രാവണനെന്നപേർകൊ-
ണ്ടാമല്ല നിന്നോടണവാനുമധീരനിഞ്ഞാൻ.

൪൨

ഇക്കാണായ മരാമരങ്ങളുമൊരോ
ശൈലാശ്മക്രുടങ്ങളും
പക്ഷിവ്രാതവുമിമ്മൃഗങ്ങളുമമീ
ജന്തുക്കൾ മററുള്ളതും
രക്ഷോനാഥ! ഭവാനുമന്വിതഭയോ
ഞാൻതാനുമെന്നല്ലഹോ!
മൽക്കണ്ണിങ്കലകപ്പെട്ടന്നതഖിലം
ശ്രീരാമചന്ദ്രായതേ.”

൪൩.

ചാപല്യഭാജമിതിവാദിനമേവമപ്പോൾ
പാപീയസാം പരിവൃഢോ രജനീചരാണാം
കോപം കലൎന്നിടചുവന്നുമറിഞ്ഞനേത്ര-
വ്യാപാരവേപിതചരാചരമേവമൂചേ.

൪൪

“എന്നോ ഭോഷാ! മനുഷ്യപ്പുഴുവിനെ നിതരാം-
പേടിയുണ്ടോ ഭവാനൊ-
ട്ടിന്നീ ശൌര്യം നടിച്ചീടിന നിശിചരവം-
ശത്തിലല്ലോ പിറന്നു
വിണ്ണോർനാഥൻതൊഴും നമ്മെയുമഴകിതു നീ-
യിന്നു നിന്നെക്കണക്കേ-
തന്നേ കല്പിച്ചു ജല്പിച്ചിതു ജളജനമൂ-
ൎദ്ധാഭിഷിക്തോഽസി പാർമേൽ.

൪൫

ത്രൈലോക്യേ സൌരഭംകൊണ്ടുരമ്പെരുകിന പീ-
നാപദാനക്കലമ്പൻ-
മാലാജാലങ്ങൾ തുക്കം നിശിചരപെരുമാൾ
ഞാനിരിക്കേ വിശങ്കം.

നീ ലാളിക്കുന്നതെന്തങ്ങൊരു മനുജശിശ്ശും
വാനരത്തിൻ കിശോരം
പോലേ പേടിച്ചു രാഷ്ട്രാദപി പിഴുകി വനാ-
ന്തത്തെ വന്നാശ്രയന്തം."

൪൩

"പേടിച്ചിട്ടല്ല പോന്തു മനുജപരിവൃഢം,
നാട്ടിലിന്നാരുമന്യേ
പീഡിപ്പിച്ചിട്ടല്ല; വേണ്ടീ പുനരിതു മഹതാ-
മാജ്ഞയാ തദ്ഗുരൂണാം;
കൂടെപ്പോന്നാൻ വിനീത്യാ ഭരതനനുസരൻ
പാദുകാമേതദീയാം
മേടിച്ചുംകൊണ്ടു വന്ദിച്ചവനുമുപഗതോ
വിശ്വയോഗ്യാമയോദ്ധ്യാം."

൪൧

"രണ്ടു ദോഷരിവർ വീണ്ടിതഗ്രജൻ
പിണ്ഡമക്കലകൊട്ടുംദശാന്തരേ
തണ്ടിവന്ന നിജരാജ്യലക്ഷ്മിയെ-
ക്കൊണ്ടുവിററവനുമെത്രനന്നെടോ!."

൪൨

"മൈവം വാദീർമഹാത്മന്നെമൃത! തവ പരിഹാ-
സ്യതപമില്ലൊന്നുകൊണ്ടും
ദേവന്നക്കോസലേന്ദ്രന്നഖിലസുമനസാം
നേതൃപീയൂഷഭാനോഃ
താവീടും ദൈത്യദോർവ്വിക്രമമദവദഹന-
ച്ചൂടൊഴിച്ചാദരിക്കും
ദേവേന്ദ്രാദദ്ധ്സിംഹാസനമപി പിടിപെ-
ട്ടോന്നു വംശം തദീയം."

൪൯

"രേ രേ! മാരീച! വൈരാകരഗുണനിവഹ-
സ്തോത്രപാരീണ! പുത്തൻ-
നാരാചംകൊണ്ടു നിന്മാതരമരുതലയായ്-
ക്കൊന്നതോ തൽപ്രഭാവം?

ഭീരുശ്രേഷ്ഠം ഭവാനെക്കുഹചന ഗുഹയിൽ
പ്പുക്കൊളിപ്പിച്ചതോ? മ-
ററാരബ്ഭം മാനവങ്കൽ കഥമിഹ ബഹുമാ-
നോദയം മാനസേ തേ?"

൧൦

"ഞാനോ ഭീതൻ മദീയാ ജനനിയുമബലാ
സത്യമസ്യാപദാന-
ശ്രേണീം കേൾപ്പീലയോ മററിനിയഭഗിനിയെ-
പ്പേമുഖം വച്ചതാർപോൽ?
ഞാനേയല്ലേതദീയപ്രബലത ഖരനും
ചെററുമുന്നാളിലിപ്പോൾ
മാനീ നന്നായറിഞ്ഞാൻ ബഹുമതിവരുമെ-
ത്തുംവിധൌ വല്ലവന്നും."

൧൧

"ഇല്ലേതുമേ വിപുലശൌര്യനിധേരമുഷ്മിൻ
പുല്ലോളവും ബഹുമതിമ്മമ മത്ത്യപോതേ
ഉല്ലോലബാലഹരിണം പ്രതി പാക്കിലുണ്ടോ
ചെല്ലു മൃഗേന്ദ്രനകമേ ബഹുമാനലേശം?"

൧൨

"ഇപ്പോൾച്ചൊല്ലുന്നതുണ്ടെന്നഭിമതമുടനാ-
കർണ്ണ്യതാം, സേവകൈക്കൊ-
ണ്ടൊപ്പെങ്കിൽ സ്വല്പനെന്നുള്ളടവുകൾ പറയു-
ന്നോരു മാരീചനോ ഞാൻ
ദ്രവ്യന്നീ സിംഹമെങ്കിൽപ്പെരികിന നരസിം-
ഹോ രഘുശ്രേഷ്ഠനുണ്ടോ
കെൽപ്പുണ്ടോയ്യന്നിതന്യന്നവനമയിതുമ-
ക്കാമ്മുകം ചന്ദ്രമൌലേഃ?"

൧൩

"കൊണ്ടാട്ടം നന്നുരക്കത്തിനു കുലചിലപൊ-
ട്ടിച്ചതുൾക്കൊണ്ടുകാണ്ഡേ
പണ്ടേങ്ങാനും പുരദ്ധ്വംസനകരകമല-
സ്പൃഷ്ടമെന്നിട്ടുതാനും

കണ്ടേകാളാധിരൂഢം കുലഗിരിയുമെട്ട-
 ത്തമ്പിലമ്മാനയാടി-
ക്കൊണ്ടേൻ ഞാൻ മുന്നമെന്നുള്ളതു തവ കഴക-
 ത്തില്ലതില്ലൂാഘനീയം.''

൫൮

,,രക്ഷോവംശപ്രദീപ! പ്രതിനവമയി നിൻ
 വിക്രമം വാഴ്ത്തുവൻ ഞാൻ
പക്ഷേ നേർകൊണ്ടു നേരേ വിപിനഭുവി ചതി-
 ച്ചെന്നിയേ ചെന്നിദാനീം
ഉഗ്രാത്മാ രാമസൌമിത്രികളെ രണമുഖേ
 വെന്നു സീതാം ബലാൽ നീ
കൈക്കൊള്ളുന്നാകി,ലല്ലാതളവിലുടനട-
 ക്കം പ്രധാനം വിചാരേ.''

൫൯

,,മേവാരിൽ പക്ഷപാതം തവ പെരികെ മുഴ-
 ത്തൊന്നു, തന്നാമമല്ലോ
തേവാരിക്കുന്നതിന്നീ നിശിചരകുലപൂ-
 ണ്ണേന്ദുതന്നുൾക്കളങ്കം;
ഏവം നിന്നിന്നുമേറെപ്പുറകിലഭയമെ-
 ന്നാണ! ഞാൻ വാൾമുനയ്ക്കൽ
തേവാരിപ്പിപ്പെനാസ്ഥാം തൊഴിലിതു വചനം-
 കേൾക്ക നല്ലു മദീയം.''

൬൰

,,രണ്ടുജാതിയുമണഞ്ഞിതെന്മരണമെങ്കി-
 ലും തവ കരോമി ഞാ-
നുണ്ടപോററിൻപകാര,മെന്നുടൽ ജുഹോമി
 രാമശരപാവകേ;
ഉണ്ടടുത്തെഴുന്നെളത്തു വീരയമരാജ-
 ധാനിയിൽ നിനക്കസൌ
മണ്ടിവന്നിഹ പൊലിച്ചെതിപ്പതിനു മുൻപി-
 ലേ ബത! ഗതോഽസ്മി ഞാൻ.''

൫൭

വാപേശിത്തോററ കോപാൽ നിജഗളഭുവി വാൾ-
വച്ച നക്തഞ്ചരേന്ദ്ര-
ക്ഷോഭം മാററി പ്രകാമം മനസി നവഘന-
ശ്യാമമാലോക്യ രാമം
ശോഭാസൌഭാഗ്യമേന്തും കനകഹരിണമായ്
മായയാ താടകേയൻ
പ്രാപാരണ്യം തദാനീം നിഖിലഭുവനവി-
സ്മാപകാഭോഗശാലീ.

൫൮

സ്വാച്ഛന്ദ്യംപൂണ്ടു ദൂർവ്വാദളമതിമൃദുലം
മെല്ലമെല്ലേ മുകന്നും
പോയ് ചെന്നീടുന്നതും നിന്നഗതി മഴറിനോ-
ക്കുന്നതും മുഗ്ദ്ധലീലം
വാച്ചീടും വേഗമോടുന്നതുമുപരി കുതി-
ക്കുന്നതും കണ്ടുകണ്ടു-
ങ്ങാശ്ചര്യ്യം പെട്ടു പിൻപേ ദശമുഖനമസൌ
വ്യോമവീഥ്യാ ജഗാഹേ.

൫൯

അക്കാലത്തഗ്രഭാഗേ നവകനകരജോ-
രാശിചൂഴും ധരിത്രീ-
ചക്രേ ചെന്നങ്ങുമിങ്ങും മഴറിമഴറി നോ-
ക്കിക്കളിച്ചാകുലാംഗം
ഉൾക്കാമ്പിൽ കൌതുകാർദ്രാ കമപി ഹരിണമാ-
യാന്തമാലോക! മായാ-
പ്രക്ഷോഭാൽ മാഞ്ഞനീതിപ്രസരമഥ വിദേ-
ഹാത്മജാ രാമമൂചേ.

### ഗദ്യം ൨. (ദണ്ഡകം).

"ദയിത! കിമപി ധാമ കാൺ മുൻപിലാമ്മാറു കണ്ണിന്നു
മുഖ്യോത്സവം പൎത്തുദിക്കിങ്കലും ചാരുത്വമിന്നൽ മിന്നിച്ചിതെന്നേ!
വിനോദം നഭോമദ്ധ്യഭാഗേ കുതിച്ചൊന്നുപാഞ്ഞൂ ചതിച്ചെന്ന
പോലേ വരുന്നൂ സമീപേ മിളൽകൌതുകം കാൺ കിഴക്കേപ്പുറത്തു
മിട്ടുകണ്ടിതെല്ലോ വടക്കേനടന്നു കടന്നു പടിഞ്ഞാറുതെക്കേ
പ്പുറത്തു വിചിത്രം വിചിത്രം ചതുഷ്പാതമേലും മഹഃപുഞ്ജമേതൽ
ക്രമാൽ വന്നടുത്തു തുടുത്തോരു പൊന്മാൻകിടാവെന്നുതോന്നുന്നി
താശ്ചൎയ്യമത്ര. കുളമ്പെത്ര നന്നിന്ദ്രകാന്തോപലംകൊണ്ടു തീൎത്തോ
രുജംഘാദ്വയം വിദ്രുമച്ഛായമെന്നേ! വിദഗ്ദ്ധാ വിധേ നന്നു
ശില്പങ്ങൾ നൽപ്പൊന്നുകൊണ്ടങ്ങുടൽ പെററകല്പിച്ചമാണിക്യ
രത്നാഖ്യമാം വിത്തുടൻകുത്തിയിട്ടങ്കുരിച്ചൊന്നുരണ്ടോമനപ്പല്ലവം
മെല്ലവേ പൂണ്ടിതുല്ലയകൊണ്ടന്നു നൽക്കണ്ണുങ്ങളാക്കിച്ചമച്ചീടി-
നാൻ ഛത്രമില്ലേതുമേ പത്മരാഗോപലോത്ഭാസിനാസാപുടം
പശ്യ വിശ്വാഭിരാമം മഹേന്ദ്രാശ്മരശ്മിച്ഛടാനിൎമ്മിതം മൎമ്മരെ!
നിൎമ്മലം തന്മയേറെത്ര സൌഭാഗ്യശൃംഗാരിതം കാൺക കണ്ടോ
ളവും കണ്ണുമഞ്ചിച്ചു പോവോരുമഞ്ജുപ്രഭാമഞ്ജരീപിഞ്ജരീഭൂത
ദിക്ചക്രവാളം ചലത്പുച്ഛകേലം വളൎന്നോരു തീക്കൊള്ളിമിന്നിക്കളിക്കുന്ന
പോലേ കളിക്കുന്നിതാകാശമാൎഗ്ഗേ മുഹൂൎത്തം മുഖാഗ്രേണ സംഫുല്ല
വൻപുല്ലുചെന്നമ്മുകക്കുന്നിരി പാവമോടിക്കളഞ്ഞൂ മറിഞ്ഞങ്ങു
നോക്കുന്നു മെല്ലെന്നു മെല്ലേ വിളിച്ചാലുമെന്തൊന്നു നല്കാവതെ
ന്തോമൽ മഞ്ഞായ്ക്കുവിസ്മയത്തിന്നഹോ വിസ്മയം നല്കുവൊന്നത്ഭുത
ത്തിന്നുമൊട്ടത്ഭുതോല്ലാസകം കൌതുകത്തിന്നുമുൾക്കൌതുകം നല്കു
മാമോദവായ്പിന്നുമാമോദമേകീടുമൊന്നന്തികേ വന്നു നിന്നാവിതെ
ന്മെയ് തലോടിത്തലോടിക്കരാഗ്രേണ ഞാൻതാൻ കുളുത്തോരു
ദൂൎവ്വാദളം നുള്ളി നുള്ളിക്കൊടുത്താവിതാസ്വാന്തരാളേ മുദാ കാന്ത!
കാകുൽസ്ഥ! നിത്യം നമുക്കോമനിപ്പാൻ കളിപ്പെതലാക്കിക്കളി
പ്പിച്ചു നല്ലോരുനേരത്തു നീ താൻ വിളിച്ചീടുകോമെന്നനാമ്നാ
വിളിച്ചാവിതേനം കളിച്ചൊന്നു പൂൺമെൻകിലോ കാന്ത! നീയ-
ങ്ങെഴുന്നീല്ക്ക പിൻചെന്നു മെല്ലെപ്പിടിച്ചിങ്ങു കൊണ്ടന്നു നല്കീടു"
കെന്നാകുലാ ചൊല്ലിനാൾ ജാനകീദേവി തൻകാന്തനോടിങ്ങനെ.

൦

൯൦

ഉണ്ടാവാനെന്തു ഞായം മണിമയഹരിണം
 പണ്ടിതാരേന്നുമുണ്ടോ
കണ്ടോർ കേട്ടിട്ടുമില്ലെന്നൊരു സരണി നിരൂ-
 പിച്ചുകണ്ടാലകാണ്ഡേ
വണ്ടാർപൂഞ്ചായലാൾതൻവചനമിതി സമാ-
 കർണ്യ മാനിന്നു പിൻപേ
മണ്ടീ രാമോ ധനുഷ്മാനൊരുവനമുടനാ-
 പൽസു കൺകണ്ടുകൂടാ.

൯൧

കേൾക്കപ്പെട്ടു തദാനീം „കനകഹരിണമ-
 ല്ലേഷ മായാവരിഷ്ഠോ
രുക്ഷാത്മാ രാക്ഷസോ മാം ഗ്രസതി വളരെ വാ-
 യും പിളൎന്നു ചെയ്വൂ
പോക്കില്ലേ ഹന്ത ഹാ ജാനകി! സഹചരി! ഹാ
 വത്സ! ഹാ ലക്ഷ്മണാസ്മാ-
നേഹ്യേഹീ"തി ത്രിലോകീഹൃദയമദഭിദഃ
 കേഽപി ദീനാഃ പ്രലാപാഃ.

൯൨

കാണച്ചോ! വന്നൊരാപത്തിതു സപദി സമാ-
 കർണ്യ തൻപ്രാണനാഥൻ
താനത്രേ പെട്ടതെന്നോർത്തുടനുദിതമനോ-
 വേദനാവ്യാകുലാംഗീ
വേനൽച്ചൂടേററു മേന്മേലിടതലകുലയു-
 ന്നോരു പൂവല്ലിപോലേ
ദീനത്വംപൂണ്ടുചൊന്നാളഥ ജനകസുതാ
 ലക്ഷ്മണം നിഷ്കളങ്കം.

൯൩

„അയ്യോ! ലക്ഷ്മണ! വത്സ! കേളിതു തവ
 ഭ്രാതുർവിലാപാൻ തുലോം
കൈയൂക്കുള്ള നിശാചരപ്പുല। ബലാൽ
 തിന്മാനണഞ്ഞീടിനാൻ

പൊയ്യേ പൊന്മൃഗമായ് ചമഞ്ഞ ചതിയൻ
നന്നായ് പിണച്ചാൻ നിറം-
പെയ്യും വില്ലുമെടുത്തുചെന്നു പരിപാ-
ലിച്ചീട്ട ശൌൎയ്യാംബുധേ!"

൯൪

"വൈദേഹാനന്യകല്പശാഖികലികേ!
കേട്ടാലുമാൎയ്യൻ മൃതി-
യെന്നെതന്മേററു രാക്ഷസൻ കരകയ-
ത്രേ ചെയ്തതവ്യാഹതം
നീ തേടായ്ക വൃഥാ ഭയാംകുരമിതി-
ന്നാൎയ്യേ! ധരിച്ചീലയോ
നാദേ ഭേദമതീവ പാൎക്കഴുതപോ-
ലേ ഘോരമുദ്ഘോഷിതേ.

൯൫

ഉൾപ്പേടി നീ കളക സൂൎയ്യകുലോത്ഭവാനാം
സ്വപ്നേƒപി കിഞ്ചനവരാ വിധുരപ്രലാപഃ
തൽപ്രാണനാഥനൊടൊരുത്തനുമില്ലനേരേ-
നില്പാനുമിന്നു ഭുവനേ യുധി ശൌൎയ്യലേശം."

൯൬

മീതേ കേൾക്കായിതപ്പോൾ പുനരപി രുദിതം
"കാങ്കേ നക്തഞ്ചരാണാം
നാഥോ നിഷ്കണ്ടകം മാം ഝടിതി പിടിപെട്ടു-
ന്നോൻ ബലാൽ പങ്ക്തികണ്ഠൻ
നാസാച്ഛേദം ഭഗിന്യാ ന വരമതു പൊറാ-
ഞ്ഞാത്തരോഷോƒയമയ്യോ!
സീതേ! നീയും മറന്നോ? വിരയെ വരിക ഹാ!
കഷ്ട"മെന്നിപ്രകാരം.

൯൭

"പോരും വൈകിച്ചതീ ലക്ഷ്മണ! കരുണപുല-
മ്പാതതെന്തെന്നിതല്ലോ
ഘോരം കേൾക്കപ്പെട്ടുന്നു മുഹുരപി നിതരഃ
മാൎയ്യപുത്രപ്രലാപാഃ

UNIVERSITY LIBRARY MADRAS 27 AUG 1928

പാരാതേ ചെല്ലുചെല്ലിമ്മരണദശയിലെ-
ല്ലാക്കുമെത്തീടുമല്ലോ
ഹാരാവം ചെററു നാദേ മധുരിമയുമക-
പ്പെട്ടുകൂടാ തദാനീം.”

ന്നൃപ

„കേളാര്യേ! ഞാനറിഞ്ഞേനൊരു രജനിചരൻ
മായകൈക്കൊണ്ടു പൊന്മാൻ-
പോലേ വന്നു നടേ, നിൎണ്ണയമിതു, ചതിയാ-
യാൎയ്യനേക്കൊണ്ടുപോവാൻ
മീതേ മീതേ കരഞ്ഞീടിനതുമിവിടെനി-
ന്നെന്നെ വേറാക്കുവാനും
ചേലേന്തീടും കുലസ്ത്രീമകരി! ഭവതിയെ-
ക്കൊണ്ടു മണ്ടീടുവാനും.”

ന്നൻ

„പാപീ! പാണ്ഡിത്യമുദ്രാപ്രകടനപടുവായ്
നിന്നു വാദിച്ചു കാല-
ക്ഷേപംചെയ്യുന്നതിന്നുണ്ടൊരുപൊരുളും തരമ-
ല്ലേതുമക്കോപ്പിനീ ഞാൻ
ലോഭിക്കുന്നീല ചെററുന്നെയുമിനിമതിയെൻ
ജീവനാഥൻ മരിച്ചാൽ
നീപോൽ നക്തഞ്ചരൻപോലൊരുവനൊടുമിനി-
ക്കിന്നിവേണ്ടാ വിനോദം.”

൧൦

ഈവണ്ണം കണ്ണരന്ധ്രേ കടുകനൽചൊരിയും-
വാചമാകൎണ്ണ്യ ജാത-
പ്രാവീണ്യം തൽപദാബ്ജം തൊഴുതണിനയനേ
വായ്യെഴും ബാഷ്പശാലീ
„ദൈവം കല്പിച്ചതെല്ലാംവരിക, വനഗതാ
ദേവതാസ്സാവധാനം
ദേവിം കാത്തീടുകെ”ന്നാകുലവചനമസാ-
വാശ്രമാന്നിൎജ്ജഗാമ.

൧൪

ഭൂയസ്സുഞ്ചിന്ത്യ രാമാനുജനുടനുടജ-
ദ്വാരി തൻവില്ലുകൊണ്ടു-
ണ്ടായസ്തവ്യാകുലാത്മാ ഝടിതി വരവര-
ച്ചേഷ ദക്ഷധാമാ
„ആര്യേ! രേഖാം മദീയാമൊരുപൊഴുതുമിമാം
ചെററു ലംഘിക്കൊലാ കേൾ
നീ"യെന്നാഭാഷ്യ നേരേ കരകലിതധനു-
സ്സംപ്രതസ്ഥേ തദാനീം.

൧൫

അക്കാലം മന്ദമന്ദം കനകഹരിണവി-
ക്രീഡിതം കണ്ടുകണ്ടു-
ൾക്കാമ്പിൽ കൌതുകംപൂണ്ടുദിതധൃതി രസി-
ച്ചും മദിച്ചും പ്രസാദാൽ
അഗ്രേ കണ്ടന്തരാ മാനവകുലതിലകം
മോഹമുൾക്കൊണ്ടു ജാത-
വ്യഗ്രോ മാനെയ്യുമക്കൊപ്പിനു ദശമുഖനും
വ്യോമവീഥ്യാ നടന്നു.

൧൬

ന പ്രീതേ പരമേശ്വരേഽപി ശിരസാം
ഛേദേന ഹോമേന വാ
ജ്യാവല്ലീനഹനാന്നചാമരപതൌ
ദ്വാരാർഗ്ഗളാസംഗിനി
സംയത്യൈലബിലാത്തഥാ ന ച ഹൃതേ
വിശ്വാതിഥൌ പുഷ്പകേ
ദൃഷ്ട്വാ ജനകാത്മജേത്യഥ യഥാ
ലങ്കേശ്വരോ മോദതേ.

൧൪

അന്നേരത്താല്പലോകേ ജനകനൃപസുതാം
ഭൂതലേ കാതരാക്ഷീ-
മണ്ണോജത്തനപിതൻകോമളമരുനിഴലായ്-
മിന്നുമുന്നമ്രശോഭാം
കണ്ണിന്നാനന്ദധാരാം കനിവിനൊടുടജാ-
ഭ്യാന്തരേ തത്ര താനേ
തന്നെ തൂഷ്ണീം നിഷണ്ണാം നിജസഹചരവ്യ-
ത്താന്തചിന്താവിഷണ്ണാം.

൧൫

ധമ്മില്ലോ ലളിതഃ സ്മിതം ശുചി ദൃശൌ
ദീഘേ ഭ്രുവൌ ഭംഗുരേ
പാശാംകേ ശ്രവസീ വിലോക്യമളികം
മാഞ്ജിഷ്ഠപിഷ്ഠോƒധരഃ
കണ്ഠോ രമ്യരുചിഃ സ്തനൌ പൃഥുഫലനൌ
കാമ്യഞ്ച കാഞ്ചീപദം
ദൃഗ്ദപന്ദപാനി ചിരം വിഭജ്യ ദശധാ
താം മൈഥിലീം പശ്യതാം.

൧൬

സ്നിഗ്ദ്ധഭ്രോപചസുന്ദരഃ കചഭരോ
വക്ത്രം സഗോത്രം വിധോ-
വ്വക്ഷോജൌ മണികുംഭഡംബരമുഷൌ
മദ്ധ്യോƒസ്തി വാ നാസ്തി വാ
ശ്രോണീമണ്ഡലമൂരുദ്വഹമഹോ!
ശോണാബ്ജതുല്യേ പദേ
മന്യേ മഞ്ജുഗിരോ മരാളമഹിളാ-
ധ്യേയോ ഗതേവിഭ്രമഃ.

൧൭

ചക്ഷുഃ സ്മേരമവാരിജം കുവലയം
വക്ത്രസ്യ ദാസശ്ശശീ
ഭ്രൂലേഖേ സ്മരതോരണം സ്മിതലവോ
ലീലാലതാപല്ലവഃ
ഉച്ഛിഷ്ടം കളകണ്ഠവാക് ച വചസാം
മന്യേ തദേണീദൃശഃ
സർവ്വാംഗീണമഹോ! വിധേഃ പരിണതം
വിജ്ഞാനചിത്രം ചിരാൽ.

൧൮

ഇന്ദ്രാണീമഹമപ്സരോഭിരനയം
കാരാഗൃഹേ ഗണ്യതാം
സംഹാരോ ജയതാ ദിശോ ദശ മയാ
സ്ത്രീണാം കൃതഃ പുഷ്പകേ
കൈലാസോദ്ധരണേഽപി വേപഥുമതീ-
മദ്രാക്ഷമദ്രേസ്സുതാം
ദൃഷ്ടം താസു ന രൂപമീദൃശമഹോ!
ചക്ഷുശ്ചിരാൽ സാൎത്ഥകം.

൧൯

ഏതാവതി ത്രിഭുവനേ നവയൌവ്വനോദ്യ-
ദ്രൂപമഹിളാജനമണ്ഡിതേഽപി
നാസ്ത്യേവ വിഭ്രമനിധേരുപമാനമസ്യാ
യദ്യസ്തി രത്നമുകുരേ പ്രതിബിംബ ഏവ.

൨൦

കെല്പേറും കാമബാണാർദ്ദിതവിവശമനാ
രാക്ഷസേന്ദ്രൻ തദാനീം
തത്പാതിവ്രത്യധാമ്നാ സ്വയമണവതിന-
ങ്ങക്ഷമോ നേക്കുനേരേ

ബിഭ്രൽ കാഷായവസ്ത്രം ഝടിതി കപട-
സന്ന്യാസിവേഷം ദധാനോ
ബിഭ്യൽ സ്വാന്തോ നിതാന്തം പ്രണവമഥ ജപൻ
പ്രാപ രാമാശ്രമാന്തം.

ഗദ്യം ൩.

ലക്ഷ്മണേഽപി ധൃതധനുഷി ആർത്തവചനസൂചിതാമാശാം പ്രതി പ്രസ്ഥിതേ ചപലതരമുപകണ്ഠവർത്തീ ദശകണ്ഠഃ പരിഗൃഹീതപരമഹംസവേഷഃ സ്ഫുടഫലിതോർദ്ധ്വപുണ്ഡ്രബന്ധുരലലാടതടഃ കരകലിതരുദ്രാക്ഷമാലഃ ഭദ്രാണി ഭഗവന്നാമാന്യുച്ചൈരുച്ചാരയൻ കൌക്കുടികോ ജഞ്ജപൂകഃ ജാനകീനികടമഢൌകിഷ്ട.

വൃ ഫ

ദ്വാരേ ലക്ഷ്മണചാപരേഖയെ ദശ-
ഗ്രീവൻ കടപ്പാൻ ഉല്ലോം-
നേരംമുട്ടി വിനഷ്ടബുദ്ധിരവനൌ
വീണാശു നിശ്വാസവാൻ
"ആരാദപ്യയ സാധ്വി! വൃദ്ധയതയേ
ഭിക്ഷാം ബഹിർന്നിർഗ്ഗതാ
പാരിക്കും ക്ഷുധയാ ജനോഽയമവശഃ
പശ്യേ"തി ചൊല്ലീടിനാൻ.

ഗദ്യം ൪.

തദനു പതിവ്രത ജാനകിതാന-
ങ്ങാർജ്ജവഭാരാദാശ്രമബാഹ്യാ-
ങ്കണഭുവി നിന്നുടനക്ഷതഭക്ത്യാ
ഭിക്ഷകൊടുപ്പാനാഞ്ഞതദശായാം
കൈമേൽ പിടിപെട്ടളവിലശങ്കിത-
മരുകുലയെന്ന മുറവിളികൈക്കൊ-
ണ്ടണിമുടിതൊട്ടപ്പദതളിരോളം
മുട്ടവിറച്ചു പരിശ്ലഥചികുരാം
ഭയചലനയനാം പ്രശിഥിലവസനാം
പ്രചലദുരോജാം ജനകതനൂജാം
അസിതഫലനാഫലനകാന്തിപിണഞ്ഞു വ-

ളഞ്ഞൊരുദംഷ്ട്രാജാലവിഭീഷണ-
വദനം പർവ്വതതുംഗം നിജമംഗം പൂ-
ണ്ടാൻമനടിച്ചു നിശാചരരാജൻ
തേർമ്മേൽവച്ചു നടന്നാദശായാം;
„അയ്യോപാപം ദശമുഖനാമൊരു
രാക്ഷസനെന്നെക്കൊണ്ടിതപോന്നോൻ
മനുകുലനാഥാ! കാത്തരുളീടുക
വനദേവതമാരെന്നെ മറന്നാർ
ഒക്കെവരുന്നതറിഞ്ഞോൻ മുൻപേ
ലക്ഷ്മണനെങ്കിൽ പെരികെ മനീഷി
ചെങ്കനൽ ചേവിയിൽ ചിന്നിയപോലെ
ചില കടുവാക്കുകൾ വെറുതേ ചൊന്നേൻ.
ക്ഷോണീചക്രമശേഷമിതയ്യോ
കാണാം കാണരുതെന്നു ചമഞ്ഞു.
പേടിവരുന്നു രാക്ഷസനെന്നെ-
ത്തിന്മാനായ്ക്കൊണ്ടിവനു മുതിർന്നോൻ.
മനുവംശത്തിൻ കാരണമേ ജയ
ദിനകരദേവാ! പാലയ പാലയ
രഘുവരതിരുമുഖശോഭാസോദര
രജനീനായക! പാലയ പാലയ
സപ്തർഷികളേ! കാത്തരുളീടുക-
രുന്ധതിദേവിയുമെന്നെ മറന്നാൾ.
ഹാഹാ താത! വിദേഹമഹേശ്വര!
ഹാഹാ ദശരഥ! ഹാഹാ മാത-
ശ്ശരണം ശരണം" സതതമിവണ്ണം
വിലപനശീലാം രാഘവഗൃഹിണീം
„അലമലമിന്നി നിതാന്തമെരിഞ്ഞു ക-
രഞ്ഞു കണ്ണാക്കില്ലാരുടയോർതവ
ചെറുമെതിക്കെർത്താക്കമൊരിക്കല്ലു-
മെന്നോടു വെൽവാൻ പേടിക്കേണ്ടാ.
ഭീഷണനല്ലഹമംഗജനേക്കാൾ
ഭംഗിയെനിക്കുണ്ടെശരീരത്തിനു
വൈശ്രവണൻ ഞാൻ ഭാഗ്യംപാർക്കിൽ നി-

നക്കിതുവന്നതു കാട്ടകൾതോറും
കായും കനിയും തിന്നനുവേലം
കാററും വെയിലും കൊണ്ടുഴലേണ്ടാ
നീയിനി നമ്മോടുകൂടിയിരിപ്പൂ
മനസിജരണരസമാൻകളിപ്പൂ
മണിഭവനങ്ങളിൽ മെല്ലെ നടപ്പൂ
മധുരതപൂണ്ടു മദിച്ചുചിരിപ്പൂ
മാം പുനരൊന്നു മുകപ്പാനണവൂ
മാനിനി! മെയ്യിൽ പൂൺപുകളണിവൂ
വേണ്ടതു വേണ്ടതു നമ്മോടു ചൊല്ലൂ
വേദനയൊട്ടു ചുരുക്കുകനല്ലു.
തവ കുചകഞ്ചുകപട്ടമഴിഞ്ഞൂ
നീവികിഴിഞ്ഞൂ ഗാഢം ഗാഢം
പുല്കു മനോജ്ഞേ തലമുടി മെല്ലേ
തിരുകുകിലോ ഞാൻ'' സാന്ത്വവചോഭിരി-
വണ്ണമണഞ്ഞവനണിമുടിതന്മേൽ
തൊട്ടുവാനാഞ്ഞളവറുകൊലയെന്നേ
മുറവിളികൈക്കൊണ്ടാശ്ശു ജഗത്തു കു-
ലുങ്ങും പൊഴുതിലമന്ദമകാണ്ഡേ;
,,ദുഷ്ടനിശാചര! തിഷ്ഠ മുഹൂർത്തം
വാസരനായകവംശവതംസക-
മാലാമേനാം മാ മാസ്പ്രാക്ഷീഃ.
അറിയാതോർകൾ തുടന്നപരാധം
മനസി സഹേ ഞാൻ വിസൃജ പതിവ്രത-
തന്നെയിദാനീമാശു മലിമ്ലുച
മണ്ടിപ്പോവിലുമെത്തുവനിഞ്ഞാൻ
പത്തു ശിരസ്സും പുത്തുദിഗന്തേ
കൊത്തിയെറിഞ്ഞയി വത്സേ! ജാനകി!
നിന്നെക്കൊണ്ടെപ്പണ്ടേപ്പോലെ
രാഘവസവിധേ വയ്ക്കുനിദാനീം''
എന്നുപറഞ്ഞു നിശാതതതേടിന
ശതധാരത്തിനു സഹചരമാമ-
ത്രോടിപുടത്തിൻഝാതഝടിതം കൊ-
ണ്ടാകുലഭുവനം പ്രളയസമീരണ-

ചണ്ഡതപൂണ്ഡഗരുൽപുടവാതൃക-
ളോട്ടു ജഗത്തു കുലുങ്ങും മുഷ്ക്കര-
നാമൊരു പക്ഷിപ്രവരൻ വേഗം
മുൻപിൽചെന്നു തടുത്തുതുടർന്നു.

വൃ. ൭

സീതാക്രന്ദം നിശമ്യ ക്ഷിതിധരശിഖരോ-
ത്തേജിതത്രോടികോടി-
ദ്ദംഭോളിക്രൂരദംഷ്ട്രഃ ഖരനഖരമുഖോൽ-
കൃത്തസാരഃ കരാളഃ
പക്ഷവ്യാക്ഷിപ്തവാതവ്യതികരവിഭവാ-
ന്മജ്ജദുന്മജ്ജദബ്ധി-
സ്സംപ്രാപ്തഃ പങ്ക്തികണ്ഠം ദശരഥസുഹൃദാ-
മഗ്രയായീ ജടായുഃ.

ഗദ്യം ൭.

തദനു ജനകദുഹിതൃകരുണവചനനിശമനജനിതകുപിതവിവശഹൃദയപുണ്ഡരീകഃ പുണ്ഡരീകിണീതരുണരമണകരവിസരസഹചരണനിപുണതരരുചിരബഹളരുചിപരിമിളിതചണ്ഡകണ്ടകാണ്ഡഖണ്ഡിതസുമേരുശൃംഗഗർവ്വസാരഃസാരതരകഠിനദംഭോളിഭീഷണതുണ്ഡപരിഘട്ടനജനിതനിഷ്ഠുരതയാലുവിഷ്ഫുലിംഗദന്ദഹ്യമാനഗഗനചരഹാഹാരവാപൂരിതനഭഃകടാഹദരീകുഹരഃ ദരീകുഹരസസുഖനിദ്രാണകണ്ഠീരവഷണ്ഡപ്രബോധനപടിഷ്ഠുപക്ഷവിക്ഷേപപവനപരിക്ഷിപ്യമാണപാദപപതനഭയാകുലിതപലായമാനനിഖിലമൃഗകുലഃ കുലശിഖരിതുംഗശൃംഗസമുൽപതനസമയനിമഗ്നചരണഖരനഖരവിദാര്യമാണോദ്ധതധാതുധൂളീപാളീവിശംകടിതദിക്ചക്രവാളഃ ചക്രവാളാചലാന്തർമ്മണ്ഡലവലമാനമിത്രകതനേത്രകനീനികഃ മഹീധ്രസദൃശഗൃദ്ധ്രരാജഃ രാവണസ്യാദ്ധ്വാനമദ്ധ്വാ രുരോധ.

വൃ. ൮

തീർത്ഥാന്തരേ ത്രിദശചക്രവിമൃഷ്യമാന-
ദൃഗ്ഗോചരസ്യ രജനീചരഭർത്തുരഗ്രേ

മാൎഗ്ഗം നിരുദ്ധ്യ കൃതവാൻ ഗഗനാവഗാഹ-
മാമൂലവിസ്തൃതപതത്രപുടോ ജടായുഃ.

വൃ ൪

"മാ ഭൈഷീഃ പുത്രി! സീതേ! വ്രജതി മമ പുരോ
നൈഷ ദൂരം ദുരാത്മാ;
രേ രേ രക്ഷഃ! ക്വ ദാരാൻ ദശരഥതനയ-
സ്യാപഹൃത്യ പ്രയാസി?
ചഞ്ചൂപാക്ഷേപപ്രഹാരത്രുടിതധമനിഭിർ-
ദിക്ഷു വിക്ഷിപ്യമാണൈ-
രാശാപാലോപഹാരം ദശഭിരപി ഭൃശം
ത്വച്ഛിരോഭിഃ കരോമി.

വൃ ൫.

പാപാത്മൻ! പരദാരചോര! ദുരിതം
ദുൎമ്മാൎഗ്ഗവൃത്തേ! കൃഥാ
മാ ത്വം രാവണ! രാഘവസ്യ വിസൃജ
പ്രാണേശ്വരീം മൈഥിലീം
നോ ചേന്മാമകചണ്ഡതുണ്ഡവിദലൽ-
കണ്ഠാവലീനിൎഗ്ഗതം
ഗൃദ്ധ്രാസ്തേ ദശകണ്ഠ! കോഷ്ണരുധിരം
പാസ്യന്തി യാസ്യന്തി ച."

വൃന്ദ

തേർമേലേ തത്ര ദേവ്യാ സഹ സമുപസൃതയാ
രക്ഷസാംചക്രവൎത്തീ
താൻപോകുന്നേരമഗ്രേ ഝടിതി വഴിതടു-
ത്തോരു ഗൃദ്ധ്രം മഹാന്തം
സോന്മാദംകണ്ടു നേരേ മദഭരകലുഷാ-
ത്മാ മുഖം പത്തുകൊണ്ടും
മേന്മേൽവെട്ടിച്ചിരിച്ചാൻ പുനരധികമധി-
ക്ഷിപ്യ സൂതം ബഭാഷേ.

൮൭

„നന്നോ സൂതാ! വിനോദം മമ പുനരപരാ-
ധം ക്ഷമിക്കുന്നവീരൻ
മന്ദാത്മാ പക്ഷിപോലിക്ഷണമഴകിതഹോ!
രക്ഷിതാ പക്ഷ്മളാക്ഷ്യാഃ
എന്നാഃലനം സമുത്സാൎയ്യ ഝടിതി കശാ
ഗ്രന്ഥിനാ യാനമാൎഗ്ഗാ-
ലെന്നേ ത്രൈലോക്യനാഥം നഹി നഹി പരമാ-
ൎത്ഥേന ജാനാതി ശേഷ്യം.”

൮൮

„അറിവനറിവനിഞ്ഞാൻ നിന്നെ രേ രേ ദുരാത്മൻ!
ഗിരിശഗിരിയിലാദൌ ഭഗ്നമാനോച്ചശൃംഗം
ചിരനിയമിതമയ്യോ! ഹേഹയേന്ദ്രേണ പശ്ചാൽ
പരമഥ കപിരാജാ ബാലധൌ ബദ്ധബാഹ്ഹം.”

൮൯

„രേ രേ വാചാല! ഗൃദ്ധ്രാധമ! കഥയ ഭവാ-
നാരെടാ? വന്നിദാനീം
നേരേ നിശ്ശങ്കമെന്തിന്നിവിടെ വഴിതടു-
ത്തു പടുതപാധികോ നീ?
വീരാണാംവീരമെന്നെപ്പരിചിനൊടു മൃഷാ
ഭൎത്സയൻ കുത്സിതാത്മാ
പാരാതേ നീ പരേതേശപുരമചിരാൽ
പ്രാപ്തുമൌൽസുക്യശാലീ.”

൯൦

„കേട്ടാലും ദുഷ്ടരക്ഷോധമ! ദശരഥക്ഷ്മാ-
പന്മാൎത്താണ്ഡവംശ-
ശ്രേഷ്ഠന്നാപ്തസ്സഖാ ഞാൻ ഖഗകുലപതി നാ-
മ്നാ ജടായുൎദ്ദൃഢാത്മാ

ആഢ്യാം തൽപുത്രഭാര്യാം ചതിയൊടു നിഭൃതം
കട്ടു നിന്നെക്കുമച്ചെൻ-
ക്രൂട്ടത്തിന്നോണമൂട്ടിക്കുലമണികലികാം
കൊണ്ടുപോകാൻ തുടർന്നു.

൯൧

സംപ്രാപ്തോഽഹം ജടായുർമലയഗിരിഗുഹാ-
കന്ദരക്രോഡനീഡ-
സ്തദ് ഭോസ്സീതാപഹാരിൻ! ബിഭൃഹി കരചയേ
കേനചിച്ചന്ദ്രഹാസം
യേന ത്വത് കൃത്സ്നചൂഡാരുണമണിനികരം
മത്കചണ്ഡാഗ്രതുണ്ഡ-
വ്യാപാരൈഃ സ്രംസമാനം സപദി ശകുനയോ
മാംസഗൃദ്ധ്യാ ഗ്രസന്തേ.”

൯൨

“സഖ്യം നന്നമ്മനുഷ്യപ്പുഴുവിനൊരു ഖഗ-
പ്രാണി ചേരും വിചാരേ
ശക്യം കല്പിച്ചു തത്സന്നിധനമയി കടി-
ച്ചോ ദൃഢം കൊത്തിയോ നീ?
ദക്ഷാരിപ്രീതിസാരം പരിചൊടു നിതരാം
ചന്ദ്രഹാസാസി നിന്ദ്യം
ത്വദ്ഗാത്രം തീണ്ടുകെന്നില്ലൊരുപൊഴുതതുകൊ-
ണ്ടുദ്ധതം കത്ഥസേ നീ.

൯൩

ക്വായം മേ ചന്ദ്രഹാസഃ പ്രഹൃതിശതലിപി-
ന്യസ്തജൈത്രപ്രശസ്തി-
സ്ത്വന്മാതംഗസ്യ കുംഭേ ക്വച കുചര! ഭവാൻ
ദുർബ്ബലോ ഗൃദ്ധ്രകീടഃ
വാമേഭ്യോഽസ്മദ് ഭുജേഭ്യോ ബഹിരയമിഹ യ-
സ്തൽകനിഷ്ഠാംഗുലീഭിഃ
ക്രവ്യോൽകൃത്തിപ്രവൃത്തം ഹരതു നഖശിഖാ
ത്വച്ഛിരഃ കന്ധരാതഃ.”

൯൪

“ഒക്കും നിൻചന്ദ്രഹാസം ചപലജനതനും
തീണ്ടുമാറില്ല മൂന്നം
മുഷ്ക്കോടേ വാൽത്തലയ്ക്കൽ പ്ലവഗപതിപിണ-
ച്ചന്നുമീട്ടുഗപിധ്യോയം
ഉഗ്രാത്മാ ഹേഹയേന്ദ്രൻ കരുത്തുകിലൊരുവൻ
മാനുഷന്മാരിലിന്നും
തൽക്കൈയ്യൂക്കിൻ പ്രഭാവം മനസി തവ മറ-
ന്നീടുവാനില്ല ഞായം.”

൯൫

“ദോഷാനാരോപ്യ നമ്മേക്കുടിലമതി ഭവാൻ
ക്ഷത്രിയാണീസമക്ഷം
ദ്വേഷാൽ നിന്ദിക്കുമക്കോപ്പിനു കിമപി പൊറു-
ത്തീടുകെന്നിന്നിവാരാ
ഭോഷാ! കേൾ ചാപലത്തിൻഫലമിതനുഭവി-
ച്ചീടുവാൻ വൈകിയാതേ
രോഷാഗ്നൌ മാമകീനേ സപദി ശലഭമാ-
ക്കീടുവൻ നിർവ്വിശംകം.”

൯൬

“ദുഷ്ടാത്മൻ! തിഷ്ഠ തിഷ്ഠ ക്ഷണമശുഭമതേ!
വക്ത്രാഗത്തങ്ങൾ പത്തും
മുട്ടെക്കൊത്തിത്തകർത്തുദ്ഭടതുഡതുഡിതം
ചഞ്ചുകൊണ്ടഞ്ജസാ ഞാൻ
തുഷ്ട്യാ കേൾ പത്തുദിക്കിങ്കലുമഴകിലെറി-
ഞ്ഞക്കവംശപ്രസൂതിം
പെട്ടെന്നേനാം കുമാരീം രഘുപതിനൃവിധേ
കാഴ്ചയായ് വച്ചുനിന്നേ”

൯൭

“കൈക്കൊക്കുടീടിലും ദാനവസുരസദസാം
ചൈറചിന്ത്യം ത്രിലോക്യാ-
മിക്കർമ്മം പക്ഷികീടത്തിനു സുകരമഹോ!
ധൃഷ്ടതയ്ക്കെന്തുചൊല്ലൂ!!

നില്ലെല്ലാം ചന്ദ്രഹാസോരഗവരനിരയായ് -
ക്കൊള്ളുമൽക്ഷണംകൊ-
ണ്ടിക്കാലം നിന്നെ"യെന്നന്നിശിചരപെരുമാൾ
കോപമുൾക്കൊണ്ടണഞ്ഞു.

൯൮

അന്നേരം പക്ഷിരാജൻ നിജചിറകു കുട-
ഞ്ഞുജ്ജ്വലം വജ്രസാരം
വെന്നീടും ചഞ്ചുദണ്ഡാദ് ഭടഝടഝടിത-
ധ്വാനരുദ്ധാഖിലാശം
ഉന്നിദ്രാഭ്യാം ഗരുദ്ഭ്യാം മണിരഥമഥ ത-
ല്ലിത്തകത്തും ധ്വജാഗ്രം
ഖണ്ഡിച്ചും തന്നഖാഗ്രാൻ കുതിരകളുടലിൽ-
പ്പാച്ചിയും പ്രോജ്ജജൃംഭേ.

൯൯

ദശമുഖരഥമാശു ധ്വസ്തരഥ്യം വിസൂതം
ശിഥിലതരവരൂഥം ശീർണ്ണചക്രം സ ചക്രേ
ഗരുദഭിഹതശക്തിപ്രാസബാണാസഖഡ്ഗ-
ത്രിശിഖവിശിഖതൂണീപാശകുന്തസ്ലുകുന്തഃ.

൧൦൦

ജന്ത്യേ ശക്ത്യാ ഖഗാനാംപതി കഴിവുകെട്ട-
ക്കുംവിധൌ രാക്ഷസേന്ദ്രൻ
മന്ദാക്ഷക്രോധശാലീ കപടരണവിധാ-
നേന തേനേ തദാനീം
ഛിന്നം വെട്ടിത്തദീയം ചിറകു ബത! മുറ-
ച്ചാനനം പത്തുകൊണ്ടും
ഖിന്നം നിദ്ധ്യായ സീതാമുഖമഴകൊട്ട വെ-
ട്ടിച്ചിരിച്ചാൻ ദുരാത്മാ.

൧൦൧

രാക്ഷസാസിക്ഷതഃ ക്ഷിപ്രം
പപാത പതതാം വരഃ

മൈഥിലീപക്ഷപാതേന
പക്ഷപാതമവാപ്യ സഃ.

൧൦൨

"പതഗകുലപതേ! ഹാ! വീര! കേൾ വ്യാപരിച്ചാ
സദൃശമിതു രഘൂണാം വംശസംബന്ധയോഗ്യം
യുധി മമ വിധിദോഷാൽ പീഡിതോ നീയിതെല്ലാം
പതിയൊടു പറവോളം പ്രാണിഹീ"ത്യനപഗ്ഗഹ്ണാത്.

൧൦൩

കേളിക്കോപ്പു നിവേദ്യ തന്നരപത്തും
പോരിന്നു യാത്രയ്ക്കു നീ
കാലത്തന്നു ജടായുഷം പരിഹസൻ
ഗത്വാ നഭോവർത്മനാ
ശ്രീലംകാപുരിചെന്നശോകവനികാ-
രാമാംകണേ ശിംശപാ-
മൂലേ കൊണ്ടെയിരുത്തിനാൻ നിജകുല-
പ്രോന്മാഥിനീം മൈഥിലീം.

൧൦൪

തൌ രാഘവൌ തത്ര തദാ വിമുക്തൌ
മാരീചമായാശകടാനുബന്ധാൽ
ആരൂഢചാപൌ പുനരൂഢചാപൌ
വീരൌ നിജം പ്രാപതുരാശ്രമാന്തം.

൧൦൫

പർണ്ണശാലാത്രികോണേഷു
പശ്യൻ മനുകുലോത്തമഃ
അഭാവഭീത്യാ വൈദേഹ്യാഃ
നാന്യൽ കോണമപൈക്ഷത.

൧൦൬

വിലോക്യ താം കേവലപർണ്ണശാലാം
വിമൂഢചേതാഃ പതിതോ ധരണ്യാം
വിബോധിതോഽസാവനുജേന പശ്ചാ-
ദവിമുക്തകണ്ഠം വിലലാപ രാമഃ.

൨൦൧

"ഹാ! കഷ്ടമത്ര നഹി സാ കിമിദം പ്രവൃത്ത-
മാലോകയാമി ചടുലാമിഹ പാദമുദ്രാം
മാം വീക്ഷ്യ നൂനമഗൃഹീതമൃഗം മുഹൂർത്ത-
മന്തർഹിതാ തരുഷു രോഷവതീവ സീതാ.

൨൦൨

യദ്യസ്തി കൌതുകമപൂർവ്വമൃഗേ മൃഗാക്ഷി!
ചാഞ്ചല്യം ഹരാമി ഹരിണം മമ സന്നിധേഹി
യാവന്ന മുഞ്ചസി മയാ ഹൃതമേണമേനം
താവദ്ദധാതു തവ വക്ത്രതുലാം മൃഗാങ്കഃ.

൨൦൩.

ആദൌ സിദ്ധൌഷധിരിവ ഹിതാ
കേളികാലേ വയസ്യാ
പത്നീ ത്രേതായജനസമയേ
ക്ഷത്രിയാണ്യേവ യുദ്ധേ
ശിഷ്യാ ദേവദ്വിജപിതൃസമാ-
രാധനേ ബന്ധുരാത്തൌ
സീതാ സാ മേ ശിവശിവ! മഹാ-
കാനനേ കാ ന ജാതാ.

൨൨൦

സപ്രാണാ ചേജ്ജനകതനയാ
കിന്ന തിഷ്ഠേത മഹ്യം
ഹിംസ്രൈസ്സത്വൈർന്ന കില നിഹതാ
രക്തസിക്താ ന പൃഥ്വീ
ഗോദാവര്യ്യാഃ പുളിനവിഹൃതിം
രാമശ്ശൂന്യാ ന കുര്യ്യാൽ
വ്യക്തം നക്തഞ്ചരകബളനാൽ
സർവ്വഥാ സംസ്ഥിതാ സാ."

൧൧൧

ഇത്ഥം വിലപ്യ ദയിതാം വിപിനേ വിചിന്വൻ
രാമോ ന തത്ര ധൃതിമാൻ സ ഹി ലക്ഷ്മണശ്ച
താദൃഗ്വിധാമപി ദശാം കഥയൻ സ്വവാചാ
വല്മീകജന്മമുനിരേവ കഠോരചേതാഃ.

൧൧൨

"ഹേ ഗോദാവരി! രമ്യവാരിസികതേ!
പൃച്ഛാമി കച്ചിൽ സഖീ
സീതാ മേ ജലകേളിസംഭൃതരസാ
ലീനാത്ര കുത്രാപി സാ
മാ ഗൃഹസ്വ തയാ വിനാ ദയിതയാ
കഞ്ചിൽ ക്ഷണം ജീവിതം
നേദം തിഷ്ഠതി യത്ര സാഭിരമതേ
തത്രൈവ രാമോഽവ്യയം.

൧൧൩.

സാരംഗി! ശംസ സഹസാ സഖി! ജീവനാഥാ
സാ മേ വിഭൂഷയതി സമ്പ്രതി കം പ്രദേശം
യാ വഃ സ്വയം വ്യധിത കാതരകാതരാണാ-
മാചാര്യകം നയനചംക്രമചാതുരീണാം.

൧൧൪

നീലകണ്ഠ! മമോൽകണ്ഠാ
വന്യേഽസ്മിൻ വനിതാ ത്വയാ
ദീർഘാപാംഗാസിതാപാംഗാ
ദൃഷ്ടാ ദൃഷ്ടിക്ഷമാഭവത്.

൧൧൫

ഹാഹാ കേകി! ചകോരികേ! മധുകര-
പ്പേടേ! കിളിപ്പൈതലേ!
കുക്കും കോകിലബാലികേ! പറകെടോ
നിങ്ങൾക്കു കൈകൂപ്പിനേൻ

ശോകാംഭോധിയിലാക്കി മാമശരണം
മാപാപി വൈദേഹി! മ-
ജ്ജീവാലംബനമെങ്ങുപോയിതിവിടെ-
ക്കുത്രാപി കണ്ടീലയോ?

൧൧൩

നീയുണ്ടോ ഹന്ത! കണ്ടു സഖി! കുസുമലതേ!
മല്ലികേ! ജാതി! മുല്ലേ!
നീയുണ്ടോ ചൂതമേ! കണ്ടിതു ബകുള! നവാ
ശോക! ദിങ്നാഗയാനാം
നീയുണ്ടോ നൽതമാലദ്രുമ! കുരവക! പു-
ന്നാഗമേ! കണ്ടിതയ്യോ!
ജായാം മേ ജാതു യുഷ്മജ്ജനനിയെ വിപിനേ
ജാനകീം ദീനദീനാം."

൧൧൪

"സൌമിത്രേ! നനു സേവ്യതാം തരുതടം
ചണ്ഡാംശുരുജ്ജൃംഭതേ"
"ചണ്ഡാംശോർന്നിശി കാ കഥാ രഘുപതേ!
ചന്ദ്രോഽയമുന്മീലതി"
"വത്സൈതദവിദിതം കഥം നു ഭവതാ"
"ധത്തേ കുരംഗം യതഃ"
"ക്വാസി പ്രേയസി ഹാ കുരംഗനയനേ!
ചന്ദ്രാനനേ! ജാനകി!"

൧൧൫

"ഭോഃ കസ്ത്വം" "ലക്ഷ്മണോഽഹം ഭഗവദനുചരഃ"
"കോഽയമാര്യ്യ" "സ്സ രാമഃ"
"കോ രാമോ നാമ" "ഭങ്ക്ത്വാ പുരഹരധനുഷഃ"
"കുത്ര ഭഗ്നം ധനുസ്തൽ"
"ഗേഹേ വൈദേഹരാജഃ" "സ ഖലു നരപതിഃ
കീദൃ" "ഗാര്യ്യാപിതാസ്യൈ"
"കാ സാര്യ്യാ നാഥ!" "സീതാ" "കഥയ കഥയ മേ
ഹന്ത! സീതാ ക്വ യാതാ"?

൧൧൯

"വത്സായാഹി ഗൃഹം വ്രജാമ" "കിമിദം
ഗേഹം കുതഃ കാനനേ"
"നന്വേതൌ കഥമാഗതൌ വനഭുവം"
"ഭോ നാഥ! താതാജ്ഞയാ"
"ആയാതാഃ കതി വാ വയം കഥയ മേ"
"ദേവ! ത്രയഃ" "കേ ച തേ"
"ത്വം ചാഹം ജനകാത്മജാ ച ദയിതാ"
"കുത്രാസി ഹാ! ജാനകി!"

൧൨൦

എന്നീവണ്ണം തദാനീം ജനകനൃപസുതാ-
വസ്ഥ ചോദിച്ചു മേന്മേൽ
കണ്ണിൽക്കണ്ടോരു നാനാഖഗമൃഗനഗവ-
ല്ലീസ്സമുല്ലോലധൈര്യ്യം
സന്താപവ്യാകുലൌ തൌ വനഗിരികളില-
ന്വേഷമാണൌ സമന്താ-
ദെന്താവൂ! ദൈവഗത്യാ ദദൃശതുരവനീ-
ഭൃദ്വരം ഗൃദ്ധ്രരാജം.

൧൨൧

രാമോ വീക്ഷ്യ ഖഗേശ്വരം "ജനകജാ-
സംഭക്ഷകോ രാക്ഷസഃ
കശ്ചിദ് ഗൃദ്ധ്രവപുർദ്ധരോ നിവസതീ"-
ത്യേവം വദൻ ലക്ഷ്മണം
ഹന്തും ഗൃദ്ധ്രമിമം ക്രുധേവ നിശിതം
ഖഡ്ഗം കരേണാഗ്രഹീൽ
തം ദൃഷ്ട്വാഽഹ ഖഗേശ്വരോ രഘുപതിം
"വദ്ധ്യോഽസ്മി നാഹം ത്വയാ."

൧൨൨

"കസ്ത്വം" "പങ്ക്തിരഥാത്മജോഽസ്മി" "കുശലീ
കച്ചിന്മമായം സഖാ?"
"മർത്ത്യത്വം സജഹാ" "വഹോ ബത!" "ഭവാൻ
കോ വാ" "ജടായുഃ കില"

„കിം ഖഡ്ഗവ്രണജജ്ജരം വപുരിദം"
„ജിഹ്രേമി തച്ഛംസിതും"
„കോഽന്യഃ ശംസതി നാമ" „രാവണഹൃതാ
സീതാ സ്വയം വക്ഷ്യതി."

ഫമന

പദേ പദേ വീക്ഷ്യ വിളംബമാനൌ
വിദേഹകന്യാം വിതതേ വനാന്തേ
തദാഭിയാന്തൌ ഘനശോകതാന്തൌ
ഗതായുരൂചേ വചനം ജടായുഃ.

ഗദ്യം ൭. (ദണ്ഡകം).

"ശ്രീരാമചന്ദ്ര! ജയ നേരേ പിതുസ്തവ വി-
ഹാരേഷു മെത്തിന സഖാ ഞാൻ.
ശിവ! ശിവ! ദൃശം മേ സഫലയസി ചെമ്മേ
ശൃണു വചനമതിമഹിതമെരിപൊരിയിൽ മനമുരുകി
മുരുകി മൂർഛ്ഛരവശമുഴലേണ്ടാ.

വീരോ നിശാചരമഹാരാജനിന്നു തവ
ദാരാനമൂചുരളദാരാൻ.
വിരവിനൊടടുത്തേൻ ബത! വഴി തടുത്തേൻ
അലമുപരി പടപൊരുതു കപടരണദലിതവപു-
രപകരുണമഹമിവിടെ വീണേൻ.

'പൂരേ തദാ പതഗവീരാ! ഭവാൻ ഝടിതി
തേറായ്ക ജീവിതവിയോഗം
പുരുഷമണിതന്നോടഖിലവുമധന്യം
ചരിതമിതു പറവളവു'മിതി മിഥിലനൃപതനയ
വരമരുളി മതുമൊഴി മറഞ്ഞാൾ.

നാരായണായ നമ നാരായണായ നമ
വേരുന്നി വേദന വരുന്നു.
നളിനമുഖ! നീണാൾ മിളിതദ്യുതിവാണീ-
ടിഹ ഭവതു ശുഭവിഭവമിനി വിബുധവർപുരിയിൽ
മമ വസതി ദശരഥസമീപേ.'

൧൨൪

വാണീമേവം ബ്രുവാണേ പതഗപരിഷദാം
സാർവ്വഭൌമേ തദാനീം
വാനോർനാട്ടിന്നു താന്നീടിന കനകവിമാ-
നം കരേറും ദശായാം
താനേ തുക്കെത്തലംകൊണ്ടണിചിറകുതലോ-
ടിത്തലോടി പ്രഭ്രഷ്ടനാം
പൂണാരം കോസലാധീശ്വരനവനൊടു പു-
ണ്യാബ്ധിയോടേവമൂചേ.

൧൨൫

"താത! ത്വം നിജതേജസൈവ ഗമിത-
സ്സ്വർഗ്ഗം നനു സ്വസ്തി തേ
ബ്രൂമസ്താവദിമാം വധൂഹൃതികഥാം
മാ ഭ്രാതുരഗ്രേ കൃഥാഃ
രാമോഽഹം യദി കൈശ്ചിദേവ ദിവസൈർ-
വ്രീളാനമൽകന്ധര-
സ്സാർദ്ധം ബന്ധുജനേന സേന്ദ്രവിജയി
വക്താ സ്വയം രാവണഃ."

൧൨൬

ഇത്ഥംവാദീ രഘൂണാംപരിവൃഢനകരോൽ
കർമ്മശേഷം ഖഗാനാം
പത്യുര്യാതസ്യ നാകം ദശരഥസദൃശ-
സ്യാസ്യ ബാഷ്പാംബുവർഷീ
ചിത്തം കാന്താവിയോഗാൽ പുനരവനു തദാ
കഷ്ടമയ്യോ! കനക്കെ-
ക്കത്തിക്കാളുന്ന ചെന്തീക്കനൽനടുവിലെടു-
ത്തിട്ടപോലെ ചമഞ്ഞു.

ഗദ്യം ന്ദ.

ഹരഹര! ശിവശിവ! കഷ്ടം കഷ്ടം!!
ജനകതനൂജാവിരഹദശായാം
വിലപനശീലോ „ഹാഹാ! പ്രേയസി!
ഹാഹൌ! കാന്തേ! കപാസി കപാസി ക-
ദാ ന മുഖാബ്ജം കാണ്മതു കാന്തം.?
വന്നീടരികേ വത്സ! സുമിത്രാ-
തനയ നിതാന്തം ചതിപെട്ടു നാ-
മെന്തേചെയ്വതു ചെന്താർചരമാൽ
പൂണ്ട മനം മേ വെന്തുതുടങ്ങീ
തീരാതോരു സുഖക്കേടിതു വ-
ന്നാരൂഢം മമ ചാവോളംനാൾ.
മണ്ടീടാതേ മറിമാൻപേടേ!
നില്ലു സമീപേ നീയല്ലേ ചില
മല്ലവിലോചനലീലകളെല്ലാം
മുല്ലമലർക്കുഴലാളൊടുകേട്ടതു
ചൊല്ലവളെങ്ങോൾ ചടുലാപാംഗീ.
കഥയ സഖേ! നീ കരിണീഗമനാം
കരിപോതകമേ! കണ്ടീലല്ലീ.
മതുമൊഴിയാളവളെവിടെമറഞ്ഞാൾ
മതുകരമേ! നീ കണ്ടീലല്ലീ.
ബാലമൃഗാക്ഷികൾമൌലിവിഭൂഷാം
ബർഹിണമേ! നീ കണ്ടീലല്ലീ.
ശോകമഹോദധിവീചീമാലാം
കോകിലമേ! നീ കണ്ടീലല്ലീ.
പറയാരാരു പരമാൎത്ഥം മേ
പരഭൃതമൊഴിയാൾ കുത്ര നിലീനാ?
ലക്ഷ്മണ! സവിധേ ലക്കാണായ മ-
ലക്കാറിങ്കൽ കേൾക്കാകുന്നിതു
തസ്യാ നാദംതന്നേ നൂനം.
നോക്കിക്കാൺ നീ വിരവൊടു ഗതാ
നിശ്ചയമായ്വു! മദിച്ചീടുന്നവ-
കോകിലനാദംതന്നേ മന്യേ.

ഹഹാ! പൊയ്കയിൽ മുങ്ങിപ്പോയിതു
കൈകാൽകാട്ടിനതയ്യോപാപം!
ചെന്നുകരേററീടംബുജനേത്രാം;
കൈത്തളിരല്ലിതു കന്ദളകുസുമം;
മുല്ലയിൽ മെല്ലേ നോക്കിക്കാണൊരു
മുരുവലതിങ്കൽ കാണപ്പെട്ടു;
മുരുവലുമല്ലിതു മലർനിരയത്രേ;
ചാരു ചിലമ്പിൻകളകളമുണ്ടി-
ക്കമലവനത്തിൽ കേൾക്കാകുന്നു.
നൂപുരനാദവുമല്ലിതു ചൊല്ലാം
കളഹംസത്തിൻകൊഞ്ചലറിഞ്ഞേൻ;
എന്നേസുഖമേ! അത കാണായീ
വലമഥനാശയിൽ വദനം തസ്യാഃ;
പർവ്വതമദ്ധ്യേ കാണാകുന്നിതു
രാകാചന്ദ്രനുദിച്ചുവരുന്നു;
സൌമിത്രേ! നീ നിഴലിൽപോരേ
കൊട്ടുവെയിലത്തു നടന്നീടാതേ;
കൊട്ടുവെയിലല്ല നിലാവിതു കഷ്ടം!
വിസ്മൃതിപോലേ വിരഹദശേയം
ഖേദിച്ചീടായ്കയ്യോ! നിതാന്തം.
പാപിനിശാചരനീരേഴുലകില-
കത്തെങ്ങാനുമിരിക്കുന്നാകിൽ
ക്രൂരമ്പിന്നു കളിക്കകൊടുപ്പൻ.
പലതരമിത്ഥം വാർത്തകളനപദ-
മവരജനോടു പറഞ്ഞുമതന്ദമ-
വൻ ചൊല്ലുന്നതുകേട്ടു മഹന്നിശ-
മുൺമറക്കവുമൊക്കെമറന്നു വ-
നേഷു വനേഷു ലതാസു ലതാസു ധ-
രീഷു ധരീഷു നദീഷു നദീഷു ന-
ഗേഷു നഗേഷു നടന്നും നോക്കിയു-
മാർത്തിപിണഞ്ഞു കരഞ്ഞും മരിഞ്ഞും
കണ്ട ചരാചരജാതികളോടൊരു-
ചോദ്യംചെയ്തും പരിഭവമേററു

ചിന്തിച്ചിടയിൽ കോപംപൂണ്ടു ക-
ടക്കൺപോക്കു ചുവന്നുമറിഞ്ഞും
ചാപമുഴിഞ്ഞുകുലച്ചുവലിച്ചും
ത്രിഭുവനമൊക്കെപ്പേടിപ്പിച്ചും;
കമലപ്പൊയ്കകൾ കാണുന്നേരം
കണ്ണുംപൊത്തിനടന്നുമകാണ്ഡേ,
മലയസമീരണനേല്ക്കുന്നേരം
മരണത്തിന്നു നിലത്തുകിടന്നും
മന്മഥനോടു വഴക്കുപറഞ്ഞും
ചെമ്പകമലർകണ്ടൻപത്തു വീർത്തും
മല്ലികകണ്ടുടനല്ലൽപിണഞ്ഞും
ശോകംപൂണ്ടുമശോകവിലോകേ
പിച്ചകമലർകണ്ടശ്രുകണങ്ങളെ
വാർത്തും വാർത്തും മാലതികണ്ടൊരു-
മാലതിപൂണ്ടും ജനകതനൂജാ-
മന്വേഷിച്ചു നടക്കുന്നേര-
ത്തഥോപനി മദ്ധ്യേ കണ്ടെത്തുന്ന ക-
ബന്ധനിശാചരവീരനെ വാൾമുന-
കൊണ്ടു വേഗം ധൈര്യസമേതം
വൈവസ്വതനെച്ചേകിപ്പിച്ചും
പമ്പകടന്നു നടന്നദശായാം
ബാലിഭയംകൊണ്ടങ്ങോടിങ്ങോ-
ട്ടോടിയൊളിച്ചും മാല്യവദദ്രൌ
സങ്കേതത്തിൽ പുക്കു വസിക്കും
വാനരകുലപതിസുഗ്രീവൻ ക-
ണ്ടഗ്രജവചസാ നമ്മെക്കൊൽവാൻ
വന്നീടും ചില ചാരരിതെന്നു നി-
രൂപിച്ചാദൌ പുനരപി സൂക്ഷി-
ച്ചപ്പോളുത്തമപൂരുഷലക്ഷണ-
മൊക്കെക്കണ്ടു തെളിഞ്ഞിട്ടരികേ

നില്ക്കും വീൎയ്യപരാക്രമശാലിയൊ-
*ടനിലതനൂജനൊടേവമവാദീൽ.

ശ്ലോ ൧

"ഏതൌ കൌചന മാനവാന്വയമണീ
പമ്പാവനാന്തം രുഷാ
തന്വാനൌ സുരകാനനപ്രതിഭടം
ഹസ്താത്തശസ്ത്രായുധൌ
അസ്മച്ഛോകമഹാൎണ്ണവസ്യ തരണേ
ചേത് കൎണ്ണധാരാവിമാ-
വാനീയാദരപൂൎവ്വമത്ര സുമതേ!
സംബന്ധമാപാദയ."

ഗദ്യം ൧.

അഥ ഹനൂമാൻ ഹരിവരവദനസരസിജവിസരദുച്ചിത വചനമകരന്ദധയനപാത്രീകൃതശ്രോത്രപുടഃ സുനിമിത്തൈസ്സ്വാമി സമ്പത്ഫലോല്പത്തേൎബ്ബീജാവാപസ്യ അയം കാല ഇതി നിശ്ചിത്യ നിരൎഗ്ഗളപ്രമോദപ്രസൃതാഭ്യാം നയനാഭ്യാം തൌ മഹാപുരുഷൌ സവാത്സല്യബഹുമാനപ്രീതിവിസ്രംഭമീക്ഷമാണഃ പുരുഷവിശേഷ നിരീക്ഷണസമുത്ഥിതൈരിവോദ്ഗതൈ രോമപടലൈരലംകൃതഃ സവിതൃവചനമനുസ്മരൻ ശബ്ദവിദ്യാദേശികസ്യ ദ്വാദശാത്മനോ ഭഗവതസ്സ്വാത്മജാഭ്യുദയസമ്പാദനലക്ഷണാം ഗുരുദക്ഷിണാം സുവിഹിതാമേവ മന്വാനഃ അഹംപ്രഥമികയാ അവതരിതും അത്യുത്സുകാനാം പീഡ്യമാനോ നിജകരചരണാനാം മാല്യവതോഽവതീൎയ്യ പമ്പാതടവനവിടപിനിബിഡതയാ സഹസാ താവ-പശ്യത്. മാൎഗ്ഗാനുസാരേണ സസംഭ്രമം പൎയ്യടൻ ശംഖമത്സ്യകേതു

* കനത്തീടും താപാൽ പുനരപി
ചരന്തൌ പഥി ബലാൽ
വിനിഘ്നന്തം കൊന്നാൻ പരിചൊടു
കബന്ധാസുരവരം
ധനുഷ്മന്തൌ പമ്പാതടഭുവി
തദാ കണ്ടു തരസാ
മനസ്വീ സുഗ്രീവൻ പവനസു-
തനോടേവമവദൽ.

എന്ന് ഒരു് ആദൎശഗ്രന്ഥത്തിൽ കാണുന്നു.

രഥാംഗലാഞ്ഛിതാം പദപങ്ക്തിമാലോക്യ ലോകോത്തരതാമനയോർന്നിശ്ചിത്യ തദാതപസമുദ്ഭൂതമഖണ്ഡതേജോമണ്ഡലീകുണ്ഠിതചണ്ഡകരമണ്ഡലമാത്മനീനം കുണ്ഡലദ്വന്ദ്വമാലോക്യ തത്വതസ്സമവധാരിതതദവസ്ഥാ മഹാപുരുഷസംവ്യവഹാരയോഗ്യം ഭിക്ഷുവേഷമവലംബ്യ പുരതഃ സ്ഥിത്വാ സവിനയമാചച്ക്ഷ്യേ.

൧൨൮

"കിഷ്കിന്ധായുവരാജ ഏഷ സവിധേ
രാജ്യാത്സമുത്സാരിത-
സ്സുഗ്രീവോ നിജപൂർവ്വജേന ഭുജഗ-
ർവ്വോല്ലാസിനാ ബാലിനാ
ആസ്തേ മാല്യവദദ്രിസീമനി തദ-
പ്രാപ്യേ മുനേശ്ശാപതോ
ദ്രഷ്ടും വാം വചസാസ്യ മാരുതിരഹം
പ്രാപ്തോ ഹനുമാൻ കപിഃ."

൧൨൯

ഇത്ഥം ഭക്ത്യാ ഹനുമത്യഥ വദതി തനു-
മത്വമാർന്നത്ഭുതശ്രീ-
മെത്തീടും സദ്ഗുണാനാം നിവഹമരികിൽ വ-
ന്നാശ്രയിക്കുന്നപോലെ
ഭൃത്യസ്നേഹം വളർന്നു ദശരഥസുതനാ-
കസ്മികം തോഴ! തസ്മിൻ
മിത്രസ്നേഹം ച സുഗ്രീവനിലിഹ പറവാ-
നാവതോ ദൈവദോഷം.

൧൩൦

"ഹേ! വത്സ! ലക്ഷ്മണ! കരോമി ഹരീശ്വരാഗ്ര്യം
സുഗ്രീവമുഗ്രബലമഗ്രജമസ്യ ഹത്വാ
മൽപ്രേയസീഹരണദുർമ്മദരാവണാസു-
പ്രധ്വംസനേ ന ഖലു ചേന്മമ കേ സഹായാഃ?"

൧൩൧

"എങ്കിൽ പ്രതാപബലശാലിനമിന്നുതന്നെ
കാൺകല്ലയോ വിപദി ബാലിനമേവ നല്ലു,

ശങ്കേ നമ്മക്കു കുടിലാ ധൃതിരന്യഥാചേൽ
കിം കാൎയ്യമിന്നു ബലഹീനനമാശ്രയേണ?"

൧൩൨

"ഉദ്വൃത്തപൌലസ്ത്യകണ്ഠ *ഭിദുരഭുജബലോ-
ഷ്മായമാണഃ കപീന്ദ്രോ
നായം നസ്സന്ദധീത കഥചിദപി ച വിധേയ
നൈവ സാഹായ്യകാമഃ
സോഽഹം സുഗ്രീവമേത†ദ്ദമനദൃഢതരം
മിത്രമിച്ഛാമി പശ്ചാൽ
‡പാരസ്ത്രൈണേയപുത്രവ്യയശിഥിലശുചം
ശക്രമാരാധയാമ."

൧൩൩

ധന്യാത്മാ മനുവംശകേതു ഹനുമൽ-
സ്കന്ധേ കരേറിത്തദാ
ചെന്നമ്മാല്യവദദ്രിസീമ്നി വിവശം
കണ്ടദ്ദിനേശാത്മജം
ഉന്നിദ്രാദരമാദിതഃപ്രഭൃതി തദ്-
വൃത്തങ്ങൾ ചോദിച്ചറി-
ഞ്ഞതന്നേ! ചിത്രമിതാത്മവൃത്തവുമഴി-
ഞ്ഞാക്കെപ്പറഞ്ഞീടിനാൻ.

൧൩൪

അക്കാന്തേവാസിനാ തൽക്ഷണസമുപഹൃതം
ദാരവീയാഗ്നിമപ്പോ-
ളഗ്രേ സാക്ഷീകരിച്ചമ്മനുകുലപെരുമാ-
ളൃശ്യമൂകാദ്രിശൃംഗേ

* ഭിദുരം = ഭേദനശീലം.

† ദമനം = മാരണം.

‡ 'പാരസ്ത്രൈണേയസ്തു പരസ്ത്രീയഃ' എന്നു അമരം.

മുഖ്യാമാരാഞ്ഞു സീതാം തരുവതിനുടനൊ-
ത്തീട്ടുമുദ്രാമധാസ്താ
സുഗ്രീവേണാശു ബാലിപ്രമഥനവിധയേ
സഖ്യമഗ്ര്യം വിതേനേ.

൧൩൫

"രസാതലേ വാ സാ ദേവീ
വസന്തീ വാ നഭസ്ഥലേ
ഭവതാനീയ ദാസ്യാമി
സത്യമേതദരിന്ദമ!"

൧൩൬

"ഹൃതദാരസ്യ മേ വാണീ
നൈവാദരപരാ നൃണാം
നിർമ്മക്ഷികം തഥാപി ത്വം
സാമ്രാജ്യമധു പാസ്യസി."

൧൩൭

സീതാകപീന്ദ്രലക്ഷ്മണരാഘവാണാം
രാജീവഹേമജലനോപമാനി
സുഗ്രീവരാമപ്രണയപ്രസംഗേ
വാമാനി നേത്രാണി സമം വിചേലുഃ.

൧൩൮

മുഖ്യാത്മാ വായുജന്മാ പരമസുഖമിയ-
ന്നീടിനാനെന്തുചൊല്ലു
സുഗ്രീവോഽപി സ്വരാജ്യം കരതലഗത-
മെന്നേഷ മേനേ തദാനീം
രക്ഷോനാഥോരഗോപപ്ലുതജഗദമൃതാ-
പ്ലാവതാം കോലുമേതത്-
സഖ്യേനാനന്ദിതോഽഭ്രന്മനസി രഘുപതിഃ
പൂർണ്ണജൈവാതൃകശ്രീഃ.

സുഗ്രീവസഖ്യം സമാപ്തം

## ബാലിവധം.

൧

*ആപത്താഹന്ത! പൊയ്പ്പോമിതു നഖിലനൃണാം
ചാരുദൈവാനുകൂല്യ-
പ്രാബല്യം കൈവരുന്നാൾ പ്രിയസഖ! സുഖമേ
നല്ലതും വന്നുകൂട്ടും;
വാർപെയ്യും ബാലിയെക്കൊന്നിതവിയ രഘുനാ-
ഥാനുകൂല്യേന മുന്നം
വ്യാപന്നന്നാശു സുഗ്രീവനു നിജനഗര-
പ്രാപ്തി കൈവന്നപോലേ.

൨

ഹത്വാ തം ബാലിനം നല്കുവനയി തവ രാ-
ജ്യത്തെയെന്നും പ്രിയാം തേ
പൃഥ്വ്യാമാരാഞ്ഞു തന്നീടുവനഴകിനൊടെ-
ന്നും പറഞ്ഞോത്തു വാചാ
കൃത്വാ സുഗ്രീവസഖ്യം പവനതനയസ-
മ്മാനിതാത്മാ രഘൂണാ-
മുത്തംസം തമ്പുരാൻ മാല്യവദചലവരേ
സാനുജന്മാ ന്യവാത്സീത്.

൩

അക്കാലം വായുജന്മാ രഘുകുലപെരുമാ-
ളോടു ചെന്നാബഭാഷേ
„മുഖ്യാത്മൻ! കിം വിളംബേ ഫലമിഹ കരണീ-
യാ ത്വരാ കാര്യഹേതോഃ,

---

*ഘോരാണാം ദാനവാനാം നിരുപമപൃതനാ-
ഭാരഖിന്നാം ധരിത്രീ-
മോരോ ലീലാവതാരൈരഴകിനൊടു സമാ-
ശ്വാസയന്തം നിതാന്തം
ക്ഷീരാംഭോധൌ ഭുജംഗാധിപശയനതലേ
യോഗനിദ്രാമുദാരാം
നേരേ കയ്ക്കൊണ്ടു ലക്ഷ്മീകുളർമുല പുണരും
പദ്മനാഭം ഭജേഥാഃ.

എന്നു ചില ഗ്രന്ഥങ്ങളിൽ ഒരു മംഗളശ്ലോകം കൂടുതലായിക്കാണുന്നു,

കിഷ്കിന്ധായാമെഴുന്നെള്ളുവതിന്നുഴറുകേ
കേവലം വേണ്ടതുള്ളൂ
രക്ഷായൈ മാദൃശാനാം ദിനകരതനയോ
നിസ്സപത്നോഽസ്തു വേഗാൽ."

൪

ഇത്ഥം കേട്ടാത്മദാസോദിതനുതിവചനം
പേർത്തു'മവ്വണ്ണ'മെന്ന-
ങ്ങുക്ത്വാ സുഗ്രീവമുഖ്യൈസ്സഹ കപിവൃഷഭൈ-
സ്സാനുജന്മാ തദാനീം
പ്രസ്ഥായാഹന്ത! പോകുന്നളവു വിഗതവി-
ശ്വാസമാലോക്യ ഭാനോഃ
പുത്രം സന്ദർശയൻ ദുന്ദുഭിവിപുലവപുഃ
കൗതുകീ വാചമൂചേ.

൫

"സുഗ്രീവാ! പശ്യ നീയെന്തിതു വിപുലതരം
പർവ്വതോദഗ്രമഭ്യ-
ന്ന്യഗ്രേ കാണായതെ"ന്നുക്തവതി രഘുവരേ
സോഽപി വാചം ബഭാഷേ
"ലക്ഷ്മീസങ്കേതമേ! കേളിതു ദനുജപതേർ-
ദുന്ദുഭേരഗ്രജേന
പ്രക്ഷിപ്തം ഗാത്രമേതത് കപിപരിവൃഢനും
പണ്ടു ദുശ്ചാല്യമാസീത്."

൬

എന്നു ചൊന്നളവു ഭാനുമാലിതനയേ തെ-
ളിഞ്ഞു രഘുനാഥനും
ചെന്നിതഗ്രചരണേന സത്വരമെറിഞ്ഞി-
തങ്ങുപരി ലീലയാ
ഉന്നതം പുനരതംബരേ ദിനകരന്നു
വാർത്തയറിയിപ്പതി-
ന്നെന്നവണ്ണമുടനങ്ങുചെന്നു തരസാ പ-
പാത ധരണീതലേ.

൭

‘‘സപ്തസാലമിതു ദൃപ്തനായ കപിവീര-
ദോർബ്ബലപരാക്രമാ-
വൃത്തികൊണ്ടുമിളകീല’’യെന്നു ദിനനാഥ-
സൂനു പറയുംവിധൌ
മററുമേകശരമെയ്തവററെ വടിവിൽ പി-
ളന്നു രഘുനായകേ-
ഽവസ്ഥിതേ ശരവരോ വിഭിദ്യ ധരണീം ക്ഷ-
ണേന പുനരായയൌ.

൮

‘‘നിർഭിന്നസാലകടകോഽസ്മി യഥാ തഥാ ത്വം
പൌലസ്ത്യസാലകടകം യുധി പാടയേ’’തി
ഊചേ മഹീദലനജാതരവേണ നൂനം
തസ്മൈ വലീമുഖവരായ ശിലീമുഖസ്സഃ.

൯

‘‘വിശ്വാസം വന്നുകൂടീ മമ ഹൃദി രഘുനാ-
ഥാ! തവ പ്രാഭവം കേൾ
വിശ്വാധിക്യം കലന്നോന്നമരവരസുത-
ന്നന്തകാരീ ശരോഽയം
ഗച്ഛാമോ വീര! നാ’’മെന്നഴകിലുടനൊരു-
മ്പെട്ടു സുഗ്രീവനോട-
ങ്ങൾച്ചേർന്നുംകൊണ്ടു നേരേ കപിവരനഗരീം
പ്രാപ്യ രാമോ ബഭാഷേ.

൧൦

‘‘സുഗ്രീവാ! ചെല്ക നിന്നഗ്രജമഴകിൽ വിളി-
ച്ചീട്ടു യുദ്ധായ തൂർണ്ണം,
വ്യഗ്രം വേണ്ടാ, മറഞ്ഞിട്ടിഹ തരുനികരേ
ഞാനുള്ളോൻ ചാപധാരീ,
ഉഗ്രാത്മാനം തവ ഭ്രാതരമയി മമ കൺ-
മുൻപിലാക്കിത്തരേണം
മുഖ്യാത്മൻ! നീ, തദീയം ക്ഷതജമിഹ പിപാ-
സത്യസൌ സായകോ മേ.’’

൫൫

,,ചേണററീടും നിയോഗാത്തവ മനുകുലമാ-
ണിക്യമേ! ചെന്നു നേരേ
ഞാനിപ്പോളഗ്രജം മേ പൊരുവതിനു വിളി-
ച്ചീടുവൻ മാനശാലീ
ക്ഷീണത്വം മേ വരുമ്പോളധിരണമുടയോ-
രില്ല മററാരുമെന്നാൽ
പ്രാണത്രാണായ തുഭ്യം കനിവിനൊടു നമ-
സ്കാരമെൻ തമ്പിരാനേ!''

൫൬

ഇത്ഥം ചൊല്ലി ത്രിലോകീശ്വരചരണതലേ
വീണു ഭക്ത്യാ തദാജ്ഞാ-
മുത്തംസീകൃത്യ ചെന്നാക്കപിവരനഗരീ-
ഗോപുരദ്വാരമാൎഗ്ഗേ
പത്താശാന്തം നടുങ്ങുംപടി പരമതനോൽ
സിംഹനാദം ഗഭീരം
സുത്രാമാപത്യഗേഹേ കപികുലമഖിലം
ചാലയൻ ഭാനുജന്മാ.

ഗദ്യം ൫.

തസ്മിൻ കാലേ ലീലാശാലി
മേലേമേലേ ലോലദ്ദുകൂലം
ചാലവിരിച്ചപ്പൊന്മയമാകിന-
പൎയ്യങ്കോപരി മേളംതാവിന-
മേലാപ്പിൻകീഴ് പരിമളബഹളാ-
ന്മല്ലീജാതീമരുവകകുരവക-
ചെമ്പകപങ്കജകേസരകേതക-
കുന്ദകളായലവങ്കമുഖാഖില-
കുസുമവിശേഷാൻ തൂകിത്തൂകി
ത്തൂക്കിത്തൂക്കീട്ടിരുപാട്ടും നൽ-
തലയിണവെച്ചത്തരുണീജനവും
താനുംകൂടെച്ചേൎന്നു കളിച്ചും,
താരാവദനം വീക്ഷം വീക്ഷം,

പേയവിശേഷാൻ പായം പായം,
ഖാദ്യവിശേഷാൻ ഖാദം ഖാദം,
ചാരു ചിരിച്ചും ചെറുതുപുളച്ചും
കിമപി മദിച്ചും കോമളവാനര-
നാരികൾതേടിന പാട്ടും കൊട്ടും
കേട്ടുസുഖിച്ചും, തത്തത്തായെ-
ന്നൊത്തീടുംപടി മുഗ്ദ്ധത കണ്ടും
നൃത്തം കണ്ടും മനസി രസിച്ചും
കനിവു തഴച്ചും ഹാടകപാടക-
ഘോടകനൂപുരകാഞ്ചീകങ്കണ-
കേയൂരാദിയവൎക്കു കൊടുത്തും
മാനമകന്നും പ്രീതി കലൎന്നും
ധൈൎയ്യമുടഞ്ഞും കാംക്ഷ പൊടിഞ്ഞും
ഖിന്നതപേന കിടന്നു രസിച്ചും
തന്നത്താനുംകൂടെ മറന്ന-
ക്കപിവരനഭിമതനാരീജനവും
താനുംകൂടിക്കാമരസാംബുധി-
തന്നിലിറങ്ങിക്കരകാണാതേ
നീന്തി മയങ്ങി ക്രീഡിച്ചൻപിനൊ-
ടേവമിരുന്നരുളുന്നദശായാം.

൮൬

സുഗ്രീവോദഗ്രനാദം വടിവിനൊടു സമാ-
കൎണ്ണ്യ ദന്താവളേന്ദ്ര-
പ്രക്ഷോഭം കേട്ടു കൎണ്ണേ പരമിളകിന പ-
ഞ്ചാസ്യനങ്ങെന്നപോലേ
ഉഗ്രാത്മാ ഹന്ത! നാലഞ്ചലറി വിവൃതദം-
ഷ്ട്രാനനോ രോഷവേഗം
കൈക്കൊണ്ടുംകൊണ്ടു ബാലീ തദനു സരഭസം
നിൎജ്ജഗാമേ ഗുഹായാഃ.

൮൭

തത്ര യുദ്ധമഭൂദ് ഘോരം
ബാലിസുഗ്രീവയോസ്തയോഃ

സന്ത്രാസകാരി ജഗതാം
ദന്താദന്തി തലാതലി.

൯൫

ബദ്ധമണ്ഡലചാരിണൌ ഹസന്തൌ
പ്രഹരന്തൌ മുഹുരന്തരേ പതന്തൌ
നമനോന്നമനൈർന്നിരത്ഥയന്തൌ
പ്രഹൃതിം തൌ വിഹൃതിം രണേ വ്യധാതാം.

൯൬

തൌ നിർവ്വിശേഷാവാലോക്യ
പ്രമാണാകൃതിവിക്രമൈഃ
രാമഃ സുഹൃദ്വധഭയാ-
ന്ന മുമോച ശിലീമുഖം.

൯൭

തതഃ പ്രഹാരഭഗ്നാംഗഃ
സുഗ്രീവോ ബാലിനിർജ്ജിതഃ
ജഗാമ ജീവിതാകാംക്ഷീ
ത്വരിതം നിജകാനനം.

൯൮

ഘോരാഭിഘാതാഭിഹതോ
രുധിരോദ്ഗാരമൂർച്ഛിതഃ
ഋശ്യമൂകതടേ ശ്രാന്തഃ
നിശ്ശ്വസൻ നിഷസാദ സഃ

൯൯

തതഃ സാനുജമായാന്തം
ഹനുമത്പ്രമുഖൈഃ സഹ
രാമം ജഗാദ സുഗ്രീവഃ
ക്ഷണമാലോകയൻ ക്ഷിതിം.

൱

"അഹോ! മേ ഹീനഭാഗ്യസ്യ
വിഫലസ്ത്വത് സമാശ്രയഃ
വിപരീതമിദം ജാതം
പീയൂഷാദിവ മേ വിഷം.

൨൧

മിഥ്യാ ബാലിവധോദ്യോഗഃ
കിം ഗൃഹീതഃ സ്വയം ത്വയാ
ഹൃദയേ ശല്യമാദത്തേ
പ്രതിശ്രുതവിപര്യ്യയഃ.

൨൨

ന്യസ്യ ത്വയാ മൃത്യുമുഖേ
കസ്മാദഹമുപേക്ഷിതഃ
സോയമാലംബനച്ഛേദഃ
കൃതഃ കൃപാവപാതിനഃ.”

൨൩

ഇതി ബ്രുവാണം സുഗ്രീവം
രാമോ ലജ്ജാനതാനനഃ
ഉവാച ശാന്തമനസാ
കാരണം ശൃണു മേ സഖേ!

൨൪

“യുദ്ധേ യുവാം മയാ ദൃഷ്ടൌ
സദൃശാഭരണാംബരൌ
തുല്യപ്രമാണവർണ്ണാംഗ-
സ്വരാലോകനചേഷ്ടിതൌ.

൨൫

അതോഽയം ത്വദ്വധഭയാ-
ന്മയാ വജ്രാഗ്രദാരുണഃ
അമോഘപാതീ ന ത്യക്തഃ
സത്യം പ്രാണഹരഃ ശരഃ.”

൨൬

“ഗജപുഷ്പീമിമാം ഫുല്ലാ-
മുത്പാട്യ വസുധാതലാത്
കുരു ലക്ഷ്മണ! കണ്ഠേസ്യ
സുഗ്രീവസ്യ മഹാത്മനഃ.”

൨൭

“ശോഭസേ ഹ്യധികം വീര!
ലതയാ കണ്ഠലഗ്നയാ

വിപരീത ഇവാകാശേ
സൂൎയ്യോ നക്ഷത്രമാലയാ."

ഗദ്യം ൨.

അനുഗതേന ച രാമേണ പ്രചോദിതഃ പുനരപ്യഭി-
ജ്ഞാനമാലാകലിതവിപുലഗ്രീവഃ സുഗ്രീവഃ കിഷ്കിന്ധാമവാപ്യ
പൎജ്ജന്യവദ് ഗൎജ്ജന്നയം ഭൂയോപി ബാലിനമാഹവായാഹ്വയത.

൨൭

അന്നേരം പോരിനായ്ക്കൊണ്ടഴകിനൊടു പുറ-
പ്പെട്ട തൻകാന്തമേററം
ഖിന്നാ വാചം ബഭാഷേ കനിവിനൊടു തട-
ഞ്ഞംശുകേ ഹന്ത! താരാ
"പുണ്യാത്മൻ! പേൎത്തുമെന്തെന്നുമിതരുചി തുട-
ങ്ങുന്ന,തോൎത്തീടിതിപ്പോഠം
മുന്നേവണ്ണം ജയിപ്പാൻ പണി പണി നിതരാം
വീര! കാൎയ്യം വിചാൎയ്യം.

൨൮

ഇപ്പോളല്ലോ വിഭോ! നിന്നൊടു ഞെടുഞെടെയേ-
ററെറ മുഷ്ടിപ്രഹാരാൻ
തദ്ഭ്രാതാ ഹന്ത! പോയീ, പുനരവനുടനേ
വന്നതിന്നെന്തുമൂലം?
അപ്പോളേ തേനമുണ്ടങ്ങൊരുബലമുതകീ-
ട്ടിന്നു സുഗ്രീവനെന്നെ-
ന്നാംപ്പുവിങ്കൽ പുലമ്പുന്നിതു കപിമകുടീ-
രത്നമേ! ചിന്തയേഥാഃ."

൨൯

ഇത്ഥം വദന്തീം ദയിതാം ദൃക്കുലം
ധൃതപാ നിഷണ്ണാം നിതരാം വിഷണ്ണാം
സ്മിതപാ ബഭാഷേ വചനം കപീനാ-
മുത്തംസമാലാ കനിവോടു ബാലീ.

൬൧

„താരേ! താരാധിനാഥപ്രതിനിധിവദനേ!
പേത്തുമെന്തെന്തിദാനീ-
മാരാദാലംബ്യ ചേലാഞ്ചലമയി! കരയു-
ന്നു വൃഥാ ദീനദീനാ?
നേരേ നേരേ ഗഭീരേ കരുതിന സമരേ
ഘോരമെന്നെജ്ജയിപ്പാ-
നാരേപോലുള്ളതുവ്വ്യാം മമ പരമറിയു-
ന്നീലയോ ബാഹുവീര്യം?

൬൨

ഏകം കേട്ടാലുമെങ്കിൽ ത്രിഭുവനമഹിതോ-
പക്രമം വിക്രമം മേ
പാകാരാതിക്കു ശാപാൽ ത്വരിതമുപഗതേ
മുന്നമൈശ്വര്യനാശേ
ലോകാനാമീശ്വരാജ്ഞാംകരമുരഹരപ_
ദ്മോദ്ഭവാ ദാനവേന്ദ്രാ-
ന്നേകീകൃത്യാശു ദേവൈരമൃതമഥനമാ-
രേഭിരേ വാരിരാശൌ.

൬൩

ശ്രുത്വാ വൃത്താന്തമേനം പുനരവിടെ മുദാ
ഹന്ത! ചെന്നേൻ തദാനീം
ബദ്ധ്വാ തന്മന്ദരം വാസുകിഭുജഗവരേ-
ണാശു ദേവാസുരൌഘൈഃ
മദ്ധ്യേ പാലാഴിയിൽ പണ്ടമൃതമഥനകോ-
ലാഹലേ കല്പ്യമാനേ
ഹസ്താലസ്യാദപിഹസ്താനവരെ വടിവിലാ-
ലോക്യ ഞാൻ ചെന്നണഞ്ഞേൻ.

൬൪

വാമേനാലംബ്യ മേന്മേൽ ഫണിപരിവൃഢവാ-
ന്മേൽ പരേണാന്യഭാഗേ
മാ മാ! ദോഷ്ണാ പിടിച്ചജ്ജലധിമുഴവനൊ-
ന്നം കലക്കീടിനേൻ ഞാൻ

വാർമേഘം പമ്പരത്തിൻപരിചു ബത! തിരി-
ഞ്ഞൂ തദാ മന്ദരം മൽ-
പ്രാബല്യാൽ വാസുകിക്കും നയനമഖിലമുൽ-
ഫുല്ലമാസീദ്വിഷാദാൽ.

൩൭

ഇന്ദ്രന്നങ്ങായിരം കണ്ണിലുമതനു കല-
ർന്നൂ തദാ ബാഷ്പലേശം,
മന്ദം ശ്രീകാന്തൻ വിസ്മയിച്ചൂ മുരരിപു, വിരൽവ-
ച്ചൂ ഹരൻ നാസികായാം,
സന്തോഷാൽ പദ്മജന്മാ പരിചിനൊടു ചിരി-
ച്ചൂ മുഖം മൂന്നുകൊണ്ടും,
കിം താരേ! ഖിദ്യസേ നീ മമ പരമെതിരാ-
രുള്ളതിന്നിത്രിലോക്യാം?''

൩൮

ചൊന്നാൾ താരാ തദാനീം തിട്ടതിടെ നയനാം-
ബുനി വാത്താനതാംഗീ
''ധന്യാത്മൻ! വീര! നിന്നോടയി മമ പറവാൻ
വേലയുണ്ടെങ്കിലും കേൾ,
ഖിന്നാ ചൊല്ലുന്നതുണ്ടങ്ങൊരു പുതുമയതെ-
ന്നംഗദൻ ചൊല്ലി മേന്മേ-
ലിന്നേഷാ ഹന്ത! കേട്ടേനതു കിമപി വിചാ-
രിച്ചുവേണം പ്രയാണം.

൩൯

മുഖ്യേ സൂര്യാന്വയേ മേവിന ദശരഥനാം
ഭൂമിപസ്യാത്മജന്മാ
വിഖ്യാതോ രാമനെന്നുണ്ടവനനുജനഹോ!
ലക്ഷ്മണൻപോൽ മഹാത്മാ
സഖ്യം താഭ്യാം സമാസീത്തവ പുനരനുജ-
ന്നാശു സുഗ്രീവനേതാം
രക്ഷാമാദായ വന്നൂ പുനരവനധുനാ
വീര്യവാൻപോൽ സ രാജാ.

൩൮

ഒട്ടകാൎയ്യമുടനുണ്ടുപോലവനു ഭാനു-

സൂനുകരണീയമെ-

ന്നിട്ടു നിൻവധമനേന കല്പിതമതിന്നു

കേൾ പകരമായ് വിഭോ!

കഷ്ടമെന്നു ചില വാക്കുകേട്ടു മറു-

കുന്നിതെന്മനമെനിക്കു കാ-

ണ്ണൊട്ടുമിന്നിതു നിരന്നതില്ല, വിവശാ ഭ-

വാമി കപിവീര! ഞാൻ."

൩൯

പറഞ്ഞേവം താരാ പ്രരുദിതമുഖീ നിന്ന സമയേ

നറഞ്ഞീടും വീൎയ്യം തടവി മുഹുരുചേ കപിവൃഷാ,

"അറിഞ്ഞീടെല്ലാരും ദിനകരതനൂജന്നു തുണയായ്

തിരിഞ്ഞാലും ഞാനിന്നരുളുവനവന്നന്തകപുരം.

൪൦

അനഗ്ഗ്ള വൃഥാ നിന്നു കരഞ്ഞു ജാത-

വ്യഗ്രാ വിഷാദേ മുഴുകായ്ക താരേ!

ഉഗ്രൈരുദഗ്രൈൎമ്മമ മുഷ്ടിപാതൈഃ

സുഗ്രീവമഗ്രേ വമരം കരഷേ.

൪൧

ആഃ! കിം കിം വിപരീതകാരിണി! തുട-

ങ്ങീടുന്നതിന്നീ ജളാ-

നാക്കാൎയ്യമ്പിലമുൻ പ്രയാഹി പുന"രെ-

ന്നാഭാഷിതാ ബാലിനാ

ദീൎഘം വീൎത്തു ചൊരിഞ്ഞു ബാഷ്പസലിലം

"ഹാഹാ! ഹതാ നാഥ! നിൎ-

ഭാഗ്യാ ഞാൻ പുന"രെന്നുചൊല്ലി വിവശാ

താരാ നികേതം യയൌ.

൪൨

നോക്കിക്കണ്ടഥ പിൻതിരിഞ്ഞു വിവശം

പോകുന്ന താരാം ശുചാ

ദീൎഘം വീൎത്തു "ഗതാദ്യ ഹന്ത! സഹസാ

ഹാഹാ! മമ പ്രേയസീ

സാക്രോശം പുന"രെന്നുചൊല്ലിയുടനേ
കോപേന നാലഞ്ചുപ-
ത്താക്കം ചേൎന്നലറിക്കപീശ്വരനസൌ
യോദ്ധും പ്രവൃത്തസ്തദാ,

൪൩

അഗ്രേ സുഗ്രീവനേക്കണ്ടകഥയ"ദയി ഞാൻ
നിന്നെയന്നന്നണഞ്ഞെൻ-
കൈക്കൽ ചേൎത്തിട്ടയച്ചേൻ, ഫലമതിനധുനാ
നീ വിളിക്കെന്നുവന്നു,
ഇക്കാലം കാലലോകേ തവ വടിവൊട്ടു യാ-
ത്രാമുഹൂൎത്തം വിധിപ്പാൻ
മൽക്കൈകൾക്കുദ്യമം നില്ലവിടെയവിടെ നീ-
യോട്ടുകെന്നിന്നിവാരാഃ"

൪൪

ഇത്ഥം കേട്ടഗ്രജോദീരിതവചനമവാ-
ദീത്തദാ ഭാനുജന്മാ
"സുത്രാമാപത്യമേ! നിൻകഴലിണതൊഴുതേൻ
കേൾ പിഴച്ചീലസൌ ഞാൻ,
എത്താ നിൻപാദശുശ്രൂഷണമഴകിലെനി-
ക്കെന്നു ഖേദേന യുദ്ധം-
മെത്തീട്ടുമ്പോൾ തലോടാസ്സുരുമടിമലരെ-
ന്നാഗതോfസ്മീ"ത്യനംസീത്.

ഗദ്യം ൯.

ഇത്ഥം ഭക്ത്യാ ചരണസരോജേ
വീണുളവനുജേ ഭാനുതനൂജേ,
"വേണ്ടാ വേണ്ടാ സവ്യാജം നിൻ-
ദുവ്യാപാരം നിഖിലമറിഞ്ഞേ-
നുന്നതനാകിയ നീയെന്തിനു കേൾ
സന്നതനായിഹ വീണീടുന്നു?
പെട്ടെന്നേകുംമുഷ്ടികൾകൊണ്ടേ
ശുശ്രൂഷിച്ചീടുന്നോന്തും മാം.
കൈത്തലമോങ്ങിക്കവിളത്തപ്പോൾ

സ്വസ്തികരം ചൊല്ലാമഴകിലെടോ ഞാൻ"
ഇത്ഥംചൊല്ലിസ്സുത്രാമാത്മജ-
നവനതമവനെ നിർദ്ദയമായി.
പ്പെട്ടെന്നൊന്നു ചവിട്ടുന്നേരം
സത്വരമെഴുന്നേററുദ്ധതിശാലീ
സുഗ്രീവനുമുടനഗ്രേ നിന്നു-
പ്പരികരമതിദൃഢമഴകൊട്ടു ബദ്ധ്വാ
കഹകഹശബ്ദം മുഹുരപി കൃത്വാ
നില്ക്കുന്നേരം പ്രജഹാരൈനം
മുഷ്ട്യാ, ബാലി സോഽപി ച മുഷ്ട്യാ
നിർദ്ദയമർദ്ദയതി സ്മ സരോഷം
ഉന്നതിഭാജം കപികുലരാജം
മുഷ്ട്യാ കുത്തിയുമത്തൽപെടുത്തും,
കൈത്തലമോങ്ങിയടിച്ചുപിടിച്ചും
പല്ലുകൾകൊണ്ടു കടിച്ചുപൊടിച്ചും
മാറുകൾകൊണ്ടേ മാറിൽ പാഞ്ഞും
തലകൊണ്ടുടനേ തലയിൽ പാഞ്ഞും
ജാനുകൾ കൊണ്ടേ ജാനുനി പാഞ്ഞും
നഖതതികൊണ്ടേ വപുഷി പൊളിച്ചും
"വാ വാ" എന്നു വിളിച്ചുമടിച്ചും
പല്ലുകടിച്ചും വിവരംകണ്ടും
പകരം വീണ്ടും പവരിതിരിഞ്ഞും
ചെറുതു തുനിഞ്ഞും വടിവൊടു താണും
മുഹുരപി വീണും ജവമെഴുന്നേററും
വന്മരമങ്ങുപറിച്ചുമടിച്ചും
വന്മലകുത്തിയടത്തുമെറിഞ്ഞും
കല്ലുകലമ്പിലെടുത്തുമെറിഞ്ഞും
തല്ലുകളേററു ഞെരിഞ്ഞുകരഞ്ഞും
തങ്ങളിലിത്ഥം ബദ്ധവിരോധം
പോരാടുമ്പോൾ മന്ദം മന്ദം
ക്ഷീണത പോന്നുപിണഞ്ഞു വളർന്നി-
ദീനാഭോഗേ ഭാനുതനൂജേ
തൊഴുതുംകൊണ്ടിട്ടനിലതനൂജൻ
മൻകുലനാഥനൊടേവമവാദീത്.

൪൭

"നാഥാ! കാണേണമേ! ഭാനുജനഗതവശം-
കെട്ടുപോയീ കപീന്ദ്രൻ
മീതേ മീതേ കൊടുക്കും പ്രഹൃതികൾ സഹിയാ-
ഞ്ഞീക്ഷതേ നിൻപ്രസാദം,
സീതാജാനേ! തൊഴുന്നേൻ പരിചിനൊടു പറ-
ഞ്ഞൊത്തതിന്നന്തരം വാ-
രാതേ കണ്ടമ്പിലിഞ്ഞങ്ങളെ രഘുകുലപു-
ണ്യാംബുധേ! പാലയേഥാഃ.

൪൮

അയ്യോ കഷ്ടം! വിഭോ! കാൺ ഞെടുഞെടെ നിതരാ-
മേററ മുഷ്ടിപ്രഹാരം
പൊയ്യല്ലേ ഹന്ത! വീണു ധരണിയിലവശ-
പ്പെട്ടസൌ ഭാനുജന്മാ,
നിർവ്യാജം ത്രാതുമേനം തവ കനിവൊരുനാ-
ളുള്ളിലുണ്ടെങ്കിലോർത്തീ-
ടയ്യോ! മററൊന്നുവേണ്ടു ശരണമിതടിയ-
ന്നാരുമില്ലാത്തബന്ധോ!"

൪൯

ഈവണ്ണം മാരുതേരാതുരവചനമുപാ-
കർണ്ണ്യ കാരുണ്യകോപ-
പ്രാബല്യംകൊണ്ടുടഞ്ചൻമൃദുഹസിതമുഖോ
രാമചന്ദ്രസ്തദാനീം,
പോർവില്ലിന്മേൽത്തൊടുത്തമ്മണിപവഴി വലി-
ച്ചമ്പിലാകർണ്ണമൊന്ന-
ങ്ങാവില്ലീലം കൊടുത്തു കപിപരിവൃഢവ-
ക്ഷഃസ്ഥലേ മുക്തശങ്കം.

ഗദ്യം ൪.

തദനു രഘൂത്തമബാണം വിരവൊടു
വല്മീകാലൊരു ഫണിവരനഴകൊടു-
ചെല്ലുംപോലേചെന്നതുമാറ-

ത്തേല്ക്കുന്നേരം ബാണനിപാതം
മനസി പൊറാഞ്ഞിട്ടാധികൾതട്ടി
പ്രാണൻമുട്ടി ക്ഷീണതപെട്ട-
ക്കണ്ണുമിഴിച്ചു വിറച്ചുവിറച്ചു-
പ്പൎവ്വതമുൎവ്യാം വീഴുംപോലേ
"വാ വാ സോദര സുഗ്രീവാ!" എ-
ന്നഴകിൽ വിളിച്ചത്തോളിൽ കൈകൾകൊ-
ടുത്തു കുഴഞ്ഞദ്ധരണിയിൽ വീണും
കപികുലരാജൻ തദനു നിജോരസി
വന്നു തറച്ചൊരു ഘോരശരത്തെ-
ച്ചാരുവലിച്ചുപറിപ്പാൻ പരിചിനൊ-
ടാഞ്ഞതദശായാം വശമല്ലാഞ്ഞതു.
നോക്കിക്കാണുന്നേരമമുഷ്മിൻ
ഭഗവന്നാമംകണ്ടുധരിച്ചു-
ല്ലുരവരമമ്പൊടു വന്നവഴിക്കൽ
കൺവച്ചപ്പോളുദയഗിരീശ്വര-
മുകളിൽമറഞ്ഞൊരുപൂൎണ്ണശശാങ്ക-
നുദയംപോലെ തരുനികരാൽപോ-
ന്നുടനെഴുനെള്ളിപ്പുരതോവന്നി-
ട്ടാത്മസമീപേനിന്നരുളീടും
ത്രിഭുവനനാഥം ചാപശരാഞ്ചിത-
ബാഹായുഗളം ജഗതാംകണ്ണുകൾ
തേടീടുന്നൊരു പുണ്യവിലാസം
ദുൎജ്ജനകാനനനൂതനദഹനം
മാൎത്താണ്ഡാന്വയമഞ്ജുളതിലകം
ഭഗവാനേക്കണ്ടുദിതവിഷാദം
ദീൎഘം വീൎത്തിട്ടേവമവാദീ-
ദിന്ദ്രതനൂജൻ കപികുലഭൂഷാ.

൪൮

"മാൎത്താണ്ഡാന്വയപുണ്യമേ! ക്ഷിതിഭുജാ-
മുത്തംസമേ! നിങ്ങളിൽ
സാദ്ധ്വാചാരവതാം പ്രധാനതകല-
ന്നീടുന്നിതെന്നേഷ ഞാൻ

ശ്രോത്രംകൊണ്ടിതുകേൾപ്പതുണ്ടതുവൃഥാ-
കേളെന്നുവന്നൂ, ഭവാൻ
പാത്രം നിന്ദിതകർമ്മണാമവനിമേ-
ലെന്നായിതല്ലോ വിഭോ!.

൪൯

വേദേ ശാസ്ത്രേ പുരാണേ സ്മൃതിഷു നിറമെഴും
നാടകേ കാവ്യബന്ധേ
മേതിന്മേലിന്നു പാരംഗതനിനിയഭവാ-
നെന്നതോ രൂഢമല്ലോ,
ഏതൊന്നിൽക്കേൾ വിധിച്ചൂ പുനരിതു കരുണാ-
വാരിധേ! മുൻപിൽ വന്നീ-
ടാതേ ഗൂഢം ധരിത്രീപരിവൃഢരൊളിയ-
മ്പെയ്കയെന്നിത്രിലോക്യാം?

൫൦

ഞാനേതും കേൾ പിഴച്ചീ,ലൃഘകിലിഹ നിഷേ-
ധിച്ച കർമ്മങ്ങൾ പൃഥ്വീ-
ജാനേ! ചെയ്തീലൊരാപത്തൊരുവനുമുടനെൻ-
മൂലമിന്നില്ലതാനും,
കാണേവം ഞങ്ങളിൽത്തങ്ങളിലൊരു കലഹം
നേരിടുംനേരമങ്ങാ-
സ്ഥാനേ വന്നേവമെന്നെപ്രതി പുനരൊളിയ-
മ്പെയ്തതിന്നെന്തുമൂലം?

൫൧

നമ്മിൽക്കേൾ വൈരമുണ്ടാവതിനുമയി വിഭോ!
ഹേതുകണ്ടീലതിന്നോ
മണ്മേലിൽമൂലമാകുന്നതു ധരണി, ധനം,
തമ്പിമാരെന്നിതെല്ലാം
ഇമ്മൂന്നും മൂലമാവാനിതു ബത! വശമ-
ല്ലോർക്ക് ദൂരത്തു കാട്ടിൽ-
ച്ചെമ്മേ ചാടുന്നവന്നങ്ങയ! മമ ബത! ക്രൂ-
റെന്തു തേ ഹന്ത രാജ്ഞ!?

൫൨

ഇമ്മേതിൽക്കാച്ച കായും കനിയുമയി ധനം
    മാട്ടശാം, കാന്തിമിന്നീ-
ട്ടമ്മാറുണ്ടായചൊന്നും പണവുമരിയ ര-
    ത്നങ്ങളും തപ്പാട്ടശാനാം,
രമ്യാംഗീ ജാനകീ തേ പ്രിയമഹിഷി ധരാ-
    സംഭവാ തമ്പിരാനേ!
മണ്മേലത്യന്തനിന്ദ്യാ പുനരതിചപലാ
    വാനരീ കാമിനീ മേ.

൫൩

ചെന്നാ കാട്ടാന സിംഹം കിടി കരടികൾ ശാ-
    ർദ്ദൂലമെന്നിത്തരം വാർ-
മിന്നീടും ദുഷ്ടസത്വങ്ങളുമിഹ പലവു-
    ണ്ടാർത്തിചെയ്യാൻ ജനാനാം,
ഇന്നോക്കുമ്പോളമീഷാം വധമുടനുചിതം
    ചിന്ത്യതാം കേളവററിൽ
പുണ്യാബ്ധേ! വാനരന്മാരഗതികളയി ക്രൂ-
    ടാ വിഭോ! ദീനദീനാഃ.

൫൪

സീതാമാരാഞ്ഞു പൃഥ്വ്യാമറിവതിനുതക്കു
    ഹന്ത! സുഗ്രീവനെന്നെൻ-
നാഥാ! ചിന്തിക്കവേണ്ടാ, പരചിലിതുപറ-
    ഞ്ഞാകിലെന്നോടൊരുന്നാൾ,
വാർതേടും വാലുകൊണ്ടേ ദശമുഖനെ മുദാ
    കെട്ടിമേന്മേലിഴച്ചി-
പ്പാദാബ്ജേ കൊണ്ടുവന്നിട്ടഴകിനൊടയി ത-
    ന്നേനമൻപോടസൌ ഞാൻ.

൫൫

പിന്നെത്തിന്നീട്ടമാറുണ്ടവനിപതികളോ-
    രോമൃഗാൻ കാണിതെന്നി-
ട്ടെന്നെക്കൊന്നു ഭവാനെന്നതുമിഹ നിരവാ
    മേദിനീപുണ്യരാശേ!

മന്നിൽച്ചേരും കുരങ്ങിൻപരിഷകളെ മൃദാ
തിന്നുമാറില്ല ഭ്രമൈവ
ധന്യശ്രീചേൎന്നഭൂപാഃ കരുതുമളവു മേ
ഷമ്മവും നിന്ദ്യമല്ലോ.

൬൩

മുന്നേ സുഗ്രീവനോടുണ്ടയി തവ നിതരാം
സഖ്യമെന്നില്ല, ഞാനും
പുണ്യാബ്ധേ! കേൾ ഭവാനങ്ങവനുമിരുവരും
ബാന്ധവേ തുല്യമല്ലോ
എന്നാലും വീര! വേണ്ടീലിതു പുനരൊരുനേ-
രത്തുമിഞ്ഞങ്ങളേക്കേ-
ളന്യോന്യം ചേപ്പതിന്നും നരവര! തവ സാ-
മത്ഥ്യമുണ്ടായിരുന്നു."

൬൪

എന്നെല്ലാം ദീനദീനം പരുഷവചനമാ-
ഭാഷ്യ മേവം കപീന്ദ്രൻ-
തന്നോടേവം ബഭാഷേ രഘുകുലപെരുമാൾ
ചേത്തു തുമന്ദഹാസം
"മന്നീരേഴിങ്കലും കേളരപെരുകിനവ-
യ്യാംബുധേ! പേത്തുമെന്തി-
ന്നെന്നോടിത്ഥം തുടങ്ങി കപിമകുടമണേ!
കേൾക്ക വാക്യം മദീയം.

൬൫

പ്പത്ഥ്യാം നാനാമൃഗൌഘാനവനിപതികൾ നേ-
രേ പറഞ്ഞാത്തുകൊണ്ടോ
നിത്യം കൊല്ലുന്നതെന്തെന്തിതവിയ മൃഗയാ-
ധമ്മമോത്തീലയോ നീ?
രുദ്ധാ കേൾ നാലുപാടും തിറവിയ വലകെ-
ട്ടീട്ടു മൻപാത്തിരുന്നി-
ട്ടെത്തുമ്പോൾ വെട്ടിയുംകുത്തിയുമുലകിലൊളി-
ച്ചല്ലയോ കൊന്നു ഞായം?

൯൯

എന്നോടേതും പിഴച്ചീലൊരുപൊഴുതു ഭവാ-
നെന്നതൊല്ലാ, നമുക്കി-
ങ്ങന്യൂനം മിത്രമല്ലോ തപനജനിവനോ-
ടെത്ര പോരാടിനാൻ നീ
ധന്യാം സുഗ്രീവഭാൎയ്യാമഴകിനൊടു രുമാം
കേൾ നിനക്കാക്കിവച്ചാ-
നിന്നോളം നിന്ദ്യകൎമ്മങ്ങളുമൊരുപൊഴുതാ-
ഹന്ത! ചെയ്തീല ഭൂമൌ.

൱൦

ധാത്ര്യാമിദ്ദുഷ്ടസത്വങ്ങളിലൊരുകുറി ക്രൂ-
ട്ടല്ല ഞാനെന്നതെല്ലാം
വാക്കിന്മാത്രം ബലാൽ നിന്നനുജനെ വെറുതേ
തല്ലിപായിച്ചശങ്കം
പേൎത്തും പേൎത്തും വെരുപ്പിച്ചിടനില മുഴുവൻ-
ചേൎത്ത നിന്നോളമുണ്ടോ
പാൎത്താലും ദുഷ്ടനായിട്ടവനിയിലിഹ വീ-
ൎയ്യാംബുധേ! ചിന്തയേഥാഃ.

൱൧

വൈരം കേൾ നമ്മിലുണ്ടാവതിനുമിഹ മഹാ-
മൂലമുണ്ടാത്മബന്ധോ!
നേരേ സുഗ്രീവനങ്ങുള്ളതിലഴകൊടു ക്രൂ-
രുണ്ടെനിക്കും വിചാരേ,
വാരാളും നാട്ടമേതദ്ധനവുമരിയ ദാ-
രങ്ങളും കേൾ പറിച്ചാൻ
പാരാതേ നീ പരം; ബന്ധുവിനുമുതകിടാ-
ത്തോരെയിങ്ങാൎക്കുവേണ്ടൂ?

൱൨

സീതാമാരാഞ്ഞു പൃഥ്വ്യാമറിവതിനുതക്രു-
ഹന്ത! സുഗ്രീവനത്രേ;
വാൎത്തോഞ്ഞീടുന്ന സഖ്യം ജഗതി നിയതമ-
ന്യോന്യസാപേക്ഷമല്ലോ;

പ്രാധാന്യാലിന്നിനക്കില്ലൊരുഫലമധുനാ
ഞങ്ങളെക്കൊ,ണ്ടവന്നോ
നാഥാ നാമാകയാലിട്ടിനകരതനയേ
മിത്രതാ സ്ഥായിനീ മേ.

൱൭

നിന്മാനല്ലേഷ കൊന്നു കപിപരിവൃഢ! കേൾ
നിന്നെ ഞാൻ ദുഷ്ടസത്വം
മന്മേൽക്കൊന്നീടുമാറുണ്ടതിലഴകൊടു ക്രു-
ദ്ധ ഭവാനും വിചാരേ,
നിർമ്മൂലം പീഡചെയ്യുന്നതു പരുഷമൃഗൌഘ-
ഖലസ്വഭാവം നിനക്കും
ചെമ്മേ കേളുണ്ടതെല്ലാം സഖിയൊടു മമ സു-
ഗ്രീവനോടെന്തു ഭേദം.

൱൮

അന്യോന്യം നിങ്ങളിൽച്ചേൎപ്പതിനു ഗുണനിധേ!
ഞാൻ പറഞ്ഞാലതെല്ലാ-
മിന്നീ കേൾക്കേണമെന്നില്ലതു സതതമിര-
ക്കെന്നതും വന്നുകൂടാ,
എന്നാലിത്യാദിദോഷങ്ങളെ വടിവിനൊടാ-
രോപ്യ നീ നമ്മെയെല്ലാം
നിന്ദിച്ചീടുന്നതയ്യോ! മതിമതി പരലോ-
കാപ്തയേ ചിന്തയേഥാഃ.

൱൯

വിത്താപത്യാദിരാഗത്തെയുമരിഗതരോ-
ഷത്തെയും വച്ചിദാനീം
മുക്തിം ചേൎപ്പാനുപായം കരുതുക മരണാ-
വസ്ഥ തേ വന്നിതല്ലോ
സുത്രാമാപത്യമേ! നശ്വരമിതു നിതരാം
ദേഹമെന്നുള്ളതിന്നും
ചിത്തേ തേറീലയോ തേ? ശിരസി ലിഖിതവും
കേൾ തടുപ്പാൻ പ്രയാസം.

൯൬

ഞാനെന്നും കാന്തയെന്നും പെരുകിന ധനമെ-
    ന്നും മമാപത്യമെന്നും
കാണ്മേല്ലാ! ഹന്ത! മോഹിച്ചനുദിനമഴലാ-
    മെന്തതിൽ കാൎയ്യമോൎത്താൽ
പ്രാണൻപോയാലിവററാൽ കരുതുമളവിലൊ-
    ന്നും തനിക്കമ്പിലാത്മ-
ത്രാണംചെയ്യാനൊട്ടക്കത്തൊരുവനമൃതകാ
    കേളതോക്ക്ണമേ നീ.

൯൭

ഓൎത്താലിന്നെത്രനാളുണ്ടഴകിനൊട്ട പിറ-
    ന്നു ഭവാ;നിന്നി രാഗ-
പ്രീത്യാ മണ്ണേൽക്കളിക്കുന്നതു ബത! മതിയാ-
    ക്കീടുവാൻ കാലമായീ,
ധാത്ര്യാം വീരോല്ക്കരാണാം മകുടമണി ഭവാ-
    നെന്നു ചീൎത്തോരു കീൎത്തിം
പേൎത്തും പേൎത്തും വളൎത്താൻ പരഗതിവരുവാ-
    നിന്നിവേണ്ടു വിചാരം.

൯൮

ഇന്നും കേളിപ്പുദവ്യാമഭിരുചി പരമു-
    ണ്ടെങ്കിലെന്നോടതും നീ
ചൊന്നാലും, ന്തുരുപായം പുനരതിനു നമു-
    ക്കുണ്ടു പാൎക്കും ദശായാം;
പുണ്യൈൗഘാവാപ്തലോകാനനുഭവിതുമൊ-
    ഴിഞ്ഞാശയില്ലെങ്കിലിപ്പോൾ-
തന്നേ നാകാധിപത്യം നിയതമിഹ നിന-
    ക്കാക്കുവൻ ഭാഗ്യസിന്ധോ!"

ഗദ്യം ൫.

അത്രാന്തരേ വിദിതവൃത്താന്താ സന്തതാശ്രുനിഷ്യന്ദകലുഷതരതാരാ താരാ അന്തഃപുരാന്നിൎഗ്ഗത്യ *വാരിവാരിതമിവ വാരണപതിം നിൎഭയനിരീക്ഷ്യമാണസുഗ്രീവം ഉദ്ഗതഗ്രീവം ഉത്ഥാതു-

* 'വാരീ തു ഗജബന്ധിനീ'—ഇത്യമരഃ.

മക്ഷമം ക്ഷമാതലാർപ്പിതക്രൂർപ്പരയുഗളം ഗളദസൃക്പ്രസരശരീരം ശരാസനശിഖരന്യസ്തഹസ്തേന കാകുൽസ്ഥേന കൃതസല്ലാപം അപേതാഡംബരമിവാംബുധിമസ്തോന്മുഖമിവ മയൂഖമാലിനം ബാലിനമാലിംഗ്യ സ്വാംകോത്തംസിതതദുത്തമാംഗാ രഘുനാഥ മിത്ഥമകഥയത്.

൯൯

‘കാരുണ്യം നിരവധി യത്തവ പ്രസിദ്ധം
ശീതാംശോസ്സഹജമിവാർത്തിഹാരി ശൈത്യം
തത്സർവം രഘുകുലനാഥ! രമ്യകീർത്തേ!
മൽപാപാത് കഥയ കഥം ത്വയാ നിരസ്തം?

൱൦

ഏവംവിധേ പ്രിയതമേഽപ്യനപേതജീവാം
മാം രാക്ഷസീതി രഘുപുംഗവ! സാധു ബുദ്ധ്വാ
ബാണം വിമുഞ്ച മയി സംപ്രതി താടകാരേ!
ശ്രേയോ മഹദ്ദയിതസംഗമകാരിണസ്തേ.

൱൧

സന്ത്രസ്യ പൂർവമമുതസ്തവ ബന്ധുരേഷ
ഭേജേ യഥാദ്രിമകുതോഭയമൃശ്യമൂകം
ഭർത്താ മമായമപി രാമ! ശരൈരഭേദ്യം
പ്രാപ്തോ മദീയഹൃദയച്ഛലമദ്രിദുർഗ്ഗം.

൱൨

നാഹം സുകേതുതനയാ ന ച സപ്തസാലീ
ബാലീ ന ച ത്രിഭുവനപ്രഥിതപ്രഭാവഃ
താരാസ്മി വജ്രഹൃദയാ വിശിഖൈരഭേദ്യാ
ധന്വീ കഥം ഭവസി രാഘവ! മാമഹത്വാ?

൱൩

ക്ഷിതിപതിതനയാനാം ഹന്ത ഗർഭേശ്വരാണാം
കിമു നിരവധി മൌഢ്യം ശൌര്യവജ്ജന്മസിദ്ധം?
മമ ഹൃദി നിരപായേ വർത്തമാനേ കപീന്ദ്രേ
രഘുവര! യദമുഷ്മൈ തിഷ്ഠസേ ചാപപാണിഃ.’

൧൪

മുഹുരിതി ദയിതാം കൃതപ്രലാപാം
സ്വകരതലേന നിവാൎയ്യ നിൎമ്മലാത്മാ,
സകരുണമഖിലാധിനാഥനോട-
ങ്കകഥയദസ്തവിമോഹമേഷ ബാലീ.

൧൫

“ഏഷ *ത്രൈവൎണ്യമാത്രവ്യവസിതജഗതോ
ഭാൎഗ്ഗവസ്യാസ്രുഗബ്ധാ-
ദാകൃഷ്ടക്ഷത്രജാതിസ്ത്വമസി പഥി ഗിരാ-
മൎത്ത്യ നസ്സുപ്രഭാതം
കക്ഷോഷ്മസ്വേദസഖ്യശ്ലഥിതദശമുഖാ-
സ്ഫോടകണ്ഡൂവികാരോ
വീര *ശ്രാദ്ധോ ഭുജസ്ത്വാം പരിചരതു, ചിരം
ചക്ഷുഷീ നന്ദതാം ച.

൧൬

യേനാച്ഛിദ്യ സമസ്തപാൎത്ഥിവകുല-
പ്രാണാന്തകം കാൎമ്മുകം
†രാമസ്സംപ്രതി ലംഭിതോ ഭൃഗുഭവാ-
‡ദുത്സൎഗ്ഗസിദ്ധാം §സ്രുചം
ദൃഷ്ടം വീര! ചിരസ്യ ധാമ ഭവത-
സ്തദ് ഭൂൎഭുവസ്വസ്ത്രയീ-
ഹൃന്മൎമ്മവ്രണരോപണൌഷധമിദം
ചേതസ്സമുൽകണ്ഠതേ.

൧൭

ചിരായ നക്തഞ്ചരവീര$ചക്ര-
¶മാരാങ്കവൈജ്ഞാനിക! പശ്യതസ്ത്വാം
സുധാസധൎമ്മാണമിമാം ച വാചം
ന ശൃണ്വതസ്തൃപ്യതി മാനസം മേ.

* ത്രൈവൎണ്യം=മൂന്നു വൎണ്ണങ്ങളുടെ ഭാവം.

* ശ്രാദ്ധം=ശ്രദ്ധായുക്തം. † രാമൻ=പരശുരാമൻ. ‡ ഉത്സൎഗ്ഗസിദ്ധം=സഹജം. § സ്രുചം=ഹോമപാത്രം. $ ചക്രം=സമൂഹം. ¶ മാരം=മാരണം.

൧൭

മാഹാത്മ്യം തവ മതിമന്നജാനതീയം
യത്കിഞ്ചിൽ പ്രലപതി ദുഃഖമൂഢചേതാഃ
തത്സർവ്വം ഭുവനപതേ! ക്ഷമസ്വ രാജ-
ന്നാപന്നേത്യതിചപലേതി വാനരീതി."

൧൮

പ്രസാദഹൃദ്യാനി മഹേന്ദ്രസൂനോ-
ർവ്വചാംസി മുഖ്യാനി നിശമ്യ രാമഃ
ഭൂയോഽപി മന്ദസ്മിതസുന്ദരാസ്യഃ
സംഭാവയൻ പ്രാഹ ഗിരം ഗഭീരാം.

൧൯

"സർവ്വോത്തമപ്രസരേണ രാവണിരസൗ
യദ്ദൃശ്യശോഭാഗിനം
ചക്രേ ഗൌതമശാപയന്ത്രിതഭുജ-
സ്ഥേമാനമാഖണ്ഡലം
കക്ഷാഗർത്തകുളീരതാം ഗമയതാ
വീര! ത്വയാ രാവണം
തത്സമ്മൃഷ്ടമഹോ! വിശല്യകരണീ
ജാഗർത്തി സൽപുത്രതാ.

൨൦

ത്വയാ വീരേണ ഗുപ്തായാം
കിഷ്കിന്ധായാമിയം മഹീ
രാവണാഭിഭവക്ലാന്താ
ശശ്വദ്ദച്ഛ്വാസമശ്നുതേ."

൨൧

"കല്യാണാവാസമേ! കാൽത്തളിരിണതൊഴുതേൻ,
ദേഹമോഹേന നാഥാ!
വല്ലാതേ ഞാൻ പറഞ്ഞേനതു കിമപി പൊറു-
ക്കേണമേ ദീനബന്ധോ!

ക്ഷുല്ലാനാം വാനരാണാമറിവുകുറയുമെ-
    ന്നുള്ളതെല്ലാം ധരിച്ചോ-
ന്നല്ലാതാരോടു കോപം തിരുമനസി കല-
    ന്നീടിലോ തമ്പിരാനേ!

വൃ

ഇന്നേരം കേൾ പിറപ്പും മരണവുമിവനി-
    ന്നേരമീവണ്ണമുണ്ടാ-
മെന്നെല്ലാമുള്ള ഫാലാക്ഷരവിലിഖിതമ-
    ണ്ടോ തടുക്കാവ്വരുന്നു?
എന്നാലിന്നിപ്രകാരം തവ ശരമുടനേ
    മാറിലേററം മരിപ്പാ-
നന്യൂനം കല്പനാ മേ, പുനരതിനു വഴ-
    ക്കാരൊടുണ്ടാവ്വരേണ്ടു!

വൃ

മന്യേ ഞാനിത്രനാളും വടിവിനൊടിഹ ജീ-
    വിച്ചതിൻേറ ഫലം കേ-
ളന്യൂനം വന്നതായീ, മമ സുചരിതവും
    പാരമുണ്ടെന്നുവന്നു,
പുണ്യൌഘംകൊണ്ടസാദ്ധ്യം തവ തിരുവദനാ-
    ലോകനം വന്നിതല്ലോ
കണ്ണിന്നിമ്മേ മരിപ്പും തവ വിശിഖമിതേ-
    റെറന്നതും ഭാഗ്യമല്ലോ.

വൃ

ഇദ്ദേഹത്തെക്കുറിച്ചുള്ളഭിരുചി മുഴുവൻ
    നാഥ! വച്ചേ,നിനിക്കേ-
ളുദ്ദാമം മാൎഗ്ഗമെന്തോന്നിനിയനിയമിനാം
    ചെററതേ കാംക്ഷയുള്ളൂ,
മദ്ധ്യേ സുഗ്രീവനോടങ്ങിവനൊടഗതിയോ-
    ടെത്ര പോരാടിനേനാ-
വൃത്ത്യാ ഞാനെന്നതോൎത്തോളവുമുടനൊളിയ-
    മ്പെന്നപോലെ വരുന്നു.''

വൃ ന്ന

ഇത്ഥം വാചാ പറഞ്ഞന്തികഭുവി വിവശം
തന്നെയും താങ്ങി മെല്ലെ
സ്ഥിത്വാ ബാഷ്പം ചൊരിഞ്ഞീടിന ദിനകരസൂ-
നും ബഭാഷേഽഥ ബാലീ,
ദുഷ്ടോ ഞാനിത്രനാളും പിഴകൾ പലവു ചെ-
യ്തീടിനേനെന്നിതെല്ലാം
ചിത്തേ വച്ചീടൊലാ നീ, കപിവര! നിഖിലം
ക്ഷമ്യതാം പുണ്യരാശേ!

വൃ ൭

സുഗ്രീവാ! നീയുമായങ്ങമിതരസമിരി-
പ്പാൻ നമുക്കൊട്ടുഭാഗ്യം
മുഖ്യാത്മൻ! പേർത്തുമില്ലിന്നിഹപരമതിനോ-
ർത്തീടിനാലാവതുണ്ടോ,
ഉൾക്കോപംപൂണ്ടു നിന്നോടനുജനൊടതിബാ-
ലേന പോരാട്ടുവാനെ-
ന്നുൾപ്പൂവിങ്കൽത്തുടങ്ങീ നിനവുകളതു നാം
ചെയ്ത ദുഷ്കർമ്മമല്ലോ.”

വൃ വൃ

അനുജനൊടുപറഞ്ഞിട്ടേവമമ്മുൻപിൽ നില്ക്കും
പവനതനയനോടും വാചമൂചേഽഥ ബാലീ,
“ദിനകരതനയനും ബാലനാമംഗദനും
കനിവിനൊടിനി മിത്രം മുററുമിന്നീ ഹനൂമാൻ.

വൃ ൻ

ഇന്നും കേളൊരുകാര്യമുണ്ടതറിയാം
സുഗ്രീവനോതീട്ടു വാർ-
മിന്നും രാഘവനോടിതെങ്കിലതിനും
നീയേ പരാലംബനം,
എന്നാലെന്നനുജന്നുമെൻതനയനും
വന്മിത്രമായ് നിന്നുകൊ-
ണ്ടിന്നാഥന്നു രഘൂത്തമന്നു തുണയായ്
നില്ക്കേണമേ വീര! നീ.

൯൦

ചേണ്മേവുന്ന തന്തുജമംഗദനെ മൽ-
പ്രാണങ്ങൾപോംമുൻപിലേ
കാണ്മാനമ്പിനൊടാനയേതി'' വിരവോ-
ടാജ്ഞാപിതോ ബാലിനാ
മേന്മേലന്നഗരീം പ്രവിശ്യ വടിവോ-
ടാഖ്യായ വൃത്താന്തമുൾ-
പ്രേമ്ണാ സാദരമാഞ്ജനേയനുടനേ
ബാലീസകാശം യയൌ.

ഗദ്യം ൫.

ഹരഹര! ശിവ! തൽക്ഷണം രൂക്ഷരൂക്ഷാക്ഷരം ഭാനുജാനുഗ്രഹം വായുപുത്രൻ പറഞ്ഞാശു കേൾക്കുംവിധൌ വജ്രമേററാഴിമേലദ്രിവീഴുന്നപോലേ കനംപാഞ്ഞെഴുന്നേററു മണ്ടുന്ന നേരത്തുടൻ കല്ലിലും മുള്ളിലും വീണുവീണും തുലോം പാഞ്ഞു പാഞ്ഞും ക്ഷണാൽ ബദ്ധമോഹോദയം യുദ്ധഭൂമൌ തദാ ബാണമേററററവും ക്ഷീണനാം താതനേക്കണ്ടുടൻ മുക്തകണ്ഠം കരഞ്ഞങ്ങനേ താതപാദാന്തികേ വീണുരുണ്ടിണ്ടൽപൂണ്ടംഗദൻ തുംഗഖേദേന വീഴുംവിധൌ, ഹരിവരനപി ദീനനാമാത്മസൂനും തദാ കണ്ടുകൊണ്ടെത്രയും ഖിന്നനായ്കൊണ്ടസൌ ഹന്ത! "വാ വാ മതിന്നംഗദാ! പുല്കുപുല്കുവ്രാചന്ദ്രനാംരാമനങ്ങോത്തവണ്ണം കനം വ്യാപരിക്കേണമേ ചാപലം കേൾ തുലോം മാററിവച്ചീടണമേ രാമചന്ദ്രനു നീ ബന്ധുവാകേണമേ കമ്മമങ്ങീദൃശം മാദൃശാമാകയാൽ എന്തുനിന്നിങ്ങനേ ഹന്ത! കേഴുന്നിതന്നന്നു വെട്ടുന്ന വാൾക്കാശു നെയ്യിട്ടുകൊൾകെന്നതേ വന്നുകൂട്ടുദ്ധം. നിണ്ണയം തൽക്ഷണൌചിത്യവുംപാൎത്തുകൊള്ളേണമേ.'' പരമിതി സുതനോടും പറഞ്ഞന്തരാ ഭാനുജന്മാവിനോടും ബഭാഷേ തദാ, „ഹന്ത സുഗ്രീവ! നീ കേൾക്ക മദപാക്യമീ ഞാൻ പുരാ ചെയ്തദോഷങ്ങൾ നിന്നുള്ളിൽ വച്ചിന്നിയെൻപുത്രനോടെത്രയും ബാലനോടിക്കപീനാംകുലത്തിന്നു കേൾ വിത്തിനോടേതുമേ വൈരമുണ്ടാകൊലാ. കാണെനിക്കും പരം കേൾ നിനക്കും തുലോം പിണ്ഡദാതാവസൌ തുല്യമിങ്ങാവയോബ്ബാല്യമെല്ലാമസൌ ചെററുകാട്ടീടിലും കോപമുണ്ടാകൊലാ

ഹന്ത! നിന്മാനസേ കേൾ നിനക്കൊത്തവണ്ണം മുദാ വ്യാപരിച്ചീട്ടു-
മെന്നംഗദൻ നിങ്ങളിൽ കേൾ പറഞ്ഞൊത്തുകൊണ്ടങ്ങനെ
പാല്യതാം രാജ്യമിമ്മേദിനീഭാഗ്യമേ" തിറവിയരഘുനാഥനോട്ടം
തദാ വാചമൂചേ വലാരാതിതന്നന്ദനൻ "തമ്പുരാനേ ജഗന്നാഥ!
കേൾക്കേണമേ വാനരാണാം വിഭോ! ചാപലം പാരമുണ്ടിങ്ങനേ
ഞങ്ങളേതൊട്ടു തേ മാനസേ കോപമുണ്ടാകിലില്ലാശ്രയം മാദൃശാം
ഭാനുജന്മാവുമെൻപുത്രനാമംഗദൻതാനുമൊക്കും നമുക്കെന്നതോ
ർക്കേണമേ. ജാനകീമൂഴിമേലമ്പിലാരായുവാൻ വ്യാപരിച്ചീട്ടുമെൻ
പുത്രനും നിർണ്ണയം. കേൾ ദശഗ്രീവനോട്ടുഗ്രനോടുഗ്രതോ വിഗ്രഹം
കൈവരുന്നാളിലന്നാവതെല്ലാം തുണച്ചീട്ടുമെന്നംഗദൻ നാഥ!
പൈതങ്ങളേ പാലയൻ മാമകാൻ വാനരാണാംകുലത്തിന്നൊ
രാലംബമേ കേൾക്കേണമേ ഭാനുവംശൈകചൂഡാമണേ!

൯൯

ആക്രുതം താവകീനം പരിചിലുടനറി-
ഞ്ഞിങ്ങുള്ളന്മാരിരിക്ക-
ല്ലോകാ, കേൾ തമ്പിരാനേ! കപികളുഗതികൾ-
ക്കില്ല സാമൎത്ഥ്യലേശം,
ലോകാനാംനായകാ! നിന്തിരുവടികളഹോ!
നിങ്ങളോടൈക്യമുൾക്കൊ-
ണ്ടേകാന്തേ വാണുകൊൾവാൻ നിശിതമതികളാ-
യോൎക്കമോൎത്താൽ പ്രമാദം.

൧൦൦

എന്നാലേതേതുമുണ്ടാംപൊഴുതു പിഴകളി-
ല്ലാലകാൻ നൽവഴിക്കൽ-
ത്തന്നേ യാത്രാക്കുവാൻ ചേതസി തവ കലരാ-
യ്ക്കേണമേ കോപലേശം,
പുണ്യാബ്ധേ! ഹന്ത! സുഗ്രീവനൊട്ടുമിവനൊട്ടും
നിൻകൃപാവല്ലി ഭേദം-
വന്നീടാതേ മുളപ്പാൻ മുഹുരിത തൊഴുതേൻ
നിൻപദം തമ്പിരാനേ!

൯൭

നാഥാ! കോപം വാലയൈതാവവരജതനയാ''-
വെന്നു ചൊല്ലിത്തദാനീ-
മേതൌ ദോർഭ്യാം ഗൃഹീത്വാ സ്വയമവനിപതേ-
രപ്പ്യയൻ പാണിപത്മേ
മീതേ മീതേ വരും വേദന മനസി പൊറാ-
ഞ്ഞങ്ങു സുഗ്രീവനോടേ
ജാതാഃവേഗം പറഞ്ഞാൻ കപികുലപെരുമാൾ
സംസ്പൃശൻ പാണിനാ തം.

൯൮

„സുഗ്രീവാ! ഗൃഹ്യതാം നഃ കുലധനമധുനാ
ഹന്ത! മാലാം, ബലാഢ്യം
കൈക്കൊള്ളാം വൈരഭാജാമിതു പുനരണിയു-
ന്നോക്കു കാണുംദശായാം,
മുഖ്യാമേനാം ഗളേ തേ കനിവൊടു കലയാ-
മ്യേഷ ഞാ''നെന്നു ചൊല്ലി-
ത്തദ്ഗ്രീവായാം ബബന്ധ സ്വയമഥ കപിരാൺ-
മോചയൻ കണ്ഠകാണ്ഡാത്.

൯൯

അന്നേരം ഘോരഘോരം മരുവിനചരമ-
ശ്വാസവാൻ കണ്ണുരണ്ടും
ഖിന്നോ മേന്മേൽ മിഴച്ചങ്ങുടലഖിലമെട്ട-
ത്താശ്ശുവീക്കുംദശായാം,
ധന്യേ നാരായണേ മാനവകുലതിലകേ
പൂർണ്ണചന്ദ്രോപമാം പൂ-
ണ്ടന്ന്യൂനം ഭാസമാനേ മുഹുരപി സുദൃഢം
നേത്രമസ്യാലലംബേ.

൱

തോന്നീ പീതാംബരം, പങ്കജനയനവുമ-
ശ്ശംഖചക്രാദിനാമം
ചേർന്നീടുന്നോരു ദിവ്യായുധവരഗണവും,
വാരെഴും ബാഹു നാലും,

തോന്നീ തൽ കൌസ്തുഭാഖ്യം മണിയുമഹിവരാ-
കല്പിതം തല്പവും ചേ-
ലാന്നീടുന്നോരു പാലാഴിയുമഖിലവുമ-
ന്നേരമങ്ങിന്ദ്രസൂനോഃ.

൯൧

വീരാണാംവീരനായ്‌വാണവനിയിൽ മുഴുവൻ
ബാലിയെന്നുള്ള കീർത്തിം
വാരം വാരം വളർത്തുകപിവരനഗരീം
കാത്തു ദോഷ്ണാ തുലോംനാൾ
പോരാ വിശ്വംഭരായാം മരുവുമനുഭവൈ-
ന്നുകണ്ടെന്നപോലേ
വാരാളും നാകലക്ഷ്മീമനുഭവിതുമസൌ
നാകലോകം പ്രപേദേ.

൯൨

ഓരോരോ വാനരാണാമതികരുണവിലാ
പങ്ങൾ കേട്ടുള്ളിലേററം
കാരുണ്യശ്രീതഴയ്ക്കും മനുകുലപതിത-
ന്നാജ്ഞയാ ശക്രസൂനോഃ
വാരാളും പ്രേതകൃത്യം വിധിയൊടു നിഖിലം
ചെയ്തു നിർദ്ധൂയ ഖേദം
നേരേ സുഗ്രീവനപ്പോളലഭത കപിരാ-
ജ്യേഽഥ പട്ടാഭിഷേകം.

ബാലിവധം സമാപ്തം.

UNIVERSITY LIBRARY
27. APR. 1935
MADRAS
B91